നന്തനാർ



# ഉണ്ണിക്കുട്ടന്റെ ലോകം

നന്തനാർ



# ഉണ്ണിക്കുട്ടന്റെ ലോകം

# ഉണ്ണിക്കുട്ടന്റെ ലോകം

നന്തനാർ

# ഉണ്ണിക്കുട്ടന്റെ ലോകം

ഡി സി ബുക്സ്

നന്തനാർ
(1926-1974)

1926-ൽ മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്ത് ജനിച്ചു. യഥാർത്ഥ പേര് ഗോപാലൻ. അച്ഛൻ: പരമേശ്വരതരകൻ. അമ്മ: നാണിക്കുട്ടിയമ്മ. വീടിനടുത്തുണ്ടായിരുന്ന തരകൻ ഹയർ എലിമെന്ററി സ്കൂളിലായിരുന്നു വിദ്യാഭ്യാസം. 1942 മുതൽ 1964 വരെ പട്ടാളത്തിൽ സിഗ്നൽ വിഭാഗത്തിൽ ജോലി നോക്കി. 1965 മുതൽ മൈസൂറിൽ എൻ.സി.സി. ഇൻസ്ട്രക്ടറായിരുന്നു. 1967 മുതൽ ഫാക്ടിൽ പബ്ലിസിറ്റി വിഭാഗത്തിലായിരുന്നു. ജോലിയിലിരിക്കെ 1974-ൽ നന്തനാർ അന്തരിച്ചു. ഏഴു നോവലുകളും പതിനൊന്നു കഥാസമാഹാരങ്ങളും ഒരു നാടകവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ആത്മാവിന്റെ നോവുകൾ എന്ന നോവലിന് 1963-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ഈ പുസ്തകം Sigh for the Dawn എന്നപേരിൽ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. നന്തനാരുടെ മിക്കകഥകളും മറ്റു ഭാഷകളിലേക്ക് തർജ്ജമചെയ്തിട്ടുണ്ട്. ഭാര്യ: പി. രാധ. മക്കൾ: സുധാകരൻ, ഹരിഗോവിന്ദൻ, തുളസി.

നന്തനാരുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നന്തനാരുടെ കഥകൾ
ആത്മാവിന്റെ നോവുകൾ
മഞ്ഞക്കെട്ടിടം
തോക്കുകൾക്കിടയിലെ ജീവിതം
ഒരു സൗഹൃദസന്ദർശനം
ഉണ്ണിക്കുട്ടന്റെ ലോകം
അനുഭവങ്ങൾ

MALAYALAM LANGUAGE
Unnikkuttante Lokam FICTION | NOVEL
by Nandanar

First Published 1973
First CB Edition April 1986
First DCB Edition December 2010
This impression - June 2016

PUBLISHERS
D C Books, Kottayam, 686 001
Kerala State, India Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com , 9846133336

DISTRIBUTORS
DC Books-Current Books DC BOOKS LIBRARY CATALOGUING IN PUBLICATION DATA Nandanar.
Unnikkuttante lokam/Nandanar.
ISBN 978-81-264-2894-6.
1. Malayalam novel. I.Title.
8M $_3$ *-dc 22 .
(*This is local variation of DDC number for Malayalam literature: Unnikkuttante lokam.) No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-2894-6

# DC Books : The First Indian Book Publishing House to get ISO Certification

# കുറിപ്പ്

കുട്ടികളെ ഇഷ്ടപ്പെടാത്തവരായി ആരുണ്ട്? അവരുടെ കുസൃതിത്തരങ്ങളും ചാപല്യങ്ങളും നമ്മുടെ ചുണ്ടുകളിൽ പുഞ്ചിരി വിരിക്കുന്നു; ഹൃദയങ്ങളിൽ അനുഭൂതികൾ നിറയ്ക്കുന്നു; കവിതാത്മകവും വർണശബളവും ദൈവീകവുമായ അനുഭൂതികൾ! ഈശ്വരസാന്നിദ്ധ്യം, കുട്ടികളിലൂടെ അനുഭവപ്പെടുന്നുവെന്നു പറയാം. എല്ലാംകൊണ്ടും, കുട്ടികളുടെ ലോകം മനോഹരവും അത്ഭുതകരവുമായ ഒരു ലോകം തന്നെയാണ്! അങ്ങനെയുള്ള ഒരു കൊച്ചുലോകം, ഗ്രാമീണ പ്രകൃതി സൗന്ദര്യത്തിന്റെ പശ്ചാത്തലത്തിൽ, ഒരു ചെറിയ കുടുംബത്തിലെ ഒരു കൊച്ചുകുട്ടിയുടെ കാഴ്ചപ്പാടിലൂടെ വരച്ചുകാണിക്കാനുള്ള എന്റെ ശ്രമമാണ് 'ഉണ്ണിക്കുട്ടന്റെ ഒരു ദിവസം', 'ഉണ്ണിക്കുട്ടൻ സ്കൂളിൽ', 'ഉണ്ണി ക്കുട്ടൻ വളരുന്നു' എന്നീ കൃതികൾ. ഈ കൃതികൾ, അനുവാചകർനന്നേ ഇഷ്ടപ്പെട്ടുവെന്ന് പത്രപംക്തികളിൽ വന്ന അഭിപ്രായങ്ങളും എനിക്കു നേരിട്ടു കിട്ടിയ കത്തുകളും വെളിപ്പെടുത്തി. എനിക്കതിൽ വളരെ വളരെ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

ഈ കൃതികളുടെ പ്രസിദ്ധീകരണത്തിനുശേഷം, ഇവ മൂന്നുംകൂടി ഒരൊറ്റ പുസ്തകമായി പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കുമെന്ന് സാഹിത്യകുതുകികളും സഹൃദയരുമായ പല സുഹൃത്തുക്കളും അഭിപ്രായപ്പെടുകയുണ്ടായി. പുതിയ പതിപ്പിന്റെ ആവശ്യം വരുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാമെന്ന് ഞാൻ കരുതി.

ഇപ്പോൾ ഈ കൃതികൾക്ക് ഒരു പുതിയ പതിപ്പിന്റെ ആവശ്യം വന്നിരിക്കയാണ്. 'ഉണ്ണിക്കുട്ടന്റെ ലോകം' എന്ന പേരിൽ, ഈ മൂന്നു കൃതികളുംകൂടി ഒന്നിച്ചിറക്കുന്നു.

നന്തനാർ

അങ്ങാടിപ്പുറം

**20-9-1973**

# ഉള്ളടക്കം

ഉണ്ണിക്കുട്ടന്റെ ഒരു ദിവസം

ഉണ്ണിക്കുട്ടൻ സ്കൂളിൽ

ഉണ്ണിക്കുട്ടൻ വളരുന്നു

# ഉണ്ണിക്കുട്ടന്റെ ഒരു ദിവസം

# ഒന്ന്

ഒരു സ്വപ്നം കണ്ടുകൊണ്ടാണ് ഉണ്ണിക്കുട്ടൻ രാവിലെ ഉറക്കമുണർന്നത്. ഒരു നിമിഷം ചുറ്റും നോക്കി കണ്ണുകളടച്ചു കിടന്നു. അവന്റെ കൊച്ചു ഹൃദയം അവൻ കണ്ട സ്വപ്നലോകത്തിൽത്തന്നെ തങ്ങിനിൽക്കയാണ്! എന്തായിരുന്നു അവൻ കണ്ട സ്വപ്നം? കട്ടിയുള്ള ഇളംനീല തുണി കൊണ്ടുണ്ടാക്കിയ ചെറിയൊരു കൂടാരം; മെയിൻ റോഡിൽനിന്ന്, കൂടാരത്തിലേക്കു പോകാനുള്ള വഴിയുടെ ഇരുഭാഗവും കുലവാഴകൾകൊണ്ടും വർണ്ണക്കടലാസുമാലകൾകൊണ്ടും കമനീയമായി അലങ്കരിച്ചിട്ടുണ്ട്. കൂടാരത്തിനകത്ത്, മഞ്ഞവെളിച്ചം ചൊരിഞ്ഞു കൊണ്ട് കത്തുന്ന വൈദ്യുതിവിളക്കുകളും ഇളംകാറ്റിലാടിക്കളിക്കുന്ന എല്ലാ നിറങ്ങളിലുമുള്ള ബലൂണുകളുമാണ്. വർണ്ണക്കടലാസുമാലകൾ, വൈദ്യുതിവിളക്കുകളെയും ബലൂണുകളെയും തൊട്ടുരുമ്മിക്കൊണ്ട് ഇഴഞ്ഞുനീങ്ങുന്നു. വർണ്ണക്കടലാസുമാലകൾക്കിടയിൽ, അവിടവിടെയായി പച്ചീർക്കിലകളുടെ തലപ്പത്തു കുത്തിനിർത്തിയ പഴുക്കടയ്ക്കകളുണ്ട്. ദൂരത്തുനിന്നു നോക്കുമ്പോൾ പഴുക്കടയ്ക്കകൾ ചെറിയ സിന്ദൂരച്ചെപ്പുകളാണെന്നാണു തോന്നുക!

കൂടാരത്തിനകത്ത്, എത്രയെത്ര കുട്ടികളാണെന്നോ! അഞ്ചും ആറും വയസ്സായ ആൺകുട്ടികളും പെൺകുട്ടികളുമാണെല്ലാം. കുട്ടികളുടെ കൂടെ രക്ഷിതാക്കന്മാരാരുമില്ല. കുട്ടികളെല്ലാം ഒറ്റയ്ക്കൊറ്റയ്ക്കാണ് കൂടാരത്തിനകത്തേക്കു വന്നിരിക്കുന്നത്.

കൂടാരത്തിനകത്ത് ഒരു സോഡാ-സർവത്തുകടയും ഒരു കടലക്കച്ചവടക്കടയും മാത്രമേയുള്ളൂ. സോഡാ-സർവത്തുകടയിൽ, ചുവന്ന കാലുറയും പച്ചക്കുപ്പായവും കൂമ്പൻപാളത്തൊപ്പിയും ധരിച്ച ഒരു വയസ്സൻ നൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. വയസ്സന്റെ നരച്ച താടി നെഞ്ചോളം നീണ്ടുകിടക്കുന്നു. നൃത്തംചെയ്തുകൊണ്ടിരിക്കുന്നതിനിടയ്ക്ക് മേല്പോട്ട് ആഞ്ഞുചാടി ഓരോ ബലൂണെടുത്ത്, അതിലെ കാറ്റു കളയുകയും വീണ്ടും ഊതിവീർപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. വയസ്സൻ ഊതുമ്പോൾ ബലൂൺ വീർത്തുവീർത്തു വരുന്നതു കാണാൻ എന്തു ഭംഗിയാണ്! വയസ്സന്റെ നരച്ചു നീണ്ട താടിയിൽ, ഇടയ്ക്കിടയ്ക്ക് എവിടെനിന്നോ മഞ്ഞത്തുമ്പികൾ പറന്നുവന്നിരിക്കുന്നു, പറന്നകന്നുപോകുന്നു. മഞ്ഞത്തുമ്പികൾ പറന്നുവന്നിരിക്കുന്നതും പറന്നകന്നുപോകുന്നതും വയസ്സൻ അറിയുന്നതുപോലുമില്ല. സോഡാ സർവത്തുകടയിൽ ചെല്ലുന്ന ഓരോ കുട്ടിക്കും സോഡാ പൊട്ടിച്ചു കൊടുക്കുന്നത് വയസ്സനാണ്. പക്ഷേ, സോഡാക്കുപ്പിയുടെ കഴുത്തിൽ

ഉരുണ്ടുകളിക്കുന്ന ഗോലി പുറത്തേക്കെടുക്കുവാൻ മറ്റുള്ളവർക്കെന്നപോലെ വയസ്സനും വയ്യ.

കടലക്കച്ചവടം ചെയ്യുന്നത്, മൂക്കുത്തിയും വെള്ളിവളകളുമണിഞ്ഞ കറുത്തു തടിച്ച ഒരു സ്ത്രീയാണ്. ആ സ്ത്രീയുടെ രണ്ടു കൈകളിലും പച്ചകുത്തിയിട്ടുണ്ട്. ഇടത്തേ കൈയിൽ തത്തയുടെയും വലത്തേകൈയിൽ കുഞ്ചിരാമന്റെയും ചിത്രങ്ങളാണ്. 'കടല... കടല' എന്നാർത്തു വിളിച്ചുകൊണ്ട്, കുട്ടികൾ അവളുടെ അടുത്ത് പാഞ്ഞെത്തുന്നു. അവൾ എല്ലാവർക്കും ഓരോപിടി കടല വർണ്ണക്കടലാസിൽ പൊതിഞ്ഞു കൊടുക്കുന്നു. എന്തൊരു വേഗത്തിലാണ് കടല പൊതിഞ്ഞുകൊടുക്കുന്നതെന്നോ!

സോഡാ-സർവത്തുകടയിലെ വയസ്സൻ സമ്മാനിച്ച രണ്ടു ബല" ണുകൾ രണ്ടു കൈകളിലും, കുപ്പായക്കീശയിൽ കടലയുമായി ഓടിപ്പോരുമ്പോൾ തടഞ്ഞുവീണു ബലൂണുകൾ രണ്ടും പൊട്ടി, കടല ചിന്നിച്ചിതറി വീണു... സ്വപ്നം ഇത്രയുമായപ്പോഴാണ്, ഉണ്ണിക്കുട്ടൻ ഉണരുന്നത്!

ഉണ്ണിക്കുട്ടൻ വീണ്ടും കണ്ണുകൾ തുറന്ന് കൈയും കാലും തടവി നോക്കി, മുറിവുപറ്റിയിട്ടുണ്ടോ? ഇല്ല; സ്വപ്നമല്ലേ? പൊട്ടിയ ബലൂണുകളും ചിന്നിച്ചിതറിക്കിടക്കുന്ന കടലയും! ഓർക്കുമ്പോൾ ആർക്കാണു വ്യസനം തോന്നാതിരിക്കുക?

വ്യസനം മാത്രമല്ല ഈൗർഷ്യയും തോന്നുകയാണവന്. ഈൗർഷ്യ തോന്നുന്നത്, മറ്റൊന്നും വിചാരിച്ചല്ല. പതിവുപോലെ ഇന്നലെ രാത്രിയും അച്ഛൻ ഉറക്കത്തിൽ അവനെ കട്ടിലിൽനിന്നെടുത്ത്, നിലത്ത് കിടത്തിയിരിക്കയാണ്. എന്നിട്ട് ഒന്നുമറിയാത്തവനെപ്പോലെ, അച്ഛൻ സുഖമായി ചെരിഞ്ഞുകിടന്നുറങ്ങുകയും ചെയ്യുന്നു.

അമ്മയും അമ്മിണിയും ഉറക്കമുണർന്നെഴുന്നേറ്റ് താഴേക്കു പോയിരിക്കുന്നു. അമ്മിണിയുടെ കുഞ്ഞിക്കോസറിയും റബ്ബർഷീറ്റും മൂത്രത്തിൽ മുങ്ങിക്കിടക്കുന്നു. അവൾക്ക് ഉറങ്ങുമ്പോഴും ഉറങ്ങാതിരിക്കുമ്പോഴും ഇഷ്ടംപോലെ എവിടെ വേണമെങ്കിലും മൂത്രമൊഴിക്കാം. അവൾക്ക് രണ്ടു വയസ്സ് കഴിഞ്ഞിട്ടേയുള്ളൂ. ഉണ്ണിക്കുട്ടന് നാലു വയസ്സു കഴിഞ്ഞ് അഞ്ചിൽ നടക്കുകയാണ്. അഞ്ചു വയസ്സിൽ നടക്കുന്ന കുട്ടികൾ, ഉറക്കത്തിൽ മൂത്രമൊഴിച്ചുകൂടെന്നാണ്, മുത്തശ്ശിയൊഴികെ മറ്റെല്ലാവരും പറയുന്നത്.

രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നത് അച്ഛനോടൊപ്പം കട്ടിലിന്മേലാണ്. അമ്മ നിലത്ത് മെത്തപ്പായിലും. മെത്തപ്പായയോടു ചേർത്തിടുന്ന കുഞ്ഞിക്കോസറിയിൽ അമ്മിണിയും കിടക്കും. കുട്ട്യേട്ടൻ മുത്തശ്ശിയോടൊപ്പം താഴത്താണു കിടക്കുക.

അമ്മിണിയുടെ വിരിപ്പും പുതപ്പും എല്ലാ ദിവസവും മുക്കണം. രാവിലെ ഉണരുമ്പോഴേക്കും വിരിപ്പും പുതപ്പും മൂത്രപ്പിണ്ടിയായിട്ടുണ്ടാകും. രാത്രിയിൽ എത്ര വിസ്തരിച്ചാണെന്നോ അവളെ കോസറിയിൽ കിടത്തുക. നീലവരയൻ കുഞ്ഞിക്കോസറിയിൽ ആദ്യം ഒരു തോർത്തുമുണ്ടു വിരിക്കും. തോർത്തുമുണ്ടിന്റെ മീതെ പച്ച നിറത്തിലുള്ള റബ്ബർഷീറ്റ്, റബ്ബർഷീറ്റിന്റെ മീതെ നാലാക്കി മടക്കിയ വിരിപ്പ്! ഇത്രയും പോരേ? ഇങ്ങനെ വിസ്തരിച്ചു വിരിച്ച കുഞ്ഞിക്കോസറിയിൽ, അവളെ കിടത്തുമ്പോൾ, അമ്മ പറയും: "ഇനി ചെരിച്ചോ. അതിനല്ലേ കിടക്കണ്?"

'ചെരിച്ചോളാൻ' അമ്മ പറയുകയൊന്നും വേണ്ട. അതൊക്കെ അവൾക്കുതന്നെ നല്ല നിശ്പയമുണ്ട്.

അമ്മിണി എന്തു വികൃതി കാണിച്ചാലും, എത്ര ശാഠ്യംപിടിച്ചു കരഞ്ഞാലും ആരും ദേഷ്യപ്പെടുകയില്ല. മുഖമൊന്നു കറുപ്പിക്ക പോലുമില്ല. അമ്മിണിയെ വീട്ടിലെല്ലാവർക്കും എന്തിഷ്ടമാണെന്നോ! കുട്ട്യേട്ടൻ ഇടയ്ക്കിടയ്ക്കു പറയാറുണ്ട്, വീട്ടിലെല്ലാവർക്കും അമ്മിണിയെയാണ് അധികമിഷ്ടമെന്ന്. പക്ഷേ, അതാരും സമ്മതിക്കില്ല. ചെറിയ കുട്ടികളോടു കുറച്ചധികം വാത്സല്യം കാണിക്കണമെന്നു മുത്തശ്ശി പറയാറുണ്ട്. മുത്തശ്ശി എന്തു പറഞ്ഞാലും ശരിയാണെന്നാണ് ഉണ്ണിക്കുട്ടന്റെ വിശ്വാസം. അമ്മിണിയെപ്പോലെ രണ്ടു വയസ്സു പ്രായമായ കുട്ടിയായിരുന്നപ്പോൾ, ഉണ്ണിക്കുട്ടനെ ഇതിലുമധികം ലാളിച്ചിരുന്നുവത്രെ അച്ഛൻ. അതെന്തായാലും, ഇപ്പോൾ മുത്തശ്ശിക്കാണു തന്നെ അധികമിഷ്ടം. രാത്രിയിൽ മുത്തശ്ശിയോടൊപ്പം കട്ടിലിലാണു കിടക്കുന്നതെങ്കിൽ അച്ഛൻ ചെയ്യുന്നതുപോലെ ഉറക്കത്തിൽ നിലത്തേക്കെടുത്തു കിടത്തുകയൊന്നുമില്ല! രാത്രിയിൽ ഒരു പ്രാവശ്യം വിളിച്ചുണർത്തി ഒന്നു. മൂത്രമൊഴിപ്പിച്ചാൽ പിന്നെ മൂത്രമൊഴിക്കുകയുമൊന്നുമുണ്ടാവില്ല. അതിനൊന്നും അച്ഛൻ മിനക്കെടില്ല.

ഉണ്ണിക്കുട്ടൻ തന്റെ കുപ്പായത്തിന്റെ അടിവശം തൊട്ടുനോക്കി. ഉവ്വ്, ലേശം നനവുണ്ട്. അപ്പോൾ ഇന്നലെ രാത്രിയിലും ഉറക്കത്തിൽ മൂത്രമൊഴിച്ചിരിക്കുന്നു. അവന് ലേശം ജാള്യത തോന്നാതിരുന്നില്ല.

പതിവുപോലെ, നിക്കറും ഉറക്കത്തിൽ അഴിച്ചുവച്ചിട്ടുണ്ട്. മൂത്ര മൊഴിക്കുമെന്ന ഭയംകൊണ്ട് അമ്മ ചെയ്യുന്ന പണിയാണത്. അല്ലെ ങ്കിൽത്തന്നെ അമ്മിണിയുടെ മൂത്രത്തുണികളുണ്ട് വേണ്ടത്ര മുക്കാൻ. എല്ലാംകൂടി അമ്മയ്ക്കു വയ്യത്രെ. എന്നാൽ

അടിച്ചുതളിക്കാരി കാളിയമ്മയോടു മുക്കിക്കൊണ്ടുവരാൻ പറഞ്ഞുകൂടേ? ആയമ്മ മുക്കിയാലൊന്നും അമ്മയ്ക്കു തൃപ്തിയാവുകയില്ല.

നിക്കർ, അച്ഛന്റെ കട്ടിലിന്റെ മേൽക്കട്ടിയിലാണ് അഴിച്ചു വച്ചിരിക്കുന്നത്. കട്ടിൽ പിടിച്ചൊന്നു കുലുക്കിയാൽ, നിക്കർ താഴെ വീഴും.

അവൻ പുതപ്പു വലിച്ചുമാറ്റി, അകത്താരുമില്ലെങ്കിലും അവന് നാണം തോന്നി. എണ്ണക്കച്ചവടക്കാരൻ മൊയ്തീനാണതിനു കാരണം. കുറച്ചു ദിവസങ്ങൾക്കുമുമ്പ് ദേഹമാസകലം കുളുക്കനെ എണ്ണ തേപ്പിച്ച്, അമ്മ മുറ്റത്തു നിർത്തിയിരിക്കയായിരുന്നു. അപ്പോഴാണ് എണ്ണക്കച്ചവടക്കാരൻ മൊയ്തീന്റെ വരവ്. മൊയ്തീൻ ആകെയൊന്നു നോക്കിചിരിച്ചുകൊണ്ടു പറഞ്ഞു: "ങ്ങ്നെ നിക്കാൻ നാണംല്യേ?"

എന്താ ഈ നാണം എന്നുവച്ചാല്? അതെന്തായാലും, അന്നുമുതൽ നിക്കറിടാതെ വല്ലവരുടെയും മുമ്പിൽ ചെല്ലാൻ സങ്കോചമാണവന്.

ഉണ്ണിക്കുട്ടൻ വീണ്ടും പുതപ്പ് അരയോളമിട്ടു മലർന്നു കിടന്നു. ചുമരിലെ ചിത്രങ്ങളിലും കട്ടിലിന്റെ അടിയിൽ നിരത്തിവെച്ചിരിക്കുന്ന പാത്രങ്ങളിലുമെല്ലാം മാറി മാറി നോക്കി. സുബ്രഹ്മണ്യസ്വാമിയുടെ ഫോട്ടോവിൽ ചാർത്തിയിരിക്കുന്ന കൂവളപ്പൂമാലയും തെച്ചിപ്പൂമാലയും, കുട്ടൻനായർ ഇന്നലെ രാത്രി അമ്പലത്തിൽനിന്നും കൊണ്ടുവന്നതാണ്. രണ്ടു മാലകളും വാടിയിട്ടുണ്ട്. അമ്മയ്ക്ക് എണ്ണകാച്ചാൻ കൂവളപ്പൂവും തെച്ചിപ്പൂവും വേണം. അതിനാണതു കൊണ്ടുവന്നിരിക്കുന്നത്.

ഇന്നലെ രാത്രിയിൽ, കുട്ടൻനായരുടെകൂടെ അമ്പലത്തിൽ കളംതൊഴാൻ പോകാൻ ശാഠ്യംപിടിച്ചുവെങ്കിലും അമ്മ സമ്മതിച്ചില്ല. താൻ വലിയ വികൃതിയായതുകൊണ്ട് കുട്ടൻനായരുടെകൂടെ അമ്പലത്തിലേക്കയയ്ക്കാൻ അമ്മയ്ക്കു പേടിയാണത്രെ. ഇനി, ഇന്നു കൊണ്ടുപോകാമെന്നാണ് അമ്മ പറഞ്ഞിരിക്കുന്നത്. വെറുതെ പറഞ്ഞതാണോ ആവോ? താഴത്തുചെന്ന ഉടൻ അമ്മയെ ഓർമ്മിപ്പിക്കണം.

ചുമരിലെ ചിത്രങ്ങളെല്ലാം പഴയതാണ്. കുറച്ചു ദിവസങ്ങൾക്കു മുമ്പ്, അമ്മയോടൊപ്പം ഒരു വീട്ടിൽ പോയപ്പോൾ, അവിടെ കണ്ട ചിത്രങ്ങളെല്ലാം പുതിയതായിരുന്നു. നാക്ക് വെളിയിലേക്കിട്ടുകൊണ്ടിരിക്കുന്ന ആ നായക്കുട്ടിയുടെ ചിത്രം കണ്ടിട്ടും കണ്ടിട്ടും മതിയായില്ല. അങ്ങനത്തേതൊന്നു കൊണ്ടുവരാൻ അച്ഛനോട് എത്രയെത്രപ്രാവശ്യം പറഞ്ഞു!

അച്ഛനുണ്ടോ, അതിനൊക്കെ സമയം...?

നേരേ മുമ്പിലുള്ള ജനാലയിൽ ഒരു എട്ടുകാലിവല കാണാനുണ്ട്. ഇന്നലെ രാത്രി, എട്ടുകാലിവല അവിടെ ഉണ്ടായിരുന്നില്ല. എട്ടുകാലിയുടെ രാത്രിയിലത്തെ പരിശ്രമഫലമാണ് ആ വല! ആ വലയിൽ, അവിട വിടെയായി ചെറുപ്രാണികൾ കുരുങ്ങിക്കിടക്കുന്നുണ്ട്. അവയൊക്കെ, എട്ടുകാലിക്കു തിന്നാനാണെന്ന്, അച്ഛൻ ഒരിക്കൽ പറഞ്ഞത് അവനോർത്തു. എട്ടുകാലിവല കാണാൻ നല്ല ഭംഗിയുണ്ട്. പക്ഷേ, അടുത്തു ചെന്നുനിന്നു വിരലുകൊണ്ട് ഒരു വര വരച്ചാലോ? എട്ടുകാലി വല നാശമായിപ്പോകും. അടുക്കളയിലും മച്ചിനുള്ളിലും കാണുന്ന എത്രയെത്ര എട്ടുകാലിവലകളാണ് അങ്ങനെ നശിപ്പിച്ചുകളഞ്ഞിട്ടുള്ളത്!

എട്ടുകാലിക്ക് വിഷമുണ്ടത്രേ! എന്താണു വിഷമെന്നുവച്ചാൽ? അത് എങ്ങനെയിരിക്കും? എല്ലാ വിഷത്തിലുംവെച്ച് വലിയ വിഷം, പാമ്പിന്റേതാണെന്നാണ് മുത്തച്ഛൻ പറയുന്നത്. പാമ്പു കടിച്ചാൽ, അതിനെപ്പിടിച്ച് അങ്ങോട്ടും കടിക്കണം. എന്നാൽ, വിഷം കയറുകയില്ലെന്നു പഞ്ഞത് കുട്ടപ്പൻനായരാണ്. അങ്ങനത്തെ ഒരു സംഭവം പേപ്പറിൽ ഉണ്ടായിരുന്നത് മുത്തച്ഛൻ വായിച്ചു കേൾപ്പിക്കുകയുമുണ്ടായിട്ടുണ്ട്. അധിക ദിവസങ്ങൾക്കുമുമ്പൊന്നുമല്ല, ഒരു മാപ്പിള തൊടിയിൽ പുല്ലരിഞ്ഞുകൊണ്ടിരിക്കുമ്പോൾ പാമ്പു ചാടിക്കടിച്ചു. മാപ്പിള ഒട്ടും സംശയിക്കാതെ പാമ്പിനെ കടന്നുപിടിച്ചു കടിച്ച് രണ്ടു കഷ്ണമാക്കി ദൂരത്തേക്കെറിഞ്ഞു. മാപ്പിളയ്ക്ക് വിഷമേറ്റില്ല! പാമ്പ് ചത്തതു ലാഭം! മാപ്പിളയുടെ ധൈര്യം ഭയങ്കരംതന്നെ!ആ മാപ്പിളയെ വീട്ടിൽ ഉമ്മറം കാവലുകാരനായി കിട്ടിയാൽ നന്നായിരുന്നു.

പാമ്പിനെ രണ്ടു കഷ്ണമായി കടിച്ചെറിഞ്ഞശേഷം, മാപ്പിളയുടെ വായ നീറിയിരിക്കുമോ? വായ നീറിയിരിക്കുമോ എന്നോർത്തപ്പോൾ, കട്ടിലിന്റെ ചുവട്ടിലെ സ്ഫടികഭരണിയിൽനിന്ന് ഒരു കളിയടയ്ക്കയെടുത്തു ചവച്ചു തിന്നാൻ തോന്നി. അവൻ കട്ടിലിന്റെ താഴത്തേക്കു നോക്കി. താലങ്ങൾ, കൂജാവുകൾ, പാൽക്കിണ്ടികൾ— എന്തൊക്കെ സാധനങ്ങളാണ്! സ്ഫടികഭരണി തുറക്കുന്ന ശബ്ദം കേട്ട് അച്ഛൻ ഉണർന്നാലോ? വേണ്ട, കളിയടയ്ക്ക വേണ്ട.

അവൻ മുറിയിലെ ജനാലകളിലും വാതിലിലും നോക്കി, 'നിറ' ദിവസം അരിമാവുകൊണ്ട് അണിഞ്ഞിട്ടുള്ളത് ഇനിയും മാഞ്ഞുപോയിട്ടില്ല. ഒരു ജനൽക്കമ്പിയിൽ, നെൽക്കതിർ വാഴനാരുകൊണ്ടു കെട്ടി നിർത്തിയിരിക്കുന്നു. നിറദിവസം മുത്തച്ഛനാണ്, കുളിച്ച് ഈറനുടുത്ത് നെൽക്കതിർ

അമ്പലത്തിൽനിന്നു കൊണ്ടുവന്നത്. 'നിറ നിറ പൊലി പൊലി നിറ നിറ പൊലി പൊലി' എന്നും പറഞ്ഞുകൊണ്ടാണ് മുത്തച്ഛൻ വന്നത്. വീട്ടിലെല്ലാം അണിഞ്ഞതും മുത്തച്ഛൻതന്നെയാണ്. അരിമാവു നിറച്ച ഓടം കമഴ്ത്തിവയ്ക്കുമ്പോൾ, അരിമാവ് ഒലിച്ചിറങ്ങുന്നതു കാണാൻ ബഹുരസമാണ്. വലുതായാൽ, തനിക്കും മുത്തച്ഛനെപോലെ അണിയാൻ പഠിക്കണം. നിറദിവസം അമ്പലത്തിൽ നിന്നു നെൽക്കതിർ കൊണ്ടുവരുന്നതും താനായിരിക്കും.

മുറിയിലെ ഒത്ത നടുക്കുള്ള വളയിൽ തൂങ്ങുന്ന കതിർക്കുല നിറ ദിവസം കെട്ടിത്തൂക്കിയതാണ്. മുറിയിലെ വളകളിൽ വെള്ളരിക്കയും കെട്ടിത്തൂക്കിയിട്ടുണ്ട്. എല്ലാം മുത്തച്ഛൻ കെട്ടിത്തൂക്കിയതാണ്. വാഴനാരറ്റ് വെള്ളരിക്ക താഴെ വീണാൽ എന്താണുണ്ടാവുക? വെള്ളരിക്ക പഴുത്ത മത്തനെപ്പോലെ ഉറിയിൽ വയ്ക്കുകയാണ് നല്ലത്. ഉറി അത്ര ക്ഷണം അറ്റുപോകയൊന്നുമില്ല. വെള്ളരിക്ക എന്തുകൊണ്ടാണ് ഉറിയിൽ വയ്ക്കാത്തത്? മത്തനെപ്പോലെ, വട്ടത്തിലല്ലാത്തതുകൊണ്ടായിരിക്കുമോ? പഴുത്ത മത്തൻ ഉറിയിൽ വച്ചതു കാണാൻ നല്ല ഭംഗിയുണ്ട്. അടുക്കളയിലും മച്ചിലുംകൂടി ആകെ ആറ് ഉറികളുണ്ട്. ആറ് ഉറികളിലും മത്തിനുണ്ട്. മച്ചിൽ, ഉറി കെട്ടിത്തൂക്കിയ വളകളിലെല്ലാം വേട്ടാളൻകൂടുകളുണ്ട്. വേട്ടാളൻ ശക്തിയോടെ പറന്നുവന്ന് കൂടിനുള്ളിലേക്കു പോകു ന്നതു കാണാൻ കൗതുകമുണ്ട്. ഇവിടെ വേട്ടാളൻ കൂടു കെട്ടിയിരിക്കുന്നതു മണ്ണുകൊണ്ടാണ്. പക്ഷേ, കക്കൂസിൽ മണ്ണു കൊണ്ടല്ല. അവിടെ വളകളിൽ ദ്വാരമുണ്ടാക്കിയിരിക്കയാണ്. ആ ദ്വാരങ്ങളെയാണ് കൂടുകൾ എന്നു പറയുന്നത്.

വേട്ടാളൻകൂട് അടർത്തിക്കളയാൻ പാടില്ലത്രെ! അടർത്തിക്കളഞ്ഞാൽ മൂക്കിൽ കുരു ഉണ്ടാകും. മുത്തശ്ശിക്ക് അനുഭവമാണത്രെ അത്. കുരു എവിടെ ഉണ്ടാകുന്നതും നന്നല്ല. കുരു ഉണ്ടായാൽ വേദന സഹിക്കണം. കുട്ട്യേട്ടന് കാൽവണ്ണയിലാണ് കുരു ഉണ്ടായത്. ആദ്യം ചെറിയൊരു ഉണലായിരുന്നു. നാലു ദിവസമായപ്പോഴേക്കും ഉണല് വലുതായി, ചുകന്നു. ഉണലിനു കണ്ണായി. കാൽവണ്ണയാകെ തുടുത്തു വീങ്ങി. ഒടുവിൽ മണ്ണാൻ ചാമിയെ കൊണ്ടുവരേണ്ടിവന്നു. ചാമി പറഞ്ഞതനുസരിച്ച് ഒരെണ്ണ പുരട്ടുകയും, ചിറ്റമൃതിന്റെ ഇല വാട്ടിയിടുകയും ചെയ്തു. പിറ്റേന്ന് കുരു പൊട്ടി. എത്ര ചോരയും ചലവുമാണ് പോയതെന്നോ! കണ്ടപ്പോൾ അറപ്പു തോന്നി. ചോറുണ്ണുമ്പോൾ ഓക്കാനിക്കാൻ തോന്നി. കുരു പൊട്ടി, ഒരാഴ്ച കഴിഞ്ഞശേഷമാണ് കുട്ട്യേട്ടൻ സ്കൂളിൽ പോകാൻ തുടങ്ങിയത്. കുട്ട്യേട്ടന്റെ കാൽവണ്ണയിൽ കുരു ഉണ്ടായതിന്റെ കല ഇന്നുമുണ്ട്. ആ കലയിൽ തൊടുമ്പോൾ എന്തു

മിനുസമാണെന്നോ!

കുട്ട്യേട്ടൻ ഉമ്മറത്തിരുന്നു പഠിക്കയാവുമിപ്പോൾ. മൂന്നാം ക്ളാസ്സിലാണ് പഠിക്കുന്നതെങ്കിലും, കുട്ട്യേട്ടന് സ്ലേറ്റിൽ വരയിടാൻ ഇനിയുമറിഞ്ഞുകൂടാ. സ്ലേറ്റിൽ വരയിട്ടുകൊടുക്കുന്നത് അമ്മയാണ്.

സ്വപ്നം വീണ്ടും ഓർത്തുപോകയാണവൻ—സ്വപ്നരംഗങ്ങൾ മനസ്സിൽനിന്നും മാഞ്ഞുപോകുന്നില്ല.

വർണ്ണഭംഗിയെഴുന്ന ബലൂണുകൾ ഊതിവീർപ്പിച്ചുകൊണ്ട്, കുട്ടികളുടെ ഹൃദയത്തിൽ അത്ഭുതാഹ്ളാദഭാവങ്ങൾ ഉളവാക്കുന്ന സോഡാ സർവത്തുകടയിലെ വൃദ്ധനെ എങ്ങനെ മറക്കാനാണവൻ? വൃദ്ധന്റെ താടിയിൽ കൈവിരലുകളോടിക്കാനും, ബലൂണുകൾ വാങ്ങി തട്ടിത്തട്ടി കളിക്കാനും എന്തു രസമായിരിക്കും! ബലൂണിനകത്ത്, കടലയിട്ടശേഷം, ഊതി വീർപ്പിക്കണം. ബലൂണിനകത്ത്, കടല 'കലപല' എന്ന് ഉരുണ്ടു കളിക്കുന്നതു കാണണം. സ്വപ്നത്തിലെ ആ വയസ്സൻ എവിടെയാണ്?

ഇന്ന് അച്ഛൻ ഓഫീസിലേക്കു പോകുമ്പോൾ ബലൂണുകൾ വാങ്ങിക്കൊണ്ടു വരാൻ പറയണം. കടല വാങ്ങിത്തരില്ല. കടല തിന്നാൽ വയറു വേദനിക്കുമെന്നാണ് അച്ഛൻ പറയുന്നത്. വേണ്ട, കടല വാങ്ങിത്തരേണ്ട. ബലൂൺ മതി. എല്ലാ നിറങ്ങളിലുമുള്ള ബലൂണുകൾ വേണം. ബലൂണുകൾ ഊതി വീർപ്പിച്ചശേഷം, നൂലുകൊണ്ടു കെട്ടിത്തരാൻ മുത്തച്ഛന്റെ കൈയിൽ കൊടുക്കണം. മുത്തച്ഛനില്ലെങ്കിൽ കുട്ട്യേട്ടനോട് പറയണം. ഇതൊക്കെ അമ്മിണി ഉറങ്ങുന്ന സമയത്താകണം. അല്ലെങ്കിൽ അവൾ ഒന്നിനും സമ്മതിക്കില്ല. വലിയ കുറുമ്പിയും ശാഠ്യക്കാരിയുമാണവൾ.

മൂന്നു ബലൂണുകൾ ഒന്നിച്ചു കൂട്ടിക്കെട്ടി ഉമ്മറത്തുള്ള ശ്രീകൃഷ്ണന്റെ ഫോട്ടോവിന്റെ താഴെ തൂക്കണം, അത് കുട്ട്യേട്ടനോടു പറയാം. കുട്ട്യേട്ടന് കസേലയിൽ കയറി നിന്നാൽ ഫോട്ടോവിന്റെ താഴെയുള്ള ആണി തൊടാൻ സാധിക്കും. രണ്ടു ബലൂണുകൾ കുട്ട്യേട്ടനെടുത്തോട്ടെ. കുട്ട്യേട്ടന് ബലൂണുകൾകൊണ്ടു കളിക്കേണ്ട പ്രായമല്ലെന്ന് അമ്മ പറയാറുണ്ട്—എന്നാലും കുട്ട്യേട്ടൻ എടുത്തോട്ടെ. അമ്മിണി ഉറക്ക മുണർന്നു വന്നാൽ രണ്ടു ബലൂണുകൾ ഊതി വീർപ്പിച്ച് രണ്ടു കൈകളിലുമായി അവൾക്കും കൊടുക്കാം. കിട്ടേണ്ട താമസം, അവളതു പൊട്ടിക്കും. അതെന്തെങ്കിലുമായിക്കോട്ടേ. ശ്രീകൃഷ്ണന്റെ ഫോട്ടോവിന്റെ താഴെ തൂക്കുന്ന ബലൂണുകൾ മൂന്നും അവൾക്കു കൊടുക്കില്ല. അതു തനിക്ക് ഇഷ്ടംപോലെ നോക്കിക്കാണാനും എടുത്തു കളിക്കാനും വീണ്ടും തൂക്കാനുമുള്ളതാണ്. എടുത്തുതരാനും തൂക്കിത്തരാനും മുത്തച്ഛനും കുട്ട്യേട്ടനുമുണ്ടല്ലോ. കുട്ട്യേട്ടൻ ചിലപ്പോൾ ഇതൊന്നും പറഞ്ഞാൽ

കേൾക്കില്ല. അതാണു ബുദ്ധിമുട്ട്. കുട്ട്യേട്ടന്റെ ഈ സ്വഭാവം കാണുമ്പോൾ, പുസ്തകത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന മയിൽപ്പീലി എടുത്ത് തൊടിയിലേക്കു വലിച്ചെറിയാൻ തോന്നാറുണ്ട്.

ഏതായാലും അമ്മിണി ശാഠ്യംപിടിക്കാതിരുന്നാൽ മതി! എന്തിനാണ് ശാഠ്യംപിടിക്കുന്നതെന്നുവച്ചാൽ, അതു സാധിച്ചേ അവളടങ്ങൂ. അതുവരെ കരച്ചിൽതന്നെയാണ്.

മുമ്പിലെ ജനാലയുടെ തരിപ്പു പൊളിച്ചത് അമ്മിണിയാണ്. ആദ്യം തന്നെ ലേശം അടർന്നുനിന്നിരുന്നു. അതിൽ വടിയിട്ട് കുത്തിപ്പൊളിച്ചു. അമ്മ കണ്ടുകൊണ്ട് അടുത്തുതന്നെയിരുന്നിരുന്നു. എന്നിട്ടൊരക്ഷരം പോലും മിണ്ടിയില്ല. അച്ഛൻ അറിഞ്ഞത് രാത്രിയാണ്. എന്നിട്ട് അച്ഛൻ ചെയ്തതെന്നാ? 'മിടുക്കത്തി' എന്നു പറഞ്ഞ് അവളെ ഉമ്മ വച്ചു.

മിടുക്കത്തി! വല്ലാത്തൊരു മിടുക്കത്തി! അമ്മ പെട്ടെന്ന് മുറിയിലേക്ക് വന്ന് കട്ടിലിന്റെ ചുവട്ടിൽനിന്ന് ഒരു ടിന്നെടുക്കുന്നതുകണ്ടു. പഞ്ചസാരടിന്നാണ്. അമ്മ തന്നെ ശ്രദ്ധിച്ചിട്ടില്ല.

അവൻ വിളിച്ചു: "അമ്മേ!" അമ്മ അവന്റെ അടുത്തു വന്നു നിന്നു കൊണ്ട് വാത്സല്യത്തോടെ പറഞ്ഞു: "അമ്മയുടെ സുന്ദരക്കുട്ടി ഉണർന്നു കിടക്കാണോ? അച്ഛൻ വരുമ്പോൾ താഴത്തേക്കു വന്നാൽ മതി! മിടുക്കൻ."

സാധാരണദിവസമാണെങ്കിൽ, അവൻ അമ്മയുടെ ഒപ്പംതന്നെ താഴത്തേക്കു പോകുമായിരുന്നു. ലേശം പഞ്ചസാര വായിലിട്ടു തരാൻ പറയുമായിരുന്നു. ഇന്ന് എല്ലാ ആലോചനകളുടെയും കുസൃതിത്തരത്തിന്റെയും ഇടയിൽ സ്വപ്നത്തിലെ ആ വൃദ്ധൻ മനസ്സിൽ നിറഞ്ഞു നില്ക്കുകയാണ്.

അമ്മ ടിന്നുമായി കോണിപ്പടികളിറങ്ങിപ്പോകുന്ന ശബ്ദം ശ്രദ്ധിച്ചു കിടന്നു.

താഴത്തുനിന്നു പാത്രങ്ങൾ കൂട്ടിമുട്ടുന്നതിന്റെയും മുറ്റമടിക്കുന്നതിന്റെയും വെള്ളം കോരുന്നതിന്റെയും ശബ്ദങ്ങൾ കേൾക്കാനുണ്ട്.

അടുക്കളക്കിണറ്റിൽനിന്നും വെള്ളം കോരാനുള്ള തുടിക്കകത്തെ ആ കല്ലുകളുണ്ടാക്കുന്ന ശബ്ദം കേമംതന്നെ. ആ കല്ലുകൾ എടുത്തൊന്നു നോക്കണം, ഒരു ദിവസം.

എത്ര നേരമായി ഇങ്ങനെ ഉണർന്നുകിടക്കുന്നു! അച്ഛൻ ഒന്നുമറിയാതെ ഉറങ്ങുകതന്നെയാണ്. അച്ഛന്റെ കട്ടിലിന്റെ അടുത്തിട്ടിരിക്കുന്ന സ്റ്റൂളിൽ ഒരു ടൈംപീസും ടോർച്ചും സ്ഫടിക ഗ്ലാസ്സുമിരിക്കുന്നുണ്ട്.

ഉണ്ണിക്കുട്ടന് സമയം നോക്കാനറിയില്ല. കുട്ട്യേട്ടനറിയാം. അതു കൊണ്ട് കുട്ട്യേട്ടന് വലിയ ഭാവമാണ്. അത്ര വലിയ ഭാവമൊന്നും വേണ്ട. മൂന്നാം ക്ളാസ്സിൽ എത്തുന്നതിനുമുമ്പേ താനും വാച്ചു നോക്കാനും പഠിക്കും. അലാറം അടിപ്പിക്കാനും പഠിക്കും. അതൊന്നും വലിയ കാര്യമല്ല. അല്ലെങ്കിൽ എന്തിനാ അധികമാലോചിക്കാൻ പോണത്? മുത്തശ്ശിക്ക് ഇത്ര വയസ്സായില്ലേ? തലമുടി എല്ലാം നരച്ചു. കണ്ണു ശരിക്കു കാണുന്നില്ല. ഇത്ര പ്രായമായിട്ടും മുത്തശ്ശിക്ക് സമയം നോക്കാനോ അലാറമടിപ്പിക്കാനോ അറിഞ്ഞുകൂടാ. എന്നിട്ടല്ലേ തനിക്ക്...

വാലിയക്കാരൻ കുട്ടൻനായർക്ക് അറിയാത്ത പണികൾ വല്ലതുമുണ്ടോ? പക്ഷേ, കുട്ടൻനായർക്ക് ടൈംപീസിന്റെ അലാറമടിപ്പിക്കാൻനുള്ള വിദ്യ അറിഞ്ഞുകൂടാ. സമയം നോക്കാനറിയാമെന്നുമാത്രം.

ഉണ്ണിക്കുട്ടൻ എഴുന്നേറ്റ് ജനാലയ്ക്കടുത്തു ചെന്ന് പുറത്തേക്ക് നോക്കി. ഇന്നലത്തെപ്പോലെ ഇന്ന് മൂടൽമഞ്ഞില്ല. ഇന്നലെ ഈ നേരത്ത് തൊടിയിലേക്കു നോക്കിയപ്പോൾ മൂടൽമഞ്ഞല്ലാതെ ഒന്നും കാണാനില്ലായിരുന്നു. ഇന്നു മൂടൽമഞ്ഞില്ല.

കുലച്ചുചാടിയ ഒരു വാഴയുടെ കുടപ്പനിൽനിന്ന് അണ്ണാൻ തേൻ കുടിക്കുന്നതു കൗതുകപൂർവം നോക്കിനിന്നു. അണ്ണാന്റെ പ്രവൃത്തികൾക്ക് എന്തു വേഗതയാണ്! എന്തു കൃത്യമാണ്! ഒരു വാഴയിൽ നിന്നും മറ്റൊരു വാഴയിലേക്ക് എത്ര കൃത്യമായാണ് ചാടുന്നത്!.

കുറച്ചു ദിവസങ്ങൾക്കുമുമ്പ് ഒരണ്ണാനെ ചുമലിലിട്ടു വന്ന ആ ധർമ്മക്കാരന്റെ രൂപം ഉണ്ണിക്കുട്ടന്റെ മനസ്സിൽ തെളിഞ്ഞുവന്നു. അയാൾക്ക് ഇടത്തേ കയ്യിൽ വിരലുകളൊന്നും ഉണ്ടായിരുന്നില്ല. വലത്തേ കൈയിൽ വിരലുകളുള്ളതുകൊണ്ട് അയാൾക്ക് ഊണു കഴിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല.

ഉണ്ണിക്കുട്ടൻ ജനലിനോടടുപ്പിച്ചുള്ള കസാലയിലേക്കു നോക്കി. കസാലക്കയ്യിൽ കുറെ ഉറുമ്പുകൾ ചേർന്ന്, ഒരു ചത്ത പുഴുവിനെ നീക്കിനീക്കിക്കൊണ്ടുപോകയാണ്. എത്രയെത്ര ഉറുമ്പുകളാണ്! തിന്നാനാകുമോ പുഴുവിനെ കൊണ്ടുപോകുന്നത്? ഉറുമ്പുകളെ കൈകൊണ്ടു തട്ടിക്കളഞ്ഞാലോ? വേണ്ട. ആവ പുഴുവിനെ എങ്ങോട്ടെങ്കിലും കൊണ്ടുപോകട്ടെ.

എട്ടുകാലിവലയുള്ള ജനാലയ്ക്കടുത്തു പോയി നിന്ന് കൈവിരലു കൊണ്ട് ഒരു വര വരച്ചു. എട്ടുകാലിവല ഇല്ലാതായി. കൈവിരൽ ഒട്ടുന്നുണ്ടോ? വലയിൽ കുടുങ്ങിക്കിടന്നിരുന്ന ചെറുപ്രാണികൾ നിലത്തു വീണുകിടക്കുന്നുണ്ട്. ഇനിയെല്ലാം കാളിയമ്മ അടിച്ചുവാരി

ശരിപ്പെടുത്തിക്കോളും.

ഉണ്ണിക്കുട്ടൻ മെല്ലെമെല്ലെ നടന്നുവന്ന് അച്ഛന്റെ കട്ടിലിനടുത്തുള്ള സ്റ്റൂളിൽ അടുത്തുവന്നു നിന്നു. ഇപ്പോൾ ടൈംപീസിന്റെ ശബ്ദം നല്ലപോലെ കേൾക്കാം. കുറച്ചുനേരം ശ്രദ്ധിച്ചുനിന്നു. രസമില്ല.

സ്റ്റൂളിന്മേലുള്ള സ്ഫടികഗ്ലാസ്സ്, അച്ഛൻ പാലുകുടിച്ചു കഴിഞ്ഞശേഷം വച്ചതാണ്. ഗ്ലാസ്സിന്റെ അടിയിൽ ലേശം പാലുള്ളതിൽ ഒന്നുരണ്ട് ഉറുമ്പുകൾ വീണു ചത്തിട്ടുണ്ട്.

അതൊക്കെ പോകട്ടെ.

ടോർച്ച് ഒന്നു പീച്ചിനോക്കണം. അഞ്ചു ബാറ്ററി വയ്ക്കാവുന്ന വലിയ ടോർച്ചാണ്. എന്തൊരു കനമാണെന്നോ! എടുത്തു കൈയിൽപ്പിടിച്ചു പീച്ചിയാൽ ശരിയാവില്ല. ഒരു സ്ഥലത്തുവെച്ച് പീച്ചി നോക്കാനേവെയ്ക്കൂ. രണ്ടു ബാറ്ററി ഇടാവുന്ന, മുത്തച്ഛന്റെ ടോർച്ചാണ് ഉണ്ണിക്കുട്ട നിഷ്ടം. അതു കൈയിലൊതുങ്ങും. പീച്ചാൻ ബുദ്ധിമുട്ടില്ല. പക്ഷേ, അച്ഛന്റെ ടോർച്ചിനുള്ളതുപോലെ വെളിച്ചമില്ല. അച്ഛന്റെ ടോർച്ച് വീട്ടിന്റെ കോലായിൽ നിന്നുകൊണ്ടു പീച്ചിയാൽ, ഗേറ്റിനപ്പുറത്തോളം വെളിച്ചം ചെന്നെത്തും. തൊടിയിലേക്കടിച്ചാൽ, തൊഴുത്തും കക്കൂസും മുളങ്കൂട്ടങ്ങളും എല്ലാം തെളിഞ്ഞുകാണാം.

മുത്തച്ഛന്റെ ടോർച്ചിന്റെ വെളിച്ചം മുറ്റം കാണാൻതന്നെ കഷ്ടിയാണ്.

അവൻ ടോർച്ചിന്റെ സ്വിച്ചിൽ ചൂണ്ടാണിവിരലമർത്തി. ടോർച്ചിന്റെ വെളിച്ചം വൃത്താകൃതിയിൽ ചുമരിൽ നിഴലിച്ചു. അവനു രസം തോന്നി. അവൻ വീണ്ടും വീണ്ടും സ്വിച്ചിൽ വിരലമർത്തി, ചുമരിലെ പ്രകാശം കണ്ടു രസിച്ചു.

ഇങ്ങനെ പീച്ചിയതുകൊണ്ടായില്ല. കൈയിലെടുത്തു പീച്ചിനോക്കണം. അവൻ വളരെ സാവധാനത്തിൽ ടോർച്ച് കൈയിലെടുത്തപ്പോൾ അച്ഛൻ ഒന്നു തിരിഞ്ഞുകിടന്നു. പരിഭ്രമിച്ചുപോയി. ടോർച്ച് കൈയിൽ നിന്നും നിലത്തുവീണു...

ശബ്ദം കേട്ട് അച്ഛൻ കണ്ണുകൾ തുറന്നു. അച്ഛൻ ദേഷ്യപ്പെടുമോ? പകച്ചുനില്ക്കുന്ന ഉണ്ണിക്കുട്ടനോട് അച്ഛൻ ചോദിച്ചു: "രാവിലെതന്നെ തൊടങ്ങ്യോ വികൃതി കാട്ടാൻ."

അച്ഛൻ അവനെ എടുത്തു കട്ടിലിൽ കിടത്തിക്കൊണ്ടു വാത്സല്യപൂർവം ഉമ്മവച്ചു. ശരീരത്തിൽ കൈകൾകൊണ്ടു തലോടി. കുപ്പായത്തിന്റെ അടിഭാഗത്തെ നനവു മനസ്സിലാക്കിക്കൊണ്ടു ചോദിച്ചു: "ഇന്നലീം മൂത്രമൊഴിച്ചുവല്ലേ?" ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ അച്ഛനെ കെട്ടിപ്പിടിച്ചുകൊണ്ടു കിടന്നു. അല്ലാതെന്തു പറയാനാ? അവനു നാണമാവുകയാണ്.

അച്ഛൻ ചോദിച്ചു: "സ്കൂളിൽ ചേരണ്ടേ?"

വേണമെന്ന അർത്ഥത്തിൽ അവൻ തലയാട്ടി.

“തലയാട്ടിയാലൊന്നും അച്ഛന് മനസ്സിലാവില്ല. സ്കൂളിൽ ചേരണ്ടേ?”

“വേണം.”

“നല്ലോണം പഠിക്കോ?

“ഉവ്വ്.”

“മിടുക്കൻ!”

അച്ഛൻ അവനെ വീണ്ടും ഉമ്മവെച്ചു.

താഴത്തു ശബ്ദങ്ങൾ വർദ്ധിച്ചുവരികയാണ്.

മുറ്റമടിച്ചുവാരുന്നതിന്റെ ശബ്ദം! കിണറ്റിൽനിന്നു വെള്ളം കോരുന്നതിന്റെ ശബ്ദം! അമ്മിണിയുടെ കരച്ചിലിന്റെ ശബ്ദം—ഈ ശബ്ദങ്ങൾക്കിടയിൽ കുട്ടൻനായർ എവിടെയാണാവോ? പഴുക്കപ്ലാവില കൊണ്ടു കാളകളെ ഉണ്ടാക്കിത്തരാമെന്ന് കുട്ടൻനായർ ഇന്നലെ പറഞ്ഞിട്ടുണ്ട്. താഴത്തുചെന്ന് ഉടൻ കുട്ടൻനായരെ ഈ കാര്യം ഓർമ്മിപ്പിക്കണം.

അച്ഛൻ ഒന്നും മിണ്ടാതെ കിടക്കയാണ്. അച്ഛന് ഉറക്കം ഇനിയും മതിയായിട്ടില്ല. ഇനിയും ഉറങ്ങാനുള്ള ഭാവമാണോ?

സ്വപ്നരംഗങ്ങൾ വീണ്ടുമോർത്തുപോവുകയാണ്. ഇളം നീലക്കൂടാരവും മഞ്ഞ വെളിച്ചവും ഇളംകാറ്റിലാടിക്കളിക്കുന്ന ബലൂണുകളും നൃത്തം ചെയ്യുന്ന വൃദ്ധനും, പച്ചകുത്തിയ കടലക്കച്ചവടക്കാരിയുമൊക്കെയുള്ള ആ ലോകത്തെ മനസ്സിൽ കണ്ടുകൊണ്ട് അവൻ അച്ഛനോട് ചേർന്നുകിടക്കുന്നു.

ആ സ്വപ്നലോകത്തിൽനിന്ന് അവനെ ഉണർത്തിയത് അച്ഛനാണ്: “താഴത്തേക്ക് പൊവ്വാ?”

“ഉം.”

ഉണ്ണിക്കുട്ടൻ എഴുന്നേറ്റു. അച്ഛൻ അവനെ നിക്കർ ഇടുവിച്ചു. കൈവിരലുകൾ വെറുതെ പൊട്ടിക്കാൻ ശ്രമിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ ചോദിച്ചു: “അച്ഛാ? അത് യ്ക്കടുത്തുതര്വോ?”

“ഏത്?”

മേപ്പടിയിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ പറഞ്ഞു: “അത് ആ തീപ്പെട്ടി.”

അച്ഛൻ തീപ്പെട്ടിയെടുത്തു കുലുക്കിക്കൊണ്ടു പറഞ്ഞു: “ഇതു കോലുള്ള തീപ്പെട്ട്യാ.”

“കോല് അവ്ത്തന്നെവച്ച് തീപ്പെട്ടി യ്ക്ക് തര്വോ?”

ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ അമ്മയെ മുട്ടിയുരുമ്മിക്കൊണ്ടുനിന്നു.

അച്ഛൻ അവന്റെ കൈ പിടിച്ചുകൊണ്ട് കോണിപ്പടികളിറങ്ങി

താഴേക്കു പോയി.

## രണ്ട്

ഉണ്ണിക്കുട്ടൻ അച്ഛനോടൊപ്പം താഴത്തെത്തി. നേരേ അടുക്കളയിലേക്കു നടന്നു. അമ്മ അടുക്കളയിലാവും. അടുക്കളയിൽ ചെന്നു നോക്കിയപ്പോഴാണ് അമ്മ തൊഴുത്തിൽ പയ്യിനെ കറക്കാൻ പോയിരിക്കുകയാണെന്ന് മനസ്സിലായത്. ഒട്ടും സംശയിച്ചുനിന്നില്ല. നേരേ തൊഴുത്തിലേക്കു നടന്നു.

ശരിയാണ്; അമ്മ പയ്യിനെ കറന്നുകൊണ്ടിരിക്കയാണ്. അവൻ അമ്മയുടെ അടുത്തുചെന്ന്, പയ്യ് പൈക്കുട്ടിയെ നക്കിത്തുടച്ചുകൊണ്ടിരിക്കുന്നതു നോക്കിക്കൊണ്ടു നിന്നു.

അമ്മ ചോദിച്ചു: “എന്തിനേ ഇങ്ങട്ട് പോന്നത്? ഉമ്മറത്ത് മുത്തശ്ശിയുടെ അടുത്തിരിക്കായിരുന്നില്ലേ?”

ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ അമ്മയെ മുട്ടിയുരുമ്മിക്കൊണ്ടു നിന്നു.

ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ അമ്മയെ മുട്ടിയുരുമ്മിക്കൊണ്ടു നിന്നു.

“എന്താ മുണ്ടാത്തത്?” അമ്മ വീണ്ടും ചോദിച്ചു.

“പയ്യിനെ കറക്കണത് കാണാൻ.”

“ഇതെന്താത്ര കാണാള്ളത്?”

അമ്മ പയ്യിനെ കറക്കുന്നത് മതിയാക്കി. ഓട്ടുഗ്ലാസ്സിലെ പാല് കൂജയിലേക്കൊഴിച്ചു. പശുക്കുട്ടിയെ തൊഴുത്തിന്റെ മുമ്പിലുള്ള തേക്കിൻതയ്യിൽ കെട്ടിയിട്ടു. എന്നിട്ട് പയ്യിനെ തൊഴുത്തിന്റെ പിന്നിലുള്ള ഇടവഴിയിലേക്കു വിട്ട് ഇല്ലിപ്പടി ശരിക്കടച്ചു.

ഇതിനകം ഉണ്ണിക്കുട്ടൻ തൊഴുത്തിന്റെ പിന്നിലുള്ള വളക്കുഴിയിലേക്കു മൂന്നാലു കല്ലുകൾ എടുത്തിട്ടു. കല്ലുകൾ ചാണകത്തിൽ ആണ്ടിറങ്ങുന്നതു നോക്കിക്കണ്ടു.

അമ്മ കൂജയും ഗ്ലാസ്സുമായി തൊഴുത്തിന്റെ മുമ്പിൽ വന്നു നിന്നു കൊണ്ട് ഉണ്ണിക്കുട്ടനെ വിളിച്ചു. അവൻ അമ്മയോടൊപ്പം വീട്ടിനുള്ളിലേക്കു പോയി.

അടുക്കളയിൽ ഒന്നുമായിട്ടില്ല. ഉമ്മറത്തൊന്നു പോയിനോക്കാം. ഉമ്മറത്തേക്കു നടന്നു.

ഉമ്മറത്ത് രണ്ടു നീളൻ ബഞ്ചുകളുള്ളതിലൊന്നിൽ കുട്ട്യേട്ടൻ ഇരുന്നു വായിക്കുകയും എഴുതുകയുമൊക്കെയാണ്. മറ്റേ ബഞ്ചിൽ

കാലു നീട്ടിയിരിക്കുന്ന മുത്തശ്ശിയുടെ മടിയിൽ അമ്മിണി പറ്റിച്ചേർന്നിരിക്കുന്നു. അവളുടെ മൂക്കിൻദ്വാരങ്ങളിൽനിന്നു കുറേശ്ശെ മൂക്കീര് ഒലിക്കുന്നുണ്ട്. പാദസരത്തിൽ തിരുപ്പിടിച്ചുകൊണ്ടിരിക്കയാണവൾ. ഉണ്ണിക്കുട്ടൻ അടുത്തുചെന്നു പാദസരത്തിൽ ഒന്നു തൊട്ടപ്പോൾ അവൾ ഒരു പ്രതിഷേധസ്വരം പുറപ്പെടുവിച്ചു. അപ്പോൾ അവളുടെ ഒരു മൂക്കിൻ ദ്വാരത്തിൽ ഒരു കുമിളയുണ്ടായി. ഉടൻതന്നെ അതു പൊട്ടിപ്പോകുകയും ചെയ്തു.

'മൂക്കീരിന്റെ കുമിള.' ഉണ്ണിക്കുട്ടൻ വിചാരിച്ചു.

പ്രതിഷേധസ്വരത്തോടെ സംഗതി തീർന്നില്ല. അമ്മിണി കരയാൻ തുടങ്ങി. പാദസരമൊന്നു തൊട്ടതിനാണു കരയുന്നത്!

മുത്തശ്ശി പറഞ്ഞു: "നീയെന്തിനാ അവള്ടെ പാദസരം തൊടാൻ പോയത്?"

മുത്തശ്ശി ഇതുകൂടി ചോദിച്ചപ്പോഴേക്കും അമ്മിണിക്കുട്ടിയുടെ കരച്ചിലിന്റെ ശക്തി കൂടി. നിർത്താതെ കഴിയുന്നത്ര ശക്തി പ്രയോഗിച്ചു കൊണ്ടുള്ള കരച്ചിൽതന്നെ. മുത്തശ്ശി അവളെ എടുത്തുകൊണ്ടെഴുന്നേറ്റു. തോളിൽ കിടത്തിനോക്കി. സാന്ത്വനവാക്കുകൾ പറഞ്ഞു നോക്കി. ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുനോക്കി. ങ്ഹും.... പെണ്ണിനു കുലുക്കമില്ല. മുത്തശ്ശി സഹികെട്ട്, ബഞ്ചിൽത്തന്നെ ഇരുന്നുകൊണ്ടു പറഞ്ഞു: "മുത്തശ്ശീടെ ശിങ്കാരക്കുട്ടിക്ക്, മുത്തശ്ശി നല്ലൊരു പാട്ടു പാടിത്തരാം."

എന്നിട്ടും അമ്മിണി കരച്ചിൽ നിർത്താനുള്ള ഭാവമല്ല.

മുത്തശ്ശി പാടാൻ തുടങ്ങിയപ്പോൾ, അമ്മിണിയുടെ കരച്ചിലിന്റെ ശക്തി കുറഞ്ഞുകുറഞ്ഞു വന്നു.

മുത്തശ്ശി പാടുകയാണ്:

"അടിച്ചുമാടിയ മണൽപ്പുറത്ത്
മുളച്ചുവന്നൊരു കുമ്പളം
നമ്മുടെ നമ്മുടെ കുമ്പളത്തിന്
പന്തലിടേണം കണ്ടവരേ!
മൂടില്ലാത്ത കുടംകൊണ്ട് മുക്കി
നനയ്ക്കണം കണ്ടവരേ!
തായില്ലാത്ത കൈക്കൊട്ടാണ്ട്
കോരിയിടേണം കണ്ടവരേ!
കമ്പില്ലാത്ത മുളകൊണ്ട്
പന്തലിടേണം കണ്ടവരേ!
ആദ്യം കായ്ച്ച കുമ്പളങ്ങ
വിത്തിന് നിർത്തണം കണ്ടവരേ!
പിന്നെ കായ്ച്ച കുമ്പളങ്ങ

മനക്കൽ കൊടുക്കണം കണ്ടവരേ!
പിന്നെ കായ്ച്ച കുമ്പളങ്ങ
കൂട്ടാൻ വെയ്ക്കണം കണ്ടവരേ
ഉപ്പൊഴിച്ചു വെച്ചാലോ
കുപ്പേ ചാടും കറി കുമ്പളങ്ങ
മോരു വീത്തി വെച്ചാലോ പിന്നെ
മോശപ്പെടും കറി കുമ്പളങ്ങ
തേങ്ങ്യാരച്ച് വെച്ചാലോ
തെങ്ങിന്മേൽ കേറും കറി കുമ്പളങ്ങ
തൈരൊഴിച്ച് വെച്ചാലോ പിന്നെ
തകൃതിപ്പെടും കറി കുമ്പളങ്ങ!
വെളിച്ചെണ്ണയൊഴിച്ചുവെച്ചാലോ
വെളിച്ചപ്പെടും കറി കുമ്പളങ്ങ"

പാട്ട് ഇത്രയുമാപ്പോഴേക്കും അമ്മിണി ഉറങ്ങി. മുത്തശ്ശി ആശ്വാസത്തോടെ അവളെ തോളിൽ കിടത്തിക്കൊണ്ട് അകത്തേക്കു പോയി.

മുത്തശ്ശി ഇത്രനേരം പാട്ടു പാടിയിട്ടും കുട്ട്യേട്ടൻ ശ്രദ്ധിക്കുന്നതായി ഉണ്ണിക്കുട്ടന്നു തോന്നിയില്ല. വല്ലാത്തൊരു കുട്ട്യേട്ടൻ! മുത്തശ്ശിയുടെ പാട്ട് ഇഷ്ടപ്പെടാത്തവരുണ്ടാകുമോ? മുത്തശ്ശി എത്ര നന്നായി പാടും! എത്രയെത്ര പാട്ടുകളാണ് മുത്തശ്ശിക്കു തോന്നുക! മുത്തശ്ശിയുടെ പാട്ടുകൾ കേട്ടുകൊണ്ട് ഉറങ്ങുക ഒരു സുഖംതന്നെയാണ്. പക്ഷേ, ഇപ്പോൾ മുത്തശ്ശി ഉണ്ണിക്കുട്ടൻ വളരെ നിർബന്ധിച്ചാൽ മാത്രമേ പാട്ടു പാടുകയുള്ളൂ. അമ്മിണിയുടെ കരച്ചിൽ മാറ്റാനും അവളെ ഉറക്കാനുമായാണ് ഇപ്പോൾ മുത്തശ്ശി സാധാരണയായി പാടാറുള്ളത്.

ഇന്നു രാവിലെ അമ്മിണി കരഞ്ഞതേതായാലും നന്നായി. മുത്തശ്ശിയുടെ പാട്ടു കേൾക്കാനായല്ലോ.

അവൻ മുത്തശ്ശി ഇരുന്നിരുന്ന ബഞ്ചിൽ കയറിയിരുന്നു. ഈ ബഞ്ചിലാണ് രാത്രിയിൽ കുട്ടൻനായർ കിടക്കുക. കുട്ടൻനായരുടെ പായയും തലയണയും ബഞ്ചിന്റെ അറ്റത്തു മടക്കിവെച്ചിട്ടുണ്ട്. കുട്ട്യേട്ട നിരുന്നെഴുതുന്ന മറ്റേ ബഞ്ചിലാണ് മുത്തച്ഛൻ കിടക്കുക. മുത്തച്ഛൻ കിടക്കുക കോസറിയിലാണ്. മുത്തച്ഛന്റെ കോസറിയും ബഞ്ചിന്റെ അറ്റത്തു മടക്കിവെച്ചിട്ടുണ്ട്. രാത്രിയിൽ മുത്തച്ഛൻ കാലിൽ കെട്ടാറുള്ള പട്ടീസ് പതിനാലാം നമ്പ്ര് വിളക്കിന്റെ കമ്പി തൂക്കിയിരിക്കുന്ന വളയിലാണ് തിരുകിവെച്ചിരിക്കുന്നത്. പതിനാലാം നമ്പ്ര് വിളക്കിന്റെ ഗ്ലാസ്സിനുള്ളിലും പുറത്തുമായി ചെറുപ്രാണികൾ ചത്തുകിടക്കുന്നുണ്ട്.

ഉണ്ണിക്കുട്ടൻ ബഞ്ചിൽനിന്നെഴുന്നേറ്റ് ഉമ്മറക്കോലായിൽ വന്നു

നിന്നു. മുണ്ടിയുടെ മുറ്റമടിക്കൽ ഇനിയും കഴിഞ്ഞിട്ടില്ല. മുറ്റത്തെ തിണ്ടിന്മേലുള്ള പ്ലാവിൽനിന്ന് ഒരുപാടു പ്ലാവിലകൾ മുറ്റത്തു വീണു കിടക്കുന്നുണ്ട്. ഇന്നലെ സന്ധ്യയ്ക്കു പ്ലാവിൻചുവട്ടിൽ ഇത്രയും പ്ലാവില കളുണ്ടായിരുന്നില്ല. എല്ലാം രാത്രിയിൽ വീണതാവണം. മുണ്ടി ഈ പ്ലാവിലകളത്രയും അടിച്ചുവാരി ദൂരെക്കൊണ്ടുപോയിക്കളയും.

കുട്ടൻനായർ എവിടെയാണാവോ? ഈ പ്ലാവിലകളെല്ലാം പെറുക്കിയെടുത്ത്, കുറെ കാളകളെ ഉണ്ടാക്കി തന്നാൽ എത്ര നന്ന്! എന്നിട്ട് എല്ലാ കാളകളെയും മുറ്റത്തിന്റെ തിണ്ടിന്മേൽ നിരത്തി നിരത്തിയങ്ങനെ വെക്കുക. കാണാൻ നല്ല കൗതുകമുണ്ടാവും. പക്ഷേ, ഒന്നോ രണ്ടോ കാളയിൽ കൂടുതൽ കുട്ടൻനായർ ഇതുവരെയായും ഉണ്ടാക്കിത്തന്നിട്ടില്ല. അയാൾക്ക് എപ്പോഴും ധൃതിയാണ്. മുറ്റത്തു കാണുന്ന കുട്ടൻനായരെ ഒന്നു തിരിഞ്ഞു നോക്കുമ്പോഴേക്കും പടിക്കൽ കാണാം.

ഉണ്ണിക്കുട്ടൻ മുറ്റത്തിറങ്ങി നാലു പ്ലാവിലകൾ പെറുക്കിയെടുത്തു. നാലു കാളകളെ ഉണ്ടാക്കിത്തരാൻ പറയാം കുട്ടൻനായരോട്.

മുണ്ടി ചോദിച്ചു: "ചെറ്യേമ്പ്രാനെന്തിനാ പ്ലായില?"

ഒന്നും പറയാതെ കോലായിൽത്തന്നെ വന്നുനിന്നു.

തിണ്ടിനപ്പുറത്തുള്ള വൈക്കോൽക്കുണ്ടയിൽനിന്ന് ആവി പൊങ്ങുന്നുണ്ട്. എങ്ങനെയാണത്? തിണ്ടിന്മേൽ ഇടയ്ക്കിടയ്ക്ക് ഓടി വന്നെത്താറുള്ള ഓന്ത് എവിടെയാവുമിപ്പോൾ?

കുട്ട്യേട്ടൻ കോലായിൽ വന്നു ചോദിച്ചു: "എന്തിനാ പ്ലാവില?"

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടനെ ശ്രദ്ധിക്കാതെ വൈക്കോൽക്കുണ്ടയിൽ നിന്ന് ആവി പൊങ്ങുന്നതു നോക്കിക്കൊണ്ടുനിന്നു. കുട്ട്യേട്ടന്നു. ദേഷ്യം വന്നു.

"അത് തൊടീൽത്തന്നെ കൊണ്ടുപോയിട്ടോ അതാ നല്ലത്."

"ഇടില്ല."

"ഇടില്ലേ?"

"ഇല്ല."

കുട്ട്യേട്ടൻ ഉണ്ണിക്കുട്ടന്റെ കൈയിൽനിന്നു പ്ലാവിലകൾ ബലം പ്രയോഗിച്ചു വാങ്ങി തൊടിയിൽ കൊണ്ടുപോയി കളഞ്ഞു.

ഉണ്ണിക്കുട്ടന് കലശലായ ദേഷ്യം വന്നു. അവൻ ഓടിച്ചെന്ന് കുട്ട്യേട്ടന്റെ സഞ്ചിയുടെ ക്ലിപ്പ് കടിച്ചുഞെണുക്കി. കുട്ട്യേട്ടൻ ഓടി വന്നു സഞ്ചി ഉണ്ണിക്കുട്ടന്റെ കൈയിൽനിന്നു തട്ടിപ്പറിച്ചു വാങ്ങി. അതോടൊപ്പംതന്നെ അവനെ ഒരു തള്ളു കൊടുക്കുകയും ചെയ്തു. തല ചുമരിൽ ചെന്നടിച്ചു. ഉണ്ണിക്കുട്ടൻ നിലവിളിക്കാൻ തുടങ്ങി.

നിലവിളികേട്ട് മുത്തശ്ശി വന്നു. സംഗതികൾ മനസ്സിലാക്കി കുട്ട്യേട്ടനെ ചീത്തപറഞ്ഞു. അടിക്കാൻ കൈയോങ്ങി. എന്നിട്ട്

ഉണ്ണിക്കുട്ടനെ എടുത്തുകൊണ്ട് അകത്തേക്കുപോയി. അപ്പോൾ ഉണ്ണിക്കുട്ടൻ കരച്ചിൽ നിർത്തി.

അടുക്കളയിൽനിന്ന് അമ്മ പറഞ്ഞു: "കെഴക്കോത്തേക്കു നടന്നോ, അമ്മ പല്ലു തേപ്പിക്കാം."

ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ ഒക്കത്തനിന്ന് ഊർന്നിറങ്ങി വീടിന്റെ കിഴക്കുഭാഗത്തെ കോലായിലേക്കു പോയി.

കിഴക്കുഭാഗത്തെ കോലായ്ക്ക് നല്ല വീതിയും നീളവുമുണ്ട്. കോലായുടെ ഒരു മൂലയ്ക്കൽ വിറക് അട്ടിയട്ടിയായി അടുക്കിവച്ചിട്ടുണ്ട്. വിറകിനുമീതെ ഓലച്ചൂട്ടുകൾ, അരിപ്പിച്ചൂട്ടുകൾ, ചിരട്ടകൾ എല്ലാമുണ്ട്.

വിറക് അടുക്കിവയ്ക്കുന്നതും ചൂട്ടുകൾ കെട്ടുന്നതുമൊക്കെ കുട്ടൻ നായരാണ്. അയാൾക്കു രാത്രിയിൽ പുറത്തു പോകുമ്പോഴെല്ലാം ചൂട്ടുവേണം.

കിഴക്കേ മുറ്റം നാനാവിധമായി കിടക്കുകയാണ്. എന്തൊക്കെയാണ് കിഴക്കേ മുറ്റത്ത്! ഇന്നലെ രാത്രിയിൽ ഊണുകഴിച്ചിട്ട എച്ചിലിലകൾ. കയ്പയ്ക്കവിത്തുകൾ, മുളകിൻഞെട്ടിൽ, പപ്പായത്തണ്ടുകൾ, വേറേയും എന്തെല്ലാമോ കിടക്കുന്നുണ്ട്. പപ്പായത്തണ്ടുകൊണ്ട് കുഴലുണ്ടാക്കാനറിയാം കുട്ടൻനായർക്ക്.

മുത്തച്ഛൻ കോലായുടെ തിണ്ണയിലിരുന്നുകൊണ്ട് വിസ്തരിച്ചു നാക്കുവടിക്കയാണ്. മുത്തച്ഛൻ നാക്കുവടിക്കുമ്പോൾ അച്ഛനെപോലെ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നൊന്നുമില്ല. അച്ഛന്റെ ശബ്ദം ഓർക്കാതിരിക്കുമ്പോഴാണ് കേൾക്കുന്നതെങ്കിൽ പേടിതോന്നും.

മുത്തച്ഛനിരുന്നു പല്ലുതേക്കുന്നതിനടുത്തുതന്നെ ഒരു ടൂത്ത് ബ്രഷും പെയ്സ്റ്റും ചെമ്പിൽ ചൂടുവെള്ളവും ഒരുക്കിവെച്ചിട്ടുണ്ട്. അത് അച്ഛനുള്ളതാണ്.

ഉണ്ണിക്കുട്ടൻ എല്ലാം നോക്കിക്കൊണ്ടുനിന്നു.

പാത്രം മോറിക്കൊണ്ടിരിക്കുന്ന അടിച്ചുതളിക്കാരി കാളിയമ്മ ചോദിച്ചു: "ചുന്തരക്കുട്ടനെ കാളിയമ്മ പല്ലു തേപ്പിക്കണോ?"

"വേണ്ട. വേണ്ട."

ഉണ്ണിക്കുട്ടൻ രണ്ടുപ്രാവശ്യം പറഞ്ഞു.

അല്ലെങ്കിൽത്തന്നെ ആയമ്മയെ കണ്ടാൽ പേടി തോന്നും. ജട കെട്ടിയ തലമുടിയും ഉന്തിനിൽക്കുന്ന പല്ലുകളും കണ്ടാൽ പേടി തോന്നില്ലേ. ആയമ്മയുടെ വലത്തേ കാലിന്റെ പെരുവിരൽ വാളൻപുളിങ്ങയെപ്പോലെ വളഞ്ഞിട്ടാണ്.

ഇനി ആയമ്മ പല്ലുതേപ്പിക്കുകയുംകൂടിയേ വേണ്ട!"

ആയമ്മയുടെ വിരലുകൾ വായിൽ കടത്തിയാൽ തൊണ്ണയിൽ നിന്നു ചോരപൊട്ടും.

വിരലുകൾ എന്നു പറയുന്നതിനേക്കാൾ വിറകിൻനുറുങ്ങകൾ എന്നാണു പറയേണ്ടത്. വിറകിൻനുറുങ്ങകൾക്കുപോലും ഇത്രയുമൊരു മൊരപ്പു കാണുകയില്ല. എന്നിട്ട് പല്ലു തേപ്പിക്കാൻ വന്നിരിക്കുന്നു. ചുന്തരക്കുട്ട്യാത്രെ. ചുന്തരിക്കിട്ടി! അമ്മിണിക്കുപോലും സുന്ദരിക്കുട്ടിയെന്നു പറയാനറിയാം.

അമ്മ കോലായിൽ വന്ന് വളയിൽ തൂക്കിയിരിക്കുന്ന ബക്കറ്റിൽ നിന്ന് ഒരുന്നുള്ള് ഉമിക്കരിയെടുത്തുകൊണ്ട് പറഞ്ഞു: "വാ അമ്മേടെ കുട്ടി."

അമ്മ പല്ലു തേപ്പിച്ചപ്പോൾ ഒട്ടു വേദന തോന്നിയില്ല. അമ്മയുടെ വിരലുകൾക്ക് നല്ല മിനുസമുണ്ട്.

മുത്തച്ഛന്റെ നാക്കുവടിക്കൽ ഇനിയും കഴിഞ്ഞിട്ടില്ല. അമ്മിണി മുത്തച്ഛനെ ചാരിനിൽക്കുന്നുണ്ട്. അവൾ എപ്പോഴാണ് ഇങ്ങോട്ടു വന്നത്? അറിഞ്ഞതേയില്ല.

മുത്തച്ഛൻ പല്ലുതേച്ചുകഴിഞ്ഞെഴുനേറ്റ് കാലും മുഖവും കഴുകി തോർത്തിക്കൊണ്ട് അമ്മിണിയോട് ചോദിച്ചു: "എടുത്തു മുത്തച്ഛന്റെ കുട്ടി?"

"ദാ" അമ്മിണി വയറ്റത്തു കുഞ്ഞിക്കൈക്കുകൾ വെച്ചുകൊണ്ടു ശബ്ദിച്ചു. മുത്തച്ഛൻ അവളെ വാരിയെടുത്തുമ്മവെച്ചുകൊണ്ട് അകത്തേക്കു പോയി.

ഉണ്ണിക്കുട്ടനെ പല്ലു തേപ്പിച്ചശേഷം അമ്മ അകത്തേക്കു പോയി. ഇപ്പോൾ കിഴക്കേ കോലായിൽ ആരുമില്ല. മുറ്റത്തു കാക്കകൾ മാത്രം എച്ചിൽ കൊത്തിത്തിന്നുകൊണ്ടു പരതിനടക്കുന്നുണ്ട്. ഉണ്ണിക്കുട്ടന് ഒരാഗ്രഹം തോന്നി. അച്ഛന്റെ ടൂത്ത്പെയ്സ്റ്റിന്റെ ട്യൂബ് ഒന്നു പീച്ചി നോക്കണം. അപ്പോൾ വെള്ളപ്പുഴുക്കളെപ്പോലെ പെയ്സ്റ്റ് പുറത്തേക്കു വരും.

അവൻ മെല്ലെ നടന്നുചെന്ന് ട്യൂബ് കൈയിലെടുത്ത് ട്യൂബിന്റെ അടപ്പു തിരിച്ചു തുറന്നു. മണത്തുനോക്കി. നല്ല വാസന! ട്യൂബിൽ അമർത്തിയൊന്നു പീച്ചി. വെള്ളപ്പുഴുവിനെപ്പോലെ പെയ്സ്റ്റ് പുറത്തേക്കു വന്നു. വീണ്ടും പീച്ചി, വീണ്ടും വെള്ളപ്പുഴുക്കൾ, ഹായ്, ബഹുരസം! എത്രയെത്ര വെള്ളപ്പുഴുക്കൾ! ഒന്നിനുമീതെ മറ്റൊന്ന്. അതിനുമീതെ മറ്റൊന്ന്! പീച്ചി പീച്ചി ഒടുവിൽ പുഴുക്കൾ വരാതായി ട്യൂബ് ചപ്പിയ പോലെയായി. അപ്പോൾ അവനു പരിഭ്രമം തോന്നി എന്ത്? പെയ്സ്റ്റ് മുഴുവനും പുറത്തേക്കു വന്നുവോ? അപ്പോൾ അച്ഛനെന്താണിനിചെയ്യുക? എങ്ങനെയാണ് പല്ലുതേക്കുക? അവൻ അമർത്തിയമർത്തി പിച്ചി നോക്കി. എവിടെ? ഒരുനുള്ളു

പെയ്സ്റ്റപോലുമില്ല. ഇനിയെ ന്താണുണ്ടാവുക?

പരിഭ്രമിച്ചു നിൽക്കുമ്പോൾ അച്ഛൻ വന്നു. അച്ഛനു സംഗതികളെല്ലാം മനസ്സിലായി. ടൂത്ത് പെയ്സ്റ്റെല്ലാം പീച്ചിക്കളഞ്ഞിരിക്കുന്നു. ആകപ്പാടെ ദേഷ്യം വന്നു. ചപ്പിയ ട്യൂബ് ഉണ്ണിക്കുട്ടന്റെ കൈയിൽ നിന്നു വാങ്ങി പീച്ചിനോക്കി. ഇല്ല, അകത്തുനിന്ന് ഒന്നും വരുന്നില്ല. തൊടിയിലേക്ക് ഒരേറുവച്ചുകൊടുത്തുകൊണ്ട് ഉണ്ണിക്കുട്ടന്റെ നേരേ തിരിഞ്ഞുനിന്ന് ഉച്ചത്തിൽ ചോദിച്ചു: “കിട്ടണോ?”

ഉണ്ണിക്കുട്ടന്റെ മുഖം തുടുത്തു. അച്ഛൻ അവന്റെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചുകൊണ്ടുചോദിച്ചു: ”വേണോ? കിട്ടണോന്നാണ് ചോയ്ക്കണ്.”

ഇത്രയുമായപ്പോഴേക്കും ഉണ്ണിക്കുട്ടൻ ഭയങ്കരമായി നിലവിളിക്കാൻ തുടങ്ങി. തല്ലു കിട്ടിയതുകൊണ്ട് നിലവിളിക്കുകയാണെന്നാണ് കേൾക്കുന്നവർക്കു തോന്നുക.

അച്ഛൻ കൈകൾ വിട്ടുകൊണ്ടു പറഞ്ഞു: “വികൃതി കുറച്ചേറുന്നുണ്ട്!”

അച്ഛൻ ഉമിക്കരിയെടുത്തു പല്ലുതേക്കാൻ തുടങ്ങി.

ഉണ്ണിക്കുട്ടൻ കരയുകതന്നെയാണ്. ആരും അവനെ സമാധാനിപ്പിക്കാൻ വന്നില്ല. വല്ലവരും വന്നാൽ കരച്ചിലിനു ശക്തി കൂടുകയാണുണ്ടാവുക.

ആരും വരുന്നില്ലെന്നു കണ്ടതുകൊണ്ടാകാം, കരച്ചിൽ തേങ്ങലുകളായി മാറി.

ഒരു ചൊക്ലിപ്പട്ടി വേലി നൂഴ്ന്നു കടന്നുവരുന്നതു കണ്ടപ്പോൾ ഉത്കണ്ഠയോടെ നോക്കി. അതോടെ തേങ്ങലും നിന്നു.

ചൊക്ലിപ്പട്ടി മുറ്റത്തു വന്ന് എച്ചിലിലകളും മറ്റും മണത്തു നോക്കി. തെങ്ങിൻതടത്തിൽ ചെന്നു കാലുപൊക്കി മൂത്രമൊഴിച്ച് ‘തത്കാലം ഇത്രയും മതി’യെന്ന ഭാവത്തിൽ വന്ന വഴിയെതന്നെ തിരിച്ചുപോകുകയും ചെയ്തു.

പട്ടി കണ്ണിൽനിന്നു മറഞ്ഞപ്പോൾ, കരച്ചിൽ വീണ്ടും തുടങ്ങിയാലോ എന്നാലോചിച്ചു.

കുട്ടൻനായർ തൊടിയിൽനിന്നും വന്നു ചോദിച്ചു: “എന്തിനാ രാവിലെതന്നെ നെലോളിക്കണ്?”

അച്ഛൻ പറഞ്ഞു: “തല്ല് കിട്ടാഞ്ഞിട്ട്. ഇതു കണ്ടോ; ടൂത്ത് പെയ്സ്റ്റോണ്ട് കാണിച്ചുവെച്ചണ്ണത്?”

ഉണ്ണിക്കുട്ടൻ ചുമരിൽ കവിളമർത്തിക്കൊണ്ടു ശബ്ദിക്കാതെ നിന്നു.

കുട്ടൻനായർ ഉണ്ണിക്കുട്ടനെയെടുത്തു കിണറ്റിൻകരയിലേക്കു

നടന്നു. പോകുമ്പോൾ ഭസ്മക്കൊട്ടയിൽനിന്നു. ലേശം ഭസ്മമെടുത്തു നെറ്റിയിൽ തൊടുവിക്കുകയും ചെയ്തു.

കിണറ്റിൻകരയ്ക്കടുത്തുള്ള വാഴക്കൂട്ടത്തിൽ അണ്ണാന്മാർ ചിലച്ചു കൊണ്ട് ഓടിപ്പാഞ്ഞുനടക്കുന്നുണ്ട്. കാളിയമ്മ കുനിഞ്ഞിരുന്ന് അരി കഴുകുന്നു. കിണറ്റിനുള്ളിൽനിന്നും പ്രാവുകൾ കുറുകുന്ന ശബ്ദം കേൾക്കുന്നുണ്ട്.

"കിണറ്റിന്റെ ഉള്ളിലേക്ക് നോക്കണോ?" കുട്ടൻ നായർ ചോദിച്ചു.

"വേണം."

കുട്ടൻനായർ അവനെ കിണറ്റിന്റെ മതലിനടുത്തു കൊണ്ടുവന്നു നിർത്തി. കിണറ്റിന്റെ മതിലിന് മുട്ടിനോളം ഉയരമേയുള്ളൂ. ഉണ്ണിക്കുട്ടൻ പാളിനോക്കി. കിണറ്റിലുള്ള മത്സ്യങ്ങളെയൊന്നും കാണാനില്ല. മത്സ്യങ്ങളെ കാണണമെങ്കിൽ ഉച്ചയ്ക്കു വരണം. പ്രാവിന്റെ കുറുകലുകൾ കേൾക്കാനുണ്ടെന്നല്ലാതെ അതിനെയും കാണാനില്ല.

പിന്നെ എന്താണു കാണാനുള്ളത്? വല്ലതും കാണാനുണ്ടെങ്കിൽ അവയൊക്കെ അവൻതന്നെ കിണറ്റിലേക്കിട്ടിട്ടുള്ള സാധനങ്ങളാണ്. രണ്ടുമൂന്നു പാളക്കഷ്ണങ്ങൾ, തേങ്ങാമടലുകൾ, എരങ്കോലുകൾ— ഇങ്ങനത്തെ ചില സാധനങ്ങൾ കിണറ്റിൽ പൊങ്ങിക്കിടക്കുന്നുണ്ട്. കുറച്ചു ദിവസങ്ങൾക്കു മുമ്പ് അമ്മയോടു ദേഷ്യപ്പെട്ട് ഒരു പാൽക്കിണ്ടി കിണറ്റിലേക്കെടുത്തെറിഞ്ഞു. എന്നിട്ട് കുട്ടൻനായരാണ് അതു മുങ്ങിയെടുത്തത്. ആദ്യത്തെ മുങ്ങലിനും രണ്ടാമത്തെ മുങ്ങലിനും കിട്ടിയില്ല. മൂന്നാമത്തെ മുങ്ങലിനാണു കിട്ടിയത്.

കുട്ടൻനായർ ഒന്നു മുങ്ങിയാൽ എത്ര സമയമാണു വെള്ളത്തിൽ കിടക്കുകയെന്നോ!

"മതി. പൊവ്വാ."

കുട്ടൻനായർ അവനെ എടുത്തു.

"തോടീൽക്ക് പൊവ്വാ?"

"ശരി."

ഉണ്ണിക്കുട്ടനെ എടുത്തുകൊണ്ട് തൊടിയിലേക്കു നടന്നു.

കുട്ടൻനായർക്ക് വേദനിക്കില്ലേ, ഈ കൊമ്പുകൊണ്ടിങ്ങനെ പല്ലുതേക്കുമ്പോൾ?

ഒടിച്ചുകുത്തിപ്പൂക്കൾ പറിച്ചെടുത്തു മണത്തുനോക്കി. പൂവിന്റെ അടിയിലെ തേൻ ഈമ്പിക്കുടിച്ചു.

കുട്ടൻനായരുടെ കൈയിൽ പിടിച്ചുകൊണ്ടു തൊടിയുടെ മതിലിന്റെ അടുത്തേക്കു നടന്നു. മതിൽ അവിടവിടെയായി ഇടിഞ്ഞു വീണിട്ടുണ്ട്. മതിലിൽ മടകളുണ്ട്. മടകളിൽ

പാമ്പുകളുണ്ടായിരിക്കുമോ? ഒരിക്കൽ പാമ്പുപിടിയന്മാർ വീട്ടിൽ വന്നത് അവനു നല്ല ഓർമ്മയുണ്ട്. യാതൊരു ഭയവും കൂടാതെ ഒരു മടയിൽ കൈയിട്ട് ഒരു പാമ്പിനെ പിടിക്കുന്നത് ദൂരത്തുനിന്നു നോക്കിക്കണ്ടതാണ്. പാമ്പിനെ പിടിച്ചപാടെ, അതിനെ വളയാനോ പുളയ്ക്കാനോ ഒന്നിനും സമ്മതിക്കാതെ ചാകുന്നതുവരെ ശക്തിയായി കറക്കിവീശിക്കൊണ്ടിരുന്നു. ചത്തുവെന്നു ബോദ്ധ്യമായപ്പോൾ അതിനെ ഒരു വടിയിൽ ചുറ്റി. അപ്പോൾ മുത്തച്ഛന്റെ ഒപ്പം പോയി കണ്ടു. എന്തൊരു നീളമുള്ള പാമ്പായിരുന്നുവെന്നോ!

മതിലിന്റെ മടക്കുകളിൽ ഇനിയും പാമ്പുകളുണ്ടാകും. പാമ്പുകൾ എങ്ങനെയാവും മടകളിൽ കിടന്നുറങ്ങുക? ചുരുണ്ടിട്ടായിരിക്കുമോ, അതോ നീണ്ടിട്ടായിരിക്കുമോ?

ഇളവെയിൽ പരന്നതോടെ തൊടിയിൽ മഞ്ഞത്തുമ്പികൾ പാറിക്കളിക്കാൻ തുടങ്ങി. സ്വപ്നത്തിൽ കണ്ട ബലൂൺവില്പനക്കാരൻ വയസ്സന്റെ നരച്ച താടിയിൽ പറന്നുവന്നിരുന്ന തുമ്പികളും ഇതുപോലെയുള്ളവയായിരുന്നു. ആ വയസ്സൻ ഇപ്പോൾ ഇങ്ങോട്ടു വന്നാൽ എന്തു സുഖമായിരിക്കും! തൊടിയിൽ പറക്കുന്ന തുമ്പികളെല്ലാം വയസ്സന്റെ താടിയിൽ ചെന്നിരിക്കും. അപ്പോൾ, ദൂരത്തു നിന്നു നോക്കുമ്പോൾ താടിരോമങ്ങളുടെ നിറം മഞ്ഞയായിരിക്കും.

മഞ്ഞത്തുമ്പികളെ പിടിക്കാൻ പ്രയാസമാണ്. നീണ്ട തുമ്പികളെ പിടിക്കാൻ പ്രയാസമില്ല. കുട്ട്യേട്ടൻ നീണ്ട തുമ്പികളെ പിടിച്ച് കല്ലെടുപ്പിക്കുന്നതു കണ്ടിട്ടുണ്ട്.

കുട്ട്യേട്ടൻ തൊടിയിലേക്കു വരുന്നു. എന്തിനാണാവോ?

കുട്ട്യേട്ടൻ മതിലിന്റെ അടുത്തുനിന്ന് വെള്ളത്തണ്ടുകൾ നുള്ളിയെടുക്കാൻ തുടങ്ങി. വെള്ളത്തണ്ടുകൾ സ്ലേറ്റിലെഴുതുന്നതു മായ്ക്കാനാണ്.

വെള്ളത്തണ്ടിലെ വെള്ളം ചോർത്തിക്കളഞ്ഞ് ഊതിവീർപ്പിച്ച് നെറ്റിയിൽവെച്ച് പൊട്ടിക്കാനറിയാം കുട്ട്യേട്ടന്!

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടന്റെ അടുത്തുചെന്നുനിന്നുകൊണ്ടു പറഞ്ഞു: "കുട്ട്യേട്ടാ, ഒന്ന് യ്ക്കും."

"എന്ത്?"

"വെള്ളത്തണ്ട്."

"നീയെന്തിനേ ന്റെ സഞ്ചീടെ ക്ലിപ്പ് ചീത്ത്യാക്കീത്?"

ഉണ്ണിക്കുട്ടൻ അതിന് ഉത്തരം പറഞ്ഞില്ല.

"ഇനി ചീത്ത്യാക്കോ?"

"ഇല്ല."

കുട്ട്യേട്ടൻ അവന് മൂന്നാലു വെള്ളത്തണ്ടുകൾ കൊടുത്തു.

ഉണ്ണിക്കുട്ടനു സന്തോഷമായി. കുട്ട്യേട്ടന്റെ സഞ്ചിയുടെ ക്ലിപ്പ് ചീത്തയാക്കേണ്ടിയിരുന്നില്ലെന്നു തോന്നി.

അമ്മ മുറ്റത്തു വന്നുനിന്നുകൊണ്ടു വിളിച്ചു: "ഉണ്ണിക്കുട്ടാ, എവെട്യ അമ്മേടെ കുട്ടീ?"

"ബ്ടെ."

"വേഗം വാ."

ഉണ്ണിക്കുട്ടൻ പോകാനൊരുങ്ങിയപ്പോൾ കുട്ടൻനായർ അവനെ വന്നെടുത്തുകൊണ്ട് ഉമ്മറത്തേക്കു നടന്നു. പുറകെ കുട്ട്യേട്ടനും.

അമ്മ അവനെ കുട്ടൻനായരുടെ കൈയിൽനിന്നു വാങ്ങിക്കൊണ്ടു ചോദിച്ചു: "മിടുക്കൻകുട്ടീനെ ആരേ ഭസ്മം തൊടീച്ചത്?"

"കുട്ടൻനായർ."

അമ്മ ഉണ്ണിക്കുട്ടനെയുംകൊണ്ട് അകത്തേക്കു പോയി.

## മൂന്ന്

അടുക്കളയിലും അടുക്കളയ്ക്കടുത്ത തളത്തിലും പ്രാതൽ കഴിക്കുന്നതിന്റെ തിരക്കാണ്. അച്ഛൻ തളത്തിലെ മഞ്ചപ്പത്തായത്തിന്മേലിരുന്ന് ചായയും പലഹാരവും കഴിക്കുന്നു. മുത്തച്ഛൻ നിലത്തിരുന്നു കഞ്ഞികുടിക്കുന്നു. കുട്ട്യേട്ടൻ ചായയും പലഹാരവും കഴിക്കുന്നത്, മുത്തച്ഛന്റെ അടുത്തിരുന്നുകൊണ്ടാണ്.

മുത്തച്ഛന് രാവിലെ ചായയും പലഹാരവും കഴിക്കുന്നതിനിഷ്ടമല്ല. കഞ്ഞിയാണിഷ്ടം. മുത്തച്ഛന് കഞ്ഞി കഴിക്കാൻ കുപ്പിക്കിണ്ണമുണ്ട്. ഏകാദശിദിവസം മാത്രം മുത്തശ്ശി ചാമക്കഞ്ഞി കുടിക്കുന്നത് മുത്തച്ഛന്റെ കുപ്പിക്കിണ്ണത്തിലാണ്. മറ്റു ദിവസങ്ങളിലെല്ലാം, മുത്തച്ഛന്റെ കഞ്ഞികുടി കഴിഞ്ഞാൽ കുപ്പിക്കിണ്ണം കഴുകി മഞ്ചപ്പത്തായത്തിന്റെ ചുവട്ടിൽ കമഴ്ത്തിവയ്ക്കും.

ഉണ്ണിക്കുട്ടൻ മുത്തച്ഛന്റെ അടുത്തു വന്നുനിന്നു.

മുത്തച്ഛൻ ചോദിച്ചു:

"ഒരു കഷണം ചക്കക്കൊണ്ടാട്ടം വേണോ?"

"വേണ്ട, പപ്പടം മതി."

മുത്തച്ഛൻ ഒരു പൊട്ടു പപ്പടം കൊടുത്തത് തിന്നുകൊണ്ട് അവൻ അടുക്കളയിലേക്കു ചെന്നു.

അടുക്കളയിൽ മുത്തശ്ശി ചായയും പലഹാരവും

കഴിച്ചുകൊണ്ടിരിക്കയാണ്. അമ്മിണി ഒരു വാഴയണകൊണ്ട് ചുമരിൽ തല്ലി ശബ്ദമുണ്ടാക്കുന്നു. വാഴയണയുടെ അറ്റത്ത് ലേശം ഇലയുണ്ട്. അതു ചീന്തിയെടുക്കണമെന്ന് ഉണ്ണിക്കുട്ടന്നു തോന്നി. എങ്ങനെ പീന്തിയെടുക്കാനാണ്? വാഴയണ അമ്മിണി തന്നിട്ടുവേണ്ടേ?

വാഴയണ കിട്ടാത്തതുകൊണ്ടുള്ള ഈർഷ്യയോടെ പലകയിട്ട് ഇരുന്നു.

ഉണ്ണിക്കുട്ടന്റെ കുഞ്ഞിപ്പലക ആശാരി വേലു ഉണ്ടാക്കിക്കൊടുത്തതാണ്. കഴിഞ്ഞ കൊല്ലം അടുക്കളയുടെ ജനാല മാറ്റിവയ്ക്കുമ്പോഴാണ് ഉണ്ടാക്കിക്കൊടുത്തത്. കുഞ്ഞിപ്പലക മാത്രമല്ല, ഓണക്കാലത്ത് മാതേവരെ വയ്ക്കാൻ ഒരു പീഠവും വേലു ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. പീഠം ഇപ്പോൾ കുളിമുറിയുടെ ഒരുകിൽ വെച്ചിരിക്കയാണ്. കാളിയമ്മ പണിക്കു വന്നാൽ, മുറുക്കാൻപൊതി സൂക്ഷിച്ചുവയ്ക്കുന്നതു പീഠത്തിന്മേലാണ്.

അമ്മ, ദോശയും മുളകുകൂട്ടാതെ അരച്ച ചമ്മന്തിയും ഒരു ഇലച്ചീന്തിലാക്കി അവന്റെ മുമ്പിൽ കൊണ്ടുവന്നു വെച്ചു.

"പഞ്ചാര." ഒരു കഷ്ണം ദോശ പൊട്ടിച്ചുകൊണ്ട് അവൻ പറഞ്ഞു.

അമ്മ ഒരു സ്പൂൺ പഞ്ചസാര കൊടുത്തു.

"ഞ്ഞീം."

ഒരു സ്പൂണുംകൂടി കൊടുത്തു.

"ഞ്ഞീം."

"ഇനി പഞ്ചാരയല്ല വേറെ ചെലത് ന്റെ കയ്യിന്ന് കിട്ടും." അമ്മയ്ക്കു ദേഷ്യം വന്നു.

പിന്നെ ഉണ്ണിക്കുട്ടനാണോ ദേഷ്യം വരാത്തത്? ഉണ്ണിക്കുട്ടനും ദേഷ്യം വന്നു. അവൻ ഇലച്ചീന്തും ദോശയുമെല്ലാം അടുക്കളയിലെ കൊട്ടത്തളത്തിലേക്കു വലിച്ചെറിഞ്ഞു കരയാൻ തുടങ്ങി.

"കുട്ടികൾക്ക് ഇത്ര കുറുമ്പ് വയ്യാ." മുത്തശ്ശിയും ദേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു.

അച്ഛൻ തളത്തിൽനിന്നു വിളിച്ചുചോദിച്ചു:

"എന്താ അവ്ടെ?"

ഉണ്ണിക്കുട്ടൻ കരയുന്നതിനിടയിൽ നിർത്തിനിർത്തിക്കൊണ്ടു പറഞ്ഞു: "ഈ അമ്മ പഞ്ചാര തരിണില്ല."

"ബ്ടെവാ അച്ഛൻ തരാം."

അവൻ അച്ഛന്റെ അടുത്തേക്ക് ഓടിപ്പോയി. ഓടിപ്പോകുന്നതിനിടയിൽ മുത്തച്ഛന്റെ എച്ചിൽക്കിണ്ണത്തിൽ തടഞ്ഞു വീണു. കരച്ചിൽ അധികമാകാൻ അതുമൊരു കാരണമായി. അച്ഛൻ

അവനെ വന്നെടുത്തു. തോർത്തുമുണ്ടുകൊണ്ട് മുഖം തുടച്ച് മഞ്ചപ്പുറത്തുവെച്ചു.

അമ്മ വീണ്ടും ഇലച്ചീന്തിൽ ദോശയും പഞ്ചസാരയും കൊണ്ടുവന്നു മഞ്ചപ്പുറത്തവെച്ചു.

അച്ഛൻ പറഞ്ഞു: "പഞ്ചസാര പോരേ? മിടുക്കൻ, ഇഷ്ടംപോലെ തിന്നോ."

പഞ്ചസാര ആദ്യം കൊടുത്തത്രതന്നെ ഉണ്ടായിരുന്നില്ലെങ്കിലും അവനു തൃപ്തിയായി.

അച്ഛൻ, അവൻ ദോശ തിന്നുന്നതു നോക്കിയിരുന്നു.

ദോശ തിന്നുകഴിഞ്ഞപ്പോൾ അമ്മ കൊണ്ടുവന്നുകൊടുത്ത പാലും കുടിച്ചു. പാലു കുടിച്ച് ഗ്ലാസ്സ് താഴെവെച്ചപ്പോൾ ഒരേമ്പക്കമിട്ടു.

"തേട്ടി." അച്ഛൻ പറഞ്ഞു.

അച്ഛൻ അവനെ എഴുന്നേല്പിച്ചു നിർത്തി. അവൻ അച്ഛന്റെ കഴുത്തിൽ കൈകൾ ചുറ്റിക്കൊണ്ടു നിന്നു.

അച്ഛൻ ചോദിച്ചു: "കുട്ടിക്ക് ആരെയാ അധികമിഷ്ടം. അച്ഛനെയോ അമ്മയെയോ?"

"അച്ഛനെ."

അതു കേട്ട അമ്മ അടുക്കളയിൽനിന്നു പറഞ്ഞു: "അതെയതെന്നാൽ ഞി എല്ലാറ്റിനും അച്ഛൻതന്നെ മതി."

"പോരെ മോനേ? അച്ഛൻ അവനെ ഉമ്മവച്ചുകൊണ്ടു ചോദിച്ചു. 'മതി' എന്നർത്ഥത്തിൽ അവൻ തലയാട്ടി.

"മൂത്രത്തുണി തിരുമ്പാനും, അപ്പിട്ട് ചൗതിപ്പിക്കാനും ഒക്കെ അച്ഛൻ തന്നെ പോരേ? അമ്മ വീണ്ടും ചോദിച്ചു.

അതിന് ഉണ്ണിക്കുട്ടൻ സമാധാനമൊന്നും പറഞ്ഞില്ല. അച്ഛൻ ഇതുവരെയായും മൂത്രത്തുണി തിരുമ്പുന്നതു കണ്ടിട്ടില്ല. തന്നെ ചൗതിപ്പിച്ചിട്ടുമില്ല. അതൊക്കെ അമ്മയാണു ചെയ്യുന്നത്. അച്ഛൻ ഇതൊക്കെ ചെയ്യുമെന്നു തോന്നുന്നുമില്ല.

"എന്താ മിണ്ടാത്തത്? അമ്മ അടുക്കളയിൽനിന്നു തളത്തിലേക്കു വന്നു ചോദിച്ചു.

അവൻ, തന്നെ എടുക്കാനായി അമ്മയുടെ നേരേ കൈകൾ നീട്ടി.

"ഞാൻ ഇപ്പൊ എടുക്കണൊന്നും ഇല്ല. ഒക്കെ അച്ഛൻതന്നെ മതി."

ഉണ്ണിക്കുട്ടൻ കരയുവാൻ തുടങ്ങി. അപ്പോൾ അമ്മ അവനെ വന്നെടുത്ത്.

"നിനക്ക് ആരെയാ ഇഷ്ടം?"

"അമ്മനെ."

"അച്ഛനെ ഇഷ്ടം ല്യേ?"

"രണ്ടാളേം ഇഷ്ടാ."

"മിടുക്കൻ!"

അമ്മ അവനെ നിലത്തു വെച്ചു. അമ്മിണി, വാഴയണയുമായി, അച്ഛന്റെ പിന്നാലെ ഉമ്മറത്തേക്കോടിപ്പോയി.

ഉണ്ണിക്കുട്ടൻ കിഴക്കേ കോലായിൽക്കൂടെ കിണറ്റിൻകരയിലേക്കു നടന്നു. കിഴക്കേ കോലായിലെ ചുമരിൽ ചാണകത്തിൽ പൊതിഞ്ഞു പറ്റിച്ചുനിർത്തിയിരിക്കുന്ന കയ്പയ്ക്കാവിത്തുകളിൽനിന്ന് രണ്ടു മൂന്നെണ്ണം അടർത്തിയെടുത്ത് ട്രൗസറിന്റെ പോക്കറ്റിലിട്ടു.

കിണറ്റിൻകരയിൽ ആരുമില്ല. കിണറ്റിലേക്ക് ഒന്നു പാളിനോക്കിയാലോയെന്നു സംശയിച്ചുനിന്നു. വല്ലവരും കണ്ടാൽ ദേഷ്യപ്പെടും.

കഴിഞ്ഞ കൊല്ലം, പൂരത്തിനുമുമ്പ് കിണറ്റിലെ വെള്ളം തേകിത്തീർത്തു. കുട്ടൻനായരാണ് വെള്ളം തേകിത്തീർത്തത്. മൂന്നു ദിവസം വേണ്ടിവന്നു തേകിത്തീർക്കാൻ. എല്ലാം ചാലിൽക്കൂടെ പാടത്തേക്കൊഴുകിപ്പോയി.

അവസാനം കിണറ്റിലെ ചളിവെള്ളത്തിൽനിന്നു നാലു വലിയ മത്സ്യങ്ങൾ കിട്ടി. കരയിലേക്കെടുത്തിട്ടപ്പോൾ ശ്വാസംമുട്ടി തുള്ളിച്ചാടാൻ തുടങ്ങി. മത്സ്യങ്ങൾക്കു കരയിൽ ജീവിക്കാൻ സാധിക്കില്ലെന്ന് അന്നാണ് മനസ്സിലായത്.

വീട്ടിലാരും മത്സ്യം കൂട്ടുകയില്ല. അന്നു കിട്ടിയ നാലു മത്സ്യങ്ങളെയും കുട്ടൻനായരും കാളിയമ്മയുംകൂടി, തൊടിയിലൊരിടത്ത് അടുപ്പുകൂട്ടി വറുത്തു തിന്നു. കാളിയമ്മ വെള്ളച്ചോറുണ്ണുമ്പോൾ മത്സ്യം വറുത്തതു കൂട്ടുന്നതു കണ്ടു. ചേന വറുത്തതാണെന്നാണ് തോന്നിയത്. ആയമ്മ എന്തു സ്വാദോടെയാണ് തിന്നതെന്നോ! നെയ്യപ്പം തിന്നുന്ന ഭാവമായിരുന്നു.

കിണറ്റിൽ ഇപ്പോഴും മത്സ്യങ്ങളുണ്ട്. വലിയവയും ചെറിയവയുമായി ഒരുപാടു മത്സ്യങ്ങളുണ്ട്. ഉച്ചയ്ക്ക് വന്നു നോക്കിയാൽ, നീന്തിക്കളിക്കുന്നതും, വെള്ളത്തിനു മുകളിൽ അനങ്ങാതെ കിടക്കുന്നതും കാണാം.

ഉണ്ണിക്കുട്ടൻ പോക്കറ്റിൽനിന്ന് ഒരു കയ്പയ്ക്കവിത്തെടുത്തു കിണറ്റിലേക്കെറിഞ്ഞു. ശബ്ദം കേട്ടില്ല. കല്ലെടുത്തിട്ടാലേ ശബ്ദം കേൾക്കുകയുള്ളൂ. മറ്റൊന്നെടുത്ത് വായിലിട്ടു കടിച്ചുതുപ്പി.

കിണറ്റിൻകരയിൽ ഇങ്ങനെ നിൽക്കുന്നതു ശരിയല്ലെന്ന് അവനു തോന്നി. ഉമ്മറത്തുപോയി നോക്കാം. മുത്തച്ഛനും അച്ഛനും കുട്ട്യേട്ടനും അമ്മിണിയുമെല്ലാം ഉമ്മറത്തുണ്ടാകും.

ഉമ്മറത്തു വന്നപ്പോൾ എല്ലാം ശരിയാണ്. മനസ്സിൽ കരുതിയിരുന്നവരെല്ലാം ഉമ്മറത്തുണ്ട്. മുത്തച്ഛൻ മുറുക്കുന്നു. കുട്ട്യേട്ടൻ എഴുതുന്ന തിരക്കിലാണ്. ചാരുകസാലയിൽ കിടക്കുന്ന

അച്ഛന്റെ മടിയിൽ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് അമ്മിണിയുമുണ്ട്. ഉണ്ണിക്കുട്ടൻ, അച്ഛൻ കിടക്കുന്ന കസാലയ്ക്കടുത്തു വന്നുനിന്നു. അമ്മിണിയെ അച്ഛനെ മടിയിൽനിന്നു മാറ്റി, തനിക്കിവിടെ കയറിയിരിക്കണമെന്നാണവന്. ആ ശ്രമത്തിന്റെ പ്രാരംഭമെന്നോണം അവൻ അച്ഛനെ തൊട്ടുരുമ്മി നിന്നു. അമ്മിണിയുടെ പാദസരത്തിൽ ഒന്നു തൊട്ടു. അമ്മിണിക്കതൊട്ടും പിടിച്ചില്ല. അവൾ കാലുകൊണ്ട് ഉണ്ണിക്കുട്ടന്റെ മുഖത്തൊരു ചവിട്ടു കൊടുത്തു. അതു കാര്യമാക്കാതെ പാദസരത്തിൽ വീണ്ടും തൊട്ടു. അമ്മിണി അപ്പോഴും ചവിട്ടി. ചവിട്ട് അവന്റെ കണ്ണിലാണ് കൊണ്ടത്! വല്ലാതെ വേദനിച്ചു. കരയാനും തുടങ്ങി. അമ്മിണിയും കരയാൻ തുടങ്ങി. രണ്ടുപേരും മത്സരിച്ചു. കരയുന്ന മട്ടിലാണ്.

മുത്തച്ഛൻ എഴുന്നേറ്റപ്പോഴേക്കും, മുത്തശ്ശി വന്ന് അമ്മിണിയെ എടുത്തകത്തേക്കു പോയി.

ഉണ്ണിക്കുട്ടൻ കരഞ്ഞുകൊണ്ട് ബഞ്ചിൽ ചാരിനിന്നു.

അച്ഛൻ അവനെ വിളിച്ചുവെങ്കിലും, അവൻ അവിടെത്തന്നെ നിന്നു കരയുവാൻ തീർച്ചപ്പെടുത്തി. ഇനി വേണമെങ്കിൽ, അച്ഛൻ കസാലയിൽനിന്ന് എഴുന്നേറ്റ് വന്നെടുക്കട്ടെ. കരഞ്ഞുകൊണ്ടു നിൽക്കുന്ന നിലപിൽനിന്ന് അനങ്ങുകയില്ല. തനിക്കും വാശിയുണ്ട്.

മുത്തച്ഛൻ ചിരിച്ചുകൊണ്ടു പറഞ്ഞു: “കുറുമ്പന്നവെച്ചാൽ കുറുമ്പനാണ്. മുത്തച്ഛന്റെ മടിയിൽ കയറിയിരിക്കണോ?”

അവൻ അതൊന്നും കേൾക്കാതെ കരയുകതന്നെയാണ്.

കരഞ്ഞു മതിയായാൽ അച്ഛനോടു പറയണം ട്ട്വോ?”

അച്ഛനും പറഞ്ഞു.

അവനങ്ങനെ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ ആട്ടിൻകുട്ടി മുറ്റത്തേക്ക് ഓടിച്ചാടിക്കൊണ്ടു വന്നു. കുട്ടൻനായർ ആട്ടിൻകൂട് തുറന്നു വിട്ടതായിരിക്കണം.

കരച്ചിൽ മതിയാക്കി ഉണ്ണിക്കുട്ടൻ ഉമ്മറക്കോലായിൽ വന്നു നിന്നു. ആട്ടിൻകുട്ടി തുള്ളിച്ചാടിക്കളിക്കുന്നതനുസരിച്ച്, അതിന്റെ കഴുത്തിൽ കെട്ടിയ കുടമണിയും കിലുങ്ങിക്കൊണ്ടിരിക്കുന്നു. എന്തു കൗതുകമാണ് കാണാൻ. അവന്റെ ഹൃദയം തുള്ളിക്കളിക്കുകയാണ്.

കഴിഞ്ഞാഴ്ചയിലാണ് തള്ളയാട് ഈ ആട്ടിൻകുട്ടിയെ പ്രസവിച്ചത്. ഉണ്ണിക്കുട്ടൻ വൈകുന്നേരം ഉറക്കമുണർന്നെഴുന്നേറ്റ് അടുക്കളക്കോലായിലേക്കു പോയപ്പോൾ, തെങ്ങിൻതടത്തിന്റെ അടുത്ത് വീട്ടിലുള്ളവരെല്ലാം നില്ക്കുന്നു. സംഗതിയെന്താണെന്നറിയാൻ അടുത്തുചെന്നു നോക്കിയപ്പോൾ, തള്ളയാടു പെറ്റിരിക്കുന്നു. കുട്ടിയെ നക്കിത്തടയ്ക്കുകയാണ്.

കുട്ടിയെ കാണാൻ എന്തു ഭംഗിയാണ്! കണ്ടിട്ടും കണ്ടിട്ടും മതിയാവുന്നില്ല. അന്നു വൈകുന്നേരം ചായ കുടിക്കണമെന്നോ, കുട്ടൻനായരുടെകൂടെ പടിക്കൽ പോയിനിന്ന് ബസ്സുകൾ പോകുന്നതു നോക്കിക്കാണണമെന്നോ തോന്നിയില്ല.

എത്രനേരമാണ് തള്ളയാട് കുട്ടിയെ നിക്കിത്തുടച്ചതെന്നോ! കുറേ നേരം നക്കിത്തുടച്ചേശേഷമാണ്, ആട്ടിൻകുട്ടിക്ക് കഷ്ടിച്ച് എഴുന്നേൽക്കാറായത്. ഇപ്പോഴിതാ ആട്ടിൻകുട്ടി ഓടിച്ചാടിക്കളിക്കുന്നു.

ആട്ടിൻകുട്ടിയെ കെട്ടിപ്പിടിച്ചു കിടക്കണമെന്നുണ്ട്. പക്ഷേ, ഈ ആട്ടിൻകുട്ടി ഒരിടത്തും ഒതുങ്ങിക്കിടക്കില്ല. എപ്പോഴും തുള്ളിച്ചാട്ടം തന്നെയാണ്. കുട്ടൻനായർ ഇടയ്ക്കിടയ്ക്ക് ആട്ടിൻകുട്ടിയെ മടിയിൽ വെച്ചു തരും. അപ്പോഴതിന്റെ ദേഹത്തിൽ തലോടുകയും ഉമ്മവയ്ക്കുകയും ചെയ്യും. ആട്ടിൻകുട്ടിയുടെ ദേഹത്തിലെ രോമത്തിന് നല്ല മിനുസമുണ്ട്.

ആട്ടിൻകുട്ടിയുടെ തുള്ളിച്ചാട്ടം കണ്ടുകൊണ്ടങ്ങനെ നിൽക്കുമ്പോൾ പടിക്കൽ പേപ്പർകാരൻ പയ്യൻ സൈക്കിളിൽ വന്നിറങ്ങി ബെല്ലടിച്ചു. സാധാരണ, പേപ്പർകാരൻ പയ്യനെ പടിക്കൽ കണ്ടാൽ, ഉണ്ണിക്കുട്ടൻ പടിക്കലേക്കോടിപ്പോയി പേപ്പർ വാങ്ങിക്കൊണ്ടു വരികയാണു പതിവ്. ഇന്നവന് പടിക്കലേക്കോടിപ്പോകാൻ തോന്നുന്നില്ല, പട്ടിക്കൽ പോയി പേപ്പർ വാങ്ങിക്കൊണ്ടു വരുന്നതിനേക്കാൾ നല്ലത് ആട്ടിൻ കുട്ടിയുടെ കളികൾ കണ്ടുകൊണ്ടു നില്ക്കുന്നതാണ്.

പേപ്പർകാരൻ പയ്യൻ പതിവുപോലെ കുറച്ചുനേരം കാത്തുനിന്നു; ഉണ്ണിക്കുട്ടൻ വരുന്നില്ലെന്നുകണ്ടപ്പോൾ ഗേറ്റു തുറന്ന് ഉമ്മറത്തുവന്നു പേപ്പർ ഉണ്ണിക്കുട്ടന്റെ കൈയിൽ കൊടുത്തു. അവനതു വാങ്ങി, ഓടി കൊണ്ടുപോയി അച്ഛനു കൊടുത്ത് വീണ്ടും മുറ്റേത്തക്കുതന്നെ വന്നു.

പേപ്പർ വാങ്ങുമ്പോൾ “നീ കരച്ചിൽ മാറ്റിയോ?” എന്നച്ഛൻ ചോദിച്ചതൊന്നും അവൻ ശ്രദ്ധിച്ചില്ല.

മുറ്റത്ത് ആട്ടിൻകുട്ടി തുള്ളിച്ചാടിക്കളിക്കുമ്പോഴാണോ ഇങ്ങനത്തെ ചോദ്യങ്ങളെല്ലാം?

മുത്തശ്ശി അമ്മിണിയെ എടുത്തുകൊണ്ട് മുറ്റത്തുവന്നു. അമ്മിണിയുടെ കയ്യിൽ അപ്പോഴും ആ വാഴയണയുണ്ട്. അതവൾ എവിയെങ്കിലും കളഞ്ഞിട്ടുണ്ടാവുമെന്നാണ് ഉണ്ണിക്കുട്ടൻ വിചാരിച്ചിരുന്നത്. ഉണ്ണിക്കുട്ടൻ സന്തോഷത്തോടെ പറഞ്ഞു: “അമ്മിണ്യേ, കണ്ടോ ആട്ടിൻകുട്ടി!”

അമ്മിണി ചിരിച്ചു.

മുത്തശ്ശി, അമ്മിണിയെ മുറ്റത്തു വെച്ചു.

ഉണ്ണിക്കുട്ടൻ അവളുടെ അടുത്തുവന്ന് അവളെ എടുക്കാൻ ശ്രമിച്ചപ്പോൾ മുത്തശ്ശി പറഞ്ഞു: "വേണ്ടാ. അവള് വീഴും."

"ന്നാ അവളോടെനിക്കൊരുമ തരാൻ പറയു."

മുത്തശ്ശി പറഞ്ഞു: "അമ്മിണിക്കുട്ടി ഉണ്ണേട്ടന് ഒരുമ്മകൊടുത്താ."

അമ്മിണി, ഉണ്ണിക്കുട്ടന്റെ വയറ്റത്ത് ഒരുമ്മവെച്ചു.

ഉണ്ണിക്കുട്ടനു സന്തോഷമായി. അവൻ അമ്മിണിയുടെ കൈപിടിച്ചു കൊണ്ട് മുറ്റത്ത് മെല്ലെ മെല്ലെ നടന്നു. ആട്ടിൻകുട്ടിയെ അമ്മിണിയെക്കൊണ്ട് ഒന്നു തൊടുവിക്കണമെന്നുണ്ട്. എന്തുചെയ്യാനാ? ആട്ടിൻകുട്ടി അടുത്തേക്കൊന്നും വരുന്നില്ല.

മുത്തശ്ശൻ മുറ്റത്തുവന്ന് മുത്തശ്ശിയോടെന്തോ പറഞ്ഞു. മുത്തശ്ശി വേഗം അകത്തുപോയി കുടയും തോർത്തുമുണ്ടും കൊണ്ടുവന്നു കൊടുത്തു. പാടത്തേക്കു പോകാനുള്ള പുറപ്പാടാണ്. രാവിലെ കഞ്ഞി കുടിച്ച് പാടത്തേക്കു പോയാൽ, ഒരുമണിയാകുമ്പോഴേക്കേ മുത്തച്ഛൻ തിരിച്ചെത്തുകയുള്ളൂ. അടുത്തുള്ള സ്കൂളിൽ ഒരുമണിക്കുള്ള ബെല്ലടിക്കുമ്പോഴായിരിക്കും മിക്ക ദിവസങ്ങളിലും മുത്തച്ഛൻ വീട്ടിലെത്തുക. അപ്പോൾ ഒന്നിച്ചിരുന്നുണ്ണാൻ കുട്ട്യേട്ടന്നുണ്ടാകും. മുത്തച്ഛൻ തോർത്തുമുണ്ട് ഇടത്തേ ചുമലിലിട്ട്, കുട വലത്തേ കൈത്തണ്ടയിൽ തൂക്കി ഉണ്ണിക്കുട്ടനോടു ചോദിച്ചു: "പോര്ണോ മുത്തച്ഛന്റെ ഒപ്പം പാടത്തേക്ക്?"

"അതാ നല്ലത്. ന്നാൽ ബാക്കിള്ളോർക്ക് കുറച്ചുനേരം തൊയരായിരിക്കാലോ." മുത്തശ്ശി പറഞ്ഞു.

മുത്തശ്ശൻ, ഉണ്ണിക്കുട്ടന്റെ കൈപ്പത്തി കവിളത്തുവെച്ച് ഉരച്ചു.

"അവൻ മുത്തച്ഛന്റെ മിടുക്കൻ കുട്ട്യാ!

മുത്തച്ഛന്റെ താടി ഉരക്കടലാസ്സുപോലെയാണെന്ന്, ഉണ്ണിക്കുട്ടന്നു തോന്നി. ഉരക്കടലാസ്സു കണ്ടത് ആശാരി വേലുവിന്റെ കൈയിൽനിന്നാണ്.

ആട്ടിൻകുട്ടി മുത്തച്ഛന്റെ ഒപ്പം ഗേറ്റുവരെ തുള്ളിച്ചാടിക്കൊണ്ടു പോയി.

ഗേറ്റിനപ്പുറം റോഡാണ്. റോഡിലെപ്പോഴും വാഹനങ്ങളുടെ തിരക്കാണ്.

ഇന്നാളൊരു ദിവസം ഒരു നായ ലോറിക്കടിയിൽപ്പെട്ടു ചത്തു. അച്ഛന്റെകൂടെ പോയാണ് ഉണ്ണിക്കുട്ടനതു കണ്ടത്. നായയുടെ തല ചതഞ്ഞരഞ്ഞിരുന്നു. ആട്ടിൻകുട്ടി ഗേറ്റു കടന്ന് റോട്ടിൽപ്പോയി ലോറിക്കടിയിൽപ്പെട്ടാൽ എന്താണു ചെയ്യുക? പാടില്ല, ആട്ടിൻകുട്ടിയെ ഗേറ്റ് കടന്നുപോകാൻ സമ്മതിക്കരുത്.

കുട്ടൻനായർ ഒരു മാവിന്റെ ഇല ചവച്ചുകൊണ്ട് മുറ്റത്തേക്കു വന്നു. അയാളുടെ ചെവിക്കിടയിൽ ഒരു പച്ചീർക്കിലിയും

തിരുകിവെച്ചിട്ടുണ്ട്. എന്തൊരു പല്ലുതേപ്പാണിത് എത്ര നേരമായി തുടങ്ങിയിട്ട്! എന്തൊക്കെ സാധനങ്ങൾകൊണ്ടാണ് പല്ലു തേക്കുന്നത്! ആദ്യം ഒടിച്ചു കുത്തിക്കമ്പുകൊണ്ട്, പിന്നെ മാവിന്റെ ഇലകൊണ്ട്. ഇനി എന്തൊക്കെക്കൊണ്ട് തേക്കാനാണാവോ ഭാവം?

കുട്ടൻനായർ ഒരു നിമിഷം ആട്ടിൻകുട്ടിയുടെ കളികൾ സൂക്ഷിച്ചു നോക്കിക്കൊണ്ടു നിന്നു. എന്നിട്ട്, 'മതി മതി കളിച്ചത്", എന്നും പറഞ്ഞ് ആട്ടിൻകുട്ടിയെ വാരിയെടുത്ത് ആട്ടിൻകൂട്ടിന്റെ അടുത്തേക്കു നടന്നു. പിന്നാലെ ഉണ്ണിക്കുട്ടന്നും കൂടി.

ആട്ടിൻകുട്ടിയെ തള്ളയാടിന്റെ അകിടിന്റെ ചുവട്ടിൽ കൊണ്ടു വന്നുവെച്ചു. ആട്ടിൻകുട്ടി മുല കുടിക്കാൻ തുടങ്ങി. ചില ശബ്ദങ്ങൾ പുറപ്പെടുവിച്ച് മുട്ടി മുട്ടിക്കൊണ്ട് മുല കുടിക്കുന്നതു കാണാൻ നല്ല ഭംഗി! കുടമണികൾ കിലുങ്ങിന്നു.

കുട്ടൻനായർ ആട്ടിൻകൂട്ടിന്റെ അടുത്തുനിന്ന് കുറെ പ്ലാവിലകൾ എടുത്തു തള്ളയാടിന്റെ മുമ്പിലിട്ടുകൊടുത്തു. കുറച്ചുനേരം അതു പ്ലാവിലകൾ തിന്നുന്നത് നോക്കിക്കൊണ്ടു നിന്നു.

ആട്ടിൻകുട്ടി, മുലകുടി നിർത്തി പ്ലാവിലകൾ മണത്തിനോക്കി.

കുട്ടൻനായർ കൂട് അടച്ചു. അയാളുടെ വായിൽ ഇപ്പോഴും മാവിന്റെ ഇലയുണ്ട്.

"പൊവ്വാ."

കുട്ടൻനായർ ഉണ്ണിക്കുട്ടന്റെ കൈ പിടിച്ചുകൊണ്ട് കിണറ്റിന്റെ അടുത്തേക്കു നടന്നു.

കാളിയമ്മ കിണറ്റിൻകരയിലിരുന്നു മുറുക്കുന്നുണ്ട്.

"ചുന്തരക്കുട്ടി രാവിലെതന്നെ കുട്ടൻനായര്ടേ പിന്നാലെന്തിനാ കൂടിയിരിക്കണ്?" കാളിയമ്മ ചോദിച്ചു.

ഉണ്ണിക്കുട്ടൻ ഒന്നും പറഞ്ഞില്ല. ചിരിച്ചു.

കാളിയമ്മ വീണ്ടും പറഞ്ഞു: "ചുന്തരക്കുട്ടീടെ ഒരു ചിരി. കണ്ടാൽ നാവോറാപ്പെടും."

കുട്ടൻനായർ പറഞ്ഞു: "ങ്ങള് വേണ്ടാത്തതോരോന്നു പറയാണ്ടെങ്ങടെ പാട്ടിനു പൊയ്ക്കോളിൻ."

കുട്ടൻനായർ ഒരു ബക്കറ്റ് വെള്ളം കോരി വായ കഴുകി നാക്കു വടിച്ച് കാലും മുഖവും കഴുകി അടുക്കളക്കോലായിലേക്കു ചെന്നു.

അമ്മ ചായയും പലഹാരവും കൊണ്ടുവന്നു കൊടുത്തു. കുട്ടൻനായർക്ക് ദോശ തിന്നാൻ ചമ്മന്തിയില്ല, മുളകിൻകൊണ്ടാട്ടമാണ്. അതാണയാൾക്കിഷ്ടം. അയാൾ മുളകിൻകൊണ്ടാട്ടം കടിക്കുന്നതു കണ്ടപ്പോൾ, ഉണ്ണിക്കുട്ടന്റെ വായയിൽ വെള്ളം പൊടിഞ്ഞു. തിന്നുന്നതു കണ്ടാൽ, മുളകിൻകൊണ്ടാട്ടത്തിനു മധുരമുണ്ടെന്നാണു തോന്നുക.

ഓട്ടിൻപുറത്തുനിന്ന് ഒരണ്ണാൻ തെങ്ങിൻതടത്തിലേക്കു ചാടി, പരിഭ്രമത്തോടെ തെങ്ങിന്റെ മുകളിലോട്ടു കയറിപ്പോയി.

അണ്ണാന്റെ വാലുകൊണ്ട് തലയണയുണ്ടാക്കിയാൽ നന്നായിരിക്കുമോ? അണ്ണാന്റെ വാലിന് പക്ഷിയുടെ തൂവലിനേക്കാൾ കനമുണ്ടായിരിക്കുമോ? ഉണ്ണിക്കുട്ടൻ ആലോചിച്ചുനോക്കി.

ഒരു തലയണ ഉണ്ടാക്കാൻ എത്രയെത്ര അണ്ണാന്മാരുടെ വാലുകൾ വേണ്ടിവരും? ഒരുപാടു വാലുകൾ വേണ്ടിവരും! അത്രയൊക്കെ എവിടെ നിന്നു കിട്ടാനാണ്? അതൊന്നും സാധിക്കുന്ന കാര്യമല്ല.

ഒരണ്ണാന്റെ വാലു കിട്ടിയാൽ തത്കാലം ഒരു കാര്യം ചെയ്യാം; ഒരു സാധനമുണ്ടാക്കാം. വാല് ഒരു പപ്പടക്കോലിന്റെ അറ്റത്ത് നല്ല ഉറപ്പുള്ള നൂലുകൊണ്ടു വരിഞ്ഞുകെട്ടുക. അപ്പോൾ അത് ഒരു ബ്രഷാണെന്നു പറയാം. എന്നിട്ടത്. അമ്മിണിയുടെ പാൽക്കുപ്പി കഴുകാൻ പറ്റുമോയെന്നു പരീക്ഷിച്ചുനോക്കാം.

ഉണ്ണിക്കുട്ടന് ബ്രഷ് എന്നു ശരിക്കുച്ചരിക്കാൻ വയെന്നു പറഞ്ഞ് കുട്ട്യേട്ടൻ കളിയാക്കാറുണ്ട്. 'ബ്ര' എന്നക്ഷരമാണു നാവിൽ ശരിക്കു വരാത്തത്. ബ്രഷ് എന്ന വാക്കു ശരിക്കു പറയാനറിയില്ലെങ്കിലും ഒരണ്ണാന്റെ വാലു കിട്ടിയാൽ ഒരു ബ്രഷ് ഉണ്ടാക്കാൻ ശ്രമിച്ചുനോക്കാമായിരുന്നു.

കുട്ട്യേട്ടൻ എവിടെനിന്നോ പെട്ടെന്നു വന്ന് കോലായുടെ അറ്റത്തു വെച്ചിരിക്കുന്ന ചെമ്പിൽനിന്നു ലേശം വെള്ളമെടുത്തു കുലുക്കുഴിഞ്ഞു തുപ്പി അകത്തേക്കു പോയി.

'ഇപ്പോഴും വല്ലതും തിന്നിട്ടുണ്ടാകും' ഉണ്ണിക്കുട്ടൻ വിചാരിച്ചു. രാവിലെ വെള്ളത്തണ്ടു തന്ന കാര്യമൊക്കെ ശരിതന്നെ! എന്തായാലും കുട്ട്യേട്ടന് ഒരു ഭാവമുണ്ട്. ബ്രഷ് എന്നു പറയാനറിയാം, ടൈംപീസിൽ സമയം നോക്കാനറിയാം, അലാറം അടിപ്പിക്കാനറിയാം എന്നൊക്കെയുള്ള ഭാവമാണതെന്ന് ഉണ്ണിക്കുട്ടൻ ധരിച്ചിട്ടുണ്ട്. താനും സ്കൂളിൽ ചേരട്ടെ; കുട്ട്യേട്ടനറിയാവുന്ന വിദ്യകളൊക്കെ പഠിക്കാം.

ഒരു ദിവസം ഉച്ചയ്ക്ക് ഊണു കഴിഞ്ഞശേഷം വീട്ടിലുള്ളവരെല്ലാം ഉമ്മറത്തു വിശ്രമിക്കുമ്പോൾ ടൈംപീസിന്റെ അലാറമടിപ്പിക്കണം. എല്ലാവരും അത്ഭുതത്തോടെ തന്നെ നോക്കണം. മിടുക്കൻ എന്നു പറയണം

സ്കൂളിൽ പോകുന്നില്ലെങ്കിലും പ, വ, റ എന്ന അക്ഷരങ്ങൾ എഴുതാൻ ഉണ്ണിക്കുട്ടനറിയാം. കൈയക്ഷരം നല്ലത് ഉണ്ണിക്കുട്ടന്റേതാണെന്നാണ് മുത്തച്ഛൻ പറയുന്നത്.

അണ്ണാന്റെ വാലിനെക്കുറിച്ചും കുട്ട്യേട്ടനെക്കുറിച്ചുമങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ, കുട്ടൻനായർ ചായകുടി കഴിഞ്ഞ് ഏമ്പക്കമിടുന്ന ശബ്ദം കേട്ടു.

കുട്ടൻനായർ എഴുന്നേറ്റു കോലായിൽ നിന്നുകൊണ്ടുതന്നെ ഇലക്കഷ്ണം, തൊടിയിലേക്കെറിഞ്ഞു. തെങ്ങിൻതടത്തിൽനിന്ന് ഒരു നുള്ളു വെണ്ണീറെടുത്ത് ഗ്ലാസ്സ് വൃത്തിയായി കഴുകി കോലായിൽ കമഴ്ത്തി വെച്ചു. ഇടുവിൽനിന്നു മുറുക്കാൻപൊതിയെടുത്ത് തുറന്ന് മുറുക്കാൻ തുടങ്ങി. കുട്ടൻനായരുടെ അരയിൽ, ഇപ്പോഴും ഒരു വെള്ളിനൂലുണ്ട്... അതു കണ്ടപ്പോൾ പതിവുപോലെ ഉണ്ണിക്കുട്ടൻ ഒരു പരിഹാസച്ചിരി ചിരിച്ചു; ഇത്ര വയസ്സായിട്ടും അരയിൽ നൂലുകെട്ടാൻ നാണമില്ലല്ലോ? മാത്രമല്ല, കറുത്ത ചരടിൽ കോർത്തുകെട്ടിയ ഒരേലസ്സുമുണ്ട്, അയാളുടെ അരയിൽ.

ഏലസ്സ് എവിടെയൊക്കെയാണു കെട്ടുന്നത്?

അമ്മ ഏലസ്സ് കെട്ടിയിരിക്കുന്നത് കഴുത്തിലാണ്. കുട്ടൻനായർ അരയിലാണ്. എണ്ണക്കാരൻ മൊയ്തീൻ കൈയിൽ വസൂരി കുത്തിവെച്ച കലയ്ക്കടുത്താണ്.

കുട്ടൻനായരുടെയും മൊയ്തീന്റെയും ഏലസ്സ് ചെമ്പിൻതകിടു കൊണ്ടുള്ളതും, അമ്മയുടേത് സ്വർണ്ണംകൊണ്ടുള്ളതുമാണ്.

കാളിയമ്മ ഒരു കൈയിൽ ചാണകവുമായി അകത്തേക്കു പോയി. പതിവുപോലെ ഉണ്ണിക്കുട്ടനോടു ലോഹ്യം ചോദിക്കുകയും ചെയ്തു.

“കാളേമ്മേടെ ചുന്തരക്കുട്ട്യേടത്തു.” ആയമ്മയുടെ വാളൻപുളിങ്ങ പോലെയുള്ള വലത്തേ കാലിന്റെ പെരുവിരലിൽ ലേശം ചാണകം പറ്റിപ്പിടിച്ചിട്ടുണ്ട്. അതൊരു ഈർക്കിലകൊണ്ടു തോണ്ടിക്കളയണമെന്ന് ഉണ്ണിക്കുട്ടന്നു തോന്നി.

കുട്ടൻനായർ ഇനിയും മുറുക്കിത്തീർന്നിട്ടില്ല. കുട്ടൻനായർ മുറുക്കുന്നതു മുത്തച്ഛനെപ്പോലെയല്ല. ആദ്യം അടയ്ക്കാക്കഷണമാണ് കുട്ടൻനായർ വായിലേക്കിടുക. അതിനുശേഷം ചുണ്ണാമ്പുതേച്ച വെറ്റില. പിന്നെ പുകല്. ഇതിനിടയിൽ ചുണ്ണാമ്പു പറ്റിപ്പിടിച്ചിരിക്കുന്ന ചൂണ്ടാണി വിരൽ ഇടയ്ക്കിടയ്ക്കു നക്കിക്കൊണ്ടിരിക്കുകയും ചെയ്യും.

മുത്തച്ഛന് കുട്ടൻനായരെപ്പോലെ അടയ്ക്കാക്കഷണം കടിക്കാനൊന്നും വയ്യ. അടയ്ക്കാപ്പൊടി വേണം. ചുണ്ണാമ്പുതേച്ച വെറ്റിലയിൽ, അടയ്ക്കാപ്പൊടിയിട്ടു മടക്കിയാണ് വായിലേക്കിടുക. അതിനുശേഷം ഇടിച്ചുകൂട്ടിയ പുകലയും. കുട്ടൻനായരെപ്പോലെ ചൂണ്ടാണിവിരൽ നക്കുകയൊന്നുമില്ല മുത്തച്ഛൻ.

കുട്ടൻനായർ തെങ്ങിൻതടത്തിലേക്കു നീട്ടിത്തുപ്പിക്കൊണ്ടെഴുനേറ്റ് ഒരു നിമിഷം എന്തോ ആലോചിച്ചു നിന്നു.

“തൊടിയിൽ ലേശം പണിയുണ്ട്.”

അയാൾ ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ട് തൊടിയിലേക്കു

നടന്നു. ഉണ്ണിക്കുട്ടനും പിന്നാലെ പുറപ്പെട്ടപ്പോൾ അയാൾ പറഞ്ഞു: “വേണ്ട, കുട്ടി പോരണ്ട; വരുമ്പോൾ കുട്ടൻനായർ കുട്ടിക്കൊരു സാധനം കൊണ്ടുവരാം.”

ഉണ്ണിക്കുട്ടൻ കോലായിൽത്തന്നെ കയറിനിന്നു. കുട്ടൻനായർ കൊണ്ടുവരാമെന്നു പറഞ്ഞ ആ സാധനം എന്തായിരിക്കും?

പ്ലാവിന്റെ ഇലകൊണ്ടുണ്ടാക്കിയ കാളക്കുട്ടിയായിരിക്കുമോ? പപ്പായത്തണ്ടുകൊണ്ടുണ്ടാക്കിയ കുഴലായിരിക്കുമോ? കുരുത്തോലിപ്പന്തായിരിക്കുമോ, പാവിട്ടത്തോക്കായിരിക്കുമോ? ഒന്നും മനസ്സിലാകുന്നില്ല.

കുട്ടൻനായർ തൊടിയിൽനിന്നു വരാൻ കുറച്ചു താമസിക്കും. ഇവിടെത്തന്നെ അയാളെ എത്രനേരാണു കാത്തുനില്ക്കുക?

അടുക്കളയിലും ഉമ്മറത്തും ഉമ്മറിമുറ്റത്തും എന്തൊക്കെയാണു നടക്കുന്നതെന്നു നോക്കാം.

ഉണ്ണിക്കുട്ടൻ കോലായിൽനിന്നു പോയി.

## നാല്

അടുക്കളജോലിയിൽനിന്നു നേരേ ഉമ്മറത്തേക്കാണ് ഉണ്ണിക്കുട്ടൻ പോയത്. ഉമ്മറത്തെ ചാരുകസാലയിൽ അച്ഛനുണ്ട്. പേപ്പർവായന ഇനിയും കഴിഞ്ഞിട്ടില്ല.

കുട്ട്യേട്ടന്റെ എഴുത്തും തീർന്നിട്ടില്ല.

അച്ഛന്റെ മടിയിൽ കയറിയിരുന്നാലോ എന്നാലോചിച്ചു നിന്നു. കുറച്ചുമുമ്പ്, അതിനു ശ്രമിച്ചിട്ട്, സാധിച്ചില്ലല്ലൊ? അച്ഛന്റെ മുഖത്തേക്കു നോക്കിയപ്പോൾ, നല്ല സ്വഭാവത്തിലല്ല ഇപ്പോഴെന്നവനു തോന്നി.

കുട്ട്യേട്ടന്റെ അടുത്തുചെന്നുനിന്ന്, മൂന്നാംപാഠപുസ്തകത്തിന്റെ ഏടുകൾ മറിച്ചുനോക്കാൻ ശ്രമിച്ചപ്പോൾ കുട്ട്യേട്ടൻ പ്രതിഷേധിച്ച്, പുസ്തകം വാങ്ങി സഞ്ചിയിൽ വെച്ചു. വേണമെങ്കിൽ കരയാം. തത്കാലം വേണ്ടെന്നുവെച്ച് വെറുതെ ബഞ്ചിൽ കയറിയിരുന്നു.

പുസ്തകമൊന്നു തൊട്ടപ്പോഴേക്കും കുട്ട്യേട്ടനതു വാങ്ങിവെച്ചു. ഓ, എന്താന്നല്ലേ? ഇങ്ങനെ തുടങ്ങുകയാണെങ്കിൽ, ഒരു ദിവസം കുട്ട്യേട്ടന്റെ സ്ലേറ്റ് പൊട്ടിക്കും തീർച്ചയാണ് രാവിലെ ചായ കഴിക്കാൻ, അടുക്കളയിലേക്കു പോകുമ്പോൾ സ്ലേറ്റ് ഉമ്മറത്തെ ബഞ്ചിന്മേലാണല്ലോ, കുട്ട്യേട്ടൻ വയ്ക്കുക. അപ്പോൾ, ഉമ്മറത്താണെങ്കിൽ, ആരും ഉണ്ടാകുകയുമില്ല. ആ സമയംനോക്കി

ഉമ്മറത്തുവന്നു സ്ലേറ്റെടുത്ത് ഉമ്മറത്തെ ഒതുക്കുകല്ലിൽ വെച്ച് ഒരടി കൊടുക്കണം. ക്ഷണം കഷണമായി തെറിച്ചുപോകാനൊന്നും പാടില്ല. സ്ലേറ്റ് പൊട്ടിയതിന്റെ വിടവ് നടുക്കുകാണണമെന്നു മാത്രം. എന്നിട്ട്, സ്ലേറ്റ് ബഞ്ചിന്മേൽത്തന്നെ കൊണ്ടു പോയി വെച്ച്, ഒന്നുമറിയാത്തവനെപ്പോലെ ഉമ്മറിമുറ്റത്തുകൂടെ കിണറ്റിൻകരയിൽ വന്ന്, അടുക്കളക്കോലായിൽ കയറി അടുക്കളയിലേക്കു കടക്കുക. ഉമ്മറത്തുനിന്നു വരുകയാണെന്ന് ആർക്കും സംശയം തോന്നുകയില്ല.

ഒരു ദിവസം അതുണ്ടാകും.

കുട്ട്യേട്ടന്നു താൻ ബഞ്ചിലിരിക്കുന്നു എന്ന ഭാവംതന്നെയില്ല.

വേണ്ട! താൻ ബഞ്ചിൽനിന്ന് ഇറങ്ങി, പോയിക്കളയാം. ഉണ്ണിക്കുട്ടൻ ബഞ്ചിൽനിന്നിറങ്ങി, ഉമ്മറക്കോലായിൽ വന്നുനിന്നു മുറ്റത്തേക്കു നോക്കി. മുറ്റത്താരുമില്ല. കുടമണി കെട്ടിയ ആട്ടിൻകുട്ടി ചാടിക്കളിച്ചാലേ മുറ്റം കാണാൻ ഭംഗിയുള്ളൂ.

ആട്ടിൻകാട്ടം മുറ്റത്തവിടവിടെയായി ചിന്നിച്ചിതറിക്കിടക്കുന്നുണ്ട്. എല്ലാം ആട്ടിൻകുട്ടിയുടേതാകും. തള്ളയാടിന്റേതാവില്ല. ചെറിയൊരുടിന്നു കിട്ടിയാൽ! ആട്ടിൻകാട്ടമെല്ലാം പെറുക്കി ടിന്നിലിട്ട്, ആ ടിന്നും കുലുക്കിക്കൊണ്ടു നടക്കാം. ഒരു ടിന്ന് എവിടെനിന്ന് കിട്ടാനാണ്? കുട്ടൻനായർ ചുണ്ണാമ്പിട്ടുവയ്ക്കാനുപയോഗിക്കുന്ന ടിന്നിനേക്കാൾ കുറച്ചുകൂടി വലിപ്പമുള്ള ഒരു ടിന്നാണു കിട്ടേണ്ടത്. ഒരു സിഗരറ്റ്ടിൻ കിട്ടിയാൻ ധാരാളമാണ്. പക്ഷേ, കിട്ടുണ്ടേ? ടിന്നിന്റെ കാര്യം തത്കാലം ആലോചിക്കേണ്ട.

ആട്ടിൻകൂടു തുറന്ന് ആട്ടിൻകുട്ടിയെ മുറ്റത്തേക്കു കൊണ്ടു വന്നാലോ? അതിനു പ്രയാസമാണ്. ആട്ടിൻകൂടു തുറക്കാം. ആട്ടിൻ കുട്ടിയെ അഴിച്ചുവിടാൻ വയ്യ. അഴിച്ചുവിടാതെ ആട്ടിൻകുട്ടി എങ്ങനെയാണു മുറ്റത്തേക്കു വരുക?

പെട്ടെന്ന്, പടിക്കൽനിന്ന്, പട്ടികൾ കുരയ്ക്കുന്ന ശബ്ദം കേട്ടു. അങ്ങോട്ടു നോക്കി. മൂന്നു പട്ടികളുണ്ട്. രണ്ടു പട്ടികൾ ചേർന്ന്, മൂന്നാമത്തെ പട്ടിയെയിട്ടു വിരട്ടുകയാണ്. മൂന്നാമത്തെ പട്ടി കുരയ്ക്കുകയല്ല, പല്ലിളിച്ചുകാട്ടുകയാണെന്നാണു പറയേണ്ടത്. പല്ലിളിച്ചുകാട്ടുന്ന പട്ടിയെ കാണാൻ നന്നല്ല.

രണ്ടു പട്ടികളും ചേർന്ന്, മൂന്നാമത്തെ പട്ടിയെ നിലത്തിട്ടു കടിച്ചു കുടയുന്നതു കണ്ടപ്പോൾ ഉണ്ണിക്കുട്ടനു പേടി തോന്നി. അവൻ രണ്ടടി പിനോക്കം നിന്നു.

കടിയേറ്റ പട്ടി, ഒരുവിധത്തിൽ രക്ഷപ്പെട്ട്, തൊഴുത്തിന്റെ ഭാഗത്തേക്കോടിപ്പോയി. മറ്റേപ്പട്ടികൾ റോഡിന്റെ മറ്റേ ഭാഗത്തേക്കും.

പടിക്കൽപോയി, പട്ടികൾ, കടിപിടികൂട്ടിയ സ്ഥലമൊന്നു കണ്ടാലോ? പടിക്കൽ ഒറ്റയ്ക്കുപോയി നില്ക്കുന്നതു കണ്ടാൽ

അച്ഛൻ ദേഷ്യപ്പെടും. കടലാസുവായനയിൽ മുഴുകിയിരിക്കുന്ന അച്ഛൻ താൻ പടിക്കൽ പോയി നില്ക്കുന്നതു കാണാതിരുന്നാലും, കാട്ടിക്കൊടുക്കാൻ കുട്ട്യേട്ടനുണ്ടല്ലൊ?

പടിക്കൽ പോയി നിന്നാൽ സമയം പോകുന്നതറിയില്ല. കുറച്ചു സമയംകൂടി കഴിയട്ടെ. അപ്പോൾ അച്ഛൻ ഓഫീസിലേക്കും, കുട്ട്യേട്ടൻ സ്കൂളിലേക്കും പോകുമല്ലോ? മുത്തശ്ശിയും അമ്മയും അടുക്കളയിലുമായിരിക്കും. പിന്നെ പടിക്കൽ പോയി നിന്നാൽ ആരാണറിയുക?

ഉമ്മറക്കോലായിൽ ആട്ടിൻകാട്ടം കണ്ടുകൊണ്ടു നിലക്കുന്നതിലും നല്ലത് അടുക്കളക്കോലായിൽ പോയി നില്ക്കുന്നതാണ്. അവിടെ ആരെങ്കിലുമൊരാളായി, എപ്പോഴും കാണും. ഇനി മനുഷ്യരാരുമില്ലെങ്കിൽ, അണ്ണാനോ കാക്കയോ ഉണ്ടാകാതിരിക്കില്ല. അവയുമില്ലെങ്കിൽ, വിറകിന്റെ മുകളിൽ വെച്ചിരിക്കുന്ന അരിപ്പിച്ചൂട്ടോ ചിരട്ടയോ എടുത്തു കളിക്കാമല്ലോ? ഇപ്പോൾ ആരൊക്കെയാവും അടുക്കളക്കോലായിലുണ്ടാവുക എന്നാലോചിച്ചുകൊണ്ട് അവൻ അങ്ങോട്ടു നടന്നു.

അടുക്കളക്കോലായിൽ മുത്തച്ഛനും അച്ഛനും കുട്ടൻനായരും കുട്ട്യേട്ടനുമൊഴികെ ബാക്കിയെല്ലാവരുമുണ്ട്.

മുത്തശ്ശിയും അമ്മയും അഭിമുഖമായിരുന്നു കൂട്ടാന്നു കഷണം നുറുക്കുവാനുള്ള ആരംഭമാണ്. അവരുടെ മുമ്പിൽ ഒരു പഴുത്ത മത്തനും ഒരു ചെറിയ കുട്ടയിൽ കുറെ കൂർക്കയുമുണ്ട്. അമ്മയുടെ കൈയിൽ മേശക്കത്തിയും മുത്തശ്ശിയുടെ കയ്യിൽ ചെല്ലത്തിലെ ചെറിയ കത്തിയുമാണ്. അമ്മിണി തിണ്ണയിൽ ഒരോടംകൊണ്ടു തല്ലി ശബ്ദമുണ്ടാക്കിക്കൊണ്ടു നിൽക്കുന്നു. തെങ്ങിൻതടത്തിലിരുന്നു പാത്രങ്ങൾ കഴുകുകയാണ് കാളിയമ്മ.

"കാളിയമ്മേടെ ചുന്തരക്കുട്ടി വന്നു."

കാളിയമ്മയാണ് ഉണ്ണിക്കുട്ടൻ വരുന്നത് ആദ്യം കണ്ടത്.

"ദാ ചെക്കനെത്തി, ഇനി സ്വൈരം തരില്ല!" മുത്തശ്ശിയും പറഞ്ഞു.

"ചെന്ന് അച്ഛന്റെ അടുത്തിരുന്നൂടെ!" അമ്മ ചോദിച്ചു.

ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ കുറച്ചുനേരം മര്യാദക്കാരനെപ്പോലെ കാളിയമ്മ പാത്രം തേച്ചുകഴുകുന്നതു നോക്കിക്കൊണ്ടു നിന്നു. അവന്റെ കണ്ണ് അമ്മിണിയുടെ കയ്യിലുള്ള ഓടത്തിലാണ്. അതു കിട്ടിയാൽ മുറ്റത്തു കിടക്കുന്ന കുറെ ആട്ടിൻകാട്ടം അതിലെടുത്തിടാം. ആരെയും ബുദ്ധിമുട്ടിക്കാതെ ഉമ്മറത്തേക്കു പോകുകയുമാവാം.

കുറച്ചു കഴിഞ്ഞപ്പോൾ അമ്മിണിയുടെ അടുത്തേക്കു വന്നു. അമ്മിണി ഓടംകൊണ്ട് അവന്റെ കയ്യിൽ തല്ലി. അവൻ മാറിനിന്നു.

അമ്മ മത്തൻ രണ്ടായി മുറിച്ചു. മത്തൻകഷണത്തിന്റെ വക്കുകളിൽ നേരിയ നനവും പൊടിഞ്ഞു. വൈകുന്നേരം ചായ കുടിക്കുമ്പോൾ മുത്തച്ഛന്റെ നെറ്റി വിയർക്കുന്നതുപോലെയാണതെന്ന് ഉണ്ണിക്കുട്ടന്നു തോന്നി.

മത്തന്റെ ഉള്ളു കാണാൻ കൊള്ളാം. ശരിക്ക് ചുകപ്പുനിറമല്ല; മഞ്ഞനിറവുമല്ല; അങ്ങനത്തെ ഒരു നിറം.

അമ്മ മത്തന്റെ ഉള്ളിലെ ചോറും വിത്തുകളും ചുരണ്ടിയെടുത്ത് നിലത്തിട്ടു. മത്തൻ, ചെറുകഷണങ്ങളായി നുറുക്കി അടുക്കുചെമ്പിലിട്ടു. എത്ര ക്ഷണത്തിലാണ്, അമ്മയിതെല്ലാം ചെയ്തുതീർത്തതെന്നോ! മുത്തശ്ശി. കൂർക്കയുടെ തൊലി ചുരണ്ടിക്കളഞ്ഞുതീർന്നിട്ടില്ല. ഇത്രയും കൂർക്കയുടെ തൊലി കളഞ്ഞു ശരിപ്പെടുത്താൻ ഇനിയും കുറെ സമയം പിടിക്കും.

കൂട്ടാന്റെ കഷണം നുറുക്കാൻ വെങ്കിടേശ്വരയ്യർതന്നെയാണ് മിടുക്കൻ. കഴിഞ്ഞ മാസം അച്ഛന്റെ പിറന്നാളിനു വെങ്കിടേശ്വരയ്യരുടെ ദേഹണ്ണമായിരുന്നു. പരത്തിയിട്ട നാക്കിലകളിൽ മത്തനും കുമ്പളങ്ങയും ചേനയുമൊക്കെ എത്ര ക്ഷണത്തിലാണ് അദ്ദേഹം നുറുക്കിക്കൂട്ടിയതെന്നോ! സഹായിക്കാൻ കുട്ടൻനായരുമുണ്ടായിരുന്നു. ചേന നുറുക്കാനാണ് കുട്ടൻനായർ സഹായിച്ചത്. അയാളുടെ ചൂണ്ടാണിവിരൽ അല്പം മുറിയുകയുണ്ടായി. മുറിഞ്ഞ ഭാഗം, അയാൾ വായ്ക്കകത്താക്കി ഈമ്പിയീമ്പി കുടിച്ചു. ചോര വരുന്നതു നിന്നപ്പോൾ, അടുക്കളയിലെ ചുമരിൽനിന്നു. ലേശം മാറാലയെടുത്ത് മുറിവിൽ വെച്ചുകെട്ടി.

അമ്മ, അടുക്കുചെമ്പ് അടുക്കളയിൽ കൊണ്ടുപോയി വെച്ചുവന്ന്, കൂർക്കയുടെ തൊലി കളയുന്നതിൽ മുത്തശ്ശിയെ സഹായിക്കാൻ തുടങ്ങി.

അമ്മിണി, അമ്മയുടെ അടുത്തേക്കു നടന്നു. ഓടം കൈയിൽ തന്നെയുണ്ട്, ധൃതിപ്പെട്ടു നടക്കുന്നതിനിടയിൽ അവൾ മത്തന്റെ ചോറിൽ ചവുട്ടി കമിഴ്ന്നു വീണു. ഓടം അവളുടെ കൈയിൽനിന്ന്, മുറ്റത്തേക്കു തെറിച്ചുപോയി.

ഓടം മുറ്റത്തു തെറിച്ചുവീഴേണ്ട താമസം, ഒരു കാക്ക ഓടം കൊത്തിക്കൊണ്ട്, കക്കൂസിന്റെ ഓട്ടിൻപുറത്തു ചെന്നിരുന്നു. അവിടെനിന്നും മാവിന്റെ കൊമ്പത്തേക്കു പറന്നുപോയി. തൊടിയിൽ പണിയെടുത്തു കൊണ്ടിരുന്ന കുട്ടൻനായർ സംഗതിയറിഞ്ഞു. കാക്കയെ കല്ലെടുത്തെറിഞ്ഞു. ഓടം താഴെ വീണു. ഉണ്ണിക്കുട്ടൻ, ഇതിനകം തൊടിയിൽ എത്തിക്കഴിഞ്ഞിരുന്നു. താഴെ വീണ ഓടം ഓടിച്ചെന്നെടുത്തത് അവനാണ്.

കരയുന്ന അമ്മിണിയെ ഒക്കത്തുവെച്ചുകൊണ്ട് അമ്മയും

തൊടിയിലേക്കു വന്നു. ഓടം കണ്ടപ്പോൾ അമ്മിണി കരച്ചിൽ മാറ്റിയെങ്കിലും ഉണ്ണിക്കുട്ടൻ ഓടം അവൾക്കു കൊടുത്തില്ല.

അമ്മയും പറഞ്ഞു: "ഓടം കൊടുക്കണ്ട. നീ അതുകൊണ്ട് ഇവിടുന്നു പൊയ്ക്കോ."

ഉണ്ണിക്കുട്ടൻ ഓടവുമായി അടുക്കളക്കോലായിലേക്കു തന്നെ പോയി. അപ്പോൾ, അമ്മിണി വീണ്ടും കരയാൻ തുടങ്ങി. കരയുന്ന അമ്മിണിയേയുമായി അമ്മ അകത്തേക്കു നടന്നു. എന്തൊരു കരച്ചിലാണ്! കരയട്ടെ.

കുറെ കഴിഞ്ഞപ്പോൾ കരച്ചിൽ നിന്നു. അമ്മയുടെ മുല കുടിക്കുക യായിരിക്കുമെന്ന് ഉണ്ണിക്കുട്ടൻ വിചാരിച്ചു. ഇനി മുലകുടിച്ചുകൊണ്ട് ഉറങ്ങിക്കൊള്ളും.

ഉണ്ണിക്കുട്ടൻ ധൈര്യത്തോടെ ഓടവുമായി ഉമ്മറമുറ്റത്തേക്കു വന്നു. തൊടിയിലേക്കു നോക്കി. തൊടിയുടെ അങ്ങേയറ്റത്തുള്ള മാവിൻ ചുവട്ടിൻനിന്ന്, കുട്ടൻനായരുടെ കൈക്കോട്ടു താഴുന്നു. പൊങ്ങുന്നു. വീണ്ടും താഴുന്നു. പൊങ്ങിന്നു. മനസ്സിലായി. അയാൾ കാവത്ത് പറിക്കയാവും. തിരുവാതിരയ്ക്ക് ഇനി ഒരാഴ്ചയുംകൂടിയേയുള്ളവെന്നല്ലേ. അമ്മ പറഞ്ഞത്. പടർക്കായ ഇന്നലെത്തന്നെ കുട്ടൻനായർ പുകവെച്ചു കഴിഞ്ഞു.

കാവത്തു പറിക്കുന്നതു കാണാൻ തൊടിയിലേക്കു പോകണോ, അതോ കൈയിലുള്ള ഓടത്തിൽ ആട്ടിൻകാട്ടം വാരിയിട്ടു കളിക്കണോ? ആട്ടിൻകാട്ടം വാരിയിട്ടു കളിക്കാം. അച്ഛനും കുട്ട്യേട്ടനും ഉമ്മറത്തു തന്നെയുണ്ട്. അപ്പോൾ ആട്ടിൻകാട്ടംകൊണ്ടുള്ള കളി പറ്റില്ല. തൊടിയിലേക്ക് പോകാനും പറ്റില്ല. തൊടിയിലേക്കു വരുന്നതു കാണുമ്പോൾത്തന്നെ കുട്ടൻനായർ പറയും: "വരണ്ട, മുള്ളുകുത്തും."

കുട്ടൻനായർ പറയുന്നത് അച്ഛൻ കേൾക്കാതിരിക്കില്ല. അപ്പോൾ അച്ഛൻ ദേഷ്യപ്പെടും.

കിണറ്റിൻകരയിൽത്തന്നെ പോകാം. അവിടെ ചെറിയൊരു കളി കളിക്കാനുള്ള സാധനങ്ങളുണ്ട്. ആരുമില്ലെങ്കിൽ അതു സാധിക്കും. ഒരു ചെറിയ വടിയും കുറെ ഓലക്കഷണങ്ങളും, ഒരു ചെമ്പു വെള്ളവും വേണം. പിന്നെ വേണ്ടത് ഒരോടമാണ്. അതു കയ്യിലുണ്ടല്ലൊ.

വെള്ളം നിറച്ചതും നിറയ്ക്കാത്തതുമായ ഓരോ ചെമ്പ് കിണറ്റിൻ കരയിൽ ഇരിക്കുന്നത് അവൻ കണ്ടിട്ടുണ്ട്. വെള്ളം നിറച്ച ചെമ്പിൽനിന്ന് ഓടംകൊണ്ട് കുറെ വെള്ളം മുക്കി നിലത്തൊഴിക്കുക. ചെമ്പിലെ വെള്ളം പകുതിയായാൽ കുറെ ഓലക്കഷണങ്ങൾ ചെമ്പിൽ വാരിയിടുക, എന്നിട്ട് ചെറിയ വടി ചെമ്പിലിട്ട് വേഗത്തിൽ

വേഗത്തിലങ്ങനെ കുറെ നേരം ഇളക്കിയശേഷം വടിയെടുക്കുക. അപ്പോൾ വെള്ളത്തിന്റെ ചുഴികളിൽ കിടന്ന് ഓലക്കഷണങ്ങൾ വട്ടംചുറ്റുന്നതു കണ്ടു രസിക്കാം.

വെള്ളത്തിലെ ചുഴികൾ അവസാനിച്ചാൽ വീണ്ടും വടിയിട്ടിളക്കുക.

കിണറ്റിൽകരയിൽ ആരുമില്ലെങ്കിൽ നന്നായിരുന്നുവെന്നാഗ്രഹിച്ചു കൊണ്ടു ചെന്നപ്പോൾ, മുത്തശ്ശിയതാ പ്ലാവില കുത്തിക്കൊണ്ടു നില്ക്കുന്നു. കാളിയമ്മ കുനിഞ്ഞുനിന്ന് കഞ്ഞിക്കൂർക്കിലനുള്ളുന്നു. എന്തിനാണാവോ കഞ്ഞിക്കൂർക്കില?

ഒന്നും സാധിക്കുമെന്നു തോന്നുന്നില്ല. മുത്തശ്ശിയും കാളിയമ്മയും കിണറ്റിൻകരയിലുണ്ടെന്നതുപോകട്ടെ,
കിണറ്റിൻകരയിലുണ്ടായിരുന്ന ചെമ്പുകൾ രണ്ടും എവിടെയാണ്? കാണാനില്ലല്ലോ?

ഉണ്ണിക്കുട്ടന്റെ പരിപാടികളെല്ലാം നിലംപറ്റി. മുത്തശ്ശി പ്ലാവില കുത്തുന്നതു കണ്ണിൽ ധാരയിടാനാണ്. രാവിലെയും വൈകുന്നേരവും ധാരയിടണം. രാവിലെ അമ്മയും കാളിയമ്മയുംകൂടിയാണ് ധാരയിട്ടു കൊടുക്കുക. വൈകുന്നേരം കാളിയമ്മയ്ക്കു പകരം കുട്ടൻനായരാണ്.

മുത്തശ്ശിക്ക് പ്ലാവിലകൾകൊണ്ടു കാളകളെയുണ്ടാക്കാനൊന്നു മറിഞ്ഞുകൂടാ. അത് അവനറിയാമെങ്കിലും അവൻ ചോദിച്ചു: “മുത്തശ്ശി പ്ലാവിലോണ്ട് കാളേണ്ടാക്കി തരോ?”

“മുത്തശ്ശിക്കതൊന്നും നിശ്ചല്യേന്റെ കുട്ട്യേ. അതൊക്കെ കുട്ടൻനായരോട് പറഞ്ഞോ.”

മുത്തശ്ശി അകത്തേക്കു പോയി. മടിക്കുത്തിൽ കഞ്ഞിക്കുർക്കിലയുമായി കാളിയമ്മ പിന്നാലെയും.

ഇപ്പോൾ കിണറ്റിൻകരയിലോ അടുക്കളക്കോലായിലോ ആരുമില്ല. അടുക്കളക്കോലായിലേക്കു വന്നു, ഉണ്ണിക്കുട്ടൻ. അടുക്കളക്കോലായിൽ മത്തന്റെ ചോറ്, വിത്തുകൾ, കൂർക്കയുടെ തൊലി എല്ലാംകൂടി അലവലാതിയായി കിടക്കുകയാണ്.

ഉണ്ണിക്കുട്ടൻ കോലായിൽനിന്ന് അകത്തേക്കു കടക്കുവാനുള്ള വാതില്ക്കൽ വന്നു പാളിനോക്കി. അടുക്കളത്തളത്തിൽ, പുല്പായിൽ മലർന്നു കിടക്കുന്ന മുത്തശ്ശിയുടെ കണ്ണുകളിൽ അമ്മയും കാളിയമ്മയും ചേർന്ന് ധാരയിടാൻ തുടങ്ങിയിരിക്കുന്നു. നന്നായി. ഇനി കുറച്ചുനേരത്തേക്ക് ആരും വരില്ല. കോലായിൽ കിടക്കുന്ന മത്തന്റെ വിത്തുകളും ചോറും ഓടത്തിൽ നിറച്ച് മുറ്റത്തേക്കിട്ടു. ഒന്ന്, രണ്ട്, മൂന്ന്, നാല്—എത്രയായിട്ടും കഴിയുന്നില്ല. ഓടത്തിന്റെ അടിയിൽ, ചോറും വിത്തറുകളും വല്ലാതെ പറ്റിപ്പിടിച്ചിരിക്കുന്നു.

എന്നാലിനി ഓടം വേണ്ട. ഓടം താഴത്തു വച്ച് രണ്ടു കൈകൾ കൊണ്ടും വാരി മുറ്റത്തേക്കിടാൻ തുടങ്ങി.

ആ കള്ളക്കാക്ക വീണ്ടും ഓടം കൊത്തിക്കൊണ്ടു പറന്നുപോയി. ഉണ്ണിക്കുട്ടൻ നിലവിളിക്കാൻ തുടങ്ങി. അവന്റെ നിലവിളി കേട്ട് അമ്മയും കാളിയമ്മയും ധാരക്കിണ്ണങ്ങളുമായി വാതില്ക്കൽ വന്നു ചോദിച്ചു: "എന്തേ?"

"കാക്ക ഓടം കൊത്തിക്കൊണ്ടോയി."

"നന്നായി."

അമ്മയും കാളിയമ്മയും വാതിലക്കൽനിന്നു പോയി.

ഉണ്ണിക്കുട്ടൻ നിലവിളി നിർത്തുന്നില്ല. അച്ഛൻ ഉമ്മറത്തുനിന്ന് ഓടിവന്നു ചോദിച്ചു: "എന്താ മോനേ?"

"കാക്ക ഓടം കൊത്തിക്കൊണ്ടോയി."

"സാരമില്ല." അച്ഛൻ അവനെ എടുത്തുകൊണ്ട് ഉമ്മറത്തേക്കു പോയി.

എത്ര പാടുപെട്ടാണ് ഓടം കിട്ടിയത്! എന്നിട്ട് ആ കാക്ക കൊത്തിക്കൊണ്ടു പോയില്ലേ? അവൻ ഓർത്തോർത്തു കരഞ്ഞു.

"ആയി, ആയി! ഇങ്ങനെ കരഞ്ഞാലോ? അച്ഛൻ അവനെ തോളിൽ കിടത്താൻ നോക്കിക്കൊണ്ടു പറഞ്ഞു.

അവനുണ്ടോ കരച്ചിൽ മാറ്റുന്നു?

"കുട്ട്യേട്ടന്റെ പുസ്തകം നോക്കണോ?"

"ഉം, ഉം."

"മുത്തശ്ശീടെ കണ്ണിൽ ധാരയിടണതു കാണണോ?"

അവനൊന്നും വേണ്ട. വേണ്ടത് ഓടം മാത്രമാണ്.

"കുട്ട്യേട്ടന്റെ പുസ്തകത്തിൽനിന്ന് മയിൽപ്പീലി എടുത്തു തരട്ടേ?"

'വേണ'മെന്നർത്ഥത്തിൽ അവൻ തലയാട്ടി. അച്ഛൻ അവനെ ബഞ്ചിൽവെച്ച് കുട്ട്യേട്ടനോട് മയിൽപ്പീലി കൊടുക്കാൻ പറഞ്ഞു.

കുട്ട്യേട്ടൻ പുസ്തകത്തിൽനിന്നു മയിൽപ്പീലിയെടുത്തു കൊടുത്തു. ഉണ്ണിക്കുട്ടനു സന്തോഷമായി. നിലവിളി തേങ്ങലുകളായി മാറി. താമസിയാതെ തേങ്ങലുകളും മാറി. അവൻ ചിരിച്ചു.

"സ്ലേറ്റുപെൻസിൽ വേണമെങ്കിൽ, ന്നാ ഒരു കഷണം."

കുട്ട്യേട്ടൻ അവന്റെ കീശയിൽ ഒരു കഷണം സ്ലേറ്റ്പെൻസിലിട്ടു കൊടുത്തു.

"എഴുതണോ?"

"വേണം."

കുട്ട്യേട്ടൻ സ്ലേറ്റ് തുടച്ചുകൊടുത്തു.

ഉണ്ണിക്കുട്ടൻ സ്ലേറ്റിൽ അവന്റിയാവുന്ന പ,വ,റ എന്നീ അക്ഷരങ്ങളെഴുതി.

മയിൽപ്പീലി ഇടത്തേ കൈയിലാണ്.

കുട്ട്യേട്ടൻ സ്നേറ്റിൽ ഇഷ്ടംപോലെ എഴുതിക്കോളാൻ പറഞ്ഞു. കുട്ട്യേട്ടന്റെ സ്നേഹപ്രകടനങ്ങൾ കണ്ടപ്പോൾ ഉണ്ണിക്കുട്ടനു വളരെ സന്തോഷം തോന്നി. ഇനി കുട്ട്യേട്ടന്റെ സ്ലേറ്റ് ഉടയ്ക്കുകയില്ല. കുട്ട്യേട്ടന് തന്നെ എന്തിഷ്ടമാണ് തനിക്ക് കുട്ട്യേട്ടനേയും ഇഷ്ടമാണ്. ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു.

## അഞ്ച്

കുട്ട്യേട്ടനെക്കുറിച്ച് നല്ല അഭിപ്രായത്തോടെ, ഉണ്ണിക്കുട്ടൻ ബഞ്ചിൽ നിന്നെഴുന്നേറ്റ്, ഉമ്മറക്കോലായിൽ വന്നുനിന്നു. കൈയിൽ മയിൽപ്പീലിയും കീശയിൽ പെൻസിൽക്കഷണവുമുണ്ട്.

മുറ്റത്ത് ആട്ടിൻകാട്ടം ഇപ്പോഴുമുണ്ട്. ഇനി നാളെ രാവിലെ മുണ്ടി അടിച്ചുവാരുന്നതുവരെ അതവിടെത്തന്നെ കിടക്കും.

ഇടയ്ക്കിടയ്ക്കു തൊടിയിൽനിന്ന്, തിണ്ടത്തേക്ക് ഓടിപ്പാഞ്ഞെത്താറുള്ള ഓന്ത് തിണ്ടത്തുണ്ടിപ്പോൾ. എത്രനേരമായി തിണ്ടത്തെത്തിയിട്ടാവോ?

ഇന്നാളൊരു ദിവസം, എണ്ണക്കച്ചവടക്കാരൻ മൊയ്തീൻ പടിക്കൽ നിന്ന് ഒരോന്തിനെ കല്ലുകൊണ്ടെറിഞ്ഞു കൊന്നു. വെറുതെ എറിഞ്ഞു കൊന്നതൊന്നുമായിരുന്നില്ല. മൊയ്തീൻ വളർത്തുന്ന മെരുവിന്, തിന്നാൻ കൊടുക്കാനാണത്രെ.

ഉണ്ണിക്കുട്ടൻ മെരുവിനെ കണ്ടിട്ടില്ല. കിരിയെപ്പോലിരിക്കുമെന്നാണ് കുട്ടൻനായർ പറഞ്ഞത്. കിരിയെത്തന്നെ രണ്ടോ മൂന്നോ പ്രാവശ്യമാണു കണ്ടിട്ടുള്ളത്. അതാകട്ടെ ദൂരത്തുനിന്നാണുതാനും.

മെരു, കീരി, ഓന്ത്, കാക്ക ഇങ്ങനത്തതൊക്കെയാണ്.

കാക്കയെക്കുറിച്ചോർത്തപ്പോൾ ഓടത്തിന്റെ കാര്യമോർത്തു. കാക്കയ്ക്ക് ഓടമെന്തിനാണ്? അതു തിന്നാനുള്ള സാധനമൊന്നുമല്ലല്ലൊ? പറന്നുപോകുമ്പോൾ, കൊക്കിൽനിന്നും വല്ലിടത്തും വീണുപോയിട്ടുണ്ടാകുമത്.

അച്ഛൻ അമ്മയെ വിളിച്ച് താടി വടിക്കാൻ വെള്ളം കൊണ്ടുവരാൻ പറഞ്ഞു. അച്ഛൻ ഓഫീസിൽ പോകുന്നതിനുമുമ്പ് എല്ലാ ദിവസവും താടി വടിക്കും.

ഉണ്ണിക്കുട്ടൻ കോലായിൽനിന്ന് ഉമ്മറത്തേക്കു വന്നു. ഇനി കുറച്ചു നേരം അച്ഛൻ താടി വടിക്കുന്നതു നോക്കിക്കൊണ്ടിരിക്കാം. സ്കൂളിൽ പോകാൻ തയ്യാറായി നില്ക്കുന്ന കുട്ട്യേട്ടന് മയിൽപ്പീലി

തിരിച്ചു കൊടുത്തു.
കുട്ട്യേട്ടൻ സഞ്ചി തുറന്ന് പുസ്തകത്തിനകത്തു മയിൽപ്പീലിവെച്ച്, സന്തോഷത്തോടെ അവൻഡേ കവിളുകളിലൊന്നു തടവി. എന്നിട്ട് സ്കൂളിലേക്കു പോയി.
അമ്മ ഒരു ചെറിയ അടുക്കുചെമ്പിൽ വെള്ളംകൊണ്ടുവന്നു ബഞ്ചിൽവെച്ചു. അമ്മയുടെ ഒക്കത്ത് അമ്മിണിയുണ്ട്. അവളുടെ കൈയിൽ ചെറിയൊരു ഇലക്കഷണമുണ്ട്.
ഇലക്കഷണം നുനുനുനുന്നനെ ചീന്തി മൂക്കുത്തിതൊങ്ങൽ ഉണ്ടാക്കാനറിയാം കാളിയമ്മയ്ക്ക്. ഈ ഇലക്കഷണവും കാളിയമ്മ കൊടുത്തതാവുമവൾക്ക്.
അച്ഛൻ കസാലയിൽനിന്നെഴുന്നേറ്റ്, പേപ്പർ മേശപ്പുറത്തേക്കിട്ട്, ഒന്നു മൂരിനിവർന്നു കോട്ടുവായിട്ടു. ഒന്നുരണ്ടു നിമിഷം ഷാർപ്പറിലിട്ട് ബ്ലേഡ് മൂർച്ചകൂട്ടി.
അച്ഛൻ മുഖത്ത് സോപ്പു തേച്ചപ്പോൾ ഉണ്ണിക്കുട്ടൻ ഊറിച്ചിരിച്ചു. താടി വടിക്കുമ്പോഴത്തെ കറകറശബ്ദം ശ്രദ്ധിച്ചു കേട്ടു. നല്ല മൂർച്ചയുള്ള ബ്ലേഡാവും.
താടി വടിച്ചു കഴിഞ്ഞശേഷം അച്ഛൻ വലിയ മുണ്ട് അഴിച്ചുവെച്ച് തോർത്തമുണ്ടുടുത്ത് കുളിക്കാൻ കിണറ്റിൻകരയിലേക്കു പോയി.
ഷേവിങ് സാധനങ്ങൾ കഴുകാതെ അതേപടി ബഞ്ചിൽ ഇരിക്കുകയാണ്. എല്ലാം കഴുകിത്തറുടച്ച് അകത്തു കൊണ്ടുപോയി വെക്കേണ്ടത് അമ്മയാണ്. അമ്മയിപ്പോൾ, അച്ഛന് വെള്ളം കോരിക്കൊടുത്തു കൊണ്ടിരിക്കയാവും. കുറച്ചുനേരത്തിന് അമ്മ ഇങ്ങോട്ടൊന്നും വരില്ല.
ഉണ്ണിക്കുട്ടൻ ബ്രഷ് എടുത്തു നോക്കി. ബ്രഷിൽ സോപ്പ് ഇനിയും ഉണ്ട്. അവൻ ബ്രഷ് എടുത്ത് മുഖത്തു തേയ്ക്കാൻതുടങ്ങി. കുറെ തേച്ചപ്പോൾ, കണ്ണാടിയിൽ നോക്കി. തന്റെ രൂപം കണ്ടപ്പോൾ, അവനു തന്നെ ചിരിവന്നു. ഭേഷായിരിക്കുന്നു! എന്തൊരു പത, എന്തൊരു നിറം! ബഹുരസം!
അമ്മ പെട്ടെന്ന് ഉമ്മറത്തേക്കു വന്നു. അമ്മയ്ക്ക് ദേഷ്യവും ചിരിയും വന്നു. എന്തു പറയാനാണ്?
അമ്മ സൂക്ഷിച്ചുനോക്കി, ദേഷ്യം അമ്മയിൽനിന്നു പറന്നകന്നു. അമ്മ നിന്നു പൊട്ടിച്ചിരിക്കാൻ തുടങ്ങി. അമ്മയുടെ ചിരി കേട്ട് മുത്തശ്ശിയും കാളിയമ്മയും ഉമ്മറത്തേക്കു വന്നു. ഉണ്ണിക്കുട്ടനെ കണ്ടപാടെ അവരും ചിരിക്കാൻ തുടങ്ങി.
ചിരിയോടു ചിരി.
ഉണ്ണിക്കുട്ടന് ആകെക്കൂടി ഒരു ജാള്യതയാണ്. പരിഭ്രമമാണ്. അമ്മ അവന്റെ നിലപാടു മനസ്സിലാക്കി. അവനെ വന്നെടുത്ത്

സോപ്പിന്റെപതയുള്ള അവന്റെ കവിളുകൾ രണ്ടിലും ഉമ്മവെച്ചു.

അമ്മയുടെ ചുണ്ടത്തും കവിളുകളിലുംകൂടി സോപ്പിൻപതയായി.

കാളിയമ്മ സ്വരം നീട്ടിക്കൊണ്ടു പറഞ്ഞു: "ന്നാലേ, ചുന്തരക്കുട്ടീച്ച്യാല്, ചുന്തരക്കുട്ടിന്ന്യാണ്."

അമ്മേ, അവനെ നിലത്തുതന്നെ വച്ച് അവന്റെ മുഖത്തും തന്റെ മുഖത്തുമുള്ള സോപ്പിൻപത തുടച്ചുകളഞ്ഞു. എന്നിട്ടു ഷേവിങ് സാധനങ്ങൾ കഴുകിത്തറുടച്ച് അകത്തുകൊണ്ടുപോയി വച്ചു.

അച്ഛൻ അലക്കിയ മുണ്ടും ഷർട്ടും ധരിച്ച് ഓഫീസിലേക്കു പോകാൻ തയ്യാറായി ഉമ്മറത്തേക്കു വന്നു. അമ്മ അച്ഛന് കുടകൊണ്ടു വന്നു കൊടുത്തു. ഉണ്ണിക്കുട്ടൻ അത് ഇഷ്ടപ്പെട്ടില്ല. സാധാരണയായി അമ്മ കുട അച്ഛനു കൊടുക്കാനായി ഉണ്ണിക്കുട്ടന്റെ കൈയിൽ കൊടുക്കുകയാണ് പതിവ്. ഇന്ന് എന്തുകൊണ്ടാണങ്ങനെ ചെയ്യാഞ്ഞത്?

അച്ഛൻ മുറ്റത്തേക്ക് ഇറങ്ങിയപ്പോഴാണ് കുട കൊണ്ടുവന്നു കൊടുത്തത്. അതിനുമുമ്പുതന്നെ, കുട തന്റെ കൈയിൽ തരാൻ ധാരാളം സമയമുണ്ടായിരുന്നു.

അച്ഛൻ കുട നിവർത്തി മുമ്പോട്ടു നടന്നപ്പോൾ, ഉണ്ണിക്കുട്ടൻ കരയാൻ തുടങ്ങി. അപ്പോഴാണ് അമ്മയ്ക്കു കാര്യം മനസ്സിലായത്. ഇനി എന്തു ചെയ്യാനാ? അച്ഛൻ പോയില്ലേ? "ഞാനതു മറന്നതാണ്. ഇനി ഞങ്ങനെ വരില്ല." അമ്മ തലയിൽ കൈവച്ചുകൊണ്ടു പറഞ്ഞു.

അമ്മയുടെ ക്ഷമാപണമൊന്നും ഉണ്ണിക്കുട്ടന്റെ കരച്ചിൽ നിർത്തുന്നില്ല.

എന്താണങ്ങനെ ഒരു മറവി വരാൻ എന്നാണ് ഉണ്ണിക്കുട്ടന്.

ഇഷ്ടംപോലെ കരഞ്ഞുകൊള്ളാൻ പറഞ്ഞുകൊണ്ട് അമ്മ അകത്തേക്കുപോയി. ഉണ്ണിക്കുട്ടൻ അധികം വാശിയോടെ നിലത്തിരുന്ന്, കാൽവണ്ണകൾ നിലത്തിട്ടടിച്ച് പുളഞ്ഞു കരയുവാൻ തുടങ്ങി.

കുട്ടൻനായർ തൊടിയിൽനിന്ന് തലയിലൊരു കുട്ടയും കൈയിൽ കൈക്കോട്ടുമായി ഉമ്മറത്തേക്കു വന്നു.

കുട്ടയും കൈക്കോട്ടും കോലായിൽ വെച്ച് തോർത്തുമുണ്ട് അഴിച്ചുകുടഞ്ഞു ചുറ്റിക്കൊണ്ട് കുട്ടൻനായർ ചോദിച്ചു: "ആയി ആയി, ഇങ്ങ്നെകര്യേ! ആങ്കട്ട്യോള് ഇങ്ങനെ കരഞ്ഞാലോ?"

ഉണ്ണിക്കുട്ടൻ കരച്ചിലിന്റെ ശക്തി കുറച്ചൊന്നു കുറച്ചുകൊണ്ടു ചോദിച്ചു: "യ്ക്ക് തരാംന്ന് പറഞ്ഞ സാധനെവിടെ?"

തൊടിയിൽനിന്ന് വരുമ്പോൾ ഒരു സാധനം കൊണ്ടുവന്നു തരാമെന്ന് കുട്ടൻനായർ പറഞ്ഞ കാര്യം ഉണ്ണിക്കുട്ടൻ മറന്നിട്ടില്ല. കുട്ടൻ നായരാകട്ടെ മറന്നിരിക്കയുമാണ്. വല്ലതുമൊന്നു

കൊണ്ടുവന്നിരുന്നെങ്കിൽ, കരച്ചിൽ നിർത്താമായിരുന്നു.

കുട്ടൻനായർ വലിയൊരു കാര്യമോർത്തിട്ടെന്നപോലെ പറഞ്ഞു: "അതൊക്കെ പോട്ടെ, നമുക്ക് കായ്ക്ക് പുകയൂതണ്ടേ?"

"എന്ത്?" ഉണ്ണിക്കുട്ടനാദ്യം മനസ്സിലായില്ല.

"കായ പുകയിൽ വെച്ചിട്ടില്ലേ വടക്ക്വോർത്ത്. അതിന് പുക ഊതണ്ടേ? വരൂ, പൊവ്വാ."

അവൻ കരച്ചിൽ നിർത്തി.

ശരിയാണ്. വീടിൻഡേ വടക്കുഭാഗത്തെ ഓവിൻകാലിന്റെ അടുത്തായികായ പുകയിൽവെച്ചത് രണ്ടു ദിവസങ്ങൾ മുമ്പാണ്. തിരുവാതിരയ്ക്കുള്ളതാണ്. തിരുവാതിരയ്ക്ക് ഇനി ഒരാഴ്ചയേയുള്ളൂ.

കായ പുകയിൽ വെച്ചത് കുട്ടൻനായർതന്നെയാണ്. വടക്കു ഭാഗത്തെ ഓവിൻചാലിന്റെ അടുത്തുള്ള ചുമരിനോടു ചേർത്ത് വാഴക്കുലകൾ വെച്ചു. എല്ലാംകൂടി പത്തു കുലകൾ. കുന്നനും മൈസൂർപ്പൂവനും ഏറാടനും കദളിയുമൊക്കെയുണ്ട്. ഉണങ്ങിയ വാഴയിലകളും വൈക്കോലുംകൊണ്ട് വാഴക്കുലകൾ നല്ലപോലെ പൊതിഞ്ഞു. എന്നിട്ടതിന്റെ മുകളിൽ ചവുട്ടിക്കുഴച്ച മണ്ണെടുത്തിട്ടു മൂടി. പുകയുതാൻ ഒരു കണ്ണഞ്ചിരട്ട വയ്ക്കാനുള്ള സ്ഥലത്തുമാത്രം മണ്ണിട്ടില്ല. മണ്ണിട്ടു മൂടിയശേഷം ചാണകം കലക്കി വൃത്തിയാക്കി തേമ്പി ശരിപ്പെടുത്തി. ചാണകം കലക്കി തേമ്പിയത് കാളിയമ്മയാണ്. മണ്ണിട്ടു മൂടാത്ത സ്ഥലത്ത് കണ്ണഞ്ചിരട്ട ഉറപ്പിച്ചുവെച്ച്, കണ്ണഞ്ചിരട്ടയിൽ ചകിരിയും തീക്കനലുമിട്ട് കുട്ടൻനായർ ഊതാൻ തുടങ്ങിയപ്പോൾ കാളിയമ്മ പറഞ്ഞു: "അസ്സലായ്ക്കണ്ണ്."

"മുണ്ടാതിരുന്നോളിൻ, ങ്ങ്ടൊരു കരിനാവ്."

കുട്ടൻനായർ ദേഷ്യപ്പെട്ടു. മിനിഞ്ഞാനാണിതുണ്ടായത്. ഇന്നലെ പുകയുതുമ്പോൾ, കാളിയമ്മ അങ്ങോട്ടൊന്നും എത്തിനോക്കുക പോലുമരുതെന്ന് കുട്ടൻനായർ പറഞ്ഞു.

കാളിയമ്മ അങ്ങോട്ടൊന്നും വരികേ ഉണ്ടായില്ല.

ഇന്നും വരികയുണ്ടാവില്ല.

ഉണ്ണിക്കുട്ടൻ കുട്ടൻനായരോടൊപ്പം കായ്ക്ക് പുകയുതാൻ പോയി. കുട്ടൻനായർ ചകിരിയും ഒരു കരണ്ടിയും രണ്ടുമൂന്നു തീക്കനലുകളുമായി ഉണ്ണിക്കുട്ടനോടൊപ്പം വടക്കുഭാഗത്തെത്തി. കണ്ണഞ്ചിരട്ടയിൽ പൊതിഞ്ഞുവെച്ചിരിക്കുന്ന മണ്ണ് അടർത്തിക്കളഞ്ഞ് അതിൽ ചകിരിയും തീക്കനലുകളും നിറച്ച് ഊതാൻ തുടങ്ങി.

ഉണ്ണിക്കുട്ടൻ നോക്കിനിന്നു.

മുത്തശ്ശി വന്നു ചോദിച്ചു:

"എന്നേയ്ക്ക് എടുക്കാറാവും കുട്ടൻനായരെ?"
"മറ്റന്നാളെടുക്കാം."
മറ്റുന്നാൾ മണ്ണും വൈക്കോലും എടുത്തു മാറ്റുമ്പോൾ വാഴക്കുലകൾ കാണാൻ എന്തു ഭംഗിയായിരിക്കുമെന്നാലോചിക്കയാണ് ഉണ്ണിക്കുട്ടൻ. നല്ല മഞ്ഞനിറമാകും, മൈസൂർപ്പൂവനും കുന്നനും.
ഏറാടനും കദളിക്കും അത്ര നല്ല മഞ്ഞനിറമുണ്ടാവില്ല.
അമ്മിണിയെയുംകൊണ്ട് അമ്മയും വന്നു. ഉണ്ണിക്കുട്ടൻ അമ്മയുടെ മുണ്ടിന്റെ കോന്തലയിൽ പിടിച്ചുകൊണ്ടു ചോദിച്ചു: "അമ്മേ ഞാൻ അമ്മിണ്യേ എടുക്കട്ടെ?"
"നിനക്കവളെ എടുക്കാൻ വെയ്ക്കോ, വങ്കാ?"
"വെയ്ക്കും."
" വയ്യ."
"ന്നാ അവളെ താഴ്ത്തു വയ്ക്കൂ. ഞാനവളെ പിച്ചാ പിച്ചാ നടത്തട്ടെ." അമ്മ അമ്മിണിയെ നിലത്തുവെച്ചു. ഉണ്ണിക്കുട്ടൻ അവളുടെ കൈയിൽ പിടിച്ചുകൊണ്ട് മെല്ലെമെല്ലെ നടന്നു. "പിച്ചാ പിച്ചാ പിച്ചാ പിച്ചാ."
കുട്ടൻനായർ എന്തോ പയുന്ന ശബ്ദം കേട്ടപ്പോൾ അവൻ അമ്മിണിയുടെ കൈവിട്ട് കുട്ടൻനായരുടെ അടുത്തു വന്നു.
കുട്ടൻനായർ കരണ്ടിയിലവശേഷിച്ചിരുന്ന ഒരു തീക്കനൽ കൈവെള്ളയിലിട്ട് കുറച്ചുനേരം അമ്മാനമാടിക്കൊണ്ട് നിലത്തിട്ടു ചവുട്ടിത്തേച്ചു.
കുട്ടൻനായരുടെ അമ്മാനാട്ടം, ഉണ്ണിക്കുട്ടന് നന്നേ രസിച്ചു. വല്ലാത്തൊരു കുട്ടൻനായർ! തീക്കനൽ ഇങ്ങനെയെടുത്ത് അമ്മാനമാടാൻ അയാൾക്കു പേടിയില്ലേ? കൈ പൊള്ളില്ലേ?
അടുത്തുള്ള സ്കൂളിൽനിന്ന് ബെല്ലടിക്കുന്ന ശബ്ദം കേട്ടു.
അമ്മ പറഞ്ഞു: "നേരം പത്തുമണിയായി."
"അതുവ്വോ, ന്നാൽ ഞാനൊന്നു മുങ്ങിവരട്ടെ? മുത്തശ്ശി കുളിയുടെ കാര്യമാണ് പയുന്നത്.
"ഞാനുണ്ട്." ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ അടുത്തേക്കു നീങ്ങിനിന്നു.
"എന്റെ ഒപ്പം ആരും വേണ്ട."
"ഞാനൂണ്ട്."
"ഇന്നലെ കൊണ്ടോയിട്ടന്നെ നീയെന്നെ വല്ലാതെ ദ്രോഹിച്ചണ്ണു."
"വികൃതി കാണിക്കില്ല."
"വേണ്ട വേണ്ട..."
മുത്തശ്ശി മുമ്പോട്ടു നടന്നപ്പോൾ, ഉണ്ണിക്കുട്ടൻ കരയാനുള്ള ഭാവ

മായി. അമ്മയ്ക്കതു മനസ്സിലായി. അമ്മ പറഞ്ഞു: “ന്നാൽ അവനും പോന്നോട്ടെ, ഇല്ലെങ്കിൽ എന്നെ ബേ ഇരുത്തില്ല.”

മുത്തശ്ശി ഒരു നിമിഷം സംശയിച്ചുനിന്നുകൊണ്ടു പറഞ്ഞു:

“വോന്നോ.”

ഉണ്ണിക്കുട്ടന് സന്തോഷമായി. മുത്തശ്ശി അവന്റെ കുപ്പായം അഴിച്ചു വെച്ചു. കുബായമഴിക്കുമ്പോൾ, കീശയിൽനിന്നു വീണ സ്റ്റേറ്റുപെൻസി ലിന്റെ കഷണമെടുത്ത് ഉണ്ണിക്കുട്ടൻ നിക്കറിന്റെ കീശയിലിട്ടു.

“ഇനിയെന്തൊക്കു്യ കുപ്പായ്ക്കീശേല്? മുത്തശ്ശി അവന്റെ കുപ്പായ ക്കീശ പരിശോധിച്ചു. രണ്ട് ആട്ടിൻകാട്ടം, ഒരു കയ്പയ്ക്കവിത്ത്, ഒരു തീപ്പെട്ടിക്കോല്, ഒരു മുത്തപ്പൻതാടി, ചൂലിന്റെ ഏപ്പൻ-ഇത്രയും സാധനങ്ങൾ ഓരോന്നിന്റെയും പേരു പറഞ്ഞുകൊണ്ട് മുത്തശ്ശി പുറത്തേക്കെടുത്തുവെച്ചു.

ഉണ്ണിക്കുട്ടൻ ലജ്ജയോടെ ചിരിച്ചു.

“ചിരിക്കുന്നു! വികൃതി നിന്റെ കൈയീന്നു പോയിട്ടേ വേറൊരു കുട്ടിക്കു കിട്ടീട്ടുള്ള,”

ഉണ്ണിക്കുട്ടൻ തന്റെ ചെവിയിൽ തിരുപ്പിടിച്ചുകൊണ്ടു നിന്നു.

മുത്തശ്ശി നെറുകയിൽ ലേശം എണ്ണപൊത്തി. അടുക്കളയിലെ അട്ടത്തുനിന്ന് ഓലക്കുടയുമെടുത്ത്, ഉണ്ണിക്കുട്ടന്റെ കൈയും പിടിച്ചു മുറ്റത്തേക്കിറങ്ങിയപ്പോൾ ഉണ്ണിക്കുട്ടൻ പറഞ്ഞു: “വാകബാതി ഞാൻ കൈയിൽ പിടിക്കാം.”

“എവിടെ വാകബാതി?”

“ദാ.” അവൻ മുത്തശ്ശിയുടെ മടിയിൽ വെച്ചിരിക്കുന്ന വാകപ്പൊതി തൊട്ടുകാണിച്ചുകൊടുത്തു.

“ന്നാലോ വല്ലാത്തൊരു കണ്ണ്“!

മുത്തശ്ശി വാകപൊതി അവന്റെ കൈയിൽ കൊടുത്തു.

കുളത്തിൽ പറയത്തക്ക തിരക്കൊന്നുമില്ല.

മുത്തശ്ശി ആദ്യം ഉണ്ണിക്കുട്ട്നെ കുളിപ്പിച്ചുവെച്ചു. അവന്റെ നിക്കർ തിരുമ്പുമ്പോൾ പറഞ്ഞു: “കണ്ടില്ലേ, എത്ര ചെളിയാ”

ഇപ്പോഴവൻ പട്ടുകോണകമാണ് ഉടുത്തിരിക്കുന്നത്. പട്ടുകോണ കത്തിന്റെ വാലിൽ തിരുപ്പിടിച്ചുകൊണ്ടു നിലക്കയാണ്.

അടുത്ത കടവിൽ കുളിക്കുന്ന മൊട്ടച്ചിഅമ്മ്യാരുടെ സാരിക്ക് എന്തൊരു നീളമാണ്! മൊട്ടച്ചിഅമ്മ്യാരുടെ മൊട്ടത്തലയിൽ, വീട്ടിലെ വളയിൽ കെട്ടിത്തക്കിയിരിക്കുന്ന വെള്ളരിക്ക അറ്റുവീണാലത്തെ രംഗത്തെ അവൻ സങ്കല്പിച്ചുനോക്കി.

മൊട്ടച്ചിഅമ്മ്യാര്. സാരി കല്ലിലിട്ടടിക്കാൻ തുടങ്ങി. അടിക്കുന്ന തോടൊപ്പംതന്നെ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഫ്ഗ്ഗി,

ഫ്ശ്ശി, ഫ്ശ്ശി.

'ഫ്ശ്ശി ഫ്ശ്ശി' എന്ന ശബ്ദം പുറപ്പെടുവിക്കാതെ, സാരി അടിച്ചു തിരുമ്പാൻ വയെന്നുണ്ടോ? മുത്തശ്ശി ശബ്ദമൊന്നും പുറപ്പെടുവിക്കുന്നില്ലല്ലോ.

കുളപ്പടവുകളിൽ ഒരുപാട് ആലിലകൾ വീണുകിടക്കുന്നുണ്ട്. അവൻ അഞ്ചാറ് ആലിലകൾ പെറുക്കിയെടുത്ത് നിലത്തുതന്നെയിട്ടു. എന്തിനാണിപ്പോൾ ആലില? അമ്പലത്തിൽ ത്രിമധുരം കാണില്ല. നന്നേ രാവിലെ പോയാലേ, അമ്പലത്തിൽനിന്ന് ത്രിമധുരം കിട്ടുകയുള്ളൂ.

തേനും പഴവും മുന്തിരിങ്ങയും ചേർത്ത് ഉണ്ടാക്കുന്ന ത്രിമധുരം ആലിലയിൽ വാങ്ങി നിക്കിത്തിന്നാലും തിന്നാലും മതിയാവില്ല. പക്ഷേ, തുപ്പൻനമ്പൂതിരി ലേശം ത്രിമധുരമേ കൊടുക്കുകയുള്ള. സ്പൂണുകൊണ്ടു ത്രിമധുരം ആലിലയിലേക്കിടുമ്പോൾ നമ്പൂതിരിയുടെ കൈ വിറയ്ക്കും. അധികം വീണാലോയെന്ന ഭയംകൊണ്ടാണേത്.

മുത്തശ്ശിയുടെകൂടെ കുളിക്കാൻ വരേണ്ടിയിരുന്നില്ല. ഇവിടെ ഒന്നും കാണാനില്ല. വെള്ളത്തിൽ ഒരു നീർക്കോലി നീന്തിപ്പോകുന്നതുപോലും കാണാനില്ല. എവിടെയാണ് ഈ നീർക്കോലികളൊക്കെ?

അവൻ കുളപ്പടവുകളിൽ അങ്ങിങ്ങായി കിടക്കുന്ന ചെറുകല്ലുകൾ പെറുക്കിയെടുത്ത് കുളത്തിലേക്കെറിഞ്ഞു.

"വെറുതെയിരിക്കില്ല, ഉണ്ണ്യേ?" മുത്തശ്ശി ദേഷ്യപ്പെട്ടു.

ശരി, വെറുതെയിരിക്കുകതന്നെ. അവൻ തന്റെ കൈവിരലുകൾ പൊട്ടിക്കാൻ ശ്രമിച്ചുകൊണ്ട് ഒരിടത്തിരുന്നു. ഒരൊറ്റ വിരൽപോലും പൊട്ടുന്നില്ല. കുട്ടൻനായരാണെങ്കിൽ, ഇതിനുള്ളിൽ പത്തു വിരലുകളും പൊട്ടിക്കുമായിരുന്നു.

ആലിലകൾതന്നെ ശരണം.

അവൻ എഴുന്നേറ്റ് കുറെ ആലിലകളെടുത്ത് പിച്ചിച്ചീന്തി കുളപ്പടവുകളിൽ വിതറി. അങ്ങനെ ചിന്നിച്ചിതറിക്കിടക്കട്ടെ.

മുത്തശ്ശി കുളികഴിഞ്ഞു കയറിയപ്പോൾ ഈറൻ ഇടുവിക്കാൻ പറഞ്ഞു ഉണ്ണിക്കുട്ടൻ. ഇങ്ങനെ പട്ടുകോണകം മാത്രമുടുത്തുകൊണ്ട്, അമ്പലത്തിലേക്കു പോകാൻ അവനു നാണമാണ്. മുത്തശ്ശി അവനെ ഈറൻനിക്കർ ഇടുവിച്ചു. ഉച്ചപ്പൂജയ്ക്കുമുമ്പ് തൊഴുതുപോകണമെന്നു പറഞ്ഞുകൊണ്ടാണ് മുത്തശ്ശി അമ്പലനട കയറിയത്. ഉച്ചപ്പൂജ തുടങ്ങുന്ന സമയത്താണ് അമ്പലത്തിൽ കടക്കുന്നതെങ്കിൽ, അത് കഴിയുന്നതുവരെ അമ്പലത്തിനുള്ളിൽത്തന്നെ നിലക്കണം.

മുത്തശ്ശി ഓലക്കുട അമ്പലത്തിന്റെ പുറത്തുവെച്ച് ധൃതിയിൽ അമ്പലക്കുളത്തിനുള്ളിലേക്കു കടന്ന് മൂന്നു പ്രദക്ഷിണംവച്ച് തൊഴുതു പ്രസാദം വാങ്ങി പുറത്തേക്കു വന്നു. മുത്തശ്ശിയുടെ ധൃതിക്കനുസരിച്ച് ഉണ്ണിക്കുട്ടനും പ്രവർത്തിച്ചു.

അമ്പലമുറ്റത്ത് അങ്ങിങ്ങായി 'നടതള്ളിയ' പശുക്കൾ ആലിലകൾ തിന്നുകൊണ്ട് നിലക്കുന്നുണ്ട്, മുത്തശ്ശി ഒരു പശുവിന്റെ പുറംതൊട്ടു തലയിൽവെച്ചു. ഉണ്ണിക്കുട്ടന്നും പുറംതൊട്ട് തലയിൽ വയ്ക്കുവാൻ ശ്രമിച്ചപ്പോൾ അതു ശക്തിയായി വാലാട്ടാൻ തുടങ്ങി. ഉണ്ണിക്കുട്ടൻ വേണ്ടെന്നുവെച്ചു.

മുത്തശ്ശി അമ്പലനടകളിറങ്ങിപ്പോന്നത് സാവകാശത്തിലാണ്. ഉച്ചപ്പൂജയ്ക്കുമുമ്പ് അമ്പലത്തിൽനിന്നു പോരാൻ സാധിച്ചുവല്ലൊ.

വീട്ടിൽ തിരിച്ചെത്തിയപ്പോൾ അമ്മ കുളിക്കാൻ പോകാൻ തയ്യാറായി ഉമ്മറത്തു നിലക്കയാണ്. ഉണ്ണിക്കുട്ടൻ സംശയിച്ചുനിന്നു. ഇനി അമ്മയോടൊപ്പം പോയി ഒന്നുകൂടി കുളിച്ചാലെന്താ? കുളിക്കുന്നില്ലെങ്കിലും വെറുതെ കുളക്കടവിലും അമ്പലത്തിലുമൊക്കെയൊന്നുകൂടി പോയിവരാമല്ലൊ.

അങ്ങനെ സംശയിച്ചു നിലക്കുമ്പോൾ, ചെണ്ടകൊട്ടും ശംഖുവിളികളുമായി ഒരു പാൽക്കാവടിക്കാരൻ വരുന്നതു കണ്ടു. അമ്മ പാൽക്കാവടിക്കാരെ ശ്രദ്ധിക്കാതെ കുളിക്കാൻ പോകുകയും ചെയ്തു.

പാൽക്കാവടിക്കാരന്റെ നാവിൽ സൂചി തുളച്ചുകയറ്റിയിരിക്കുന്നു. ഉണ്ണിക്കുട്ടന്നു പേടിതോന്നി. എങ്ങനെയാണ് നാവിൽ സൂചി തുളച്ചുകയറ്റുക? വേദനിക്കില്ലേ?

എങ്ങനെയാണയാൾ, ഊണുകഴിക്കുക?

പാൽക്കാവടിക്കാരന്റെ കൈയിലുള്ള പീലിക്കെട്ട് ഉണ്ണിക്കുട്ടനിഷ്ട പ്പെട്ടു.

ചെണ്ടകൊട്ടു കഴിഞ്ഞപ്പോൾ മുത്തശ്ശി ഒരു നാഴിയിൽ ലേശം അരികൊണ്ടുവന്നു കൊടുത്തു. സാധാരണ ധർമ്മക്കാർ വരുമ്പോൾ അരികൊണ്ടുവന്നു കൊടുക്കുന്നത് ഉണ്ണിക്കുട്ടനാണ്. ഇന്നവൻ അതിനു മിനക്കെടാതിരുന്നത് കാവടിക്കാരന്റെ നാവു കാണുമ്പോൾ ഉണ്ടാകുന്ന പേടികൊണ്ടാണ്.

കാവടിക്കാരൻ പോയപ്പോൾ മുത്തശ്ശി ഈറൻ മാറ്റി വന്നു. ഉണ്ണിക്കുട്ടന്റെ ഈറൻനിക്കർ അഴിച്ചെടുത്ത് അലക്കിയ നിക്കറും കുപ്പായവുമിടിച്ചു. ഈറൻനിക്കർ മുറ്റത്തെ തിണ്ടിന്മേൽ ഉണങ്ങാനിട്ടു. പെട്ടെന്ന് ആട്ടിൻകുട്ടി തുള്ളിക്കുളിച്ചുകൊണ്ടു മുറ്റത്തേക്കു വന്നു. തിണ്ടിന്മേൽ ഉണങ്ങാനിട്ടിട്ടുള്ള ഈറൻനിക്കർ മണത്തിനോക്കി, വീണ്ടും തുള്ളിച്ചാടിക്കളിക്കാൻ തുടങ്ങി.

ഉണ്ണിക്കുട്ടൻ ആട്ടിൻകുട്ടിയെ പിടിക്കുവാൻ അതിന്റെ പിന്നാലെ ഓടാൻ തുടങ്ങി. എവിടെ കിട്ടാനാണ്?

കുട്ടൻനായർ വന്ന് അവന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുത്തു. അയാൾ ആട്ടിൻകുട്ടിയെ പിടിച്ച് ഉണ്ണിക്കുട്ടന്റെ അരികത്തു നിർത്തിക്കൊടുത്തു. അവൻ ഇഷ്ടംപോലെ അതിനെ തലോടുകയും ഉമ്മവയ്ക് കുകയും ചെയ്തു.

“മതി.” കുട്ടൻനായർ ആട്ടിൻകുട്ടിയെ എടുത്തുകൊണ്ട് ആട്ടിൻ കൂട്ടിലേക്കു നടന്നു.

കുട്ടൻനായർ പോയപ്പോൾ ആ ഓന്ത് തിണ്ടത്തു പാഞ്ഞെത്തി മുഖമൊന്നുയർത്തിക്കാണിച്ച് വീണ്ടും തൊടിയിലേക്കുതന്നെ പാഞ്ഞു പോയി.

ഓന്തിൻഡേ മട എവിടെയാവുമെന്ന് ഉണ്ണിക്കുട്ടൻ ആലോചിച്ചു. ഓന്തിൻഡേ മടയിൽ പാമ്പ് നുഴഞ്ഞുകയറിയാൽ എന്തായിരിക്കും സ്ഥിതി?

ഓന്ത്, പാമ്പ്, നാക്കിൽ സൂചി തുളച്ചുകയറ്റിയ പാൽക്കാവടിക്കാരൻ-ആലോചിക്കാൻ ഒന്നുമൊരു സുഖമില്ല.

ഉണ്ണിക്കുട്ടൻ പ്രത്യേകിച്ച് ഉചേ ശ്യമൊന്നുമില്ലാതെ, കോണിപ്പടികൾ എണ്ണിക്കൊണ്ടു മുകളിലേക്കു കയറിപ്പോയി.

മുകളിലത്തെ മുറിയിൽ അമ്മിണി മലർന്നുകിടന്നുറങ്ങുന്നുണ്ട്. നല്ല ഉറക്കംതന്നെ! ഇത്ര ഉച്ചത്തിലുള്ള ചെണ്ടകൊട്ട് ഉണ്ടായിട്ടുപോലും അവൾ ഒന്നുമറിഞ്ഞില്ലല്ലോ!

അവളെ വിളിച്ചുണർത്തി കാവടി കാണിച്ചുകൊടുക്കേണ്ടതായി രുന്നു. കാവടിക്കാരന്റെ നാവു കാണുമ്പോൾ അവൾക്കും പേടിതോന്നും.

അവൾ കൈയിലെന്തോ ഒന്നു മുറുക്കിപ്പിടിച്ചിട്ടുണ്ട്. എന്താണെന്ന് അടുത്തുചെന്നു നോക്കി. ഒരു പുളിങ്കുരുവാണ്.

അച്ഛൻ ടോർച്ച് എവിടെയാണ് വെച്ചിരിക്കുന്നതെന്ന് അവൻ ചുറ്റുപാടും ഒന്നു കണ്ണോടിച്ചു നോക്കി. എവിടെയും കാണാനില്ല. അല മാരയ്ക്കകത്തുവെച്ചു പൂട്ടിയിരിക്കും. താനെടുത്ത് അതു കേടു വരുത്തിയാലോ എന്നു പേടിയുണ്ടാവുമച്ഛന്!

കട്ടിലിന്റെ ചുവട്ടിൽനിന്നു ചന്ദനത്തിരി കൊളുത്തിവയ്ക്കാനുള്ള പ്ലാസ്റ്റിക് ആനക്കുട്ടിയെ കുനിഞ്ഞിരുന്നെടുത്ത് കുറച്ചുനേരം നോക്കിയശേഷം അവിടെത്തന്നെ വെച്ചു. സ്ഫടികഭരണിയുടെ അടവുപതുക്കെ തുറന്ന് ഒരു കഷണം കളിയടയ്ക്ക് എടുത്തു വായിലിട്ടു. മൂന്നാലെണ്ണംകൂടിയെടുത്ത് നിക്കറിന്റെ പോക്കറ്റിലുമിട്ട് എഴുന്നേറ്റു നിന്നു. അപ്പോൾ കണ്ണുചെന്നത് മേൽപ്പടിയിലേക്കാണ്. മേല്പടിയിൽ, രാവിലെ കണ്ട തീപ്പെട്ടി ഇപ്പോഴുമിരിക്കുന്നുണ്ട്. രാവിലെ

അച്ഛനോടത് എടുത്തുതരാൻ പറഞ്ഞിട്ട് എടുത്തു തന്നില്ലല്ലോ. ഇപ്പോൾ ഇത് എങ്ങനെയെങ്കിലും എടുക്കണം. ഒരു വടി കിട്ടിയാൽ കുത്തിത്താഴത്തിടാം. വടിയെക്കുറിച്ചോർത്തപ്പോൾ, ഓവറയിൽ ചാരിവെച്ചിരിക്കുന്ന വടിയുടെ കാര്യം ഓർമ്മയിൽ വന്നു. ഓവ് ഇടയ്ക്കിടയ്ക്കു കുത്തിക്കഴുകാൻവേണ്ടിയാണ് ആ വടി അവിടെ വെച്ചിരിക്കുന്നത്.

ഓവറയിൽ ചെന്ന്, വടി ശബ്ദമുണ്ടാക്കാതെ എടുത്തുകൊണ്ടു വന്ന് മേല്പടിയിൽ മുട്ടുമോ എന്നു നോക്കി. ഉവ്വ്. നല്ല പാകമാണ്. പിന്നെ സംശയിച്ചുനിന്നില്ല. തീപെട്ടി മേല്പടിയിൽനിന്നു കുത്തിച്ചാടിച്ചു.

തീവെട്ടി നിലത്തു വീഴുന്ന ശബ്ദം കേട്ട് അമ്മിണി ഞെട്ടിയുണർന്നു കരയാൻ തുടങ്ങി. വല്ലാത്തൊരു പെണ്ണ്! ചെണ്ടകൊട്ടിന്റെ ശബ്ദം കേട്ട് ഉണരാത്ത പെണ്ണ് തീപ്പെട്ടി നിലത്തുവീഴുന്ന ശബ്ദം കേട്ട് ഉണർന്നിരിക്കുന്നു!

അമ്മിണിയുടെ കരച്ചിൽ കേട്ട് മുത്തശ്ശി ഓടിവന്നപ്പോൾ ഉണ്ണിക്കുട്ടൻ ഒരു കൈയിൽ വടിയും മറ്റേ കൈയിൽ തീപ്പെട്ടിയുമായി നില്ക്കയാണ്.

മുത്തശ്ശി വല്ലാതെ പരിഭ്രമിച്ചു. ഉണ്ണിക്കുട്ടൻ വടികൊണ്ട് അമ്മിണിയെ വല്ലതും കാട്ടിയിരിക്കുമോ? വടി അവളുടെ കണ്ണിലോ മറ്റോ കൊണ്ടിരിക്കുമോ എന്തോ?

മുത്തശ്ശി അമ്മിണിയെ എടുത്തുകൊണ്ടു ചോദിച്ചു: "നീയെന്തേ അവളെ കാണിച്ചത്?

"ഞാനൊന്നും കാട്ടിട്ടില്ല."

"പിന്നെന്തിനാ കുട്ടി കരയണ്?

അവൻ എന്താണു സമാധാനം പറയുക? അവൻ അമ്മിണിയെ ഒന്നു തൊട്ടിട്ടുപോലുമില്ല. തീപ്പെട്ടി നിലത്തുവീഴുന്ന ശബ്ദം കേട്ട് ഉറക്ക മുണർന്നു കരയുകയാണവൾ. ഉണ്ണിക്കുട്ടൻ ശബ്ദിക്കാതെ, പരിഭ്രമിച്ചു കൊണ്ടു നിന്നു.

"നിന്റെ ഒരു വടിയും തീപ്പെട്ടിയും!" എന്നു പറഞ്ഞുകൊണ്ട് മുത്തശ്ശി അവന്റെ കൈയിൽനിന്നും വടിയും തീപ്പെട്ടിയും വാങ്ങി ജനാലയിൽക്കൂടെ പുറത്തേക്കെറിഞ്ഞു.

പിന്നെ താമസമുണ്ടായില്ല. ഉണ്ണിക്കുട്ടനും കരയാൻ തുടങ്ങി. മുത്തശ്ശി വാശിപിടിച്ചു. കരയുന്ന രണ്ടുപേരെയും മാറിമാറി നോക്കി. ഏതെങ്കിലുമൊരു കുട്ടി കരച്ചിൽ മാറ്റിയാൽ മതിയായിരുന്നു. അതിനുള്ള ഭാവം രണ്ടുപേർക്കുമില്ല.

അമ്മ കുളികഴിഞ്ഞ് ഈറൻ മാറ്റാതെ മുറിയിലേക്കു വന്നു. മുത്തശ്ശി വിവരങ്ങളെല്ലാം പറഞ്ഞു. എല്ലാം കേട്ടശേഷം അമ്മിണിയെ മുത്തശ്ശിയുടെ കൈയിൽനിന്നു വാങ്ങി ഈറൻ മാറ്റാനായി അടുത്ത

മുറി യിലേക്കു പോയി. അമ്മ എടുത്തപ്പോൾ അമ്മിണി കരച്ചിൽ മാറ്റി.

ഉണ്ണിക്കുട്ടൻ കരയുകതന്നെയാണ്. “കരബേഞ്ഞാ” എന്നു പറഞ്ഞു കൊണ്ട് മുത്തശ്ശിയും താഴത്തേക്കു പോയി. എല്ലാവരും മുറിയിൽ നിന്നു പോയപ്പോൾ ഉണ്ണിക്കുട്ടനു വാശി അധികമായി.

എത്ര പണിപെട്ടാണ് മേല്പടിയിൽനിന്നു തീപ്പെട്ടി കുത്തിച്ചാടിച്ചത്! അമ്മിണിയെ താനൊന്നും കാണിച്ചിട്ടില്ല. ഒന്നും മനസ്സിലാക്കാതെ യാണ്. മുത്തശ്ശി വടിയും തീവെട്ടിയും വാങ്ങി പുറത്തേക്കെറിഞ്ഞിരി ക്കുന്നത്. എന്നിട്ട് “കരണേന്താ“ എന്നും പറഞ്ഞ് മുത്തശ്ശി താഴത്തേക്കിറങ്ങി പോയിരിക്കയാണ്. വാശി അധികമാവാതിരിക്കുമോ? അവൻ മലർന്നടിച്ചു കിടന്ന് കൈകാലുകൾ നിലത്തിട്ടടിച്ച് ഉറക്കെയുറക്കെ കരയുവാൻ തുടങ്ങി.

അപ്പോൾ ഉമ്മറത്തുനിന്ന് കുട്ടൻനായർ വിളിച്ചുപറഞ്ഞു: “ഉണ്ണിക്കുട്ടൻ കരയാതെ വേഗം വന്നോളൂ. സിനിമാനോട്ടീസിന്റെ കൊട്ടതാ കേക്കബ്. നോട്ടീസ് വാങ്ങിത്തരാം.”

ഉണ്ണിക്കുട്ടൻ കരച്ചിൽ നിർത്തി, താഴത്തേക്കോടിപ്പോയി.

കുട്ടൻനായർ അവനെ എടുത്തുകൊണ്ടു പടിക്കൽ വന്നുനിന്നു.

സിനിമാനോട്ടീസുകാരൻ അടുത്തെത്തിയപ്പോൾ കൈ നീട്ടി ഒരു നോട്ടീസ് വാങ്ങി. പിന്നെ ഒന്നുംകൂടി വാങ്ങി. ഉണ്ണിക്കുട്ടൻ അത്ഭുതപ്പെട്ടു.

എത്ര ക്ഷണത്തിലാണ് കുട്ടൻനായർ രണ്ടു നോട്ടീസുകൾ വാങ്ങിയത്!”

കുട്ടികൾ “ഏ.ഏയ് എന്നു പറഞ്ഞു നടക്കുന്നതല്ലാതെ അവർക്കു സിനിമാനോട്ടീസ് കൊടുക്കുന്നില്ല.

രണ്ടു നോട്ടീസ് കിട്ടിയതിൽ ഒന്നിന്റെ നിറം മഞ്ഞയും മറ്റേതിന്റെ നീലയുമാണ്.

കുട്ടൻനായർ പറഞ്ഞു: “നീല ഉണ്ണിക്കുട്ടന്, മഞ്ഞ അമ്മിണിക്ക്.” ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ കൈനീട്ടി. കുട്ടൻനായർ നീല നോട്ടീസ് അവനു കൊടുത്തു.

മഞ്ഞനോട്ടീസുംകൂടി കിട്ടണമെന്നുണ്ടവന. കുട്ടൻനായരോട് ശാഠ്യം പിടിക്കുന്നതു നന്നല്ല. ശരി, മഞ്ഞനോട്ടീസ് അമ്മിണിക്കു കൊടുത്താട്ടെ. അവൾ ഉറങ്ങുമ്പോൾ കാണാതെടുക്കാൻ നോക്കാം.

ഉമ്മറത്തേക്കു വന്നപ്പോൾ കുട്ടൻനായരുടെ കൈയിൽനിന്ന് ഊർന്നിറങ്ങി മുറ്റത്തുതന്നെ നിന്നു.

അങ്ങി ദൂരെനിന്ന് കാവടിയുടെയും സിനിമയുടെയും ചെണ്ടകൊട്ടു കേൾക്കാനുണ്ട്.

കുട്ടൻനായർ മഞ്ഞനോട്ടീസുമായി അകത്തേക്കു പോയി.

അമ്മിണിക്കു കൊടുക്കാനാവും.

ഉണ്ണിക്കുട്ടൻ ഉമ്മറത്തെ ബഞ്ചിന്മേൽ വന്നിരുന്ന് സിനിമാനോട്ടീസ് നല്ലപോലെ നോക്കാൻ തുടങ്ങി. വാളുമായി നിലക്കുന്ന ഒരാളുടെ ചിത്രവുമുണ്ട്. പിന്നെയെല്ലാം ചെറുതും വലുതുമായ അക്ഷരങ്ങളാണ്. അവനറിയാവുന്ന പ,വ,റ എന്നീ അക്ഷരങ്ങളുണ്ടോ എന്നു നോക്കി. ഉണ്ട്. ഇടയ്ക്കിടയ്ക്കു കാണാനുണ്ട്.

നോട്ടീസ് മടക്കി നിക്കറിന്റെ പോക്കറ്റിലിട്ടു. പോക്കറ്റിൽനിന്ന് ഒരു കളിയടയ്ക്കക്കഷണമെടുത്ത മണത്തിനോക്കി, മുറ്റത്തേക്കെറിഞ്ഞു.

കുട്ടൻനായർ അകത്തുനിന്ന് എന്താണ് വരാത്തത്? അമ്മിണി വീണ്ടും ഉറങ്ങിയിരിക്കുമോ? അവൾ വീണ്ടും വേഗമൊന്നുറങ്ങിയാൽ ആ മഞ്ഞനോട്ടീസുകൂടി കൈക്കലാക്കാം.

ഉണ്ണിക്കുട്ടൻ ടൂർ... ടൂർർ എന്നു ശബ്ദങ്ങൾ പുറപ്പെടുവിച്ച് തുള്ളിച്ചാടിക്കൊണ്ട് അകത്തേക്കു പോയി.

## ആറ്

അകത്ത് മുത്തശ്ശി എവിടെയാണെന്നന്വേഷിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ മുറിയിലേക്കു ചെന്നു. മുത്തശ്ശി അവിടെയുണ്ട്. കാലുനീട്ടിയിരുന്നു മുറുക്കുകയാണ്. അമ്മിണി അടപ്പനിൽ തിരുപ്പിടിച്ചുകൊണ്ട് മുത്തശ്ശിയുടെ അടുത്തുതന്നെയുണ്ട്.

മുത്തശ്ശിയുടെ മുറിയിൽ ഗുളികയുടെയും കഷായത്തിന്റെയും മണമാണെപ്പോഴും. ചുമരലമാര നിറച്ച് എണ്ണബ്ഭരണികളും കുപ്പികളുമാണ്.

മുത്തശ്ശിയുടെ കട്ടിലിനു നന്നേ കുറച്ചുയരമേയുള്ളൂ. കട്ടിലിന്റെ തലയ്ക്കൽഭാഗത്ത് കിടക്ക് മടക്കിവച്ചിരിക്കുന്നു.

മുറിയുടെ ചുമരിനോടു ചേർന്നു കെട്ടിയ അയയിൽ മെത്തപ്പായകൾ ചുരുട്ടിവെച്ചിട്ടുണ്ട്. മെത്തപ്പായയ്ക്കുള്ളിലാണ് വാഴപ്പോളയിൽ പൊതിഞ്ഞ പുകയിലയും തേക്കിൻഡേ ഇലയിൽ പൊതിഞ്ഞ അക്കി ക്കറുകയും സൂക്ഷിച്ചുവയ്ക്കുന്നത്.

മുറിയുടെ കോണിൽ കെട്ടിയ ഉറിയിൽ ഒരു പഴുത്ത മത്തനും മത്തിന്റെ മീതെ ഒരു കടകോലും വെച്ചിട്ടുണ്ട്. ഉറി ഒന്നാടിയാൽ കട കോലു താഴെ വീഴും.

“മാമുണ്ടോ? മുത്തശ്ശി ചോദിച്ചു.

മുത്തശ്ശിയുടെ മടിയിൽ കയറിയിരിക്കാൻ ശ്രമിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ പറഞ്ഞു:

"ഇല്ല."

അമ്മിണി അതു കണ്ട് ഉണ്ണിക്കുട്ടനെ അടപ്പൻകൊണ്ട് എറിയാൻ ഭാവിച്ചു. ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ മടിയിൽ ഇരിക്കണ്ടെന്നുവച്ചു മാറിനിന്നു.

"കുട്ടൻനായർ നോട്ടീസ് വാങ്ങിത്തന്നില്ലേ?

"ഉവ്വ്.

"എവിടെ?

"ദാ." അവൻ പോക്കറ്റിൽ തട്ടി കാണിച്ചു.

ഇത്രയൊക്കെ സംസാരിച്ചുവെങ്കിലും ഉണ്ണിക്കുട്ടന്റെ ശ്രദ്ധ ഉറിയിലാണ്. ഉറി ഒന്നാട്ടിയാൽ കടകോലു താഴെ വീഴും. അതു കാണണം.

മുത്തശ്ശിയുടെ മുറിയുടെ അടുത്തുള്ള പത്തായത്തിൽനിന്ന് അമ്മയുടെ ശബ്ദം കേട്ട് ഉണ്ണിക്കുട്ടൻ ഓടിച്ചെന്നു. അമ്മ പത്തായത്തിന്റെ അടിയിൽനിന്നു നാളികേരമെടുക്കുകയാണ്.

നാളികേരവുമായി അമ്മ നടന്നപ്പോൾ പുറകെ ഉണ്ണിക്കുട്ടനും കൂടി. അമ്മ നാളികേരം കുട്ടൻനായരുടെ കൈയിൽ പൊളിക്കാൻ കൊടുത്തു. മഴുകൊണ്ടാണ് കുട്ടൻനായർ നാളികേരം പൊതിച്ചത്. എത്ര ക്ഷണം കഴിഞ്ഞുവെന്നോ!

അമ്മ നാളികേരമുടയ്ക്കാൻ മടവാളെടുത്തപ്പോഴേക്കും ഉണ്ണിക്കുട്ടൻ നാളികേരത്തിന്റെ വെള്ളം കുടിക്കാനായി ഗ്ലാസ്സുമായി എത്തിക്കഴിഞ്ഞു. നാളികേരമുടയ്ക്കുന്ന ശബ്ദം കേട്ട് ശരംപോലെ അമ്മിണിയും സമയത്തിനെത്തി.

അമ്മ നാളികേരത്തിന്റെ വെള്ളം ഗ്ലാസ്സിൽ പകർന്നുകൊടുത്തു. ആദ്യം രണ്ടിറക്ക് ഉണ്ണിക്കുട്ടനും പിന്നെ രണ്ടിറക്ക് അമ്മിണിക്കും കുടിക്കാൻ കൊടുത്തു. ആ കാര്യം ഏതായാലും കശപിശകൂടാതെ കഴിഞ്ഞു. നാളികേരം ചിരകാൻ തുടങ്ങിയപ്പോൾ ഉണ്ണിക്കുട്ടനും അമ്മിണിയും ഒരുമയോടെ അമ്മയുടെ അടുത്തുതന്നെ ഇരുന്ന് നാളികേരം വാരിത്തി ന്നാൻ തുടങ്ങി.

"ഉണ്ണിക്കുട്ടന്നു മുത്തശ്ശിടടുത്തു പോയിരുന്നാലെന്താ? അമ്മ ചോദിച്ചു: "അമ്മിണീം പൊയ്ക്കോട്ടെ മുത്തശ്ശിടടുത്തേക്ക് "നാളികേരങ്ങനെ എടുത്തു തിന്നണ്ട്. ചിരകിക്കഴിഞ്ഞശേഷം തരാം."

ഉണ്ണിക്കുട്ടൻ ഒന്നും കേൾക്കുന്നില്ല. കുട്ടൻനായർ അടുക്കളെ വാതിലിൽ വന്ന് എത്തിനോക്കിക്കൊണ്ടു പറഞ്ഞു: "ഉണ്ണിക്കുട്ടന് കുരുത്തോലപ്പന്തറ്റു വേണമെങ്കിൽ വന്നോളൂ. കുട്ടൻനായരുണ്ടാക്കി തരാം."

കുരുത്തോലവനെതന്ന് കേട്ടപ്പോഴേക്കും ഉണ്ണിക്കുട്ടൻ എഴുന്നേറ്റു.

നാളികേരം തിന്നുന്നതിനേക്കാൾ നല്ലത് ഒരു കുരുത്തോലിപ്പന്ത് ഉണ്ടാക്കിക്കിട്ടുകയെന്നതാണ്.

കുട്ടൻനായരോടൊപ്പം ഉമ്മറിമുറ്റത്തു വന്നു.

തലേന്നു രാത്രി കളം തൊഴുതു വരുമ്പോൾ കുട്ടൻനായർ കുറച്ച് കുരുത്തോല കൊണ്ടുവന്ന് വൈക്കോൽക്കുണ്ടമേൽ വെച്ചിട്ടുണ്ട്. അതിൽനിന്ന് നല്ലതു തിരഞ്ഞെടുത്തു മുറിച്ചു ശരിപ്പെടുത്തി രണ്ടു പന്തുകളുണ്ടാക്കി.

“ഒന്ന് ഉണ്ണിക്കുട്ടന്, ഒന്ന് അമ്മിണിക്ക്.”

കുട്ടൻനായർ, പന്തുകൾ രണ്ടും മേലോട്ടെറിഞ്ഞു പിടിച്ചുകൊണ്ട് പറഞ്ഞു. ഒന്ന് ഉണ്ണിക്കുട്ടന്. ഒന്ന് അമ്മിണിക്ക് എന്നു പറഞ്ഞതു മാത്രം ഉണ്ണിക്കുട്ടനിഷ്ടപ്പെട്ടില്ല. കുട്ടൻനായർ കൊടുത്ത മഞ്ഞ നോട്ടീസ് അവൾ എവിടെ കൊണ്ടുപോയി കളഞ്ഞിരിക്കുന്നുവോ എന്തോ! കുരുത്തോലവന്ത് അവൾക്കെന്തിനാണ്? അവൾക്കു ശരി ക്കോടാനൊന്നുമായിട്ടില്ല. പന്തു കളിക്കണമെങ്കിൽ ശരിക്കോടാനറി യേണ്ടേ?

എന്തു സാധനം തനിക്കു തന്നാലും അതുപോലെതന്നെയുള്ള മറ്റൊന്ന് അമ്മിണിക്കും കൊടുക്കും കുട്ടൻനായര്. ഇതെല്ലാമോർത്തു കൊണ്ട് ഉണ്ണിക്കുട്ടൻ പറഞ്ഞു: “പന്തു രണ്ടും യ്ക്ക്.”

“അതിനുമാത്രം ശാഠ്യം പിടിക്കണ്ട.”

അവന്റെ മുഖം ചുവന്നു കണ്ണുകളിൽ നനവു പൊടിയാൻ തുടങ്ങി. ഇപ്പോൾ കരയുമെന്നായപ്പോഴേക്കും ഒരു പുള്ളൂവനും പുള്ളൂവത്തിയും പടികടന്നു വന്നു.

കുട്ടൻനായർ നീട്ടിക്കാണിച്ച പന്തു വാങ്ങിയപ്പോഴേക്കും പുള്ള വന്റെ വീണയിൽനിന്നു ശബ്ദങ്ങളുയർന്നു.

പുള്ളവനും പുള്ളവത്തിയും പാടാൻ തുടങ്ങി. പുള്ളവക്കുടത്തിന്റെ ശബ്ദം കേൾക്കാൻ സുഖമില്ല. “മ്പ്രംഭം മ്പ്രംഭം“ എന്ന ശബ്ദം കേൾക്കുമ്പോൾ ആർക്കാണ് സുഖം തോന്നുക? പുള്ളൂവന്റെ വീണയുടെ ശബ്ദം കേൾക്കാൻ നല്ല സുഖമുണ്ട്. “ണീം ബീം.”

ആട്ടിൻകുട്ടിയുടെ കഴുത്തിലെ കുടമണിയുടെ ശബ്ദവും ണീം ണീം എന്നാണ്.

മുത്തശ്ശിയും അമ്മിണിയെ ഒക്കത്തുവെച്ചുകൊണ്ട് അമ്മയും ഉമ്മറത്തേക്കു വന്നു. കാളിയമ്മ വന്നില്ല. ആയമ്മ ഇപ്പോഴും തെങ്ങിൻ തടത്തിലിരുന്ന് പാത്രങ്ങൾ കഴുകുകയാവും. അല്ലെങ്കിൽ കഞ്ഞിക്കൂർക്കിലന്നുള്ളൂകയാവും.

പാട്ടുപാടിക്കഴിഞ്ഞപ്പോൾ അമ്മിണിയുടെ “നാവേറ്” പാടണമെന്നായി പുള്ളവത്തി. വേണ്ടെന്നു പറഞ്ഞതൊന്നും കേൾക്കാതെ അവൾനാവോറ് പാടാൻ തുടങ്ങി.

നാവോറും പാടിത്തീർന്നപ്പോൾ, അമ്മ നാഴി അരി കൊണ്ടുവന്ന് ഉണ്ണിക്കുട്ടന്റെ കൈയിൽ കൊടുത്തു. അവനത് പുള്ളവത്തിയുടെ അടുത്തു കൊണ്ടുപോയി വെച്ചു.

അരിയെടുത്തു കൊട്ടയിലേക്കിടുന്നതിനിടയിൽ പുള്ളവത്തി ചോദിച്ചു: "ചെറ്യമ്പ്രാൻകുട്ടീടെ പേരെന്താ?"

"ഉണ്ണിക്കുട്ടൻ."

"ഉണ്ണിക്കുട്ടൻ ചെറ്യമ്പ്രാൻ" എന്നു പറഞ്ഞുകൊണ്ട് പുള്ളൂവത്തി എഴുന്നേറ്റു.

പുള്ളവനും പുള്ളവത്തിയും ഗേറ്റ് കടന്നുപോയിട്ടും പുള്ളവ ക്കുടത്തിന്റെയും വീണയുടെയും ശബ്ദം ചുറ്റും തങ്ങിനില്ക്കുന്നുണ്ടോയെന്ന് ഉണ്ണിക്കുട്ടൻ സംശയിച്ചു.

പാട്ടിന്റെ ഇടയിൽത്തന്നെ കുട്ടൻനായർ കൊടുത്ത മറ്റേ പന്ത് കടിച്ചുകൊണ്ട് അവൾ അമ്മയുടെ അരികത്തിരിക്കുന്നു. ഇതുതന്നെയാണ് പറഞ്ഞത് പന്തു കടിക്കാനുള്ളതല്ല. കളിക്കാനുള്ളതാണ്. അതവൾക്കറിഞ്ഞുകൂടാ.

പന്തു കളിക്കാനുള്ളതാണെന്നു കാണിച്ചുകൊടുക്കാനെന്നപോലെ ഉണ്ണിക്കുട്ടൻ പന്തു മുറ്റത്തിട്ടു കാലുകൊണ്ടടിച്ചു കളിക്കാൻ തുടങ്ങി. അമ്മയും അമ്മിണിയും അതൊന്നും കാര്യമാക്കാതെ അകത്തേക്കു പോയി. അവരുടെ പിന്നാലെ മുത്തശ്ശിയും. കുട്ടൻ നായർ എന്തോ മറന്നുവെച്ചത് എടുക്കാനെന്നപോലെ തൊടിയിലേക്കും പോയി.

പന്തുകളി കാണാൻ ആരുമില്ലെന്നായപ്പോൾ, ഉണ്ണിക്കുട്ടൻ പന്തുകളി നിർത്തി. മുറ്റത്ത് അങ്ങിങ്ങായി ചിന്നിച്ചിതറി കിടക്കുന്ന ആട്ടിൻകാട്ടം ഓരോന്നായി പെറുക്കി തൊടിയിലേക്കിട്ടു. രണ്ടുമൂന്നെണ്ണമെടുത്തു നിക്കറിന്റെ കീശയിലുമിട്ടു. ഇപ്പോൾ കീശയിൽ കളിയടയ്ക്കയും ആട്ടിൻകാട്ടവുമുണ്ട്.

മുറ്റത്തു തിണ്ടിന്മേലുള്ള പ്ലാവിൽനിന്നു കുറച്ചു പ്ലാവിലകൾ വീണു കിടക്കുന്നുണ്ട്. തള്ളയാടിനെ മുറ്റത്തേക്കു കൊണ്ടുവന്നാൽ ഒക്കെതിന്നുകൊള്ളും.

ഗേറ്റ് ആരോ തുറക്കുന്ന ശബ്ദം കേട്ട് അങ്ങോട്ടു നോക്കിയപ്പോൾ അപ്പുണ്ണിയാണ്. അച്ഛനു ചോറു കൊണ്ടുപോകാൻവേണ്ടി വരികയാണ്.

അപ്പുണ്ണിക്ക് കുട്ട്യേട്ടനേക്കാൾ നാലു വയസ്സ് ഏറുമെന്ന് മുത്തശ്ശി പറഞ്ഞത് അവനോർത്തു. അപ്പുണ്ണിയെ ഉണ്ണിക്കുട്ടനു വലിയ കാര്യമാണ്. അപ്പുണ്ണിക്കു പല വേലകളുമറിയാം.

പാവിട്ടത്തോക്കിൽ മുളിയിലത്തിന്റെ കായ നിറച്ചു വെടിവയ്ക്കാ നറിയാം. അപ്പയില മുഷ്ടിക്കുമീതെവച്ചു പൊട്ടിക്കാനറിയാം. അമ്പല ത്തിൽ ചുറ്റുവിളക്കിനു നാളികേരമെറിയുമ്പോൾ പെറുക്കിയെടുക്കാ

നറിയാം. പൂരക്കാലത്തു കൊടിക്കൂറ പിടിക്കാൻ അവനെപ്പോലെയൊരു മിടുക്കനില്ല. അവൻഡേ കൈയിൽ പോത്തിൻകൊമ്പിന്റെയും കാളക്കൊമ്പിന്റെയും ഓരോ പമ്പരമുണ്ട്.

ചൂളമടിച്ചുകൊണ്ട് ഉണ്ണിക്കുട്ടന്റെ അടുത്തുവന്നുനിന്ന് അപ്പുണ്ണി ചോദിച്ചു: "വരുന്നോ?

"എങ്ങോട്ട്?"

അച്ഛന്റെ ആപ്പീസിലേക്ക്."

"ഇല്ല."

അപ്പുണ്ണി, തൊടിയിൽനിന്ന് ഒരു അവയില നുള്ളിയെടുത്തു മുഷ്ടിക്കുമീതെ വെച്ചു പൊട്ടിച്ചു. വലത്തേ കൈയിൽ ഒരു കല്ലെടുത്ത് ഇടത്തേ കൈ ചൂണ്ടിക്കൊണ്ടു പ്ലാവിന്റെ മുകളിലേക്കൊരേറു കൊടുത്തു. ഒരു ചുള്ളിക്കുമ്പും മൂന്നാലു പ്ലാവിലകളും മുറ്റത്തു വീണു.

ഉണ്ണിക്കുട്ടൻ അത്ഭുതാഹ്ളാദഭാവങ്ങളോടെ എല്ലാം നോക്കിക്കാണുകയാണ്.

അപ്പുണ്ണിക്ക് ടൈംപിസിന്റെ അലാറം വയ്ക്കാനും സമയം നോക്കാനും അറിയുമോ ആവോ? അറിയാതിരിക്കില്ല.

അമ്മ ടിഫിൻകാരിയറും ഒരു വാട്ടിയ നാക്കിലയും അപ്പുണ്ണിക്കു കൊണ്ടുവന്നു കൊടുത്തു. അവൻ അതുമായി ധൃത്തിയിൽ നടന്നു ഗേറ്റ് തുറന്നു കടന്നുപോയി.

അപ്പുണ്ണി എറിഞ്ഞു വീഴ്ത്തിയ ചുള്ളിക്കമ്പ് ഉണ്ണിക്കുട്ടനെടുത്തു കോലായിൽ കൊണ്ടുവന്നു വെച്ചു.

മുത്തശ്ശി അമ്മിണിയെ ഒക്കത്തുവെച്ചു ചോറു കൊടുത്തുകൊണ്ടു മുറ്റത്തേക്കു വന്നു. നല്ലപോലെ തൈരു കൂട്ടിക്കുഴച്ച ചോറാകും. നല്ല സ്വാദുണ്ടാകും. ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ അടുത്തേക്കു ചെന്നു.

"യ്ക്കും ഒരുരുള ചോറ്."

"നിനക്കതാ അടുക്കളേൽ ചോറു കുഴച്ചുവെച്ചുണ്ണു."

"ഒരുരുള്ള ഇതിന്നും വേണം."

മുത്തശ്ശി അവനു ചെറിയ ഒരുരുള ചോറു കൊടുത്തു. അവനതു തിന്നുകൊണ്ട് അടുക്കളയിലേക്കോടി. മുത്തശ്ശി പറഞ്ഞത് ശരിയാണ്; അമ്മ ചോറു കുഴച്ചു വെച്ചിരി ക്കുന്നു. ഉപ്പും തൈരും കൂട്ടിക്കുഴച്ചുവെച്ച ചോറ്റിൻകിണ്ണത്തിന്റെ ഒരു കിൽ മുളകുചേർക്കാത്ത കൂട്ടാൻ വിളമ്പിയിട്ടുണ്ട്. ചുട്ട പപ്പടവുമുണ്ട്. ഉണ്ണിക്കുട്ടൻ വാരിവാരിയുണ്ടു. നല്ല സ്വാദ്.

"അമ്മ ഉരുട്ടി വായേൽത്തരണോ? അമ്മ ചോദിച്ചു.

"വേണ്ട."

അടുക്കളവാതിലക്കൽ വന്ന കാളിയമ്മയുടെ കൈയിൽ അമ്മ ഒരു ഭരണി ഉള്ളു. മോറി കൊടുത്തു. ഉണ്ണിക്കുട്ടന്നു മനസ്സിലായി; കാളിയമ്മ മോര് വാങ്ങിക്കൊണ്ടുവരാനുള്ള പുറപ്പാടാണ്.

"ഞാനുണ്ട്." ഉണ്ണിക്കുട്ടൻ ധൃത്തിവെച്ചുണ്ണാൻ തുടങ്ങിക്കൊണ്ട് പറഞ്ഞു.

"ആയമ്മ അത് വേഗം പോയി വാങ്ങിക്കൊണ്ടോനോട്ടെ."

"ഞാനുണ്ട്."

കാളിയമ്മ പറഞ്ഞു: "പോന്നോള്. മെല്ലെ ഉണ്ടാൽ മതി."

ഉണ്ണിക്കുട്ടന്നു സമാധാനമായി. അമ്മ എതിരു പറഞ്ഞതുമില്ല.

ഊണു കഴിഞ്ഞപ്പോൾ കൈകഴുകിച്ചത് കാളിയമ്മയാണ്. വായിൽ ലേശം വെള്ളം പകർന്നുകൊടുത്തു കൈവിരലിട്ട് പല്ലുകളൊക്കെ ഒന്നു തടവി കുലുക്കിക്കുഴിഞ്ഞ് തുപ്പിച്ചതും കാളിയമ്മയാണ്.

"പൊ കാള്യമ്മ നന്ന് അല്ലേ?"

കാളിയമ്മ ചിരിച്ചുകൊണ്ടു ചോദിച്ചു. ഉണ്ണിക്കുട്ടന്നും ചിരിച്ചു. കാളിയമ്മയുടെ കൈത്തണ്ടയിൽ പിടിച്ചുകൊണ്ട് മോര് വാങ്ങാറുള്ള വീട്ടിലേക്കു നടന്നു. റോഡിൽനിന്നു ചരൽക്കല്ലുകൾ നിറഞ്ഞ ഇടവഴിയിൽക്കൂടെ നടന്നിട്ടുവേണം അങ്ങോട്ടു പോകാൻ. ചരൽക്കല്ലിൽക്കൂടെ നടന്നപ്പോൾ കാലു വേദനിച്ചു. കാളിയമ്മയോട് എടുക്കാൻ പറഞ്ഞാലോയെന്നു സംശയിച്ചു. വേണ്ട. തന്നെ എടുത്തുകൊണ്ട് ആ വീട്ടിലേക്കു കയറിച്ചെല്ലുമ്പോൾ അവർക്കെന്താണു തോന്നുക? നാലു വയസ്സ് കഴിഞ്ഞ് അഞ്ച് നടക്കുന്ന കുട്ടിയാണ്.

ഇടവഴിയിൽ ഒരു ചത്ത പാമ്പു കിടക്കുന്നുണ്ട്. കുറേ കാക്കകൾ ചേർന്ന് പാമ്പിനെ കൊത്തിത്തിന്നുന്ന ബഹളമാണ്.

പാമ്പ് എങ്ങനെയാണ് ചത്തത്. ആവോ? ലോറിക്കടിയിൽ പെട്ട തായിരിക്കുമോ? അതോ, വല്ലവരും തച്ചുകൊന്നശേഷം ഇടവഴിയിൽ കൊണ്ടുവന്നിട്ടതായിരിക്കുമോ?

പാമ്പിനെക്കുറിച്ചാലോചിച്ചപ്പോൾ കാലടികളുടെ വേദന സാരമില്ലെന്നു തോന്നി.

മോര് വാങ്ങാനുള്ള വീട്ടിലെത്തിയപ്പോൾ വളക്കുഴിക്കടുത്തെ ത്തിയപോലെയാണ് അവനു തോന്നിയത്. എങ്ങോട്ടുതിരിഞ്ഞാലും ചാണകത്തിന്റെ മണമാണ്.

മുറ്റത്തുള്ള രണ്ടു തെങ്ങിന്മേലും ഓരോ പടുകൂറ്റൻ എരുമകളെ കെട്ടിയിരിക്കുന്നു. ദൂരത്തുനിന്നു നോക്കുമ്പോൾ ആനക്കുട്ടികളാണെന്നാണു തോന്നുക.

മുറ്റത്തെല്ലാം എരുമച്ചാണകവും മൂത്രവുമാണ്.

ഒരു പൂച്ച ഒരെലിയെ കടിച്ചെടുത്തുകൊണ്ട് വീട്ടിനുള്ളിൽനിന്നു തൊടിയിലേക്കോടിപ്പോയി. തന്റെ വീട്ടിൽ എലിയുണ്ടെങ്കിലും പൂച്ചയി ല്ലെന്ന കാര്യം ഉണ്ണിക്കുട്ടനോർത്തു. ഇടയ്ക്കിടയ്ക്ക് കുട്ടൻനായർ കെണി വെച്ച് എലിയെ പിടിക്കും. അച്ഛന്റെ പിറന്നാളിന്റെ തലേത്തലേ ദിവസം എലിക്കെണി മച്ചിൽ കൊണ്ടുപോയി വെച്ചു. പിറ്റേദിവസം രാവിലെ നോക്കിയപ്പോൾ കെണിയിൽ രണ്ടെലികൾ കിടന്നു പരക്കം പായുകയാണ്. കുട്ടൻനായർ എലിക്കെണി വടക്കുഭാഗത്തു കൊണ്ടു പോയി തുറന്നു. എലികൾ പുറത്തേക്കു ചാടിയതും, കൊടുത്തു മഴുത്തായകൊണ്ട് ഓരോന്ന് രണ്ടും ചത്തു. ചത്ത എലികൾ രണ്ടി നേയും കാക്കകൾ കൊത്തിക്കൊണ്ടുപോയി.

ഇനി എന്നാണാവോ കുട്ടൻനായർ കെണി വെക്കുക?

മോര് ഭരണിയിലേക്കൊഴിച്ചുകൊടുത്ത സ്ത്രതീക്ക്, മുത്തശ്ശിയെ പോലെ കുത്തിവളർത്തിയ കാതാണ്.

മോര് കിട്ടിയപ്പോഴേക്കും ഉണ്ണിക്കുട്ടന്നു തിരിച്ചുപോരാൻ തിടുക്ക മായി. എരുമച്ചാണകവും ചത്ത എലിയെ കടിച്ചുകൊണ്ടോടുന്ന പൂച്ചയു മുള്ള ആ വീട്ടിൽ നിലക്കാൻ പേടി തോന്നുകയാണ്.

മുറ്റത്തു തുള്ളിക്കളിക്കുന്ന ആട്ടിൻകുട്ടി ഇല്ല. ഒരു കോളാമ്പിപ്പൂവുള്ള ചെടിപോലുമില്ല.

തിരിച്ചുവരുമ്പോൾ ഇടവഴിയിൽ കാക്കകൾ മുമ്പത്തേതിലും അധിക മുണ്ടായിരുന്നു. പാമ്പിനെ കാണാനുംകൂടി സമ്മതിക്കാതെ കാക്കകൾ വന്നു പൊതിഞ്ഞിരിക്കയാണ്.

കാക്കകൾക്ക് എന്തൊക്കെ തിന്നാൻ കിട്ടിയാലും മതിയാവില്ല. എലിയെ വേണം, പാമ്പിനെ വേണം, പുഴുക്കളെ വേണം, കയ്പയ്ക്ക വിത്ത് വേണം! പിന്നെ ഓടവും വേണം. രാവിലെ ഓടം കൊത്തിക്കൊണ്ടു പോയ ആ കള്ളക്കാക്ക് ഈ കൂട്ടത്തിലുണ്ടോ? ഉണ്ടാവാതിരിക്കില്ല. ഓടം അതിന്റെ കൊക്കിൽനിന്നു വല്ല ചാണകക്കുണ്ടിലോ കുണ്ടൻകിണറ്റിലോ വീണിരിക്കും.

ആ കാക്കയെ കവണകൊണ്ട് എറിഞ്ഞുകൊല്ലുകയാണു വേണ്ടത്. അപ്പുണ്ണിയോടു പറഞ്ഞാൽ മതി. അപ്പുണ്ണിയുടെ കൈയിൽ കവ ണയുണ്ട്. പക്ഷേ, ആ കാക്കയെ തിരിച്ചറിഞ്ഞാലല്ലേ എറിഞ്ഞുകൊല്ലാൻ സാധിക്കു?

ഇടവഴിയിൽനിന്നു റോഡിലെത്തിയപ്പോൾ സിനിമാനോട്ടീസുകാരൻ തിരിച്ചുപോകുന്നതു കണ്ടു. ഇപ്പോൾ അയാളുടെ കൈയിൽ സിനിമാ നോട്ടിസൊന്നുമില്ല. അയാളുടെ കൂടെയുള്ള ചെണ്ടക്കാരൻ ചെണ്ട കൊട്ടുന്നുമില്ല.

ഉണ്ണിക്കുട്ടൻ പോക്കറ്റിൽ തപ്പി നോക്കി. നോട്ടീസ് അവിടെ തന്നെയില്ലേ! ഉണ്ട്. നോട്ടീസുമാത്രമല്ല, കളിയടയ്ക്കയും

ആട്ടിൻകാട്ടവു മെല്ലാമുണ്ട്.

ഗേറ്റിനടുത്തെത്തിയപ്പോൾ കുട്ടൻനായർ ഒരു കൊട്ടയിൽ അങ്ങാടിസ്സാമാനങ്ങളുമായി വരുന്നതു കണ്ട് ഉണ്ണിക്കുട്ടൻ നിന്നു.

"വരൂ." കാളിയമ്മ അവന്റെ കൈപിടിച്ചു വലിച്ചു.

"ഞാൻ കുട്ടൻനായര് ഒപ്പാ."

കുട്ടൻനായർ ഗേറ്റിനടുത്തെത്തുന്നതുവരെ കാളിയമ്മ കാത്തു നിന്നു. കുട്ടൻനായർ അടുത്തെത്തിയപ്പോൾ കാളിയമ്മ പറഞ്ഞു: "ദാ ചുന്തരക്കുട്ടി."

കാളിയമ്മ മുമ്പേ നടന്നു.

കുട്ടൻനായർ കൊട്ട അടുക്കളത്തളത്തിൽ കൊണ്ടുവന്നുവെച്ചു. അമ്മയും മുത്തശ്ശിയുംകൂടി പൊതികളഴിച്ചു ടിന്നുകളിലും ഭരണികളിലു മാക്കി വെച്ചു.

ശർക്കരപ്പൊതിയഴിച്ചപ്പോൾ ഒരച്ചു. ശർക്കര ഉണ്ണിക്കുട്ടനു കിട്ടി. ശർക്കര വായിലിട്ടുകൊണ്ട് അടുക്കളക്കോലായിലേക്കു പോയപ്പോൾ കാളിയമ്മ ഊണു കഴിക്കയാണ്.

ഒരു വലിയ കിണ്ണം നിറച്ചു ചോറ്, കുറേ കൂട്ടാൻ, കുറേ മുളകിൻ കൊണ്ടാട്ടം-ഇതൊക്കെ ആയമ്മ അകത്താക്കുന്നത് ഉണ്ണിക്കുട്ടൻ നോക്കിനിന്നു.

ഊണു കഴിഞ്ഞെഴുന്നേറ്റപ്പോൾ ആയമ്മ ഗുരുവായൂരപ്പനെ വിളിച്ചു. കിണ്ണം മോറി കമഴ്ത്തിയപ്പോഴും ഗുരുവായൂരപ്പനെ വിളിച്ചു. ആയമ്മ പണി കഴിഞ്ഞു വീട്ടിലേക്കു പോവാൻ പുറപ്പെട്ടപ്പോൾ അമ്മ ഒരു ചെമ്പു ചോറും ഒരു മത്തിന്റെ കഷണവും കൊണ്ടുവന്നു കൊടുത്തു.

"ചുന്തരക്കുട്ട്യേ, പോട്ടെ"

കാളിയമ്മ ഉണ്ണിക്കുട്ടനോടും ലോഹ്യം പറഞ്ഞുകൊണ്ട് അന്നത്തെ പണിമാറ്റി പോയി.

മുത്തശ്ശിയും അമ്മയും ഉമ്മറത്തേക്കു വന്നപോൾ ഉണ്ണിക്കുട്ടനും വന്നു. അമ്മിണി ഉറങ്ങുകയാണ്.

തൊടിയിൽനിന്നു കിളയ്ക്കുന്ന ശബ്ദം കേൾക്കാനുണ്ട്. തൊടിയിലെവിടെയെങ്കിലും കുട്ടൻനായരുണ്ടാകും.

വാഴക്കൂട്ടങ്ങളെ തഴുകി വന്ന കാറ്റിൽ ഒരുപാടു മുത്തപ്പൻ താടികൾ മുറ്റത്തു വന്നു വീണു.

"മുത്തപ്പൻതാടി."

ഉണ്ണിക്കുട്ടൻ മുറ്റത്തിറങ്ങി. അഞ്ചാറു മുത്തപ്പൻതാടികൾ പെറുക്കി ക്കൊണ്ടുവന്ന് അമ്മയ്ക്കും മുത്തശ്ശിക്കും കാണിച്ചുകൊടുത്തു.

മുത്തശ്ശി പറഞ്ഞു: "മുത്തച്ഛൻ ഉണ്ണാൻ വരുന്നുണ്ടോയെന്നു

നോക്കിക്കൊണ്ടിരുന്നാ."

ഉണ്ണിക്കുട്ടൻ മുത്തച്ഛൻ വരുന്നുണ്ടോയെന്നു നോക്കിക്കൊണ്ടിരുന്നു.

## ഏഴ്

മുത്തച്ഛൻ വരുന്നുണ്ടോയെന്നു നോക്കിക്കൊണ്ടിരിക്കുമ്പോൾ, രണ്ടുപേർ ഗേറ്റ് തുറന്നു വരുന്നതു കണ്ടു. ആശാരി വേലുവും മകനുമാണത്. കുളിമുറിയുടെ വാതിൽ മാറ്റിവെക്കാനാവും. മുത്തച്ഛൻ പാടത്തേക്കു പോകുമ്പോൾ പറഞ്ഞിരുന്നു. അവർ ഉച്ചയ്ക്കുമുമ്പു വരുമെന്ന്.

കുളിമുറിയുടെ വാതിൽ ചിതലുതിന്ന് ദ്രവിച്ചിരിക്കുന്നു. അതു മാറ്റി വേറൊരു വാതിൽ വയ്ക്കണം. മാറ്റിവയ്ക്കേണ്ട വാതിലിന്റെ പണി ലേശം കൂടി ബാക്കിയുണ്ട്. പണി തീരാത്ത വാതിൽ വീടിന്റെ വടക്കു ഭാഗത്തെ ചുമരിൽ ചാരിവെച്ചിരിക്കയാണ്.

വേലുവും മകനും മുറ്റത്തുവന്നു നിന്നുകൊണ്ടു ചോദിച്ചു: "വല്യമ്പാനില്ലേ?

"ഇല്ല പാടത്തേക്കു പൊയ്ക്കടക്കബ്." ഒന്നു നിർത്തിക്കൊണ്ട് മുത്തശ്ശി തുടർന്നു: "വാതിലിന്റെ പണിക്കല്ലേ?

"അബത്."

"എന്നാൽ വടക്കോർത്തേക്കു പൊയ്ക്കോളിൻ."

വേലുവും മകനും വീടിന്റെ വടക്കുഭാഗത്തേക്കു പോയി. ഉണ്ണിക്കുട്ടന്നും അവരുടെ പിന്നാലെ പോയി.

വാതിൽ ചാരിവെച്ചിരിക്കുന്നത് കായ പുകയിൽവെച്ച സ്ഥലത്തിനടുത്താണ്.

ആശാരി വേലു മുഴക്കോലും ഉളികളും കോലായിൽവെച്ച് ഉളികൾ മൂർച്ചകൂട്ടുവാൻ ഒരു പലകക്കഷണവും കുറേ വെള്ളാരങ്കല്ലുകളും തൊടിയിൽനിന്നു തേടിയെടുത്തു കൊണ്ടുവന്നു. പലകയിൽ വെള്ളാരങ്കല്ലു കളിട്ട് ഉളികൾ ഓരോന്നായി മൂർച്ചകൂട്ടുവാൻ തുടങ്ങി.

വെള്ളാരങ്കല്ലിൻപൊടി പഞ്ചസാരത്തരികളെപ്പോലെയാണെന്ന് ഉണ്ണിക്കുട്ടനു തോന്നി.

ഉളി മൂർച്ചകൂട്ടിയശേഷം പണി തുടങ്ങി. ഉളിയിൽ മേടുമ്പോൾ ചെറുകഷണങ്ങൾ ചിന്നിത്തെറിച്ചുകൊണ്ടിരുന്നു. ഉണ്ണിക്കുട്ടൻ ഒരിടത്തിരുന്ന് ആശാരിമാരുടെ കൈവേഗവും മുഖഭാവങ്ങളും ശ്രദ്ധിച്ചു. നല്ല രസമുണ്ട് കാണാൻ. ഇതുപോലെതന്നെ മരം ഈരുന്നതു

കാണാനും നല്ല രസമുണ്ട്. മീതെ നിലക്കുന്ന ഈർച്ചക്കാരനെയല്ല താഴെ കാലു മടക്കിയിരിക്കുന്ന ഈർച്ചക്കാരനെയാണ് ഉണ്ണിക്കുട്ടനിഷ്ടം.

മുത്തശ്ശിയും അമ്മയും ആശാരിമാർ പണിയുന്നത് വെറുതെ ഒന്നു വന്ന് നോക്കിപ്പോയി.

അമ്മിണിയും ഇനിയും ഉണർന്നിട്ടില്ലെന്ന് ഉണ്ണിക്കുട്ടന്നു.ഹിച്ചു. ഉണർ ന്നിട്ടുണ്ടെങ്കിൽ മുത്തശ്ശിയുടെയോ അമ്മയുടെയോ ഒക്കത്തു കാണു മായിരുന്നു.

“എന്തായാലും കുറച്ചുനേരം അടങ്ങിയിരുന്നോളൂ..ലോ.”

മുത്തശ്ശി പോകുമ്പോൾ പറഞ്ഞു. കുട്ടൻനായർ തൊടിയിൽനിന്നു തുമുന്ന ശബ്ദം കേട്ടു. മൂന്നുപ്രാവശ്യം തുമ്മി. അയാൾക്ക് ഇനിയും തൊടിയിൽനിന്നു വരാറായില്ലേ?

മുത്തച്ഛൻ വന്നു. പാടത്തുനിന്നു വരുന്ന വരവാണ്. വല്ലാതെ വിയർത്തിരിക്കുന്നു.

കുറച്ചു നേരം ആശാരിമാരുമായി സംസാരിക്കയും അവരുടെ പണി കാണുകയും ചെയ്തു.

സ്കൂളിൽനിന്ന് ഒരുമണിയുടെ ബല്ലടിക്കുന്ന ശബ്ദം കേട്ടു. ഇന്നും കൃത്യസമയത്തുതന്നെയാണ് മുത്തച്ഛൻ വന്നിരിക്കുന്നത്.

“വര്ണോ? മുത്തച്ഛൻ ഉണ്ണിക്കുട്ടന്റെ കവിളിൽ തലോടിക്കൊണ്ടു ചോദിച്ചു.

അവനൊന്നു തീർച്ചപ്പെടുത്തുന്നതിനുമുമ്പ് മുത്തച്ഛൻ കാലു കഴുകാനായി കിണറ്റിൻകരയിലെത്തിയപ്പോഴേക്കും ഉണ്ണിക്കുട്ടൻ പിന്നാലെ എത്തി.

മുത്തച്ഛൻ നാക്കിലയ്ക്കു മുമ്പിൽ പലകയിട്ട് ഇരുന്നപ്പോൾ ഉണ്ണിക്കുട്ടന്നും മുത്തച്ഛന്റെ അടുത്ത് അവന്റെ കുഞ്ഞിപ്പലകയിട്ടിരുന്നു.

മുത്തച്ഛൻ നെയ്യുകൂട്ടി കുഴച്ച ഒരുരുളച്ചോറ് ചെറിയ ഒരു ഇലക്ക ഷണത്തിൽ വെച്ചുകൊടുത്തു.

“പപ്പടം.” ഉണ്ണിക്കുട്ടൻ പറഞ്ഞു.

അമ്മ അടുക്കളയിൽനിന്ന് ഒരു ചുട്ട പപ്പടം കൊണ്ടുവന്ന് അവന്റെ ഇലയിൽ ഇട്ടുകൊടുത്തു.

അവൻ പപ്പടം കൂട്ടി ചോറുണ്ണാൻ തുടങ്ങി. നെയ്യ് കൂട്ടിക്കുഴച്ച ചോറും പപ്പടവും. രണ്ടിനും നല്ല സ്വാദുണ്ട്.

ആ ഒരുരുളച്ചോറുമാത്രമേ അവൻ ഉണ്ടുള്ള. അതുതന്നെ വിശപ്പുള്ളതുകൊണ്ടല്ലേ. എന്നും പതിവുള്ള കാര്യം ചെയ്തുവെന്നുമാത്രം.

മുത്തച്ഛൻഡേ ഊണ് ഇനിയും കഴിഞ്ഞിട്ടില്ല.

ഉണ്ണിക്കുട്ടൻ എഴുന്നേറ്റപ്പോൾ കുട്ട്യേട്ടൻ സ്കൂൾവിട്ടു വന്നു.

മുത്തച്ഛന്റെ അടുത്തിരുന്നുകൊണ്ട് കുട്ട്യേട്ടനും ഊണു കഴിക്കാൻ തുടങ്ങി.

മുത്തച്ഛനും കുട്ട്യേട്ടനും ഊണുകഴിക്കുന്നത് നോക്കിക്കൊണ്ടു നിന്നു. മുത്തച്ഛന്റെ കൈയിലെ വസരിക്കുത്തിവെച്ച കലയ്ക്ക് എന്തൊരു വട്ടമാണ്! ഒരു റുപ്പികയേക്കാൾ അധികമുണ്ടെന്നു തോന്നുന്നു. മുത്തച്ഛനും കുട്ട്യേട്ടനും ഊണു കഴിഞ്ഞെഴുനേറ്റത് ഒന്നിച്ചാണ്. അവർ കൈകഴുകുന്നതു കാണാനായി ഉണ്ണിക്കുട്ടൻ അടുക്കളക്കോലാ യിലേക്കു ചെന്നു. കുട്ട്യേട്ടൻ ചെമ്പിന്റെ അകത്ത് കൈയിട്ടലമ്പുകയാണുണ്ടായത്. എന്നിട്ട് ചിറി കുബായത്തിന്റെ അറ്റംകൊണ്ട് തുടച്ച് ഓടിപ്പോയി.

മുത്തച്ഛൻ കുലുക്കുഴിയുകയും വീണ്ടും കുലുക്കുഴിയുകയും കാർക്കിച്ചു തുപ്പുകയുമൊക്കെ ചെയ്തു.

അമ്മിണി ഉറക്കമുണർന്നു കരയാൻ തുടങ്ങി.

"സമയത്തിനുണർന്നു." അമ്മ അവളെ എടുത്തുകൊണ്ടുവന്ന് മുത്തച്ഛന്റെ കൈയിൽ കൊടുത്തു.

മുത്തശ്ശിയും അമ്മയും ഇനിയും ഊണു കഴിച്ചിട്ടില്ല. കുട്ടൻനായരുടെയും ആശാരികളുടെയും ഊണും കഴിഞ്ഞിട്ടില്ല.

മുത്തച്ഛൻ മുറുക്കാൻചെല്ലവും അമ്മിണിയെയുമൊക്കെയായി ഉമ്മറത്തേക്കു പോയി.

ഉണ്ണിക്കുട്ടൻ ആശാരികളുടെ അടുത്തേക്കു പോകാനൊരുമ്പെപ്പോൾ മുത്തച്ഛൻ പറഞ്ഞു: "ഇനി കുറച്ചുനേരം ഈ ബഞ്ചിന്മേൽ വന്നിരിക്കാ. വെറുതെ വെയല്ല് കൊള്ളണ്ട്."

"തണലത്തിരുന്നോളാം."

"വേണ്ട വേണ്ട. മുത്തച്ഛന്റെ കുട്ടി ബ്ടെ ഇരിക്ക്."

ഉണ്ണിക്കുട്ടൻ മനമില്ലാമനസ്സോടെ ബഞ്ചിൽ കയറിയിരുന്നു. അമ്മിണി മുത്തച്ഛന്റെ മടിയിൽ തലവെച്ച്, കാലുകൾ ബഞ്ചിൽ വെച്ചടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ടു കിടക്കുകയാണ്.

ഉണ്ണിക്കുട്ടൻ ബഞ്ചിൽനിന്നു, മെല്ലെ എഴുന്നേറ്റ് മുത്തച്ഛൻ മുറുക്കുന്നതും സൂക്ഷിച്ചുകൊണ്ട് അകത്തേക്കു പോയി.

അടുക്കളയിൽ മുത്തശ്ശിയും അമ്മയും ഊണുകഴിക്കയാണ്. അവൻ കരണ്ടിയിൽനിന്ന് മൂന്നാലു പയറിൻകൊണ്ടാട്ടം എടുത്തതിന്നു. കുണ്ടൻ പിഞ്ഞാണത്തിൽനിന്നു കുറച്ചു മോരു കുടിച്ചു.

"എന്തു തിന്നാലും കുക്ഷി നിറയില്ല." അമ്മ പറഞ്ഞു.

അടുക്കളക്കോലായിലേക്കു വന്നപ്പോൾ, കുട്ടൻനായർ ഊണു കഴിഞ്ഞ് എച്ചിൽ തേയ്ക്കയാണ്. ഇത്രവേഗം കുട്ടൻനായരുടെ

ഊണു കഴിഞ്ഞുവെന്നോ?

കുട്ടൻനായർ ചോദിച്ചു: "കുരുത്തോലിപ്പന്ത് ചീത്തയാക്ക്യോ?

"ഇല്ല."

"എവിട്യാ?"

"ഉമറത്തെ മേപ്പടിമ്പില."

"സിനിമാനോട്ടീസോ?

"ദാ." കീശയിൽ തൊട്ടു കാണിച്ചുകൊടുത്തു.

"മിടുക്കൻ!"

കുട്ടൻനായർ കിണറ്റിൻകരയിൽക്കൂടെ ഉമ്മറത്തേക്കു പോയി. അമ്മയും മുത്തശ്ശിയും കൊട്ടത്തളത്തിൽ കൈകഴുകുന്ന ശബ്ദം കേട്ടു. കൊട്ടത്തളത്തിലെ വെള്ളം ഓവിൽക്കൂടെ തെങ്ങിൻതടത്തിൽ ചെന്നു വീഴുന്ന ശബ്ദവും കേട്ടു.

ആശാരികൾ ഉണ്ണാൻ വന്നു. അമ്മയും മുത്തശ്ശിയുംകൂടി അവർക്ക് ചോറുവിളമ്പിക്കൊടുത്തു. കാവത്തികൊണ്ടുള്ള കൂട്ടാനാണ് അവർക്കു കൊടുത്തത്. വേലു പച്ചമുളകു കടിക്കുന്നതു കണ്ടപ്പോൾ ഉണ്ണിക്കുട്ട നാണ് എരിവു തോന്നിയത്.

രാവിലെ വേലി നൂഴ്ന്നു കയറിവന്ന ആ ചൊക്ലിപ്പട്ടി വീണ്ടും വന്നിരിക്കുന്നു. ആശാരിച്ചെക്കൻ കൊടുത്ത് കല്ലുകൊണ്ട് ഒരേറ്! മണ്ടയ്ക്കാണു കൊണ്ടത്. വാലും തറ്റുകൊണ്ട് തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ പട്ടി ഒരൊറ്റ് ഓട്ടം.

അടുക്കളമുറ്റം വൃത്തികേടാകാൻ തുടങ്ങിയിരിക്കുന്നു. മത്തിന്റെ വിത്തറും കൂർക്കയുടെ തൊലിയും എച്ചിലിലകളുമൊക്കെയുണ്ട്.

ആശാരിമാർ ഊണ്കഴിഞ്ഞു കൈ കഴുകി അടുക്കുചെമ്പ് കമഴ്ത്തി വെച്ച് വടക്കുഭാഗത്തേക്കുതന്നെ പോയി.

"ഉമ്മറത്തേക്കു നടന്നോ!" അമ്മ വാതിൽ ചാരാൻ ഭാവിച്ചുകൊണ്ട് പറഞ്ഞു.

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു പോയി. അടുക്കളവാതിലടച്ച് അമ്മയും മുത്തശ്ശിയും ഉമ്മറത്തേക്കു വന്നു. മുത്തശ്ശി മുറുക്കിയശേഷം നിലത്തു കിടന്നപ്പോൾ അമ്മിണിയും മുത്തച്ഛന്റെ മടിയിൽനിന്നെഴുന്നേറ്റ് മുത്തശ്ശിയുടെ അടുത്തുവന്നു കിടന്നു.

അമ്മ ബഞ്ചിന്മേലിരുന്നു.

ഉണ്ണിക്കുട്ടൻ മുത്തശ്ശിയോട് ഒരു പാട്ടു പാടാൻ പറഞ്ഞു. അമ്മിണിയും പറഞ്ഞു.

മുത്തശ്ശി നേരിയ ശബ്ദത്തിൽ പാടാൻ തുടങ്ങി:

"ആ ഇറയിലിരിക്കണ അരിവാളെവിടെ
യെടി മധുരം കൂടി പൊന്ന മ്മേ
ആ അരിവാളല്ലേ ഇന്നലെ

ചാമയറക്കാൻ കൊണ്ടോയെ
ആ ചാമയെവിടെയെടി
മധുരം കൂടി പൊന്നമ്മേ
ആ ചാമയല്ലേ ഇന്നലെ
ചെമ്പൻപോത്ത് തിന്നത്
ആ ചെമ്പൻപോത്തെവിടെയെടി
മധുരം കൂടി പൊന്നമ്മേ
ആ ചെമ്പൻപോത്തല്ലേ ഇന്നലെ
തുറ്റി തുറ്റി ചത്തത്
ആ ചാണകമെവിടെയെടി
മധുരം കൂടി പൊന്നമ്മേ
ആ ചാണകമല്ലേ ഇന്നലെ
ചിറ്റൂരമ്പലം തേച്ചത്
ആ ചിറ്റൂരമ്പലമെവിടെയെടി
മധുരം കൂടി പൊന്നമ്മേ
ആ ചിറ്റൂരമ്പലമല്ലേ ഇന്നലെ
തീപിടിച്ചു പോയത്
ആ വെണ്ണീറെവിടെയെടി
മധുരം കൂടി പൊന്നമ്മേ
ആ വെണ്ണീറൊണ്ടല്ലേ ഇന്നലെ
പൂജാപാത്രം തേച്ചത്
ആ പൂജാപാത്രം എവിടെയെടി
മധുരം കൂടി പൊന്നമേ
ആ പൂജാപാത്രമല്ലേ ഇന്നലെ
കള്ളൻ കുട്ടുകൊണ്ടോയെ
ആ കള്ളനെവിടെയെടി
മധുരം കൂടി പൊന്നമ്മേ
ആ കള്ളനല്ലേ ഇന്നലെ
ചാടിയോടി പോയത്."

മുത്തശ്ശി പാട്ടു പാടിത്തീർന്നപ്പോഴേക്കും അമ്മിണി ഉറങ്ങിക്കഴിഞ്ഞിരുന്നു. എത്ര ക്ഷണത്തിലാണ് അമ്മിണി ഉറങ്ങുന്നതും ഉണരുന്നതും! ഉണ്ണിക്കുട്ടനാണെങ്കിൽ ഉറക്കം വരുന്നതുതന്നെയില്ല.

മുത്തച്ഛനും ബഞ്ചിൽ ചെരിഞ്ഞു കിടന്നിരിക്കയാണ്.

അമ്മ എഴുന്നേറ്റ് അകത്തെ ഇടനാഴിയിൽ ചെന്നു കിടന്നു. ഉണ്ണിക്കുട്ടനും അമ്മയുടെ അടുത്തുവന്നു കിടന്നു.

"ഉറങ്ങണ്ടെ? അമ്മ അവന്റെ ദേഹത്തിൽ തലോടിക്കൊണ്ടു

ചോദിച്ചു.

"ഉറക്കം വരണില്ല."

"ഉറങ്ങിക്കോ. രാത്രി കളംതൊഴാൻ പോണ്ടെ?

ശരിയാണ്. ഇന്നു രാത്രി കളംതൊഴാൻ പോകണം. അതിനു മുമ്പുതന്നെ അമ്മയോടു പറയണമെന്നു കരുതിയതായിരുന്നു. മറന്നു പോയി.

ഇന്ന് കളംതൊഴാൻ പോകണം.

ചിറ്റുവിളക്കിന് അപ്പുണ്ണി നാളികേരം പെറുക്കുന്നതു കാണണം. ഉണ്ണിക്കുട്ടൻ കണ്ണുകളടച്ചു കിടന്നു. പക്ഷേ, ഉറക്കംവരുന്നില്ല.

സ്വപ്നത്തിൽ കണ്ട വയസ്സൻ മുമ്പിൽ വന്നുനില്ക്കുന്നുണ്ടോ? ആട്ടിൻകുട്ടി തുള്ളിച്ചാടി കളിക്കുന്നുണ്ടോ? കുടമണിശബ്ദം കേൾക്കാനുണ്ടോ? കണ്ണുകളടച്ചു കിടന്നപ്പോൾ ഇങ്ങനെയൊക്കെയാണവനു തോന്നിയത്.

അമ്മ ഉറങ്ങി. നേരിയ ശബ്ദത്തിൽ കൂർക്കം വലിക്കുന്നുണ്ട്.

ഉണ്ണിക്കുട്ടന് ഉറങ്ങണമെന്നില്ല. ആശാരിമാർ വടക്കുഭാഗത്തു നിന്നു തട്ടുന്നതും മേടുന്നതും കേൾക്കാനുണ്ട്. അവൻ മെല്ലെ എഴുന്നേറ്റ് ആശാരിമാർ പണിയെടുക്കുന്നിടത്തേക്കു പോയി. അടുക്കളക്കോലാ യിൽക്കൂടെയാണു പോയത്. അടുക്കളക്കോലായയുടെ തിണ്ണയിൽ കുട്ടൻനായർ കിടക്കുന്നുണ്ട്. വെറുതെ കണ്ണുമിഴിച്ചു കിടക്കയാണ്. വെയിലൊന്നാറിയാൽ ഇനിയുമയാൾ തൊടിയിലേക്കു പോവും.

ആശാരിമാരുടെ പണി ഇനി അധികമില്ല. അടുത്തു ചെന്നപ്പോൾ അവർ ചോദിച്ചു:

"എവിട്യായിർന്ന്?

"കെടക്കായിർന്ന്."

അവൻ പലകയിലുള്ള വെള്ളാരങ്കല്ലിൻപൊടിയിൽ തൊട്ടുനോക്കി. മിനുമിന്നുന്നനെയിരിക്കുന്നു. കൈവിരൽ നാക്കത്തുവെച്ചു നോക്കി. മധുരമൊന്നുമില്ല. കീശയിലുള്ള സിനിമാനോട്ടീസിൽ ലേശം പൊടി യെടുത്തു പൊതിഞ്ഞുവെച്ചാലോ? ആശാരിമാർ വല്ലതും പറയുമോ? ഏതായാലും അവരുടെ പണി കഴിയട്ടെ.

വീട്ടിലുള്ളവരെല്ലാം അകത്താണല്ലൊ. പേടിക്കാനൊന്നുമില്ല. തൊടിയിലൊക്കെ ചുറ്റിയടിച്ചു വരാം, അവൻ തൊടിയിലേക്കു നടന്നു.

ആദ്യം പോയത് തൊഴുത്തിലേക്കാണ്. തൊഴുത്തിന്റെ മുമ്പിലുള്ള തെങ്ങിൻതൈയിൽനിന്ന് പശുക്കുട്ടിയെ ഇനിയും മറ്റൊരിടത്തേക്കഴിച്ചു കെട്ടിയിട്ടില്ല. തേക്കിൻതൈയിന്റെ ചുവട്ടിൽ

വെയിൽ വന്നിരിക്കുന്നു. പശുക്കുട്ടിയുടെ നെറ്റിയിൽ വെറുതെയൊന്നു തൊട്ടുനോക്കി. പശുക്കുട്ടി സന്തോഷത്തോടെ കഴുത്താട്ടി.

വളക്കുഴിയിൽനിന്ന് ഒരു കാക്ക ഒരു പുഴുവിനെ കൊത്തിയെടുത്തറുകൊണ്ട് തൊഴുത്തിൻപുറത്തു വന്നിരുന്നു. അവൻ നോക്കി. ഓടം കൊത്തിക്കൊണ്ടുപോയ കാക്കയാണോ? എന്തോ! ഒന്നും മനസ്സിലാകുന്നില്ല.

വളക്കുഴിക്കടുത്തുചെന്ന് രണ്ടുമൂന്നു കല്ലുകൾ എടുത്തിട്ടു. ഇപ്പോൾ വളക്കുഴിയിലെ ചാണകം ഉറച്ചിരിക്കയാണ്. കല്ല് രാവിലത്തെപ്പോലെ പൂഴ്ന്നിറങ്ങുന്നില്ല.

തൊഴുത്തിൽനിന്ന് നേരേ കക്കൂസിന്റെ അടുത്തുള്ള മുളങ്കുട്ടത്തിനടുത്തേക്കു ചെന്നു. കക്കൂസിനടുത്ത് ഒരു പട്ടി കിടന്നുറങ്ങുന്നുണ്ട്. കുറച്ചുമുമ്പ് പടിക്കൽവെച്ചു കടികൊണ്ടോടിയ പട്ടിയാവും.

മുളങ്കുട്ടത്തിൽ ഒരു കവണ തങ്ങിനില്ക്കുന്നുണ്ട്. കുറച്ചു ദിവസങ്ങൾക്കുമുമ്പ്. ഒരു പക്ഷിയെ എറിഞ്ഞുവീഴ്ത്താൻ അപ്പുണ്ണി ശ്രമിച്ച വോഴാണ് അതവിടെ തങ്ങിനിന്നത്. ഇനി അതവിടെനിന്ന് എന്നാണെടുക്കുക? ചെറുമൻ കുഞ്ഞാക്കൻ വേലിയടയ്ക്കാൻ മുള്ള വെട്ടുന്നതുവരെ അതവിടെത്തന്നെ തങ്ങിനില്ക്കുമായിരിക്കും.

മുളങ്കുട്ടത്തിൽനിന്നു സ്വല്പമകന്ന് ഒരുപാടു തൊട്ടാവാടിച്ചെടികൾ വളർന്നുനിൽക്കുന്നിടത്തേക്ക് കല്ലുകളെടുത്തെറിഞ്ഞു. അപ്പോൾ, അവ വാടുന്നതു കൗതുകത്തോടെ നോക്കിനിന്നു. ഇലകൾ വിടർന്നാൽ പിനേയുമെറിയണമെന്നു കരുതിക്കൊണ്ട് അവൻ മുളംകൂട്ടത്തിന്റെ കുറച്ചുകൂടി അടുത്തേക്കു ചെന്നു.

ഇപ്പോൾ മുളങ്കുട്ടത്തിൽ തങ്ങിനില്ക്കുന്ന കവണ കുറച്ചുകൂടി അടുത്താണെന്ന് അവനു തോന്നി. അവൻ ഒരു കല്ലെടുത്തെറിഞ്ഞു. കല്ല് ഒരാൾക്കുയരത്തിലെങ്കിലും മേലോട്ടു പോയില്ല. എന്നാലും ഉണ്ണിക്കുട്ടന്നു രസം തോന്നി. അവൻ വീണ്ടും എറിഞ്ഞു. വീണ്ടും വീണ്ടു മെറിഞ്ഞു. അങ്ങനെ എറിഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ അവന്റെ ഇടത്തേ കാലിൽ ഒരു മുള്ളൂ. കൊണ്ടുകയറി. മുള്ള തറച്ചതോടെ അവൻ ഇരുന്നുപോയി. എന്തൊരു വേദനയാണ് അവൻ ഉറക്കെ നിലവിളിച്ചു. നിലവിളി കേട്ട ആദ്യമോടിയെത്തിയത് ആശാരി വേലുവാണ്. ആശാരി വേലു. അവനെ വന്നെടുത്തപ്പോഴേക്കും കുട്ടൻനായരും മുത്തച്ഛനും ഓടിയെത്തി.

കുട്ടൻനായർ വേലുവിന്റെ കൈയിൽനിന്ന് ഉണ്ണിക്കുട്ടനെ വാങ്ങി ഉമ്മറത്തേക്കു കൊണ്ടുവന്നു. അമ്മയും ഉമ്മറത്തുതന്നെയുണ്ട്.

വലിയൊരു മുള്ളാണു കുത്തിയിരിക്കുന്നത്. മുള്ളിന്റെ പകുതി

അകത്തും പകുതി പുറത്തുമാണ്.

അമ്മ കണ്ടപ്പോൾ "ഇഗ്ഗ്' എന്നു. ശബ്ദിച്ചു മാറിനിന്നു.

കുട്ടൻനായർ മുള്ള പതുക്കെ വലിച്ചെടുത്ത് ഇനിയുമുണ്ടോയെന്നു നോക്കാൻ സുചികൊണ്ടു കുത്തി ചിനക്കിനോക്കി. അപ്പോൾ ഉണ്ണിക്കുട്ടൻ പുളഞ്ഞു നിലവിളിച്ചു.

"ഇത്ര നെലോളിക്കാനൊന്നും ഇല്ല."

കുട്ടൻനായർ ലേശം ചുണ്ണാനെടുത്ത മുള്ളുകുത്തിയ സ്ഥലത്തു തേച്ചു.

"ഇനി കൊറച്ചുനേരം ബഞ്ചിൽ ഒതുങ്ങിക്കിടക്കാ." ഉണ്ണിക്കുട്ടൻ ബഞ്ചിൽ ഒതുങ്ങിക്കിടന്നു. വേദന കുറേശ്ശിക്കുറേശ്ശയായി മാറുകയാണ്.

മുത്തശ്ശി അവന്റെ അടുത്തു വന്നു കിടന്നു. മുത്തച്ഛനും കുട്ടൻനായരും ഉമ്മറത്തുനിന്നു പോയി.

അമ്മ അമ്മിണിയെയുമായി ഉമ്മറത്തെ നിലത്തു വന്നു കിടന്നു. ഉണ്ണിക്കുട്ടന്റെ കാലടിയിലെ ചുണ്ണാമ്പിൽ തൊട്ടുകൊണ്ട് അമ്മിണി പറഞ്ഞു: "പാവു പാവു."

മുത്തശ്ശി ചിരിച്ചു:

"ഉണ്ണ്യേട്ടന്റെ കാലിൽ പാവു. ഉണ്ണ്യേട്ടൻ പാവേ."

അമ്മിണി അമ്മയുടെ കാലിൽ വന്നിരുന്ന്"ഉം ഊം" എന്നു. ശബ്ദിക്കാൻ തുടങ്ങി. അമ്മയ്ക്കു കാര്യം മനസ്സിലായി. അവളെ "ഏത്തം പൊമ്പേ" ആക്കാനാണ്. അമ്മ കാലുകൾ മടക്കിവെച്ച് അമ്മിണിയെ കാലിലെ ടുത്തുവെച്ചു. അമ്മ പറഞ്ഞുകൊണ്ടിരുന്നു: ഏത്തം പൊന്വേ

വെള്ളാട്ട്യമേ

എന്താണേ

തി ത്രോ

എന്തിനാണ് തീയ്

ചേന വേവിക്കാനാണ്

ചേനവേവെങ്ങിനെരിക്കുണു

അങ്ങിനെത്തന്നിരിക്കുണ്.

ഏ. തം. പൊട്ടി. ച്ചാ... ടാറാ. യി. പെട്. പെട്. പെടോ.

അമ്മിണി ചിരിച്ചുകൊണ്ട് നിലത്തു വീണ്ടെഴുന്നേറ്റുകൊണ്ട് പറഞ്ഞു: "ഞ്ഞീം."

അമ്മ വീണ്ടും "ഏത്തം പൊമ്പേ" ആക്കാൻ തുടങ്ങി.

ഉണ്ണിക്കുട്ടൻ ചിരിച്ചുകൊണ്ട് അനങ്ങാതെ നിന്നു.

മുള്ള കുത്തിയ സ്ഥലത്തിപ്പോൾ വേദന തോന്നുന്നതേയില്ല.

# എട്ട്

കുട്ടൻനായർ തോർത്തുമുണ്ടു മാറ്റി വല്യമുണ്ടുടുത്ത പടികടന്നു പോകുന്നതു കണ്ടു. മുത്തച്ഛൻ എങ്ങോട്ടെങ്കിലും പറഞ്ഞയച്ചതായിരിക്കും.

"എങ്ങോട്ടാ കുട്ടൻനായര് പോണത്? "

ആവോ!" മുത്തശ്ശി പറഞ്ഞു.

"ഏത്തം പൊമ്പേ" എത്രയാക്കിയിട്ടും മതിയാവാതെ ശാഠ്യം പിടിച്ചു കരയാൻ തുടങ്ങിയ അമ്മിണിയെയുംകൊണ്ട് അമ്മ അകത്തേക്കു പോയി. അമ്മയുടെ തലയിലെ മെഴുക്കു നിലത്തു പതിഞ്ഞു കിടക്കുന്നത് ഉണ്ണിക്കുട്ടൻ സൂക്ഷിച്ചുനോക്കി. ഇനിയതിൽ ഉറുമ്പുകൾ വരാൻ തുടങ്ങും.

കുട്ട്യേട്ടൻ ഒരുമണിക്ക് ഊണുകഴിക്കാൻ വരുമ്പോൾ മിക്ക ദിവസങ്ങളിലും ഒരു കടലപ്പൊതി കൊണ്ടുവന്നു തരാറുള്ളതാണ്. ഇന്ന് എന്തു കൊണ്ടാണു തരാതിരുന്നത്? കടല വാങ്ങാൻ അമ്മ കാശുകൊടുത്തിട്ടു ണ്ടാവില്ല.

സ്കൂൾപടിക്കൽ കടലക്കച്ചവടംചെയ്യുന്ന ലക്ഷ്മിചെട്ടിച്ച്യാരുടെ കടല ബഹുസ്വാദാണ്. കടല മാത്രമല്ല, ജിലേബിയും അവരുണ്ടാക്കി വിലക്കുന്നുണ്ട്.

ലക്ഷ്മിചെട്ടിച്ച്യാരുടെ അടുത്തുതന്നെ, പാത്തമ്മയ്ക്കും കച്ചവട മുണ്ട്. പുഴുങ്ങിയ കല്പിക്കിഴങ്ങും നാളികേരപ്പൂളുമാണവർക്ക്. പുഴുങ്ങിയ കവക്കിഴങ്ങം നാളികേരപ്പൂളുംകൂടി തിന്നാൻ നല്ല സ്വാദുണ്ട്.

വൈകുന്നേരം സ്കൂൾ വിട്ടു വരുമ്പോഴെങ്കിലും കുട്ട്യേട്ടൻ കടല കൊണ്ടുവരുമോ?

ഇന്നു സുഖമില്ലാത്തൊരു ദിവസമാണെന്നവനു തോന്നി. അച്ഛ നോട് ഓഫീസിൽനിന്നു വരുമ്പോൾ ബലൂൺ വാങ്ങിക്കൊണ്ടുവരണമെന്നു പറയാൻ സാധിച്ചില്ല. അതിനു പകരമാണല്ലോ കുട കൊടുക്കാൻ സാധിക്കാത്ത കാര്യത്തിനു കരഞ്ഞത്.

എല്ലാറ്റിനും പുറമേ മുള്ളും കുത്തി. ഉണ്ണിക്കുട്ടൻ ബഞ്ചിൽനിന്നെഴുന്നേറ്റു നിലത്തിറങ്ങിനിന്നു.

മുത്തശ്ശി ഉറങ്ങുകയാണ്.

മുത്തച്ഛൻ ആശാരിപ്പണി കണ്ടുകൊണ്ടിരിക്കയാവും.

ഉണ്ണിക്കുട്ടൻ മെല്ലെ നടന്നു. ലേശം, നിന്നെ ലേശം, വേദനയുണ്ട്. സാരമില്ല. നടന്നാൽ വേദന മാറിക്കോളും. അവൻ മുറ്റത്തേക്കിറങ്ങി

രണ്ടുമൂന്നു ചാലു നടന്നു. വേദന ഇല്ല.
മുറ്റത്തിപ്പോഴും ആട്ടിൻകാട്ടമുണ്ട്. തിണ്ടിന്മേൽ ഓന്തു പാഞ്ഞെത്തി. ഒരാട്ടിൻകാട്ടമെടുത്ത് ഓന്തിനെ ഒരേറുകൊടുത്തു. അത് അനങ്ങി യതുതന്നെയില്ല. പിന്നെ അവൻ എറിഞ്ഞില്ല. ഇനിയതു തൻഡേ ദേഹ ത്തിൽ പാഞ്ഞുകയറിയാലോ?
തലയിൽ ഒരു കൊട്ടയും പൊക്കണത്തിൽ ഒരു കുട്ടിയെയുമായി വളച്ചെട്ടിച്ചി ഉമ്മറക്കോലായിൽ വന്നിരുന്നു: "അമ്മാ, വള," ഒരു കൂസലുമില്ലാതെയാണ് കോലായിൽ വന്നിരുന്നത്. അവൾ ഗേറ്റ് തുറന്നതും ഗേറ്റ് തുറന്നശേഷം നടന്നുവരുന്നതുമൊന്നും മുറ്റത്തു നിന്നിട്ടുപോലും ഉണ്ണിക്കുട്ടനറിഞ്ഞില്ല. വല്ലാത്തൊരു വളച്ചെട്ടിച്ചി!
വളച്ചെട്ടിച്ചിയുടെ ശബ്ദം കേട്ട, മുത്തശ്ശിയും അമ്മയും അമ്മിണിയും ഉമ്മറത്തേക്കു വന്നു.
വളച്ചെട്ടിച്ചിയുടെ പൊക്കണത്തിൽ കിടക്കുന്ന കുട്ടി അമ്മിണിയുടെ അത്രയേയുള്ളൂ. അതിന്റെ കണ്ണുകളിലും കവിളത്തുമെല്ലാം മഷിയെ ഴുതിയിട്ടുണ്ട്.
ചെട്ടിച്ചി കൊട്ട തുറന്നു. വളകൾ മാത്രമല്ല. അലുമിനിയപ്പാത്ര ങ്ങളുമുണ്ട്.
കുപ്പിവളകളും പ്ലാസ്റ്റിക് വളകളും പുറത്തേക്കെടുത്തു കാണിച്ചു. അമ്മിണി ചെട്ടിച്ചിയുടെ കൊട്ട തൊട്ടു തൊട്ടില്ല എന്ന വിധത്തിൽ നിൽക്കയാണ്.
അമ്മ അമ്മിണിയുടെ കൈകളിൽ വളകളിടുവിച്ചു. ചെട്ടിച്ചിയെ ക്കൊണ്ടാണ്. അമ്മിണി വളകളിടിക്കാൻ ചെട്ടിച്ചിയെ സമ്മതിക്കില്ലെ ന്നാണ് ആദ്യം വിചാരിച്ചത്.
ചെട്ടിച്ചിക്ക് രണ്ടു പഴയ കസവുവേഷ്ടി കൊടുത്തപ്പോൾ ഒരു താലവും ഒരു തുക്കുപിടിയും ഒരു എണ്ണഓടവും തന്നു. എല്ലാം അമ്മ അപ്പോൾത്തന്നെ മുകളിലത്തെ മുറിയിലെ കട്ടിലിൻഡേ ചുവട്ടിൽ കൊണ്ടു പോയിവെച്ചു. എണ്ണഓടം, കുറച്ചുനേരം കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. ഉണ്ണിക്കുട്ടന്. രാവിലെ ഇതുപോലെയുള്ള ഓടമാണ് കാക്ക കൊത്തിക്കൊണ്ടുപോയത്. ചോദിച്ചാൽ ഇനിയിതറും കാക്ക കൊത്തി ക്കൊണ്ടുപോകുമെന്നു പറയും അമ്മ.
കൊട്ടയും പൊക്കണവുമൊക്കെയായി ചെട്ടിച്ചി പോയി. പൊക്കണത്തിന്റെ കെട്ടഴിഞ്ഞു കുട്ടി താഴെ വീണാൽ എന്താണുണ്ടാവുക? കുട്ടി ഭയങ്കരമായി നിലവിളിക്കും. കുട്ടിയുടെ നിലവിളി കേൾക്കുന്നതുപോലെ തോന്നി ഉണ്ണിക്കുട്ടന്.
കുട്ടൻനായർ ഇനി എപ്പോഴാണ് മടങ്ങിവരിക? കായയ്ക്കു പുക ഊതാൻതക്കവണ്ണം വരാതിരിക്കുമോ? മുത്തച്ഛൻ

എങ്ങോട്ടാണയാളെ പറഞ്ഞയച്ചിരിക്കുന്നത്?

ഉണ്ണിക്കുട്ടൻ ബഞ്ചിൽത്തന്നെ വന്നു കിടന്നു. ഉമ്മറത്താരുമില്ല. മുത്തച്ഛന്റെ പട്ടീസിന്റെ ചരടിന്മേൽ നുഴമ്പുകൾ വന്നു പൊതിഞ്ഞിരിക്കുന്നു. പതിനാലാം നമ്പർ വിളക്കിന്റെ കുപ്പിയിൽ വല്ലാതെ കരി പിടിച്ചിരിക്കയാണ്; അമ്മയുടെ തലയിലെ മെഴുക്കുപുരണ്ട സ്ഥലത്തേക്ക് ഉറുമ്പുകൾ വരാൻ തുടങ്ങിയിട്ടില്ല. എന്താണിത്ര താമസം.

പെട്ടെന്നു മുറ്റത്തുനിന്ന് ഉടുക്കുകൊട്ടുന്ന ശബ്ദം കേട്ടു. ഓടിച്ചെന്നു നോക്കിയപ്പോൾ കുറവനും കുറത്തിയുമാണ്. കുഞ്ചിരാമനുമുണ്ട്. കുഞ്ചിരാമന്റെ കഴുത്തിൽ കുടമണികളുണ്ട്. ആട്ടിൻകുട്ടിയുടെ കഴുത്തിലുള്ളതുപോലെ ഒരു കുടമണിയല്ല. ഒരുപാടു കുടമണികളുണ്ട്.

കുറവനും കുറത്തിയും മുറ്റത്തിന്റെ അരുപറ്റി ഇരുന്നു. കുറവൻ തോളിലെ ഭാണ്ഡമെടുത്തു നിലത്തുവെച്ച് അതിൽനിന്നു രണ്ടു പാമ്പിൻ കൂടുകൾ പുറത്തേക്കെടുത്തുവെച്ചു. ഉണ്ണിക്കുട്ടൻ ഭയത്തോടെ രണ്ടടി പിന്നോക്കം വന്നപ്പോൾ മുത്തശ്ശിയുടെ ദേഹത്തിൽ മുട്ടി.

മുത്തശ്ശി ഉമ്മറത്തുണ്ടെന്നോ? തിരിഞ്ഞുനോക്കിയപ്പോൾ അമ്മയും അമ്മിണിയുമുണ്ട്. ആരുമൊന്നും മിണ്ടാതെ വന്നു നിലക്കയാണ്.

ഉടുക്കിന്റെ ഡും ഡും ശബ്ദം, കുടമണികൾ കെട്ടിയ കുഞ്ചിരാമൻ, കൂടയ്ക്കകത്തുള്ള പാമ്പുകൾ! ഉണ്ണിക്കുട്ടന് സന്തോഷത്തോടൊപ്പം തന്നെ ഭയവും തോന്നാതിരുന്നില്ല.

ആദ്യം കുഞ്ചിരാമന്റെ കളിയാണുണ്ടായത്. കുഞ്ചിരാമൻ, കുറവൻ പൊക്കിപ്പിടിച്ച വടിക്കുമീതെ ചാടുകയും കുട്ടിക്കരണം മറിയുകയും ചെയ്തു. അമ്മായിയമ്മ മരിച്ച ദുഃഖവും, പട്ടർ പെണ്ണുകിട്ടാതെ കാശിക്കു പോകുന്ന രംഗവും അഭിനയിച്ചു കാണിച്ചു.

കുഞ്ചിരാമന്റെ കളികൾ കണ്ടിട്ടും കണ്ടിട്ടും മതിയാകുന്നില്ല. മുത്തശ്ശിയും അമ്മയുമൊക്കെ കുടുകുടാ ചിരിക്കുന്നു.

കുട്ട്യേട്ടനിതു കാണാൻ സാധിച്ചില്ലല്ലൊ. സ്കൂളില്ലാത്ത ദിവസമായിരുന്നുവെങ്കിൽ കുട്ട്യേട്ടനും കാണാമായിരുന്നു.

ആശാരിമാരും മുത്തച്ഛനും മുറ്റത്തേക്കു വന്നു. അവർ വന്നപ്പോൾ കുഞ്ചിരാമൻ ആദ്യം ചെയ്തൊക്കെ ഒരിക്കൽക്കൂടി ചെയ്തു.

മുത്തച്ഛനും കുടുകുടാ ചിരിച്ചു. മുത്തച്ഛൻ ഇങ്ങനെ ചിരിക്കുന്നതു കണ്ടിട്ടില്ല.

കുഞ്ചിരാമന്റെ കളി കഴിഞ്ഞപ്പോൾ കുറവൻ, ഭാണ്ഡത്തിൽനിന്നു കുഴലെടുത്ത് ഊതാൻ തുടങ്ങി. പാമ്പിനെ തുറന്നു കാണിക്കാനുള്ള

വട്ടമാണ്. കുഞ്ചിരാമൻ കുറത്തിയുടെ തോളിലിരുന്ന് തലയിൽ പേൻ നോക്കുകയാണ്.

കുറവൻ കൂട ഏതു നിമിഷത്തിലും തുറക്കും. ഉണ്ണിക്കുട്ടന്നു പേടി തോന്നുകയാണ്. പാമ്പിനു വിഷമുണ്ട്. അവൻ മുത്തശ്ശിയുടെ മുണ്ടിൻ തുമ്പിൽ പിടിച്ചുനിന്നു.

കുറവൻ ഒരു കൂട തുറന്നു. "ഭം" പാമ്പു പടം വിടർത്തി. കുറവൻ മറ്റേ കുടയും തുറന്നു.

"ഭം" മറ്റേ പാമ്പും പടം വിടർത്തു.

കുറവൻ വലത്തേ കാലിന്റെ മുട്ടുകൾ ആട്ടിക്കൊണ്ടു കുഴലൂതുവാൻ തുടങ്ങി.

"രണ്ടും മൂർഖനാ." ആശാരി വേലു പറഞ്ഞു.

"കണ്ടില്ലേ പടത്തിന്മേലെ പുള്ളി? വേലുവിന്റെ മകൻ ചൂണ്ടിക്കാണിച്ചു.

ഉണ്ണിക്കുട്ടന്നു കണ്ടു മതിയെന്നായി. പേടിയാവുന്നു. ഇങ്ങോട്ട് ഇഴഞ്ഞു വന്നാൽ എന്താണു ചെയ്യുക.

കൂടകൾ അടച്ചുകിട്ടിയാൽ മതി!

കുറവൻ കൂടകൾ രണ്ടും അടച്ചു; പാമ്പുകൾ കൂടയ്ക്കകത്തു ചുരുണ്ടു കിടക്കുന്നതു കണ്ടു. കുറവൻ കൂടകൾ രണ്ടും ഭാണ്ഡത്തിൽത്തന്നെ വെച്ചു.

മുത്തശ്ശി നാഴി അരിയും, അച്ഛന്റെ പഴയൊരു കുപ്പായവും കൊണ്ടുവന്നു കൊടുത്തു.

കുറവനും കുറത്തിയും പോയശേഷവും ഉണ്ണിക്കുട്ടന്നു പേടി തോന്നി. പാമ്പുകൾ മുറ്റത്തുതന്നെ ഇഴഞ്ഞു കളിക്കുന്നുണ്ടോ? കുഞ്ചി രാമൻ പ്ലാവിൻകൊമ്പത്തിരുന്നു കളിക്കയാണെങ്കിൽ കളിച്ചോട്ടെ. അതു സാരമില്ല. പക്ഷേ, പാമ്പു മുറ്റത്തിഴഞ്ഞുകളിക്കുന്നതു നന്നല്ല.

അടുത്ത സ്കൂളിൽനിന്ന് ഒരു പിരിയഡ് കഴിഞ്ഞതിന്റെ ബെല്ലടിക്കുന്ന ശബ്ദം കേട്ടു. കുട്ട്യേട്ടന് കുഞ്ചിരാമനെയും പാമ്പിനെയും കാണാൻ കഴിഞ്ഞില്ലല്ലോ എന്ന കാര്യം ഉണ്ണിക്കുട്ടൻ വ്യസനത്തോടെ വീണ്ടുമോർത്തു. കുട്ട്യേട്ടൻ സ്കൂൾ വിട്ടുവന്ന ഉടൻ എല്ലാം വിവരിച്ചു പറഞ്ഞു കൊടുക്കണം.

കുട്ട്യേട്ടനുമാത്രമല്ല കുട്ടൻനായർക്കും ഇതൊന്നും കാണാൻ കഴിഞ്ഞില്ല. കാളിയമ്മയ്ക്കും കഴിഞ്ഞില്ല. പക്ഷേ, കുട്ടൻനായരും കാളിയമ്മയും എത്രയോ പ്രാവശ്യം കുഞ്ചിരാമനെയും പാമ്പിനെയും കണ്ടിരിക്കും?

കുരങ്ങന്മാരുടെയും പാമ്പുകളുടെയും പല കഥകളും കുട്ടൻനായർ പറഞ്ഞുതന്നത് ഉണ്ണിക്കുട്ടനോർത്തു.

കുരങ്ങന്മാർ അധികമുള്ള സ്ഥലം പഴനിയാണെന്നാണ് കുട്ടൻ നായർ പറഞ്ഞത്. പഴനിമല കയറുമ്പോൾ ഒരു കുരങ്ങൻ അയാളുടെ തോളിൽ വന്നിരുന്നുവേത.

പാമ്പുകൾ മനുഷ്യരോടൊപ്പം ജീവിക്കുന്ന ഒരു നമ്പൂതിരിയുടെ ഇല്ലമുണ്ടേത്. അവിടത്തെ കഥകൾ കേട്ടപ്പോൾ ഉണ്ണിക്കുട്ടന് അത്ഭുതം തോന്നി. എങ്ങനെയാണത്. പാമ്പുകൾ മനുഷ്യരോടൊപ്പം ജീവിക്കുക? ഇരുട്ടത്ത് അറിയാതെ പാമ്പിനെ ഒന്നു ചവുട്ടിയാൽ പാമ്പു കടിക്കാതിരിക്കുമോ? പാമ്പു കടിച്ചാൽ മരിക്കയില്ലേ?

കുറവനും കുറത്തിയും ഇപ്പോൾ എവിടെയെത്തിയിരിക്കും?

രാത്രിയിൽ ഉറങ്ങുമ്പോൾ വല്ലവരും കൂട തുറന്നാൽ പാമ്പുകൾ എങ്ങോട്ടെങ്കിലും ഇഴഞ്ഞുപോകും. വിഷപ്പല്ലു പറിച്ചെടുത്തതുകൊണ്ട് കടിച്ചാലാർക്കും വിഷമേല്ക്കുകയില്ല.

കുറവൻ പാമ്പിൻകൂട വെച്ചിരുന്ന സ്ഥലത്തു വന്നു നിന്നപ്പോൾ ഉണ്ണിക്കുട്ടനൊന്നു ഞെട്ടി. കുറവൻ പാമ്പുകളെ കൊണ്ടുവരേണ്ടിയിരുന്നില്ല. കുഞ്ചിരാമനെ മാത്രം കൊണ്ടുവന്നാൽ മതിയായിരുന്നു.

റോഡിൽക്കൂടെ ലൗഡ്സ്പീക്കറിൽ എന്തൊക്കെയോ വിളിച്ചു പറഞ്ഞുകൊണ്ട് ഒരു കാർ പാഞ്ഞുപോയി. ഒന്നും മനസ്സിലായില്ല.

കാറിലിരിക്കുന്നത് ഒരു സുഖംതന്നെയാണ്. ഓണക്കാലത്തൊരു ദിവസം സിനിമ കാണാൻ പോയതു കാറിലാണ്. മുത്തച്ഛനും കുട്ടൻനായരുമൊഴികെ എല്ലാവരുമുണ്ടായിരുന്നു. ഒരു തോർത്തു മുണ്ടു പുതച്ചുകൊണ്ട് കാളിയമ്മയും വന്നിരുന്നു.

ഇനി തിരുവാതിരയ്ക്ക് സിനിമകാണാൻ കൊണ്ടുപോകാമെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്. തിരുവാതിരയ്ക്കിനി അധികം ദിവസങ്ങളി ല്ലല്ലോ.

അമ്മ വരുന്നില്ലെന്നാണു പറയുന്നത്. ഓണക്കാലത്തു പോയപ്പോൾ അമ്മിണി കരഞ്ഞു. അവളുടെ കരച്ചിൽ മാറ്റാൻ അമ്മയ്ക്കു സിനിമാ ഹാളിൽനിന്നു പുറത്തേക്കു വരേണ്ടിവന്നു.

അമ്മിണിയെ താൻ നോക്കിക്കോളാമെന്ന് കുട്ടൻനായർ പറയുന്നുണ്ട്.

മുറ്റത്തു പ്ലാവിലകൾ പിനേയും ഒരുപാടു വീണിട്ടുണ്ട്. അപ്പുണ്ണി എറിഞ്ഞുവീഴ്ത്തിയ ചുള്ളിക്കുമ്പ് കോലായിൽ അങ്ങനെതന്നെയിരി ക്കുന്നു.

നിക്കറിന്റെ കീശയിലിട്ടിട്ടുള്ള സാധനങ്ങളെല്ലാം ശരിയല്ലേയെന്നു തപ്പിനോക്കി. എല്ലാം ശരിയാണ്.

അവൻ വീണ്ടും ബഞ്ചിൽ വന്നു കിടന്നു. അമ്മയുടെ തലയിലെ മെഴുക്കു പുരണ്ട നിലത്ത് ഉറുമ്പുകൾ വന്നിരിക്കുന്നു. ഒരുപാടുണ്ട്.

അവൻ അമ്മയോടു ചെന്നു പറഞ്ഞു. അമ്മ മെഴുക്കു പുരണ്ട സ്ഥലം തേപ്പുകൊണ്ടു തുടച്ചു വൃത്തിയാക്കി.

മുറ്റത്തു മുണ്ടിയുടെ ശബ്ദം കേട്ടു. അവൾ കഞ്ഞിക്കു വന്നതാവണം. നേരം എത്രയായി! എന്നിട്ടിപ്പോഴാണോ കഞ്ഞിക്കു വരുന്നത്.

അവൾക്കു കഞ്ഞി കൊടുക്കുന്നതു കാണാനായി ഉണ്ണിക്കുട്ടൻ അടുക്കളക്കോലായിലേക്കു ചെന്നു.

അരി വാർത്ത് കഞ്ഞിയിൽ കുറേ ചോറിട്ട് അവൾക്കു കൊടുക്കുന്നതു കണ്ടു. ഒരോടത്തിൽ കുറച്ചെണ്ണയും കൊടുത്തു.

“ചെറ്യമ്പ്രാൻകുട്ടി ങ്ങനെ നിക്കണതെന്താ?”

ഉണ്ണിക്കുട്ടൻ ചിരിച്ചു. മുണ്ടിയെ അവനിഷ്ടമാണ്. ലേശം പേടിയില്ലാതെയുമില്ല. കുറച്ചു ദിവസങ്ങൾക്കുമുമ്പ് അവൾ ഒരാട്ടിൻതല വീട്ടിൽ കൊണ്ടുവന്നു. കണ്ടപ്പോൾ പേടി തോന്നി. അതവൾക്കു വേവിച്ചു തിന്നാനാണേത! ആട്ടിൻതല വേവിച്ചു തിന്നുന്ന മുണ്ടിയെ അന്നു മുതല്ക്കു ലേശം പേടിയാണവന്

മുണ്ടി കഞ്ഞിയും ഓടവുമായി പോയി...

എന്തിനാണവൾ ആട്ടിൻതല വേവിച്ചു തിന്നുന്നത്? ആട്ടിൻതല വേവിച്ചു തിന്നുമ്പോൾ ഓക്കാനിക്കാൻ തോന്നില്ലേ? കാളിയമ്മയും ആട്ടിൻതല വേവിച്ചു തിന്നുമോ?

ആട്ടിൻതലയെക്കുറിച്ച് ആലോചിച്ചു നിലക്കുമ്പോൾ അമ്മ ഒരു ചട്ടിയിൽ കഞ്ഞിയും പിണ്ണാക്കുമിട്ടിളക്കുന്നതു കണ്ടു. തള്ളയാടിനു കൊടുക്കാനാവും. കുട്ടൻനായരുണ്ടെങ്കിൽ അയാളുടെ ജോലിയാണിത്.

അമ്മ ചട്ടിയുമായി ആട്ടിൻകൂട്ടിലേക്കു നടന്നു. ഉണ്ണിക്കുട്ടനുമുണ്ട് പിന്നാലെ.

“ എന്താ, അമ്മയും, മോന്നുംകൂടി കെടക്കണ്?” എന്നു ചോദിച്ചു കൊണ്ട് അമ്മ ചട്ടി തള്ളയാടിന്റെ മുമ്പിലേക്കു വെച്ചുകൊടുത്തു.

തള്ളയാട് കഞ്ഞി കുടിച്ചുതീരുന്നതുവരെ അമ്മ കാത്തുനിന്നു. എന്നിട്ട് ചട്ടിയുമായി തിരിച്ചുപോന്നു. ഒരു ധർമ്മക്കാരൻ ഗേറ്റിനടുത്തെത്തിയപ്പോൾ മുത്തശ്ശി വിളിച്ചു പറഞ്ഞു: “നേരം ഉച്ച കഴിഞ്ഞു. ഞീന്ന് ധർമ്മല്യ.”

ധർമ്മക്കാരൻ എന്തോ പറഞ്ഞുകൊണ്ടു തിരിച്ചുപോയി.

ആടിനു കഞ്ഞി കൊടുത്ത ചട്ടി കിണറ്റിൻകരയിൽ വെള്ളം പകർന്നുവെച്ചപ്പോൾ ഉണ്ണിക്കുട്ടൻ അതിലേക്കൊരു പ്ലാവിലയിട്ടു.

“എന്തിനാദ്?

അവൻ ചിരിച്ചുകൊണ്ട് ഉമ്മറത്തേക്ക് ഓടിപ്പോയി. ആശാരിമാരുടെ പണി ഇനിയും കഴിഞ്ഞിട്ടില്ല. തട്ടുന്നതും മുട്ടുന്നതും

കേൾക്കാനുണ്ട്.

ഉമ്മറത്തെ മേപ്പടിയിൽ കുരുത്തോലവന്തില്ലേയെന്നു നോക്കി. ഉണ്ട്. കുട്ടൻനായരുണ്ടെങ്കിൽ എടുത്തു തരാൻ പറയാമായിരുന്നു. ബഞ്ച നീക്കിയിട്ട് കയറിയാൽ കുട്ട്യേട്ടനുമെടുക്കാം.

മറ്റുള്ളവരോടു പറഞ്ഞാൽ “വെയിലാറട്ടെ“ എന്നു പറയും. ശരി. വെയിലാറട്ടെ.

ഉണ്ണിക്കുട്ടൻ ആശാരിമാരുടെ അടുത്തേക്കു പോയി.

മുത്തച്ഛൻ കുന്തിച്ചിരുന്ന് എന്തൊക്കെയോ പറയുകയാണ്. ഉണ്ണിക്കുട്ടൻ അടുത്തു ചെന്നപ്പോൾ മുത്തച്ഛനവനെ നെഞ്ചത്തോടു ചേർത്തു പിടിച്ചു കവിളിൽ ഒരുമ്മവെച്ചു.

“ഇനി മുത്തച്ഛന് ഒരുമ്മ തന്നാ.”

ഉണ്ണിക്കുട്ടൻ മുത്തച്ഛന് ഒരുമ കൊടുത്തു.

മുത്തച്ഛന്റെ താടി ഉരക്കടലാസുതന്നെയാണ് ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു.

## ഒൻപത്

മുത്തച്ഛന്റെ മടിയിലിരുന്നു കുറച്ചുനേരം ആശാരിപ്പണി കണ്ടശേഷം, ഉണ്ണിക്കുട്ടൻ അടുക്കളക്കോലായിലേക്കു വന്നു. അടുക്കളക്കോലായിൽ ആരുമില്ല. കിണറ്റിൻകരയിൽ ചെന്നു നോക്കി. അവിടെയും ആരുമില്ല.

കിണറ്റിൻകരയിലുള്ള അമ്മിണിയുടെ ചുവട്ടിൽനിന്നു പെട്ടെന്നൊരു അരണ പുറത്തേക്കു വന്നപ്പോൾ അവനു പേടി തോന്നി.

ഇത്ര പേടിക്കാനൊന്നുമില്ല. അരണ കടിക്കില്ലെന്ന് മുത്തശ്ശി പറഞ്ഞിട്ടുണ്ട്.

കിണറ്റിൻകരയിൽ വെച്ചിട്ടുള്ള ഒരു കുണ്ടൻചെമ്പിൻ മെഴുക്കു പാറിക്കിടക്കുന്ന വെള്ളവും ഒരു മരക്കയിലുമുണ്ട്. മരക്കയിൽകൊണ്ടു കുണ്ടൻചെമ്പിൽനിന്നു കുറേ വെള്ളം പുറത്തേക്കൊഴിച്ചു. ബാക്കിയുള്ള വെള്ളത്തിൽ ഓലക്കീറുകളിട്ട്, മരക്കയിൽകൊണ്ടു വട്ടത്തിലി ളക്കി മരക്കയിലെടുത്തപ്പോൾ ചുഴികളിൽപ്പെട്ടു വട്ടം ചുറ്റുന്ന ഓലക്കീറുകൾ നോക്കി രസിച്ചു.

കുറേ കഴിഞ്ഞപ്പോൾ മരക്കയിൽ കുണ്ടൻചെമ്പിൽത്തന്നെയിട്ട് കുളിമുറിയുടെ ഓട്ടിൻപുറത്തേക്കു നോക്കി. ഓട്ടിൻപുറത്തെല്ലാം ആട്ടങ്ങവള്ളികൾ പടർന്നുപിടിച്ചിരിക്കയാണ്. ആട്ടങ്ങവള്ളികളിൽ

മൂന്നാല് ആട്ടങ്ങകൾ. അവനു കൈ പൊക്കിയാൽ തൊടാവുന്ന ദൂരത്തിൽ തൂങ്ങി നിലക്കുന്നുണ്ട്. അവൻ ഒരാട്ടങ്ങ പറിച്ചെടുത്തു മണത്തിനോക്കി. പ്രത്യേകിച്ചൊരു മണവും തോന്നുന്നില്ല. അത് അമ്മിയിൽവെച്ചു മരക്കയിൽ കൊണ്ടു ചതച്ചു. കുഴനെടുത്ത് നാക്കിൽ വെച്ചപ്പോൾ, എന്തൊരു കയ്പാണ്! തുപ്പി. വീണ്ടും വീണ്ടും തുപ്പി. എന്നിട്ടും വായിൽനിന്നു കയ്പ് പോകുന്നില്ല.

ആട്ടങ്ങയുടെ വിത്തറുകൾ ഓരോന്നായെടുത്ത് ചെമ്പിലെ വെള്ളത്തിലിട്ടു. വിത്തറുകളെല്ലാം വെള്ളത്തിലേക്ക് ആഴ്ന്നുപോകയാണ്. ഒന്നും വെള്ളത്തിനുമീതെ പൊന്തിക്കിടക്കുന്നില്ല. പൊന്തിക്കിടക്കുന്ന വല്ല സാധനങ്ങളുമെടുത്ത് വെള്ളത്തിലേക്കിടുകയാണു വേണ്ടത്. അതല്ലാതെ വെള്ളത്തിലേക്കാഴ്ന്നിറങ്ങന്ന സാധനങ്ങളെടുത്തിടുകയല്ല.

കുണ്ടൻചെമ്പിൽനിന്നു കുറച്ചു വെള്ളവുംകൂടി മരക്കയിൽ കൊണ്ടു മുക്കിയൊഴിച്ചു. ഇനി കുണ്ടൻചെമ്പിൽ ലേശം വെള്ളമേയുള്ളൂ.

കിണറ്റിലേക്കെത്തിനോക്കി. ഹായ്. ഹായ്. മത്സ്യങ്ങൾ നീന്തിക്കളിക്കുന്നുണ്ട്. അവയ്ക്കു തിന്നാൻ വല്ലതുമിട്ടുകൊടുത്താൽ കൊത്തിത്തിന്നുന്നതു കാണാമായിരുന്നു. അരിയോ ചോറോ അങ്ങനെ വല്ലതും മതി. ശരി, നോക്കട്ടെ.

ശബ്ദമുണ്ടാക്കാതെ അടുക്കളയിൽച്ചെന്നു കുറച്ചു ചോറുമായി വന്നു. ചോറ് കുറേശ്ശെ കുറേശ്ശെയായി കിണറ്റിലേക്കെറിഞ്ഞു കൊടുത്തു. മത്സ്യങ്ങൾ ചോറു കൊത്തിതത്തിന്നുന്നതു കാണാൻ നല്ല ഭംഗിയുണ്ട് കൊണ്ടുവന്ന ചോറു വേഗത്തിൽ കഴിഞ്ഞു. ഇനി ചോറി നെന്താ ചെയ്യുക? വീണ്ടും അടുക്കളയിൽ പോകുകതന്നെ.

അടുക്കളയിലേക്കു പോകാൻ ഭാവിച്ചപ്പോഴേക്കും അമ്മ കിണറ്റിൻ കരയിൽ വന്നു ചോദിച്ചു:

“എന്താ ബേ കാട്ടുണ്?

“ഒന്നുല്ല.”

“പിന്നെന്താ ഒറ്റയ്ക്കിവിടെ?

“വെറുതെ.”

“അകായിലേക്കു നടക്ക്.”

അവൻ അമ്മയോടൊപ്പം അകായിലേക്കു നടന്നു. അകായിൽനിന്ന് മുത്തശ്ശിയുടെ മുറിയിലേക്കു പോയി. അമ്മിണി മുത്തശ്ശിയുടെ മുറിയിലുണ്ട്.

അമ്മ മുത്തശ്ശിയുടെ മുറിയിലെ നിലത്തു കിടന്നപ്പോൾ അമ്മിണി മുലകുടിക്കാനുള്ള ഭാവമായി. അമ്മ അവൾക്കു മുലകൊടുത്തുകൊണ്ടു ചെരിഞ്ഞുകിടന്നു.

ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ മടിയിൽ തലവെച്ച് കാലുകൾ നിലത്തിട്ടടിച്ച് ശബ്ദമുണ്ടാക്കി.

മുത്തശ്ശി ദേഷ്യത്തോടെ പറഞ്ഞു: "വെറുതെ കെടക്കാൻ വയ്യ. ങ്ങനെ ഒരുട്ടം കാട്ടിക്കൊണ്ടിരിക്കണം, അല്ലേ?

"മുത്തശ്ശി ഒരു പാട്ട് പാട്യാൽ ഞാനൊന്നും കാണിക്കാതെ കിടക്കാം."

"പാട്ടു പാടാഞ്ഞിട്ടാ ഷൊ."

അമ്മ ചിരിച്ചുകൊണ്ട് ഉണ്ണിക്കുട്ടനോടു ചോദിച്ചു: "ഉണ്ണിക്കുട്ടനിത്തിരി അമ്മിഞ്ഞ കുടിക്കണോ?

"പോയി കുടിച്ചോ." മുത്തശ്ശി അവനെ എഴുന്നേല്പിക്കാൻ ശ്രമിച്ചു.

ഉണ്ണിക്കുട്ടൻ അവിടെത്തന്നെ കിടന്നു. അമ്മിഞ്ഞ കുടിക്കയാണേത! വല്ലവരും കണ്ടാൽ പരിഹസിക്കില്ലേ? "വേണ്ട" അമ്മ വീണ്ടും ചോദിച്ചു.

"വേണ്ട." അവൻ മുത്തശ്ശിയുടെ മടിയിൽത്തന്നെ ഉറച്ചു കിടന്നു.

അമ്മ അമ്മിണിയെ ഇക്കിളിപെടുത്തി. അമ്മിണി മുലകുടിനിർത്തി ചിരിക്കാൻ തുടങ്ങി.

"പെണ്ണിന്റെ ഒരു ചിരി" അമ്മ അവളുടെ അരഞ്ഞാണം ലേശം മേല്പോട്ടാക്കി. അവളുടെ അരഞ്ഞാണം ആദ്യം ഉണ്ണിക്കുട്ടനുവേണ്ടി ഉണ്ടാക്കിച്ചതാണ്. ആണ്ടുപിറന്നാൾ മുതല്ക്ക് അതവളുടെ അരയിൽ കെട്ടിക്കാൻ തുടങ്ങി. മുത്തച്ഛൻ ഉമ്മറത്തു വന്ന് മുത്തശ്ശിയെ വിളിച്ച് ചെല്ലം കൊണ്ടു വരാൻ പറഞ്ഞു. മുത്തശ്ശി ചെല്ലവുമായി ഉമ്മറത്തേക്കു പോയി.

മുത്തശ്ശി ഉമ്മറത്തെത്തുന്നതിനുമുമ്പുതന്നെ ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കോടി സ്കെത്തി. മുത്തച്ഛൻ ബഞ്ചിൽ കയറിയിരിക്കയാണ്. ദേഹത്തിലെ വിയർപ്പ് ഇനിയും വറ്റിയിട്ടില്ല. അടയ്ക്കാപ്പൊടിയില്ല. മുത്തശ്ശി ഒരു പഴുക്കടയ്ക്കയെടുത്തു തോടും തരങ്ങം കളഞ്ഞ് ഉരച്ച് പൊടിയാക്കാൻ തുടങ്ങി.

പഴുക്കടയ്ക്കയുടെ തോടും തരങ്ങം ഉണ്ണിക്കുട്ടൻ മാടിക്കുട്ടി ശേഖരിച്ചു. അടയ്ക്കാത്തോടുകൾ നിക്കറിന്റെ കീശയിലിട്ടു. അടയ്ക്കാ ത്തരങ്ങ് മുറ്റത്തേക്കെറിഞ്ഞു.

"ഉച്ചയ്ക്കിന്ന് ഉറങ്ങിലേ? മുത്തച്ഛൻ വെറ്റിലയിൽ ചുണ്ണാമ്പു തേച്ചുകൊണ്ടു ചോദിച്ചു.

"ഉറങ്ങണ്! ഒരുമിനിറ്റ് ഒതുങ്ങിയിരുന്നിട്ടുണ്ടോ? മുത്തശ്ശിയാണു സമാധാനം പറഞ്ഞത്.

മുത്തശ്ശി എന്തോ ആലോചിച്ചശേഷം വീണ്ടും മുത്തച്ഛനോടു പറഞ്ഞു: "ഉച്ചയ്ക്ക് എല്ലാവരും ഉമ്മറത്തിരിക്കുമ്പോൾ കിണറ്റിൻ കരയിലേക്ക് ഒറ്റയേ പോക്കുണ്ട്."

“എന്തിന്? ”
കിണറ്റിലെ മത്സ്യങ്ങൾക്ക് ചോറിട്ടുകൊടുക്കാനാത്രെ.”
മുത്തച്ഛൻ ചിരിച്ചു.
“മുള്ള കുത്ത്യോടത്ത് വേദനീണ്ടോ? ”
“ഇല്ല.” ഉണ്ണിക്കുട്ടൻ പറഞ്ഞു.
“ഇനി മുളങ്കമൂട്ടത്തിന്റെ അടുത്തേക്ക് പോകരുത് ട്ടോ?
“ഇല്ല.” ഉണ്ണിക്കുട്ടൻ മുറ്റത്തേക്കോടിപ്പോയി. കീശയിൽനിന്ന് അടയ്ക്കാത്തോട് മാത്രമെടുത്ത് തൊടിയിലേക്കെറിഞ്ഞു. മുറ്റത്തു കിടക്കുന്ന ആട്ടിൻകാട്ടം വല്ലാതെ ഉണങ്ങിച്ചുളിഞ്ഞിരിക്കുന്നു. കുരുമുളകു മണിയെപ്പോലിരിക്കുന്നു. ഒരെണ്ണമെടുത്ത് മണത്തിനോക്കി തൊടിയിലേക്കെറിഞ്ഞ് ഉമ്മറത്തെ ബഞ്ചിന്മേൽത്തന്നെ വന്നിരുന്നു. കാലടിയിലെ മുള്ള കുത്തിയ സ്ഥലത്ത് തൊട്ടുനോക്കി. ഒട്ടും വേദനയില്ല. കാൽ മടമ്പിൽ ചെറിയൊരു ഇലക്കഷണം പറ്റിനില്ക്കുന്നത് എടുത്തുകളഞ്ഞു.
“സുബ്രഹ്മണ്യസ്വാമി ശരണം, വേലായുധസ്വാമി ശരണം.” ഓലക്കുടയും വടിയുമൊക്കെയായി ഒരു ധർമ്മക്കാരി ഉമ്മറിമുറ്റത്തു വന്നു നില്ക്കയാണ്. ഒറ്റനോട്ടത്തിൽ മുത്തശ്ശിയാണോ എന്നു സംശയിച്ചു പോകും.
“നേരം മൂന്നുമണിയായിട്ടും ധർമ്മക്കാരോ? മുത്തച്ഛൻ ചോദിച്ചു.
“പാവം തള്ള“ മുത്തശ്ശിക്ക് ഈ ധർമ്മക്കാരിയോടു സ്നേഹം തോന്നിയിരിക്കയാണ്. കുറച്ചുനേരംമുമ്പ് ഗേറ്റു തുറന്നകത്തുവരാൻ ശ്രമിച്ച ധർമ്മക്കാരനോട് വരേണ്ടെന്നു പറഞ്ഞതും മുത്തശ്ശിതന്നെ യാണ്. മുത്തശ്ശി നാഴി അരി കൊണ്ടുവന്നു കൊടുത്തുകൊണ്ടു ചോദിച്ചു: “എവിട്യാ രാജ്യം?
“അങ്ങ് വടക്കാണ്.”
“പ്പൊ എങ്ങോട്ടാ? ”
“രാമേശ്വരത്തേക്ക്.”
“ഈ വികൃതിക്കുട്ടീനിംകൂടി കൊണ്ടോയ്ക്കോളൂ.” ഉണ്ണിക്കുട്ടന്റെ നേരേ തിരിഞ്ഞുകൊണ്ട് മുത്തശ്ശി പറഞ്ഞു.
ഉവ്വവ്. താനെങ്ങോട്ടുമില്ല. ഉണ്ണിക്കുട്ടൻ മുത്തച്ഛനെ തൊട്ടു കൊണ്ടിരുന്നു.
ധർമ്മക്കാരി വടിയുംകുത്തിക്കൊണ്ടുപോയി.
ധർമ്മക്കാരിയുടെ കഴുത്തിലെ രുദ്രാക്ഷമാല കൊള്ളാം. രുദ്രാക്ഷം കടുക്കയെപ്പോലെയാണെന്ന് ഉണ്ണിക്കുട്ടന്നു തോന്നി.
കുറച്ചുദിവസം മുമ്പ് മുത്തച്ഛൻ കഷായംവെക്കാൻ വാങ്ങി ക്കൊണ്ടുവന്ന മരുന്നുകളുടെ കൂട്ടത്തിൽ കടുക്കയുമുണ്ടായിരുന്നു. നല്ല മധുരമാണ്. കടിച്ചുനോക്കൂ എന്നു പറഞ്ഞാണ് അമ്മ തന്നത്.

അതു തന്നെ പറ്റിക്കാനായിരുന്നു. കടിച്ചപ്പോൾ ഉടൻ തുപ്പി. ക്യേന പറഞ്ഞാൽ അത്ര കയ്പായിരുന്നു! രുദ്രാക്ഷം കടിച്ചാലും കയ്ക്കുമോ?

മുത്തച്ഛൻ ചെല്ലത്തിൽനിന്നു പിശ്ശാങ്കത്തിയെടുത്ത് കൈ നഖങ്ങൾ മുറിക്കാൻ തുടങ്ങി. എന്തു കൃത്യമായാണ് മുറിക്കുന്നതെന്നോ!

മുത്തശ്ശി എന്തോ ചോദിച്ചതിനു മറുപടി പറയാനായി വായ തുറന്നപ്പോൾ മുത്തച്ഛന്റെ വായിൽനിന്ന് ലേശം "മുറുക്കിത്തുപ്പൽ" മുണ്ടിലേക്കു വീണു. അവിടെ ചുകപ്പുനിറമായി. ഉണ്ണിക്കുട്ടൻ പൊട്ടി ച്ചിരിച്ചു.

മുത്തശ്ശിയും ചിരിച്ചു. മുത്തച്ഛൻ നഖംമുറിക്കൽ മതിയാക്കി. മേപ്പടിയിൽ താളം പിടിച്ചുകൊണ്ട് ഉമ്മറപ്പടിമേൽ കുറച്ചുനേരം നിന്നു. എന്നിട്ടു മുറ്റത്തിറങ്ങി തുപ്പി, ആശാരിമാരുടെ അടുത്തേക്കുതന്നെ പോയി.

"ഞാനുണ്ട്." ഉണ്ണിക്കുട്ടനും പോയി.

മുത്തച്ഛൻ ആശാരിയോടു പറഞ്ഞു:

"ഇവന് ഒരു പലകീംകൂടി ബാക്കിക്കൊടുക്കണം."

"ശരി."

ഉണ്ണിക്കുട്ടൻ മുത്തച്ഛന്റെ അടുത്തു വന്നു നിന്നു.

"ഇത് കിട്ട്യാൽ മറ്റത് അമ്മിണിക്കു കൊടുക്കണം. ട്ടോ?

മുത്തച്ഛൻ പറയുന്നത്. ഇപ്പോൾ അവനുപയോഗിക്കുന്ന പലക ഇതു കിട്ടുന്നതോടെ അമ്മിണിക്കു കൊടുക്കണമെന്നാണ്.

ഉണ്ണിക്കുട്ടൻ സമ്മതിച്ചു.

ഇന്നുതന്നെ പുതിയ പലകയിലിരുന്നുണ്ണണം. മറ്റേ പലക ഇന്നുമുതൽ അമ്മിണിക്ക്. ഇനി അവൾ പലക പലകയെന്നു പറഞ്ഞ് ശാഠ്യം പിടിക്കില്ലല്ലൊ.

ഊണിനെക്കുറിച്ചോർത്തപ്പോൾ അവനു വിശ്വുതോന്നി. കുറച്ചുണ്ണണം. അവൻ അടുക്കളയിലേക്കു ചെന്നു. അമ്മ അടുക്കളയിൽ ത്തന്നെയുണ്ട്.

"ചോറ്."

"ഇപ്പഴോ?

"ചോറ്."

അമ്മ ലേശം ചോറ് കുഴച്ചുവെച്ചുകൊടുത്തു. കൂട്ടാൻ ഒന്നുമില്ല. വെറും പയറിൻകൊണ്ടാട്ടം മാത്രമുണ്ട്. അവൻ പപ്പടം ചുട്ടുതരാൻ പറഞ്ഞു. ശാഠ്യം,പടിച്ചു.

അടുപ്പിൽ പപ്പടം ചുടാനുള്ളത്ര തീക്കനലുകളില്ല. അമ്മ എന്തു ചെയ്യാനാണ്?

"പച്ചബടം മതി."

"പച്ചബടം തിന്നാൽ വയറു വേദനിക്കും."

"ഇല്ല, തരൂ."

"ഇന്നാ." അമ്മ പച്ചപ്പപ്പടം കിണ്ണത്തിലേക്കിട്ടുകൊടുത്തു. പച്ചപ്പപ്പടം തിന്നപ്പോൾ പല്ലുകളൊട്ടുന്നപോലെ തോന്നി. ഇപ്പോൾ വേണ്ടത് വേവിച്ച ചേമ്പിന്റെ ഉരുണിയാണ്. സാമ്പാറിൽനിന്നു ചേമ്പിന്റെ ഉരുണികളെടുത്ത് കിണ്ണത്തിലിടുക. അവ കൈകൊണ്ടു ചോറു കുഴയ്ക്കുന്നതുപോലെ കുഴയ്ക്കുക. എന്നിട്ട്, കൈയിൽവെച്ചു പീച്ചുമ്പോൾ പപ്പടപ്പിട്ടുകൾപോലെ പുറത്തേക്കു ചാടും. തിന്നാൻ ബഹുസ്വാദായിരിക്കും! ചേമ്പിന്റെ ഉരുണികൊണ്ടുള്ള കൂട്ടാൻ ഇന്നു വൈകുന്നേരംതന്നെ വയ്ക്കാൻ പറയണം. പുതിയ പലകപ്പുറത്തിരുന്നു ചേമ്പിന്റെ ഉരുണികൊണ്ടുള്ള കൂട്ടാൻകൂട്ടിയുണ്ണണമിന്ന്.

ഇങ്ങനെയോരോന്നാലോചിച്ചുകൊണ്ട് ഊണു കഴിച്ചെഴുനേറ്റ്, കൊട്ടത്തളത്തിലെ ബക്കറ്റിൽ കൈയിട്ടു കഴുകി. അമ്മയുടെ മുണ്ടിൻ തലപ്പുകൊണ്ടു ചിറിയും തുടച്ച്, അവൻ ആശാരിമാരുടെ അടുത്തേക്കു തന്നെ പോയി. ഇല്ല. പലകപ്പണി ഇനിയും തുടങ്ങിയിട്ടില്ല. മൂത്രമൊഴിക്കാനെന്ന ഭാവത്തിൽ തൊടിയിൽ ചെന്നിരുന്നു. അടുത്തുതന്നെ ചെറിയൊരു തേക്കിൻത്തൈ വളർന്നുനില്ക്കുന്നുമുണ്ട്. തൊഴുത്തിന്റെ മുമ്പിലുള്ളതിനോളംതന്നെ പൊക്കമില്ല.

തേക്കിൻതയ്യിൽ ധാരാളം ഇളംകൂമ്പുകളുണ്ട്. ഇളംകൂമ്പുകൾ നുള്ളിയെടുത്തു ഞൊരടിയാൽ കൈവിരലുകളൊക്കെ ചുകപ്പുനിറമാകും. ഒരിറ്റു വെള്ളമൊഴിച്ചു. ഞൊരടിയാൽ ചോരത്തുള്ളികളാണെന്നു തോന്നും.

ഉണ്ണിക്കുട്ടൻ തേക്കിന്റെ ഇളംകൂമ്പുകൾകൊണ്ട് ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചു.

നാലഞ്ച് ഇളംകൂമ്പുകൾ നുള്ളിയെടുത്ത് കിണറ്റിൻകരയിലേക്കു നടന്നു.

താൻ ചെയ്യാൻപോകുന്ന കാര്യത്തെക്കുറിച്ചോർത്തപ്പോൾ "ഹായ്. ഹായ്" എന്നുറക്കെ പറയാൻ തോന്നി. ഉറക്കെ പറഞ്ഞാൽ ശബ്ദംകേട്ട് വല്ലവരും വന്നാലോ?

കിണറ്റിൻകയിൽ ആരുമില്ല. അവൻ ഇളംകൂമ്പുകൾ മരക്കയിലി ലിട്ടു. കുണ്ടൻചെമ്പിൽനിന്നു. ലേശം വെള്ളവും മരക്കയിലിലൊഴിച്ചു. എന്നിട്ട് ഇളംകൂമ്പുകൾ വൃത്തിയായി ഞെരടി. നല്ല ചുകപ്പുനിറം. ചോര അല്ലെന്ന് ആരും പറയില്ല. ഇനിയതു നെറ്റിക്കു നേരെ മീതെയുള്ള തലയുടെ ഭാഗത്ത് ഒഴിച്ചാൽ നെറ്റിയിലേക്ക്

ഒലിച്ചിറങ്ങും. അപ്പോൾ കാണുന്നവർക്ക് താനൊരു വെളിച്ചപ്പാടാണെന്നു തോന്നണം.

അവൻ വെളിച്ചപ്പാടിനെപ്പോലെ ഒന്നുറഞ്ഞുനോക്കി. ശരിയാകുന്നില്ല.

കൈവിരലുകൾ തുടുതുടുത്തിരിക്കുന്നു. ചോരയിൽ മുക്കിയെടുത്തപോലെയുണ്ട്. മരക്കയിലിൽ ചോരയാണ്. അവൻ അധികം സംശയിക്കാതെ മരക്കയിലിലെ ചോരയെടുത്ത് നെറ്റിയിലേക്കു വേഗം ഒലിച്ചുചാടത്തക്കവണ്ണം തലയിലൊഴിച്ചു.

ചോരത്തുള്ളികൾ നെറ്റിയിലേക്കും നെറ്റിയിൽനിന്നു താഴത്തേക്കും ഒലിച്ചിറങ്ങി. അവൻ കണ്ണുകൾ ഇടയ്ക്കിടയ്ക്കു ചിമ്മിത്തുറന്നു. കൈയിൽ ഒരു വാളു വേണമല്ലൊ. മരക്കയിൽതന്നെ വാളിനു പകര മായിട്ടെടുത്തു.

എന്തുമാത്രം ചോരയാണൊഴുകുന്നത്! വെളിച്ചപ്പാടന്മാർ നല്ലവണ്ണം വെട്ടണം. എന്നാൽ ഇങ്ങനെ ചോരയൊഴുകും.

"എന്റീശ്വരാ!" നിലവിളിച്ചുകൊണ്ടുള്ള അമ്മയുടെ "ഈശ്വരൻ" വിളി കേട്ടപ്പോൾ ഉണ്ണിക്കുട്ടന്റെ കൈയിൽനിന്നു മരക്കയിൽ താഴെ വീണു. പേടിച്ചമ്പരന്ന അമ്മ ഉണ്ണിക്കുട്ടനെ വന്നെടുത്തു. അമ്മയുടെ നിലവിളി കേട്ട് മുത്തശ്ശിയും ഓടിയെത്തി.

അമ്മ മുണ്ടിന്റെ അറ്റംകൊണ്ട് അവന്റെ നെറ്റി തുടച്ചു. എന്ത്? ചോരയൊഴുക്കു പെട്ടെന്നു നിന്നുവെന്നോ? നെറ്റിയിലും തലയിലും തൊടുമ്പോൾ എന്താണവൻ നിലവിളിക്കാത്തത്?

അമ്മയുടെ മുഖത്തു നോക്കി അവൻ ചിരിക്കയാണ്.

"എന്താദ്" അമ്മ ചോദിച്ചു.

"എന്താദ് കളി? മുത്തശ്ശിയും ചോദിച്ചു.

"തേക്കിന്റെ ഇലകൊണ്ടുള്ള കളി."

"ങനത്തെ കളി കണ്ടാൽന്റെ ശ്വാസം നിന്നുപോകും. ഞാൻ ബോധംകെട്ട് വീഴേണ്ടതായിരുന്നു!"

"വികൃതീന്നുവെച്ചാൽ ങനത്തെ വികൃതികളുണ്ടാവോ?

"ങനെ അമ്മേനെ പേടിപ്പിക്കരുതേ അമ്മേടെ കുട്ടി."

"നമ്മടെ നെലോളി കേട്ട് മുത്തച്ഛനും ആശാരീം ഓടി വരാഞ്ഞതു നന്നായി."

ഉണ്ണിക്കുട്ടൻ നിഷ്കളങ്കതയോടെ ചിരിച്ചു.

"ചിരിക്കുന്നു." അമ്മ അവന്റെ രണ്ടു കവിളുകളിലും ഉമ്മവെച്ചു.

## പത്ത്

മുത്തച്ഛൻ ഒരുമുടി പുകയിലയുമായി അടുക്കളത്തളത്തിലേക്കു വന്നു. പുറകെ മുത്തശ്ശിയും. ഉണ്ണിക്കുട്ടന്നു സംഗതി മനസ്സിലായി. പുകയില ഇടിച്ചുകൂട്ടാനുള്ള ആരംഭമാണ്. അവനും അവരുടെ അടുത്തേക്കു ചെന്നു.

മുത്തശ്ശി അടുക്കളയിൽനിന്ന് ഒരു പലകയെടുത്തുകൊണ്ടുവന്നു. പുറംതിരിച്ചിട്ടുകൊടുത്തു. മുത്തച്ഛൻ കുന്തിച്ചിരുന്നു പുകയില പലകപ്പുറത്തുവെച്ച് അരിയാൻ തുടങ്ങി. നല്ല മൂർച്ചയുള്ള കത്തിയാണ്. ചെല്ലത്തിലുള്ള കത്തിയല്ലിത്. ഇതു പുകയില് അരിയാൻ മാത്രമായി മുത്തച്ഛൻ അലമാരിയിൽ സൂക്ഷിച്ചു വയ്ക്കുന്ന കത്തിയാണ്.

ഉണ്ണിക്കുട്ടൻ ഒന്നു. തുമ്മി. മുത്തശ്ശി അവനോടു മാറിനില്ക്കുവാൻ പറഞ്ഞു. അവനതു കേൾക്കാതെ ഇരുന്നിടത്തുതന്നെ ഇരുന്നു.

“മൂക്കിൽ കയറും; മാറിയിരുന്നോ!” മുത്തശ്ശി ഒരിക്കൽക്കൂടി പറയേണ്ട താമസം, അവൻ മൂന്നാലുപ്രാവശ്യം തുടർച്ചയായി തുമ്മി.

“അപ്പും പറഞ്ഞില്ലേ?

ഉണ്ണിക്കുട്ടൻ എഴുന്നേറ്റ് അടുക്കളയിലേക്കു പോയി. അടുക്കളയിൽ ചെന്നപ്പോൾ അവന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. അമ്മ, പുകയില ഇടിച്ചുകൂട്ടാനുള്ള ശർക്കരപ്പാവുണ്ടാക്കുന്ന ശ്രമമാണ്.

അമ്മ തീയ് നല്ലപോലെ കത്തിച്ച് ഉരുളിയെടുത്ത് അടുപ്പത്തുവെച്ചു. ഉരുളിയിൽ ലേശം വെള്ളമൊഴിച്ചു. വെള്ളത്തിൽ ശർക്കര അച്ചുകൾ എണ്ണിയിട്ടു. ഒരു പൊട്ടു. ശർക്കര അവനു കൊടുക്കുകയും ചെയ്തു.

ശർക്കരപ്പൊട്ടു വായിലിട്ടുകൊണ്ട് ഉരുളിക്കു താഴെ തീനാമ്പുകൾ ആളിപ്പടരുന്നതു നോക്കിനിന്നു. തീ ആളിക്കത്തുമ്പോൾ എന്താണിങ്ങനെ പൊട്ടുന്ന ശബ്ദം കേൾക്കുന്നത്? ഉപ്പോ കടുകോ മറ്റോ ഇട്ടിട്ടുണ്ടോ? കുറച്ചു ദിവസങ്ങൾക്കു മുമ്പ് കുട്ടൻനായർ അവനു കൊതിക്ക് ഊതുക യുണ്ടായി. എന്നിട്ട് കൊതിക്ക് ഊതിയ ഉപ്പ് അടുപ്പിലേക്കിട്ടപ്പോൾ ഇങ്ങനത്തെ പൊട്ടുന്ന ശബ്ദങ്ങൾ കേട്ടു.

കുട്ടൻനായർക്ക് കൊതിക്ക് ഊതുവാൻ മാത്രമല്ല. പേടിക്കുതുവാനും വെലിക്കളയാനുമറിയാം.

പെട്ടെന്ന് അടുപ്പിൽനിന്നു പൊട്ടുന്ന ശബ്ദം നിന്നു. ഉണ്ണിക്കുട്ടൻ ഉരുളിയിൽ നോക്കി. ശർക്കരഅച്ചുകൾ വെള്ളത്തിൽക്കിടന്നു തിളച്ചലിയുന്നതും പത് പൊങ്ങുന്നതും കുറുകിക്കുറുകി വരുന്നതുമെല്ലാം അവൻ നോക്കിക്കണ്ടു. അമ്മ ഇടയ്ക്കിടയ്ക്ക് ചട്ടുകംകൊണ്ടിളക്കി പാകം നോക്കി ക്കൊണ്ടിരുന്നു.

കുറേക്കഴിഞ്ഞപ്പോൾ അമ്മ മുത്തശ്ശിയോടു ചോദിച്ചു: “വാങ്ങട്ടെ?

"വാങ്ങാറായാൽ വാങ്ങിക്കോ."

അമ്മ ഉരുളി അടുപ്പത്തുനിന്നു വാങ്ങി നിലത്തുവെച്ചു. കുറച്ചു നേരം പിന്നെയും ഇളക്കിക്കൊണ്ടിരുന്നു.

ഉണ്ണിക്കുട്ടൻ ചോദിച്ചു: "അമ്മേ ഇലച്ചിന്തു കൊണ്ടരട്ടെ."

"എന്തിന്?"

അറിഞ്ഞുകൊണ്ടാണ് ഇലച്ചിന്ത് എന്തിനെന്ന് അമ്മ ചോദിക്കുന്നത്. എന്തിനാണ് ഇലച്ചിന്ത്? ശർക്കരവാവിനുവേണ്ടിയാണ്. ഇലച്ചിന്ത് നിലത്തു കൊണ്ടുന്നു വയ്ക്കുമ്പോൾ, അതിലേക്കു ശർക്കരപ്പാവ് ചട്ടുകംകൊണ്ട് ഒറ്റിച്ചുകൊടുക്കുക.! എന്നിട്ട് തൊട്ടുനക്കിത്തിന്നുക, അല്ലെങ്കിൽ ഇലച്ചി ന്തോടെ കൈയിലെടുത്തു നിക്കിത്തിന്നുക. ഇലച്ചിന്ത് കൊണ്ടുവര ട്ടെയെന്നു ചോദിക്കുന്നത് ഇതിനാണ്. അമ്മയ്ക്കിത് അറിയാഞ്ഞി ട്ടൊന്നുമല്ല ചോദിക്കുന്നത് അമ്മ കളിയാക്കുകയാണ്.

ഉണ്ണിക്കുട്ടൻ സ്വല്പനേരം മിണ്ടാതെനിന്നു. ശുണ്ഠിയും ദേഷ്യവും വരുന്നുണ്ടവന് .

അമ്മ ചിരിയൊതുക്കിക്കൊണ്ടു പറഞ്ഞു: "ഇതിന് ഇലച്ചിന്തൊന്നും വേണ്ട. ഉരുളി ഇങ്ങനെതന്നെ മുത്തച്ഛന്റെ മുമ്പിൽ കൊണ്ടു പോയിവെക്കും. മുത്തച്ഛൻ ഉരുളിയിലേക്കു പുകലയെടുത്തിടും. അതിനെന്തിനാ ഇലച്ചിന്ത്?"

കണ്ടോ? അമ്മ കളിയാക്കുകയാണ്!

ഉണ്ണിക്കുട്ടന്റെ മുഖഭാവം അമ്മ സൂക്ഷിച്ചു. ഇനി വല്ലതും പറഞ്ഞാൽ നിലത്തു കിടന്നു കരയുകയോ, അല്ലെങ്കിൽ ദേഷ്യപ്പെട്ട് വല്ല പാത്രവുമെടുത്ത് കൊട്ടത്തളത്തിലേക്കു വലിച്ചെറിയുകയോ ചെയ്യുമവൻ.

അമ്മ പറഞ്ഞു: "ഇലച്ചിന്ത് അമ്മ കൊണ്ടൊന്നിട്ടുണ്ട്."

അമ്മ അടുക്കളയുടെ മേപ്പടിയിൽനിന്ന് ഒരിലച്ചിന്തെടുത്ത് തുടച്ചു നിലത്തുവെച്ചു. അതിൽ ചട്ടുകംകൊണ്ടു ശർക്കരപ്പാവ് ഒറ്റിച്ചു കൊടുത്തു. ഒരുറുപ്പികയുടെ വട്ടം കാണും.

"ഞ്ഞീം."

അമ്മ ഒരു പ്രാവശ്യംകൂടി ഒറ്റിച്ചുകൊടുത്തു.

അവൻ ശർക്കരവാവ് തൊട്ടുനക്കി. നല്ല മധുരം!

അമ്മ രണ്ടിലച്ചിന്തിൽ ലേശം ശർക്കരവാവ് കുട്ട്യേട്ടനും അമ്മിണിക്കും എടുത്തുവെച്ചു. അപ്പോഴും അവന് ലേശം കിട്ടി.

"ഇത്ര മതി."

ഉരുളി മുത്തച്ഛന്റെ അരികിൽ കൊണ്ടുപോയി വെച്ചപ്പോഴേക്കും ഉണ്ണിക്കുട്ടൻ അവിടെയുമെത്തി.

മുത്തച്ഛൻ ചോദിച്ചു: "ഇനീം വേണോ? ഉണ്ണിക്കുട്ടൻ ഇലച്ചിന്ത്

മുത്തച്ഛന്റെ മുമ്പിൽവെച്ചു. മുത്തച്ഛൻ ഇലച്ചിന്തിൽ ലേശം ശർക്കരപ്പാവുകൂടി ഒറ്റിച്ചുകൊടുത്തു. മുത്തശ്ശി പുകയിലയെടുത്ത് ഉരുളിയിലേക്കിട്ടു. മുത്തച്ഛൻ ചട്ടുകം കൊണ്ട് ഇളക്കി. ഇളക്കുന്നതിനിടയിൽ ഇടയ്ക്കിടയ്ക്ക് അക്കിക്കറുക പൊടി വിതറിച്ചേർത്തുകൊണ്ടിരുന്നു.

പുകയിലയെല്ലാം ശർക്കരപ്പാവിൽ ഇഴുകിച്ചേർന്നുകഴിഞ്ഞു. എന്നിട്ടും മുത്തച്ഛൻ ഇളക്കുകതന്നെയാണ്. പുകയില ആക്കിവയ്ക്കാനുള്ള ഭരണിയുമായി അമ്മ വന്നു.

മുത്തച്ഛൻ എഴുന്നേറ്റൊന്നു തുപ്പി വന്നു. തോർത്തുമുണ്ടുകൊണ്ടു മൂക്കു തുടച്ചുകൊണ്ട് ഒരുനിമിഷം ഇരുന്നു; എന്നിട്ട് ഭരണിയിൽ പുകയില വാരി കുത്തിനിറച്ചുതുടങ്ങി.

ഇത്രയധികം പുകയില ഭരണിയിൽ കൊള്ളുമെന്നു വിചാരിച്ചതല്ല. എങ്ങനെയാണ് മുത്തച്ഛൻ ഇത്രയും പുകയില ഭരണിക്കകത്ത് കൊള്ളിച്ചത്?

ലേശം പുകയില ബാക്കി വന്നത്. ഉരുളിയിൽത്തന്നെ വെച്ചു.

മുത്തശ്ശി പുകയില നിറച്ച ഭരണിയുമായി മുറിയിലേക്കു പോയപ്പോൾ ഉണ്ണിക്കുട്ടനും പിന്നാലെ ചെന്നു. “ഭരണീല് പുകലാണ്. ശർക്കരപ്പാവൊന്നുല്ല.”

അത് മുത്തശ്ശി പറയാതെതന്നെ അറിയാം.

മുത്തശ്ശിയുടെ മുറിയിലേക്കു കാലെടുത്തുവെച്ചതും അമ്മിണി ഉണർന്നതും ഒന്നിച്ചാണ്. ഉണർന്ന ഉടൻ അവൾ കരയാനും തുടങ്ങി.

മുത്തശ്ശി ഭരണി അലമാരയിൽവെച്ച് അമ്മിണിയെ വന്നെടുത്ത് അടുക്കളയിലേക്ക് നടന്നു. പിന്നാലെ നടന്നുകൊണ്ട് ഉണ്ണിക്കുട്ടൻ പറഞ്ഞു: “അമ്മിണ്യേ, അടുക്കളേല് ശർക്കരപ്പാവുണ്ട് വെച്ചിട്ട്.”

ശർക്കരവാവെന്നു പറഞ്ഞതൊന്നും അവൾ കേൾക്കുന്നില്ല.

അമ്മിണിയെ അടുക്കളയിൽ കൊണ്ടുവന്നിരുത്തി. അമ്മ ശർക്കരപ്പാവ് അവളുടെ മുമ്പിൽ വെച്ചു കൊടുത്തപ്പോൾ അവൾ കരച്ചിൽ നിർത്തി. ഉണ്ണിക്കുട്ടന്നും അവളുടെ അടുത്തിരുന്നു. ഒന്നു തൊട്ടുനക്കാൻ സാധിച്ചാൽ അത്രയുമായില്ലേ? പക്ഷേ, അമ്മിണിയേതാ കേമി! അവൾ അടുത്തൊരാൾ ഇരിക്കുന്നുണ്ടെന്ന ഭാവമേയില്ലാതെ ശർക്കരപ്പാവു മുഴുവനും തൊട്ടു നിക്കി. എല്ലാം തീർന്നപ്പോൾ അവൾ എഴുന്നേറ്റു. ഇളിഭ്യനായപോലെ ഉണ്ണിക്കുട്ടന്നും എഴുന്നേറ്റു.

അമ്മിണിയുടെ കൈയും ചിറിയും അമ്മ കഴുകിച്ചു.

മുത്തച്ഛനും മുത്തശ്ശിയും മഞ്ചപ്പത്തായത്തിന്മേലിരുന്ന ഇടിച്ചു കൂട്ടിയ പുകയിലകൂട്ടി വിസ്തരിച്ചു മുറുക്കി. അമ്മ അമ്മിണിയെ അവരുടെ നടുക്കു കൊണ്ടുവന്നു വെച്ചു.

ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ മുണ്ടിൽ തിരുപ്പിടിച്ചുകൊണ്ടു നിന്നു. അമ്മിണിയുടെ ഇലച്ചീന്തിലെ ശർക്കരവാവു തൊട്ടുനക്കാൻ സാധിക്കാത്തതിലുള്ള വിഷമം ഇനിയും തീർന്നിട്ടില്ല. വല്ലതുമൊരു കാരണമുണ്ടാക്കി കരയണമെന്നുണ്ടവന. മുത്തശ്ശി ഒന്നു വിട്ടുനില്ക്കാൻ പറഞ്ഞാൽ മതി. ഉടൻ കരച്ചിൽ തുടങ്ങാം. മുത്തശ്ശി ഒന്നും പറയുന്നില്ല. ശർക്കരവാവു കാച്ചിയ ഉരുളി നിലത്തുതന്നെ ഇരിക്കുന്നുണ്ട്. അവൻ ഉരുളിക്കടുത്തു വന്നു നോക്കി. ലേശം പുകയില ഇനിയുമുണ്ട്. അതെന്താണ് ഇതിൽത്തന്നെ വെച്ചിരിക്കുന്നത്?

മുത്തച്ഛൻ എഴുന്നേറ്റ് ആ ഉരുളിയെടുത്തു മഞ്ചവത്തായത്തിന്റെ ചുവട്ടിലേക്കുവെച്ചു.

"ഇത് കാളിയമ്മയ്ക്കുള്ളതാണ്."

ഇപ്പോൾ ഉണ്ണിക്കുട്ടന്നു മനസ്സിലായി ഉരുളിയിൽ പുകയില വെച്ചതെന്തിനാണെന്ന്. കാളിയമ്മയ്ക്കു കൊടുക്കാനാണ്. ഉരുളിയിൽനിന്നു പുകയിലയെല്ലാം വടിച്ചെടുത്തശേഷം ഉരുളി മോറിവെക്കുന്നതും കാളിയമ്മതന്നെയായിരിക്കും.

കുട്ടൻനായരെ എന്താണിനിയും കാണാത്തത്? കായയ്ക്ക് പുകയുതാറായില്ലേ?

ഉണ്ണിക്കുട്ടൻ ഉമ്മറക്കോലായിൽ ചെന്നുനിന്നു പടിക്കലേക്കു നോക്കി. ഇല്ല, കുട്ടൻനായർ വരുന്നതു കാണാനില്ല.

കുട്ട്യേട്ടനെന്താ ഇനിയും സ്കൂൾവിട്ടു വരാത്തത്? കുട്ട്യേട്ടന്റെ വകയായി ഇത്തിരി ശർക്കരവാവു തരാതിരിക്കില്ല. അമ്മിണിയെപ്പോലെ കണ്ടുവെന്നു നടിക്കാതെ കുട്ട്യേട്ടൻ തൊട്ടുനക്കില്ല.

കുട്ടൻനായരെയും കാണാനില്ല, കുട്ട്യേട്ടനെയും കാണാനില്ല.

അവൻ ഉമ്മറത്തെ ബഞ്ചിൽ വന്നു മലർന്നുകിടന്നു.

ശ്രീകൃഷ്ണന്റെ ഫോട്ടോവിലേക്കു നോക്കിയപ്പോൾ ബലൂണുകളെക്കുറിച്ചു വീണ്ടുമോർത്തു. മൂന്നു ബലൂണുകൾ ഊതി വീർപ്പിച്ച് ശ്രീകൃഷ്ണന്റെ ഫോട്ടോവിന്റെ താഴെയുള്ള ആണിയിൽ കെട്ടിത്തക്കണമെന്നു രാവിലെതന്നെ വിചാരിച്ചതാണ്. അച്ഛൻ ആഫീസിലേക്കു പോകുമ്പോൾ താൻ കരയുകയായിരുന്നതുകൊണ്ട് ബലൂ ണിന്റെ കാര്യം ഓർമ്മിപ്പിക്കാൻ മറന്നു.

മൂന്നു ബലൂൺ കിട്ടിയെങ്കിൽ ആ ആണിയിൽ ഒന്നിച്ചു കെട്ടിത്തക്കും. രാത്രിയിൽ വിളക്കിന്റെ പ്രകാശത്തിൽ ഉത്തരത്തിന്മേൽ നിന്ന് ഗൗളികൾ ബലൂണിലേക്കിറങ്ങിവരുമ്പോൾ ഉരസി താഴെ വീഴുമോ?

ഗൗളികൾ ചെറുപ്രാണികളെ തിന്നുന്നതു

നോക്കിക്കൊണ്ടിരിക്കുമ്പോൾ സമയം പോകുന്നതറിയില്ല.

അവന് ആകെയൊരു ഇരിക്കപ്പൊറുതിയില്ലായ്മയാണ്.

അവൻ എഴുന്നേറ്റ് കായ പുകവെച്ച സ്ഥലത്തേക്കു നടന്നു.

ആശാരിമാരുടെ പണി ഇനിയും കഴിഞ്ഞിട്ടില്ല.

കായ പുകവെച്ചതിന്മേൽക്കൂടി ഒരു പുഴു ഇഴഞ്ഞുനീങ്ങുന്നുണ്ട്. ഒരു ഈർക്കിൽകൊണ്ട് അതിനെ തോണ്ടിയിട്ടാലോ എന്നാലോചിച്ചു. വേണ്ട. എങ്ങോട്ടെങ്കിലും പൊയ്ക്കോട്ടെ. പുഴു ഇഴഞ്ഞിഴഞ്ഞു ചുമരിന്മേലെത്തി. ചുമരിൽക്കൂടെ നേരെ മേല്പോട്ടു കയറുകയാണ്. എങ്ങോട്ടാണതു പോകുന്നത്? കുറെ പോയാൽ ഓട്ടിൻപുറത്താണെത്തുക. ഓട്ടിൻ പുറത്തു കാക്കകളുണ്ടാവും. കാക്കകൾ കണ്ടാൽ പുഴുവിനെ കൊത്തിത്തിന്നും.

പുഴു മേലോട്ടു മേലോട്ടു കയറിപ്പോവുകതന്നെയാണ്. പോകട്ടെ. കായ പുകവെച്ചതിന്റെ മീതെയെല്ലാം വല്ലാതെ വിണ്ടിരിക്കുന്നു. കണ്ണഞ്ചിരട്ടയുടെ കണ്ണ് അടച്ചുവെച്ചിരുന്ന മണ്ണ് താഴെ വീണിരിക്കുന്നു. അതെടുത്തു വീണ്ടുമടയ്ക്കാൻ നോക്കി. പറ്റുന്നില്ല. കണ്ണഞ്ചിരട്ടയുടെ തുള്ള അടയ്ക്കാതിരുന്നാൽ വല്ല ജന്തുക്കളും നുഴഞ്ഞുകയറും. ഓന്തിനും അരണയ്ക്കുമൊന്നും നുഴഞ്ഞുകടക്കാൻ സാധിക്കില്ല. പുഴുക്കൾക്കു സാധിക്കും. കുട്ടൻനായർ ഇപ്പോഴിവിടെ ഉണ്ടായിരു ന്നുവെങ്കിൽ ഉടൻ പറഞ്ഞടിക്കാമായിരുന്നു.

അമ്മ അവനെ അകത്തുനിന്നു വിളിച്ചു. അവൻ ഓടിപ്പോയി.

പാലു കുടിക്കാൻ വിളിച്ചതാണ്. പാല് ഓട്ടുഗ്ലാസ്സിലാക്കിക്കൊടുത്തപ്പോൾ അവൻ പറഞ്ഞു:

"സ്ഫടികഗ്ലാസ്സിൽ തരൂ."

"സ്ഫടികഗ്ലാസ്സിലൊന്നും വേണ്ട."

കരയാനുള്ളതിന്റെ സുചനയായി ശാഠ്യം തുടങ്ങിയപ്പോൾ മുത്തച്ഛൻ പറഞ്ഞു: "സ്ഫടികഗ്ലാസ്സിൽ കൊടുത്തളൂ."

അമ്മ സ്ഫടികഗ്ലാസ്സിൽ കൊടുത്തു. അവനു തൃപ്തിയായി. അവനതു വാങ്ങിക്കുടിച്ച് ഗ്ലാസ്സ് തിരിച്ചേല്പിച്ചു.

ഉമ്മറത്തു വന്നപ്പോൾ ആരോ ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ടു. നോക്കി. കുട്ട്യേട്ടനാണ്.

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടനെ എതിരേല്ക്കാനോടിപ്പോയി.

"കുട്ട്യേട്ടന് ശർക്കരപ്പാവ്ണ്ട് എടുത്തുവെച്ചിട്ട്."

"എന്ത്? "

"ശർക്കരവാവ്."

കുട്ട്യേട്ടന്നു മനസ്സിലായി.

കുട്ട്യേട്ടൻ ഉമ്മറത്തെ ആണിയിൽ സഞ്ചി തുക്കുമ്പോഴും സഞ്ചി

തുക്കിയശേഷം അടുക്കളയിലേക്കു പോകുമ്പോഴുമെല്ലാം ഒപ്പം ഉണ്ണിക്കുട്ടനുമുണ്ടായിരുന്നു, കുട്ട്യേട്ടൻ അവന് ശർക്കരപ്പാവ് കൊടുത്തു. അതു തൊട്ടുനക്കി ക്കൊണ്ടു തളത്തിലേക്കു നടന്നു. തളത്തിലെ മഞ്ചൽപത്തായത്തിനു താഴെ ഉരുളി അങ്ങനെതന്നെയിരിക്കുന്നുണ്ട്. കാളിയമ്മയ്ക്കുള്ള പുകയില ഉരുളിയിലില്ലേയെന്നു നോക്കി. ഉണ്ട്, പുകയില!

പുകയിലയുടെ സ്വാദ് എങ്ങനെയിരിക്കും? കയ്പോ, പുളിപ്പോ, മധുരമോ?

മുത്തച്ഛനും മുത്തശ്ശിക്കും കുട്ടൻനായർക്കും കാളിയമ്മയ്ക്കു മൊക്കെ പുകയിലയുടെ സ്വാദ് എന്താണെന്നറിയാം.

ലേശം പുകയില തിന്നുനോക്കണമെന്ന് ഉണ്ണിക്കുട്ടൻ തീർച്ചപ്പെ ടുത്തി.

പുകയില മഞ്ചവത്തായത്തിന്റെ താഴെ ഉരുളിയിലതാ ഇരിക്കുന്നു. തളത്തിൽ ആരുമില്ല. അമ്മയും കുട്ട്യേട്ടനും അടുക്കളയിലാണ്. മുത്ത ശ്ശിയും അമ്മിണിയും എവിടെയാണാവോ?

അവൻ അടുക്കളയിലേക്കു നോക്കിക്കൊണ്ട് ഉരുളിയിൽ കൈയിട്ടുലേശം പുകയിലയെടുത്തു. സംശയിക്കാതെ വാരിയെടുത്ത പുകയിലത്രയും വായിലിട്ടു ചവച്ചിറക്കി. ആദ്യം നേരിയ മധുരം തോന്നി; എരിവും തോന്നി. എല്ലാം ചവച്ചിറക്കിക്കഴിഞ്ഞപ്പോൾ വായ ആകെ കയ്ക്കുന്നു. എരിയുന്നു, തല കറങ്ങകയാണ്. ഉരുളി മഞ്ചവത്തായത്തിനു കീഴെയല്ല. മീതെയാണ്.

അവൻ ഇരുന്നുപോയി. ഇരിക്കാനും വയ്യല്ലോ! കിടന്നു.

അവന്റെ കൺമുമ്പിൻ എല്ലാം തിരിഞ്ഞുകൊണ്ടിരിക്കയാണ്.

വായിൽ വെള്ളം പൊടിയുന്നു. വയറ്റിൽനിന്ന് എന്തോ എരിച്ചുകൊണ്ടു മേല്പോട്ടു വരുന്നു.

അവൻ ഛർദ്ദിച്ചു.

ഛർദ്ദിക്കുന്ന ശബ്ദം കേട്ട് അമ്മ ഓടിയെത്തി. അവനെയെടുത്തു. അവൻ വീണ്ടും ഛർദ്ദിച്ചു. വീണ്ടും വീണ്ടും ഛർദ്ദിച്ചു.

കുട്ട്യേട്ടൻ ഓടിപ്പോയി മുത്തച്ഛനെ വിളിച്ചുകൊണ്ടുവന്നു.

“എന്റെ കുട്ടിക്കെന്തുപറ്റി? അമ്മ നിലവിളിക്കാൻ തുടങ്ങി.

മുത്തച്ഛൻ, ഛർദിച്ചതിലേക്കു നോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു;

“നിന്റെ കുട്ടിക്ക് ഒന്നും പറ്റീട്ടില്ല. അവൻ പുകലേട്ടെ സ്വാദു നോക്കീതാ. കണ്ടില്ലേ പുകല ഛർദിച്ചണ്ണത്!”

മുത്തശ്ശി മൂക്കത്തു വിരൽവെച്ചുകൊണ്ടു പറഞ്ഞു:

“ഈശ്വരാ! വല്ലാത്തൊരു കുട്ടി!”

അമ്മ അവനെ തോളിൽ എടുത്തു മുത്തശ്ശിയുടെ മുറിയിൽ കൊണ്ടുപോയി കിടത്തി അവൻഡേ അടുത്തുതന്നെ ഇരുന്നു.

അമ്മ അടുത്തിരിക്കുന്നതു കാണാമെങ്കിലും അവനൊന്നും മിണ്ടിക്കൂടാ.

അമ്മ അവനു വീശിക്കൊടുക്കാൻ തുടങ്ങി.

അവനൊന്നു തലപൊക്കി.

“എന്താബേ? അമ്മ ചോദിച്ചു.

ഉണ്ണിക്കുട്ടൻ തല അമ്മയുടെ മടയിൽവെച്ചു കിടന്നു.

എന്താണിങ്ങനെ വരാൻ? പുകയില തിന്നാൽ മുത്തച്ഛനും കുട്ടൻനായരുമൊന്നും ഛർദിക്കാത്തതെന്താ?

അമ്മ ചോദിച്ചു: “ഇപ്പും തല തിരിയിണറുണ്ടോ? ഒന്നെഴുന്നേറ്റ് നിന്നാ.”

ഉണ്ണിക്കുട്ടൻ എഴുന്നേറ്റു നിന്നു. തല കറങ്ങുന്നില്ല. അമ്മയ്ക്കു സമാധാനമായി.

“കുറച്ചുനേരംകൂടി അനങ്ങാതെ കിടന്നോ.”

അമ്മ അവനെ വീണ്ടും കിടത്തി മുറിയിൽനിന്നു പോയി.

## പതിനൊന്ന്

എത്രനേരമാണിങ്ങനെ ഒതുങ്ങിക്കിടക്കുക? ഇപ്പോൾ തല ഒട്ടും കറങ്ങുന്നില്ല. വായിൽ ഒരു കയ്പുരസം ഉണ്ടെന്നു മാത്രം ഒരച്ചു. ശർക്കരയോലേശം പഞ്ചസാരയോ തിന്നാൽ അതും മാറും.

മുത്തശ്ശിയുടെ പെട്ടിയുടെ ചുവട്ടിൽ ഇരിക്കുന്ന സിഗരറ്റടിൻ അവൻ കണ്ടു. അത് ഇന്നലെ അമ്മിണി ശാഠ്യം പിടിച്ചപ്പോൾ അമ്മ അവന്റെ കൈയിൽനിന്നു വാങ്ങിക്കൊണ്ടുവന്നു വെച്ചതാണ്. ഇത്രയും നേരമായിട്ടും ആ ടിന്നിനെീ കാര്യം ഓർക്കാതിരുന്നതിൽ അവനു വ്യസനം തോന്നി. ആ ടിന്നിൻഡേ കാര്യം ഓർത്തിരുന്നുവെങ്കിൽ, ഇതിനെത്രയോ മുമ്പുതന്നെ അതെടുത്ത പലതും ചെയ്യാനുണ്ടായിരുന്നു.

അമ്മ ഇന്നലെ വാങ്ങിവയ്ക്കുമ്പോൾ, ടിന്നിൽ നിറച്ചു പുളിങ്കുരുവായിരുന്നു. അതൊന്നും അമ്മ കളഞ്ഞിട്ടുണ്ടാവില്ല.

ശരി, നോക്കുകതന്നെ. അവൻ എഴുന്നേറ്റു ടിനെടുത്തു. കനമുണ്ട്. അതുകൊണ്ട് പുളിങ്കുരു അകത്തുതന്നെയുണ്ടാവും. അടുപ്പു തുറന്നപ്പോൾ കുറച്ചു പുളിങ്കുരു നിലത്തുവീണു. ശബ്ദം കേട്ട് അമ്മയോ മറ്റോ വരുമെന്നു ഭയന്നു.

മുറിയിൽ വെളിച്ചം പോരാ. ജനാലയുടെ ഒരു വാതിലേ തുറന്നിട്ടുള്ളു. അവൻ മറ്റേ വാതിലുകൂടി തുറന്നപ്പോൾ നല്ല

വെളിച്ചമായി. പുളിങ്കുരു പെറുക്കി ടിന്നിൽത്തന്നെയിട്ടു.

ഉമ്മറത്തുനിന്ന് ആരോ സംസാരിക്കുന്ന ശബ്ദം കേട്ടു. ആരുടെ ശബ്ദമാണത്? ശ്രദ്ധിച്ചു; മനസ്സിലായി; പാറുക്കുട്ടിയമ്മയാണ്.

പാറുക്കുട്ടിയമ്മയെ ഉണ്ണിക്കുട്ടന്നു വളരെ ഇഷ്ടമാണ്. പാറുക്കുട്ടിയമ്മയെ ഇഷ്ടമാണെന്നല്ല പറയേണ്ടത്, ആയമ്മയുടെ സംസാരം ഇഷ്ടമാണെന്നാണു പറയേണ്ടത്.

അങ്ങനെയിരിക്കുമ്പോൾ ഇടയ്ക്കിടയ്ക്ക് പാറുക്കുട്ടിയമ്മ വീട്ടിൽ വരും. വായതോരാതെ സംസാരിക്കും. മുറുക്കിത്തറുപ്പി കുലുക്കുഴിഞ്ഞ് വീണ്ടും മുറുക്കും. കുലുക്കുഴിയാനുള്ള വെള്ളം വായിൽ ആക്കുമ്പോൾ മാത്രമാണ് അവർ ശബ്ദിക്കാതിരിക്കുക.

ആയമ്മ സംസാരിക്കുന്നതു മുഴുവനും മനസ്സിലാവില്ലെങ്കിലും കേട്ടിരിക്കാൻ തോന്നും. അപ്പോൾ വികൃതികാണിക്കണമെന്നൊന്നും തോന്നില്ല ഉണ്ണിക്കുട്ടന്. ആംഗ്യങ്ങൾ കാട്ടിക്കൊണ്ടാണ് പാറുക്കുട്ടിയമ്മ സംസാരിക്കുക. 'നാളികേരമുടച്ചു' എന്നു പറയുന്നതോടൊപ്പംതന്നെ, അതിനുള്ള ആംഗ്യങ്ങളും കാണിക്കും. വീട്ടിൽ അമ്മയോ മുത്തശ്ശിയോ ആംഗ്യംകാണിച്ചു സംസാരിച്ചതിൽ മുത്തച്ഛൻ ദേഷ്യപ്പെടും. "പാറുട്ടിമ്മടെ കയ്യ് ഞാൻ വെട്ടും, ബഹാ."

അപ്പോൾ പാറുക്കുട്ടിയമ്മ ഉമ്മറത്തു വന്നിരിക്കയാണ്."

ഉണ്ണിക്കുട്ടൻ പുളിങ്കുരുടിൻ പെട്ടിയുടെ ചുവട്ടിൽത്തന്നെ വെച്ച് ഉമ്മറത്തേക്കോടിപ്പോയി. അമ്മയും മുത്തശ്ശിയും അമ്മിണിയുമൊക്കെയുണ്ട്.

"എന്താ ഉണ്ണിക്കുട്ടാ. അറിയോ?"

ഉണ്ണിക്കുട്ടൻ ചിരിച്ചു.

"പാറ്റുട്ട്യമ്മ ഒന്നെടുക്കട്ടെ, വരൂ."

പാറുക്കുട്ടിയമ്മയ്ക്ക് വേണമെങ്കിൽ അമ്മിണിയെ എടുത്തുകൂടെ?

"വരില്ല്യേ? ന്നാ വേണ്ടാ."

പാറുക്കുട്ടിയമ്മ നിലത്തിരുന്നു. മുത്തശ്ശി ചെല്ലം കൊണ്ടുവന്നുവച്ചു. പുകയില ഇടിച്ചുകൂട്ടിയ കാര്യം പറഞ്ഞു. ഉണ്ണിക്കുട്ടൻ പുകയില തിന്നു ഛർദിച്ച കാര്യവും പറഞ്ഞു. അതു പറഞ്ഞപ്പോൾ ഉണ്ണിക്കുട്ടന്നു ദേഷ്യം തോന്നി. പാറുക്കുട്ടിയമ്മയോട് എന്തിനാണതൊക്കെ പറയുന്നത്?

"പുകല നല്ല സ്വാദുണ്ടോ?" പാറുക്കുട്ടിയമ്മ ചോദിച്ചു.

ഉണ്ണിക്കുട്ടൻ ദേഷ്യപ്പെട്ടുകൊണ്ട് മുത്തശ്ശിയെ നുള്ളാൻ തുടങ്ങി.

"എന്നെ എന്തിനാ നുള്ളണ്? പുകല സ്വാദുണ്ടോന്ന് പാവൂട്ട്യമല്ലേ ചോദിക്കണ്?"

പാറുക്കുട്ടിയമ്മ വേറെ എന്തോ കാര്യങ്ങൾ സംസാരിക്കാൻ

തുടങ്ങി. അധികമൊന്നും മനസ്സിലാവുന്നില്ല. താലപ്പൊലിക്ക് ആന പാഞ്ഞ കാര്യം പറഞ്ഞതു മനസ്സിലായി. ആന പാഞ്ഞതും അപ്പോൾ ആളുകൾ പരിഭ്രമിച്ചോടിയതുമെല്ലാം അവർ എഴുന്നേറ്റു നിന്നു കാണിച്ചു. ഉമ്മറത്ത് സ്ഥലം പോരെന്നു തോന്നി.

ആന പാഞ്ഞ കാര്യം പറഞ്ഞുതീർന്നപ്പോൾ അവർ വീണ്ടും നിലത്തിരുന്നു. കൈകാട്ടി വിളിച്ചപ്പോൾ അമ്മിണി അവരുടെ അടുത്തേക്കു പോയി. അവളെയെടുത്ത് ഇക്കിളിപ്പെടുത്തി. അവൾ കുടുകുടാ ചിരിക്കാൻ തുടങ്ങി.

അവൾ ചിരിക്കാൻ തുടങ്ങിയപ്പോൾ ഉണ്ണിക്കുട്ടനും ചിരിക്കാൻ തുടങ്ങി.

അമ്മ കാപ്പിയും അരിക്കൊണ്ടാട്ടം വറത്തതും പാറുക്കുട്ടിയമ്മയുടെ മുമ്പിൽ കൊണ്ടുവന്നു വച്ചു.

അരിക്കൊണ്ടാട്ടം വറുത്തത് ഓരോന്നായി തിന്നുകൊണ്ടു സംസാരി ക്കാൻ തുടങ്ങി. അരിക്കൊണ്ടാട്ടം മുഴുവനും തീർന്നശേഷമാണ് കാപ്പി കുടിച്ചത്. കാപ്പി കുടിക്കുമ്പോൾമാത്രം സംസാരിച്ചില്ല. കാപ്പി കുടിച്ചു കഴിഞ്ഞ ഉടൻ മുറുക്കി.

"കൂവപ്പൊടി വേണോ? ഒരാൾ പടിക്കൽനിന്നു വിളിച്ചു ചോദിച്ചു.

"കൊണ്ട്വരൂ."

മുത്തച്ഛന്റെ ശബ്ദം, വടക്കുഭാഗത്തുനിന്നാണ്.

മുത്തച്ഛൻ ഉമ്മറത്തെ കോലായിൽ വന്നു നിന്നു. കൂവപ്പൊടി ക്കാരൻ കൊട്ട താഴെയിറക്കി.

പാറുക്കുട്ടിയമ്മയൊഴിച്ച് ഉമ്മറത്തുള്ളവരെല്ലാം കോലായിലേക്കു വന്നു.

മുത്തച്ഛൻ കൂവപ്പൊടിയെടുത്തു തിരുമ്പിപൊടിച്ചു. മണത്തു നോക്കി. ഒടുവിൽ നിന്നെന്നു പറഞ്ഞു വാങ്ങാൻ തീർച്ചപ്പെടുത്തി.

അമ്മ അടുക്കുചെമ്പു കൊണ്ടുവന്നു. കൂവപ്പൊടിക്കാരൻ കൂവപൊടി അടുക്കുചെമ്പിലേക്ക് അളന്നുകൊടുത്തു.

കൂവപ്പൊടി വിരകി തിന്നാൻ നല്ല സ്വാദുണ്ട്. കൂടെ പപ്പടം കാച്ചിയതും വേണം. തിരുവാതിരദിവസം കൂവപ്പൊടിയും പപ്പടവും ഇഷ്ടം പോലെ തിന്നണം.

അമ്മ ചെമ്പുമായി അകത്തേക്കു പോയി; മുത്തച്ഛൻ ആശാരി കളുടെഅടുത്തേക്കും.

പാറുക്കുട്ടിയമ്മയും എഴുന്നേറ്റു: "നേരം ശ്ശിയായി."

"പിന്നൊരുദിവസം വരൂ."

"ശരി."

പാറുക്കുട്ടിയമ്മ മുറ്റത്തിറങ്ങി ഒരു നിമിഷം എന്തോ ആലോചിച്ചുനിന്നശേഷം പറഞ്ഞു:

“നാലു ചേമ്പിന്റെ തണ്ട് അരിഞ്ഞു കൊണ്ടോയ്ക്കോട്ടെ?”

“അതിബനന്താ?”

അമ്മ അടുക്കളയിൽ പോയി കറിക്കത്തിയെടുത്തു കൊണ്ടുവന്നു കൊടുത്തു. പാറുക്കുട്ടിയമ്മ കറിക്കത്തിയുമായി തൊടിയിലേക്കു നടന്നു. പിന്നാലെ ഉണ്ണിക്കുട്ടനും ചെന്നു.

ഒരു ചെമ്പോത്ത് ചേമ്പിൻതടത്തിലിരുന്ന് പുഴുക്കളെ കൊത്തിത്തിന്നുന്നുണ്ട്. പാറുക്കുട്ടിയമ്മയെ കണ്ടപ്പോൾ അതു പറന്നുപോയി.

പാറുക്കുട്ടിയമ്മ കുനിഞ്ഞുനിന്നു ചേമ്പിൻതണ്ട് അരിയാൻ തുടങ്ങി. അരിഞ്ഞിരിഞ്ഞുകൊണ്ടങ്ങനെ നിൽക്കുമ്പോൾ, ചേമ്പിൻ തടത്തിൽ നിന്ന് അവർക്കൊരു ചെറിയ കുവി കിട്ടി. ചെറുവിരലിന്റെയത്ര നീളമേകാണുകയുള്ള.

“ഉണ്ണിക്കുട്ടനിതാ ഒരു സാധനം!”

പാറുക്കുട്ടിയമ്മ ആ ചെറിയ കുപ്പി ഉണ്ണിക്കുട്ടന്റെ കൈയിൽ കൊടുത്തു.

കുപ്പിക്ക് അടപ്പില്ല. ഉള്ളിൽ മണ്ണു നിറഞ്ഞിട്ടുമുണ്ട്. അവൻ ചുണ്ടത്തു വച്ച് ഊതിനോക്കി. ശബ്ദം വരുന്നില്ല, കുപ്പിയുടെ അകത്തുള്ള മണ്ണ് ഒരു കോലുകൊണ്ട് തോണ്ടിക്കളഞ്ഞശേഷം കുപ്പി വെള്ളത്തിലിട്ടു കഴുകണം. എന്നിട്ട് ചുണ്ടത്തുവച്ച“തിയാൽ ശബ്ദം കേൾക്കും. കുപ്പി ക്കകത്ത്വെള്ളാരങ്കല്ലിൻഡേപൊടി നിറയ്ക്കാം. ആട്ടിൻകാട്ടം കൊള്ളുമോയെന്നു നോക്കാം.

ഇതൊന്നുമല്ല വേണ്ടത്, വേണ്ടതെന്താണെന്നോ?

തേക്കിന്റെ ഇളംകൂമ്പുകൾ നുള്ളിയെടുത്തു പിഴിഞ്ഞ് കുപ്പിയിൽ നിറയ്ക്കുക. ചുവന്ന മഷിപോലിരിക്കും. കൈവിരലുകളിൽ പുരട്ടിയാൽ മൈലാഞ്ചിയിട്ടപോലിരിക്കും. നെറ്റിയിലൊഴിച്ചാൽ വെളിച്ചപ്പാടാകാം.

ഇന്നേതായാലും തേക്കിൻകൂമ്പുകൾ നുള്ളാൻ പറ്റില്ല. നാളെയാവട്ടെ, കുപ്പി കഴുകി മുത്തശ്ശിയുടെ പെട്ടിയുടെ ചുവട്ടിൽ സൂക്ഷിച്ചു വയ്ക്കാം.

പാറുക്കുട്ടിയമ്മ ചേമ്പിന്റെ തണ്ടുകൾ വലിയൊരു കെട്ടാക്കി തോളത്തുവച്ച് കറിക്കത്തിയുമായി വീണ്ടും ഉമ്മറത്തേക്കുതന്നെ വന്നു.

“ന്നാലോ ഒന്നും പറയ്യല്ല.“ കറിക്കത്തി അമ്മയ്ക്കു കൊടുത്തു കൊണ്ട് അവർ യാത്രപറഞ്ഞു.

അവർ ഇത്ര ക്ഷണം പോയതിൽ ഉണ്ണിക്കുട്ടന്നു വ്യസനംതോന്നി. താലപൊലിക്ക് ആന പാഞ്ഞ രംഗം അവർ അഭിനയിച്ചുകാണിച്ചത് അവന്റെ കൺമുമ്പിൽനിന്നു മാഞ്ഞുപോകുന്നില്ല. ഇനി എന്നാണവർ

വരിക?

ഉണ്ണിക്കുട്ടൻ പാറുക്കുട്ടിയമ്മയെക്കുറിച്ചോർത്തുകൊണ്ട് കിണറ്റിൻകരയിലേക്കു പോയി. ചെമ്പിൽ വെള്ളമുണ്ടെങ്കിൽ കുപ്പി കഴുകാം. ഇല്ല. ചെമ്പിൽ വെള്ളമില്ല. അവൻ കുപ്പി പോക്കറ്റിലിട്ടു. കുറച്ചുകൂടി കഴിഞ്ഞാൽ അമ്മ കുളിപ്പിക്കാൻ വിളിക്കുമല്ലൊ. അപ്പോൾ കുപ്പിയും കഴുകാം.

അടുക്കളെമുറ്റത്ത് ശർക്കരവാവു തിന്ന ഇലച്ചിന്തുകൾ കിടക്കുന്നുണ്ട്. ഒന്നിലും ഒരിറ്റു ശർക്കരപ്പാവില്ല. തുടച്ചുനക്കിയിരിക്കുന്നു.

മുത്തശ്ശിയുടെ മുറിയിൽപ്പോയി പെട്ടിയുടെ ചുവട്ടിൽ പുളിങ്കുരു നിറച്ചുവെച്ച ടിന്നില്ലേ എന്നു നോക്കി. വെറുതെ അതിന്മേൽ രണ്ടുമൂന്നു കൊട്ടുകൊട്ടി.

മുറിയിലെ മേപ്പടിയിലേക്കു നോക്കിയപ്പോൾ കുരുത്തോലവന്തം സിനിമാനോട്ടീസുമിരിക്കുന്നതു കണ്ടു. അമ്മിണിയുടേതാണ്. താനെ ടുക്കരുതെന്നുവച്ച് തനിക്കെത്താത്ത സ്ഥലത്ത് അമ്മ കയറ്റിവെച്ച താവും. നീളമുള്ള ഒരു വടി കിട്ടിയാൽ രണ്ടും കുത്തിച്ചാടിക്കാം. മുകളിലത്തെ മുറിയിലെ ഓവറയിലുള്ള വടി കിട്ടിയാൽമതി. അതു മുകളിൽനിന്ന് എടുത്തുകൊണ്ടുവരുമ്പോൾ വല്ലവരും കണ്ടാലോ? ആ വടി ഓവറയിൽത്തന്നെയുണ്ടോ, ആവോ? മുത്തശ്ശി തന്നോടു ദേഷ്യപ്പെട്ട്, അതു വാങ്ങി വലിച്ചുകളഞ്ഞില്ലേ? പിന്നീടതെടുത്ത് ഓവറ യിൽത്തന്നെ കൊണ്ടുവന്നു വെച്ചിരിക്കുമോ?

ഉറിയിലെ മത്തിന്റെ മീതെ വെച്ചിരിക്കുന്ന കടകോലെടുത്ത് പൊക്കിപ്പിടിച്ചു നോക്കി. മേപ്പടിയുടെ പകുതിയോളംപോലുമെത്തില്ല.

വേണ്ട, ഒന്നും വേണ്ട. നോട്ടീസും കുരുത്തോല്പ്പന്തുമൊക്കെ ഇരിക്കുനേടത്തുതന്നെ ഇരുന്നോട്ടെ. അവൻ ഉമ്മറത്തേക്കു പോയി.

ഉമ്മറിമുറ്റത്ത് അപ്പുണ്ണിയും കുട്ട്യേട്ടനുംകൂടി 'ഇല്ലസ്' കളിക്കുകയാണ്. അപ്പുണ്ണി തിരിച്ചുകൊണ്ടുവന്ന ടിഫിൻ കാരിയർ കോലായിലിരിക്കുന്നു.

അപ്പുണ്ണി വന്നിട്ട് എത്ര നേരമായെന്നാവോ? മുളംകൂട്ടത്തിൽ തങ്ങി നിൽക്കുന്ന കവണയെന്താണെടുക്കാത്തതെന്നു ചോദിക്കണമെന്നുണ്ട്. എത്ര ദിവസമായി അതവിടെ തങ്ങിക്കിടക്കുന്നു!

അപ്പുണ്ണി പറഞ്ഞു: "ഉണ്ണിക്കുട്ടാ, ഞാൻ രണ്ടില്ലസ്സിനു ജയിച്ചിരിക്കയാണ്."

ഇല്ലസ് കളിക്കാൻ ഉണ്ണിക്കുട്ടനറിഞ്ഞുകൂടാ. അപ്പുണ്ണിയും കുട്ട്യേട്ടന്നുംകൂടി കളിക്കുന്നതു നോക്കി മനസ്സിലാക്കിയിട്ടുണ്ട്.

ഒരു വടിയും ചെറിയൊരു കോലും നിലത്തൊരു കുഴിയുമുണ്ടാ

യാൽ ഇല്ലസ് കളിക്കാം. രണ്ടാളുകളും വേണം. കുഴിയിൽ കോലുവെച്ച് വടി കൊണ്ടു തോണ്ടിയെറിയുന്ന കോല് എതിരാളി പിടിച്ചെടുത്തു കുഴിയിൽ ചെന്നെത്തത്തക്കവണ്ണം ഇട്ടുകൊടുക്കുമ്പോൾ മറ്റേയാൾ അടിച്ചു പറത്തണം. എന്നിട്ടു കുഴിയിൽന്നു കോലുചെന്നു വീഴുന്ന സ്ഥലത്തേക്ക് എത്ര ദൂരമുണ്ടെന്നു വടികൊണ്ടളന്നു നോക്കണം. ഒന്ന്, രണ്ട് എന്നു പറഞ്ഞല്ല എണ്ണുക. അതിനു വേറെ പേരുകളുണ്ട്: തയ്ക്കൂട്ടം

സത്തേമ്പർ

മുരുമുട്ട

നായ്ക്കോണി

അയക്കോണി

ആറങ്കം

ആറങ്കത്തോടെ ഒരു ഇല്ലസ് ആകുന്നു. അതായത് ആറു പ്രാവശ്യം വടികൊണ്ടളന്നുകഴിഞ്ഞാൽ ഒരു ഇല്ലസ് ആകുന്നു.

അടിക്കുന്നവന്റെ തോൽവി കോലു ചാടിപ്പിടിച്ച് എറിഞ്ഞു കൊടുക്കുന്നവന്റെ സാമർത്ഥ്യംപോലിരിക്കും. കോലു ചെന്നുവീഴുന്നത് കുഴിക്കടുത്ത് ഒരു വടിയുടെ അളവിലും കുറഞ്ഞ സ്ഥലത്താണെങ്കിലും അടിക്കാരൻ തോറ്റു എന്നാണർത്ഥം. അപ്പോൾ വടി എതിരാളിയെ ഏൽപ്പിച്ച്, കോലു ചാടിപ്പിടിക്കാനുള്ള സ്ഥലത്തേക്കു വരണം.

ഉണ്ണിക്കുട്ടൻ കോലായിലിരുന്നു ശ്രദ്ധയോടെ നോക്കി.

അപ്പുണ്ണിതന്നെയാണു ജയിക്കുന്നത്. അപ്പുണ്ണിക്കു കുറെ ഇല്ലസ് ആയി. കുട്ട്യേട്ടനിട്ടുകൊടുക്കുന്ന കോല് അപ്പുണ്ണി അടിച്ചുപറത്തുകയാണ്.

അമ്മ കോലായിൽനിന്നു ടിഫിൻകാരിയർ എടുക്കാൻ വന്നു. ഇല്ലസ്സ് കളി പൊടിപൊടിക്കുന്നു.

അമ്മ പറഞ്ഞു: “മതി, മതി! വടി കണ്ണിലോ മൂക്കിലോ കൊണ്ടാൽ എന്താ കാട്ട്വാ? ഓ ന്റെ അപ്പുണ്ണ്യേ, നീയംത്ര പോന്നിലേ?”

അപ്പുണ്ണി കളി മതിയാക്കി. വടി കുട്ട്യേട്ടനെ ഏൽപ്പിച്ചു. കുട്ട്യേട്ടൻ വടി തിണ്ടത്തു കൊണ്ടുപോയി വച്ചു. അപ്പുണ്ണി മുണ്ടു മടക്കിക്കുത്തി ചൂളമടിച്ചുകൊണ്ടു പോയി.

അപ്പുണ്ണി പോയപ്പോൾ കുട്ട്യേട്ടൻ തിണ്ടത്തുനിന്നു വടിയെടുത്ത് ഒറ്റയ്ക്കു കളിക്കാൻ തുടങ്ങി.

ഇതെന്തൊരു ഇല്ലസ്കളിയാണ്!

മുത്തച്ഛനും ആശാരിമാരും ഉമ്മറത്തേക്കു വന്നു. മുത്തച്ഛന്റെ കൈയിൽ ഉണ്ണിക്കുട്ടനുള്ള പുതിയ കുഞ്ഞിപ്പലകയുമുണ്ട്.

പലക ഉണ്ണിക്കുട്ടന്റെ കൈയിൽ കൊടുത്തു.

നല്ല ഭംഗിയുള്ള പലക. ആദ്യമുണ്ടാക്കിത്തന്നെ പലകയേക്കാളും നന്ന്.

വേലു ചോദിച്ചു: "ചെറ്യമ്പ്രാന് ബോധിച്ചോ?"

അവൻ സന്തോഷത്തോടെ പലകയിൽ നോക്കിക്കൊണ്ടു പറഞ്ഞു: "അസ്സല് പലക."

ആശാരിമാർ കൂലി വാങ്ങി പോയി.

പലക നിലത്തുവയ്ക്കാൻ തോന്നുന്നില്ല. വയറത്തും കവിളത്തും അമർത്തിവച്ചുനോക്കി."നല്ല വാസന, നല്ല മിനുസം!"

അമ്മ പറഞ്ഞു: "മതി, മതി; അടുക്കളയിൽ കൊണ്ടുപോയി വയ്ക്കട്ടെ."

"ഞാൻ കൊണ്ടുപോയ് വെച്ചോളാം."

"ന്നാ കൊണ്ടോയി വെയ്ക്ക്."

ഉണ്ണിക്കുട്ടൻ പലക അടുക്കളയിൽ കൊണ്ടുപോയി വെച്ചപ്പോൾ ശുണ്ഠി പിടിപ്പിക്കാനായി കുട്ട്യേട്ടൻ പറഞ്ഞു:

"ഇതെന്റെ പലക്യാ."

"അല്ല; എന്റെ പലക്യാ."

"എന്റെയാ."

"അല്ലല്ല,യ്ക്ക് മുത്തച്ഛൻ ബാക്കിച്ചു തന്നതാ."

"മുത്തച്ഛൻ യ്ക്ക് ണ്ടാക്കി തന്നതാ."

അടുക്കളത്തളത്തിൽനിന്നു മുത്തശ്ശി വിളിച്ചുപറഞ്ഞു: "ആയ്, ആയി! ന്റെ കുട്ട്യോകളെ! ഒന്നു മുണ്ടാതിരിക്കിൻ."

"മുത്തശ്ശി, ഇതെന്റെ പലകയല്ലേ?" ഉണ്ണിക്കുട്ടൻ ചോദിച്ചു.

"അതേ, നിബൻറയാണ്."

"ഇപ്പോളോ?"

ഉണ്ണിക്കുട്ടൻ വിജയഭാവത്തിൽ കുട്ട്യേട്ടനോടു ചോദിച്ചു.

"പലക എന്റെയാണ്."

"അത്യോ,മുത്തശ്ശി?."

മുത്തശ്ശി ചിരിച്ചുകൊണ്ടു ചോദിച്ചു:

"നിനക്കെന്താത്ര സംശയം? അതൊക്കെ പോട്ടെ. കുട്ടിക്കു പുകയില കൂട്ടിയൊന്നു മുറുക്കണോ?"

മുത്തശ്ശി കളിയാക്കുകയാണ്. ഇടയ്ക്കിടയ്ക്കു പുകയിലയുടെ കാര്യം പറയണമെന്നുണ്ടോ? പാറുക്കുട്ടിയമ്മയോടു പറഞ്ഞു. ഇനി കുട്ടൻ നായർ വന്നാൽ അയാളോടും, നാളെ കാള്യമ്മ വന്നാൽ ആയമ്മയോടും പുകയിലക്കാര്യം പറയും.

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു നടന്നു.

കുട്ട്യേട്ടൻ മുകളിൽ പോയി കുട്ട്യേട്ടന്റെ റബ്ബർപ്പന്തു കൊണ്ടു വന്നു. റബ്ബർപ്പന്തു മുകളിലെവിടെയാണ്

സൂക്ഷിച്ചുവയ്ക്കുന്നതെന്നറിഞ്ഞ്റുകൂടാ. ഇടയ്ക്കിടയ്ക്ക് എടുത്തുകൊണ്ടുവരുന്നതു കാണാം. വിഷുവിന് 'വിഷുകേട്ടം' കിട്ടിയ കാശുകൊണ്ടാണ് കുട്ട്യേട്ടൻ പന്തു വാങ്ങിയത്. ഇതു മറ്റാർക്കും കളിക്കാൻ കൊടുക്കില്ല.

കുട്ട്യേട്ടൻ മുറ്റത്തുവന്നു ചുമരിലേക്കെറിഞ്ഞു പിടിച്ചു കളിക്കാൻ തുടങ്ങി.

ഉണ്ണിക്കുട്ടനും മുറ്റത്തിറങ്ങിനിന്ന് കുട്ട്യേട്ടൻ കളിക്കുന്നതു നോക്കി. നല്ല പന്ത്. കുരുത്തോലിപ്പന്ത് ഇത്ര ഉയരുകയൊന്നുമില്ല.

വിഷുവിന് ഇങ്ങനെ പന്തുവാങ്ങിയാൽ മതിയായിരുന്നു. അന്ന് കിലുക്കം വാങ്ങാനാണു തോന്നിയത്.

"ഞാനും പന്തെറിയട്ടെ ചുമരിലേക്ക്?"

"എറിബേണ്ടാ."

"പന്തു തരൂ."

"നീ പലകയെറേിഞ്ഞാ. നീയ് വലിയൊരു പലകക്കാരനല്ലേ?"

"ഒറ്റപ്രാവശ്യം ഞാനെറിയട്ടെ."

"പൊയ്ക്കോ ഇബിടന്ന്."

കുട്ട്യേട്ടൻ ദേഷ്യത്തോടെ പറഞ്ഞു.

ഉണ്ണിക്കുട്ടന്റെ കണ്ണുകൾ നിറഞ്ഞു. അവൻ കരയാൻതുടങ്ങി.

മുത്തശ്ശി കരച്ചിൽ കേട്ട് മുറ്റത്തേക്കു വന്നു: "എന്തിനാ കരേണ്?"

"കുട്ട്യേട്ടൻ എന്നെ പന്തുകളിപ്പാൻ കൂട്ടണില്യ."

"പന്ത് അവനും കൊടുക്ക്. നിൻഡേ അനിയനല്ലേ?"

"ന്നാൽ, അനിയൻ ആ പലക ഏട്ടന് തരട്ടെ."

അതെന്തായാലും വേണ്ട! ഉണ്ണിക്കുട്ടൻ വിചാരിച്ചു. പുതിയ പലക കുട്ട്യേട്ടനു കൊടുക്കില്ല. പഴയതും കൊടുക്കില്ല. പഴയത് അമ്മിണിക്കാണ് കൊടുക്കുക.

ഉണ്ണിക്കുട്ടൻ കരച്ചിൽ നിർത്തി. മുത്തശ്ശി അവനെയെടുത്തു മുറ്റത്തു നടന്നു. വളരെ പതുക്കെ മുത്തശ്ശി പാടാൻതുടങ്ങി: "ആദ്യം കായ്ച്ച കുമ്പളങ്ങ

വിത്തിനുനിർത്തണം കണ്ടവരെ
പിന്നെ കായ്ച്ച കുമ്പളങ്ങ
മനക്കിൽ കൊടുക്കണം കണ്ടവരെ
പിന്നെ കായ്ച്ച കുമ്പളങ്ങ
കൂട്ടാൻവയ്ക്കണം കണ്ടവരെ
മോരു വീതത്തി വച്ചാലോ പിന്നെ
മോശപ്പെടും കറി കുമ്പളങ്ങ."

മുത്തശ്ശി പാട്ടു നിർത്തി. അകത്തുനിന്ന് അമ്മ വിളിക്കുന്നുണ്ട്. ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ ഒക്കത്തുനിന്ന് ഊർന്നിറങ്ങി.

മുത്തശ്ശി അകത്തേക്കു പോയി. മുത്തശ്ശിയുടെ പാട്ട് കാതുകളിൽ ത്തന്നെ തങ്ങിനില്ക്കുന്നുണ്ട്. അവനും മെല്ലെ പാടാൻ തുടങ്ങി: “ആദ്യം കായ്ച്ച കുമ്പളങ്ങ...”

ഇത്രയുമായപ്പോൾ അവനു സംശയമായി ആദ്യം കായ്ച്ച കുമ്പളങ്ങ വിത്തിനുനിർത്തണോ അതോ മനക്കിൽ കൊടുക്കണോ എന്നാണു സംശയം.

സംശയം ചോദിക്കാൻ മുത്തശ്ശി അടുത്തില്ലല്ലൊ.

കുട്ട്യേട്ടൻ ഇപ്പോഴും പന്തു കളിക്കുകതന്നെയാണ്.

കണ്ടപ്പോൾ വീണ്ടും കരച്ചിൽവന്നു.

കരഞ്ഞതുകൊണ്ടോ മുത്തശ്ശി വന്നു പറഞ്ഞതുകൊണ്ടോ ഒന്നുമൊരു ഫലവുമില്ല.

പിന്നെ വീണ്ടും കരഞ്ഞിട്ടെന്തു ഫലമാണ്?

കുട്ട്യേട്ടൻ പന്ത് തട്ടിക്കൊണ്ടു പടിക്കലേക്കു പോയി.

കുട്ട്യേട്ടന്റെ ഒരു പ്രവറ്! ഇല്ലസ്സ് കളിച്ചു തോറ്റമ്പിയില്ലേ? അപ്പുണ്ണിയെപ്പോലെ പന്തുകളിക്കാനൊന്നും കുട്ട്യേട്ടനറിയില്ല. അതു തീർച്ചയാണ്.

ഉണ്ണിക്കുട്ടൻ കോലായിൽക്കയറിനിന്നു. കുട്ട്യേട്ടൻ പടിക്കൽ എത്തിയിരിക്കുന്നു. പന്ത് മേലോട്ട് എറിഞ്ഞുപിടിക്കയാണിപ്പോൾ.

അമ്മ അമ്മിണിയെയുംകൊണ്ട് ഉമ്മറത്തേക്കു വന്നപ്പോഴും ഉണ്ണിക്കുട്ടൻ പറഞ്ഞു: “കുട്ട്യേട്ടൻ എനിക്ക് പന്ത് തരണേല്യ.”

“കുട്ടിക്ക് അമ്മ വേറൊരു പന്തു വാങ്ങിത്തരാം.”

“എപ്പോ?”

“നാളെ.”

അമ്മയും അമ്മിണിയും അകത്തേക്കുതന്നെ പോയി.

കുട്ട്യേട്ടന്റെ പന്ത് എങ്ങനെയെങ്കിലും പൊട്ടിക്കണം. പന്ത് എവിടെയാണു സൂക്ഷിച്ചുവയ്ക്കുന്നതെന്ന് ആദ്യം കണ്ടുപിടിക്കണം. എന്നിട്ട്, അച്ഛൻഡേ ബ്ലേഡ് എടുത്തുകൊണ്ടുവന്ന് ഒരൊറ്റ വര. നോക്കുമ്പോൾ പന്ത് അങ്ങനെതന്നെയുണ്ടാവും. നിലത്തിടുമ്പോൾ പൊങ്ങി വരില്ല. അതു ചെയ്യുന്നതിനുള്ള ആലോചനകളോടെ നിൽക്കുമ്പോൾ മുത്തച്ഛൻ തോർത്തുമുണ്ടു തട്ടിക്കുടഞ്ഞു മുമ്പിൽവന്നു ചോദിച്ചു: “എന്താ അങ്ങനെ ഒതുങ്ങിനിൽക്കണ്?”

എന്തു പറയാനാണ്? മിണ്ടാതെ നിന്നു.

“ഇരുന്നു മുറുക്കാൻ പുതിയ പലകയുമായി. ഇനിയെന്താ വേണ്ടത്?” മുത്തച്ഛനും കളിയാക്കുകയാണ്. ഉണ്ണിക്കുട്ടൻ ഒന്നും പറയാതെ നിന്നു.

മുത്തച്ഛൻ പടി കടന്നുപോയി.

ഉണ്ണിക്കുട്ടൻ വീണ്ടും ആലോചിച്ചു. പക്ഷേ, സുക്ഷിച്ചുവയ്ക്കുന്ന

സ്ഥലം ആദ്യം കണ്ടുപിടിക്കണം. എന്നിട്ട് അച്ഛന്റെ ബ്ലേഡ്സ്കെ പന്തിന്മേൽ ഒരൊറ്റ വര വരയ്ക്കുക. നോക്കുമ്പോൾ അത് അങ്ങനെ തന്നെയുണ്ടാവും. നിലത്തിടുമ്പോൾ പൊങ്ങിവരില്ല.

അതു ചെയ്യും.

## പന്ത്രണ്ട്

അമ്മിണി കുളുർക്കനെ എണ്ണതേച്ചുകൊണ്ട് മുറ്റത്തേക്കു വന്നു. പുറകേ അമ്മയും.

“അപ്പയ്ക്ക് പെണ്ണവിടെ എത്തി! വേഗം വാ അമ്മ കുളിപ്പിക്കട്ടെ.”

അമ്മിണി തിണ്ടിന്മേലുള്ള ചെറിയൊരു വെള്ളാരങ്കല്ല് അടർത്തിയെടുക്കാനുള്ള ശ്രമമാണ്. അമ്മ പറയുന്നതൊന്നും അവൾകേൾക്കു ന്നില്ല.

അമ്മ അവളെ എടുക്കാൻ ഭാവിച്ചപ്പോൾ അവൾ കരയാൻ തുടങ്ങി.

അവൾ വെള്ളാരങ്കല്ല് അടർത്തിയെടുക്കട്ടെ, എന്നിട്ടാകാം കുളിവിക്കലെന്നുകരുതി അമ്മ ഉണ്ണിക്കുട്ടന്റെ നേരേ തിരിഞ്ഞു: “എന്നാൽ നിന്നെ എണ്ണതേപ്പിച്ചുനിർത്തട്ടെ. കിണറ്റിൻകരയിലേക്കു നടക്ക്.”

“എണ്ണ ഇങ്ങോട്ടു കൊണ്ടോന്നു തേപ്പിച്ചാൽമതി.”

“അങ്ങട് വരണോ?”

“ഇല്ല; ഇങ്ങട് കൊണ്ര്വാ.”

“ശരി.”

അമ്മ ഓടത്തിൽ എണ്ണ കൊണ്ടുവന്നു. അവന്റെ കുപ്പായവും നിക്കറും അഴിച്ചു ദൂരെയിട്ടു. രണ്ടും ചെളിയിൽ കുളിച്ചിരിക്കയാണ്.

നിക്കർ അഴിച്ചുകളഞ്ഞപ്പോൾ ഉണ്ണിക്കുട്ടനു നാണം തോന്നി, അമ്മ പറഞ്ഞു:

“ത്ര നാണിക്കാനൊന്നുല്യ. മൊയ്തീൻ പ്പോ ഇങ്ങട് വരില്ല.”

“ന്നാൽ എന്നെ പട്ടുകോണം ഉടുപ്പിച്ചുടെ?”

“പട്ടുകോണകൊന്നും വേണ്ട.”

അമ്മ പട്ടുകോണകം കൊണ്ടുവന്ന് ഉടുപ്പിച്ചു. ഉണ്ണിക്കുട്ടന്നു സന്തോഷമായി. ഇഷ്ടംപോലെ എണ്ണ തേപ്പിക്കാൻ സമ്മതിച്ചു.

കുട്ട്യേട്ടൻ ഇപ്പോഴും ഗേറ്റിനടുത്തു നിന്നുകൊണ്ടു പന്തു കളിക്കുകയാണ്. നാളെമുതൽ, ഈ പന്തുകൊണ്ടു കളിക്കില്ല. പന്തുവയ്ക്കുന്ന സ്ഥലം കണ്ടുപിടിച്ച് ബ്ലേഡുകൊണ്ട് ഒരൊറ്റ വര.

നോക്കുമ്പോൾ, പന്ത് അങ്ങനെതന്നെയിരിക്കും. നിലത്തിടുമ്പോൾ ഉയർന്നു വരില്ലെന്നു മാത്രം.

അമ്മിണി തിണ്ടിന്മേൽനിന്നു വെള്ളാരങ്കല്ല് അടർത്തിയെടുത്തിരിക്കുന്നു. അതവളുടെ കൈയിലുണ്ട്. അമ്മ അവളെയുമായി കിണറ്റിൻ കരയിലേക്കു പോയി.

കുട്ടൻനായർ പടികടന്നുവന്നു. എവിടെയായിരുന്നു ഇത്രയും നേരം? അയാളുടെ പിന്നാലെ പന്തു തട്ടിയുരുട്ടിക്കൊണ്ട് കുട്ട്യേട്ടനും വന്നു. കുട്ടൻനായർ വീട്ടിലില്ലെങ്കിൽ ഒരു സുഖവുമില്ല.

കുട്ട്യേട്ടൻ മുറ്റത്തെത്തിയപ്പോൾ പന്ത് ഉണ്ണിക്കുട്ടന്നുനേരെ നീട്ടി: "നാ വന്ത്."

ന്നാ പന്ത്! ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നു! മുമ്പു എത്രപ്രാവശ്യം ചോദിച്ചു! തന്നില്ല. മുത്തശ്ശി കൊടുക്കാൻ പറഞ്ഞിട്ടുംകൂടി തന്നില്ല. ഉണ്ണിക്കുട്ടൻ പന്തറുവാങ്ങി തൊടിയിലേക്ക് ഒരേറുകൊടുത്തു. ഒരു പന്തുകാരൻ വന്നിരിക്കുന്നു! കുട്ട്യേട്ടന് ഒട്ടും രസിച്ചില്ല. ഇത്ര ധിക്കാരമോ?

കുട്ട്യേട്ടൻ അവന്റെ ചെവി പിടിച്ചൊരു തിരുമ്മൽ. വേദനിച്ചില്ലെങ്കിലും ഉണ്ണിക്കുട്ടൻ കരയാൻ തുടങ്ങി.

മുത്തശ്ശി വന്നു: "എന്തിനാ ഷൊ കരച്ചിൽ?"

"കുട്ട്യേട്ടനെന്നെ തച്ചു."

"തച്ചുത്രെ! ങ്ങനെ നുണ പറയരുതെ." കുട്ട്യേട്ടൻ പറഞ്ഞു.

"നീയെന്തേ ആ കുട്ട്യേക്കാട്ടിത്? പൊറം ഞാൻ പൊളിക്കും പറണേന്താ!" മുത്തശ്ശി ഉണ്ണിക്കുട്ടന്റെ ഭാഗത്താണ്.

"ഞാനൊന്നും കാട്ടിട്ടില്ല. പന്തു വാങ്ങി തൊടീൽക്ക് എറിഞ്ഞഷൊ ചെവിയൊന്നു പിടിച്ചു തിരുമ്മി. അതിനാ കിടന്നലറണ്."

"അവൻ ചെറ്യെ കുട്ട്യലൈ. പന്ത് എറിഞ്ഞാൽ ചെവി പിടിച്ചു തിരുമ്പാ."

കുട്ട്യേട്ടൻ തൊടിയിൽനിന്നു പന്തെടുത്തുകൊണ്ടുവന്നു മുകളിലേക്കോടിവോയി.

കുട്ടൻനായർ കരണ്ടിയിൽ തീക്കനലുകളുമായി കായ്ക്കു പുകയുതാൻ പോകുന്നതു കണ്ടു.

ഉണ്ണിക്കുട്ടൻ കരച്ചിൽ നിർത്തി കുട്ടൻനായരുടെ പിന്നാലെ പോയി.

രാവിലത്തെപ്പോലെ അത്രയുമധികം സമയമിരുന്ന് പുകയുതിയില്ല കുട്ടൻനായർ. ചകിരിയും തീക്കനലും കണ്ണഞ്ചിരട്ടയുടെ തുളയിലേക്കിട്ടതും പുകയുതിയതുമെല്ലാം വളരെ ധൃതിയിലായിരുന്നു.

പുക ഉള്ളിൽ കടന്ന്, മണ്ണിന്റെ വിടവുകളിൽക്കൂടി പുറത്തേക്കുവരുന്നത് ഉണ്ണിക്കുട്ടൻ സുക്ഷിച്ചുനോക്കി. ചാണകംകൊണ്ട് ഒന്നുകൂടി തേമ്പിയാൽ, ഇങ്ങനെ പുക പുറത്തേക്കു

വരില്ലെന്ന് കുട്ടൻനായർ പറഞ്ഞു.

അമ്മ കിണറ്റിൻകരയിൽനിന്ന് ഉണ്ണിക്കുട്ടനെ വിളിച്ചു. പോകണോ, പോകണ്ടയോ എന്ന് ഉണ്ണിക്കുട്ടൻ സംശയിച്ചു നിന്നപ്പോൾ കുട്ടൻനായർ പറഞ്ഞു: "വേഗം പോയി കുളിച്ചുവരൂ."

ഉണ്ണിക്കുട്ടൻ ഓടിപ്പോയി.

അമ്മിണി കുളിച്ച്, അലക്കിയ ഗൗണിട്ട് അടുക്കളക്കോലായിൽ നില്ക്കുന്നുണ്ട്. അവളുടെ കൈയിൽ പാൽക്കിണ്ടിയുടെ അടവ്. നെറ്റിയിൽ ഭസ്മക്കുറിയുമുണ്ട്.

കിണറ്റിൻകരയിൽനിന്ന് അമ്മ പറഞ്ഞു: "വേഗം വന്നോ. എത്ര നേരായി വിളിക്കുന്നു!"

"യ്ക്ക് കുട്ട്യേട്ടന്റെ കഴിഞ്ഞിട്ടു മതി."

"വേഗം ഞണ്ട് വരണമുണ്ടോ, അതോ കിട്ടണോ? വേണോ? "

"യ്ക്ക് കുട്ട്യേട്ടന്റെ കഴിഞ്ഞിട്ടു മതി."

അമ്മ കുട്ട്യേട്ടനെ വിളിച്ചു. കുട്ട്യേട്ടൻ ഓടിവന്നു. കുട്ട്യേട്ടന് എല്ലാദിവസവും എണ്ണതേച്ചു കുളിയില്ല. അതുകൊണ്ട് കുളി വേഗം കഴിയും.

അമ്മ കുട്ട്യേട്ടനെ കുളിപ്പിക്കാൻ തുടങ്ങി.

കുട്ടൻനായർ അടുക്കളമുറ്റത്തിനടുത്തുള്ള മുരിങ്ങമരത്തിന്റെ അടുത്തുവന്ന് മുകളിലേക്കു നോക്കി. മുരിങ്ങമരത്തിൽ കയറാനുള്ള ഭാവമാണെന്ന് ഉണ്ണിക്കുട്ടന്നു മനസ്സിലായി.

തോർത്തുമുണ്ട് മുറുക്കിച്ചുറ്റി, കുട്ടൻനായർ മുരിങ്ങാമരത്തിൽ കയറി. മുത്തശ്ശി താഴത്തു വന്നുനിന്നു ഉണ്ണിക്കുട്ടന്നും മുത്തശ്ശിയുടെ അടുത്തു വന്നു നിന്നു.

ഉണ്ണിക്കുട്ടൻ മുകളിലേക്കു നോക്കി. കുട്ടൻനായർ അങ്ങേയറ്റം വരെ കയറിയിരിക്കുന്നു. അയാൾ മുരിങ്ങബട്ടകൾ പൊട്ടിച്ച് താഴത്തേക്കിടാൻ തുടങ്ങി. മുത്തശ്ശിയോടൊപ്പം, ഉണ്ണിക്കുട്ടന്നും മുരിങ്ങപ്പട്ടകൾ പെറുക്കി ശേഖരിച്ചു.

മുരിങ്ങമരത്തിന്റെ അങ്ങേയറ്റത്തെ കൊമ്പിൽ പിടിച്ചു നില്ക്കുന്ന കുട്ടൻനായരുടെ കോണകവാലു കണ്ടപ്പോൾ ഉണ്ണിക്കുട്ടൻ ചിരിച്ചു. മുത്തശ്ശി പറഞ്ഞു: "മതി മതി കുട്ടൻനായരെ."

കുട്ടൻനായർ സാവധാനത്തിൽ താഴേക്കിറങ്ങിവന്നു.

രണ്ടു പപ്പായയും വേണം അത് എരങ്കോലുകൊണ്ടു കുത്തിച്ചാടിക്കയാവും.

അങ്ങനെതന്നെയാണുണ്ടായത്. കുട്ടൻനായർ ഓട്ടിൻപുറത്തു വച്ചിട്ടുള്ള എരങ്കോലുകൊണ്ടു രണ്ടു പപ്പായയും കുത്തിച്ചാടിച്ചു. മുത്തശ്ശി, പപ്പായയും മുരിങ്ങായും അടുക്കളത്തിണ്ണയിൽ കൊണ്ടുവന്നുവെച്ചു.

ഇത്രയും നേരം. മുരിങ്ങപ്പട്ടകൾ താഴത്തേക്കു വീഴുന്നതു നോക്കിനിന്നിരുന്ന അമ്മിണി, പാൽക്കിണ്ടിയുടെ അടവ് നിലത്തിട്ട് ഉരുട്ടിക്കളിക്കാൻ തുടങ്ങി.

കുട്ടൻനായർ എരങ്കോല് ഓട്ടിൻപുറത്തുതന്നെ കൊണ്ടുവന്നു വെച്ചു.

"ഞാനൊന്ന് അങ്ങാടീൽ പോയി വരട്ടെ." കുട്ടൻനായർ അങ്ങാടിയിലേക്കു പോയി.

കുട്ട്യേട്ടൻ കുളികഴിഞ്ഞ് കോലായിലേക്കു വന്നു.

അമ്മ ഉണ്ണിക്കുട്ടനെ വിളിച്ചു. ഇനി പോകാതിരിക്കുന്നത് എങ്ങനെയാണ്? അമ്മിണിയെയും കുട്ട്യേട്ടനെയും അമ്മ കുളിപ്പിച്ചു കഴിഞ്ഞു. കായയ്ക്കു പുകയുതുന്നതും മുരിങ്ങായൊടിച്ചിടുന്നതും, പപ്പായ കുത്തിച്ചാടിക്കുന്നതുമെല്ലാം എണ്ണ തേച്ചശേഷമാണ് കണ്ടത്. ഇനി മുരിങ്ങയിലയുരുന്നതും പപ്പായ നുറുക്കുന്നതുംകൂടി കണ്ടശേഷം പോരേ കുളി? മതിയെന്നാണ് ഉണ്ണിക്കുട്ടന്റെ അഭിപ്രായം. പക്ഷേ, അമ്മയ്ക്ക് ദേഷ്യം വല്ലാതെ വന്നിരിക്കുന്നു.

"ഇനീം ഇങ്ങട് വരണില്ലെങ്കിൽ, പൊതിരെ കിട്ടും എൻഡേ കൈയീന്ന്."

ശരി, പൊയ്ക്കളയാം.

ഉണ്ണിക്കുട്ടൻ അമ്മയുടെ അടുത്തുചെന്നു നിന്നു.

അമ്മ അവനെ ബലമായി പിടിച്ച് കല്ലിന്മേൽ നിർത്തി. കുട്ടിച്ചെമ്പുകൊണ്ട് വെള്ളം മുക്കി പാർന്നു. സോപ്പു തേപ്പിച്ചശേഷം വീണ്ടും വെള്ളം പാർന്നു.

സോപ്സ് പിന്നെയും തേപ്പിച്ചു വെള്ളം പാർന്നു.

"കണ്ട്ലേ ചെളി."

"സോവ് എന്റെ കയ്യിൽ തരൂ."

"എന്തിനാ?"

"കുമിളണ്ടാക്കാൻ!"

"കുമിളണ്ടാക്കാഞ്ഞിട്ടാ."

"ന്നാൽ അമ്മ ബാക്കി കാണിച്ച് തന്നാൽമതി."

അമ്മ സോവിൻപതയിൽ ഊതി കുമിളയുണ്ടാക്കി.

സോപ്പിൻപതയിലൂതുമ്പോൾ എത്രയെത്ര കുമിളകളാണുണ്ടാവുന്നത്! അവയെല്ലാം ഉടൻ പൊട്ടിപ്പോകയും ചെയ്യുന്നു.

"ഇരിക്ക്. തലേൽ വെള്ളം പാരട്ടെ."

തലയിൽ വെള്ളമൊഴിക്കുന്നത് ഉണ്ണിക്കുട്ടനു സങ്കടമാണ്. തലയിൽ വെള്ളമൊഴിക്കുമ്പോൾ ശ്വാസംമുട്ടും. 'പതുക്കെ' എന്നു പറഞ്ഞു കൊണ്ട്, അവനിരുന്നു.

അമ്മ പതുക്കെ തലയിൽ വെള്ളമൊഴിച്ചശേഷം, അവനെ

എഴുന്നേല്പിച്ചു നിർത്തി. തലയും ദേഹവും തുവർത്തിച്ചു. തോർത്തുമുണ്ടിന്റെ അറ്റം തിരിപോലെയാക്കി, ചെകിട്ടിൽ തിരുകി വെള്ളമെടുത്തു.

"മുത്തശ്ശി, നിക്കറും കുപ്പായോം ഇടിക്കും."

അവൻ മുത്തശ്ശിയുടെ അടുത്തുചെന്നു. മുത്തശ്ശി തമാശയോടെ പറഞ്ഞു: "ഷോ ആ മൊയ്തീനോറ്റെ കണ്ടാൽ."

മുത്തശ്ശി നിക്കറും കുപ്പായവും ഇടിച്ചു. ഭസ്മക്കൊട്ടയിൽനിന്ന് ഒരു നുള്ളു ഭസ്മമെടുത്ത് നെറ്റിയിൽ തൊടുവിക്കുകയും ചെയ്തു.

"വികൃതി കാട്ടാണ്ടെ ഉമ്മറത്തു പോയിരുന്നോ."

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു പോകാതെ അവിടെത്തന്നെ പരുങ്ങി നിന്നു. മുരിങ്ങയില ഊരുന്നതും പപ്പായ നുറുക്കുന്നതുമെല്ലാം കാണണം. ഉമ്മറത്തു പോയിരുന്നാൽ അതിനു സാധിക്കുമോ?

മുത്തശ്ശിയും അമ്മയുംകൂടി മുരിങ്ങയിലയുരാനും പപ്പായ നുറുക്കാനും തുടങ്ങി. ഒരു മുരിങ്ങപ്പട്ടയുമായി അമ്മിണിയുമുണ്ട്.

പപ്പായയുടെ വിത്തറുകൾക്ക്, ആട്ടിൻകാട്ടത്തോളം വലിപ്പവും കറുപ്പും ഇല്ല. പുളിങ്കുരു മുറിയിലെ മൂലയിൽ ചെരിഞ്ഞ് ആ ടിന്നിൽ പപ്പായ വിത്തറുകളെല്ലാം ആക്കിവച്ചാലോ?

മുത്തശ്ശി പഞ്ചായ നുറുക്കുന്നതിനിടയ്ക്ക് ഒരു കഷണം വായിലിട്ടു തിന്നു. അപ്പോൾ വേണം, ഉണ്ണിക്കുട്ടനും. മുത്തശ്ശി ഒരു കഷണം അവനും കൊടുത്തു. പറയത്തക്ക സ്വാദൊന്നുമില്ലെങ്കിലും തരക്കേടില്ല.

രണ്ടാമത്തെ ക്ഷണം കിട്ടാൻ മുത്തശ്ശിയോടു ചോദിച്ചില്ല. എടുത്തു തിന്നുകതന്നെയാണുണ്ടായത്, പിന്നെ അവിടന്നങ്ങോട്ട് ഇഷ്ടംപോലെ എടുത്തു തിന്നാൻതുടങ്ങി.

"ഇതു കൂട്ടാൻവയ്ക്കാൻ കാണുമെന്ന് തോന്നണില്ല."

മുത്തശ്ശി പഞ്ചായക്കഷണങ്ങളും മുരിങ്ങയൂരിയതും അടുക്കളയിൽ കൊണ്ടുപോയി വെച്ചു.

ഉണ്ണിക്കുട്ടൻ മൂന്നാലു മുരിങ്ങപ്പട്ടകൾ എടുത്ത് അടുക്കളമുറ്റത്തേക്കുവന്നു. അടുക്കളമുറ്റത്തു വീണുകിടക്കുന്ന ഒരു വാഴനാര് കടന്നെടുത്ത്, മുരിങ്ങപ്പട്ടകൾ കൂട്ടിക്കെട്ടാനാരംഭിച്ചു. മുത്തശ്ശി കണ്ടു: "ഇതെന്താ പുതിയൊരേർപ്പാട്?" അമ്മ മുരിങ്ങാത്തണ്ടുകളും പവായ വിത്തറുകളും ഒരു ചട്ടിമുറത്തിലാക്കി തൊടിയിൽ കൊണ്ടുവന്നിട്ട്, ഉണ്ണിക്കുട്ടൻഡേ കൈയിലുള്ള മുരിങ്ങത്തണ്ടും പിടിച്ചു വാങ്ങി തൊടിയിലേക്കിട്ടു.

ഉണ്ണിക്കുട്ടൻ കരഞ്ഞാലോ എന്നു സംശയിച്ചുനിന്നു. അപ്പോഴാണ്, ആ ചൊക്ലിപ്പട്ടി മുറ്റത്തേക്കു വന്നത്. ചൊക്ലിപ്പട്ടി മുറ്റുമെല്ലാം ഒന്നു മണത്തിനോക്കിയശേഷം തൊടിയിലേക്ക് ഓടിപോയി.

അമ്മ തലമുടി വേറെടുത്തുകൊണ്ട് കോലായിലേക്കു വന്നു. എത്ര തലമുടിയാണമ്മയ്ക്ക്! കാളിയമ്മയ്ക്കും മുത്തശ്ശിക്കും പേരിനുമാത്രമേ തലമുടിയുള്ളൂ.

ഉണ്ണിക്കുട്ടൻ അമ്മയെ തൊട്ടുരുമ്മി നിന്നു. അമ്മിണിക്കതിഷ്ടപെട്ടില്ല. ഓടിവന്നു മുരിങ്ങത്തണ്ടുകൊണ്ട് ഉണ്ണിക്കുട്ടനെ തല്ലാൻ തുടങ്ങി. ഉണ്ണിക്കുട്ടൻ അവളുടെ കൈയിൽനിന്ന് മുരിങ്ങത്തണ്ടുവാങ്ങി മുറ്റത്തേക്കൊരേറു കൊടുത്തു.

അവൾ കരയാൻതുടങ്ങുന്നതിനുമുമ്പ് മുത്തശ്ശിവന്ന് അവളെ എടുത്ത് അടുക്കളയിലേക്കു പോയി.

അമ്മ തലമുടി കെട്ടിവച്ച്, മെഴുക്കുപുരണ്ട കൈ മുഖത്തു തുടച്ച്, ഉണ്ണിക്കുട്ടനെ എടുത്തു.

"മോന് ആരെയാ അധികം ഇഷ്ടം?"

"അമ്മനെ."

"അപ്പോ അച്ഛനെ?"

"അച്ഛനിം ഇഷ്ടമാണ്."

അമ്മ അവനെ ഉമ്മവെച്ചു.

കുട്ട്യേട്ടൻ ഉമ്മറത്തുനിന്ന് വിളിച്ചുപറഞ്ഞു: "ഉണ്ണിക്കുട്ടാ, ആട്ടിൻ കുട്ടി ദാ ഉമ്മറത്ത്."

ആട്ടിൻകുട്ടി എന്നു കേൾക്കേണ്ട താമസം അവൻ ഉമ്മറത്തേക്ക് ഓടിച്ചെന്നു.

ആട്ടിൻകുട്ടി ഉമ്മറത്തു തുള്ളിക്കളിക്കുന്നുണ്ട്. കുടമണി കിലുങ്ങുന്നു.

കുട്ട്യേട്ടൻ ഉമ്മറത്തെ ബഞ്ചിലിരുന്ന് എഴുതുകയാണ്. ആട്ടിൻകുട്ടി തുള്ളിക്കളിക്കുന്നതു നോക്കുന്നതുതന്നെയില്ല.

ഉമ്മറിമുറ്റം അടിക്കാഞ്ഞിട്ട് നിറഞ്ഞുകിടക്കയാണിപ്പോൾ. പ്ലാവിലകൾ, ആട്ടിൻകാട്ടം, മുത്തപ്പൻതാടി, കുരുത്തോലക്കഷണങ്ങൾഎല്ലാമുണ്ട്.

മുത്തച്ഛൻ ഒരു പൊതിയുമായി ഉമ്മറത്തു വന്നുകയറി.

"എന്താദ്?"

"ഇത് തിന്നാനുള്ളതൊന്വല്ല."

"വിനെന്താദ്?"

ഇത് പഴുക്കടയ്ക്കാണ്."

നോക്കട്ടെ."

"പഴുക്കടയ്ക്ക നിയ്യ് കണ്ടിട്ടില്ലേ?"

"നോക്കട്ടെ."

"നിനക്ക് വേണ്ടാത്തതായിട്ടൊന്നുല്ലിപ്പോൾ. പഴുക്കടയ്ക്ക് വേണം,

പുകയില വേണം, ഇനി എന്തൊക്യാ വേണ്ടിവരാന്ന് നിശ്ച്ചല്യ."

"ന്നാൽ ആ പൊതി ന്റെ കൈയിൽ തരൂ. മുത്തശ്ശിടെ കൈയിൽ കൊണ്ടോയ് കൊടുക്കട്ടെ."

മുത്തശ്ശൻ പൊതി അവന്റെ കയ്യിൽ കൊടുത്തു.

"ടൂർർർ...... ടൂർർർ" ഉണ്ണിക്കുട്ടൻ പൊതി മുത്തശ്ശിക്കു കൊണ്ടു പോയിക്കൊടുത്തു.

മുത്തശ്ശി കണ്ണിൽ ധാരയിടാനുള്ള ശ്രമമാണ്. ധാരക്കിണ്ണങ്ങളിൽ കഷായം നിറച്ചുവെച്ചിരിക്കുന്നു. കുട്ടൻനായർ വരാൻ കാത്തിരിക്കുകയാണ്. രണ്ടാളു വേണമല്ലോ, ധാരയിടാൻ. ഒന്ന് അമ്മയുണ്ട്.

മുത്തച്ഛൻ വന്ന് സംഗതികൾ മനസ്സിലാക്കി.

"കെടന്നോ, ഞാൻ ധാരയിട്ടുതരാം." ധാരയിടുമ്പോൾ മുത്തച്ഛന്റെ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കുറച്ചു കഷായം പുറത്തുപോയി. കുട്ടൻനായരും കാളിയമ്മയും അമ്മയും ധാരയിടുമ്പോൾ ഒരൊറ്റത്തുള്ളി കഷായംപോലും പുറത്തു പോകില്ല.

ധാരയിടുന്നത് കുറച്ചുനേരം നോക്കിനിന്നശേഷം, ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു വന്നു.

കോലായിൽ കുട്ട്യേട്ടൻ ആട്ടിൻകുട്ടിയെ മടിയിൽ വച്ചുകൊണ്ടിരിക്കുന്നു. ഉണ്ണിക്കുട്ടൻ അടുത്തുചെന്നു.

"തൊടണമെങ്കിൽ തൊട്ടോ."

കുട്ട്യേട്ടൻ പറഞ്ഞു.

ഉണ്ണിക്കുട്ടൻ ആട്ടിൻകുട്ടിയുടെ മുഖത്തും വയറ്റത്തുമെല്ലാം തൊട്ടു. കുടമണി പിടിച്ചുകുലുക്കി. ഹായ്.... നല്ല സുഖം!

ഇത്ര സൗകര്യത്തിൽ ആട്ടിൻകുട്ടിയെ തൊടാൻ സാധിച്ചത്, കുട്ട്യേട്ടൻ അതിനെ പിടിച്ചുതന്നതുകൊണ്ടാണ്. അതുകൊണ്ട് കുട്ട്യേട്ടന്റെ പന്ത് ബ്ളേഡേ കീറണ്ട.

"മതിയായില്ലേ തൊട്ടത്?"

കുട്ട്യേട്ടൻ ആട്ടിൻകുട്ടിയെ എടുത്ത് ആട്ടിൻകൂട്ടിലേക്കു പോയി.

ഉണ്ണിക്കുട്ടൻ തിണ്ടിനപ്പുറത്തേക്കു നോക്കിയപ്പോൾ പതിറ്റടിപ്പൂക്കൾ വിരിഞ്ഞുനില്ക്കുന്നതു കണ്ടു.

## പതിമൂന്ന്

പതിറ്റടിപ്പൂക്കൾ പറിച്ചു പോക്കറ്റിലിട്ടു. കൈവിരലുകൾകൊണ്ട, ഞെരടിയപ്പോൾ വിരലുകൾ ചുവന്നു. തേക്കിൻകൂമ്പുകൾ

ഞെരടുമ്പോൾ, ഇതിനേക്കാളധികം ചുവക്കും.

നിക്കറിന്റെ കീശയിൽ തപ്പിനോക്കി. കുറച്ച് പപ്പായവിത്തറുകളും ഒരു സിനിമാനോട്ടീസും മാത്രമേയുള്ള. കുളിക്കുന്നതിനു മുമ്പിടുന്ന നിക്കറിന്റെ കീശയിലുണ്ടായ സാധനങ്ങളെല്ലാം അമ്മ വലിച്ചെറിഞ്ഞിരിക്കും.

കുട്ട്യേട്ടന്റെ റബ്ബർപന്ത് കിട്ടിയാൽ ഇപ്പോൾ കുറച്ചുനേരം കളിക്കാമെന്നവനു തോന്നി. ഇനിയിന്നു തരികയുണ്ടാവില്ല. മുകളിൽ കൊണ്ടുപോയി സൂക്ഷിച്ചുവെച്ചിരിക്കയാണല്ലൊ!

ചോത്രപ്പയ്ക്ക് പടിക്കൽ വന്ന് അകറി. കുട്ട്യേട്ടൻ ഗേറ്റ് തുറന്നു കൊടുത്തു. ചോത്ര നേരേ തൊഴുത്തിലേക്കു പോയി. തുക്കുപിടിയും ഗ്ലാസ്സുമായി അമ്മയും തൊഴുത്തിലേക്കു നടന്നു. അമ്മ വരേണ്ടെന്നു പറഞ്ഞുവെങ്കിലും, കൂട്ടാക്കാതെ ഉണ്ണിക്കുട്ടനും തൊഴുത്തിലെത്തി. കുട്ട്യേട്ടൻ ആദ്യംതന്നെ തൊഴുത്തിലെത്തിയിരിക്കുന്നു. അമ്മ തുക്കു പിടിയിലെ വെള്ളം പയ്യിന്റെ അകിട്ടിലും പുറത്തും തളിച്ചു. ഹൈക്കുട്ടിയെ അഴിച്ചുവിട്ടു. ഹൈക്കുട്ടി വാലാട്ടി, മുട്ടി മുട്ടി മുല കുടിക്കാൻ തുടങ്ങിയപോൾ ചോത്ര മൂത്രമൊഴിച്ചു. എത്ര മൂത്രമാണ്!

കാളിയമ്മ ഇടയ്ക്കിടയ്ക്ക് പശുവിന്റെ മൂത്രം കുടിക്കുന്നതു കാണാം! ഇപ്പോൾ അടുത്തുണ്ടായിരുന്നുവെങ്കിൽ ഇഷ്ടംപോലെ കുടിക്കാമായിരുന്നു.

ഹൈപക്കുട്ടി കുറച്ചുനേരം മുല കുടിച്ചപ്പോൾ അമ്മ അതിനെ മാറ്റിക്കെട്ടി. എന്നിട്ട് പയ്യിനെ കറക്കാൻ തുടങ്ങി. പാല് ഓട്ടുഗ്ലാസ്സിലേക്കു വീഴുമ്പോഴത്തെ ശബ്ദം കേൾക്കാൻ രസമുണ്ട്.

കുട്ട്യേട്ടൻ പയ്യിന്റെ തലയും കഴുത്തും മാന്തിക്കൊടുത്തു. ഉണ്ണിക്കുട്ടനും മാന്തിക്കൊടുക്കണമെന്നുണ്ട്. പയ്യ് കുത്തിയാലോ?

ഒന്നു പരീക്ഷിച്ചു നോക്കാമെന്നു കരുതി, ഉണ്ണിക്കുട്ടൻ അടുത്തു ചെന്ന് കൈ നീട്ടാൻ ഭാവിച്ചപ്പോഴേക്കും, പയ്യ് പ്രതിഷേധത്തോടെ തല വെട്ടിത്തിരിക്കാൻ തുടങ്ങി.

ഉണ്ണിക്കുട്ടനും പേടിയായി. അവൻ മാറിനിന്നു.

കുട്ട്യേട്ടൻ പറഞ്ഞു: "നിന്നെ ചോത്രയ്ക്ക് ഇഷ്ടല്ല."

ഇഷ്ടമില്ലാത്തതുകൊണ്ടല്ല, താൻ ചെറിയ കുട്ടിയായതുകൊണ്ടാണ് ചോത്ര കുത്താൻ വരുന്നത്.

അമ്മയുടെ ഒപ്പം തൊഴുത്തിൽനിന്നു വരുമ്പോൾ, നിക്കറിന്റെ കീശയിൽ നനവുണ്ടെന്നു തോന്നി. കീശയിൽ കൈയിട്ടു നോക്കിയപ്പോൾ പപ്പായവിത്തറുകളെല്ലാംകൂടി 'ചളിപിളി'ന്നാ യിരിക്കുന്നു. ഇനിയൊന്ന് ചെരിഞ്ഞുകിടക്കുകയും ചെയ്താൽ വിത്തറുകളെല്ലാം അമർന്നു ചവി വെള്ളമൊലിക്കും. അവൻ കീശയിൽനിന്നു പപ്പായവിത്തറുകളെല്ലാമെടുത്തെറിഞ്ഞു.

അച്ഛൻ ഓഫീസ് വിട്ടു വന്നു. പതിവുപോലെ അച്ഛന്റെ കൈയിൽ ഒരു സഞ്ചിയുമുണ്ട്. സഞ്ചി അമ്മയെ ഏൽപ്പിക്കുന്നതു കണ്ടപ്പോൾ ഉണ്ണിക്കുട്ടൻ അടുത്തുചെന്നു നോക്കി.

അച്ഛൻ പറഞ്ഞു: "നിനക്കുള്ളതിന്നാ."

"എന്താദ്?"

"ന്നാ, നോക്ക്." അച്ഛൻ ഒരു പൊതി അവനു കൊടുത്തു. അവൻ സന്തോഷത്തോടെ പൊതി തുറക്കാൻ തുടങ്ങിയപ്പോഴേക്കും അമ്മിണി വന്നു.

അമ്മിണി, പൊതി അവൾക്കു വേണമെന്നും പറഞ്ഞ് ശാഠ്യം പിടിച്ചു. കൊടുക്കില്ലെന്ന് ഉണ്ണിക്കുട്ടനും.

"പൊതി ആർക്കും വേണ്ട." അച്ഛൻ പൊതി വാങ്ങി അഴിച്ച് രണ്ടു ബിസ്കേടുത്ത് അമ്മിണിക്കു കൊടുത്തു. ഒന്നു കുട്ട്യേട്ടനും കൊടുത്തു.

ഉണ്ണിക്കുട്ടൻ നിലത്ത് മലർന്നടിച്ചു കിടന്നു നിലവിളിക്കാൻ തുടങ്ങി. അച്ഛൻ പൊതി അവന്നുതന്നെ തിരിച്ചുകൊടുത്ത്, അമ്മിണിയുമായി മുകളിലേക്കു പോയി. പൊതി കിട്ടിയതോടെ ഉണ്ണിക്കുട്ടൻ കരച്ചിൽ നിർത്തി. പൊതി തുറന്ന് ബിസ്കറ്റുകൾ ഓരോന്നായെടുത്തു തിന്നാൻ തുടങ്ങി. ഇടയ്ക്കിടയ്ക്ക് ഓരോന്നു കുട്ട്യേട്ടന്നും കൊടുക്കാതിരുന്നില്ല.

അച്ഛൻ മുകളിൽ പോയി കുപ്പായമഴിച്ചിട്ട് ഒരു തോർത്തമുണ്ട് ചുമലിലിട്ട് വന്നപ്പോഴേക്കും ഉണ്ണിക്കുട്ടൻ ബിസ്കോം തിന്നുതീർത്തിരുന്നു.

"വല്ലാത്ത വയറ്!"

അച്ഛൻ ബഞ്ചിൽ വന്നിരുന്നുകൊണ്ടു പറഞ്ഞു.

ഉണ്ണിക്കുട്ടൻ അച്ഛന്റെ മടിയിൽ കയറിക്കൂടി.

അമ്മ, അച്ഛന് ചായ കൊണ്ടുവന്നു കൊടുത്തപ്പോൾ ഉണ്ണിക്കുട്ടൻ പറഞ്ഞു: "ചായ യ്ക്കും വേണം."

"ബിസ്കറ്റ്, ചായ, പഞ്ചായ, ഇനിയന്തൊക്കെയാ വേണ്ടത്?" അമ്മ ചോദിച്ചു.

"അവന്റെ ഗ്ലാസ്സ് എടുത്തുകൊണ്ടുവരൂ."

അമ്മ, അടുക്കളയിൽനിന്ന് ഉണ്ണിക്കുട്ടന്റെ ഗ്ലാസ്സ് കൊണ്ടുവന്നു. അച്ഛൻ ലേശം ചായ പകർന്നുകൊടുത്തു.

ചായയ്ക്ക് മധുരം പോര, കുടിക്കാൻ നല്ലത് പാലുതന്നെയാണ്. അച്ഛനും ഉണ്ണിക്കുട്ടനും, ചായ കുടിച്ച് ഗ്ലാസ്സ് ബെഞ്ചിന്മേൽ വെച്ചു. അമ്മ ഗ്ലാസ്സുകൾ രണ്ടുമെടുത്ത് അകത്തേക്കു പോയപ്പോൾ മുത്തശ്ശിയും അമ്മിണിയും ഉമ്മറത്തേക്കു വന്നു.

അച്ഛൻ ചോദിച്ചു: "ഇന്ന് ഉണ്ണിക്കുട്ടൻ എന്തൊക്കെ വികൃതികളാ

കാണിച്ചത്?"

"ഇന്നവനൊരിടത്തിരുന്നിട്ടില്ല. തൊടീലും തൊഴുത്തിലും കിണറ്റിൻ കരേലുമൊക്കെയായി നടക്കലായിരുന്നു." മുത്തശ്ശിയാണ് പറഞ്ഞത്.

"അത്യോ, മോനേ?"

ഉണ്ണിക്കുട്ടൻ സമാധാനമൊന്നും പറയാതെ കൈവിരലുകൾ പൊട്ടിക്കാൻ ശ്രമിച്ചു. അച്ഛൻ എഴുന്നേറ്റ് അവനെ തലയിലെടുത്തുവെച്ചു.

അപ്പോൾ ഉണ്ണിക്കുട്ടന് മേപ്പടിയിലിരിക്കുന്ന സാധനങ്ങളെല്ലാം കാണാമായിരുന്നു. പതിനാലാം നമ്പ്ര് വിളക്കിന്റെ കമ്പിയും മുത്തച്ഛന്റെ പട്ടീസും തൊടാം. ചുമരിൽ തൂക്കിയിരിക്കുന്ന ഫോട്ടോകളെല്ലാം തൊടാം. അവനതെല്ലാം തൊടുകയും ചെയ്തു.

മേപ്പടിയിലെന്തൊക്കെയാണെന്ന് അവൻ സമൂക്ഷിച്ചുനോക്കി. കുരുത്തോല്പ്പന്തു മാത്രമേയുണ്ടാകയുള്ളൂവെന്നാണ് വിചാരിച്ചത്. നോക്കി യപ്പോൾ എന്തെല്ലാം സാധനങ്ങളാണിരിക്കുന്നത്!

ഒരു കാലിസിഗരറ്റുപെട്ടി, മുത്ത്ഛന്റെ കണ്ണടക്കൂട്, പാറക്കഷണം, സ്റ്റേറ്റപെൻസിലിന്റെ പൊട്ടുകൾ.

അവൻ ഓരോ സാധനങ്ങളും എടുത്തുനോക്കി. മുത്തച്ഛന്റെ കണ്ണടക്കൂട് എടുത്തപ്പോൾ അച്ഛൻ പറഞ്ഞു:

"അതു മാത്രം തൊടണ്ട്."

അവനത് അവിടെത്തന്നെ വെച്ചു. സിരഗറ്റിന്റെ പെട്ടി നിക്കറിന്റെ പോക്കറ്റിലിട്ടു.

"പോരേ?"

അച്ഛൻ അവനെ ബെഞ്ചിന്മേൽ വെച്ചു.

ഉണ്ണിക്കുട്ടനെ ഇറക്കിവയ്ക്കാൻ കാത്തുനിൽക്കുകയായിരുന്നു അമ്മിണി. അവനെ ഇറക്കിവെച്ചപ്പോൾ അവൾ അടുത്തു ചെന്നു. അച്ഛൻ അവളെ രണ്ടു കൈകളിയുമായി മലർത്തിക്കിടത്തിയാട്ടി ക്കൊണ്ടു പറഞ്ഞു: "അതാ കെടക്കണു, അതാ കെടക്കണു." അവളെ നിലത്തു വെച്ചപ്പോൾ ഉണ്ണിക്കുട്ടൻ വീണ്ടും ചെന്നു.

അച്ഛൻ പറഞ്ഞു: "ഇനി അച്ഛനു വയ്യ."

ഉണ്ണിക്കുട്ടൻ നിക്കറിന്റെ കീശയിൽനിന്ന് സിഗരറ്റുപെട്ടിയെടുത്തു. സിഗരറ്റുപെട്ടിയുടെ പുറത്ത് നീളൻതൊപ്പി ധരിച്ച് ഒരാളുടെ ചിത്രമാണ്. സ്വപ്നത്തിൽ കണ്ട വയസ്സന്റെ തൊപ്പിയേക്കാളും നീളമുണ്ട്.

"സിഗരറ്റുപെട്ടികൊണ്ട് എന്തു കാണിക്കാനാണ്?"

സിഗരറ്റിന്റെ ഉറ വട്ടത്തിലാക്കി, നിർത്തിവെച്ച് വെടിവയ്ക്കാനറിയാം അപ്പുണ്ണിക്ക്. കുട്ട്യേട്ടനുമറിയാം.

സിരഗറ്റിന്റെ ഉറ കുട്ട്യേട്ടന്നു കൊടുത്തു. വെള്ളിക്കടലാസ്

പോക്കറ്റിലിട്ടു.
കുട്ടേട്ടൻ ഉറ നടുക്കുവെച്ച് രണ്ടായി മുറിച്ചു വട്ടത്തിലാക്കി നിലത്തു നിർത്തിവെച്ച് കാലുകൊണ്ട് ആഞ്ഞൊരു ചവിട്ടുകൊടുത്തു. പൊട്ടുന്ന ശബ്ദം കേട്ടു. അപ്പുണ്ണിയാണെങ്കിൽ, ഇതിലുമധികം ശബ്ദമുണ്ടാകുമായിരുന്നു. രണ്ടാമത്തേതിൽ ചവിട്ടിയപ്പോൾ അതു പൊട്ടിയില്ല.

അച്ഛൻ തോർത്തുമുണ്ടുടുത്ത്, കോലായിൽ വന്നിരുന്നു. അമ്മ ഒരോടത്തിൽ എണ്ണ കൊണ്ടുവന്നു വെച്ചു. അച്ഛൻ ചൂണ്ടാണിവിരൽ എണ്ണയിൽ മുക്കി നിലത്തു രണ്ടുമൂന്നു ദിക്കിലൊറ്റിച്ച് അതിനുമീതെ ഒരു വര വരഞ്ഞു. എന്നിട്ട് തലയിലും ദേഹത്തിലും കുളുർക്കെ എണ്ണതേച്ചു. ഉണ്ണിക്കുട്ടന്നും അമ്മിണിയുംകൂടി ആന കളിക്കാനൊരുങ്ങി.

ഉണ്ണിക്കുട്ടൻ കൈയും കാലും നിലത്തു കുത്തി. അമ്മിണിക്ക് അവന്റെ പുറത്തു കയറാൻ സാധിക്കുന്നില്ല.

അച്ഛൻ അമ്മിണിയെ അവന്റെ പുറത്ത് പിടിവിടാതെ കയറ്റിവെച്ചു. അവൾക്ക് കനമില്ല. അച്ഛൻ പിടിവിടാത്തതുകൊണ്ടാണ് കനമില്ലാത്തതെന്ന് അവന്റിയുന്നില്ല.

അമ്മിണി ഉണ്ണിക്കുട്ടന്റെ തലയിലും ചെവിയിലുമെല്ലാം തൊട്ടപ്പോൾ അവന് ഇക്കിളി തോന്നി. അവൻ ചിരിക്കാൻ തുടങ്ങി. അമ്മിണിയും ചിരിക്കാൻ തുടങ്ങി. ചിരിയോടു ചിരി.

“ങ്ങ്നെ ചിരിക്കേണ്ട കുട്ട്യോളെ!” മുത്തശ്ശി പറഞ്ഞു.

“ഉണ്ണിക്കുട്ടന് മാമുണ്ണണ്ടെ?” അമ്മ ഉമ്മറത്തു വന്നു ചോദിച്ചു.

ഉണ്ണിക്കുട്ടന്നും കുട്ട്യേട്ടനും ഊണുകഴിക്കാൻ അടുക്കളയിലേക്കു പോയി. ഉണ്ണിക്കുട്ടൻ കൂസൽകൂടാതെ പുതിയ പലകയിട്ട് ഉണ്ണാനിരുന്നു. നല്ല പലക. ഉയരം വേണ്ടത്രതന്നെയേയുള്ളൂ.

കുട്ട്യേട്ടൻ പറഞ്ഞു: “അതെന്റെ വലക്യാ.”

“എന്റെ വലക്യാ.”

മോരുകൂട്ടി കുഴച്ച ചോറ്റിൻകിണ്ണം ഉണ്ണിക്കുട്ടന്റെ മുമ്പിൽ വെച്ചു കൊടുത്തുകൊണ്ട് അമ്മ പറഞ്ഞു: “മിണ്ടാണ്ടിരുന്നോളിൻ.”

മുരിങ്ങേക്കൂട്ടാനും പഖായഉബേരിയുമാണ്. രണ്ടും ഉണ്ണിക്കുട്ടനിഷ്ട മാണ്. നല്ല സ്വാദ്. വാരിവാരിയുണ്ടു.

“നിയ്യ് ഉറങ്ങുമ്പോൾ പലകയെടുത്തു കിണറ്റിലിടും!” കുട്ട്യേട്ടൻ വീണ്ടും പറഞ്ഞു.

ഉണ്ണിക്കുട്ടന്നു വല്ലാതെ ദേഷ്യം വന്നു. കുറേനേരമായിരിക്കുന്നു കുട്ടേട്ടനിങ്ങനെ തുടങ്ങിയിട്ട്.

ഉണ്ണിക്കുട്ടൻ ഒരുരുള ചോറെടുത്തു കുട്ട്യേട്ടന്റെ മുഖത്തേക്കൊരേറു കൊടുത്തു.

കുട്ട്യേട്ടനും ദേഷ്യം വന്നു. കുട്ട്യേട്ടൻ പലകയെടുത്തു കൊട്ടത്തളത്തിലേക്കെറിഞ്ഞു.

ഉണ്ണിക്കുട്ടൻ നിലവിളിക്കാൻ തുടങ്ങി. അച്ഛൻ വന്നു. വിവരങ്ങളെല്ലാം മനസ്സിലാക്കി.

“ഞാൻ കുളിച്ചു വരട്ടെ. കുട്ട്യേട്ടന്റെ പൊറം ഞാൻ പൊളിക്കും.”

അതുകൊണ്ടൊന്നും ഉണ്ണിക്കുട്ടൻ കരച്ചിൽ മാറ്റിയില്ല.

അച്ഛൻ കൊട്ടത്തളത്തിൽനിന്നു പലകയെടുത്തു തുടച്ചു നിലത്തുവെച്ച് ഉണ്ണിക്കുട്ടനെ ഇരുത്തി.

“മിടുക്കൻ.”

അമ്മ അവനു ചോറുരുട്ടിക്കൊടുത്തു.

“വേഗം ഉണ്ടോ, കളംതൊഴാൻ പോണ്ടെ?”

കളംതൊഴാൻ പോകണ്ട കാര്യമോർത്തപ്പോൾ അവനു സന്തോഷം തോന്നി. വേഗം ഊണു കഴിച്ച് അവൻ ഉമ്മറത്തു വന്നു.

മുത്തച്ഛൻ വീണ്ടും പടികടന്നുപോകുന്നതു കണ്ടു. എങ്ങോട്ടാണാവോ?

“എന്തിനേ നെലോളിച്ചീർന്നത്?” മുത്തശ്ശി ചോദിച്ചു.

“ കുട്ട്യേട്ടൻ പലകയെടുത്തെറിഞ്ഞു.”

“എന്നിട്ടോ?”

“അച്ഛൻ കുളിച്ചുവന്നാൽ കുട്ട്യേട്ടന്നു തല്ലു കിട്ടും.”

കുട്ട്യേട്ടനും ഉണുകഴിഞ്ഞു ചിറി തുടച്ചുകൊണ്ട് ഉമ്മറത്തേക്കു വന്നു. കുട്ട്യേട്ടൻ സിനിമാനോട്ടീസെടുത്തു തോണിയുണ്ടാക്കി.

“വേണോ?”

വേണമെന്നോ, വേണ്ടയെന്നോ ഉണ്ണിക്കുട്ടൻ പറഞ്ഞില്ല. അറിഞ്ഞു തരികയാണെങ്കിൽ തരട്ടെ.

കുട്ട്യേട്ടൻ തോണി ഉണ്ണിക്കുട്ടനു കൊടുത്തു. നല്ല തോണി. മഴക്കാലത്താണെങ്കിൽ, ഇറാലുവെള്ളത്തിലൊഴുക്കി കാണിക്കാമായിരുന്നു.

അമ്മ മേൽ കഴുകി ഈറൻ മാറ്റാൻ തട്ടിൻപുറത്തേക്കു പോകുന്നതു കണ്ടു. തോണി പോക്കറ്റിലിട്ട് ഉണ്ണിക്കുട്ടൻ അങ്ങോട്ടു പോയി. രണ്ടു കോണികൾ കയറിവേണം തട്ടിൻപുറത്തെത്താൻ.

നേരം സന്ധ്യയാകാറായതുകൊണ്ട്, തട്ടിൻപുറത്തു നല്ലപോലെ വെളിച്ചമില്ല. നേരിയ വെളിച്ചത്തിൽ തട്ടിൻപുറത്തെ അയയിൽ ഉണങ്ങാനിട്ടിരിക്കുന്ന തുണികൾ കണ്ടു. തട്ടിൻപുറത്തെ വളകളിൽ മൂന്നാല് ഓലക്കുടകൾ വെച്ചിട്ടുണ്ട്.

ചുമരിനോടു ചേർത്തുവച്ചിരിക്കുന്ന കിറക്കൊട്ടയിലെന്തൊക്കെയാണെന്ന് ഉണ്ണിക്കുട്ടൻ നോക്കി. കാലിക്കുപ്പികൾ, പഴയ ചെരിവുകൾ, കീറിവറിഞ്ഞ വിശറികൾ,

ഇനിയുമെന്തൊക്കെയോ ഉണ്ട്.

കിറക്കൊട്ടയ്ക്കകത്തുള്ള ഭരണികളിൽ കൊണ്ടാട്ടമാണ്. അരിക്കൊണ്ടാട്ടം, ചക്കക്കൊണ്ടാട്ടം, കയ്പയ്ക്കക്കൊണ്ടാട്ടം എല്ലാമുണ്ട്.

ചക്കക്കൊണ്ടാട്ടത്തിന്റെ ഭരണിയിൽ കൈയിട്ടു മൂന്നാലെണ്ണമെടുത്തു പോക്കറ്റിലിട്ടു. പിന്നെ തിന്നാം. ഇപ്പോൾ തിന്നാൽ അമ്മ ചീത്ത പറയും.

എന്താണവിടെ ഒരു കലം? ഇത്രയും ഭരണികളുള്ളപ്പോൾ ഒരു കലം മാത്രം എങ്ങനെയാണിവിടെ വന്നത്? അവൻ കലത്തിന്റെ അടുത്തു വന്നു നോക്കി. വാകയാണ്.

കലത്തിലൊന്നു തൊട്ടപ്പോൾ ലേശം ഇളകി. കലം ശരിക്കും വെച്ചിട്ടില്ല. ചുമരിനോടു ചേർന്നിരിക്കട്ടെയെന്നു കരുതി കാലുകൊണ്ടൊരു ചവിട്ടു കൊടുത്തു. കലം രണ്ടു കഷണമായി പിളർന്നു. കലത്തിലെവാക, അപ്പുറത്തുമിപ്പുറത്തുമായിക്കിടക്കുന്ന കഷണങ്ങളുടെ നടുക്കായി.

അമ്മ ഓടിവന്ന്, അവന്റെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചുകൊണ്ടു ചോദിച്ചു: "കിട്ടണോ? അപ്പുളു പറഞ്ഞു ഇങ്ങട്ടു വരണ്ടാന്ന്."

ഉണ്ണിക്കുട്ടന്റെ മുഖം ചുകന്നു.

"അടിച്ചാലുണ്ടല്ലൊ!"

അമ്മ അവന്റെ കൈകൾ വിട്ടു. ഉണ്ണിക്കുട്ടൻ കരഞ്ഞില്ല. താനൊരു അബദ്ധം കാണിച്ചിരിക്കയാണെന്നവനു തോന്നി. കലം കാലുകൊണ്ടു ചവിട്ടരുതായിരുന്നു. മെല്ലെ നീക്കിവെച്ചാൽ മതിയായിരുന്നു. അമ്മ അവനെ ഉമ്മറത്തേക്കു കൊണ്ടുവന്നു ബഞ്ചിലിരുത്തി.

തട്ടിൻപുറത്തുനിന്നു വരുമ്പോൾ ഒരു കീറവിശറി കൊണ്ടുവരേണ്ടതായിരുന്നുവെന്ന് അവനോർത്തു. കീറവിശറിയിലെ വർണ്ണക്കടലാസ്സുകൾ അടർത്തിയെടുത്ത് എന്തെങ്കിലും കാട്ടാമായിരുന്നു.

വാകക്കലം പൊട്ടിയതുകൊണ്ട് ഒന്നും സാധിച്ചില്ല.

ഇനിയെന്തു ചെയ്യാനാണ്?

അവൻ മൂക്കിൻന്റെ ഉള്ളിൽ വിരലിട്ടുകൊണ്ടിരുന്നു.

## പതിനാല്

മുത്തച്ഛൻ കുറച്ചു കയ്പയ്ക്കയും വെണ്ടയ്ക്കയുമായി ഉമ്മറത്തു

വന്നു കയറി. ഉണ്ണിക്കുട്ടൻ മൂക്കിൽ വിരലിട്ടുകൊണ്ടു ബഞ്ചിൽ ഒതുങ്ങിയിരിക്കുന്നതു സൂക്ഷിച്ചുനോക്കിക്കൊണ്ടു ചോദിച്ചു: "എന്താ ങ്ങനെ ഇരിക്കണ്? നാമം ചൊല്ലിക്കൂടെ?"

ഉണ്ണിക്കുട്ടൻ എഴുന്നേറ്റു കൈ നീട്ടി: "അതെന്റെ കൈയിൽ തരൂ, ഞാൻ കൊണ്ടോയേക്കാം."

"വേണ്ട. നീയിതു നിലത്തിടും."

"ഇല്ല, തരൂ."

"ശരി." മുത്തച്ഛൻ കയ്പയ്ക്കയും വെണ്ടയ്ക്കയും ഉണ്ണിക്കുട്ടൻന്റെ കൈയിൽ കൊടുത്തു. അവനത് അകത്തു കൊണ്ടുപോയി വെച്ചു വന്നു. മുത്തശ്ശി കാലും മുഖവും കഴുകി ഭസ്മം തൊട്ട് ഉമ്മറത്തു വന്നു ചോദിച്ചു: "വിളക്കു കൊണ്ടരട്ടെ?"

"ഉം!" മുത്തച്ഛൻ മൂളി.

"ദീപം, ദീപം" കണ്ണടച്ചു നില്ക്കുന്ന മുത്തച്ഛൻന്റെ മുന്നിൽ മുത്തശ്ശി ദീപവുമായി വന്നു നിന്നു. മുത്തച്ഛൻ കണ്ണുകൾ തുറന്ന് വിളക്കു കണ്ടു തൊഴുതു. മുത്തശ്ശി വിളക്കിൽനിന്ന് മൂന്നു തിരികളെടുത്ത് കോലായിൽ വെച്ചു. തിരികൾ കോലായിൽ വയ്ക്കുമ്പോൾ മുത്തശ്ശി പറഞ്ഞുകൊണ്ടിരുന്നു: "എന്റെ കാർനോന്മാരേ, രക്ഷിക്കണേ; എന്റെ കാർനോന്മാരേ, രക്ഷിക്കണേ!"

മുത്തശ്ശി ദീപം കാട്ടി അകത്തേക്കു പോയപ്പോൾ ഉണ്ണിക്കുട്ടനും പിന്നാലെ പോയി. അമ്മ അടുക്കളയിൽത്തന്നെയുണ്ട്. അടുക്കളയിൽ ചെന്ന് ആകെയൊന്നു നോക്കി; കരണ്ടിയിൽനിന്നു രണ്ടുമൂന്നു കയ്പയ്ക്കക്കൊണ്ടാട്ടമെടുത്തു തിന്നു. വേറെ തിന്നാനുള്ളതൊന്നും കാണാനില്ല. ഉമ്മറത്തേക്കുതന്നെ പോകുക. അല്ലാതെന്തു ചെയ്യാനാ?

ഉമ്മറത്ത് പതിനാലാംനമ്പ്ര് വിളക്ക് കൊളുത്തിയിരിക്കുന്നു. അതു കൊളുത്തി തുക്കുന്നതു കാണാൻ സാധിച്ചില്ല. അടുക്കളയിലേക്കൊന്നു പോയപ്പോഴേക്കും മുത്തശ്ശിയതു കൊളുത്തി തുക്കിക്കഴിഞ്ഞു. മുത്തച്ഛൻ ബഞ്ചിലിരുന്നു മുറുക്കുകയാണ്.

കോലായിൽ വെച്ച തിരി കത്തുന്നില്ലേയെന്നു നോക്കി. ഉണ്ട്. ഒരു തിരി കത്തിത്തീരാറായിരിക്കുന്നു.

കീശയിൽനിന്ന് സിനിമാനോട്ടീസുകൊണ്ടുണ്ടാക്കിയ തോണിയടുത്തു തിരിയിൽ കാണിച്ചു കത്തിച്ചു. കോലായിൽ വെളിച്ചം കണ്ട് മുത്തച്ഛൻ വന്നു നോക്കിയപ്പോൾ, തോണി കത്തിച്ചാമ്പലാവുകയാണ്.

"ദേഹം പൊള്ളിക്കരുതേ."

ഉണ്ണിക്കുട്ടൻ ഞെട്ടി. അടുത്താരുമില്ല. ആരും കാണില്ലെന്നു

കരുതിയാണു തോണി കത്തിച്ചത്. തോണി കത്തിച്ചപ്പോഴേക്കും മുത്തച്ഛൻ അടുത്തെത്തിക്കഴിഞ്ഞു.

മുത്തച്ഛൻ എണ്ണ തേക്കാൻ തുടങ്ങി. മുത്തച്ഛന് അച്ഛനെപ്പോലെ ഒരോടം നിറച്ച് എണ്ണയൊന്നും വേണ്ട. കുറച്ചു മതി.

മുത്തച്ഛന്റെ തല കഷണ്ടിയാണ്; മിനുമിന്നുന്നനെയിരിക്കുന്നു.

മുത്തച്ഛൻ എണ്ണ തേക്കുകയല്ല, തിരുമ്പിപ്പിടിക്കയാണ്! ചെവിയിലെന്തിനാണ് എണ്ണ തുളിക്കുന്നത്? അച്ഛൻ ചെവിയിൽ എണ്ണ തുളിക്കുന്നതു കണ്ടിട്ടില്ല.

അച്ഛന്റെ കുളി ഇനിയും കഴിഞ്ഞില്ലേ? കിണറ്റിൻകരയിലേക്കു പോയിട്ട് എത്ര നേരമായി!

കുളികഴിഞ്ഞു വന്നാൽ കുട്ട്യേട്ടനെ തല്ലുമോ?തല്ലുമെന്നല്ലേ പറഞ്ഞിരിക്കുന്നത്?

തല്ലേണ്ടെന്നു പറയണം. പലക കൊട്ടത്തളത്തിലേക്കു വലിച്ചെറിഞ്ഞതു സാരമില്ല. പലക വലിച്ചെറിഞ്ഞശേഷം കുട്ട്യേട്ടൻതന്നെയല്ലേ തോണിയുണ്ടാക്കിത്തന്നത്.

നേരം നല്ലപോലെ സന്ധ്യയായി. പടിക്കലെ ഗേറ്റിൻന്റെ അഴികളൊന്നും കാണാനില്ല. റോഡിൻന്റെ അപ്പുറത്തുള്ള വീടുകളും മരങ്ങളും കാണാനില്ല. ആകാശചെരുവിന് പട്ടുകോണകത്തിന്റെ നിറമാണോ?

കോലായിൽ പരുങ്ങി നിലക്കുന്നതു കണ്ട് മുത്തച്ഛൻ പറഞ്ഞു:

“മിടുക്കൻ, മുത്തശ്ശിയുടെ അടുത്തിരുന്ന് നാമം ചൊല്ല്.”

അവൻ മുത്തശ്ശിയുടെ അടുത്തു ചെന്നിരുന്നു. മുത്തശ്ശിയുടെ മടിയിൽ അമ്മിണി ഉറക്കം തൂങ്ങിക്കൊണ്ടിരിക്കുന്നുണ്ട്.

മുത്തശ്ശി നാമം ചൊല്ലിക്കൊടുക്കുന്നത് ഉണ്ണിക്കുട്ടൻ ഏറ്റു പറഞ്ഞു.

“നമശ്ശിവായ
നാരായണ നമഃ
അച്യുതായ നമഃ
അനന്തായ നമഃ
അമൃതായ നമഃ
ഗോവിന്ദായ നമഃ
ഗോപാലായ നമഃ
ശ്രീകൃഷ്ണായ നമഃ
വിഷ്ണുവേ ഹരി”

വിഷ്ണറുവേ ഹരി എന്നത് വളരെ നീട്ടിയ സ്വരത്തിലാണവൻ ചൊല്ലിയത്.

അവ്യക്തമായ സ്വരത്തിൽ അമ്മിണിയും എന്തൊക്കെയോ

ചൊല്ലിക്കൊണ്ടിരുന്നു.

നമശ്ശിവായ ചൊല്ലിക്കഴിഞ്ഞശേഷം നാളുകളും തിഥികളും വഴിക്കു വഴിയേ ചൊല്ലി. അതിനുശേഷം മാസങ്ങളുടെയും ദിവസങ്ങളുടെയും പേരുകളും. എല്ലാറ്റിനുമൊടുവിൽ ഉറക്കത്തിൽ പേടിക്കാതിരിക്കാൻ അർജ്ജുനന്റെ എല്ലാ പേരുകളും ചൊല്ലി:
"അർജ്ജുനൻ ഫൽഗുനൻ പാർത്ഥൻ വിജയനും
വിശ്രുതമായ പേർ പിന്നെ കിരീടിയും
ശ്വേതാശ്വനെന്നും ധനഞ്ജയൻ ജിഷ്ണവും
ഭീതിഹരം സവ്യസാചി ബീഭത്സവും
പത്തു നാമങ്ങളും ഭക്ത്യാ ജപിക്കിലോ,
നിത്യഭയങ്ങളകന്നുപോം നിശ്ചയം."

ഇതു ചൊല്ലാൻ അവൻ ഒരു ദിവസവും മറക്കാറില്ല. ഇതു ചൊല്ലിയിട്ടില്ലെങ്കിൽ ഉറക്കത്തിൽ പേടിസ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരുമെന്നാണവന്റെ വിശ്വാസം.

മൂന്നാലു ദിവസങ്ങൾക്കുമുമ്പ് ഇതു ചൊല്ലാൻ മറന്നു. അന്ന് ഉറക്കത്തിൽ പേടിസ്വപ്നം കണ്ടു നിലവിളിച്ചു ഞെട്ടി ഉണർന്നു. ആ സ്വപ്നത്തിന്റെ ഓർമ്മ ഇപ്പോഴും മനസ്സിൽനിന്നു പോയിട്ടില്ല.

പേടിസ്വപ്നം എന്തായിരുന്നുവെന്നോ? ഓന്തുകളും പാമ്പുകളും ഇഴഞ്ഞുനടക്കുന്ന തട്ടുത്തരങ്ങളുള്ള ഒരു മുറിയിൽ കിടക്കുകയാണവൻ. അവ രണ്ടും തമ്മിൽത്തമ്മിൽ കൊത്തുകയും ചുറ്റിപ്പിണിയുകയും ചെയ്തുകൊണ്ടിരുന്നു. ഛിൽ...ഛിൽ എന്ന ചെറുശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുമുണ്ട്. ചുറ്റിപ്പിണയലുകളും ശബ്ദങ്ങൾ പുറപ്പെടുവിക്കലും മൂത്തുമൂത്ത് പാമ്പുകളും ഓന്തുകളുമെല്ലാം കൂടി അവന്റെ ദേഹത്തിലേക്കു വീണു...

നിലവിളിച്ചു ഞെട്ടിയുണർന്നു. നിലവിളി കേട്ട് അച്ഛനുമമ്മയും ഉണർന്നു.

ഉണ്ണിക്കുട്ടൻ കിതയ്ക്കുകയും വിയർക്കുകയും ചെയ്തിരുന്നു.

അന്ന് അർജ്ജുനൻ ഫൽഗുനൻ എന്ന സ്തോത്രം ചൊല്ലിയിരുന്നില്ല. അതിൽ പിന്നീട് ഒരൊറ്റ ദിവസമെങ്കിലും ചൊല്ലാതിരുന്നിട്ടില്ല. എല്ലാം ചൊല്ലിക്കഴിഞ്ഞപ്പോൾ, ഉണ്ണിക്കുട്ടൻ കോലായിലേക്കുതന്നെ വന്നു നോക്കി. തിരികൾ കത്തിത്തീർന്നിരിക്കുന്നു.

മുറ്റവും തൊടിയുമെല്ലാം ഇരുട്ടിൽ മുങ്ങിക്കിടക്കുകയാണ്.

മുറ്റത്തുള്ള ആട്ടിൻകാട്ടം, മുത്തപ്പൻതാടി, പ്ലാവിലകൾ-ഒന്നും കാണാനില്ല.

പകൽസമയത്ത് ഇടയ്ക്കിടയ്ക്കു തിണ്ടത്തു പാഞ്ഞെത്താറുള്ള ആ ഓന്ത് ഇപ്പോൾ എവിടെയായിരിക്കും. തള്ളയാടും

ആട്ടിൻകുട്ടിയും ചോത്രയും പൈക്കുട്ടിയും ഈ ഇരുട്ടിൽ എന്തുചെയ്യുകയായിരിക്കും? അവയ്ക്കു പേടി തോന്നുമോ?

എന്തിനാണിങ്ങനെ ഇരുട്ടു വരുന്നത്? ഇരുട്ടിൽ മുങ്ങിക്കിടക്കുന്ന ചുറ്റുപാടുകളിലേക്കു നോക്കുമ്പോൾ പരിഭ്രമവും വ്യസനവും തോന്നുകയാണവന്.

മുത്തച്ഛൻ എണ്ണ തിരുമ്പിപ്പിടിച്ചുകൊണ്ട് മുറ്റത്ത് ഉലാത്തുകയാണ്.

ഇങ്ങനെ ഇരുട്ടാകുന്നതിനെക്കുറിച്ച്, മുത്തച്ഛനൊന്നും തോന്നുന്നില്ലേ. ആവോ?

കിണറ്റിൻകരയിൽനിന്ന്, അച്ഛൻ കാർക്കിച്ചു തുവുന്നതിന്റെയും കുലുക്കുഴിഞ്ഞു തുപ്പുന്നതിന്റെയും ശബ്ദങ്ങൾ കേൾക്കാനുണ്ട്.

അച്ഛൻന്റെ കുളി ഇനിയും കഴിഞ്ഞിട്ടില്ലെന്നോ? ഇത്രയധികം നേരം വേണോ കുളിക്കാൻ?

മുത്തച്ഛൻ റാന്തൽവിളക്കുമായി, അമ്പലക്കുളത്തിലേക്കു കുളിക്കാൻ പോയി.

ഈ ഇരുട്ടത്ത് മുത്തച്ഛനെന്തിനാ അമ്പലക്കുളത്തിലേക്കു പോണത്? കിണറ്റിൽനിന്ന് വെള്ളം കോരി കുളിച്ചാൽ പോരേ?

റാന്തൽവിളക്കുണ്ടെന്നത്. ശരിതന്നെ. എന്നാലും വല്ല പാമ്പും വന്നു കടിച്ചാലോ?

പാമ്പു കടിച്ചാൽ, മാപ്പിള കാണിച്ചപോലെ, പാമ്പിനെപ്പിടിച്ചങ്ങോട്ടു കടിക്കാനൊന്നും മുത്തച്ഛന് ധൈര്യമുണ്ടാവില്ല. കുട്ടൻനായർക്കാണെങ്കിൽ ധൈര്യമുണ്ടായെന്നുവരും.

കുട്ടൻനായരെ എന്താണിനിയും കാണാത്തത്? ചൂട്ട് എടുക്കാതെയാണയാൾ പോയിരിക്കുന്നത്. റോഡിന്റെ ഉയരത്തിൽനിന്ന് ഒരു ലോറി താഴോട്ടിറങ്ങുന്നതിന്റെ

വെളിച്ചം ഇരുട്ടിനെ ഭേദിച്ചുകൊണ്ട് മുറ്റത്തോളം വന്നുപോയി.

ഇതുപോലുള്ള വെളിച്ചം ഒരുപാടുണ്ടായാൽ, ഇരുട്ടിനെ ഇല്ലാക്കാം.

മുത്തശ്ശി പറഞ്ഞു: " ഈ ഇരുട്ടത്ത് കോലായിൽ നിക്കണ്ട. ഇങ്ങ്ട്വാ."

ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ അടുത്തു വന്നിരുന്നു.

കുറുക്കന്മാർ ഓരിയിടുന്നതു കേട്ടപ്പോൾ അവനു വല്ലാത്ത പേടി തോന്നി.

കുറുക്കന്മാർ നായയെപ്പോലെയിരിക്കുമെന്നല്ലേ മുത്തശ്ശി പറയുന്നത്?

ഉണ്ണിക്കുട്ടൻ കുറുക്കനെ കണ്ടിട്ടില്ല. കുറുക്കനു. പകൽസമയം ഉറക്കവും രാത്രിയിൽ പണിയുമാണത്രെത. പണി കോഴികളെപ്പിടിച്ചു തിന്നുകയാണ്. കുറുക്കന് കോഴി, നെയ്യുപ്പംപോലെയാണ് ചത്താലും

കുറുക്കൻന്റെ കണ്ണ് കോഴിക്കൂട്ടിലാണെന്ന പഴഞ്ചൊല്ലിന്റെ അർത്ഥം മുത്തശ്ശി വിവരിച്ചുതന്നത് അവനോർത്തു.

കുറുക്കന്മാർ മടകളിലാണു താമസിക്കുന്നത്. രാത്രി മുഴുവൻ ഇര തേടി നടന്ന് രാവിലെ മടയിലേക്കു ചെല്ലുമ്പോൾ ഒരു പാമ്പ് പടം വിടർത്തി നിൽക്കുന്നതു കണ്ടാൽ കുറുക്കനെന്താണു ചെയ്യുക? എന്താണു ചെയ്യുക? ഒന്നും ചെയ്യാൻ സാധിക്കുന്നതിനുമുമ്പ് പാമ്പു ചാടി കൊത്തും. കുറുക്കൻ ഉടൻ വീണു ചാകും. അത്രതന്നെ!

ഉണ്ണിക്കുട്ടന് എല്ലാം കൂടി ഒരസുഖം തോന്നുകയാണ്. ഇരുട്ട്; പടം വിടർത്തിനില്ക്കുന്ന പാമ്പുകളെക്കുറിച്ചും കോഴികളെ കൊന്നു. ശാപ്പിടുന്ന കുറുക്കന്മാരെക്കുറിച്ചുമുള്ള ആലോചന. പേടിയാവുന്നു. ആലോചിക്കുമ്പോൾത്തന്നെ.

മുത്തശ്ശി ഒരു പാട്ടു പാടിയാൽ നന്നായിരുന്നു.

“മുത്തശ്ശി!” അവൻ വിളിച്ചു.

“എന്താ ഉറക്കം വര്ണുണ്ടോ? ഇന്ന് ഇത്രയും നേരായി കണ്ണിന്റെ പോള ചീമ്പീട്ടില്ലല്ലോ?”

“അതൊന്നൂല്ല.”

“പിന്നെന്താ? ”

“ഒരു പാട്ട് പാടോ?”

“പാടാം.”

മുത്തശ്ശി പാടാൻ തുടങ്ങി:

“വെള്ളപ്പൻനാട്ടിൽ വെളുത്തേടത്തില്ലത്ത്
വെള്ളാട്ടിപെറ്റൊരു വേശപ്പെണ്ണ്
കണ്ടാലും നന്നവൾ, കേട്ടാലും നന്നവൾ
ഉണ്ടായപ്പിന്നെ കുളിച്ചിട്ടില്ല
കാരിയത്തിയവൾ വിരിയത്തിയവൾ
തേടിക്കൊണ്ടുവന്ന ചീരവിത്ത്
കൊറ്റിത്തടം മാടി, കൊയല്ലാണ്ടി വേരൂന്നി
പട്ടാമ്പിമുറ്റത്തൊരു മുള്ള മുളച്ചു
എന്തു മുളയിത്, ചീരമുള
എന്തു ചീരയിത, ചെഞ്ചീര
ആരാരു നുള്ളണം ചെഞ്ചീര
അമ്മായി നുള്ളണം ചെഞ്ചീര
എങ്ങനെ നുള്ളണം ചെഞ്ചീര
രക്ഷിച്ചുന്നുള്ളണം ചെഞ്ചീര
ആരാരരിയണം ചെഞ്ചീര
അമ്മായ്യിയണം ചെഞ്ചീര
എങ്ങനരിയണം ചെഞ്ചിര

നുന്നുന്നുനെയരിയണം ചെഞ്ചീര
എങ്ങനെ വെയ്ക്കണം ചെഞ്ചീര
ഉപ്പില്ല, മുളകില്ല വെങ്കായപ്പുളിയില്ല
എങ്ങനെ വെയ്ക്കണം ചെഞ്ചീര
വടക്കോർത്ത് നിൽക്കുന്ന ചെന്തെങ്ങിൻപൂക്കുല
മേലൊരു മേല്ക്കുല കീഴൊരു കീഴ്ക്കുല
നാരായപൂക്കുലനടുവിലിളംകുല മന്നിങ്ങ
മണ്ടിക്കയറീട്ടും വെട്ടിയിറക്കീട്ടും
തട്ടിപൊളിച്ചിട്ടും കുറുകുറെ ചിരകീട്ടും
നീട്ടിയരച്ചിട്ടും ഒലക്കിയൊഴിച്ചിട്ടും
അങ്ങനെ വെയ്ക്കണം ചെഞ്ചിര
ആരാര് വെയ്ക്കണം ചെഞ്ചീര
അമ്മായി വെയ്ക്കണം ചെഞ്ചിര
ആരാരു വിളമ്പണം ചെഞ്ചീര
അമ്മായി വിളമ്പണം ചെഞ്ചീര
ആരാരു കൂട്ടണം ചെഞ്ചീര
അമ്മാവൻ കൂട്ടണം ചെഞ്ചീര."

മുത്തശ്ശി പാട്ടു പാടിത്തീർന്നപ്പോഴേക്കും അമ്മിണി കൂർക്കം വലിച്ച് ഉറങ്ങിക്കഴിഞ്ഞു.

മുത്തശ്ശി അമ്മിണിയെ മുത്തശ്ശിയുടെ മുറിയിൽ കൊണ്ടുപോയി കിടത്തി. എത്ര നല്ലൊരു പാട്ടാണ് മുത്തശ്ശിയിപ്പോൾ പാടിയത്! "അടിച്ചുമാടിയ മണൽപ്പുറത്തി' നേക്കാളും "ആ ഇറയിലിരുന്ന അരിവാളി'നേക്കാളും നല്ല പാട്ടാണ്.

അവന്റെ ഹൃദയത്തിൽനിന്ന് ഭീതിജനകമായ ആലോചനകളെല്ലാം താൽക്കാലികമായി വിട്ടുകന്നു.

"വെള്ളവൻനാട്ടിൽ വെളുത്തേടത്തില്ലത്ത്
വെള്ളാട്ടി പെറ്റൊരു വേശഷെണ്ണ്."

അവൻ ചിരിച്ചു.

എവിടെയാണ് വെള്ളപ്പൻനാട്? പാട്ടിന്റെ ഈരടികൾ അവന്റെ ഹൃദയത്തിൽ മധുരിപ്പിക്കുന്ന ഒരു ഭാവമുണ്ടാക്കിയിരിക്കയാണ്.

അച്ഛൻ കുളികഴിഞ്ഞ് ഈറൻതോർത്തിന്റെ തുമ്പു ചെവിയിലിട്ടു തിരിച്ചുകൊണ്ട് ഉമ്മറത്തേക്കു വന്ന്, തുടർച്ചയായി മൂന്നുനാലു പ്രാവശ്യം തുമ്മി. എന്നിട്ടു കസാലയിൽ മലർന്നുകിടന്നു.

അച്ഛന്റെ മടിയിൽ കയറിയിരിക്കാൻ ഇതുതന്നെയാണ് നല്ല സമയം. അമ്മിണി വന്ന് ഉപദ്രവിക്കില്ല. അവൾ ഉറങ്ങുകയാണല്ലൊ?

ഉണ്ണിക്കുട്ടൻ അച്ഛൻന്റെ മടിയിൽ കയറിയിരുന്നു.

കുട്ട്യേട്ടൻ ചെറിയൊരു റാന്തൽവിളക്കുകൂടി ബഞ്ചിൽ കൊണ്ടു

വന്നുവെച്ച് പഠിത്തമാരംഭിച്ചു. അച്ഛൻ, ഉണ്ണിക്കുട്ടന്റെ കവിളുകളിൽ തലോടിക്കൊണ്ടു ചോദിച്ചു: "നീ വല്യ വികൃതിക്കുട്ട്യാണ് അല്ലേ?"

"അല്ല."

"നീയിന്ന് പുകല തിന്നു ഛർദ്ദിച്ചില്ലെ? വെളിച്ചപ്പാടായില്ലെ? കാലിമ്പിലെങ്ങനാ മുള്ള കുത്തീത്?"

അച്ഛൻ എല്ലാം അറിഞ്ഞിരിക്കുന്നു! അമ്മ പറഞ്ഞു കൊടുത്തതാവും. ഉണ്ണിക്കുട്ടൻ അച്ഛന്റെ മുഖത്തു നോക്കി ചിരിച്ചു.

"ചിരിക്കണ്! അടുത്ത് കൊല്ലം സ്കൂളിൽ ചേർത്താൽ നല്ലോണം പഠിക്കില്ലേ?"

"ഉവ്വ്"എന്നർത്ഥത്തിൽ തലയാട്ടി

"നല്ലോണം പഠിക്കണം ട്ട്യോ?"

'നല്ലോണം പഠിക്കണം ട്ട്യോ' എന്നച്ഛൻ പറയുന്നതു കേട്ടുകൊണ്ട്. അമ്മ ഉമ്മറത്തേക്കു വന്നു.

"ഉവ്വവ്; നല്ലോണം പഠിക്കണൊരു കുട്ടി! വികൃതി കാട്ടാൻ നല്ലോണം പഠിക്കും."

"അവൻ നല്ലോണം പഠിച്ച് മിടുമിടുക്കനാവും; കണ്ടോളൂ." അച്ഛൻ പറഞ്ഞു.

അമ്മ, അതിനു സമാധാനമൊന്നും പറയാഞ്ഞപ്പോൾ അച്ഛൻ തുടർന്നു പറഞ്ഞു: "കുട്ടികൾ ഇങ്ങനെ പൊരിഞ്ഞിരിക്കണം."

"പൊരിഞ്ഞിരിക്കണം! എന്നെ പെടുത്തുന്ന പാട് എനിക്കല്ലേ അറിഞ്ഞൂട"."

"അത്യോ മോനേ; നിയ്യ് അമ്മേ ബുദ്ധിമുട്ടിക്ക്ണുണ്ടോ?"

ഉണ്ണിക്കുട്ടൻ ചിരിച്ചു.

അമ്മ കസാലയ്ക്കടുത്തു വന്നു നിന്നു. അവന്റെ കവിളിൽ ഒരുമ്മവെച്ചുകൊണ്ടു പറഞ്ഞു: "കണ്ടില്ലേ ചിരിക്കണ്!"

ഉണ്ണിക്കുട്ടനു വളരെ സന്തോഷം തോന്നി; അച്ഛന്റെ മടിയിൽ ഇഷ്ടംപോലെയിരിക്കുന്നു; അമ്മ ഉമ്മ തരുന്നു. മുത്തശ്ശിയുടെ പാട്ടിന്റെ ഈരടികൾ ചെവിക്കുള്ളിൽ ഇപ്പോഴും തങ്ങിനില്ക്കുന്നുണ്ട്.

അവൻ അക്ഷരസ്ഫുടതയില്ലാതെ മുത്തശ്ശി പാടിയ പാട്ട് താഴ്ന്ന സ്വരത്തിൽ പാടാൻ തുടങ്ങി:

"വെള്ളവൻനാട്ടിൽ വെളുത്തേടത്തില്ലത്ത്
വെള്ളാട്ടി പെറ്റൊരു വേശഷെണ്ണ്."

ഇത്രയും പാടി അവനൊന്നു നിർത്തിയപ്പോൾ അച്ഛനും അമ്മയും കുടുകുടാ ചിരിച്ചുകൊണ്ടു പറഞ്ഞു: "പിന്നെ?"

പിന്നെ അവൻ പാടുന്നില്ല.

"അമ്മ്യേടെ കുട്ട്യല്ലേ. സുന്ദരക്കുട്ടൻ പാടൂ."

ഉണ്ണിക്കുട്ടൻ തുടർന്നു പാടി:

"കണ്ടാലും നന്നവൾ, കേട്ടാലും നന്നവൾ
ഉണ്ടായപ്പിന്നെ കുളിച്ചിട്ടില്ല."

അച്ഛനുമമ്മയും പൊട്ടിപൊട്ടി ചിരിക്കാൻ തുടങ്ങിയപ്പോൾ, അവൻ പാട്ടു നിർത്തി.

മുത്തശ്ശി ഉമ്മറത്തേക്കു വന്നു. അച്ഛൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "പാട് മോനേ."

"മതി മതി. ഇനി പാടണ്ട. അതിന് "നാവോറാ"പ്പെടും." മുത്തശ്ശി പറഞ്ഞു. അമ്മ ഉണ്ണിക്കുട്ടനെ ഒരിക്കൽക്കൂടി ഉമ്മവെച്ചു.

## പതിനഞ്ച്

ഗേറ്റിനടുക്കൽ വെളിച്ചം കണ്ടുവോ എന്നു സംശയം തോന്നി. ഉണ്ണിക്കുട്ടൻ അച്ഛന്റെ മടിയിൽനിന്നെഴുന്നേറ്റു കോലായിൽ വന്നു പടിക്കലേക്കു നോക്കി. ഇല്ല; വെളിച്ചമൊന്നും കാണാനില്ല. വെറുതെ തോന്നിയതാണ്.

കുട്ടൻനായർ ഇനിയും വന്നില്ലല്ലൊ? ഇത്ര താമസിക്കാൻ തക്കവണ്ണം എങ്ങോട്ടാണയാൾ പോയിരിക്കുന്നത്? അയാൾ വന്നു. കുളിച്ചിട്ടു വേണ്ടേ, കളംതൊഴാൻ പോകാൻ?

കളംതൊഴാൻ മുത്തച്ഛനും അച്ഛനും വരുന്നില്ല. അമ്മിണിയെയും കൊണ്ടുപോകുന്നില്ല. അവൾ വന്നാൽ ശാഠ്യം പിടിച്ചു കരയും. ഇന്നാളൊരു ദിവസം കൊണ്ടുപോയപ്പോൾ അമ്മയുടെ മുണ്ടിൽ മൂത്ര മൊഴിക്കുകയും ചെയ്തു.

അമ്മിണി ഇപ്പോൾ ഉറങ്ങുകയാണല്ലൊ. അവൾ ഉറക്കമുണരുന്നതിനുമുമ്പ് കളംതൊഴുതു വേഗം മടങ്ങിവരണമെന്ന് അമ്മ പറഞ്ഞിരിക്കയാണ്. ഇനി അവൾ ഉണരുകയാണെങ്കിൽത്തന്നെ അച്ഛനും മുത്തച്ഛനുമുണ്ടല്ലോ വീട്ടിൽ.

അപ്പോൾ മുത്തച്ഛനും അച്ഛനും അമ്മിണിയുമൊഴിച്ച് ബാക്കിയുള്ളവരെല്ലാം കളംതൊഴാൻ പോകുന്നുണ്ട്. ഉണ്ണിക്കുട്ടൻ കോട്ടു വായിട്ടുകൊണ്ട് മുത്തശ്ശിയുടെ അടുത്തു വന്നിരുന്നു.

ഉറക്കം വരുന്നുണ്ടെങ്കിലും ഉറങ്ങിയാൽ പറ്റില്ലല്ലൊ. ഉറക്കം വരുമ്പോൾ പച്ചവെള്ളംകൊണ്ടു മുഖം കഴുകിയാൽ മതിയെന്നു മുത്തശ്ശി പറയാറുണ്ട്. കുറച്ചുസമയംകൂടി നോക്കട്ടെ. പിന്നെയും ഉറക്കം വരികയാണെങ്കിൽ മുഖം കഴുകണം.

കുട്ട്യേട്ടന് ഉറക്കം വരുന്നില്ല. താൻ പാട്ടുപാടിയതോ, അച്ഛനും അമ്മയും പൊട്ടിച്ചിരിച്ചതോ കുട്ട്യേട്ടനറിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

വല്ലാത്തൊരു കുട്ട്യേട്ടൻ!

പതിനാലാം നമ്പ്ര് വിളക്കിനുചുറ്റും ചെറുപ്രാണികൾ പാറിക്കളിക്കുന്നുണ്ട്-നന്നേ ചെറിയ പ്രാണികളാണ്. ചില പ്രാണികൾ ഗ്ലാസ്സിന കത്തേക്കു വീഴുന്നുമുണ്ട്.

പ്രാണികൾ പാറിക്കളിക്കുന്ന വിളക്കിന്റെ അടുത്തു വന്നു നില്ക്കാൻ ഉണ്ണിക്കുട്ടന്നു പേടിയാണ്. ഒരിക്കൽ വന്നു നിന്നപ്പോൾ ഒരു പ്രാണി ചങ്കിൽ പോയി. അപ്പോൾ വായ്ക്കകത്തു വല്ലാത്ത ദുഃസ്വാദ് തോന്നി.

ഉണ്ണിക്കുട്ടൻ വായ നല്ലപോലെ കൂട്ടി. ചെറുപ്രാണികൾ വായ്ക്കകത്തു കടന്നാലോ? വിളക്കിൽ നോക്കിക്കൊണ്ടങ്ങനെയിരിക്കുമ്പോൾ, ചെറുപ്രാണികൾ മാത്രമല്ല, പാറ്റകളും പൊടിഞ്ഞു പറക്കാൻ തുടങ്ങി. നിമിഷങ്ങൾ നീങ്ങുംതോറും പാറ്റകൾ വർദ്ധിച്ചുകൊണ്ടിരുന്നു. എല്ലാറ്റിനും പുറമെ ഒരു പച്ചപ്പയ്യും ബഞ്ചിന്മേൽ ചാടിയെത്തി. പശുക്കൾ പ്രസവിക്കാറാകുമ്പോഴാണ് പച്ചപ്പയ്യ് വരികയെന്നു മുത്തശ്ശി പറഞ്ഞു. അങ്ങനെയാണെങ്കിൽ ചെറുമൻ കുഞ്ഞാക്കന്റെ കയ്യിൽ നോക്കാനേല്പിച്ച പുള്ളിച്ചിപ്പയ്ക്ക് പ്രസവിക്കാറായിട്ടുണ്ടാകും.

ചോത്രയും കുഞ്ഞാക്കന്റെ ചാളയിൽ നിന്നാണ് പെറ്റത്. പ്രസവിച്ചതിന്റെ പിറ്റേദിവസം ചോത്രയും കുട്ടിയും വീട്ടിലേക്കു വന്ന രംഗം ഉണ്ണിക്കുട്ടനോർത്തു. പൈക്കുട്ടിയെ നെഞ്ചോടടുക്കിയെടുത്തുകൊണ്ടു കുഞ്ഞാക്കൻ മുമ്പിൽ, പരിഭ്രമിച്ച് ഓടിക്കിതച്ചുകൊണ്ടു ചോത്ര പിന്നിൽ. അങ്ങനെയാണ് തൊഴുത്തിലേക്കു വന്നത്.

കുഞ്ഞാക്കനുപോലും ചോത്ര കുത്തുമോയെന്നു ഭയമുണ്ടായിരുന്നു.

പൈക്കുട്ടിയെ തൊഴുത്തിൽ വെച്ചുകൊടുത്തപ്പോഴാണ് ചോത്ര അടങ്ങിനിന്നത്.

പുള്ളിച്ചിപ്പയ്യിനെ കൊണ്ടുവരുമ്പോഴത്തെ രംഗവും ഇങ്ങനെയൊക്കെത്തന്നെയായിരിക്കും. പച്ചപ്പയ്യ് ബഞ്ചിൽ ചാടിക്കളിക്കയാണ്.

പാറ്റകളോ? ഉമ്മറം നിറച്ചു പാറ്റുകളാണ്.

പാറ്റകൾ വർദ്ധിക്കുന്നതുകൊണ്ട് വിളക്കിന്റെ പ്രകാശത്തിനു മങ്ങൽ പറ്റുന്നുണ്ടോ?

അച്ഛൻ എഴുന്നേറ്റ് വിളക്കിന്റെ തിരി സ്വല്പമൊന്നു താഴ്ത്തി വീണ്ടും കസാലയിൽത്തന്നെ ഇരുന്നു.

പച്ചപ്പയ്യ് ചാടിച്ചാടി അച്ഛന്റെ കസാലക്കയ്യിന്മേൽ വന്നിരുന്നു. അച്ഛന്റെ ശ്രദ്ധ പാറ്റകളിലാണ്. പച്ചപ്പയ്യ് ഒരു ചാട്ടവുംകൂടി ചാടി

അച്ഛന്റെ നെറ്റിയിൽ വന്നിരുന്നു.

"ചെര!" എന്നു പറഞ്ഞുകൊണ്ട് അച്ഛനൊരു തട്ടുകൊടുത്തു. അതു മുറ്റത്തു ചെന്നു വീഴുന്ന ശബ്ദം കേട്ടു. ചത്തിരിക്കുമോ?

മുത്തച്ഛൻ കുളികഴിഞ്ഞു വന്നു. റാന്തൽവിളക്ക് ഊതിക്കെടുത്തി മുത്തശ്ശിയെ ഏല്പിച്ചു. മുത്തച്ഛന്റെ നെറ്റിയിലും നെഞ്ചത്തും ചന്ദനക്കുറിയും ചെവിക്കടിയിൽ തുളസിപ്പൂക്കളും ചെമ്പരത്തിപ്പൂക്കളുമുണ്ട്.

മുത്തച്ഛന്റെ കൈയിലെന്തോ ഉണ്ട്. എന്താണത്? ഉണ്ണിക്കുട്ടൻ ഉത്കണഠയോടെ അടുത്തേക്കു ചെന്നു.

"ഇന്നാ ഒരു സാധനം."

മുത്തച്ഛൻ അവന് ഒരു നെയ്യപ്പം കൊടുത്തു. ഒന്ന് കുട്ട്യേട്ടനും കൊടുത്തു. അമ്മിണിക്കെന്നു പറഞ്ഞ് ഒന്ന് അമ്മയുടെ കൈയിലും കൊടുത്തു.

മുത്തച്ഛൻ ഈറൻ മാറ്റാൻ അകത്തേക്കു പോയപ്പോൾ, ഇനിയും അപ്പമുണ്ടോയെന്നറിയാൻ ഉണ്ണിക്കുട്ടൻ പിന്നാലെ ചെന്നു. ഇല്ല, മുത്തച്ഛന്റെ കൈയിൽ ഇനി അപ്പമില്ല.

അമ്മിണിയുടെ അപ്പത്തിൽനിന്ന് പകുതി തരാൻ അമ്മയോടു പറയണം. അവൾക്കെന്തിനാ ഒരപ്പം മുഴുവൻ? അവൾ ചെറിയ കുട്ടിയല്ലേ? ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കുതന്നെ ഓടിവന്നു. പാറ്റകൾക്കു കുറവൊന്നുമില്ല. നിലത്ത് അങ്ങിങ്ങായി കുറേ ചത്തു കിടക്കുന്നുണ്ട്. വിളക്കിനടുത്ത ഉത്തരത്തിന്മേൽ രണ്ടു ഗൗളികളുമുണ്ടിപ്പോൾ. അവ ഇഷ്ടംപോലെ പ്രാണികളെ തിന്നുന്നു.

മുത്തച്ഛൻ ഈറൻമാറ്റി ഉമ്മറത്തേക്കു വന്ന് എന്താ വേണ്ടതെന്നാലോചിച്ച് ഒരു നിമിഷം നിന്നു. എന്നിട്ടു കമ്പിയിൽനിന്നു വിളക്കെടുത്ത് മുറ്റത്തു കൊണ്ടുപോയി വെച്ചു. അപ്പോഴേക്കും പാറ്റകൾ അവിടെയുമെത്തി.

മുറ്റത്തു വെളിച്ചം പരന്നപ്പോൾ പച്ചപ്പയ്യ് അവിടെയെങ്ങാനും ചത്തകിടക്കുന്നുണ്ടോയെന്ന് ഉണ്ണിക്കുട്ടൻ നോക്കി. കാണാനില്ല. അപ്പോൾ ചത്തിട്ടുണ്ടാവില്ല. വേറെയെങ്ങോട്ടെങ്കിലും ചാടിച്ചാടി പോയിട്ടുണ്ടാകും.

പാറ്റകളെല്ലാം മുറ്റത്തെ വിളക്കിനു ചുറ്റുമാണിപ്പോൾ. പൂമുഖത്തൊന്നുമില്ല.

മുറ്റത്തെ വെളിച്ചം തിണ്ടത്തോളം എത്തിയിട്ടുണ്ട്. പകൽസമയത്ത് തിണ്ടത്ത് ഇടയ്ക്കിടയ്ക്കു വരാറുള്ള ഓന്ത് വെളിച്ചം കാണുന്നതു കൊണ്ടു പാഞ്ഞെത്തുമോ? ഗൗളികളെപ്പോലെ ഓന്തുകളും പാറ്റകളെ തിന്നുമോ?

ഉണ്ണിക്കുട്ടൻ മുറ്റത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ മുത്തച്ഛൻ

പറഞ്ഞു: "വേണ്ട, ബഞ്ചിന്മേലിരുന്നു കണ്ടാൽ മതി."

ഉണ്ണിക്കുട്ടൻ ബഞ്ചിന്മേൽത്തന്നെ വന്നിരുന്നു. പൂമുഖത്ത് ഇരുട്ടാണ്. എല്ലാവരും ഇരുട്ടത്തിരിക്കയാണ്. മുറ്റത്താരുമില്ല.

ഉണ്ണിക്കുട്ടൻ തട്ടുത്തരങ്ങളിലേക്കു നോക്കി. ഇരുട്ടത്ത് ഒന്നും കാണാനില്ല. ഗൗളികൾ അവിടെത്തന്നെയുണ്ടാവുമോ? അവ മുറ്റത്തെ വെളിച്ചത്തിന്റെ അടുത്തേക്കുതന്നെ വരുമോ? വയറുനിറഞ്ഞുകൊണ്ടു വരികയുണ്ടാവില്ല. എത്രയെത്ര പാറ്റകളെയാണു തിന്നിരിക്കുന്നത് ഗൗളികൾ ചെറുപ്രാണികളെ തിന്നുന്നത് എല്ലാ ദിവസവും കാണാറുണ്ട്. വിളക്കുകൊളുത്തി തൂക്കുമ്പോഴേക്കും ഗൗളികൾ എത്തുകയായി.

മുറ്റത്തു വിളക്കുണ്ടെങ്കിലും തൊടിയും ഗേറ്റും റോഡിനപ്പുറത്തുള്ള വീടുകളും ഇപ്പോഴും ഇരുട്ടിൽ മുങ്ങിക്കിടക്കുകയാണ്.

തൊടിയിൽ ഇരുട്ടില്ലാതാക്കാൻ കുറേ വിളക്കുകൾ കെട്ടിത്തൂക്കിയാലെന്താ? സിനിമാതിയേറ്ററിന്റെ മുമ്പിലുള്ളതുപോലെ തൊടിയിലെല്ലാം വെളിച്ചം വേണം. അല്ലെങ്കിൽ രാത്രി പൂരത്തിനുള്ളതുപോലെ കുറെ പന്തങ്ങൾ അങ്ങിങ്ങായി കൊളുത്തിവെച്ചാലും മതി.

തൊടിയിലേക്കു നോക്കുമ്പോൾ പേടി തോന്നുകയാണ്. മതിലിന്റെ മടകളിൽ പാമ്പുകൾ ഉണ്ടാകും. നീണ്ടുനിവർന്നുകിടക്കയാവും. കുറവന്റെ കൊട്ടയിൽ ചുരുണ്ടുകിടക്കുന്നതായാണു കണ്ടത്. മടയ്ക്കുള്ളിൽ ചുരുണ്ടുകിടക്കാനുള്ള സ്ഥലം കാണുമോ? ഓന്തും ഏതെങ്കിലുമൊരു മാളത്തിൽ കിടക്കുന്നുണ്ടാവും. ഉച്ചയ്ക്ക് അമ്മിയുടെ അടിയിൽ നിന്ന് പുറത്തേക്കുവന്ന അരണയും മടയിൽ കിടക്കയാവും.

അരണയ്ക്ക് ഓന്തിനേക്കാളും ഭംഗിയുണ്ട്. അതിന്റെ വാലിന്റെ നേരിയ ഇളം ചുകപ്പുനിറം നന്ന്! കൈവിരലുകൾ പതുക്കെ ഞെക്കുമ്പോൾ ചോരനിറം കാണുന്നതുപോലെയാണത്!

അരണ കടിച്ചാൽ ഉടനെ മരണമാണത്രെ! പക്ഷേ, അരണ കടിക്കില്ല. ഒരു ശാപം കിട്ടിയതുകൊണ്ടാണത്രെ അതു കടിക്കാത്തത്. ശാപം കിട്ടാനുണ്ടായ കാരണം, കുട്ടൻനായർ പറഞ്ഞു തന്നത് ഓർമ്മയിൽ വരുന്നില്ലിപ്പോൾ.

ചേരയും കടിക്കില്ലത്രെ. വല്ലാതെ ബുദ്ധിമുട്ടിച്ചാൽ മാത്രം കടിച്ചെന്നുവരാം. കടിച്ചാലും വിഷമില്ല.

മുത്തച്ഛൻ എഴുന്നേറ്റ് ഉമ്മറക്കോലായുടെ വളയിൽ പിടിച്ചു മുന്നോട്ടാഞ്ഞുനിന്നു. കുട്ട്യേട്ടൻ മുറ്റത്തെ വിളക്കിന്റെ അടുത്തേക്കു ചെന്നു. ബാക്കിയുള്ളവരെല്ലാം ഇരുട്ടത്തുതന്നെയാണിരിക്കുന്നത്.

റോഡിലെ അന്ധകാരത്തിൽകൂടെ ഇടയ്ക്കിടെ വെളിച്ചം വിതറിക്കൊണ്ടു വാഹനങ്ങൾ പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. അധികവും ലോറികളാണ്. ലോറിയുടെ ചക്രത്തിനടയിൽപ്പെട്ടാൽ എത്ര വലിയ പാമ്പാണെങ്കിലും ചതഞ്ഞരഞ്ഞുപോകും. ഉണ്ണിക്കുട്ടൻ, ചതഞ്ഞരഞ്ഞു കിടക്കുന്ന പാമ്പുകൾ റോഡിൽ കിടക്കുന്നതു പലപ്പോഴും കണ്ടിട്ടുണ്ട്. ഇന്ന് മോരു വാങ്ങാൻ പോകുമ്പോൾ, ഇടവഴിയിൽ കണ്ട പാമ്പ് ലോറിക്കടിയിൽപെട്ടു ചതഞ്ഞതായിരിക്കും. ആ പാമ്പിനെ കൊത്തിത്തിന്ന കാക്കകളെല്ലാം അവയുടെ കൂടുകളിൽ അനങ്ങാതിരിക്കയാവുമിപ്പോൾ. ഓടം കൊത്തിക്കൊണ്ടുപോയ ആ കള്ളക്കാക്കയും ഏതെങ്കിലുമൊരു മരത്തിന്മേൽ കാണും. ആ കള്ളക്കാക്കയെക്കുറിച്ചോർത്തപ്പോൾ ഉണ്ണിക്കുട്ടന്നു കലശലായ ദേഷ്യം തോന്നി.

തൊടിയിലെ വാഴക്കൂട്ടങ്ങളിൽ മിന്നാമിനുങ്ങിന്റെ വെളിച്ചം കാണുന്നുണ്ട്. നന്നേ ചെറിയൊരു പ്രാണിയാണ് മിന്നാമിനുങ്ങ്. കുട്ടൻ നായർ ഒരിക്കൽ ഒരു മിന്നാമിനുങ്ങിനെ പിടിച്ചു കാണിച്ചു തരികയുണ്ടായി. മിന്നാമിനുങ്ങിന്റെ മൂട്ടിൽനിന്നാണ് വെളിച്ചം വരുന്നത്.

ഇത്രയും ചെറിയൊരു രാണിയിൽനിന്ന് ഇത്രയും നല്ല വെളിച്ചമോ? അത്ഭുതം തോന്നി.

കുട്ടൻനായരെ ഇനിയും കാണാനില്ലല്ലോ? ഇനി അയാൾ വന്നു കുളിച്ചൊരുങ്ങുന്നതെപ്പോഴാണ്?

കുട്ടൻനായരെക്കുറിച്ചിങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ ചൂട്ടുമായി ഗേറ്റു തുറന്നു വരുന്നതു കണ്ടു.

ആരായിരിക്കും? കുട്ടൻനായരാണോ? ആള് മുറ്റത്തെത്തിയപ്പോൾ, കുട്ടൻനായരല്ലെന്നു മനസ്സിലായി. മത്തായിച്ചേട്ടനാണ്.

മത്തായിച്ചേട്ടൻ മുത്തച്ഛനെ കാണാൻ ഇടയ്ക്കിടയ്ക്കു വീട്ടിൽ വരും. വന്നാൽ, പാറുക്കുട്ടിയമ്മയെപ്പോലെയാണ്. എത്ര സംസാരിച്ചാലും തീരില്ല, മതിയാവില്ല. മുറുക്കലിന്റെ കാര്യത്തിലും മോശമില്ല. എല്ലാം കഴിഞ്ഞു പോകുമ്പോൾ, പാറുക്കുട്ടിയമ്മയെപ്പോലെ ചേമ്പിന്റെ തണ്ട് അരിഞ്ഞുകൊണ്ടുപോവില്ലെന്നുമാത്രം.

മത്തായിച്ചേട്ടൻ മുറ്റത്തുവന്ന് ചൂട്ടു കുത്തിക്കെടുത്താൻ തുടങ്ങിയപ്പോൾ മുത്തച്ഛൻ പറഞ്ഞു: “ചൂട്ടു കുത്തിക്കെടുത്തേണ്ട. മുറ്റത്തു കിടന്നു കത്തിത്തീർന്നോട്ടെ. പോകുമ്പോഴും വേറെ ചൂട്ടു തരാം.” മത്തായിച്ചേട്ടൻ ചൂട്ടു മുറ്റത്തിട്ടു.

മുത്തച്ഛൻ വിളക്കിന്റെ തിരി താഴ്ത്തി. പെട്ടെന്നു പാറ്റകളെല്ലാം ചുട്ടിന്റെ വെളിച്ചത്തിനു ചുറ്റും പാറിപ്പറക്കുകയായി. മുത്തച്ഛൻ ആശ്വാസത്തോടെ വിളക്കു കൊണ്ടുവന്ന് ഉമ്മറത്തെ കമ്പിയിൽത്തന്നെ തൂക്കി.

മത്തായിച്ചേട്ടൻ ഉമ്മറത്തെ ബഞ്ചിൽ വന്നിരുന്നു. ഉണ്ണിക്കുട്ടന് ഉത്സാഹം തോന്നി. ഇനി കുറച്ചുനേരം മത്തായിച്ചേട്ടന്റെ സംസാരം കേൾക്കാമല്ലൊ!

മത്തായിച്ചേട്ടന്റെ കഴുത്തിലെ വെന്തിങ്ങയിലും നെറ്റിയിലെ കലയിലും ഉണ്ണിക്കുട്ടൻ മാറിമാറി നോക്കിക്കൊണ്ടിരുന്നു. നെറ്റിയിലെ കല കണ്ടാൽ ഒരു ഗൗളി പറ്റിപ്പിടിച്ചു കിടക്കയാണെന്നാണു തോന്നുക.

മത്തായിച്ചേട്ടൻ സംസാരിക്കാൻ തുടങ്ങിയപ്പോഴേക്കും മുത്തശ്ശി ചെല്ലം കൊണ്ടുവന്നു മുമ്പിൽ വച്ചു.

മത്തായിച്ചേട്ടനും മുത്തച്ഛനും മുഖത്തോടുമുഖമായിരുന്നു മുറുക്കാൻ തുടങ്ങി.

ഇടുപ്പിൽ തിരുകിയ കത്തിയെടുത്തുകൊണ്ടാണ് മത്തായിച്ചേട്ടൻ അടയ്ക്ക് വെട്ടിയത്. എന്നിട്ടു കത്തികൊണ്ടുതന്നെ കുറച്ചുനേരം പുറം ചൊറിഞ്ഞു.

നല്ല മൂർച്ചയായിരിക്കും മത്തായിച്ചേട്ടന്റെ കത്തിക്ക്! ഇത്ര മൂർച്ചയും നീളവുമുള്ള കത്തി വീട്ടിലില്ല. ഈ കത്തികൊണ്ട് ഉണ്ണിപ്പിണ്ടി വെട്ടിനുറുക്കുന്നതു കാണാൻ നല്ല സുഖമായിരിക്കും. ഹലുവ മുറിക്കുന്നതു കാണാനും അങ്ങനെതന്നെയായിരിക്കും. കുട്ട്യേട്ടൻ മുറ്റത്തിറങ്ങി ചൂട്ടെടുത്ത് കുറച്ചപ്പുറത്തേക്കു വെച്ചു. അച്ഛൻ പറഞ്ഞു: “വേണ്ടെടോ.”

അച്ഛൻ കസാലയിൽനിന്നെഴുന്നേറ്റ് മുറ്റത്തു വന്ന് ഉലാത്തുവാൻ തുടങ്ങി.

ഉണ്ണിക്കുട്ടനും മുറ്റത്തിറങ്ങി നിന്നു. ചൂട്ടു കത്തിത്തീരാറായിരിക്കുന്നു. ഓലച്ചൂട്ടായതുകൊണ്ടാണ് ഇത്ര വേഗം കത്തിത്തീരുന്നത്. അരിവച്ചുട്ട് ഇത്രവേഗം കത്തിത്തീരില്ല.

കുട്ട്യേട്ടൻ തിണ്ടത്തു കയറിയിരുന്നു. ഉണ്ണിക്കുട്ടനും കുട്ട്യേട്ടന്റെ അടുത്തേക്കു വന്നു. മത്തായിച്ചേട്ടന്റെ സംസാരം ഇവിടെ നിന്നാലും കേൾക്കാം. മുഖഭാവങ്ങളും ആംഗ്യങ്ങളും കാണാൻ സാധിക്കില്ല.

മത്തായിച്ചേട്ടൻ തുപ്പാനായി മുറ്റത്തേക്കിറങ്ങമ്പോൾ ഒരു വീഴ്ചയിൽനിന്നു രക്ഷപ്പെട്ട രംഗം കണ്ട് ഉണ്ണിക്കുട്ടൻ ചിരിച്ചു. താഴത്ത് ഒതുക്കിൻകല്ലുണ്ടാകുമെന്നു കരുതി കോലായിൽനിന്നു കാലെടുത്തുവെച്ച സ്ഥലത്ത് ഒതുക്കിൻകല്ല് ഇല്ലാതിരുന്നതുകൊണ്ടാണ് വീഴാൻ ഭാവിച്ചത്!

മത്തായിച്ചേട്ടൻ തുപ്പിപോയശേഷവും ഉണ്ണിക്കുട്ടൻ ചിരിച്ചു.

കുട്ടൻനായർ ഇരുട്ടിൽനിന്നു മുറ്റത്തേക്കു വന്നു. ഉണ്ണിക്കുട്ടൻ സന്തോഷത്തോടെ തുള്ളിച്ചാടി.

കുട്ടൻനായർ അവനെ വന്നെടുത്ത് ഉമ്മവച്ചു. അവൻ കുട്ടൻ നായരുടെ കവിളുകളിൽ കൈകൾകൊണ്ടു തടവി.

കുട്ടൻനായർ ചോദിച്ചു: "എന്താ കൈയിലൊരു വാസന? നെയ്യപ്പം തിന്ന്യോ?"

"ഉവ്വ്."

"ആരേ തന്നത്?"

"മുത്തച്ഛൻ."

"കുട്ടൻനായർക്കില്ലേ?"

"ഇല്ല. ഒക്കെ തിന്നു."

ഒന്നു നിർത്തി, വേറെന്തോ ഓർത്തിട്ടെന്നപോലെ അവൻ പറഞ്ഞു: "അമ്മിണിയുടേത് അമ്മേടെ കയ്യിലുണ്ട്."

മത്തായിച്ചേട്ടൻ പോകാനായി മുറ്റത്തേക്കിറങ്ങി. മുത്തച്ഛൻ അടുക്കളക്കോലായിൽനിന്നു നല്ലൊരു അരിവച്ചുട്ടെടുത്തുകൊണ്ടു വന്നു കൊടുത്തു. മത്തായിച്ചേട്ടൻ കത്തിത്തീരാറായ ചൂട്ടിൽനിന്ന് അരിപ്പച്ചൂട്ടു കത്തിച്ചു.

"കുഞ്ഞേ, മത്തായിച്ചേട്ടൻ പോകട്ടെ?" മത്തായിച്ചേട്ടൻ ഉണ്ണിക്കുട്ടനോടു ചോദിച്ചുകൊണ്ട് ചൂട്ടു മിന്നിച്ചു മുമ്പോട്ടു നടന്നു.

അച്ഛൻ കുട്ടൻനായരോടു ചോദിച്ചു: "കുട്ടൻനായരുടെ കുളി കഴിഞ്ഞില്ല്യേ?"

"ഉവ്വ്."

ഉണ്ണിക്കുട്ടൻ കുട്ടൻനായരുടെ മുഖത്തു സൂക്ഷിച്ചുനോക്കി. നെറ്റിയിൽ ചന്ദനക്കുറിയുണ്ട്. ചെവിക്കിടയിൽ പൂക്കളുണ്ടോയെന്നു തടവി നോക്കി. ഇല്ല. പൂക്കളില്ല.

ഉണ്ണിക്കുട്ടനെ നിലത്തുവെച്ച് കുട്ടൻനായർ കിണറ്റിൻകരയിലേക്കു പോയി. മത്തായിച്ചേട്ടന്റെ ഓലച്ചൂട്ടു മുഴുവനും കത്തിത്തീർന്നിരിക്കുന്നുവെങ്കിലും ചുറ്റുപാടുകളിൽ മുമ്പത്തെപ്പോലെ ഇരുട്ടില്ല. തൊടിയിലെ മരങ്ങൾ കുറേശ്ശെ കാണാമിപ്പോൾ.

ഉണ്ണിക്കുട്ടൻ ആകാശത്തിലേക്കു നോക്കി; മഞ്ഞനിറത്തിലുള്ള വലിയൊരു ലോസഞ്ചർപോലെ അമ്പിളിയമ്മാമൻ ആകാശത്തിലുണ്ട്.

# പതിനാറ്

മത്തായിച്ചേട്ടൻ പോയപ്പോൾ മുത്തച്ഛനും അച്ഛനും ഊണു കഴിക്കാനായി അടുക്കളത്തളത്തിലേക്കു പോയി. അവർ കളംതൊഴാൻ വരുന്നില്ലല്ലോ. കളംതൊഴാൻ പോകുന്നവർ കളംതൊഴുതു വന്ന ശേഷമാണുണ്ണുക.

മുത്തശ്ശി ഉമ്മറത്തെ വിളക്കിന്റെ തിരി താഴ്ത്താൻ തുടങ്ങിയപ്പോൾ കുട്ടൻനായർ പറഞ്ഞു: "ഞാനുണ്ടിവിടെ." മുത്തശ്ശി തിരിതാഴ്ത്താതെ അടുക്കളത്തളത്തിലേക്കു പോയി.

ഉണ്ണിക്കുട്ടൻ ബഞ്ചിൽ വന്നിരുന്നു. കുട്ട്യേട്ടനും ബഞ്ചിലുണ്ട്. കുട്ടൻനായർ ചുമരുചാരി കാലും നീട്ടിയിരിക്കയാണ്.

ഉണ്ണിക്കുട്ടൻ സാധാരണയായി രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പ് കുറച്ചുനേരം കുട്ടൻനായരുടെ അടുത്തു കിടക്കും. ചിലപ്പോഴയാൾ താഴ്ന്ന സ്വരത്തിൽ അയ്യപ്പൻപാട്ടു പാടും.

ഇന്നു കളം തൊഴാൻ പോകുന്നതുകൊണ്ട് കുട്ടൻനായർ ഇതുവരെയും ഊണു കഴിച്ചിട്ടില്ല. കളംതൊഴുതു വന്ന് ഊണുകഴിച്ച് മുറുക്കി പായയും തലയണയും വിരിപ്പുമെല്ലാം കുടഞ്ഞു വിരിക്കുമ്പോഴേക്കും സമയം കുറെ വൈകും. ഇന്നിനി അയാളുടെ പായയിൽ കിടക്കാനോ അയപ്പൻപാട്ടു കേൾക്കാനോ സാധിക്കുമെന്നു തോന്നുന്നില്ല.

ഉണ്ണിക്കുട്ടൻ കുട്ടൻനായരുടെ മടിയിൽ തലവെച്ചു കിടന്നു. വിളക്കിനുചുറ്റും പ്രാണികളൊന്നും പാറിക്കളിക്കുന്നില്ല. തട്ടുത്തരത്തിൽ ഗൗളികളുമില്ല.

ഒരു വണ്ട് മൂളിക്കൊണ്ട് ഉമ്മറത്തേക്കു വന്നു വട്ടം ചുറ്റി പറക്കാൻ തുടങ്ങി. എന്തൊരു ശക്തിയിലാണു പറക്കുന്നത്!

കുട്ട്യേട്ടൻ മെല്ലെ പാടി:

"കരിവണ്ടേ കരിവണ്ടേ കനിവില്ലാത്തോൻ നീ വണ്ടേ."

കുട്ടൻനായർ പറഞ്ഞു: "ആ കനിവില്ലാത്ത വണ്ടുതന്നെയാണിവൻ."

വണ്ട് കുറേനേരം പാറിപ്പറന്നശേഷം മുത്തച്ഛൻന്റെ പട്ടീസിന്റെനാടയിൽ ചെന്നിരുന്നു. കുട്ടൻനായർ എഴുന്നേറ്റ് അതിനെ ഒരു തട്ടുവച്ചു കൊടുത്തു. വണ്ടു നിലത്തു മലർന്നടിച്ചു വീണു നീന്താൻ തുടങ്ങി അതിനു കവിഴാൻ സാധിക്കുന്നില്ല. കവിഴാൻ കഴിഞ്ഞാലല്ലേ വീണ്ടും പറക്കാൻ സാധിക്കൂ. കുട്ടൻനായർ അതിനെ കൈയിലെടുത്ത് തൊടിയിലേക്കൊരേറുകൊടുത്തു.

ഉണ്ണിക്കുട്ടൻ കുട്ടൻനായർ എറിഞ്ഞ ഭാഗത്തേക്കു നോക്കി. വല്ല

കല്ലിലുമാണു ചെന്നു വീണിട്ടുള്ളതെങ്കിൽ ചത്തുകാണും. ചമ്മലപ്പുറത്തോ, വൈക്കോൽക്കുണ്ടയിലോ ആണെങ്കിൽ ഒന്നും പറ്റിയിരിക്കില്ല.

ഇപ്പോൾ തൊടിയിലെ മരങ്ങളും ഗേറ്റിന്റെ അഴികളും ശരിക്കു കാണാം.

ഇരുട്ടു നീങ്ങി നേരിയ നിലാവു പരന്നിരിക്കയാണെങ്ങും.

മുത്തച്ഛൻ അകത്തുനിന്നു വിളിച്ചപ്പോൾ ഉണ്ണിക്കുട്ടൻ ഓടിച്ചെന്നു.

“മാമുണ്ണണോ?”

“ഒരുരുള,”

“ഊം ഊം.”

മുത്തശ്ശി പറഞ്ഞു: “വയറ്റിൽ സ്ഥലം ഉണ്ടെങ്കിലല്ലേ ഉണ്ണാൻ വയ്ക്കൂ.”

മുത്തശ്ശി പറഞ്ഞുതീരുന്നതിനുമുമ്പ് അമ്മ തുടങ്ങി: “പകലുണ്ടു, ഇപ്പോൾ നെയ്യപ്പം തിന്നു. കൊണ്ടാട്ടം തിന്നതിനു കണക്കില്ല.”

അച്ഛൻ അവനെ വിളിച്ച് ഇടതുഭാഗത്തു നിർത്തിക്കൊണ്ടു ചോദിച്ചു: “ഇല്ലേ മോനേ, നിന്റെ വയറ്റിൽ സ്ഥലം ഇല്യേ?”

ഉണ്ണിക്കുട്ടൻ ഒന്നും മിണ്ടാതെ നിന്നു. അമ്മ അച്ഛനും മുത്തച്ഛനും രണ്ടാംചോറും കൊണ്ടുവന്നു വിളമ്പി. അവർ മോര് കൂട്ടിക്കുഴച്ചുണ്ണാൻ തുടങ്ങി.

കുട്ട്യേട്ടൻ പെട്ടെന്നോടിവന്ന് ഗ്ലാസ്സിൽ ശേഷിച്ചിരുന്ന മോരെടുത്തു കുടിച്ച് ഗ്ലാസ്സ് അവിടെത്തന്നെ വെച്ചു ചിറി തുടച്ചു മാറിനിന്നു.

ഉണ്ണിക്കുട്ടന് പച്ചമോര് കുടിക്കുന്നതിഷ്ടമില്ല. നാരകത്തിന്റെ ഇല തിരുമ്മിച്ചേർത്ത മോരാണ് അവനിഷ്ടം.

അച്ഛനും മുത്തച്ഛനും ഉണ്ണുന്നതു നോക്കിക്കൊണ്ടു നിന്നു. മുത്തച്ഛന്റെ ഉരുളയാണു വലുത്. പക്ഷേ, ആശാരി വേലു. ഉരുട്ടുന്ന ഉരുള മുത്തച്ഛന്റേതിനേക്കാൾ വലുതാണ്. ആശാരി വേലുവിന്റെ ഊണു കാണാൻതന്നെയാണു സുഖം. ഒരൊറ്റ വറ്റുപോലും ഇലയ്ക്കു പുറത്തുപോവില്ല. മുത്തച്ഛന്റെ ഇടത്തുഭാഗത്തു വെച്ചിരിക്കുന്ന ജീരകവെള്ളഗ്ലാസ്സിലേക്ക് അവൻ നോക്കി. ഗ്ലാസ്സിന്റെ അടിയിൽ ജീരക മണികൾ കിടക്കുന്നുണ്ട്.

അവൻ അടുത്തു വന്നു ഗ്ലാതെസ്സാന്നു തൊട്ടു. മുത്തച്ഛൻ ചോദിച്ചു: “വേണോ?”

“ഉം.”

“കുടിച്ചോ.”

ഉണ്ണിക്കുട്ടൻ ഗ്ലാസ്സിലെ പകുതി ജീരകവെള്ളം കുടിച്ച് ഗ്ലാസ്സ് അവിടെത്തന്നെ വെച്ചു.

“മാമു വേണ്ടെങ്കിൽ കുട്ടൻനായര്ടെ അടുത്ത് പോയിരുന്നോ?”

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു പോവാൻ ഭാവിച്ചപ്പോൾ കുട്ട്യേട്ടൻ മുമ്പിൽ നടന്നുകൊണ്ടു ചോദിച്ചു: "ആരാ ഉമ്മറത്താദ്യമെത്താ?" ചോദിച്ചുതീരുന്നതിനുമുമ്പ്, രണ്ടാളും കൂടി ഓടി.

കുട്ട്യേട്ടനാണ് ഉമ്മറത്താദ്യമെത്തിയത്.

കുട്ടൻനായർ തോർത്തുമുണ്ടിന്റെ തുമ്പ് തിരിപോലെയാക്കി, മൂക്കിനുള്ളിൽ കയറ്റി തുമ്മാനുള്ള ശ്രമമാണ്. ആദ്യം കയറ്റി, രണ്ടാമത്തേതു കയറ്റി, മൂന്നാമതു കയറ്റി.

നാലാമത്തേതിനാണ് തുമ്മിയത്. "അഹ്... ഹേ, അഹ്ഹേ അഹ്... ഹേ! തുമ്മിത്തീർന്നശേഷം, കുട്ടൻനായർ മൂക്കുചീറ്റിക്കറന്ന്, തൃപ്തിയായപോലെ അമർന്നിരുന്നു.

ഉണ്ണിക്കുട്ടൻ രണ്ടു കൈപ്പത്തികളും നിലത്ത് കമഴ്ത്തി വെച്ചു കൊണ്ടു ചോദിച്ചു:

"കുട്ടൻനായരെ, അക്കുത്തിക്കുത്താക്കോ?"

കുട്ട്യേട്ടനും രണ്ടു കൈപ്പത്തികളും നിലത്ത് കമഴ്ത്തിവെച്ചു കൊണ്ടു ചോദിച്ചു:

"കുട്ടൻനായർ മുഷ്ടി ചുരുട്ടി അവരുടെ കൈകളിൽ പതുക്കെ കുത്തിക്കൊണ്ടു പറഞ്ഞുതുടങ്ങി: "അക്കുത്തിക്കുത്താന പെരുങ്കുത്ത് -ത്തള്ളിലോലാം മൂവ്വാങ്കൊത്തിക്കണ്ണിലോലാം കേക്കാണോം." "ക്കാണാം" എന്നു പറഞ്ഞു കുത്തുന്ന കൈപ്പത്തിക്കാരൻ, കൈപ്പത്തി മലർത്തിവെക്കണം. "അക്കുത്തിക്കുത്താന പെരുങ്കുത്ത്-ത്തള്ളിലോലാം മൂവ്വാങ്കൊത്തിക്കണ്ണിലോലാം ക്കോണോം." മുത്തച്ഛനും അച്ഛനും ഊണുകഴിഞ്ഞ് ഉമ്മറത്തേക്കു വന്നു. കുട്ടൻനായർ എഴുന്നേറ്റപ്പോൾ ഉണ്ണിക്കുട്ടൻ പറഞ്ഞു: "ഞ്ഞീം."

"ഇനി കളംതൊഴുതു വന്നിട്ട്."

കുട്ടൻനായർ വെറുതെ അടുക്കളത്തളത്തിലേക്കു ചെന്നു. ഒപ്പം ഉണ്ണിക്കുട്ടനുമുണ്ട്. മഞ്ചപ്പത്തായത്തിന്റെ താഴെയുള്ള ഉരുളിയിലേക്ക് അവൻ നോക്കിയപ്പോൾ അമ്മ ചിരിച്ചു. മുത്തശ്ശിയും ചിരിച്ചു. അവരുടെ ചിരിയുടെ അർത്ഥം ഉണ്ണിക്കുട്ടന്നു മനസ്സിലായി. ഉരുളിയിലേക്കു നോക്കേണ്ടിയിരുന്നില്ലെന്ന് അവനു തോന്നി.

"പൊകല കൂട്ടിയൊന്നു മുറക്കണോ?" മുത്തശ്ശി വിടാനുള്ള ഭാവമല്ല. കുട്ടൻനായർക്കു സംഗതി മനസ്സിലായിട്ടില്ലെന്നു മനസ്സിലാക്കിയ മുത്തശ്ശി എല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

കുട്ടൻനായരും പൊട്ടിച്ചിരിച്ചു.

എന്താണിത്ര ചിരിക്കാനുള്ളത്?

അമ്മ തമാശയോടെ പറഞ്ഞു: "കുട്ടൻനാരറിഞ്ഞോ, ഉണ്ണിക്കുട്ടൻ കളംതൊഴാൻ ഇല്ലത്രെ."

"ഉം ഉം ഞാനും പോരും." ഉണ്ണിക്കുട്ടൻ ഉറച്ച സ്വരത്തിൽ പറഞ്ഞു.

"നിന്നെ വേറൊരീസം കൊണ്ടോവാം."

"ഞാൻ ഇന്നന്നെ പോരും."

ഉണ്ണിക്കുട്ടന്റെ മുഖം തുടുത്തു ചെറുതാവുന്നതുപോലെ തോന്നിയ അമ്മ പറഞ്ഞു:

"കുട്ടിനെ അമ്മ കൊണ്ടോവാം, ട്ടോ?"

മുത്തശ്ശിയുടെ മുറിയിൽ, അമ്മിണി ഉണർന്നു നിലവിളിക്കാൻ തുടങ്ങി. "അതെന്ത്യേ പറഞ്ഞത്." അമ്മ ഓടിപ്പോയി അവളെ എടുത്തു കൊണ്ട് ഉമ്മറത്തേക്കു ചെന്ന് അച്ഛന്റെ കയ്യിൽ കൊടുത്തു. അച്ഛനവളെ മാറത്തു കിടത്തി കസാലയിൽ കിടന്നു.

ഇതിനുള്ളിൽ ഉണ്ണിക്കുട്ടനും ഉമ്മറത്തേക്കോടിയെത്തിയിരുന്നു. അവൻ അമ്മിണിയുടെ പാദസരത്തിൽ പതുക്കെ ഒന്നു തൊട്ടുനോക്കി. അവളൊന്നും ചെയ്തില്ല. എന്താണൊന്നും ചെയ്യാത്തതെന്നാലോചിക്കാൻ തുടങ്ങിയപ്പോഴേക്കും അവൾ കൂർക്കംവലിക്കുന്ന ശബ്ദം കേട്ടു. പിന്നെയും ഉറങ്ങിയോ? നന്നായി, ഇനി കളംതൊഴാൻ പോകുന്ന സമയത്ത് ഉണരുകയില്ല. അതോ ഉണരുമോ?

മുത്തച്ഛൻ മേപ്പടിയിൽനിന്നു കണ്ണടയെടുത്തു വിളക്കിന്റെ അടുത്തു ചെന്നിരുന്ന് പേപ്പർ വായിക്കാൻ തുടങ്ങി.

ഉമ്മറക്കോലായിൽനിന്ന് കുട്ടൻനായരുടെ ചുമ കേട്ടു. എന്താണിനിയും കളംതൊഴാൻ പുറപ്പെടാത്തത്? ഉണ്ണിക്കുട്ടൻ അകത്തേക്കോടിച്ചെന്നു.

അമ്മയും മുത്തശ്ശിയും അടുക്കളയിൽത്തന്നെയാണ്. മുത്തശ്ശി പാലുകാച്ചുകയും അമ്മ സേവക പിഴിയുകയുമാണ്. നാഴിയിലിട്ടു പിഴിയുമ്പോൾ ഞാഞ്ഞൂളുകളെപ്പോലെ സേവക പുറത്തേക്കു ചാടുന്നതു കാണാൻ നല്ല ഭംഗിയുണ്ട്.

ഒരു കഷണം ശർക്കരയും നാളികേരവും കിട്ടിയാൽ തിന്നാമായിരുന്നുവെന്നു തോന്നി ഉണ്ണിക്കുട്ടന്. ശർക്കര ടിന്നിനുള്ളിലും നാളികേരം ഉപ്പിൻകലത്തിലുമുണ്ടെന്ന് ഉണ്ണിക്കുട്ടനറിയാം. പക്ഷേ, ചോദിക്കാൻ പറ്റിയ സമയമല്ലിത്. മുത്തശ്ശിയും അമ്മയും തിരക്കിട്ടു പണിയെടുക്കുകയാണ്.

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കുതന്നെ വന്നു. ഉമ്മറത്തു പ്രത്യേകിച്ചു വിശേഷങ്ങളൊന്നുമില്ല. കുട്ട്യേട്ടൻ സ്ലേറ്റിലെന്തോ എഴുതുന്നുണ്ടെന്നു മാത്രം. അകത്തേക്കു പോകുമ്പോൾ കുട്ട്യേട്ടൻ ബഞ്ചിൽ വെറുതെ ഇരിക്കയായിരുന്നു. എന്താ വേണ്ടതെന്നു സംശയിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ കുട്ട്യേട്ടൻ എഴുതുന്നതു നോക്കിനിന്നു. പ, വ,റ അക്ഷരങ്ങൾ അധികമൊന്നുമില്ല. അമ്മ ഉമ്മറത്തേക്കു വന്ന്

അച്ഛന്റെ മടിയിൽനിന്ന് അമ്മിണിയെ എടുത്തുകൊണ്ടകത്തേക്കു പോയി. കുട്ട്യേട്ടൻ എഴുത്തു നിർത്തി സ്ലേറ്റ് ബഞ്ചിൽ വെച്ച് ഒന്നു. മൂത്രമൊഴിക്കാൻ മുറ്റത്തേ ക്കിറങ്ങിപ്പോയി. ഉണ്ണിക്കുട്ടൻ ബഞ്ചിൽ കയറാനായി കാലുപൊക്കി യപ്പോൾ കുട്ട്യേട്ടന്റെ സ്ലേറ്റ് താഴെ വീണു; ശബ്ദം കേട്ട് കുട്ട്യേട്ടൻ ഓടിവന്നു നോക്കിയപ്പോൾ സ്ലേറ്റ് രണ്ടു കഷണമായിരിക്കുന്നു.

കുട്ട്യേട്ടൻ ദേഷ്യത്തോടെ ഉണ്ണിക്കുട്ടന്റെ മുഖത്ത് ഒരടി വച്ചു കൊടുത്തു. അതുകൊണ്ടും ദേഷ്യംതീരാതെ വീണ്ടും തല്ലാൻ കൈ ഓങ്ങിയപ്പോഴേക്കും മുത്തച്ഛൻ വന്നു പിടിച്ചുമാറ്റി. ഇത്രയുമായപ്പോഴാണ് ഉണ്ണിക്കുട്ടനു വ്യസനവും വേദനയും തോന്നിയത്. അവൻ ഭയങ്കരമായി കരയാൻ തുടങ്ങി.

മുത്തച്ഛൻ കുട്ട്യേട്ടനെ ചീത്ത പറയുകയും തല്ലാൻ കൈ ഓങ്ങകയും ചെയ്തു.

അച്ഛൻ ഉണ്ണിക്കുട്ടനെ വന്നെടുത്തപ്പോൾ അവൻ വളഞ്ഞു പുളഞ്ഞ് ഊർന്നിറങ്ങി. കുട്ടൻനായർ വന്നപ്പോഴും അവൻ എടുക്കാൻ സമ്മതിച്ചില്ല. മുത്തച്ഛൻ വന്നപ്പോഴും സമ്മതിച്ചില്ല.

കരച്ചിലോടു കരച്ചിലുതന്നെ.

മുത്തശ്ശി അകത്തുനിന്ന് വിളിച്ചുപറഞ്ഞു: "ഉണ്ണിക്കുട്ടൻ കളം തൊഴാൻ പോര്ണണ്ടെങ്കിൽ ഇങ്ങട്ടു വന്നോ; ഇല്ലെങ്കിൽ അവിടെനിന്നു കരഞ്ഞോ."

കരച്ചിൽ തേങ്ങിക്കരച്ചിലായി മാറ്റിക്കൊണ്ട് അവൻ അകത്തേക്കു പോയി.

"കണ്ടാൽ മതി കോലം, വൈകുന്നേരം കുളിപ്പിച്ചതാന്ന് തോന്ന്വോ കണ്ടാൽ?" അമ്മ അവന്റെ നിക്കറും കുപ്പായവും അഴിച്ചുവെച്ച് ദേഹമെല്ലാം തോർത്തുമുണ്ടുകൊണ്ടു മുക്കി തുടച്ചു. എന്നിട്ടവനെയെടുത്തു മുകളിൽ കൊണ്ടുപോയി കോടിനിക്കർ ഇടുവിച്ചു. മുഖത്ത് ലേശം പൗഡറുംകൂടിയിട്ടപ്പോഴേക്കും കരച്ചിൽ തീരെ മാറി.

"അമ്മേടെ സുന്ദരക്കുട്ടി." അമ്മ അവനെ ഒരുമ്മ വെച്ചു.

കുട്ട്യേട്ടൻ മുകളിലേക്കോടിവന്നു.

"നീയെന്തിനേ ഉണ്ണിക്കുട്ടനെ തല്ലീത്?"

"അവനെന്തിനേ എന്റെ സ്ലേറ്റുടച്ചത്?"

"സ്ലറ്റുടച്ചാൽ തല്ലാ ചെയ്യാ?"

കുട്ട്യേട്ടൻ അതിനു സമാധാനമൊന്നും പറയാതെ അമ്മ നീട്ടിയ നിക്കർ വാങ്ങി ധരിച്ചു.

"കുപ്പായം വേണ്ടേ?" ഉണ്ണിക്കുട്ടൻ അമ്മയോടു ചോദിച്ചു.

കുട്ട്യേട്ടൻ ആരോടെന്നില്ലാതെ പറഞ്ഞു: "അമ്പലത്തിൽ

പോകുമ്പോ കുപ്പായത്രെ."

"ഞാൻ കുട്ട്യേട്ടനോടല്ല ചോയ്ച്ചത്."

"ഞാൻ പറഞ്ഞതും നിന്നോടല്ല."

"രണ്ടാളും നടക്കിൻ." അമ്മ തയ്യാറായിക്കൊണ്ടു പറഞ്ഞു.

അമ്മയോടൊപ്പം ഉമ്മറത്തെത്തിയപ്പോൾ മുത്തശ്ശിയും തയ്യാറായി നില്ക്കുന്നു. റാന്തൽവിളക്കുമായി കുട്ടൻനായർ മുറ്റത്തു നില്ക്കുന്നുണ്ട്.

"കരച്ചിലൊക്കെ തീർന്ന്യോ?"

പേപ്പറിൽനിന്നു കേടുക്കാതെ മുത്തച്ഛൻ ചോദിച്ചു.

"വരിൻ, വരിൻ, പൊവ്വാ." കുട്ടൻനായർ ധൃതി കൂട്ടി.

മുറ്റത്തേക്കിറങ്ങിയപ്പോൾ കുട്ടൻനായർ ചോദിച്ചു: "എടുക്കണോ?"

"വേണ്ടാ."

കുട്ട്യേട്ടൻ പറഞ്ഞു: "ന്നാൽ എന്റെ കൈ പിടിച്ചോ."

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടന്റെ കൈപിടിച്ചു നടന്നു.

"ഇപ്പോ രണ്ടാളും ഒന്നായി."

മുത്തശ്ശി ചിരിച്ചുകൊണ്ടു പറഞ്ഞു. ഉണ്ണിക്കുട്ടന്നു സന്തോഷം തോന്നി. തൊടിയിൽ തീരെ ഇരുട്ടില്ല. തൊടിയിലെ തൊഴുത്തും ആട്ടിൻ കൂടും മുളങ്കൂട്ടങ്ങളുമെല്ലാം തെളിഞ്ഞു കാണാം. ഗേറ്റിന്റെ അഴികൾ ഉമ്മറമുറ്റത്തുനിന്നുതന്നെ കാണാം. ഗേറ്റു തുറന്ന് ആദ്യം പുറത്തേക്കു കടന്നത് ഉണ്ണിക്കുട്ടനായിരുന്നു. കുട്ട്യേട്ടൻ സഹായിച്ചതുകൊണ്ടാണ് ഗേറ്റ് തുറക്കാനവനു സാധിച്ചത്.

റോഡിനെറ അപ്പുറത്തുള്ള വീടുകളെല്ലാം ഉണ്ണിക്കുട്ടൻ കണ്ടു.

റോഡ് വീട്ടിലെ നിലംപോലെ കറുത്തു മിനുത്തതാണെന്ന് ഉണ്ണിക്കുട്ടന്നു തോന്നി.

"വേഗം വരിൻ."കുട്ടൻനായർ മുമ്പിൽ നടന്ന് ധൃത്തിപ്പെടുത്തി.

"വേഗം നടക്ക്." കുട്ട്യേട്ടൻ ഉണ്ണിക്കുട്ടന്റെ കൈ, ബലമായി പിടിച്ചു കൊണ്ടു പറഞ്ഞു.

എന്തിനാണിത്ര ധൃതി? ഉണ്ണിക്കുട്ടന് ദേഷ്യം തോന്നുകയാണ്.

ചുറ്റും നല്ല നിലാവ്. ആകാശത്തിൽ അമ്പിളിയമ്മാവൻ. അമ്പലത്തിൽനിന്ന് ചെണ്ടവാദ്യം കേൾക്കുന്നു.

ഈ സമയത്ത് സ്വപ്നത്തിലെ ആ വയസ്സനുംകൂടി ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

സ്വപ്നത്തിലെ വയസ്സിനെക്കുറിച്ചോർത്തപ്പോൾ അവന് ഉൾപ്പുളകമനുഭവപ്പെട്ടു. ഉൾപ്പുളകത്തോടെ കുട്ട്യേട്ടന്റെ കൈയും പിടിച്ചു കൊണ്ട് അവൻ നടന്നു.

# പതിനേഴ്

അമ്പലത്തിലെ വെളിച്ചം ദൂരത്തിനിന്നുതന്നെ ഉണ്ണിക്കുട്ടൻ കണ്ടു. അവൻ നടത്തത്തിനു വേഗത കൂട്ടി.

അമ്പലനട ആരംഭിക്കുന്നേടത്തുനിന്നങ്ങോട്ട് വൈദ്യുതവിളക്കുകളാണ്. വീട്ടിലും ഇതുപോലെയുള്ള വിളക്കുകളിടുമെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്. തൊടിയിലെ മുളംകൂട്ടങ്ങൾക്കിടയിലുംകൂടി ഇങ്ങനത്തെ വിളക്കുകൾ വേണമെന്ന് അച്ഛനോടു പറയണം.

അമ്പലമുറ്റത്തെത്തിയപ്പോൾ വെളിച്ചവും ശബ്ദങ്ങളുംതന്നെ. അമ്പലത്തിലെ ചുവരിലെ കൽവിളക്കുകളെല്ലാം തിരികളിട്ടു കത്തിച്ചിട്ടുണ്ട്. എത്രയെത്ര തിരികളാണ്! തിരികളുടെ വെളിച്ചത്തിനു പുറമേയാണ്. വൈദ്യുതവിളക്കുകളുടെ വെളിച്ചം. കുട്ടൻനായർ റാന്തൽവിളക്ക് ഊതിക്കെടുത്തി, ദീപസ്തംഭത്തിന്റെ താഴത്തു വെച്ചു.

എന്തൊരു തിരക്കാണ്. ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളുമെല്ലാമുണ്ട്. ചിലർ പ്രദക്ഷിണംവയ്ക്കുന്നു. ചിലർ തായമ്പക കേട്ടു കൊണ്ടു നിൽക്കുന്നു.

കുട്ടൻനായർ പറഞ്ഞു: "ഇതു രണ്ടാമത്തെ തായമ്പകയാണ്."

"അടുത്തുപോയി നിൽക്കൂ."

"ശരി." കുട്ടൻനായർ ഉണ്ണിക്കുട്ടനെ തായമ്പക കൊട്ടുന്ന പന്തലിലേക്കു കൊണ്ടുപോയി. അമ്മയും മുത്തശ്ശിയും പ്രദക്ഷിണം വയ്ക്കാൻ തുടങ്ങി. കുട്ട്യേട്ടന്നും അവരുടെ കൂടെ കൂടി.

തായമ്പക കൊട്ടുന്നത് ശങ്കുണ്ണിപൊതുവാളാണ്. ശങ്കുണ്ണിപൊതുവാൾ ഇടയ്ക്കിടയ്ക്ക്, മുത്തച്ഛനെ കാണാൻ വീട്ടിൽ വരാറുണ്ട്. വിയർപ്പിൽ മുങ്ങിയിരിക്കയാണ് അയാൾ. കൊട്ടുമ്പോൾ എന്തെല്ലാം ഗോഷ്ഠിത്തരങ്ങളാണു കാട്ടുന്നത്! ഉണ്ണിക്കുട്ടന്നു ചിരിവന്നു.

ചെണ്ടയുടെ ശബ്ദത്തെക്കാൾ, പൊതുവാളുടെ ഗോഷ്ഠികൾ കാണുന്നതിലാണ്, ഉണ്ണിക്കുട്ടന്നു രസം തോന്നിയത്. അതെന്തായാലും, തായമ്പകയേക്കാൾ സുഖം നാദസ്വരം കേൾക്കാനാണ്. അമ്പലത്തിൽ, സന്ധ്യക്കു വന്നിരുന്നുവെങ്കിൽ നാദസ്വരം കേൾക്കാമായിരുന്നു.

"മതി; ഇനി പ്രദക്ഷിണം വയ്ക്കാ?" ഉണ്ണിക്കുട്ടൻ കുട്ടൻനായരോടു ചോദിച്ചു.

"അങ്ങനെയെങ്കിൽ അങ്ങനെ."

ഉണ്ണിക്കുട്ടൻ കുട്ടൻനായരോടൊപ്പം പന്തലിൽനിന്നു പോന്ന് പ്രദക്ഷിണം വയ്ക്കാൻ തുടങ്ങി. അമ്പലത്തിന്റെ പടിഞ്ഞാറേ മുറ്റത്തത്രയും ആലിലകൾ വീണുകിടക്കുന്നുണ്ട്. രാവിലെ ഉഷപ്പൂജയുടെ സമയമാണെങ്കിൽ ഒരാലില പെറുക്കിക്കൊണ്ട്. അമ്പലത്തിനുള്ളിലേക്കു കയറിയാൽ, തുഷൻനമ്പൂതിരിയുടെ കൈവിറയൽ കാണാം. ത്രിമധുരം കൊടുക്കുമ്പോൾ, തുപ്പൻനമ്പൂതിരിക്കു കൈവിറയലാണല്ലൊ.

ഒരു പ്രദക്ഷിണംവച്ചു വന്നപ്പോഴേക്കും തായമ്പക കഴിഞ്ഞ് മദ്ദളപ്പറ്റ് തുടങ്ങി. അതും കുറച്ചുനേരം നിന്നു കേട്ടു.

പെട്ടെന്ന് പന്തൽക്കാലിനടുക്കൽ അപ്പുണ്ണിയെ ഒരു നോക്കു കണ്ടു. ഒന്നുകൂടി നോക്കിയപ്പോഴേക്കും അവനവിടെനിന്നു പൊയ്ക്കഴിഞ്ഞിരുന്നു. ചിറ്റുവിളക്കിന്റെ നാളികേരമുടയ്ക്കുന്നേടത്തേക്കു പോയതായിരിക്കുമോ?

കുട്ട്യേട്ടൻ പന്തലിൽ വന്നു പറഞ്ഞു: ഞഅവൂണ്യേ കണ്ടിലേ പടിഞ്ഞാറെ നടക്കിലിണ്ട്."

ഉണ്ണിക്കുട്ടനൊന്നും പറഞ്ഞില്ല. പടിഞ്ഞാറെ നട എവിടെയാണെന്ന് അവനറിഞ്ഞകൂടാ.

മദ്ദളപ്പറ്റിനുശേഷം കുഴൽപ്പറ്റു തുടങ്ങിയപ്പോഴേക്കും അധികമാളുകളും കളംപൂജ നടക്കുന്ന 'പാട്ടുകൊട്ടിലി'ലേക്കു പോയി. കുഴൽപ്പറ്റ് കുറച്ചുനേരമല്ലേയുള്ളൂ,.

പറഞ്ഞതുപോലെതന്നെ കുഴൽപ്പറ്റ് വേഗം കഴിഞ്ഞു.

ഇനി ചിറ്റുവിളക്കു കഴിഞ്ഞാൽ, കളംപൂജ തുടങ്ങുകയായി. ഉണ്ണിക്കുട്ടനും കുട്ട്യേട്ടനും കുട്ടൻനായരോടൊപ്പം ചിറ്റുവിളക്കിന് നാളികേരമെറിയുന്ന സ്ഥലത്തേക്കു ചെന്നു.

ക്ഷേത്രപാലന്റെ അടുത്തുള്ള ചെരിഞ്ഞ കല്ലിലാണ് നാളികേരമെറിയുക.

എട്ടുപത്തു കുട്ടികൾ തയ്യാറായി നിലക്കുന്നുണ്ട്. അവരുടെ കൂട്ടത്തിൽ അപ്പുണ്ണി ഇല്ല. അപ്പുണ്ണി എവിടെയാണ്? ഇന്നു വരുന്നില്ലെന്നുണ്ടോ?

നാളികേരമെറിയാൻ നമ്പൂതിരി സ്ഥലത്തെത്തിയപ്പോൾ അപ്പുണ്ണി നിസ്സാരമട്ടിൽ ഓടിയെത്തി.

അപ്പുണ്ണിക്കു പരിഭ്രമമൊന്നുമില്ല.

നമ്പൂതിരി നാളികേരം ആഞ്ഞെറിഞ്ഞു. കുട്ടികളെല്ലാം ചേർന്ന്, ചിന്നിച്ചിതറിയ നാളികേരപ്പൂളുകൾ പെറുക്കിയെടുക്കാൻ തുടങ്ങി. ചിലർക്കു കിട്ടി, ചിലർക്കു കിട്ടിയില്ല.

പക്ഷേ, പകുതിയിലധികം നാളികേരപ്പൂളുകളും അപ്പുണ്ണിക്കാണു കിട്ടിയത്. മിടുക്കൻ!

അപ്പുണ്ണി നാളികേരപ്പൂളുകൾ കൊണ്ടുവന്ന് ഉണ്ണിക്കുട്ടനും കുട്ട്യേട്ടനും കൊടുത്തു. കുട്ടൻനായർക്കു കൊടുത്തപ്പോൾ അയാൾ വേണ്ടെന്നു പറഞ്ഞു.

മുത്തശ്ശിയും അമ്മയും പാട്ടുകൊട്ടിലിൽ സ്ത്രതീകൾക്കു നിന്നു തൊഴാനുള്ള സ്ഥലത്തെത്തിക്കഴിഞ്ഞിരുന്നു. നാളികേരം ചവച്ചു തിന്നു കൊണ്ട് ഉണ്ണിക്കുട്ടനും കുട്ട്യേട്ടനും അവരുടെ അടുത്തെത്തി.

“എന്താ വായേല്?” അമ്മ ദേഷ്യപ്പെട്ടുകൊണ്ടു ചോദിച്ചു.

“നാളികേരം.”

“എവിട്ന്നേ പ്പോ നാളികേരം?”

“അപ്പുണ്ണി തരേ.”

“വേഗം തിന്ന്.”

അമ്മ കുട്ട്യേട്ടന്റെ ചിറിയിലൊരു നുള്ളൂ കൊടുത്തു.

പാട്ടുകൊട്ടിലിൽ എന്തൊരു മണമാണ്! ചന്ദനത്തിരിയുടെയും കർപ്പൂരത്തിന്റെയും ധൂപക്കൂടിന്റെയുമെല്ലാം മണമുണ്ട്.

ഉണ്ണിക്കുട്ടൻ കളപൊടികൊണ്ടു ഭഗവതിവിഗ്രഹമെഴുതിയിരിക്കുന്ന മണ്ഡപത്തിന്റെ അടുത്തേക്കു ചെന്നു. നല്ല ഭംഗി! അഞ്ച് പൊടി ചേർന്നാലാണ് കളപൊടിയാവുക. മുത്തശ്ശി പൊടിയുടെ പേരുകൾ പറഞ്ഞുതന്നത് ഉണ്ണിക്കുട്ടൻ ഓർത്തുനോക്കി. അരിപ്പൊടി, മഞ്ഞപ്പൊടി, ചുവന്ന പൊടി, പച്ചപ്പൊടി, കരിപ്പൊടി. ഇപ്പറഞ്ഞ പൊടികളെല്ലാം ശരിയാക്കിക്കൊണ്ടു വന്നു കൊടുക്കുന്നതു പൊതുവാളാണ്.

കളമെഴുതാൻ കുറുവാണ്. കുറുപ്പിനെ സമ്മതിക്കണം! മിനക്കെട്ടിരുന്ന് ഇതുപോലെ ഭഗവതിയുടെ രൂപം എഴുതിയുണ്ടാക്കണ്ടേ?

മണ്ഡപത്തിന്റെ നാലു തൂണുകളും തുണികൊണ്ട് വരിഞ്ഞു കെട്ടിയിട്ടുണ്ട്. നാലു ഭാഗവും കുരുത്തോലകൾകൊണ്ടലങ്കരിച്ചിട്ടുണ്ട്. കുരുത്തോലകൾ മാത്രമല്ല, കുരുത്തോലകൾക്കിടയ്ക്കിടയ്ക്ക് കവുങ്ങിൻ പൂക്കുല, പഴുക്കടയ്ക്ക്, പൊളിക്കാത്ത നാളികേരം, വെറ്റില, മാവിന്റെ ഇല, ആലിന്റെ ഇല ഇവയൊക്കെ ഒരേ അളവിൽ നാരിൽ കെട്ടിത്തക്കിയിട്ടുമുണ്ട്. ഉണ്ണിപ്പിണ്ടിക്കഷണങ്ങളിൽ കുത്തിനിറുത്തിയ ചന്ദനത്തിരികളിൽനിന്നു പുകച്ചുരുളുകൾ ഉയർന്നുപൊങ്ങിന്നു.

ഉണ്ണിക്കുട്ടനു നോക്കിയിട്ടും നോക്കിയിട്ടും മതിയാകുന്നില്ല.

മണ്ഡപത്തിന്റെ ഒരരുകിൽ വച്ചിരിക്കുന്ന നന്ത്രുണ്ണിയുടെ കമ്പികളിൽ തൊട്ടാൽ ണിം ബ്ലീം എന്ന ശബ്ദം പുറപ്പെടുമോ? അവൻ നന്ത്രുണ്ണിയുടെ അടുത്തേക്കു ചെന്നപ്പോൾ കുറുപ്പു പറഞ്ഞു: “കൊറച്ച് വിട്ടു നിക്കു കുട്ടി.”

"ഉണ്ണിക്കുട്ടൻ ഇങ്ങട് പോന്നാ."

അമ്മ ഉണ്ണിക്കുട്ടനെ വിളിച്ചു.

ഉണ്ണിക്കുട്ടൻ മനസ്സില്ലാമനസ്സോടെ അമ്മയുടെ അടുത്തേക്കു ചെന്നു. അമ്മയുടെ അടുത്തു നിന്നാൽ ഒന്നും കാണില്ല. എന്തു ചെയ്യാനാണ്? പൂജ നടക്കുമ്പോൾ മണ്ഡപത്തിന്റെ അടുത്തു പോയി നിന്നുകൂടാ.

ഉണ്ണിക്കുട്ടൻ പൊറുതികേടോടെ അമ്മയുടെ അടുത്തു നിന്നു മണ്ഡപത്തിലെ അലങ്കാരവസ്തുക്കളെല്ലാം മാറിമാറി നോക്കിക്കണ്ടു.

കളപ്പൊടികൊണ്ടെഴുതിയ ഭഗവതിയുടെ രൂപം കാണാൻതന്നെയില്ല. അതു കാണണമെങ്കിൽ അടുത്തു ചെല്ലുകതന്നെ വേണം.

നമ്പൂതിരിയുടെ പൂജയും കുറുപ്പിന്റെ നന്ത്രുണ്ണിപ്പാട്ടും തിരിയുഴിച്ചിലും ശങ്കുണ്ണിപൊതുവാളുടെ എടയ്ക്കകൊട്ടലും അടിയാളുടെ നൃത്തവുമെല്ലാം അടുത്തുചെന്നുനിന്നു കാണാൻ സാധിച്ചില്ല.

ഉണ്ണിക്കുട്ടനേറ്റവുമിഷ്ടപ്പെട്ടത് അടിയാളുടെ നൃത്തമാണ്.

അടിയാൾ തറ്റുടുത്ത് കഴുത്തിൽ ചെമ്പരത്തിപ്പൂമാലയും കൈയിൽ വാളുമായി മണ്ഡപത്തിൽ ചാടിക്കയറിയപ്പോൾ ഉണ്ണിക്കുട്ടൻ കോരിത്തരിച്ചുപോയി. അടിയാൾ കുറെ കുരുത്തോലകൾ വാളുകൊണ്ടു വെട്ടി വീഴ്ത്തി. എന്നിട്ടു ചെണ്ടകൊട്ടിന്റെ താളത്തിനനുസരിച്ച് നൃത്തം വെച്ചു.

നൃത്തമവസാനിച്ചപ്പോൾ കളപ്പൊടി വാരിയെടുത്തുകൊണ്ട് തൊഴുതു നില്ക്കുന്നവരുടെ ഇടയിലേക്കു വരുന്നതു കണ്ടപ്പോൾ പേടി തോന്നാതിരുന്നില്ല. അപ്പോഴും അയാളുടെ കൈയിൽ വാളുണ്ടായിരുന്നു. പേടി തോന്നാതിരിക്കുമോ? വാള് വല്ലവരുടെയും ദേഹത്തിൽ തട്ടിയാലോ?

"പോവാ."

അമ്മ ഉണ്ണിക്കുട്ടന്റെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു.

പോകാൻ തോന്നുന്നില്ല.

അവന്റെ മനസ്സിലിപ്പോഴും അടിയാളുടെ നൃത്തമാണ്. അടിയാളുടെ നൃത്തത്തെ മനസ്സിൽ കണ്ടുകൊണ്ട് അമ്മയോടൊപ്പം അമ്പലത്തി നുള്ളിൽനിന്നു പോന്നു.

അമ്പലമുറ്റത്തെത്തിയപ്പോൾ പാറുക്കുട്ടിയമ്മയെ കണ്ടു. ഈ പാറുക്കുട്ടിയമ്മ എല്ലാ സ്ഥലത്തുമെത്തും. അന്ന് ഓണത്തിന് സിനിമ കാണാൻ പോയപ്പോൾ അവിടെയുമുണ്ടായിരുന്നു.

"അറിയോ ഉണ്ണിക്കുട്ടാ?"

പാറുക്കുട്ടിയമ്മ ലോഹ്യം ചോദിച്ചു. അമ്മയും മുത്തശ്ശിയും പാറുക്കുട്ടിയമ്മയും നിന്ന് സംസാരിക്കാൻ തുടങ്ങിയപ്പോൾ കുട്ടൻനായർ വന്നു പറഞ്ഞു: "നേരം ശ്ശിയായി."

മുത്തശ്ശിയും അമ്മയും യാത്ര പറഞ്ഞു:

"ഞ്ഞി പിന്ന്യാട്ടെ."

കുട്ടൻനായരുടെ കൈയിൽ രണ്ട് കൂവളപ്പൂമാലയും തേക്കിന്റെ ഇലയിൽ പൊതിഞ്ഞ കളപൊടിയുമുണ്ട്.

"അതു ഞാൻ പിടിക്കാം."

ഉണ്ണിക്കുട്ടൻ കൂവളവുമാലയ്ക്ക് കൈ നീട്ടി.

കുട്ടൻനായർ അവന്റെ കൈയിൽ കൊടുത്തു.

അമ്പലത്തിൽ വന്നപ്പോഴുണ്ടായിരുന്നതുപോലെയുള്ള ശബ്ദവും വെളിച്ചവും ഇപ്പോഴില്ല. ചുമരിലെ കൽവിളക്കുകളിലെ തിരികളധികവും കെട്ടിരിക്കുന്നു. ചില കുട്ടികൾ കൽവിളക്കുകളിലെ എണ്ണ ഊറ്റിയെടുക്കു ന്നതു കണ്ടു. കുട്ടൻനായർ ദീപസ്തംഭത്തിന്റെ ചുവട്ടിൽനിന്നു റാന്തൽ വിളക്കെടുത്തു കത്തിച്ചു.

അമ്പലനടകളിറങ്ങമ്പോൾ കുട്ട്യേട്ടന്നും എണ്ണി-ഒന്ന്, രണ്ട്, മൂന്ന്... ഒടുക്കത്തെ നടയിറങ്ങിയപ്പോൾ ഇരുപത്തിയാറ് എന്നുച്ചത്തിൽ പറഞ്ഞപ്പോൾ ഉണ്ണിക്കുട്ടനും ഏറ്റുപറഞ്ഞു.

## പതിനെട്ട്

വീട്ടിലെത്തിയപ്പോൾ ഉമ്മറത്ത് മുത്തച്ഛൻ മാത്രമേയുള്ള. മുത്തച്ഛന്റെ പേപ്പർവായന ഇനിയും കഴിഞ്ഞിട്ടില്ല.

മറ്റെല്ലാവരും ഉമ്മറത്തുനിന്ന് അകത്തേക്കു പോയപ്പോൾ ഉണ്ണിക്കുട്ടൻ മാത്രം ഉമ്മറത്തു തങ്ങിനിന്നു.

കുട്ടൻനായർ അവന്റെ കൈയിൽനിന്ന് കൂവളപ്പൂമാല വാങ്ങി അകത്തു കൊണ്ടുപോയി വച്ചു.

കുട്ട്യേട്ടൻ നിക്കറു മാറ്റി ഉമ്മറത്തു വന്നു പറഞ്ഞു:

"നിന്ന്യേതാ നിക്കറ് മാറ്റാൻ അമ്മ വിളിക്കുണു."

ഉണ്ണിക്കുട്ടൻ കേട്ടതായി നടിച്ചില്ല. വേണമെങ്കിൽ അമ്മ ഇങ്ങോട്ടു വനോട്ടെ. അവൻ വിചാരിച്ചപോലെതന്നെ അമ്മ പഴയ നിക്കറും കുപ്പായവുമായി വന്നു.

"അകത്തേക്കു വിളിച്ചാൽ വരാൻ വയ്യ, അല്ലേ?"

അമ്മ കോടിനിക്കർ അഴിച്ചെടുത്ത് പഴയ നിക്കറും കുപ്പായവും ഇടിച്ചു. മുത്തച്ഛൻ പേപ്പർവായന നിർത്തി കണ്ണട കണ്ണടക്കൂട്ടിലിട്ട്

മേപ്പടി മേൽ വച്ചു.

"എന്തൊക്യാ അമ്പലത്തിലെ വിശേഷങ്ങൾ?"

"അടിയാളുടെ നൃത്തം."

"എന്ത്?

"അടിയാളുടെ നൃത്തംന്ന്."

"അതു ശരി! അടിയാളുടെ നൃത്തം പിന്നെ? "നന്ത്രുണ്ണിപ്പാട്ട്."

"പിന്നെ?"

പിന്നെ അവനെന്തു പറയാനാണ്? അമ്പലത്തിൽ കണ്ടതൊക്കെയോർക്കുമ്പോൾ അടിയാളുടെ നൃത്തം മാത്രമാണു മനസ്സിൽ തെളിഞ്ഞു വരുന്നത്. അപ്പുണ്ണി നാളികേരം പെറുക്കിയ രംഗവും മനസ്സിലുണ്ട്. മറ്റു പലതും കണ്ടുവെങ്കിലും അവയേറ്റുമൊരു വ്യക്തത കിട്ടുന്നില്ല.

മുത്തച്ഛൻ ചോദിച്ചു:

"അടിയാളുടെ നൃത്തം എങ്ങ്നാ?"

"അടിയാളുടെ നൃത്തോ?"

"ഉം."

അതിന് വാളു വേണ്ടേ?"

"ന്നാ വാള്." കുട്ട്യേട്ടൻ സഞ്ചിയിൽനിന്ന് ചെറിയൊരു റൂൾവടിയെടുത്തു കൊടുത്തു.

ഉണ്ണിക്കുട്ടൻ അതു വാങ്ങി നോക്കി. തരക്കേടില്ല.

അവൻ റൂൾവടി വാളാണെന്നു സങ്കല്പിച്ച് ഉയർത്തിപ്പിടിച്ചു. നൃത്തസമയത്തെ ചെണ്ടകൊട്ടിന്റെ വായ്ത്താരി പറഞ്ഞുകൊണ്ട് നൃത്തം വയ്ക്കാൻ തുടങ്ങി.

"ടും ഡം ടുംഡും ടുഡം
ടുഡും ടുഡും ടുഡും ടും!"

ശരിക്കും അയാളുടെ നൃത്തംതന്നെ. തറ്റുടുത്തിട്ടില്ല, കഴുത്തിൽ മാലയിട്ടിട്ടില്ല എന്ന കുറവേയുള്ളൂ.

മുത്തച്ഛൻ പൊട്ടിപൊട്ടി ചിരിക്കാൻ തുടങ്ങി. വായിൽനിന്നു മുറുക്കിതുപ്പൽ മുണ്ടിലേക്കു തെറിച്ചുവീണതു മുത്തച്ഛൻ അറിയുന്നില്ല.

സന്തോഷാശ്രുക്കളോടെ മുത്തച്ഛൻ ഉണ്ണിക്കുട്ടനെ എടുത്ത് ഒന്നു വട്ടം കറക്കി. പിന്നീടവന്റെ രണ്ടു കവിളുകളിലും ഉമ്മവെച്ചു നിലത്തു വെച്ചു.

ഉണ്ണിക്കുട്ടൻ നൃത്തം മതിയാക്കിയിട്ടും മുത്തച്ഛൻ ചിരിച്ചു. ഓർത്തോർത്ത ചിരിച്ചുപോവുകയാണ്.

ചിരിച്ചുകൊണ്ടുതന്നെ മുത്തച്ഛൻ മുറ്റത്തിറങ്ങിക്കൊണ്ടു പറഞ്ഞു:

“രണ്ടാളും അകത്തേക്കു പൊയ്കൊളളിൻ. മുത്തച്ഛൻ പയ്യിന് പുല്ലിട്ടുകൊടുക്കാൻ പോവ്വാണ്.”

ഉണ്ണിക്കുട്ടനും കുട്ട്യേട്ടനും അടുക്കളയിലേക്കു പോയി. മുത്തശ്ശിയും അമ്മയും അടുക്കളയിലും കുട്ടൻനായർ തളത്തിലുമിരുന്ന് ഉണ്ണുകയാണ്.

മുത്തശ്ശി ചോദിച്ചു:

“വേണോ, ഒരുരുള?”

“വേണ്ടാ.”

“ഇന്ന് വെളിച്ചായേൽപ്പിന്നെ കണ്ണിന്റെ പോള കൂട്ടിട്ടില്ലല്ലൊ?

“അതുവ്വോ.” അമ്മയാണു പറഞ്ഞത്.

ഉണ്ണിക്കുട്ടൻ ആകെയെല്ലാമൊന്നു നോക്കി. അമ്മയുടെ കിണ്ണത്തിൽ നിന്ന് ഒരു കയ്പയ്ക്കക്കൊണ്ടാട്ടം എടുത്തു തിന്നു. “ഞളും പുളു“ന്നിരിക്കുന്നു. കയ്പയ്ക്കാക്കൊണ്ടാട്ടം തിന്നുമ്പോൾ “കറും മുറു’ന്നിരിക്കണ്ടേ. അവൻ ഉമ്മറത്തേക്കുതന്നെ പോകുമ്പോൾ അമ്മ പറഞ്ഞു: ”മോൻ അച്ഛന്റെടുത്തു പോയിക്കിടന്നോ.”

ഉണ്ണിക്കുട്ടന്നു കിടക്കാറായിട്ടില്ല. അവൻ ഉമ്മറത്തെത്തിയപ്പോഴേക്കും കുട്ട്യേട്ടന്നും വന്നു.

ഉണ്ണിക്കുട്ടൻ റൂൾവടി വീണ്ടുമെടുത്തു. ആദ്യം നൃത്തംവച്ചതു നിലത്തായിരുന്നു. ശരിക്കിങ്ങനെയല്ല, വേണ്ടത്. അടിയാൾ നൃത്തംവച്ച മണ്ഡപം നിലത്തുന്നു. ലേശം ഉയർന്നിട്ടായിരുന്നു.

ഉയർന്ന സ്ഥലത്തു നിന്നുകൊണ്ടാണ് നൃത്തംവയ്ക്കുന്നത്. ബഞ്ചിന്മേൽ കയറിനിന്നാൽ ഉയർന്ന സ്ഥലമാകുമെങ്കിലും ബഞ്ചിനു വീതി പോരാ. മേശമേൽ കയറിയാലോ? പറ്റും.

ഉണ്ണിക്കുട്ടൻ ആദ്യം കസാലയിൽ കയറി. അവിടെനിന്നു മേശമേൽ കയറിനിന്നു.

“വീഴും.” കുട്ട്യേട്ടൻ പറയുന്നതു കേൾക്കുന്നു.

ഇപ്പോൾ മണ്ഡപത്തിൽക്കയറി നിലക്കയാണ്. വാളുണ്ട് കൈയിൽ. നൃത്തം തുടങ്ങാം.

നൃത്തം തുടങ്ങി. ആദ്യം സാവധാനത്തിലാണു തുടങ്ങിയത്. നിമിഷങ്ങൾ ചെല്ലുംതോറും നൃത്തത്തിന്റെ വേഗത കൂടിക്കുടിവന്നു. അടിയാളുടെ നൃത്തത്തിൽ കവിഞ്ഞു ചില പൊടിക്കൈകൾ മനോധർമ്മംപോലെ ഉണ്ണിക്കുട്ടൻ കാണിച്ചു.

ഇടയ്ക്കിടയ്ക്കു വട്ടംതിരിയുക, ഒരു കാലിൽ നിന്നു മാത്രം തുള്ളുക, വാള് കൈമാറ്റിപ്പിടിക്കുക, അവന്റെ പൊടിള്ളുകകൾ ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരുന്നു-അവൻ എല്ലാം മറന്ന് നൃത്തത്തിൽ ലയിച്ചു. മേശപുറത്താണെന്നോ, കൈയിൽ

റൂൾവടിയുണ്ടെന്നോ കുട്ട്യേട്ടൻ നോക്കിനില്ക്കുന്നുണ്ടെന്നോ ഒന്നും അവൻ അറിയുന്നില്ല.

ശങ്കുണ്ണിപ്പൊതുവാളുടെ ചെണ്ടകൊട്ടു മാത്രം അവൻ കേൾക്കുന്നുണ്ട്. അതിനനുസരിച്ച് അവൻ നൃത്തംവയ്ക്കുകയാണ്.

നൃത്തം വയ്ക്കുന്നു. നൃത്തം വയ്ക്കുന്നു.

എന്താണിത്? ഉമ്മറത്തെ വിളക്കു കാണാനില്ലല്ലൊ? വിളക്കെവിടെയാണ്? എല്ലാം തിരിയുകയാണ്. തിരിയുകയാണ്...

എല്ലാം തിരിയുന്ന ആ അവസ്ഥയിൽനിന്ന് ഉണ്ണിക്കുട്ടൻ താഴത്തേക്കു കമിഴ്ന്നടിച്ചുവീണു

“അമ്മേ, ഓടിവരേ!” കുട്ട്യേട്ടൻ നിലവിളിച്ചു.

അമ്മ എച്ചിൽകൈക്കുയോടെ ഓടിയെത്തി.

കമിഴ്ന്നടിച്ചു വീണുകിടക്കുന്ന ഉണ്ണിക്കുട്ടന്റെ ദേഹത്തിൽ കീഴ്ക്കാം തൂക്കായി വീണുകിടക്കുന്ന കസാലയെടുത്തു മാറ്റി അവനെ എടുത്തു. നെറ്റിയിൽനിന്നു ചോര കുടുകുടാ ചാടുന്നു.

“ഈശ്വരാ, എന്റെ കുട്ടിക്കെന്തുപറ്റി?”

ഉണ്ണിക്കുട്ടന്നു ബോധമില്ല.

എല്ലാവരും ഉമ്മറത്തേക്കോടിയെത്തി.

ഉണ്ണിക്കുട്ടന്നു ബോധം തെളിഞ്ഞിട്ടില്ല.

അച്ഛൻ നെറ്റിയിലെ ചോര പഞ്ഞികൊണ്ടു തുടച്ചുനോക്കി. ചോര ഒഴുകുന്നതു നില്ക്കുന്നില്ലെങ്കിലും, മുറിവു സാരമില്ലെന്ന് അച്ഛനു മനസ്സിലായി. പരിഭ്രമിക്കാനൊന്നുമില്ല.

അച്ഛൻ കുറച്ചുനേരം പഞ്ഞി നെറ്റിയിൽ അമർത്തിവച്ചു.

മുത്തച്ഛൻ ടിഞ്ചർ അയോഡിനുമായി എത്തി.

ഉണ്ണിക്കുട്ടൻ കണ്ണുകൾ തുറന്നു.

“അപ്പേ, അമ്മേടെ കുട്ടിക്കെന്തുപറ്റി?” അമ്മ ഗദ്ഗദത്തോടെ ചോദിച്ചു.

അച്ഛൻ, നെറ്റിയിലെ മുറിവിൽനിന്നു പഞ്ഞിമാറ്റിക്കൊണ്ടുപറഞ്ഞു: ഞങ്ങനെ ബേജാറാവാനൊന്നുല്ല, കണ്ടില്ലേ. ദാ മുറി ഒന്ന് ചെരകിപ്പൊളിഞ്ഞത്രേതയുള്ളൂ.”

അമ്മ നോക്കി, ചെറിയൊരു മൊട്ടുസൂചിയോളം പോന്ന തുടുത്തൊരു വര.

അച്ഛൻ ടിഞ്ചർ അയോഡിൻ പഞ്ഞിയിൽ മുക്കി മുറിവിൽ വെച്ചപ്പോൾ ലേശം വേദന തോന്നി.

അച്ഛൻ അവനെ മുകളിൽ കട്ടിലിൽ കൊണ്ടുപോയി കിടത്തി. പേപ്പർ വായിച്ചുകൊണ്ട് അച്ഛനും അവന്റെ അടുത്തു കിടന്നു.

ഉണ്ണിക്കുട്ടൻ നെറ്റിയിൽ തപ്പിനോക്കി. പഞ്ഞി എടുത്തുകളഞ്ഞിട്ടില്ല. അവിടെ അമർത്തിത്തൊട്ടാൽ മാത്രമേ

വേദനയുള്ളൂ.

വേദനയില്ല. ക്ഷീണമാണവന്.

ഒരു ദീർഘനിശ്വാസത്തോടെ അവനൊന്നു തേങ്ങി.

അച്ഛൻ ചോദിച്ചു: “എന്താ മോനേ?”

“ഒന്നുല്യ.” പതിഞ്ഞ സ്വരത്തിൽ അവൻ പറഞ്ഞു.

മുറിയിലെ വളയിൽതൂങ്ങുന്ന റാന്തൽവിളക്കിൽ ദൃഷ്ടികൾ നട്ടുകൊണ്ട് അങ്ങനെ കിടക്കുമ്പോൾ ഇടയ്ക്കിടയ്ക്കു കണ്ണുകൾ അടയുന്നു. വീണ്ടും തുറക്കുന്നു. അവന്റെ ബോധമണ്ഡലത്തിൽ പരസ്പരബന്ധമില്ലാത്ത പലതും നിഴലിക്കുകയാണ്.

മഞ്ഞത്തുമ്പികൾ വന്നിരിക്കുന്ന നരച്ച താടിയുള്ള വയസ്സൻ, തിണ്ടിന്മേൽ പാഞ്ഞെത്തുന്ന ഓന്ത്, കുറവന്റെ കൊട്ടയിൽ ചുരുണ്ടു കിടക്കുന്ന പാമ്പുകൾ, നാവിൽ സൂചിതുളച്ചുകയറ്റിയ പാൽക്കാവടിക്കാരൻ, കഴുത്തിൽ കുടമണി കെട്ടിയ ആട്ടിൻകുട്ടി. വിളക്കിനു ചുറ്റും പാറിക്കളിക്കുന്ന പാറ്റകൾ, ഊതിവീർപ്പിച്ച ബലൂണുകളിൽനിന്ന് ഉരസിവീഴുന്ന ഗൗളികൾ, എലിയെ കടിച്ചുകൊണ്ടോടുന്ന അടിയാളുടെ പൂച്ച, ചിറ്റു വിളക്കിനു നാളികേരം പെറുക്കുന്ന കുട്ടികൾ, നൃത്തം, ഓടം കൊത്തിക്കൊണ്ടു പറന്നുപോകുന്ന കാക്ക...

എല്ലാറ്റിനുമൊടുവിൽ കുടമണി കെട്ടിയ ആട്ടിൻകുട്ടി മാത്രം ബാക്കിയാവുകയാണ്...

അതവന്റെ ബോധമണ്ഡലത്തിൽനിന്ന് ഉപബോധമനസ്സിലേക്കു കടന്നിരിക്കയാണോ?

കുടമണി കെട്ടിയ ആട്ടിൻകുട്ടി തുള്ളിക്കളിക്കുന്നു. കുളമ്പടിശബ്ദം കേൾക്കുന്നു. കുടമണികൾ കിലുങ്ങിന്നു... കുടമണികൾ കിലുങ്ങിന്നു. കുടമണികൾ കിലുങ്ങിന്നു...

ഉറക്കും...

അമ്മ ഉണ്ണിക്കുട്ടന്റെനെറ്റിയിൽ വാത്സല്യത്തോടെ തടവിക്കൊണ്ടു പറഞ്ഞു:

“ഉറങ്ങി.”

# ഉണ്ണിക്കുട്ടൻ സ്കൂളിൽ

## ഒന്ന്

മഴ പെയ്യുന്ന ദിവസമായിരുന്നുവെങ്കിലും ഉണ്ണിക്കുട്ടൻ നന്നേ രാവിലെ തന്നെ എഴുന്നേറ്റു. സ്കൂളിൽ ചേരുന്ന ദിവസം നന്നേ രാവിലെതന്നെ എഴുന്നേല്ക്കാതിരുന്നാൽ പറ്റുമോ? ഇനി ഇന്നുമുതൽ എല്ലാ ദിവസവും നേരത്തേ എഴുന്നേല്ക്കണമെന്നാണ് മുത്തശ്ശി പറയുന്നത്! സ്കൂളിൽ പഠിക്കുന്ന കുട്ടികൾ രാവിലെ കിടന്നുറങ്ങിക്കൂടാ.

അവൻ കട്ടിലിൽനിന്നെഴുന്നേറ്റ് നിലത്തു നിന്നു. ഇപ്പോൾ കുറച്ചു ദിവസങ്ങളായി അവൻ അച്ഛന്റെ കൂടെ കട്ടിലിലാണു കിടന്നുറങ്ങുന്നത്. ഉറക്കത്തിൽ മൂത്രമൊഴിക്കാത്തതുകൊണ്ടാണ്. അച്ഛൻ അവനെ കൂടെക്കിടത്തുന്നത്.

ഉണ്ണിക്കുട്ടൻ ഇടത്തേക്കണ്ണ് തിരുമ്മിക്കൊണ്ട്, മുറിയിലാകെയൊന്നു നോക്കി. അമ്മ പതിവുപോലെ ഉണർന്നെഴുന്നേറ്റ് താഴത്തേക്കു പോയിരിക്കുന്നു. അമ്മിണി മലർന്നുകിടന്നുറങ്ങുന്നു. കോസറിയും വിരിപ്പും റബ്ബർഷീറ്റുമെല്ലാം മൂത്രപ്പിണ്ടിയായിക്കിടക്കുന്നു. അവളിട്ടിരിക്കുന്ന രോമക്കുപ്പായത്തിന്റെ അടിഭാഗം നനഞ്ഞിട്ടുണ്ട്. മൂത്രത്തിന്റെ നനവായിരിക്കണം. മഴക്കാലം തുടങ്ങിയ ശേഷം, രോമക്കുപ്പായമിട്ടുകൊണ്ടാണ് അമ്മിണി കിടന്നുറങ്ങുന്നത്. രോമക്കുപ്പായം കോയമ്പത്തുരിൽ പോയപ്പോൾ അച്ഛൻ വാങ്ങിക്കൊണ്ടുവന്നതാണ്. നാലു രോമക്കുപ്പായമുണ്ട് അമ്മിണിക്ക്. ഉണ്ണിക്കുട്ടന് രണ്ടെണ്ണമേയുള്ളു. കുട്ട്യേട്ടന് ഒന്നും.

ഉണ്ണിക്കുട്ടന് രോമക്കുപ്പായമിടുന്നതിഷ്ടമല്ല. കൊണ്ടുവന്ന ദിവസം രാത്രി ഒന്നിട്ടുനോക്കി. ആകെക്കുടി ശരീരത്തിൽ എന്തോ കുത്തിത്തറയ്ക്കുന്നതുപോലെയാണവന്നു തോന്നിയത്. ഉടൻ അഴിച്ചുവെച്ചു. സാധാരണയിടാറുള്ള കുപ്പായത്തിന്റെ മീതെയാണ്, രോമക്കുപ്പായമിടേണ്ടതെന്ന് അച്ഛൻ പറഞ്ഞു. അങ്ങനെയിട്ടു നോക്കാനൊന്നും അവൻ മിനക്കെട്ടില്ല.

രോമക്കുപ്പായമിടുന്നത്. തണുപ്പു തോന്നാതിരിക്കാനല്ലേ? അവനാണെങ്കിൽ, ഇപ്പോൾ രാത്രിയിൽ തണുപ്പു തോന്നാറേയില്ല. പുതപ്പിനുള്ളിൽ അച്ഛന്റെ ദേഹത്തോടു പറ്റിച്ചേർന്നു കിടക്കുമ്പോൾ, എങ്ങനെ തണുപ്പുതോന്നാനാണ്? അച്ഛന്റെകൂടെ കട്ടിലിൽ കിടക്കാൻ എന്തൊരു സുഖമാണെന്നോ!

ഉണ്ണിക്കുട്ടൻ അച്ഛനെ ഒന്നു നോക്കി. അച്ഛൻ ചെരിഞ്ഞു കിടക്കുകയാണ്. അച്ഛൻ പുതച്ചിരിക്കുന്ന പുതപ്പിന്റെ ഒരറ്റം നിലത്തു വീണുകിടക്കുന്നത്, അവനെടുത്തു കട്ടിലിലേക്കിട്ടു. അച്ഛനൊന്നു

മൂരിനിവർന്നു മറുവശം തിരിഞ്ഞുകിടന്നു.

എന്തൊരു മഴയാണ്! രാത്രിയിലും ഇങ്ങനെതന്നെ നിന്നു പെയ്യുകയായിരുന്നു. ഉണ്ണിക്കുട്ടൻ ജനലിന്റെ അടുത്തുവന്നു പുറത്തേക്കു നോക്കി. കൊണ്ടുപിടിച്ച മഴതന്നെ. തൊടിയിലെ വാഴയിലകളിലും ചേമ്പിലകളിലും മഴത്തുള്ളികൾ വീണു ചിന്നിത്തെറിക്കുന്നതു കാണാൻ ബഹുഭംഗി! തൊടിയിലെ അങ്ങേയറ്റത്തുള്ള മാവിൻകൊമ്പിൽനിന്ന് ഒരു കാക്ക കരയുന്ന ശബ്ദം കേട്ടു. ഓടം കൊത്തിക്കൊണ്ടുപോയ ആ കള്ളക്കാക്ക ആയിരിക്കുമോ കരയുന്നത്? കരയട്ടെ. കാക്കകളെല്ലാം അശ്രീകരങ്ങളാണ്! നേരം പുലരുമ്പോഴേക്കും എഴുന്നേറ്റ്, വേണ്ടാത്ത ഓരോ പ്രവൃത്തികൾ തുടങ്ങുകയായി. ചത്ത പാമ്പിനെ കൊത്തിത്തിന്നുക, ചാണകക്കുണ്ടിൽനിന്നു പുഴുക്കളെ കൊത്തി എടുത്തുകൊണ്ടു വന്നു തിന്നുക, സ”ത്രത്തിൽ കുട്ടികളുടെ കൈയിൽനിന്ന് ഓടം കൊത്തിയെടുത്തു പറന്നുപോവുക. അശ്രീകരങ്ങൾ! കവണയെറിയാൻ, അപ്പുണ്ണി കുറേശ്ശെ പഠിപ്പിച്ചിട്ടുണ്ട്. നല്ലവണ്ണം പഠിക്കട്ടെ. കാണിച്ചു കൊടുക്കാം. കാക്കകളെ ഒരു പാഠം പഠിപ്പിക്കും.

കാക്കകളെക്കുറിച്ചിങ്ങനെ ആലോചിച്ചു നിന്നതുകൊണ്ടായില്ലല്ലോ. സ്കൂളിൽ ചേരുന്ന ദിവസമല്ലേ? രാവിലെ കുളിച്ച് അമ്പലത്തിൽ പോയി തൊഴണമെന്ന് ഇന്നലെത്തന്നെ മുത്തശ്ശി പറഞ്ഞിട്ടുണ്ട്! മഴയായതു കൊണ്ടൊന്നും മുത്തശ്ശി അമ്പലത്തിൽ കൊണ്ടുപോയി തൊഴിക്കാതിരിക്കയില്ല. താഴത്തേക്കു പോവുകതന്നെ.

ഉണ്ണിക്കുട്ടൻ കോണിപ്പടികൾ എണ്ണിയെണ്ണിക്കൊണ്ടിറങ്ങി ഉമ്മറത്തേക്കു ചെന്നു. ഉമ്മറത്ത് മുത്തച്ഛൻ ഒരു ജമുക്കാളംകൊണ്ടു പുതച്ച് വിസ്തരിച്ചു മുറുക്കുകയാണ്. കുട്ടൻനായർ എഴുന്നേറ്റു പോയിരിക്കുന്നു. അയാളുടെ പായയും തലയണയും ബെഞ്ചിന്റെ ഒരറ്റത്തുതന്നെ മടക്കി വച്ചിരിക്കുന്നു.

മുത്തച്ഛന് ചോദിച്ചു: “മിടുക്കൻ കുട്ടീ, ഇന്നെന്താ ഇത്ര നേർത്തെ എഴുന്നേറ്റത്?

മുത്തച്ഛൻ ഇന്നത്തെ കാര്യമൊന്നും അറിഞ്ഞുകൂടെന്നുണ്ടോ? ഉണ്ണിക്കുട്ടൻ ഒരു നിമിഷം സംശയിച്ചുനിന്നു.

മുത്തച്ഛൻ തുടർന്നു ചോദിച്ചു: “തണക്കിണില്ലേ, എന്തിനാ ഇത്ര നേർത്തെ എഴുന്നേറ്റത്?”

മുത്തച്ഛന്റെ ചോദ്യം കേട്ടുകൊണ്ട് മുത്തശ്ശി ഉമ്മറത്തേക്കു വന്നു. മുത്തച്ഛന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞത് അവരാണ്. “അവനെ ഇന്നല്ലേ സ്കൂളിൽ ചേർക്കണ്.”

വായിലെ മുറുക്കിതുപ്പൽ താഴത്തു വീഴാതിരിക്കാൻ ശ്രദ്ധിച്ചു കൊണ്ട് മുത്തച്ഛൻ പറഞ്ഞു: “ഉള്ളതുതന്നെ, ഞാൻ അതു മറന്നു.”

മുത്തച്ഛൻ, ഉണ്ണിക്കുട്ടനെ എടുത്തു മടിയിൽ ഇരുത്തിക്കൊണ്ടു ചോദിച്ചു: “നല്ലോണം പഠിക്കില്ലേ?”

ഉണ്ണിക്കുട്ടൻ തലയാട്ടി.

മുത്തശ്ശി പറഞ്ഞു: “അവൻ പഠിച്ചു മിടുക്കനാവും. മിടുമിടുക്കനാവും.”

“ഉവ്വോ?” മുത്തച്ഛൻ അവന്റെ കവിളുകളിൽ തലോടിക്കൊണ്ടു ചോദിച്ചു.

“ഉവ്വ്.”

മുത്തശ്ശി ബെഞ്ചിന്മേൽ വന്നിരുന്നുകൊണ്ടു പറഞ്ഞു: “എന്തൊരു ഉത്സാഹാ അവന്! അവന്റെ കുട്ട്യേട്ടന് സ്കൂളിൽ പോവാൻ വല്ല്യേ മടിയായിർന്നു.”

കുട്ടൻനായർ മുറ്റത്തെ മഴയത്തിനിന്ന് ഉമ്മറക്കോലായിൽ വന്നു കയറി, തലയിൽനിന്നു തൊപ്പിക്കുടയെടുത്തു കോലായിൽ ചാരിവെച്ച് ഉമറത്തേക്കു കടന്നുനിന്നുകൊണ്ടു പറഞ്ഞു: “നല്ല മഴ, ഉണ്ണിക്കുട്ടനെ സ്കൂളിലേക്കു കുട്ടൻനായർ ചുമലിലെടുത്തു കൊണ്ടാവാം. എന്താ?”

“മഴ അപ്ലത്തേക്കു തോരും.”

മുത്തശ്ശി പറഞ്ഞു.

കുട്ടൻനായരെ കണ്ടതോടെ, ഉണ്ണിക്കുട്ടന്റെ കണ്ണുകൾ തിളങ്ങി. പെരുമഴയോ ഇടിമിന്നലോ എന്തുമുണ്ടാകട്ടെ. കുട്ടൻനായർ അടുത്തുണ്ടെങ്കിൽ, ഒട്ടും പേടിക്കാനില്ല.

കുട്ട്യേട്ടൻ എഴുന്നേറ്റു കണ്ണുകൾ തിരുമ്മിക്കൊണ്ട് ഉമ്മറത്തേക്കു വന്നു. ഉണ്ണിക്കുട്ടൻ ചിരിച്ചു. അവന്റെ ചിരിയുടെ അർത്ഥം, കുട്ട്യേട്ടനിതാ, ഇപ്പോൾ, എഴുന്നേറ്റു വന്നതേയുള്ളൂ. താനെഴുന്നേറ്റിട്ട് എത്ര നേരമായി എന്നാണ്.

ഉണ്ണിക്കുട്ടന്റെ ആ ചിരി കുട്ട്യേട്ടനത്ര പിടിച്ചില്ല. കുട്ട്യേട്ടൻ ചോദിച്ചു: “എന്തെടാ, രാവിലെത്തന്നെ ഇളിക്കണ്?”

“തോന്നിട്ട്.” ഉണ്ണിക്കുട്ടൻ പറഞ്ഞു.

“സ്കൂളിൽ ചേര്വാച്ചിട്ടുള്ള ഒരു പവറ്!” ഇത്രയും പറഞ്ഞ് കുട്ട്യേട്ടൻ അകത്തേക്കോടിപ്പോയി.

“അവനെന്തെങ്കിലും പറഞ്ഞോട്ടെ. നിയ്യതു കാര്യാക്കണ്ട.”

മുത്തശ്ശി, ഉണ്ണിക്കുട്ട്നെ സമാധാനിപ്പിച്ചു മുത്തച്ഛന്റെ മുമ്പിലിരിക്കുന്ന ചെല്ലവുമെടുത്തുകൊണ്ട് അകത്തേക്കു പോയി.

ഉണ്ണിക്കുട്ടൻ മുത്തച്ഛന്റെ മടിയിൽനിന്നെഴുന്നേറ്റ് ഉമ്മറക്കോലായിലേക്കു വന്നു.

കുട്ടൻനായർ പറഞ്ഞു: “കോലായിൽ നിലക്കണ്ട, മഴച്ചാറ്റലു കൊള്ളും.”

ഉണ്ണിക്കുട്ടൻ കോലായിൽനിന്നു പോന്ന്, ഉമ്മറപ്പടിപ്പുറത്തു വന്നു നിന്നു. തൊടിയിലേക്കു നോക്കിയപ്പോൾ, എല്ലാം പച്ചനിറംതന്നെ. എത്രയെത്ര താളും തകരയുമാണു മുളച്ചു പൊന്തിയിരിക്കുന്നത്!

തിണ്ടിന്മേൽ, ഇടയ്ക്കിടയ്ക്ക് പാഞ്ഞെത്താറുള്ള ആ ഓന്തിനെ മഴക്കാലം തുടങ്ങിയശേഷം കാണാറില്ല. എവിടെ പോയോ, എന്തോ? മഴവെള്ളത്തിൽ ഒലിച്ചുപോയിരിക്കുമോ? മടൽ ഇടിഞ്ഞുവീണു ചത്തിരിക്കുമോ? ആരോടു ചോദിക്കാനാണ്?

ആട്ടിൻകൂട്ടിൽനിന്ന് ആട്ടിൻകുട്ടി കരഞ്ഞു. ഇപ്പോൾ ആ ആട്ടിൻകുട്ടിയെ കാണാൻ ഭംഗിയില്ല. അതിന്റെ കഴുത്തിൽ കുടമണിയില്ല. കുട്ടൻനായർ പറഞ്ഞു. ആട്ടിൻകുട്ടി വലുതായാൽ കുടമണി കെട്ടേണ്ട ആവശ്യമില്ലെന്ന്. ശരിയാണ്. ആട്ടിൻകുട്ടി വലുതായിരിക്കുന്നു. ഇപ്പോഴത്, തുള്ളിച്ചാടിക്കളിക്കുന്നൊന്നുമില്ല. തള്ളയാടിനെപ്പോലെ നടക്കുകയാണ്.

കുടമണി കെട്ടിയ, തുള്ളിച്ചാടി കളിക്കുന്ന ആട്ടിൻകുട്ടിയെ എപ്പോഴും കാണണം. അതൊരു സുഖംതന്നെയാണ്.

മുറ്റം ചളിപിളിയായി കിടക്കുന്നു. മുണ്ടിക്ക് ഇപ്പോൾ അടിച്ചു വാരുകയൊന്നും വേണ്ട. മഴയത്തു വീഴുന്ന പ്ലാവിലകളും മറ്റും പെറുക്കിയെടുത്തു തൊടിയിലേക്കിട്ടാൽ മതി.

മുണ്ടിക്കു കുറച്ചുകാലമായി പിത്തച്ചൊറിയാണ്.

അതിനവൾ, ഇടയ്ക്കിടയ്ക്കു തവളയെ തിന്നാറുണ്ടത്രേ. അവൾ ഞണ്ടിനെയും തിന്നുമത്രേ. ആടിന്റെ തല, തവള, ഞണ്ട്! എന്തൊക്കെയാണവൾ തിന്നുന്നത്!

കുട്ടൻനായർ കോലായിൽ വന്നു തൊപ്പിക്കുടയെടുത്തു തലയിൽ വെച്ചു പടികടന്നു പോയി. മുത്തച്ഛൻ എങ്ങോട്ടെങ്കിലും പറഞ്ഞയച്ചതായിരിക്കും.

അമ്മ, അമ്മിണിയെ ഒക്കത്തുവച്ചുകൊണ്ട് ഉമ്മറത്തേക്കു വന്നു. ഇന്നെന്താ, അമ്മിണി കരയാത്തത്? എല്ലാ ദിവസവും രാവിലെ ഉറക്കമുണർന്നെഴുന്നേറ്റാൽ കുറെനേരം കരയുക പതിവാണ്. ഇന്നെന്താണ് അവൾക്കൊരു പ്രത്യേകത?

അവൻ അമ്മിണിയുടെ പാദസരത്തിൽ തൊട്ടപ്പോൾ, അവൾ ചിരിച്ചു. സാധാരണ കരയുകയാണു പതിവ്.

“വാ, പല്ലു തേപ്പിക്കട്ടെ.” അമ്മ, അവന്റെ കൈപിടിച്ചുകൊണ്ട് അകത്തേക്കു പോയി.

മഴയാണെങ്കിലും, അടുക്കളക്കോലായയിൽ ബഹളംതന്നെ! അടുക്കളക്കോലായയുടെ ഒരറ്റത്തിരുന്ന, കാളിയമ്മ പാത്രങ്ങൾ

കഴുകുന്നു. മഴക്കാലം തുടങ്ങിയതുമുതൽ, അവർ പാത്രം കഴുകുന്നതു തെങ്ങിൻ തടത്തിലല്ല. കോലായയുടെ ഒരറ്റത്തിരുന്നുകൊണ്ടാണ്.

ഉണ്ണിക്കുട്ടനെ കണ്ടപ്പോൾ പതിവുപോലെ കാളിയമ്മ ചോദിച്ചു: "ചുന്തരക്കുട്ടി ഉണർന്നോ! ഇന്ന് സ്കോളിൽ പോണ്ടെ?"

ഉണ്ണിക്കുട്ടൻ കാളിയമ്മയുടെ മുഖത്തുനോക്കി ചിരിച്ചു. പൂരക്കാലം തൊട്ടു കാളിയമെ അവനു വളരെ ഇഷ്ടമാണ്. കാളിയമ്മ എല്ലാ ദിവസവും പൂരം കാണാൻ പോകും. വീട്ടിലുള്ളവർ ഇടയ്ക്കിടയ്ക്കു മാത്രമേ പോകയുള്ളൂ. കാളിയമ്മ എല്ലാ ദിവസവും ഉണ്ണിക്കുട്ടനെ പൂരത്തിനു കൊണ്ടുപോയി. എന്നുമാത്രമല്ല; അവന് ബലൂണുകളും റബ്ബർ പന്തുകളും വാങ്ങിക്കൊടുക്കുകയും ചെയ്തു.

കാളിയമ്മ വീണ്ടും പറഞ്ഞു: "ചുനിരക്കുട്ടി പഠിച്ചു പഠിച്ചു വല്യേ ഉദ്യോഗസ്ഥനാകുമ്പോൾ കാള്യമേനീം കൂടെ കൊണ്ടോണേ, പണിക്കാരത്ത്യായിട്ട്."

ഉണ്ണിക്കുട്ടൻ കാളിയമ്മയുടെ അടുത്തു വന്നുനിന്നു ചിരിച്ചു.

തലേന്നു രാത്രി, ഇറയത്തിട്ടിട്ടുള്ള എച്ചിൽപ്പാത്രങ്ങളിൽ ഇറവെള്ളം വീണു നിറഞ്ഞിരിക്കുന്നു. എച്ചിൽപ്പാത്രങ്ങളിൽ വീണ്ടും വെള്ളം വീണു ചിന്നിച്ചിതറുന്നത് അവൻ നോക്കിക്കൊണ്ടുനിന്നു.

എന്താണ് ആ ചൊക്ലിപ്പട്ടിയെ കാണാത്തത്? മഴയായതുകൊണ്ടായിരിക്കാം വരാത്തത്. അല്ലെങ്കിലിപ്പോൾ വരാനുള്ള സമയമായി.

ഉണ്ണിക്കുട്ടൻ അടുക്കളക്കോലായയുടെ തിണ്ണമേൽ കയറിയിരുന്നു. അടുക്കളമുറ്റത്തു രണ്ടുമൂന്നു പപ്പായത്തണ്ടുകൾ വീണുകിടക്കുന്നുണ്ട്. തണ്ടുകളുടെ തലപ്പത്തുള്ള ഇലകൾക്ക് എന്തു വീതിയാണ്! പപ്പായയുടെ ഇലകളിൽ ഊണുകഴിച്ചുകൂടെ? വാഴയിലകളിൽ മാത്രമേ ഊണു കഴിക്കാൻ പാടുള്ള എന്നുണ്ടോ?

ഒതുങ്ങിയിരിക്കുന്ന ഉണ്ണിക്കുട്ടനെ ശ്രദ്ധിച്ചുനോക്കിക്കൊണ്ട് കാളിയമ്മ പറഞ്ഞു: "ചുന്തരക്കുട്ടീനെ കാള്യേമ്മ പല്ലുതേപ്പിക്കണോ?"

ഉണ്ണിക്കുട്ടൻ ഒന്നും പറഞ്ഞില്ല. പക്ഷേ, അവൻ മനസ്സിൽ വിചാരിച്ചു: 'അത്രമാത്രം വേണ്ട. എന്തൊക്കെയായാലും, ആയമ്മയുടെ കൈവിരലുകൾ വിറകിൻനുറുങ്ങുകൾപോലെയാണ്. പല്ലു തേപ്പിക്കേണ്ടത്. മിനുസമുള്ള വിരലുകൾകൊണ്ടാണ്. അമ്മയുടെ വിരലുകൾക്ക് എന്തു മിനുസമാണ്!'

മിനുസമുള്ള വിരലുകളെക്കുറിച്ചങ്ങനെ, ഓർത്തുകൊണ്ടിരിക്കുമ്പോൾ ഒരു കാക്ക കോലായയുടെ തിണ്ണയിൽ പറന്നുവന്നിരുന്നു. ഉണ്ണിക്കുട്ടന്നു. ദേഷ്യവും വെറുപ്പും തോന്നി. ഈ കാക്കകൾക്കു വേറേ പണിയൊന്നുമില്ലേ? വെയിലെന്നില്ല.

മഴയെന്നില്ല! ഇങ്ങനെയുണ്ടോ ഒരു പറന്നുനടക്കൽ.

ഉണ്ണിക്കുട്ടൻ 'ശ' എന്ന ശബ്ദത്തോടെ ഇടത്തേ കൈ വീശിയപ്പോൾ കാക്ക പറന്നുപോയി.

'അസത്ത്!' ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു. അമ്മ ഒരു നുളള് ഉമ്മിക്കരിയുമായി വന്നു. ഉണ്ണിക്കുട്ടനെ പല്ലു തേപ്പിച്ചു. ഉപ്പും കുരുമുളകും ചേർത്ത പൊടിച്ച ഉമിക്കരിയാണ്. പല്ലു തേച്ചുകഴിഞ്ഞാലും, വായിൽ ലേശം എരിവു തോന്നും. ഉണ്ണിക്കുട്ടനതിഷ്ടമാണ്. പക്ഷേ, പച്ചീർക്കിൽ കൊണ്ട് നാവ് വടിച്ചത് അവനിഷ്ടമായില്ല. എത്ര ദിവസമായി പറയുന്നു. ഒരു 'ടങ്ക്ലീനർ' വേണമെന്ന്! 'ഉം' എന്നു മൂളിക്കൊണ്ട് അച്ഛൻ ഓഫീസിലേക്കു പോകും. ഓഫീസിൽനിന്നു വരുമ്പോൾ കൊണ്ടുവരില്ല. ചോദിച്ചാൽ മറന്നുവെന്നു പറയും. കരയാൻ തുടങ്ങിയാൽ വേറേ വല്ലതും പറഞ്ഞു സമാധാനിപ്പിക്കും.

ഇന്ന് ഓഫീസിൽ പോകുമ്പോൾ ഒന്നുകൂടി ഓർമ്മിപ്പിക്കണം. 'ടങ്ക്ലീനർ' മാത്രം പോര, ഒരു ടൂത്ത് ബ്രഷും വാങ്ങിക്കൊണ്ടുവരാൻ പറയണം.

ഇന്നുമുതൽ, ഇന്നലത്തെപ്പോലെയുള്ള കുട്ടിയൊന്നുമല്ല, താൻ! ഇന്നുമുതൽ സ്കൂൾകുട്ടിയാണ്. സ്കൂൾകുട്ടി.

പുതിയ ടൂത്ത് ബ്രഷ്, പുതിയ ടങ്ക്ലീനർ, ടൂത്ത് പെയ്സ്റ്റ് അച്ഛന്റേതു മതി. നാളെ മുതൽ ഉമിക്കരികൊണ്ടു പല്ലു തേക്കില്ല.

ടൂത്ത് ബ്രഷ് ഇടത്തേ കൈയിൽ പിടിക്കുക. വലത്തേ കൈയിൽ ടൂത്ത് പെയ്സ്റ്റിന്റെ ട്യൂബും. എന്നിട്ട് വലത്തേ കൈയിലെ ട്യൂബിൽ പതുക്കെ ഒന്നു ഞെക്കുക!

അപ്പോൾ-

അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു വെളുത്ത പുഴുവിന്റെ ആകൃതിയിൽ ടൂത്ത്പെയ്സ്റ്റ് ബ്രഷിലേക്കു ചാടും. കാണാൻ എന്തൊരു ഭംഗിയായിരിക്കും!

പതുക്കെ ഒരു പ്രാവശ്യംമാത്രമേ ഞെക്കുവാൻ പാടുള്ളൂ. പിന്നെയും പിന്നെയും ഞെക്കിയാൽ അന്നത്തെപ്പോലെ അച്ഛനു ദേഷ്യം വരും. ട്യൂബിലെ പെയ്സ്റ്റ് എല്ലാം ഞെക്കിഞെക്കിക്കളഞ്ഞാൽ അച്ഛൻ ദേഷ്യപ്പെടാതിരിക്കുമോ?

പല്ലുതേപ്പുകഴിഞ്ഞ് എഴുന്നേറ്റപ്പോഴേക്കും മുത്തശ്ശി വന്നു പറഞ്ഞു: "നടന്നോ, കുളിക്കാൻ."

"ഈ മഴയത്തോ?"

"മഴ പ്പൊന്നും തോരില്ല."

"എണ്ണ?"

"ഇപ്പൊ എണ്ണ തേയ്ക്കൊന്നും വേണ്ട."

മുത്തശ്ശി, അടുക്കളയുടെ അടുത്തുനിന്ന്. ഓലക്കുടയെടുത്ത് ഉമ്മറത്തേക്കു നടന്നു. പുറകേ ഉണ്ണിക്കുട്ടനും.

ഉമ്മറത്തെത്തിയപ്പോൾ, മുത്തച്ഛനില്ല. പാടത്തേക്കു പോയതാവും. കിടക്ക മടക്കി, ബെഞ്ചിന്റെ തലയ്ക്കൽഭാഗത്തു വെച്ചിട്ടുണ്ട്.

പൂമുഖത്തെ നിലത്ത് അടയ്ക്കാത്തരങ്ങകളും വെറ്റിലഞെട്ടികളും ചിന്നിച്ചിതറി കിടക്കുന്നതിന്മേൽ, ഉണ്ണിക്കുട്ടൻ മൂന്നാലു പ്രാവശ്യം ചവുട്ടി. ഇവയെല്ലാം പെറുക്കിയെടുത്തു മുറ്റത്തേക്കിടുകയാണു വേണ്ടത്. അതിനിപ്പോൾ സമയമില്ലല്ലോ.

"വേഗം ങ്ട്ട് വന്നോ."

മുത്തശ്ശി മുറ്റത്തേക്കിറങ്ങിക്കൊണ്ടു പറഞ്ഞു.

ഉണ്ണിക്കുട്ടൻ മുറ്റത്തേക്കിറങ്ങാൻ ഭാവിച്ചപ്പോഴേക്കും അമ്മ അവന് ഒരോലക്കുട കൊണ്ടുവന്നു കൊടുത്തു.

ഓലക്കുട കൈയിൽ വാങ്ങിക്കൊണ്ട് ഉണ്ണിക്കുട്ടൻ ചോദിച്ചു: "ശീലക്കുട എവിടെ?"

"ശീലക്കുട സ്കൂളിൽ പോകുമ്പോ."

ഇത്രയും പറഞ്ഞ് അമ്മ, അകത്തേക്കു പോയി. ഉണ്ണിക്കുട്ടൻ മനസ്സില്ലാമനസ്സോടെ ഓലക്കുടയും പിടിച്ച് മുത്തശ്ശിയുടെ പുറകെ നടന്നു.

നനഞ്ഞ മണ്ണിൽ ചവിട്ടുമ്പോൾ എന്തൊരു തണുപ്പാണ് കുട പിടിച്ചിട്ടുണ്ടെങ്കിലും മഴത്തുള്ളികൾ കുറേശ്ശ ദേഹത്തിൽ വീഴുന്നുണ്ട്. അവൻ കൊച്ചടികൾ വെച്ചുകൊണ്ട് മുത്തശ്ശിയുടെ ഒപ്പം നടന്നു.

റോഡിന്റെ ഇരുഭാഗത്തുമുള്ള ചാലുകളിൽകൂടെ ചുവന്ന വെള്ളം കുത്തിയൊലിച്ചുപോകുന്നു. ഒഴുക്കിന് എന്തൊരു ശക്തിയാണ്! അബദ്ധത്തിൽ ആ ഒഴുക്കിലേക്കു വീണാൽ എന്തായിരിക്കും സ്ഥിതി? അതാലോചിച്ചപ്പോൾ അവനു പേടി തോന്നി.

വേണ്ടത്, കുറെ കാക്കകളെ ഈ ഒഴുക്കിലേക്കിട്ടുകൊടുക്കുകയാണ്. ഒഴുക്കിൽപ്പെട്ടു ചാകട്ടെ.

റോഡിന്റെ ഇരുഭാഗത്തമുള്ള ചാലുകളിലെ വെള്ളത്തിന്റെ ഒഴുക്കു നോക്കിക്കൊണ്ടങ്ങനെ നടന്നതുകൊണ്ട് അമ്പലക്കുളത്തിലെത്തിയതറിഞ്ഞില്ല.

അമ്പലക്കുളം നിറഞ്ഞൊഴുകുന്നു. പൂരത്തിനുമുമ്പ് മുത്തശ്ശിയോടൊപ്പം കുളിക്കാൻ വന്നപ്പോ ഇത്തിരി വെള്ളമേ ഉണ്ടായിരുന്നുള്ളൂ. വെള്ളത്തിന്, ആനപ്പിണ്ടിയുടെയും വെടിമരുന്നിന്റെയും മണമുണ്ടായിരുന്നു. നീർക്കോലികൾ ഒരുപാടുണ്ടായിരുന്നു.

കുളികഴിഞ്ഞ് അമ്പലനട കയറുമ്പോൾ, പാറുക്കുട്ടിയമ്മയെ കണ്ടു. അവരുടെ ഇടത്തേ കൈയിൽ, തേക്കിന്റെ ഇലയിൽ

പൊതിഞ്ഞ ഒരു പടച്ചോറും, വലത്തേ കൈയിൽ ഓലക്കുടയുമാണ്.

"ഇന്നെന്താ രാവിലെതന്നെ, ഈ മഴയത്ത്?"

"ഉണ്ണിക്കുട്ടനെ ഇന്നാണ് സ്കൂളിൽ ചേർക്കണേ."

"അത്യോ? ഉണ്ണിക്കുട്ടൻ അസ്സലായി പഠിക്കും ഇല്ലേ?" അതിനു സമാധാനം പറയാൻ സമ്മതിക്കാതെ, മുത്തശ്ശി കൈ പിടിച്ചുകൊണ്ടു നടന്നു.

എന്തൊരു ധൃതിയാണ് മുത്തശ്ശിക്ക്!

മഴയാണെങ്കിലും പാറുക്കുട്ടിയമ്മയുടെ സംസാരം കേൾക്കുന്നത് ഉണ്ണിക്കുട്ടനിഷ്ടമാണ്. മഴക്കാലം തുടങ്ങിയതിനുശേഷം, പാറുക്കുട്ടിയമ്മ വീട്ടിലേക്കു ദുർലഭമായേ വരാറുള്ളൂ.

അമ്പലമുറ്റത്തു നടതള്ളിയ പശുക്കളെയൊന്നും കാണാനില്ല. മഴയായതുകൊണ്ട് വിറകു സൂക്ഷിക്കുന്ന നെടുമ്പുരയിലോ മറ്റോ കയറി നിൽക്കയാവും.

നാലമ്പലത്തിൽ കടന്നു തൊഴുത്തും പുഷ്പാഞ്ജലിക്കുള്ള പണമടച്ചതുമെല്ലാം വേഗത്തിൽ കഴിഞ്ഞു.

എന്താണ് മഴ ഇനിയും തോരാത്തത്?

ഉണ്ണിക്കുട്ടൻ, മുത്തശ്ശിയോടൊപ്പം അമ്പലത്തിൽനിന്നു വീട്ടിലേക്കു തിരിച്ചുവന്നു.

## രണ്ട്

കാക്കിനിക്കറും ഇളംനീല ഷർട്ടും ധരിച്ച്, ഉണ്ണിക്കുട്ടൻ പൂമുഖത്തേക്കു തുള്ളിച്ചാടിക്കൊണ്ടുവന്നു. പൂമുഖത്തെത്തിയപ്പോൾ മുത്തച്ഛനും കുട്ടൻനായരുമുണ്ട്. അവർ രണ്ടുപേരും പുറത്തുനിന്ന് ഇത്ര വേഗം മടങ്ങിവന്നുവെന്നോ!

കടലാസ് വായിച്ചുകൊണ്ടിരിക്കുന്ന മുത്തച്ഛൻ, കണ്ണടയെടുത്ത് കൈയിൽ പിടിച്ചുകൊണ്ടു ചോദിച്ചു: "ഉണ്ണിക്കുട്ടൻ പുറപ്പെട്ട്യോ?"

ഉണ്ണിക്കുട്ടൻ മുത്തച്ഛന്റെ അടുത്തു വന്നു നിന്നു.

"എന്തേ കഴിച്ചത്?" മുത്തച്ഛൻ തുടർന്നു ചോദിച്ചു.

"ചോറ്."

"വെറും ചോറോ?"

"നെയ്യ് കൂട്ടിക്കുഴച്ച ചോറ്."

മുത്തച്ഛൻ വാത്സല്യത്തോടെ അവന്റെ വലത്തേ കൈ മണത്ത നോക്കി. ശരിയാണ്. കൈയിന് നെയ്യിന്റെ മണമുണ്ട്.

കുട്ടൻനായർ ചോദിച്ചു: "ഒരുമണിവരെ ഇരിക്ക്യോ. വെശ്ക്കില്ലേ?"

'ഇല്ല!' എന്ന അർത്ഥത്തിൽ ഉണ്ണിക്കുട്ടൻ തലയാട്ടി.

"വെശ്ന്ന് നെലോളിക്യൊന്നും അരുത്." മുത്തച്ഛൻ ചിരിച്ചു കൊണ്ടു പറഞ്ഞു.

അമ്മ വന്ന്, അവന്റെ തലമുടി കൈകൾകൊണ്ടു മാടിയൊതുക്കി. എന്നിട്ട് അവന്റെ കവിളത്ത് ഒരുമ്മവെച്ചു.

"അമ്മേടെ മിടുക്കൻകുട്ടി."

കുട്ട്യേട്ടനും സ്കൂളിൽ പോകാൻ തയ്യാറായി ഉമ്മറത്തേക്കു വന്നു. ചുമരിലെ ആണിയിൽ തൂക്കിയിരിക്കുന്ന സഞ്ചിയെടുത്തു തോളിലിട്ടു. ഉണ്ണിക്കുട്ടനു സഞ്ചി കൊണ്ടുവന്നു കൊടുത്തതു മുത്തശ്ശിയാണ്. ഉണ്ണിക്കുട്ടൻ സഞ്ചി വാങ്ങി ബെഞ്ചിന്മേൽ വച്ചു തുറന്നുനോക്കി. ഉണ്ട്. എല്ലാമുണ്ട്. സ്ലേറ്റും ഒന്നാംപാഠപുസ്തകവും എല്ലാമുണ്ട്. സ്ലേറ്റ് ഇതു രണ്ടാമത്തേതാണ്. രണ്ടാഴ്ചയ്ക്കു മുമ്പൊന്ന് വാങ്ങിയത്. അവന്റെ കൈയിൽനിന്ന് അബദ്ധത്തിൽ നിലത്തു വീണു പൊട്ടി. വേറൊരു സ്ലേറ്റ് അപ്പോൾത്തന്നെ വാങ്ങിക്കിട്ടാൻ അവൻ ശാഠ്യം പിടിച്ചു കരഞ്ഞു. അപ്പോൾത്തന്നെ മുത്തച്ഛൻ കുട്ടൻനായരെ അയച്ച് ഒരു സ്ലേറ്റ് വാങ്ങിപ്പിച്ചു. രണ്ടാമത്തെ സ്ലേറ്റിന്റെ കാര്യത്തിൽ അവനു വലിയ നിഷ്കർഷയാണ്. സ്ലേറ്റ് സഞ്ചിയിൽനിന്നെടുക്കുന്നതും സഞ്ചിയിൽ വയ്ക്കുന്നതും വളരെ ശ്രദ്ധയോടെയാണ്.

സ്ലേറ്റിന്റെ മരംകൊണ്ടുള്ള ചട്ടക്കൂട്ടിൽ പേരെഴുതി കൊടുത്തത് കുട്ട്യേട്ടനാണ്. അത്ര നല്ല കയ്യക്ഷരമൊന്നുമല്ല, കുട്ട്യേട്ടന്റെ! ഇതിലും നല്ലത് കുട്ടൻനായരുടേതാണ്. കുട്ട്യേട്ടൻ 'ഉ' എന്നെഴുതിയിരിക്കുന്നതു കണ്ടാൽ, ഒരാൾ കഴുത്തു നീട്ടി നില്ക്കുന്ന ചിത്രമാണെന്നാണു തോന്നുക.

ഒന്നാംപാഠപുസ്തകം പൊതിഞ്ഞു തന്നതും കുട്ട്യേട്ടൻതന്നെയാണ്. അമ്മയ്ക്കു മുണ്ടും വേഷ്ടിയും വാങ്ങിക്കൊണ്ടുവന്ന തവിട്ടുനിറത്തിലുള്ള കടലാസ്സുകൊണ്ടാണ് പുസ്തകം പൊതിഞ്ഞിരിക്കുന്നത്.

ഉണ്ണിക്കുട്ടൻ പുസ്തകം തുറന്നുനോക്കി. പുസ്തകത്തിനുള്ളിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന മയിൽപ്പീലി അവിടെത്തന്നെയുണ്ട്. കത്തിരിമാർക്ക് സിഗരറ്റിനുള്ളിൽനിന്നെടുത്ത വെള്ളിക്കടലാസ്സും അവിടെത്തന്നെയുണ്ട്.

സ്ലേറ്റിന്റെ ചട്ടക്കൂട്ടിൽ വീണ്ടും നോക്കി. ഇല്ല. പേരെഴുതിയതു നന്നായിട്ടില്ല. ഇംഗ്ലീഷിലായിരുന്നു പേരെഴുതേണ്ടിയിരുന്നത്. അവന്റെ ഇനീഷ്യൽ പി. സി. എന്ന അക്ഷരങ്ങൾ മാത്രമേ ഇംഗ്ലീഷിലെഴുതിയിട്ടുള്ളൂ.

ഉണ്ണിക്കുട്ടൻ സ്ലേറ്റും പുസ്തകവും സഞ്ചിയിൽത്തന്നെ വെച്ചു.

കുട്ട്യേട്ടൻ കീശയിൽനിന്നു ചെറിയൊരു കഷണം സ്ലേറ്റു പെൻസിലെടുത്തു നീട്ടിക്കൊണ്ടു പറഞ്ഞു:

"ഇന്നാ."

ആദ്യത്തെ ദിവസംതന്നെ ഒരു കഷണം പെൻസിലാണത്രെ! ഉണ്ണിക്കുട്ടൻ പറഞ്ഞു: "യ്ക്ക് ഒന്നു മുഴോനീം വേണം."

"വേണെങ്കിൽ ഇന്നാ!" കുട്ട്യേട്ടൻ പെൻസിൽ കാലുകൊണ്ടൊരു തട്ടുകൊടുത്തു. തന്നോടു വേണ്ടിയത്. എന്താന്നല്ലേ. കുട്ട്യേട്ടന്റെ ഒരു ദേഷ്യം! നാലാംക്ലാസ്സിലേക്കു ജയിച്ചശേഷം വലിയ ഒരു 'ടിപ്പാ'ണ് കുട്ട്യേട്ടന്. നാലാംക്ലാസ്സിലെ മോണിട്ടർ കുട്ട്യേട്ടനാണത്രെ! മോണിട്ടരുടെ പവറ് തന്നോടു കാണിക്കേണ്ട.

"അമ്മേ, യ്ക്കൊരു മുഴോൻ പെൻസില്."

ഉണ്ണിക്കുട്ടൻ അമ്മയോടു പറഞ്ഞു.

"ഇന്ന് ഇതു മതി മോനേ."

"പോരാ."

കുട്ടൻനായർ ഉമ്മറത്തെ മേപ്പടിയിൽ തപ്പിത്തിരഞ്ഞ് ഒരു പെൻസിലെടുത്ത് ഉണ്ണിക്കുട്ടന്റെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു: "ഇതാ പെൻസിൽ."

ഉണ്ണിക്കുട്ടൻ സന്തോഷത്തോടെ പെൻസിൽ വാങ്ങി. കുട്ടൻനായർ എത്ര നല്ലൊരാളാണ്! തനിക്കുവേണ്ടി, പെൻസിൽകൂടി സൂക്ഷിച്ചുവെച്ചിരിക്കുന്നു.

ഉണ്ണിക്കുട്ടൻ പെൻസിൽ പോക്കറ്റിലിട്ടു. ശരിയാകുന്നില്ല. പെൻസിൽ പോക്കറ്റിൽനിന്നു പൊന്തിനില്ക്കുന്നു. ധൃതിയിൽ നടക്കുമ്പോൾ താഴെ വീണുപോയെന്നുവരാം. അവനതെടുത്ത് സഞ്ചിക്കുള്ളിലിട്ടു.

ഇപ്പോൾ സഞ്ചിക്കുള്ളിൽ എന്തൊക്കെയാണുള്ളത്? സ്ലേറ്റ്, സ്ലേറ്റു പെൻസിൽ, ഒന്നാംപാഠപുസ്തകം. ഒന്നാം പാഠപുസ്തകത്തിനുള്ളിൽ മയിൽപ്പീലി, വെള്ളിക്കടലാസ്.

ഇന്നലെ ഒന്നാംപാഠപുസ്തകത്തിൽ, പച്ചനിറത്തിലുള്ള ഒരു സിനിമാ നോട്ടീസുകൂടിയുണ്ടായിരുന്നു. അമ്മിണി അതു കാണാനിടയായി. അതു കിട്ടുന്നതുവരെ അവൾ കരഞ്ഞു. വല്ലാത്തൊരു പെണ്ണ്! കരഞ്ഞാൽ മതി. അവൾക്കെല്ലാം കിട്ടും.

മഴയുടെ ശക്തി കുറച്ചൊന്നു നിലച്ചിട്ടുണ്ടിപ്പോൾ. ഇടയ്ക്കിടയ്ക്ക് കാറ്റു വീശുന്നുണ്ട്.

അച്ഛൻ ഓഫീസിലേക്കു പോകാൻ തയ്യാറായിക്കൊണ്ട്. ഉമ്മറത്തേക്കു വന്നു. ഇന്ന്, തന്നെ സ്കൂളിൽ ചേർത്തതിനുശേഷമാണ്. അച്ഛൻ ഓഫീസിലേക്കു പോവുക.

"ഉണ്ണിക്കുട്ടൻ റെഡിയാണോ?" അച്ഛൻ, അച്ഛന്റെ ചെവിക്കുള്ളിൽ

ചെറുവിരലിട്ട് കുലുക്കിക്കൊണ്ടു ചോദിച്ചു.

ഉണ്ണിക്കുട്ടൻ, ബെഞ്ചിൽനിന്നു സഞ്ചിയെടുത്ത്, ചുമലിൽ തൂക്കി. എന്നിട്ട് ഉത്തരത്തിന്മേലേക്കു വിരൽചൂണ്ടിക്കൊണ്ടു പറഞ്ഞു: "ചെരിപ്പ്."

ശരിയാണ്, അച്ഛൻ അവനുവേണ്ടി കോയമ്പത്തൂരിൽനിന്നു കൊണ്ടുവന്ന സ്പോഞ്ചുചെരിപ്പ് ഉത്തരത്തിന്മേലിരിക്കുന്നുണ്ട്.

മുത്തച്ഛൻ പറഞ്ഞു: "ഈ ചെളീല് അതിട്ടു നടന്നാൽ ചെളി തെറിക്കും. കുപ്പായോം നിക്കറും ചീത്ത്യാവും."

ഉണ്ണിക്കുട്ടൻ, മുത്തച്ഛന്റെ അഭിപ്രായം സമ്മതിച്ചു. മഴക്കാലത്ത് വെറുംകാലിൽ നടക്കുകതന്നെയാണ് നല്ലത്. ഇപ്പോൾ മഴ ചാറുകയാണ്. സാരമില്ല. അച്ഛൻ കുട നിവർത്തി മുറ്റത്തേക്കിറങ്ങിക്കൊണ്ടു പറഞ്ഞു: "മഴ സാരംല്യ, പൊവ്വാ."

അമ്മ, ഉണ്ണിക്കുട്ടന്റെ കുഞ്ഞിക്കുട നിവർത്തിക്കൊടുത്തു. ഉണ്ണിക്കുട്ടൻ കുടവാങ്ങി മുറ്റത്തേക്കിറങ്ങിയപ്പോൾ കാളിയമ്മ പറഞ്ഞു:

"ഇന്നു മോരിനു പോകുമ്പോൾ, കാള്യമേടെ ചുന്തരക്കുട്ടിണ്ടാ വില്ലല്ല്യേ?"

കുട്ട്യേട്ടൻ മുമ്പിൽ നടന്നു. കുട്ട്യേട്ടന്റെ പുറകെ അച്ഛനും ഉണ്ണിക്കുട്ടനും. തൊപ്പിക്കുട ധരിച്ചുകൊണ്ട് പടിക്കൽവരെ ചെന്നു.

റോഡിലെത്തിയപ്പോൾ, ഉണ്ണിക്കുട്ടൻ രണ്ടു ഭാഗത്തേക്കും നോക്കി. ചാലുകളിൽ വെള്ളത്തിന്റെ ഒഴുക്കിനു ശക്തി കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ അബദ്ധത്തിൽ ചാലിൽ വീണാലും ഒലിച്ചുപോകില്ല. പിടിച്ചുനില്ക്കാം. രാവിലെ കുളിക്കാൻ പോകുമ്പോൾ എന്തൊരൊഴുക്കായിരുന്നു!

റോഡിൽ അവിടവിടെയായി വെള്ളം തളംകെട്ടി നില്ക്കുന്നുണ്ട്. അതിൽക്കൂടെ കാറോ ലോറിയോ പോയാൽ 'ഭുശും' എന്ന ശബ്ദത്തോടെ വെള്ളം തെറിക്കും.

ഇപ്പോൾ ചാറ്റൽമഴയുണ്ട്. ചാറ്റൽമഴയെക്കാൾ നല്ലത്. കനത്ത മഴയാണെന്നു തോന്നി, ഉണ്ണിക്കുട്ടന്! റോഡിന്റെ ഓരത്തിലുള്ള മരങ്ങളിൽനിന്നു കാക്കകൾ കരയുന്ന ശബ്ദം കേട്ടു. എവിടെച്ചെന്നാലും കാക്കകളുമുണ്ട്. മഴക്കാലത്തും കാക്കൾ കൂട് ഉണ്ടാക്കുമോ? കൂട് ഉണ്ടാക്കിയാൽത്തന്നെ മഴയേറ്റു കൂട് തകർന്നുവീഴില്ലേ?

നല്ല സ്പീഡിൽ ഒരു ലോറി വരുന്നതു കണ്ടപ്പോൾ, അച്ഛൻ റോഡിന്റെ അരുപറ്റി നിന്നു. അച്ഛന്റെ പിന്നിൽ ഉണ്ണിക്കുട്ടനും നിന്നു. വെള്ളം ഒട്ടും തെറിച്ചില്ല.

റോഡിന്റെ അടുത്തുള്ള കുളത്തിൽനിന്നു നിറഞ്ഞൊഴുകുന്ന

വെള്ളം റോഡിന്റെ ഓരത്തുള്ള ചാലിലേക്ക് ഒഴുകിവരുന്നുണ്ട്. വെള്ളത്തിൽ തുള്ളിക്കളിക്കുന്ന ചെറുമരങ്ങളുമുണ്ട്. കുളത്തിലെ വെള്ളം ഒഴുകിവന്നു ചാലിലേക്കു വീഴുന്ന സ്ഥലത്ത് ഒരു മാപ്പിള ഒരു വലയെറിഞ്ഞു കാത്തിരിക്കുന്നുണ്ട്. വല വെള്ളത്തിൽനിന്നു. മെല്ലെമെല്ലെ വലിച്ചെടുത്ത കരയിലേക്കു കൊണ്ടുവരുമ്പോൾ, മത്സ്യങ്ങളങ്ങനെ കിടന്നു പിടയുന്നുണ്ടാകും.

ഇന്നാളൊരു ദിവസം, കാളിയമ്മ, ഇവിടെ കൊണ്ടുവന്നു മത്സ്യം പിടിക്കുന്നത് കാണിച്ചുതന്നതാണ്! കണ്ടിട്ടും കണ്ടിട്ടും മതിയായില്ല. കാളിയമ്മയ്ക്കു വലിയ ധൃതിയായിരുന്നതുകൊണ്ട്, അധികസമയം കാണാൻ സമ്മതിച്ചില്ല.

കുളത്തിന്റെ അടുത്തെത്തിയപ്പോൾ, ഉണ്ണിക്കുട്ടൻ പറഞ്ഞു: “ഇത് കാണാ കുറച്ചുനേരം.”

“ഏത്?”

“മത്സ്യം പിടിക്കുന്നത്.”

“മത്സ്യം പിടിക്കുന്നത് കണ്ടാൽ മത്യോ, സ്കൂളിൽ ചേരണ്ടെ?”

അതിന് ഉണ്ണിക്കുട്ടൻ സമാധാനമൊന്നും പറഞ്ഞില്ല. കുട്ട്യേട്ടൻ പറഞ്ഞു: “മത്സ്യം പിടിക്കണത് കാണണംത്രെ!”

ഉണ്ണിക്കുട്ടനു വല്ലാതെ ദേഷ്യം വന്നു. വല്ല ആവശ്യവുമുണ്ടോ, കുട്ട്യേട്ടന് ഇടയിൽ കടന്ന് ഇങ്ങനെയോരോന്നു പറയാൻ.

“സ്കൂളിൽ ബെല്ലടിക്കാറായി, വേഗം നടക്ക്.” അച്ഛൻ ധൃതികൂട്ടി.

സ്കൂൾഗേറ്റ് കടന്ന്, സ്കൂൾമുറ്റത്തെത്തിയപ്പോൾ, ഉണ്ണിക്കുട്ടന് ലേശം പരിഭ്രമം തോന്നാതിരുന്നില്ല. പരിചയമില്ലാത്ത കുട്ടികൾ, പരിചയമില്ലാത്ത ചുറ്റുപാടുകൾ!

കുട്ടികൾ ധൃതിയിൽ മഴയത്തിനിന്ന്, വരാന്തയിൽ കയറുന്നു. കുടകൾ പൂട്ടി, വരാന്തയിലെ വളകളിൽ തുക്കുന്നു. ചിലർ കുടകൾ പൂട്ടാതെ അങ്ങനെതന്നെ വരാന്തയിൽ വയ്ക്കുന്നു. ഓലക്കുടകളും ശീലക്കുടകളുമുണ്ട്. കുടകളിൽനിന്നൊലിച്ചിറങ്ങന്ന വെള്ളംകൊണ്ട് വരാന്തയാകെ നനഞ്ഞിരിക്കുകയാണ്. എല്ലാംകൂടി ബഹളമയംതന്നെ!

ഉണ്ണിക്കുട്ടൻ അച്ഛന്റെ ഒപ്പംതന്നെ വരാന്തയിലേക്കു കയറി. അച്ഛൻ കുടപൂട്ടി, വളയിൽ തുക്കി. ഉണ്ണിക്കുട്ടന്റെ കുട നിവർത്തിയതു പോലെതന്നെ, വരാന്തയിലൊരരുകിൽ വച്ചു.

സ്കൂൾമുറ്റത്തു പൂച്ചെടികൾ ഭംഗിയായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇടയ്ക്കിടയ്ക്കു വിരിഞ്ഞുനില്ക്കുന്ന പനിനീർപ്പൂക്കളുമുണ്ട്.

സ്കൂൾമുറ്റത്ത് ഒരു വലിയ മാവുണ്ട്. മാവിൽനിന്ന് ഒരുപാടു മാവിലകൾ താഴത്തു വീണുകിടക്കുന്നുണ്ട്. കുട്ടൻനായർ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ പല്ലു തേക്കാൻ മാവിലകൾ

പെറുക്കിയെടുക്കുമായിരുന്നു.

ഉണ്ണിക്കുട്ടൻ മത്സ്യം പിടിക്കുന്നതിനെക്കുറിച്ചോർത്തു. വെള്ളത്തിൽ നിന്നു വല വലിച്ചെടുക്കുമ്പോൾ മത്സ്യങ്ങൾ വലയ്ക്കകത്തു കിടന്നു പിടയ്ക്കുന്നുണ്ടാവും. പിടയുന്ന മത്സ്യങ്ങളെല്ലാം കൂമ്പൻകൊട്ടയിലാക്കി മാപ്പിള പോയിട്ടുണ്ടാവുമോ?

മാപ്പിള, പിടഞ്ഞു സഞ്ചാരംകൊള്ളുന്ന മത്സ്യങ്ങളുള്ള ആ കുട്ട ചെറിയ കുട്ടികളുടെ-കവിഴാനുംകൂടി പ്രായമാകാത്ത കുട്ടികളുടെ - അടുത്തു വയ്ക്കരുതെന്ന് ഉണ്ണിക്കുട്ടൻ ആഗ്രഹിച്ചു. കവിഴാൻ തുടങ്ങിയിട്ടില്ലാത്ത കുട്ടിയുടെ അടുത്ത മീൻകുട്ട വെച്ചാൽ അപകടമുണ്ടായേക്കും. അങ്ങനെ ഒരപകടമുണ്ടായത് മുത്തച്ഛൻ പേപ്പറിൽ വായിക്കുന്നതു കേട്ടു. ഒരാൾ താൻ പിടിച്ച മത്സ്യങ്ങളെയെല്ലാം ഒരു കൊട്ടയിലാക്കി, മലർന്നുകിടന്നു കയ്യും കാലുമിട്ടടിച്ചു കളിക്കുന്ന തന്റെ കുട്ടിയുടെ അടുത്തു കൊണ്ടുവന്നു വെച്ചു. കൊട്ടയിൽ ചക്രശ്വാസം വെട്ടിവിടയുന്ന മത്സ്യങ്ങളിലൊന്ന് ആ കുട്ടിയുടെ വായ്ക്കകത്തായി. വായിൽനിന്നു ചങ്കിൽ ചെന്നു. കുടുങ്ങി. മത്സ്യത്തിനു താഴോട്ടുപോവാനും വയ്യ, മേലോട്ടു വരാനും വയ്യ. കുട്ടി ശ്വാസം മുട്ടി, ചക്രശ്വാസം വെട്ടി മരിച്ചുപോയി. പാവം കുട്ടി!

മത്സ്യക്കൊട്ട കുട്ടിയുടെ അടുത്തു കൊണ്ടുവന്ന ആളെ തല്ലണം; അതാണു വേണ്ടത്.

മഴ പെട്ടെന്നൊന്നു നിലച്ചതുപോലെ തോന്നി. 'ഉവ്വോ' എന്നറിയാൻ ഉണ്ണിക്കുട്ടൻ മുറ്റത്തിറങ്ങി നോക്കി. ശരിയാണ്, മഴ പെയ്യുന്നില്ല.

മുറ്റത്ത് അവിടവിടെയായി വെള്ളം തളംകെട്ടി നില്ക്കുന്നുണ്ട്. മാവിന്റെ അടുത്ത തളംകെട്ടിനില്ക്കുന്ന വെള്ളത്തിൽ മാവിന്റെ പ്രതിച്ഛായ നിഴലിച്ചുകാണുന്നതു കുറച്ചുനേരം ഉണ്ണിക്കുട്ടൻ നോക്കി നിന്നു. അതിലേക്ക് ഒരു കല്ലെടുത്തിട്ടപ്പോൾ, മാവിന്റെ പ്രതിച്ഛായ മാഞ്ഞുപോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ വീണ്ടും നിഴലിച്ചുകണ്ടു.

വേറൊരിടത്തു വെള്ളം തളംകെട്ടിനില്ക്കുന്നിടത്തേക്ക് അവനൊരു കല്ലെടുത്തെറിഞ്ഞു. വെള്ളത്തിൽനിന്നു ചെറിയ തവളക്കുഞ്ഞുങ്ങൾ ചാടി കരയ്ക്കു കയറി. വീണ്ടും വെള്ളത്തിലേക്കുതന്നെ ചാടി ഊളിയിട്ടുപോയി.

എത്ര ചെറിയ തവളക്കുട്ടികളാണ്! കുറച്ചു ദിവസങ്ങൾ കഴിയുമ്പോഴേക്കും എല്ലാം വലുതാവും. മുണ്ടി തിന്നുന്നതു വലിയ തവളകളെയാണത്രെ! തവളകളെ തിന്നുമ്പോൾ ഛർദ്ദിക്കാൻ തോന്നില്ലേ? 'ഞളും പുളും' എന്നിങ്ങനെ തിന്നുമ്പോൾ, ഓക്കാനിക്കാൻ തോന്നാതിരിക്കുമോ?

പക്ഷികളും ഇഴജന്തുക്കളും തവളകളെ തിന്നും. ചെമ്പോത്തും കാക്കയും തവളയെ കൊത്തിത്തിന്നുന്നതു കണ്ടിട്ടുണ്ട്.

ഇന്നാളൊരു ദിവസം സന്ധ്യയ്ക്കു തവള കരയുന്നതു കേട്ടപ്പോൾ കുട്ടൻനായർ പറഞ്ഞു. ചേര തവളയെ പിടിച്ചിരിക്കുകയാണെന്ന് ചേര എങ്ങനെയാവും തവളയെ തിന്നുക? ചേരയ്ക്ക് കൊത്തിത്തിന്നാൻ കൊക്കില്ലല്ലോ!

തവളയെ മാത്രമല്ല, എലിയെയും ചേര പിടിച്ചു തിന്നുമത്രേ! വീട്ടിലെ തൊടിയിൽ നട്ടിരിക്കുന്ന കപ്പക്കിഴങ്ങിനു നാശം പറ്റാതിരിക്കുന്നത്, തൊടിയിൽ ചേരയുള്ളതുകൊണ്ടാണത്രേ. ചേരയില്ലെങ്കിൽ, എലികൾ മണ്ണു തുരന്നു കപ്പക്കിഴങ്ങെല്ലാം തിന്നു നശിപ്പിക്കും.

ചേര, എലിയെ പിടിക്കുമ്പോൾ എലിയും നിലവിളിക്കുമോ?എലി, നിലവിളിക്കുമ്പോഴത്തെ ശബ്ദം എങ്ങനെയായിരിക്കും?

"എന്താ ഉണ്ണിക്കുട്ടാ?" എന്ന ശബ്ദംകേട്ട്, ഉണ്ണിക്കുട്ടൻ തിരിഞ്ഞു നോക്കി. പണിക്കരുമാഷ് പിന്നിൽ നില്ക്കുന്നു.

ഉണ്ണിക്കുട്ടൻ ചിരിച്ചു.

"അറിയ്യോ?" പണിക്കരുമാഷ് ചോദിച്ചു. പണിക്കരുമാഷെ അറിയാത്തവരായി വല്ലവരുമുണ്ടോ?

ഉണ്ണിക്കുട്ടന്റെ മാഷ്, പണിക്കരുമാഷാവില്ല. ഉണ്ണിക്കുട്ടന്റെ മാഷ്, രാധടീച്ചറാണ്. രാധടീച്ചറും പണിക്കരുമാഷെപ്പോലെ, നല്ല ടീച്ചറാണ്. അമ്മയെ ഒന്നാം ക്ലാസ്സിൽ പഠിപ്പിച്ചതുംകൂടി രാധടീച്ചറാണത്രേ!

പണിക്കരുമാഷ് വരാന്തയിൽ കയറി. അച്ഛനുമായി എന്തോ സംസാരിച്ചശേഷം ക്ലാസ്സുമുറിയിലേക്കു പോയി.

ചെറിയ ഒരു കാറ്റടിച്ചു. മാവിലകളിൽനിന്ന്, കുറെ മഴത്തുള്ളികൾ താഴത്തേക്കു വീണു.

ഉണ്ണിക്കുട്ടൻ വരാന്തയിൽ കയറിനിന്നു. എത്രയെത്ര ഓലക്കുടകളും ശീലക്കുടകളുമാണ് വരാന്തയിൽ! ഇനിയും വയ്ക്കാൻ സ്ഥലമുണ്ടാ വുമെന്നു തോന്നുന്നില്ല.

വരാന്തയുടെ ഒരറ്റത്ത് നീളത്തിലുള്ള ഒരു ഇരുമ്പിൻകഷ്ണം കെട്ടിത്തക്കിയിട്ടുണ്ട്. അതിന്റെ മുകളിൽത്തന്നെ ചെറിയൊരു ഇരുമ്പിൻ കോലം വെച്ചിട്ടുണ്ട്. ഉണ്ണിക്കുട്ടൻ കൗതുകത്തോടെ അതിലേക്കു തന്നെ അങ്ങനെ നോക്കിനില്ക്കുന്നതു കണ്ടപ്പോൾ അച്ഛൻ പറഞ്ഞു:

"സ്കൂളിൽ ബെല്ലടിക്കുന്ന ശബ്ദം കേട്ടിട്ടില്ലേ? അതിനുള്ളതാണത്."

ബെല്ലടിക്കുന്ന ശബ്ദം വീട്ടിലിരുന്നാൽത്തന്നെ കേൾക്കാം! ഈ ഇരുമ്പിൻകഷണത്തിലടിച്ചിട്ടാണോ, ഇത്ര വലിയ ശബ്ദമുണ്ടാകു ന്നത്? അത്ഭുതംതന്നെ!

ഹെഡ്മാസ്റ്റർ വരാന്തയിൽ വന്നു കയറി. അച്ഛനുമായി

സംസാരിച്ചശേഷം ഓഫീസമുറിയിലേക്കു പോയി. ഉണ്ണിക്കുട്ടന്റെ കൈപിടിച്ചുകൊണ്ട്. അച്ഛനും ഓഫീസമുറിയിലേക്കു നടന്നു.

ഹെഡ്മാസ്റ്ററും അച്ഛനും കസേരകളിലിരുന്നു. ഉണ്ണിക്കുട്ടൻ അച്ഛനിരിക്കുന്ന കസാലകൈക്കയിൽ തൊട്ടുകൊണ്ടു നിന്നു.

ഓഫീസ്മുറിയിലെ ചുമരുകളിലെല്ലാം ക്രൈഫയിം ചെയ്തുതുക്കിയ ഫോട്ടോകളാണ്. ഗാന്ധിജിയുടെയും നെഹ്റുജിയുടെയും ശാസ്ത്രതിജിയുടെയും ഫോട്ടോകൾ മാത്രമേ അവൻ തിരിച്ചറിഞ്ഞുള്ളൂ. ഈ പറഞ്ഞ മൂന്നു ഫോട്ടോകളും അവന്റെ വീട്ടിലുമുണ്ട്.

ഹെഡ്മാസ്റ്റർ ചുമലിലിട്ടിട്ടുള്ള വേഷ്ടിയുടെ തലപ്പുകൊണ്ടു മുഖം തുടച്ചു. എന്നിട്ടു ചോദിച്ചു: "എന്താ മിടുക്കൻകുട്ടീടെ പേര്?"

ഉണ്ണിക്കുട്ടൻ അച്ഛന്റെ മുഖത്തേക്കു നോക്കിയപ്പോൾ അച്ഛൻ പറഞ്ഞു: "നിന്റെ പേരു പറഞ്ഞുകൊടുക്ക്."

ഉണ്ണിക്കുട്ടൻ കൈവിരലുകൾ പൊട്ടിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: "പി.സി. ഉണ്ണിക്കുട്ടൻ." ഹെഡ്മാസ്റ്റർ അവന്റെ പേര് വളരെ നീട്ടി നീട്ടി പറഞ്ഞുകൊണ്ട് രജിസ്റ്ററിൽ എഴുതി. തുടർന്ന് അച്ഛനുമായി കുറച്ചുനേരം സംസാരിച്ചിരുന്നു.

ബെല്ലടിക്കുന്ന ശബ്ദം കേട്ടു. ണ്ണീം, ണ്ണീം, ണ്ണീം, ണ്ണീം... എത്ര നേരമാണ് ബെല്ലടിക്കുന്നത് ശബ്ദം കേൾക്കാമെന്നല്ലാതെ, ബെല്ലടിക്കുന്ന താരാണ്. എങ്ങനെയാണ് എന്നൊന്നും ഈ ഓഫീസ്മുറിയിൽ നിന്നു കാണാൻ വയ്യ.

അച്ഛൻ കസേരയിൽനിന്നെഴുന്നേറ്റ് ഹെഡ്മാസ്റ്ററോടു യാത്ര പറഞ്ഞു. ഉണ്ണിക്കുട്ടനെയുംകൊണ്ട് ഒന്നാംക്ലാസ്സിലേക്കു നടന്നു.

ക്ലാസ്സ്റൂമിലെത്തുന്നതിനു മുമ്പുതന്നെ രാധടീച്ചറുടെ ശബ്ദം കേട്ടിരുന്നു.

ഉണ്ണിക്കുട്ടൻ ക്ലാസ്സ്റൂമിലേക്കു കടന്നപ്പോഴേക്കും, രാധടീച്ചർ 'വരൂ, വരൂ' എന്നു പറഞ്ഞുകൊണ്ടു കസേരയിൽനിന്നെഴുന്നേറ്റ് ഉണ്ണിക്കുട്ടന്റെ അടുത്തേക്കു ചെന്നു.

അച്ഛൻ ടീച്ചറോടും യാത്രപറഞ്ഞു പോയി. ടീച്ചർ ഒരു ബെഞ്ച് ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അവിടെ പോയിരിക്കൂ."

ഉണ്ണിക്കുട്ടൻ ടീച്ചർ കാണിച്ചുകൊടുത്ത ബെഞ്ചിന്റെ അടുത്തു ചെന്ന് തോളിൽനിന്നു സഞ്ചിയെടുത്ത് ബെഞ്ചിന്റെ താഴെ വച്ച് ബെഞ്ചിന്മേലിരുന്നു.

രാധടീച്ചർ എല്ലാ കുട്ടികളോടുമായി പറഞ്ഞു: "മിടുക്കൻകുട്ടികളേ, നിങ്ങളുടെ കൂട്ടത്തിലേക്ക് ഇതാ ഒരു മിടുക്കൻകുട്ടികൂടി വന്നിരിക്കുന്നു. ഈ കുട്ടിയുടെ പേര് ഉണ്ണിക്കുട്ടൻ എന്നാണ്."

## മൂന്ന്

ക്ളാസ്സിലധികവും അവനെപ്പോലെതന്നെ, ചെറിയ കുട്ടികളാണ്. ആദ്യത്തെ ബെഞ്ചിലെ ഒന്നാമത്തിരിക്കുന്ന കുട്ടിയും വേറേ മൂന്നാലു കുട്ടികളും കുറച്ചു പ്രായംചെന്ന കുട്ടികളാണ്. ആദ്യത്തെ ബെഞ്ചിൽ ഒന്നാമതായിരിക്കുന്ന കുട്ടിയാണ്. ഉണ്ണിക്കുട്ടനെ അധികമാകർഷിച്ചത്. ചെമ്പിച്ച നീളൻ തലമുടിയും ഉയർന്ന പല്ലുകളും കൈനഖങ്ങളിൽ ചെളിയുമുള്ള ആ കുട്ടി, കുട്ട്യേട്ടനെക്കാളുമുണ്ട്.

'ഒരു പോത്തൻകുട്ടിതന്നെ' ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു. ഈ പോത്തൻകുട്ടിക്ക്, ഒന്നാംക്ലാസ്സിൽ പഠിക്കാൻ നാണമില്ലേ?

ഉണ്ണിക്കുട്ടന്റെ ഇടതുഭാഗത്ത് ഒരാൺകുട്ടിയും വലതുഭാഗത്ത് ഒരു പെൺകുട്ടിയുമാണിരിക്കുന്നത്. ആൺകുട്ടി ഉണ്ണിക്കുട്ടനെപ്പോലെ തന്നെ കാക്കി നിക്കറും, ഇളംനീല ഷർട്ടുമാണ് ധരിച്ചിരിക്കുന്നത്. ആ കുട്ടിയുടെ ഇടത്തേ കവിളിൽ, നീലനിറത്തിലുള്ള ഒരു കലയുണ്ട്. ഉണ്ണിക്കുട്ടന്, കലയിലൊന്നു തൊട്ടുനോക്കാൻ തോന്നി! പെൺകുട്ടി, ചുവന്ന പുള്ളിക്കുത്തുകളുള്ള ഒരു മുഷിഞ്ഞ ഗൗണാണു ധരിച്ചിരിക്കുന്നത്. ആ കുട്ടി ഇടയ്ക്കിടയ്ക്കു കൈവടംകൊണ്ട് മൂക്കീരു തുടയ്ക്കുന്നതു കണ്ടപ്പോൾ ഉണ്ണിക്കുട്ടനു വെറുപ്പു തോന്നി.

രാധടീച്ചർ രജിസ്റ്റർ നോക്കി, കുട്ടികളുടെ പേരുകൾ വിളിച്ചു. സുധാകരൻ, പവിത്രൻ, തോമസ്, ദാക്ഷായണി, അബ്ദുൾഖാദർ, ചിരുത... അങ്ങനെ എത്രയെത്ര പേരുകളാണ്!

എല്ലാറ്റിനുമൊടുവിൽ ഉണ്ണിക്കുട്ടന്റെ പേരാണു വിളിച്ചത്.

രാധടീച്ചർ പേരുകൾ വിളിച്ചുകഴിഞ്ഞശേഷം, രജിസ്റ്റർ പുസ്തകം മടക്കി മേശയുടെ വലിപ്പിൽ വച്ച് മേശയുടെ മുമ്പിൽ വന്നു നിന്നു കുട്ടികളെയെല്ലാം കുറച്ചുനേരം നോക്കിനിന്നു.

രാധടീച്ചർ അധികം തടിച്ചിട്ടില്ല. അത്ര മെലിഞ്ഞിട്ടുമില്ല. തലയിൽ അവിടവിടെയായി വെളുത്ത രോമങ്ങളുണ്ട്. വെളുത്ത മുണ്ടും ജാക്കറ്റും വേഷ്ടിയും ധരിച്ച് അവരുടെ നിറം ചെറുനാരങ്ങയുടേതുപോലെയാണ്.

രാധിടീച്ചറെ കാണാൻ നല്ല ഭംഗി. സ്കൂളിൽ ചേരുന്നതിനു മുമ്പു തന്നെ, ഉണ്ണിക്കുട്ടന് രാധടീച്ചറെ വളരെ ഇഷ്ടമാണ്. അവർക്കും കുട്ടികളോടെല്ലാം വളരെ സ്നേഹവും വാത്സല്യവുമാണ്.

രാധടീച്ചർ മേശയിലേക്ക് ഒന്നു ചാരിനിന്നുകൊണ്ടു പറഞ്ഞു: “നിങ്ങളെല്ലാം നല്ല കുട്ടികളാണ്. അല്ലേ? മിടുമിടുക്കൻ കുട്ടികൾ! മിടുമിടുക്കൻ കുട്ടികളല്ലാത്ത വല്ലവരുമുണ്ടോ? ഉണ്ടാവില്ല.

രാധിടീച്ചർക്കറിയാം, നിങ്ങളെല്ലാം മിടുമിടുക്കൻ കുട്ടികളാണെന്ന്! ഇത് ഒന്നാം ക്ലാസ്സാണ്. ഏതു ക്ലാസ്സാണിത്? ഉണ്ണിക്കുട്ടൻ പറയൂ."

ഉണ്ണിക്കുട്ടൻ പറഞ്ഞു: "ഒന്നാംക്ലാസ്സ്."

ടീച്ചർ തുടർന്നു: "ഒന്നാംക്ലാസ്സാണിത്. ഇടയിൽ വേറൊരു കാര്യം പറയട്ടെ. ടീച്ചർ വല്ല ചോദ്യവും ചോദിച്ചാൽ എഴുന്നേറ്റു നിന്നു മറുപടി പറയണം. മനസ്സിലായോ?"

കുട്ടികളിൽ ചിലർ പറഞ്ഞു: "ഉവ്വ്."

"ഇന്നു നിങ്ങളെല്ലാം ഒന്നാംക്ലാസ്സിലാണു പഠിക്കുന്നത്."

ടീച്ചർ മേശയുടെ ഒരു ഭാഗത്തേക്കു നീങ്ങിനിന്നുകൊണ്ടു തുടർന്നു: "അടുത്ത കൊല്ലം രണ്ടാംക്ലാസ്സിലേക്കാവും. അതിന്റെ അടുത്ത കൊല്ലം മൂന്നാംക്ലാസ്സിലേക്കാവും. അതിന്റെയുമടുത്ത കൊല്ലം നാലാം ക്ലാസ്സിലേക്കാവും. അങ്ങനെ പഠിച്ച് പഠിച്ച് മിടുക്കന്മാരാകണം."

"ഇന്നലെവരെ നിങ്ങൾ സ്കൂൾ,കുട്ടികളല്ലായിരുന്നു. ഇന്നുമുതൽ നിങ്ങളെല്ലാം സ്കൂൾ,കുട്ടികളാണ്. സ്കൂൾകുട്ടികൾ നന്നേ രാവിലെ എഴുന്നേറ്റ്, ദിനകൃത്യങ്ങൾ കഴിച്ച്-ദിനകൃതങ്ങൾ എന്നുവച്ചാൽ എന്താണെന്നറിയോ?" ടീച്ചർ ഒരു കുട്ടിയുടെ നേരേ വിരൽ ചൂണ്ടിക്കൊണ്ടു ചോദിച്ചു. ആ കുട്ടി ഒന്നും ശബ്ദിക്കാതെ ഇരിക്കുന്നിടത്തുതന്നെ ഇരുന്നു.

ടീച്ചർ പറഞ്ഞു: "ടീച്ചർ പറഞ്ഞില്ലേ. വല്ല ചോദ്യവും ചോദിച്ചാൽ എഴുന്നേറ്റുനില്ക്കണമെന്ന്." ഇതു കേട്ടപ്പോൾ ആ കുട്ടി എഴുന്നേറ്റു നിന്നു. "ദിനകൃത്യങ്ങൾ എന്നുവച്ചാൽ എന്താണ്, പറയു. കൃഷ്ണൻ കുട്ടീന്നല്ലേ പേര്, പറയൂ"

കൃഷ്ണൻകുട്ടി മിണ്ടാതെ നിന്നു.

ടീച്ചർ ഉണ്ണിക്കുട്ടന്റെ ഇടതുഭാഗത്തിരിക്കുന്ന കുട്ടിയോടു ചോദിച്ചു: "വേണു പറയൂ."

വേണു എഴുന്നേറ്റു നിന്നു. അത്രതന്നെ!

"അറിയില്ലേ?

"ഇല്ല."

"അടുത്ത കുട്ടി."

ഉണ്ണിക്കുട്ടൻ എഴുന്നേറ്റുനിന്നു പറഞ്ഞു: "പല്ലുതേപ്പ്."

"പല്ല് തേയ്ക്കുക പിന്നെ ഒന്നുമില്ലേ? ആർക്കെങ്കിലുമറിയ്യോ?"

ആർക്കും അറിഞ്ഞുകൂടാ.

ടീച്ചർ ഉണ്ണിക്കുട്ടനോട് ഇരിക്കുവാൻ പറഞ്ഞു.

ഉണ്ണിക്കുട്ടൻ ഇരുന്നു.

"ദിനകൃത്യങ്ങളെന്നുവച്ചാൽ, രാവിലെ നേരത്തേ എഴുന്നേറ്റ് കക്കൂസിൽ പോയിവന്നശേഷം, പല്ലു തേച്ച് നാക്കു വടിച്ച് കാലും

മുഖവും കഴുകുക; വേണമെങ്കിൽ കുളിക്കുക.”

“അപ്പോൾ എന്തേ പറഞ്ഞത്. ദിനകൃത്യങ്ങൾ കഴിച്ചശേഷം പാഠങ്ങൾ പഠിക്കുക. സ്കൂളിൽ സമയത്തിനെത്തണം. സ്കൂൾ വിട്ടാൽ വഴിയിലെവിടെയും കളിച്ചുനില്ക്കാതെ വീട്ടിലേക്കു പോകണം.അച്ഛനമ്മമാരെ അനുസരിക്കണം. അച്ഛനമ്മമാർ ദൈവങ്ങളെപ്പോലെയാണ്. അച്ഛനമ്മമാർ ആരെപ്പോലെയാണ്?”

ഉണ്ണിക്കുട്ടൻ എഴുന്നേറ്റുനിന്നു പറഞ്ഞു: “വൈദവങ്ങളെപ്പോലെ.”

“മിടുക്കൻ, ഇരിക്ക്.”

ഉണ്ണിക്കുട്ടൻ ഇരുന്നു.

രാധടീച്ചറുടെ സംസാരം കേട്ടാലും കേട്ടാലും മതിയാവില്ല. പാറുക്കുട്ടിയമ്മയുടെ സംസാരംപോലെതന്നെ കേൾക്കാൻ സുഖമുള്ളതാണ്. ഒരു പിരിയഡ് കഴിഞ്ഞതിന്റെ ബെല്ലടിക്കുന്ന ശബ്ദം കേട്ടു. കുറച്ചു മുമ്പത്തെപ്പോലെ അധികനേരം ബെല്ലടിച്ചതുമൊന്നുമില്ല.

രാധിടീച്ചർ ക്ലാസ്സ്റൂമിൽനിന്നു പുറത്തേക്കു പോയി. കുട്ടികളിൽ അധികംപേരും പുറത്തേക്കോടിപ്പോയി.

ഉണ്ണിക്കുട്ടൻ ബെഞ്ചിൽനിന്നെഴുന്നേറ്റുനിന്നു. എന്തിനാണ് പുറത്തേക്കു പോകുന്നത്? ഇപ്പോഴും കുറേശ്ശ മഴ ചാറുന്നുണ്ട്. മഴച്ചാറൽ കൊള്ളരുതെന്ന്, അമ്മയും മുത്തശ്ശിയും പ്രത്യേകം പറഞ്ഞിട്ടുണ്ട്.

അവൻ രാധടീച്ചറുടെ മേശയ്ക്കടുത്തുവന്നു നോക്കി. മേശപ്പുറത്തു മഷിയും ചെളിയും ഇഴുകിപ്പിടിച്ചിട്ടുണ്ട്. സോപ്പും ചകിരിയും സോഡാ പൊടിയുംകൊണ്ട് ഈ മേശ കഴുകേണ്ടതാണെന്ന് അവനു തോന്നി. വീട്ടിൽ ചിലപ്പോൾ മേശയും ബെഞ്ചറുകളും കസാലകളും ഇങ്ങനെ കഴുകാറുണ്ട്.

കസാലയും വളരെ പഴയതാണ്. കൈയുള്ള കസാലയാണെങ്കിലും ഒരു ഭാഗത്ത് പകുതി കൈയേയുള്ളൂ.

ബോർഡിനു തകരാറൊന്നുമില്ല. ഇന്ന് ഇതുവരെയായും ബോർഡിൽ ഒന്നും എഴുതിയിട്ടില്ല.

കുട്ട്യേട്ടൻ ഓടിവന്നു ചോദിച്ചു: “നിനക്കു മൂത്രമൊഴിക്കണോ?”

“വേണ്ട.”

വേണ്ട എന്നു കേൾക്കേണ്ട താമസമേയുണ്ടായുള്ളൂ. കുട്ട്യേട്ടൻ ഓടിപ്പോയി.

മഴച്ചാറൽ കൊണ്ടുകൊണ്ട് കുട്ട്യേട്ടൻ ഓടിപ്പോകുന്നത് ഉണ്ണിക്കുട്ടൻ നോക്കിനിന്നു. കുട്ട്യേട്ടൻ മഴച്ചാറൽ കൊള്ളുന്നുണ്ടെന്ന വിവരം അമ്മയോടു പറയുമെന്ന് അവൻ വിചാരിച്ചു.

വീണ്ടും ബെല്ലടിക്കുന്ന ശബ്ദം കേട്ടു. ഇപ്പോഴും

അധികനേരമടിച്ചില്ല.

ഇന്നല്ലെങ്കിൽ നാളെയെങ്കിലും ബെല്ലടിക്കുന്നതൊന്നു കാണണം. ബെല്ലടിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. എത്തില്ല. ബെഞ്ചോ കസാലയോ എടുത്തിട്ട് അതിന്മേൽ നിന്നാൽ എത്തുമായിരിക്കും.

കുട്ട്യേട്ടൻ ബെല്ലടിച്ചിട്ടുണ്ടോ, ആവോ? ചോദിച്ചുനോക്കണം. പുറത്തു പോയിരുന്ന കുട്ടികളെല്ലാം ബെല്ലടിക്കുന്ന ശബ്ദം കേട്ട് ക്ലാസ്സ് റൂമിനകത്തേക്കു വന്നു. ഉണ്ണിക്കുട്ടനും അവന്റെ ബെഞ്ചിന്റെ അടുത്തു വന്നുനിന്നു.

എല്ലാ കുട്ടികളും സംസാരിക്കുന്നു. അങ്ങോട്ടുമിങ്ങോട്ടുമോടുന്നു. ഉണ്ണിക്കുട്ടൻ ബെഞ്ചിൽ താളംപിടിച്ചുകൊണ്ട് നില്ക്കുകയാണ്. എല്ലാം കൂടി ബഹളമയംതന്നെ.

പെട്ടെന്ന് രാധടീച്ചർ ക്ലാസ്സ്റൂമിലേക്കു വന്നപ്പോൾ ബഹളം കുറച്ചൊന്നു കുറഞ്ഞു.

രാധടീച്ചർ മേശമേൽ വടികൊണ്ടു തല്ലി ശബ്ദമുണ്ടാക്കിക്കൊണ്ടു പറഞ്ഞു: “എല്ലാ കുട്ടികളും സംസാരിക്കാതെ അവരവരുടെ സ്ഥലത്തിരിക്കിൻ.

പെട്ടെന്നു. ശബ്ദങ്ങളെല്ലാം നിലച്ചു. കുട്ടികളെല്ലാം അവരവരുടെ സ്ഥലത്തു വന്നിരുന്നു.

രാധടീച്ചർ മേശമേൽ തല്ലി ശബ്ദമുണ്ടാക്കിയ വടിയെക്കുറിച്ച് ഉണ്ണിക്കുട്ടനോർത്തു. നീളമുള്ള വടിയാണത്. കുട്ടികളെ തല്ലാനും ഈ വടി തന്നെയാണോ ഉപയോഗിക്കുക? മാസ്റ്റർമാരും ചിലപ്പോൾ കുട്ടികളെ തല്ലാറുണ്ടെന്ന് അവനറിയാം. കുട്ട്യേട്ടന് ഇടയ്ക്കിടയ്ക്ക് തല്ലു കിട്ടാറുണ്ടെന്ന്, കുട്ട്യേട്ടൻ പറയാറുണ്ട്. തനിക്കും തല്ലു കിട്ടുമോ? വടികൊണ്ട് ആരും തല്ലിയിട്ടില്ല ഇതുവരെ! ദേഷ്യം വന്നാൽ അച്ഛൻ ചെവിക്കുപിടിച്ച് മെല്ലെയൊന്നു തിരുമ്മും. അത്രയേയുള്ളൂ.

രാധടീച്ചർ തല്ലിയതായി ആരും പറഞ്ഞുകേട്ടിട്ടില്ല. ഇല്ല, രാധടീച്ചർ തന്നെയെന്നല്ല, ആരേയും തല്ലില്ല. അപ്പോൾ ഈ വടിയുടെ ആവശ്യം, കുട്ടികൾ ശബ്ദമുണ്ടാക്കുമ്പോൾ മേശമേൽ തല്ലി, ശബ്ദമുണ്ടാക്കരുതെന്നു പറയാനാവും. അല്ലാതെ, മറ്റൊന്നിനുമായിരിക്കില്ല.

എന്തായാലും വടി കാണുന്നതു സുഖമല്ല.

രാധടീച്ചർ ചോദിച്ചു: “എല്ലാ കുട്ടികളും സ്ലേറ്റും പെൻസിലും പുസ്തകവും കൊണ്ടുവന്നിട്ടുണ്ടോ?”

കുട്ടികളാരും സമാധാനമൊന്നും പറയാതിരിക്കുന്നതു കണ്ടപ്പോൾ അവർ വീണ്ടും പറഞ്ഞു: “സ്ലേറ്റും പെൻസിലും പുസ്തകവും വാങ്ങാത്ത കുട്ടികൾ എഴുന്നേറ്റു നില്ക്കിൻ.”

കുറെ കുട്ടികൾ എഴുന്നേറ്റു നിന്നു.

രാധടീച്ചർ അവരയെല്ലാം ആകെയൊന്നു നോക്കി. എല്ലാവരോടും ഇരിക്കാൻ പറഞ്ഞു.

"അപ്പോൾ കഴിഞ്ഞ് പീരിയഡിൽ എന്താണു പറഞ്ഞത്?"

ടീച്ചർ കുട്ടികളുടെ നേരേ നോക്കിക്കൊണ്ടു ചോദിച്ചു.

ഒരു കുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു: "അച്ഛനമ്മമാർ, ദൈവങ്ങളെപ്പോലെയാണെന്ന്."

"അച്ഛനമ്മമാർ ദൈവങ്ങളെപ്പോലെയാണ്. സ്കൂളുവിട്ടാൽ വഴിയിൽ വികൃതികാണിച്ചു നടക്കാതെ, വേഗം വീട്ടിലേക്കു പോകണം. കഴിഞ്ഞ കൊല്ലം ഈ സ്കൂളിൽത്തന്നെ പഠിച്ചിരുന്ന ഒരു കുട്ടി, വൈകുനേരം സ്കൂൾവിട്ടു പോകുകയായിരുന്നു. മാങ്ങാക്കാലമായിരുന്നു. റോഡിൻന്റെ ഒരു ഭാഗത്തു ധാരാളം പഴുത്ത മാങ്ങകളുള്ള ഒരു മാവ്. ആ മാവ് ഇപ്പോഴുമുണ്ട്. ഈ കുട്ടി എന്തുചെയ്തുവെന്നോ? ഒരു കളെല്ലടുത്തു. മാവിലേക്ക് ഒരേറ്. കല്ല് അബദ്ധത്തിൽ വേറൊരു കുട്ടിയുടെ തലയിൽ ചെന്നു തട്ടി. ആ കുട്ടിയുടെ തലയിൽനിന്നു ചോര കുടുകുടാ ഒഴുകാൻ തുടങ്ങി. കുട്ടിയാണെങ്കിൽ കരച്ചിലോടു കരച്ചിലും."

" എന്നിട്ട്?" ഒരു കുട്ടി ഉത്കണ്ഠയോടെ ചോദിച്ചു.

" എന്നിട്ടെന്താ, വഴിയിൽകൂടെ പോകുന്ന ഒരാൾ ആ കുട്ടിയുടെ മുറിവിൽ എന്തോ പച്ചമരുന്നുകൾ വെച്ചുകെട്ടി, കുട്ടിയെ വീട്ടിലെത്തിച്ചു, അതുകൊണ്ട് നിങ്ങളാരും ഇങ്ങനെയൊന്നും ചെയ്യരുത്."

ഉണ്ണിക്കുട്ടൻ എഴുന്നേറ്റുനിന്നുകൊണ്ടു പറഞ്ഞു: "അതിനിപ്പോൾ മാങ്ങാക്കാലമൊന്നുമല്ലല്ലോ?"

"അല്ല. മാങ്ങാക്കാലമെപ്പോഴാണ്? "

അതിനും സമാധാനം പറഞ്ഞത് ഉണ്ണിക്കുട്ടൻതന്നെയാണ്. അച്ഛന്റെ പിറന്നാളിന്."

രാധടീച്ചർ ചിരിച്ചുകൊണ്ടു ചോദിച്ചു: "മുത്തച്ഛന്റെ പിറന്നാളിനോ?"

ടീച്ചർ ചിരിക്കുന്നതിന്റെ അർത്ഥം ഉണ്ണിക്കുട്ടന്നു മനസ്സിലാവുന്നില്ല. പന്ത്രണ്ടു മലയാളമാസങ്ങളുടെ പേരും വഴിക്കുവഴിയെ അറിയാമെങ്കിലും ഏതു മാസത്തിലാണ് മാങ്ങയുണ്ടാവുന്നതെന്ന് അവനറിഞ്ഞുകൂടാ. മുത്തച്ഛന്റെ പിറന്നാളിന്, പഴുത്ത മാങ്ങയും വെള്ളരിക്കയുംകൊണ്ട് മോരൊഴിച്ച കൂട്ടാനുണ്ടായിരുന്നു. മാവിന്മേൽ കയറി പഴുത്ത മാങ്ങകൾ അറുത്തത് കുട്ടൻനായരാണ്.

ചിരിച്ചുകൊണ്ടുതന്നെ ടീച്ചർ പറഞ്ഞു: "ഈ രസികൻകുട്ടി പറഞ്ഞതു കേട്ടില്ലേ?, ആ മാങ്ങാക്കാലം മുത്തച്ഛന്റെ പിറന്നാളിനാണെന്ന്. അപ്പോൾ മുത്തച്ഛന്റെ പിറന്നാൾ കുംഭം, മീനം

മേടം ഇങ്ങനെ ഏതെങ്കിലുമൊരു മാസത്തിലാകും. അതെല്ലാം പോകട്ടെ, മാസങ്ങളുടെ പേര് അറിയാത്ത കുട്ടികൾ കൈ പൊക്കുവിൻ."

കുറച്ചു കുട്ടികൾ കൈ പോക്കി.

"ശരി കൈ താഴ്ത്തുപ്പിൻ."

കുട്ടികൾ കൈ താഴ്ത്തി.

ഈ കുട്ടികൾക്കൊന്നും മാസങ്ങളുടെ പേര് അറിയില്ലെന്നോ! ഉണ്ണിക്കുട്ടന് മാസങ്ങളുടെ മാത്രമല്ല, നക്ഷത്രങ്ങളുടെയും ദിവസങ്ങളുടെയും പേര് പറയാനറിയാം. രാധിടീച്ചർ പറയാനാരംഭിച്ചു: "നിങ്ങൾ വൈകുന്നേരം സ്കൂൾവിട്ടു പോകയാണ്. വഴിയിൽ അത്രയധികം തിരക്കൊന്നുമില്ലാത്ത സ്ഥലത്ത് ഒരു തോട്ടം കാണുന്നു. തോട്ടത്തിൽ പലതരം പഴങ്ങളുണ്ട്. മാമ്പഴം, പേരയ്ക്ക, കൈതച്ചക്ക അങ്ങനെ പല വിധത്തിലുള്ള പഴങ്ങൾ. പഴങ്ങൾക്കു പുറമേ, നല്ല നല്ല പൂക്കളുമുണ്ട്. നിങ്ങളെന്തു ചെയ്യും?"

ആരും ഒന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ, ടീച്ചർ ചോദിച്ചു: "നാരായണൻകുട്ടി എന്തു ചെയ്യും? നാരായണൻകുട്ടി പറഞ്ഞു: "പറിക്കും."

"എത്തുന്ന സ്ഥലത്താണെങ്കിൽ പറിച്ചെടുക്കാം. കുറച്ചുയരത്തിലാണെങ്കിലോ?"

ഉണ്ണിക്കുട്ടൻ പറഞ്ഞു: "കല്ലെടുത്തെറിയും."

"കല്ലെടുത്തെറിയും, അല്ലേ? കുറച്ചു മുമ്പ് ടീച്ചർ പറഞ്ഞുതന്നതു മറന്നുപോയോ? ഉണ്ണിക്കുട്ടൻ കല്ലെടുത്തെറിയുമ്പോൾ, ആ കല്ല് വേറൊരാളുടെ തലയിലോ നെറ്റിയിലോ, അല്ലെങ്കിൽ ശരീരത്തിലെവിടെയെങ്കിലുമോ തട്ടിയെന്നിരിക്കട്ടെ. എന്താണുണ്ടാവുക? ഉണ്ണിക്കുട്ടൻതന്നെ പറയൂ."

"ചോര ഒലിക്കും."

"ചോര ഒലിക്കും അല്ലേ? അതായത്, കല്ലു കൊള്ളുന്ന സ്ഥലത്ത് ആദ്യം മുറിവ് ഉണ്ടാകുന്നു. മുറിവിൽനിന്നു ചോര ഒലിക്കുന്നു. അപ്പോളയാളെ ആസ്പ്രതിയിലേക്കു കൊണ്ടുപോകുന്നു. ആസ്പ്രതിയിൽവെച്ചു മുറിവു കഴുകി, മരുന്നു വച്ചുകെട്ടുന്നു. മുറിവു കെട്ടുമ്പോൾ എന്തൊരു വേദനയായിരിക്കും! ഇപ്പോൾ ഉണ്ണിക്കുട്ടനു കാൽമുട്ടിൽ ചെറിയൊരു വ്രണം ഉണ്ടെന്നു വിചാരിക്കുക."

ഇതു കേട്ടപ്പോൾ ഉണ്ണിക്കുട്ടൻ അവന്റെ കാൽമുട്ടിലേക്കു നോക്കി. അതു കണ്ട്, ടീച്ചർ ചിരിച്ചുകൊണ്ടു പറഞ്ഞു: " ഉണ്ണിക്കുട്ടന്റെ കാലിൽ ഇപ്പോൾ വ്രണമൊന്നുമില്ല. വ്രണമുണ്ടെന്നു വിചാരിക്കാനാണു ഞാൻ പറഞ്ഞത്. ഉണ്ണിക്കുട്ടന്റെ കാൽമുട്ടിന്മേൽ ഒരു വ്രണമുണ്ട്. എങ്ങനെയാണ് വ്രണമുണ്ടാകാതിരിക്കുക?

ഉണ്ണിക്കുട്ടൻ വികൃതിടെ കുഞ്ഞപ്പനല്ലേ? വികൃതിക്കുഞ്ഞപ്പനായ, ഉണ്ണിക്കുട്ടന്റെകാൽമുട്ടിന്മേൽ ഒരു വ്രണമുണ്ട്. ഈ വ്രണമുള്ള കാൽമുട്ട് അബദ്ധത്തിൽ ചുമരിന്മേൽവെച്ചൊന്നടിച്ചുവെന്നിരിക്കട്ടെ. അല്ലെങ്കിൽ മൂത്രമൊഴിക്കാൻ ഓടിപ്പോകുമ്പോൾ തട്ടിത്തടഞ്ഞ് ഒന്നു വീണുവെന്നിരിക്കട്ടെ. വ്രണമുള്ള കാലിൽ എന്തൊരു വേദനയായിരിക്കുമപ്പോൾ, ഇല്ലേ? മുറിവിൽ മരുന്നു വെച്ചുകെട്ടുമ്പോഴും, അത്ര വേദനയുണ്ടാകും.

ഇതു കേട്ടപ്പോൾ പല കുട്ടികളിൽനിന്നും 'ശ്ശ്' എന്ന ശബ്ദങ്ങളുയർന്നു.

“അപ്പോൾ മാങ്ങാ എറിയുന്ന കല്ലു വന്നു തട്ടിയാൽ, എത്ര വേദന സഹിക്കണം! നിങ്ങളെറിയുന്ന കല്ലുകൾ വേറേ ആരുടെയെങ്കിലും ദേഹത്തിൽ തട്ടി, മുറിവുപറ്റി ചോരയൊലിക്കുന്നതു കാണാൻ നിങ്ങൾക്കിഷ്ടമാണോ?”

“അല്ല, അല്ല.” കുട്ടികളെല്ലാവരുംകൂടി ചേർന്നു പറഞ്ഞു.

“മിടുക്കൻകുട്ടികൾ. നിങ്ങൾക്ക് ടീച്ചർ പറയുന്നതു മനസ്സിലാകുന്നുണ്ട്. നിങ്ങൾ മാവിന്മേലേക്കെറിയുമ്പോൾ അപകടം പറ്റുമെന്ന്, നിങ്ങൾക്കു മനസ്സിലായി. ഇനി വേറൊരു കാര്യം. നിങ്ങൾ വേറൊരാളുടെ മാവിന്മേലേക്കാണ് എറിയുന്നതെന്നിരിക്കട്ടെ, ആ മാവിന്റെ ഉടമസ്ഥൻ അതു കണ്ടാൽ ദേഷ്യപ്പെട്ടു ചാടി. നിങ്ങളെ തല്ലാനും ചീത്ത പറയാനുമൊക്കെ വരില്ലേ? അപ്പോൾ നിങ്ങളെന്താണു ചെയ്യുക?

“ഞാൻ ഓടും” വേണു പറഞ്ഞു.

“നാരായണൻകുട്ടിയോ?”

“ഞാനും ഓടും.

“ഉണ്ണിക്കുട്ടനോ?”

“ഞാനവിടെത്തന്നെ നിൽക്കും.”

“അവിടെത്തന്നെ നിന്നാൽ അയാൾ വന്നു തല്ലില്ലേ?”

“അപ്പോൾ ഞാൻ വന്ന് മുത്തച്ഛനോടു പറഞ്ഞുകൊടുക്കും.”

“മുത്തച്ഛനോടു പറഞ്ഞാൽ മുത്തച്ഛനെന്തോ ചെയ്യാ?”

“മുത്തച്ഛൻ വന്ന് അയാളെയും തല്ലും.”

“മുത്തച്ഛൻ വന്ന് തല്ലൊന്നും ഉണ്ടാവില്ല. കാരണം, ഇവിടെ തെറ്റു ചെയ്തിരിക്കുന്നത് ഉണ്ണിക്കുട്ടനാണ്. ഉണ്ണിക്കുട്ടൻ ചെയ്ത തെറ്റെന്താ? വേറൊരാളുടെ മാവിലേക്കു കല്ലെടുത്തെറിഞ്ഞ് മാങ്ങ വീഴ്ത്താൻ നോക്കി. അതുകൊണ്ടല്ലേ മാവിന്റെ ഉടമസ്ഥൻ ദേഷ്യപ്പെട്ടത്, അല്ലേ? ഉണ്ണിക്കുട്ടൻ മാവിലേക്കു കല്ലെടുത്തെറിഞ്ഞിരുന്നില്ലെങ്കിൽ അയാൾ തല്ലുമായിരുന്നുവോ? അപ്പോൾ അയാൾക്ക് തല്ലാനും ചീത്തപറയാനും തോന്നിച്ചത്

ഉണ്ണിക്കുട്ടന്റെ പ്രവൃത്തിയാണ്."
ഉണ്ണിക്കുട്ടൻ പറഞ്ഞു: "ഞാൻ കുട്ടിയല്ലേ? മാവിലേക്കു കല്ലെടുത്തെറിഞ്ഞാൽ എന്നെ തല്ലാൻ പാടുണ്ടോ?"
രാധടീച്ചർ പറഞ്ഞു: "മിടുക്കൻകുട്ടികളായ നിങ്ങൾക്കെല്ലാം ചെയ്യേണ്ടതും ചെയ്യരുതാത്തതും, അതായത് തെറ്റും ശരിയും എന്തെന്നറിയണം. അതിനാണു വിദ്യാഭ്യാസം. നിങ്ങളെല്ലാം സ്കൂളിൽ ചേർന്നിരിക്കുന്നതു വിദ്യാഭ്യാസത്തിനാണ്. വേറൊരാളുടെ മാവിലേക്കു കല്ലെടുത്തെറിയുന്നതു തെറ്റാണെന്നു മനസ്സിലായാൽ നിങ്ങളാരും അങ്ങനെ ചെയ്യില്ല. നിങ്ങളുടെ പ്രായത്തിൽത്തന്നെ തെറ്റും ശരിയും മനസ്സിലാക്കാൻ സാധിച്ചിരുന്ന അതിയോഗ്യനായ ഒരു കുട്ടിയുടെ കഥ ടീച്ചർ പറഞ്ഞുതരട്ടെ?"
"പറഞ്ഞു തരൂ. പറഞ്ഞു തരൂ." കുട്ടികളെല്ലാവരുംകൂടി ഉത്സാഹ ത്തോടെ പറഞ്ഞു. പെട്ടെന്നു ബെല്ലടിച്ചു.
"അടുത്ത പീരിയഡിലാകട്ടെ." ടീച്ചർ പറഞ്ഞു. കുട്ടികളെല്ലാം ഉത്സാഹത്തിമർപ്പോടെ ക്ലാസ്സ്റൂമിൽനിന്നു പുറത്തേക്കു പ്രവഹിച്ചു.

## നാല്

ഓരോ പീരിയഡ് കഴിയുംതോറും രാധടീച്ചറെ അധികമധികം ഇഷ്ട പെട്ടുപോകയാണ്. ഇത്രയും നല്ല ടീച്ചറെ ഇടയ്ക്കിടയ്ക്കു വീട്ടിലേക്കു ക്ഷണിക്കണമെന്ന് ഉണ്ണിക്കുട്ടന്നു തോന്നി. അടുത്ത മാസത്തിൽ അമ്മയുടെ പിറന്നാളാണ്. അമ്മയുടെ പിറന്നാളിന് തീർച്ചയായും ടീച്ചറോട് ഊണുകഴിക്കാൻ വരാൻ പറയണം. ടീച്ചർക്ക് ഏതു പ്രഥമനാണ് ഇഷ്ടമെന്നാവോ? ഉണ്ണിക്കുട്ടനിഷ്ടം അടപ്രഥമനാണ്. അട കൊത്തുന്നതു കാണാനും കേൾക്കാനും നല്ല സുഖമാണ്. കുട്ടൻനായർക്ക് അസ്സലായിട്ടറിയാം അട കൊത്താൻ. ഏതായാലും അമ്മയുടെ പിറന്നാളിന് അടപ്രഥമൻ വയ്ക്കാൻ പറയണം. എന്നിട്ടന്ന് ഉച്ചയ്ക്ക് ഊണു കഴിക്കാൻ ടീച്ചറോടു വീട്ടിലോട്ടു വരാൻ പറയണം.
ടീച്ചർ സദ്യയ്ക്കുണ്ണാൻ വീട്ടിലേക്കു വരുന്ന രംഗത്തെക്കുറിച്ചങ്ങനെ ഓർത്തുകൊണ്ടിരിക്കുമ്പോൾ, അടുത്ത പീരിയഡ് തുടങ്ങുന്നതിന്റെ ബെല്ലടിച്ചു. കുട്ടികളെല്ലാം ക്ലാസ്സ്റൂമിൽ വന്ന്, അവരവരുടെ സ്ഥലത്തിരുന്നു. രാധടീച്ചർ ക്ലാസ്സിലേക്കു വന്നു.
"എല്ലാ മിടുക്കൻകുട്ടികളും വന്നുവോ?" ഇത്രയും പറഞ്ഞശേഷം, ഒരു തെറ്റു തിരുത്താനെന്നപോലെ അവർ ചിരിച്ചുകൊണ്ടു പറഞ്ഞു

"ടീച്ചറെപ്പോഴും മിടുക്കൻകുട്ടികളെന്നാണു പറയുന്നത്. ഇതിൽ മിടുക്കത്തിക്കുട്ടികളുംകൂടി പെടും. കേട്ടോ?"

അവർ തുടർന്നു: "അപ്പോൾ എന്തേ പറഞ്ഞത്? ഇന്നതു ചെയ്യണം. ഇന്നതു ചെയ്യരുത് എന്ന് നിങ്ങളെപ്പോലെ കുട്ടിയായിരുന്നപ്പോൾത്തന്നെ മനസ്സിലാക്കിയിരുന്ന ആ യോഗ്യനായ കുട്ടിയുടെ കഥ കേൾക്കണം, അല്ലേ?"

കുട്ടികളെല്ലാവരുംകൂടി ചേർന്നു പറഞ്ഞു: "വേണം, വേണം."

"അപ്പേൾ കഥ കേൾക്കാൻ നിങ്ങൾക്കെല്ലാം വളരെ ഇഷ്ടമാണ് അല്ലേ? നിങ്ങൾക്ക് നിങ്ങളുടെ മുത്തശ്ശിയും മുത്തച്ഛനും അച്ഛനും അമ്മയുമെല്ലാം കഥകൾ പറഞ്ഞു തന്നിട്ടുണ്ടാകും, ഇല്ലേ? അച്ഛൻ നമ്പൂതിരിയും മകൻനമ്പൂതിരിയും ചാത്തമുണ്ണാൻ പോയ കഥ, രാജകുമാരൻ രാജകുമാരിയെ അന്വേഷിച്ച് പറക്കുന്ന കുതിരപ്പുറത്തു പോയ കഥ! അങ്ങനെ എത്രയെത്ര കഥകൾ പറഞ്ഞുതന്നിട്ടുണ്ടാകും. രാധിടീച്ചർ പറഞ്ഞുതരാൻ പോകുന്നത്. അച്ഛൻനമ്പൂതിരിയുടെയും മകൻ നമ്പൂതിരിയുടെയും കഥയല്ല, രാജകുമാരന്റെയും രാജകുമാരിയുടെയും കഥയല്ല. ഒരു സാധുകുടുംബത്തിൽ ജനിച്ച്, കഷ്ടപ്പെട്ടു പഠിച്ച് മഹാനായിത്തീർന്ന ഒരാളുടെ കുട്ടിക്കാലത്തെ ഒരു സംഭവ കഥയാണ്. ഇപ്പോൾ ആ ആള് ആരാണെന്നറിയാൻ വൈകി, അല്ലേ? കുട്ടികളെ, ആ മഹാന്റെ പേര് ലാൽബഹാദൂർ ശാസ്ത്രി എന്നാണ്. നിങ്ങൾ അദ്ദേഹത്തെക്കുറിച്ചു കേട്ടിട്ടുണ്ടോ?"

ഉണ്ണിക്കുട്ടൻ പറഞ്ഞു: "എന്റെ വീട്ടിൽ ഫോട്ടോവുണ്ട്."

"ആരുടെ; ശാത്രീസ്ത്രിയുടെയോ?"

ഉണ്ണിക്കുട്ടൻ 'അതേ' എന്ന അർത്ഥത്തിൽ തലയാട്ടി.

"ലാൽബഹദൂർ ശാസ്ത്രിയെക്കുറിച്ചു കേട്ടിട്ടുള്ള കുട്ടികൾ കൈ പൊക്കിൻ."

കുട്ടികളിൽ ചിലർ കൈപൊക്കി.

"ശരി. കൈ താഴ്ത്തിയിടിൻ."

കുട്ടകൾ കൈ താഴ്ത്തിയിട്ടു.

"ടീച്ചർ പറഞ്ഞു: "അപ്പോൾ നിങ്ങളിൽ ചിലർ അദ്ദേഹത്തിന്റെ പേരു കേട്ടിട്ടുണ്ട്. അദ്ദേഹം നമ്മുടെയെല്ലാം പ്രധാനമന്ത്രിയായിരുന്നു. അതായത്. ഇന്ത്യാരാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്നു. ഇന്ന് അദ്ദേഹം ജീവിച്ചിരിപ്പില്ല. അഞ്ച് മാസങ്ങൾക്കു മുമ്പ് അദ്ദേഹം മരിച്ചുപോയി. അദ്ദേഹം നമ്മുടെ ആരായിരുന്നുവെന്നാണു പറഞ്ഞത്?"

"പ്രധാനമന്ത്രി." ഒരു കുട്ടി പറഞ്ഞു.

"അതെ. അദ്ദേഹം നമ്മുടെ പ്രധാനമന്ത്രിയായിരുന്നു.

പ്രധാനമന്ത്രിയെന്നുവച്ചാൽ വലിയൊരു പദവിയാണ്. ശാസ്ത്രിജി വളരെ നല്ല ആളായിരുന്നു. മറ്റുള്ളവരുടെ ഗുണത്തിനുവേണ്ടി പ്രവർത്തിക്കുക, കഷ്ടപെടുന്നവരെ സഹായിക്കുക-ഈവക ഗുണങ്ങളെല്ലാം ചെറുപ്പം മുതല്ക്കുതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു.

"അദ്ദേഹം നിങ്ങളെപ്പോലെ കുട്ടിയായിരുന്ന കാലത്ത്, നടന്ന ഒരു കാര്യമാണു പറയാൻ പോകുന്നത്. അദ്ദേഹം നിങ്ങളെപ്പോലെ ഒന്നാം ക്ലാസ്സിൽ ചേർന്നു പഠിച്ച്, രണ്ടാംക്ലാസ്സിലേക്കായി. അങ്ങനെ പഠിച്ചു പഠിച്ചാണ് വലിയ ആളായിത്തീരുന്നത്. ഇന്ന് നിങ്ങളെല്ലാം ഒന്നാം ക്ലാസ്സിലാണു പഠിക്കുന്നത്. നിങ്ങളും പഠിച്ചു പഠിച്ച് പല ജോലിക്കാരുമായിത്തീരും ഇല്ലേ? ചിലർ ഡോക്ടറാകും ചിലർ കച്ചവടക്കാരാകും ചിലർ എൻജിനീയറാകും ചിലർ രാധടീച്ചറെപ്പോലെ ടീച്ചറാകും."

ടീച്ചർ ഒന്നു നിർത്തി ആദ്യത്തെ ബെഞ്ചിലിരിക്കുന്ന ഒന്നാമത്തെ കുട്ടിയോടു ചോദിച്ചു: "കുട്ടിക്ക് ആരാവാനാണ് ഇഷ്ടം?"

"ഡ്രൈവർ."

"കുട്ടിക്കോ? ടീച്ചർ വേറൊരു കുട്ടിയോടു ചോദിച്ചു.

"വാൾപ്പയറ്റ്."

"വാൾപ്പയറ്റുകാരനാകാനോ?

"ഉം."

"കുട്ടിക്കോ?"

"സിനിമേൽ ചേരും."

"കുട്ടിക്കോ?"

"എൻ.സി.സി.ക്കാരനാകും."

"കുട്ടിക്കോ?" ടീച്ചർ ഉണ്ണിക്കുട്ടനോടു ചോദിച്ചു.

ഉണ്ണിക്കുട്ടൻ പറഞ്ഞു: "ഞാൻ പ്രസംഗിക്കാൻ പോകും."

"അതായത്. ഉണ്ണിക്കുട്ടൻ സ്കൂൾ പഠിത്തമെല്ലാം കഴിഞ്ഞ് പ്രസംഗിച്ചുകൊണ്ടു നടക്കും. അല്ലേ?"

"അതെ."

ഉണ്ണിക്കുട്ടന്നു പ്രസംഗം കേൾക്കുന്നത് വളരെ ഇഷ്ടമാണ്. പൂരപ്പറമ്പിലെ ആൽത്തറയ്ക്കൽവെച്ച് ഇടയ്ക്കിടയ്ക്കു പൊതുയോഗങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോഴെല്ലാം കുട്ടൻനായർ അവനെ കൊണ്ടുപോകാറുണ്ട്. ആൽമരത്തിനേക്കാൾ ഉയരത്തിൽ പാറിക്കളിക്കുന്ന കൊടി, ആൽത്തറമേലിട്ടിട്ടുള്ള കസാലകളിൽ പ്രാസംഗികന്മാർ, വെളുത്ത തുണിവിരിച്ച മേശയ്ക്കടുത്ത് മൈക്ക്, ആൽത്തറയ്ക്കു താഴെ നിരന്നിരിക്കുന്ന ആളുകൾ. ആദ്യമായി കുട്ടൻനായരുടെകൂടെ പൊതുയോഗസ്ഥലത്തേക്കു പോയപ്പോൾ

കണ്ട കാഴ്ച ഇന്നും അവന്റെ കുരുന്നു മനസ്സിലുണ്ട്.

ആൽത്തറയിലേക്കുതന്നെ നോക്കിക്കൊണ്ടങ്ങനെ നില്ക്കുമ്പോൾ ഒരാൾ ഒരു മാലയുമായി, ആൽത്തറയിൽ കയറി, വേറൊരാളുടെ കഴുത്തിൽ ആ മാല അണിയിച്ചു. മാല അണിഞ്ഞ ആള്. അതു കഴുത്തിൽനിന്നു സാവധാനത്തിൽ എടുത്ത്, മേശപ്പുറത്തുവച്ച് മൈക്കിന്റെ മുമ്പിൽ വന്നുനിന്നു. ആദ്യം വളരെ സാവധാനത്തിലാണ് അയാൾ സംസാരിക്കാൻ തുടങ്ങിയത്. പിന്നെപ്പിന്നെ ശബ്ദം കൂടി, ആംഗ്യകലാശങ്ങളായി, മേശമേൽ ഇടിക്കാൻ തുടങ്ങി. അയാൾ സംസാരിക്കുന്നത് ഒരക്ഷരംപോലും മനസ്സിലായില്ലെങ്കിലും ഉണ്ണിക്കുട്ടനും ബഹുരസം തോന്നി.

ടീച്ചർ പറഞ്ഞു: “ലാൽബഹാദൂർ ശാസ്ത്രിത്തിയും പ്രസംഗിക്കാൻ പോകുമായിരുന്നു. അദ്ദേഹം കുട്ടിയായിരുന്ന കാലത്ത്.”

ഇത്രയും പറഞ്ഞപ്പോഴേക്കും സ്കൂളിലെ പ്യൂൺ ഒരു നോട്ടുപുസ്തകം കൊണ്ടുവന്ന് രാധിടീച്ചർക്ക് കൊടുത്തു. രാധടീച്ചർ നോട്ടു പുസ്തകത്തിലെഴുതിയിരിക്കുന്നത്. വായിച്ചുനോക്കിയതിന്റെ ശേഷം, നോട്ടുപുസ്തകത്തിൽ ഒപ്പിട്ടു. എന്നിട്ടത് പ്യൂണിനുതന്നെ തിരിച്ചു കൊടുത്തു.

പ്യൂൺ ക്ലാസ്സ്റൂമിൽനിന്നു പോയപ്പോൾ ടീച്ചർ പറഞ്ഞു: “നാളെ വൈകുന്നേരം സ്കൂളിൽവെച്ച് ഒരു ഓട്ടൻതുള്ളൽ ഉണ്ടായിരിക്കും. അതുകൊണ്ട്. നാളെ രാവിലെ സ്കൂളിൽ വരുമ്പോൾ എല്ലാ കുട്ടികളും പത്തു പൈസ കൊണ്ടുവരണം. ഓട്ടൻതുള്ളൽ എല്ലാവർക്കും ഇഷ്ടമല്ലേ?”

കുട്ടികൾ പറഞ്ഞു: “ഇഷ്ടാണ്, ഇഷ്ടാണ്.”

ഓട്ടൻതുള്ളൽ ഇഷ്ടമില്ലാത്തവർ ഉണ്ടാകുമോ? ഉണ്ണിക്കുട്ടൻ വിചാരിച്ചു.

“ടിച്ചറിതാ ഒരു മിനിട്ടിൽ വരാം. ആരും ശബ്ദമുണ്ടാക്കരുത്.” രാധടീച്ചർ, ധൃതിയിൽ എന്തോ ആവശ്യത്തിനായി അടുത്ത ക്ലാസ്സ്റൂമിലേക്കു പോയി.

അവർ പോയപ്പോൾ, കുട്ടികളിൽ ചിലർ ബെഞ്ചിൽനിന്നെഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടക്കുവാനുംമറ്റും തുടങ്ങി.

ഉണ്ണിക്കുട്ടൻ ഓട്ടൻതുള്ളലിനെക്കുറിച്ചോർത്തു. ഓട്ടൻതുള്ളലിലെ ചില വരികൾ, കുട്ടൻനായർ ചൊല്ലുന്നതു കേട്ട് അവൻ പഠിച്ചിട്ടുണ്ട്. ആ വരികളിൽ ചിലത്, അവൻ മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു

കുണ്ടിൽ കിടക്കണ കുഞ്ഞിത്തവളയ്ക്ക്
കുന്നിൻമീതെ പറക്കാൻ മോഹം
പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല.

ഒന്നൊരു കുരുടൻ ഒന്നൊരു പാണ്ടൻ
നന്നായ് വരുമോ ദുരിതം ചെയ്താൽ.

രാധിടീച്ചർ ക്ലാസ്സ്റൂമിലേക്കു വന്നു. ക്ലാസ്സിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്ന കുട്ടികളെ ബെഞ്ചിൽ പിടിച്ചിരുത്തി.

ടീച്ചർ പറഞ്ഞു: "ടീച്ചർ ക്ലാസ്സ്റൂമിലില്ലെങ്കിലും ആരും ഇങ്ങനെ ലഹളകൂട്ടാനൊന്നും പാടില്ല. ശാസ്ത്രിജിയുടെ കഥ പറഞ്ഞില്ലല്ലോ. ശാസ്ത്രതിജി നിങ്ങളെപ്പോലെ കുട്ടിയായിരുന്നപ്പോൾ നടന്ന കഥയാണ്. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലേക്ക് മടങ്ങിപ്പോകുമ്പോൾ വഴിയിൽ ഒരു തോട്ടം കണ്ടു."

ബെല്ലടിക്കുന്ന ശബ്ദം. അപ്പോഴേക്കും ബെല്ലടിച്ചു. ഉണ്ണിക്കുട്ടന്നു ലേശം ദേഷ്യം തോന്നി. കഴിഞ്ഞ പീരിയഡിലും കഥ മുഴുവൻ പറയാൻ സാധിച്ചില്ല.

കുട്ടികളെല്ലാം ക്ലാസ്സ്റൂമിനു പുറത്തേക്കോടിപ്പോയി.

കുട്ട്യേട്ടൻ ഓടിവന്നു ചോദിച്ചു: "വെശ്ക്കണണ്ടോ?"

"ഇല്ല." ഉണ്ണിക്കുട്ടൻ പറഞ്ഞു.

"മൂത്രമൊഴിക്കണോ?"

"ഉം."

കുട്ട്യേട്ടൻ അവന്റെ കൈപിടിച്ചുകൊണ്ട് മൂത്രപ്പുരയിലേക്കു നടന്നു. എന്തൊരു നാറ്റമാണു മൂത്രപ്പുരയിൽ! കുട്ടികൾ ഇരുന്നുകൊണ്ടും നിന്നുകൊണ്ടും മൂത്രമൊഴിക്കുന്നു.

ഉണ്ണിക്കുട്ടന്, മൂത്രമൊഴിച്ചത് അത്ര സുഖമായില്ല. ഇങ്ങനെ നാറ്റംകേട്ട് മൂത്രമൊഴിക്കുന്നതു സുഖമല്ല.

കുട്ട്യേട്ടൻ പറഞ്ഞു: "ഒരുമണിക്കുശേഷം ഇന്ന് സ്കൂളില്ല."

കുട്ട്യേട്ടൻ കുട്ട്യേട്ടന്റെ ക്ലാസ്സ്റൂമിലേക്കോടിപ്പോയി. ഉണ്ണിക്കുട്ടനും അവന്റെ ക്ലാസ്സ്റൂമിലേക്കു നടന്നു. ചുറ്റും നല്ല വെയിൽ പരന്നിരിക്കുന്നു. ഇനി, ഇപ്പോൾ മഴ പെയ്യുമോ ആവോ! സ്കൂൾ വിടുന്നതുവരെ, മഴ പെയ്യാതിരുന്നാൽ മതിയായിരുന്നു-

ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു.

ബെല്ലടിച്ചപ്പോൾ ഉണ്ണിക്കുട്ടനും മറ്റു കുട്ടികളോടൊപ്പം ക്ലാസ്സിൽ വന്നിരുന്നു. വിശക്കുന്നുണ്ട്. വീട്ടിലായിരുന്നെങ്കിൽ, ഇതിനകം ഊണു കഴിച്ചിട്ടുണ്ടാകും. നാളികേരവെള്ളവും നാളികേരപ്പൂളും തിന്നിട്ടുണ്ടാകും. ചുട്ട പപ്പടവും വറുത്ത കൊണ്ടാട്ടവും തിന്നിട്ടുണ്ടാകും.

ഇപ്പോൾ കാളിയമ്മ മോരു വാങ്ങിക്കൊണ്ടുവന്നു കൊടുത്തിട്ടുണ്ടാകുമോ? ഇന്ന് ആയമ്മ, ഒറ്റയ്ക്കായിരിക്കും മോരു വാങ്ങാൻ പോയിരിക്കുക. മുത്തശ്ശിയും അമ്മയും അമ്പലക്കുളത്തിൽ പോയി കുളിച്ചു വന്നിട്ടുണ്ടാകും. മുത്തച്ഛൻ

പാടത്തുനിന്നു വന്നിട്ടുണ്ടാകും.

പെട്ടെന്നവൻ ഓട്ടൻതുള്ളലിനെക്കുറിച്ചോർത്തു. ഓട്ടൻതുള്ളല്ക്കാരന്, കണ്ണുകൾ ചുവപ്പിക്കാൻ പുത്തരിച്ചുണ്ടയുടെ പൂവു വേണ്ടി വരില്ലേ? തന്റെ വീട്ടിലെ കിണറ്റിൻകരയിൽ, പുത്തരിച്ചുണ്ടച്ചെടികളുണ്ട്. ഓട്ടൻതുള്ളല്ക്കാർ പൂരക്കാലത്ത് എല്ലാ ദിവസവും ഉണ്ണിക്കുട്ടൻന്റെ വീട്ടിൽനിന്നാണ് പുത്തരിച്ചുണ്ടയുടെ പൂക്കൾ അറുത്തെടുത്തുകൊണ്ട് പോവുക. പുത്തരിച്ചുണ്ടയുടെ പൂക്കൾ ഞെരടി കണ്ണിലൊഴിച്ചാൽ കണ്ണുകൾ 'ചുകചുകാ'ന്നാവും.

രാധിടീച്ചർ ക്ലാസ്സിലേക്കു വന്നു. അവർ വന്നു കസാലയിലിരുന്നപ്പോഴേക്കും ഉണ്ണിക്കുട്ടൻ പറഞ്ഞു: "കഥ."

"ശരി, കഥ എവിടെയാണ് ടീച്ചർ പറഞ്ഞുവച്ചത്?

"ശാസ്ത്രിജി സ്കൂൾവിട്ടു മടങ്ങുന്ന സമയത്ത്." നാരായണൻകുട്ടി പറഞ്ഞു.

"അതേ, ശാസ്ത്രിജി നാലഞ്ചു കൂട്ടുകാരുമൊന്നിച്ച്, വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലേക്കു മടങ്ങുകയായിരുന്നു. അപ്പോൾ റോഡരുകിൽ അധികം തിരക്കൊന്നുമില്ലാത്ത ഒരു സ്ഥലത്ത് ഒരു തോട്ടം. തോട്ടത്തിൽ പലവിധത്തിലുള്ള പഴങ്ങളും പൂക്കളുമുണ്ട്. കൂട്ടത്തിലുണ്ടായിരുന്ന ഒരു കുട്ടി പറഞ്ഞു: "ഇതാ കണ്ടില്ലേ, എത്രയെത്ര പഴങ്ങളാണ്! പോയി പ്പറിച്ചു തിന്നുക."

"ആ കുട്ടിയുടെ അഭിപ്രായം ലാൽബഹാദൂർ ഒഴികെ മറ്റെല്ലാ കുട്ടികൾക്കും ഇഷ്ടപ്പെട്ടു. അവരെപ്പോലെതന്നെ കുട്ടിയായിരുന്നുവെങ്കിലും, വേറൊരാളുടെ തോട്ടത്തിൽ കടന്നു പഴം പറിക്കുന്നതു ശരിയല്ലെന്ന് ലാൽബഹാദൂറിനു തോന്നി. ലാൽബഹാദൂർ വേണ്ടെന്നഭി പ്രായപ്പെട്ടുവെങ്കിലും, മറ്റു കുട്ടികൾ അതു ശ്രദ്ധിക്കാതെ തോട്ടത്തിൽ കടന്നു പഴങ്ങൾ പറിച്ചെടുക്കാനും എറിഞ്ഞുവീഴ്ത്താനും തുടങ്ങി."

"ലാൽബഹാദൂർ തോട്ടത്തിൽനിന്ന് ഒരു പൂ മാത്രം അറുത്തെടുത്തു."

"കുട്ടികളങ്ങനെ പഴങ്ങൾ പറിച്ചെടുത്തും എറിഞ്ഞുവീഴ്ത്തിയും കൊണ്ടിരിക്കുമ്പോൾ, തോട്ടമുടമസ്ഥൻ ദേഷ്യപ്പെട്ട് ഓടിയെത്തി. അപ്പോൾ ലാൽബഹാദൂർ ഒഴികെ മറ്റു കുട്ടികളെല്ലാം ഓടിപോയി. ലാൽബഹാദൂർ മാത്രം കൈയിലൊരു പൂവുമായി നിന്ന സ്ഥലത്തുതന്നെ നിന്നു. എന്തിന് ഓടിപ്പോകണമെന്നായിരുന്നു, ലാൽബഹാദൂറിന്. താൻ ഒന്നും ചെയ്യാതെ അകന്നുനില്ക്കുകയായിരുന്നു. ഒരു 'പൂ' മാത്രമാണ് അറുത്തെടുത്തത്. അതൊരു തെറ്റാണോ?"

"പക്ഷേ, തോട്ടമുടമസ്ഥന് വല്ലാതെ ദേഷ്യം വന്നിരുന്നു.

അയാൾക്ക് ലാൽബഹാദൂറിനെയാണു പിടികിട്ടിയത്. ലാൽബഹാദൂറിനെ പിടിച്ചു നാലഞ്ചു വീക്കി. പാവം ലാൽബഹാദൂർ. അടികൊണ്ട് വേദനയോടെ കരഞ്ഞുകൊണ്ട് ലാൽബഹാദൂർ പറഞ്ഞുവത്രേ. 'എന്നെ നിങ്ങൾ തല്ലിയത് എനിക്കച്ഛനില്ലാത്തതുകൊണ്ടല്ലേ? പ്രിയപ്പെട്ട കുട്ടികളെ, ലാൽബഹാദൂറിന്റെ അച്ഛൻ അദ്ദേഹത്തിന് ഒന്നൊന്നര വയസ്സാകുമ്പോൾത്തന്നെ മരിച്ചുപോയിരുന്നു."

" എന്നിട്ടോ?" ഉണ്ണിക്കുട്ടൻ ഉത്കണ്ഠയോടെ ചോദിച്ചു.

ടീച്ചർ തുടർന്നു: "അച്ഛനില്ലാത്തതുകൊണ്ടല്ലേ തന്നെ തല്ലുന്നതെന്ന് ആ കുട്ടി പറഞ്ഞപ്പോൾ തോട്ടമുടമസ്ഥൻ മൂന്നാല് അടിയും കൊടുത്തുകൊണ്ടു പറഞ്ഞുവത്രെ: 'അച്ഛനില്ലാത്ത കുട്ടിയായ നീ എത്ര നല്ലവനായി വളരേണ്ടവനാണ്. ഇങ്ങനെ തോന്ന്യാസംകാട്ടി നടന്നാലോ?'

"നിങ്ങളെപ്പോലെ ചെറിയൊരു കുട്ടിയായിരുന്നുവെങ്കിലും തോട്ടമുടമസ്ഥന്റെ വാക്ക് ലാൽബഹാദൂറിന്റെ മനസ്സിൽ കൊണ്ടു. അച്ഛനില്ലാത്ത കുട്ടിയായ താൻ വളരെ നല്ല കുട്ടിയായി വളരണം. അന്യന്റെ സ്ഥലത്തുനിന്ന് ഒരു പൂപോലും പറിച്ചെടുക്കരുത്."

"ആ തോട്ടമുടമസ്ഥന്റെ ആ സമയത്തെ വാക്കുകളും പ്രവൃത്തികളും വളരെ വിലപ്പെട്ടതായിരുന്നുവെന്ന് മരിക്കുന്നതുവരെയും ലാൽബഹാദൂർ ശാസ്ത്രി പറഞ്ഞിരുന്നുവത്രേ."

"പ്രിയപ്പെട്ട കുട്ടികളെ, നിങ്ങളെല്ലാവരും, നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രിയായിരുന്ന ലാൽബഹാദൂർ കുട്ടിക്കാലത്ത് എത്ര നല്ല കുട്ടിയായിരുന്നുവോ, അതുപോലെ നല്ല കുട്ടികളായി വളരണം."

ണീം ണീം! ണീം ണീം!

ബെല്ലടിച്ചു.

രാധടീച്ചർ കസാലയിൽനിന്നെഴുന്നേറ്റു പറഞ്ഞു: "ഇനി ഇന്നു സ്കൂളില്ല."

കുട്ടികൾ സ്ലേറ്റും പുസ്തകവുമെടുത്തു പുറത്തേക്കു വന്നു.

ഉണ്ണിക്കുട്ടൻ പുറത്തേക്കു വന്നപ്പോഴേക്കും, കുട്ട്യേട്ടൻ ഓടിയെത്തി:

"പൊവ്വാ."

ഉണ്ണിക്കുട്ടൻ മൂളി.

അവൻ അവന്റെ കുഞ്ഞിക്കുടയെടുത്തു. കുട നിവർത്തിക്കൊടുത്തത് കുട്ട്യേട്ടനാണ്.

സ്കൂൾഗേറ്റ് കടന്ന് റോഡിലേക്കിറങ്ങിയപ്പോൾ ഉണ്ണിക്കുട്ടൻ പുസ്തകസഞ്ചി കുട്ട്യേട്ടനോടു പിടിക്കാൻ പറഞ്ഞേല്പിച്ചു. റോഡിൽ

എത്രയെത്ര കുട്ടികളാണ്! ഇടയ്ക്കിടയ്ക്കു മാസ്റ്റർമാരുമുണ്ട്.

റോഡിന്റെ ഇരുഭാഗത്തുള്ള ചാലുകളിൽ, വെള്ളമിപ്പോൾ പേരിനു മാത്രമേയുള്ള. റോഡിന്റെ ഇടതുഭാഗത്തുള്ള കുളത്തിൽ വെള്ളം നിറഞ്ഞൊഴുകുന്നു. കുളത്തിലെ നിറഞ്ഞൊഴുകുന്ന വെള്ളം ചാലിൽക്കൂടെ ഒഴുകിവരുന്ന സ്ഥലത്ത് മാപ്പിള വീണ്ടും വല വീശിയിരിക്കുന്നു. അവിടെ ചെറിയൊരു ആൾക്കൂട്ടമുണ്ട്.

കുളത്തിനടുത്തുള്ള വീട്ടിലെ തൊടിയിൽ മഞ്ഞത്തുമ്പികൾ പറന്നുകളിക്കുന്നു. മഴക്കാലം തുടങ്ങിയതുമുതൽ, മഞ്ഞത്തുമ്പികളെ കാണുന്നത് ആദ്യമായാണ്. ഇന്നു വെയിൽ ഉള്ളതുകൊണ്ടായിരിക്കുമോ മഞ്ഞത്തുമ്പികൾ പറന്നുകളിക്കുന്നതെന്ന് ഉണ്ണിക്കുട്ടൻ ആലോചിച്ചു.

തെളിഞ്ഞ പകൽ, നിറഞ്ഞൊഴുകുന്ന കുളം, പാറിപ്പറന്നു കളിക്കുന്ന മഞ്ഞത്തുമ്പികൾ, എല്ലാം കൂടി ഉണ്ണിക്കുട്ടന് എന്തെന്നില്ലാത്ത സന്തോഷം തോന്നുകയാണ്.

എത്ര നല്ലൊരു കഥയാണ് രാധടീച്ചർ പറഞ്ഞുതന്നത്! സന്തോഷം തോന്നാൻ അതുമൊരു കാരണമാകാം.

ലാൽബഹാദൂർ എത്ര നല്ലൊരു കുട്ടിയായിരുന്നു! വീട്ടിലെ പൂമുഖത്തെ ചുമരിൽ തൂക്കിയിരിക്കുന്ന ലാൽബഹാദൂർ ശാസ്ത്രിജിയുടെ ഫോട്ടോ, അവന്റെ ഹൃദയത്തിൽ തെളിഞ്ഞും മാഞ്ഞുംകൊണ്ടിരുന്നു. വീട്ടിൽ ചെന്നയുടൻ ആ ഫോട്ടോ ശ്രദ്ധിച്ചൊന്നു നോക്കണം.

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടന്റെ ഒപ്പം വീട്ടിലേക്കു നടന്നു.

# ഉണ്ണിക്കുട്ടൻ വളരുന്നു

## ഒന്ന്

മഴപെയ്യുന്ന ശബ്ദം കേട്ടുകൊണ്ടാണ് ഉണ്ണിക്കുട്ടൻ രാവിലെ ഉറക്കമുണർന്നത്.

മുറിയിൽ ഇരുട്ട്; പുറത്തു മഴപെയ്യുന്ന ശബ്ദം—റസമയം പുലർന്നിട്ടില്ലേ എന്ന് അവൻ സംശയിച്ചു. സംശയിക്കാനില്ല. സമയം പുലരാതെ, അമ്മ എഴുന്നേറ്റു താഴത്തേക്കു പോവില്ല. അമ്മ മാത്രമല്ല, അച്ഛനും അമ്മിണിയുംകൂടി ഉണർന്നെഴുന്നേറ്റു താഴത്തേക്കു പോയിരിക്കുന്നു.

'ടക്... ടക്...' എന്നു ശബ്ദിച്ചുകൊണ്ട് ടൈംപീസ് അച്ഛന്റെ കട്ടിലിന്റെ അടുത്തുള്ള സ്റ്റൂളിൽത്തന്നെ ഇരിപ്പുണ്ട്. അവൻ വെറുതേ ടൈംപീസിലേക്കൊന്നു നോക്കി—സമയം നോക്കാൻ ഇനിയും പഠിച്ചിട്ടില്ല. സാവകാശത്തിൽ, ശരിക്കു പറഞ്ഞു മനസ്സിലാക്കിത്തരാൻ ഒരാളു വേണ്ടേ? അതില്ല, കുട്ട്യേട്ടനിപ്പോഴും വലിയ ഭാവമായിത്തന്നെ നടക്കുകയാണ്. അച്ഛന് ഈവക കാര്യങ്ങളിലൊന്നും ശ്രദ്ധയേ ഇല്ല. മുത്തച്ഛനാണെങ്കിൽ, മഴക്കാലം തുടങ്ങിയശേഷം പാടത്തുതന്നെയാണ്. പിന്നെ അമ്മയാണ്. അടുക്കളയും കിണറ്റിൻകരയുമായി അമ്മ അങ്ങനെ കഴിയും. മുത്തശ്ശിക്കു സമയം നോക്കാനൊട്ടറിയുകയുമില്ല.

രാത്രിയിൽ ഉണ്ണാൻസമയത്ത് ഈ പറഞ്ഞവരെയെല്ലാം കാണാം. ഊണു കഴിയുമ്പോഴേക്കും എല്ലാവർക്കും ഉറങ്ങാൻ ധൃതിയായി. ഉണ്ണിക്കുട്ടനും അങ്ങനെതന്നെയാണ്. മഴക്കാലം തുടങ്ങിയതുമുതൽ, രാത്രിയിൽ ഊണുകഴിക്കുമ്പോഴേക്കും ഉറങ്ങാൻ ധൃതിയായി.

മഴക്കാലത്തു കിടന്നുറങ്ങാൻ എന്തൊരു സുഖമാണ്! അച്ഛന്റെ ദേഹത്തിൽ പറ്റിപ്പിടിച്ച്, മഴപെയ്യുന്ന ശബ്ദവും കേട്ടുകൊണ്ടങ്ങനെ കിടന്നുറങ്ങുക.

മഴക്കാലത്തു കട്ടിലിൽ കിടക്കുമ്പോഴേക്കും ഉറങ്ങുകയായി. രാവിലെ ഉറക്കമുണർന്നാലും എഴുന്നേറ്റു താഴത്തേക്കു പോവാൻ തോന്നുന്നില്ല.

ഇതാ, ഇപ്പോഴും താഴത്തേക്കു പോകാൻ തോന്നുന്നില്ല. മൂക്കിൽ ചെറുവിരലിട്ടുകൊണ്ട്, ജനാലയിലൂടെ പുറത്തേക്കു നോക്കിക്കിടന്നു. ഓട്ടിൻപുറത്തുനിന്നു മഴത്തുള്ളികൾ അനുസ്യൂതം താഴത്തേക്കു വീണുകൊണ്ടിരിക്കുന്നു. വൃക്ഷത്തലപ്പുകൾ കാറ്റത്ത് ആടിയുലയുന്നു. ചകിരിമാവിൻകൊമ്പിൽ ഒരു കാക്കയിരുന്നു കരയുന്നു. തണുത്തിട്ടായിരിക്കുമോ അതോ, വിശന്നിട്ടായിരിക്കുമോ കാക്ക കരയുന്നത്?

മഴക്കാലത്തു കാക്കകൾ എവിടെയാവും കൂടുകെട്ടുക?

മരക്കൊമ്പുകളിൽ സാധിക്കുമെന്നു തോന്നുന്നില്ല. ചുള്ളിക്കമ്പുകൾകൊണ്ടുണ്ടാക്കുന്ന കൂട് മരക്കൊമ്പുകളിൽ ഉറച്ചിരിക്കുമോ? മഴത്തുള്ളികളേറ്റു താഴെ വീഴില്ലേ? വീഴും; വീഴാതിരിക്കില്ല.

വേണമെങ്കിൽ വീടുകളുടെ തട്ടിൻപുറത്തെവിടെയെങ്കിലും കൂടുണ്ടാക്കാം. പക്ഷേ, തട്ടിൻപുറത്തൊന്നും കാക്കകളെ കാണാറില്ല. തട്ടിൻപുറത്ത് അമ്പലപ്രാവിനെയും അണ്ണാക്കൊട്ടനെയുമാണു കാണാറുള്ളത്. അവയ്ക്കു തട്ടിൻപുറത്തു കൂടുകളുമുണ്ട്.

അണ്ണാക്കൊട്ടന്നു തട്ടിൻപുറത്തെന്നല്ല, വീട്ടിൽ പല സ്ഥലത്തും കൂടുകളുണ്ട്. ഈയിടെ ഒരണ്ണാക്കൊട്ടൻ അടുക്കളയുടെ അട്ടത്ത് ഒരു കൂടുണ്ടാക്കിയിരുന്നു. എന്നിട്ട് ഒരു ദിവസം അടുക്കളയിൽ ഊണുകഴിക്കാനിരിക്കുമ്പോൾ അട്ടത്തുനിന്നു കണ്ണുമിഴിക്കാത്ത ഒരണ്ണാൻകുഞ്ഞു താഴത്തേക്കു വീണു. മുത്തച്ഛൻ അതിനെ എടുത്ത് അട്ടത്തേക്കുതന്നെവെച്ചു. അപ്പോഴേക്കും ചിലച്ചുകൊണ്ട് അതിന്റെ തള്ള ഓടിയെത്തി.

അന്നുമുതൽക്കു തോന്നിയതാണ്. അട്ടത്തു കയറി നോക്കണെമെന്ന ആഗ്രഹം. അതിന് ഏണിയിൽക്കൂടെ കയറണം. എട്ടു കൈയുള്ള ഏണിയാണ്. സാധാരണ ഏണിയിൽക്കൂടെ അട്ടത്തു കയറുന്നത് അമ്മയാണ്. അപ്പോൾ, മുത്തശ്ശി ഏണിയുടെ നടുഭാഗം ബലമായി പിടിച്ചു കൊണ്ടു നില്ക്കും.

അട്ടത്തു കയറി നോക്കണമന്ന ആഗ്രഹമുണ്ടെങ്കിലും കുട്ടൻനായരോ മുത്തച്ഛനോ അടുത്തില്ലാതെ കയറാൻ ധൈര്യമില്ല. കൂടെ റാന്തൽ വിളക്കും വേണം.

അടുക്കളയിൽ നിന്നുകൊണ്ട് അട്ടത്തേക്കു നോക്കാൻതന്നെ പേടിയാണ്. ആകെക്കൂടി ഒരു കറുപ്പുനിറം.

പെട്ടെന്ന്, ജനൽപ്പാളികൾ കാറ്റത്തടയുന്ന ശബ്ദം കേട്ടപ്പോൾ ഉണ്ണിക്കുട്ടൻ മൂക്കിൻദ്വാരത്തിൽനിന്നു വിരലെടുത്തു. ഞെട്ടിപ്പോയി. അവനൊരു ജാള്യത തോന്നി. ജനൽപ്പാളികൾ കാറ്റത്തടയുന്ന ശബ്ദം കേട്ടു ഞെട്ടുകയോ?

അവൻ വീണ്ടും അട്ടത്തെക്കുറിച്ചോർത്തുകൊണ്ടു കിടന്നു. എന്തൊക്കെ സാധനങ്ങളാണ് അട്ടത്ത്! വിറകിൻകൊള്ളികൾ, തെങ്ങിൻ മടലുകൾ, ഓലച്ചൂട്ടുകൾ, അരിപ്പിച്ചൂട്ടുകൾ, ചിരട്ടകൾ, കുറുന്തോട്ടിവേരിൻ കെട്ടുകൾ... ഹാവൂ! ഒന്നും പറയണ്ടാ.

ഇതിന്റെയൊക്കെ ഇടയിലാണ് അണ്ണാനവിടെ കൂടു കെട്ടിയിരിക്കുന്നത്! കഷ്ടകാലത്തിനു വല്ല പാമ്പോ മറ്റോ അട്ടത്തേക്ക് ഇഴഞ്ഞു ചെന്നാൽ, അണ്ണാക്കൊട്ടന്റെ ഗതി അസ്സലാവും.

മഴക്കാലത്തു പാമ്പുകൾക്കു വലിയ ബുദ്ധിമുട്ടാകും. മാളങ്ങളൊക്കെ നനഞ്ഞുകുതിർന്നിരിക്കും. നനഞ്ഞുകുതിർന്ന മാളത്തിൽ ചുരുണ്ടു കിടന്നാൽ വല്ല സുഖവുമുണ്ടാകുമോ? പെട്ടെന്നു മാളത്തിലേക്കു വെള്ള മടിച്ചു കയറിയാലത്തെ സ്ഥിതിയെന്താവും?

അതെന്തൊക്കെയായാലും തീറ്റക്കാര്യത്തിൽ ബഹുസുഖമാകും. തവളകൾ ഇഷ്ടംപോലെ! കരഞ്ഞുകരഞ്ഞു ഞാനിവിടെയുണ്ടെന്ന് അറിയിക്കുകയും ചെയ്യും. കരച്ചിൽ കേട്ട സ്ഥലത്തേക്കു പോവുക. ഇഷ്ടംപോലെ പിടിച്ചുതിന്നുക.

മഴക്കാലത്ത് എവിടെ നോക്കിയാലും തവളകൾതന്നെയാണ്. പുഴകളിൽ, കുളങ്ങളിൽ, കിണറുകളിൽ, പാടങ്ങളിൽ എന്നുവേണ്ടാ വെള്ളം കെട്ടി നില്ക്കുന്നിടത്തൊക്കെ തവളകൾ.

പാമ്പു തവളെ പിടിക്കുന്ന രംഗമൊന്നു കാണണമെന്നുണ്ട്. കുട്ടൻനായർപോലും, അതിതുവരെയായും കണ്ടിട്ടില്ലത്രേ!

മുറിയിൽനിന്ന് ഇരുട്ട് ഇനിയും മാറാത്തതെന്താണ്? മഴ തോർന്നാലേ ഇരുട്ടില്ലാതാവൂ.

മുറിയിൽ തങ്ങിനില്ക്കുന്ന ഇരുട്ട്; പാമ്പുകളെക്കുറിച്ച് ഓർക്കുമ്പോഴത്തെ ഭയം. കറുത്തുമിനുത്ത നിലത്ത് ഒരു പാമ്പ് ഇഴഞ്ഞു നടക്കുന്നുണ്ടോയെന്ന് അവൻ സംശയിച്ചുപോയി. പരിഭ്രമത്തോടെ അവൻ ചുറ്റും നോക്കി. ഇല്ല. വെറുതേ ഓരോന്നു തോന്നുകയാണ്. നിലത്ത് അമ്മിണിയുടെ കുഞ്ഞിക്കോസറിയും, റബ്ബർഷീറ്റും മാത്രമേയുള്ളൂ. കിടന്നാൽ, ഇനിയുമിങ്ങനെ ഓരോന്ന് ആലോചിക്കാൻ തോന്നും.

ഉണ്ണിക്കുട്ടൻ എഴുന്നേറ്റു ധൃതിയിൽ നടന്നു താഴത്തേക്കു പോയി.

താഴത്തെത്തിയശേഷം നേരേപോയതു പൂമുഖത്തേക്കാണ്. പൂമുഖത്തു പതിവുപോലെ മുത്തച്ഛനിരുന്നു മുറുക്കുന്നു.

ഉണ്ണിക്കുട്ടൻ, മുത്തച്ഛന്റെ അടുത്തു ചെന്നുനിന്നു.

“ഉറക്കൊണർന്നു വരുന്ന വഴ്യാ?” മുത്തച്ഛൻ ചോദിച്ചു. ‘അതേ’ എന്ന അർത്ഥത്തിൽ, ഉണ്ണിക്കുട്ടൻ തലയാട്ടി.

മുത്തച്ഛൻ പതുക്കെ എഴുന്നേറ്റ്, ഉമ്മറക്കോലായിൽ വന്നു നിന്നു മുറ്റത്തെ മഴവെള്ളത്തിലേക്കു തുപ്പി. തുപ്പൽ വീണ സ്ഥലം ചുകപ്പു നിറമാകുന്നത്, ഉണ്ണിക്കുട്ടൻ നോക്കിക്കണ്ടു.

മുത്തച്ഛൻ വീണ്ടും വന്നു ബെഞ്ചിലിരുന്നു. ചെല്ലത്തിൽനിന്ന് കുറച്ചു മുറുക്കാനെടുത്തു പൊതിഞ്ഞു വേറേ വെച്ചു.

പാടത്തേക്കു പോകുമ്പോൾ കൊണ്ടുപോകാനാവും. ഉണ്ണിക്കുട്ടൻ വിചാരിച്ചു.

ഉണ്ണിക്കുട്ടൻ കോലായിൽ വന്നു നിന്നു. കോലായിൽ ഒരു തൊപ്പിക്കുടയും ഓലക്കുടയും ചാരിവച്ചിട്ടുണ്ട്. ഓലക്കുടക്കാലിൽ

വീണു ചിന്നിച്ചിതറിത്തെറിക്കുന്ന മഴത്തുള്ളികളിലേക്കു നോക്കിക്കൊണ്ടു നില്ക്കുമ്പോൾ മുത്തച്ഛൻ പറഞ്ഞു:

"ഊത്താല് കൊണ്ടോണ്ട് അപ്പടെ നിക്കണ്ടാ. ബ്ടെ ബെഞ്ചിൽ വന്നിരുന്നോ."

ഉണ്ണിക്കുട്ടൻ ബെഞ്ചിൽ വന്നിരുന്നു.

മുത്തച്ഛൻ എഴുന്നേറ്റ്, മുണ്ടൊന്നഴിച്ചു കുടഞ്ഞുടുത്തു. മുറുക്കാൻ പൊതിയെടുത്ത് ഇടുപ്പിൽ തിരുകി. എന്നിട്ട് ഉമ്മറക്കോലായിൽ വന്ന് ഓലക്കുടയെടുത്തു മുറ്റത്തേക്കിറങ്ങുമ്പോൾ പറഞ്ഞു:

"മുത്തച്ഛൻ പോവാണ്. ട്ടോ?"

"ഉം." ഉണ്ണിക്കുട്ടൻ മൂളി.

മുത്തച്ഛൻ നടന്നുപോകുന്നതു നോക്കിക്കൊണ്ട്, ഉണ്ണിക്കുട്ടൻ വിചാരിച്ചു: വല്ലാത്തൊരു മുത്തച്ഛൻ! മഴക്കാലത്തുംകൂടി കുപ്പായമിടില്ല. ശീലക്കുട ഉപയോഗിക്കില്ല. അതെന്തൊക്കെയായാലും, തന്നെ എന്തിഷ്ടമാണ്! തനിക്കു മുത്തച്ഛനെയും അങ്ങനെതന്നെയാണ്.

ഇപ്പോൾ, പൂമുഖത്താരുമില്ല. തുറന്ന പൂമുഖമായതുകൊണ്ട് ബെഞ്ചിലിരുന്നു നോക്കുമ്പോൾ മൂന്നു ഭാഗവും മഴപെയ്യുന്നതുകാണാം. എന്തൊരു മഴയാണ്! മുറ്റം നിറച്ചു വെള്ളം. മുറ്റത്തിറങ്ങിനിന്നാൽ കാലിന്റെ ഞെരിയാണിവരെ വെള്ളമുണ്ടാവും. മുറ്റത്തിന്റെ അതിരിലുള്ള മണ്ണുകൊണ്ടുള്ള തിണ്ട്, അലിഞ്ഞലിഞ്ഞില്ലാതാവുകയാണെന്നു തോന്നുന്നു. ധനുമാസത്തിൽ തിരുവാതിരക്കാലത്ത് മുറ്റവും തിണ്ടും കാണാൻ എന്തു ഭംഗിയായിരുന്നു! നാലു ദിവസം, നാലു പണിക്കാർ ചേർന്നാണ്, മുറ്റംപണി അവസാനിപ്പിച്ചത്.

ആദ്യം ചുകന്ന മണ്ണുകൊണ്ടു തിണ്ടുപിടിച്ചു. എന്നിട്ടു കൊട്ടോടി കൊണ്ടടിച്ചടിച്ചു മിനുസപ്പെടുത്തി. ഒടുവിൽ തിണ്ടും മുറ്റവും ചാണക വെള്ളം കലക്കി തേമ്പി. എല്ലാം കഴിഞ്ഞപ്പോൾ കാണാനെന്തൊരു ഭംഗിയായിരുന്നു!

വിഷുവിനു മുമ്പൊരു മഴ പെയ്തപ്പോൾത്തന്നെ, മുറ്റത്തിന്റെ നിറം മാറി. ഭംഗി കുറഞ്ഞു. ശരിക്കു മഴ പെയ്തുതുടങ്ങിയതോടെ മുറ്റത്തിന്റെ ആകൃതിതന്നെ മാറിയതുപോലെയായി. പുല്ലുകൾ മുളച്ചു പൊന്തി. അവിടവിടെ ചരൽക്കല്ലുകൾ എഴുന്നുനിന്നു.

എന്നാലും മഴക്കാലംതന്നെയാണ് സുഖം. എങ്ങും വെള്ളം! വെള്ളം നിറഞ്ഞുനിൽക്കുന്നതു കാണാൻ എന്തൊരു ഭംഗിയാണ്!

വിഷുവിനുമുമ്പ് അമ്പലക്കുളത്തിൽ കുളിക്കാൻ പോയതും, ഈയിടെ കുളിക്കാൻ പോയതും ആലോചിച്ചാൽ എന്തൊരു വ്യത്യാസമാണ്! വിഷുവിനുമുമ്പു പോയപ്പോൾ അമ്പലക്കുളം

വലിയൊരു ഉരുളിയും അതിലെ വെള്ളം കാച്ചിക്കുറുക്കിയ കുഴമ്പുമാണെന്നാണു തോന്നിയത്! വെള്ളത്തിലേക്ക് ഇറങ്ങിയപ്പോൾ പേടിതോന്നി. കല്പടവുകളിൽനിന്ന് രണ്ടുമൂന്നു നീർക്കോലികൾ എത്തി നോക്കുന്നു. ഏതു നിമിഷവും വെള്ളത്തിലേക്ക് അവ ചാടിയെന്നുവരാം. പേടിച്ചു പേടിച്ചുകൊണ്ട് ഒരു വിധത്തിൽ കുളിച്ചുകയറി. ദേഹത്തിൽ എന്തിന്റെയൊക്കെയോ നാറ്റം.

പക്ഷേ, ഇന്നോ?

കുളം നിറഞ്ഞൊഴുകുന്നു, വേനൽക്കാലത്തു കണ്ടിരുന്ന 'പൊത്തും പോടു'മൊന്നും ഇപ്പോൾ കാണാനേയില്ല. ഒക്കെ വെള്ളത്തിനടിയിലാണിപ്പോൾ.

ഇപ്പോൾ, കുളത്തിനടുത്തെത്തുമ്പോഴേക്കും എന്തൊരു സന്തോഷമാണെന്നോ! നീന്താൻ തോന്നും. പക്ഷേ, നീന്താനറിഞ്ഞുകൂടല്ലോ. പഠിക്കണം. വീട്ടിലുള്ളവരെല്ലാം പറയുന്നത് പഠിക്കാറായിട്ടില്ല, ഒന്നുരണ്ടു കൊല്ലംകൂടി കഴിയട്ടെയെന്നാണ്. അതു പോരാ. വേഗം പഠിക്കണം. ആദ്യം കുളത്തിൽ നീന്താൻ പഠിക്കണം. എന്നിട്ടുവേണം ഒഴുക്കുള്ള പുഴയിൽപ്പോയി നീന്താൻ.

ഒഴുക്കിൽ നീന്താനും അത്ര പ്രയാസമൊന്നുമില്ലെന്നാണ് അപ്പുണ്ണി പറയുന്നത്. അപ്പുണ്ണി തന്റെ പ്രായത്തിൽ പുഴയിലെ ഒഴുക്കിൽച്ചാടി നീന്തുമായിരുന്നുവത്രേ.

വർഷകാലത്ത് പുഴ കാണുമ്പോൾ പേടിതോന്നും. കലങ്ങിമറിഞ്ഞ് ഒഴുകിക്കൊണ്ടിരിക്കും. എന്തൊക്കെയാണൊഴുകി വരികയെന്നോ! ചിലപ്പോൾ പെരുമ്പാമ്പുമുണ്ടാവുമത്രേ!

പെട്ടെന്ന് മഴയ്ക്ക് ശക്തി കൂടി. തൊഴുത്തിൽനിന്നു പുള്ളിച്ചിപ്പയ്യ് അകറുന്ന ശബ്ദം കേട്ടപ്പോൾ ഉണ്ണിക്കുട്ടൻ അങ്ങോട്ടു നോക്കി. അഴിച്ചുവിടാൻ സമയമായെന്നറിയിക്കയാവണം. ഈ മഴയത്ത് എങ്ങനെ അഴിച്ചുവിടാനാണ്? ഇന്ന് അഴിച്ചുവിടുകയുണ്ടാവില്ല. വൈക്കോൽ തിന്നുകൊണ്ട് തൊഴുത്തിൽത്തന്നെ കിടക്കുകയേയുണ്ടാവൂ.

മഴയില്ലെങ്കിൽ കുട്ടൻനായർ ഇന്നു വന്നാൽ തൊഴുത്തിൽനിന്നഴിച്ചുകൊണ്ടുവന്ന് തൊടിയിലെ തേക്കിൻകുറ്റിയിൽ കെട്ടിയിടാതിരിക്കില്ല. അപ്പോൾ തേക്കിൻകുറ്റിക്കു ചുറ്റുമുള്ള താളും തകരയും പുല്ലുമൊക്കെ തിന്നാം. അവയുടെ കൂട്ടത്തിൽ തൊട്ടാവാടിച്ചെടികളും തൂവച്ചെടികളുമുണ്ട്. കൂട്ടത്തിൽ അതും തിന്നുവെന്നു വരുമോ?

കുട്ടൻനായർ എവിടെയാണിന്നാവോ! മുത്തച്ഛൻ പോകുന്നതിനു മുമ്പുതന്നെ പാടത്തേക്കു പോയിരിക്കും.

മഴയ്ക്കു പെട്ടെന്നു ശക്തി കൂടിയതുപോലെതന്നെ, പെട്ടെന്നു കുറയുകയും ചെയ്തു. അപ്പോൾ എവിടെനിന്നൊക്കെയോ കാക്കകൾ കരയുന്നതു കേട്ടു.

മഴ തോർന്നു വെയിൽ പരന്നാൽ തൊടിയിലൊക്കെയൊന്നു പോയി നോക്കണം. ഒന്നു തൊടുമ്പോഴേക്കും തൊട്ടാവാടിച്ചെടികൾ വാടുന്നതു കാണണം. ചേമ്പിലകളിൽ തങ്ങിനില്ക്കുന്ന മഴത്തുള്ളികൾ തട്ടിത്തെറിപ്പിക്കണം. വാഴക്കൂമ്പുകളിൽ പറ്റിപ്പിടിച്ചു കിടക്കുന്ന, പേരറിയാത്ത ആ ചുവന്ന പ്രാണികളെ, കുറെനേരം ശ്രദ്ധിച്ചു നോക്കണം. അവിടവിടെയായി, തളംകെട്ടിനില്ക്കുന്ന വെള്ളത്തിൽ, തവളക്കുഞ്ഞുങ്ങൾ നീന്തിക്കളിക്കുന്നതു കാണുകയും വേണം.

പക്ഷേ, മഴ തോരാനുള്ള വട്ടമല്ല. ശക്തി കൂടുകയാണ്. പിന്നെയും.

ഇങ്ങനെ പൂമുഖത്തിരുന്നാൽ, പറ്റില്ലല്ലോ? സ്കൂളിൽ പോകണമല്ലോ, പൂമുഖത്തേക്കാരും വരാത്തതെന്താണ്? എന്താണിവരെല്ലാം ചേർന്ന്, അകായിൽ കാണിക്കുന്നത്? അമ്മിണിയുടെ ശബ്ദംപോലും കേൾക്കാനില്ലല്ലോ!

ഈ ഇരിപ്പു പറ്റില്ല.

ഉണ്ണിക്കുട്ടൻ, ബെഞ്ചിൽനിന്നെഴുന്നേറ്റ്, അകത്തേക്ക് ഓടിപ്പോയി.

## രണ്ട്

ഒരു ശനിയാഴ്ച. സ്കൂളില്ല.

കഴിഞ്ഞ മൂന്നാലു ദിവസമായി മഴയുടെ ശക്തിയൊന്നു കുറഞ്ഞിട്ടുണ്ട്; തോരാതെ നിന്നുപെയ്യുന്നില്ല. ഇടയ്ക്കിടയ്ക്കു വെയിൽ. ഇടയ്ക്കിടയ്ക്കു മഴ; അങ്ങനെയാണ്. ഇത് ഉണ്ണിക്കുട്ടനിഷ്ടമല്ല. ചിലപ്പോൾ മഴ പെയ്യില്ലെന്നു വിചാരിച്ച് കുടയെടുക്കാതെ സ്കൂളിലേക്കുപോകും. കുറച്ചുദൂരമെത്തുമ്പോഴേക്കും മഴ തുടങ്ങുകയായി. അപ്പോൾ വല്ല പീടികക്കോലായിലും കയറി നിൽക്കും. ഒപ്പം കുട്ട്യേട്ടനുമുണ്ടാകും.

ഉണ്ണിക്കുട്ടൻ കുടിയെടുത്തില്ലെങ്കിൽ, കുട്ട്യേട്ടനും കുടയെടുക്കില്ല. ഉണ്ണിക്കുട്ടനെടുത്താലോ, കുട്ട്യേട്ടനെടുക്കുകയും ചെയ്യും. ഇങ്ങനത്തെ ഒരു സ്വഭാവമാണ് കുട്ട്യേട്ടന്റെ.

ഇന്നു വെയിലായാലും മഴയായാലും യാതൊരു വിരോധവുമില്ല. സ്കൂളില്ലാത്ത ദിവസമല്ലേ?

ഉണ്ണിക്കുട്ടൻ സന്തോഷത്തോടെ ഉമ്മറത്തേക്കു വന്നു.

ഉമ്മറത്താരുമില്ല. അച്ഛനെവിടെപ്പോയി? അച്ഛൻ ഓഫീസിൽ പോകുന്നതിനുമുമ്പ് ഒന്നാംപാഠപുസ്തകം ശരിക്കൊന്നു പൊതിയിപ്പിക്കണം. അമ്മയ്ക്കു ജാക്കറ്റിന്റെ തുണി പൊതിഞ്ഞുകൊണ്ടുവന്ന തവിട്ടുനിറത്തിലുള്ള കടലാസ് സൂക്ഷിച്ചുവെച്ചിട്ടുണ്ട്. കൊണ്ടുവന്ന അന്നുതന്നെ ആ കടലാസ്സിന് അമ്മിണി ശാഠ്യംപിടിക്കയുണ്ടായി. കുട്ട്യേട്ടനും കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ, അമ്മയുടെ സാമർത്ഥ്യം കൊണ്ട് അവർക്കു കൊടുക്കാതെകഴിഞ്ഞു. ഇപ്പോഴത് ആരും കാണാതെ മുത്തശ്ശിയുടെ മുറിയുടെ മേപ്പടിയിൽ വെച്ചിരിക്കയാണ്.

പുസ്തകം പൊതിയിപ്പിച്ചാൽമാത്രം പോര. പുസ്തകത്തിന്മേൽ 'പി.സി. ഉണ്ണിക്കുട്ടൻ, ഒന്നാം സ്റ്റാൻഡേർഡ് (എ)' എന്നെഴുതിപ്പിക്കുകകൂടി വേണം.

പുസ്തകത്തിന്റെ ഏടുകൾ മറിച്ചുനോക്കിയാൽ, അച്ഛൻ ദേഷ്യപ്പെട്ടേക്കും. ഇരുപത്തിരണ്ടാംപേജ് പകുതിയേയുള്ളൂ. സദാനന്ദനാണ് അതു കീറിയത്. കരഞ്ഞുകൊണ്ട് അപ്പോൾത്തന്നെ രാധടീച്ചറോടു പറയുകയും ചെയ്തു.

രാധടീച്ചർ സദാനന്ദനെ ചീത്ത പറയുകയും തല്ലാനോങ്ങുകയും ചെയ്തു. പക്ഷേ, തല്ലിയില്ല. രാധിടീച്ചർ ആരെയും തല്ലില്ല. വടി, പേരിനു മാത്രംവേണ്ടി, മേശപ്പുറത്തു വയ്ക്കുന്നു. ചിലപ്പോൾ അതെടുത്തു ബോർഡിലേക്കോ, മറ്റെവിടേക്കെങ്കിലുമോ ചൂണ്ടിക്കാണിച്ചുകൊണ്ടെന്തെങ്കിലും പറയും. അത്രതന്നെ.

അപ്പോൾ പുസ്തകം പൊതിയിപ്പിച്ച്, പേരെഴുതിപ്പിക്കണം. സ്ലേറ്റൊന്നു കഴുകി വൃത്തിയാക്കുകയും വേണം. കുറച്ചു മിനക്കേടുള്ള പണിയാണത്. സ്ലേറ്റ് വെള്ളത്തിൽ മുക്കി കരിക്കട്ടകൊണ്ടു നല്ലപോലെ ഉരയ്ക്കുക. സ്റ്റേറ്റിന്റെ ചട്ടക്കൂടിന്റെ അഴുക്കു കളയണമെങ്കിൽ ചകിരിയോ, പാറകത്തിന്റെ ഇലയോ വേണം.

പാറകത്തിന്റെ ഇലയുടെ കാര്യമോർത്തപ്പോൾ, അടുത്തുതന്നെ വീട്ടിൽ നടക്കാൻപോകുന്ന അടിച്ചുതളിയുടെ കാര്യത്തെക്കുറിച്ച് അവനോർത്തു. അടിച്ചുതളി കർക്കിടകമാസം ഒന്നാംതീയതിക്കുമുമ്പു കഴിഞ്ഞിരിക്കണം. കർക്കിടകമാസം ഒന്നാംതീയതിക്കാണെങ്കിൽ ഇനിയും ഒരാഴ്ചയുംകൂടിയേയുള്ളൂവെന്ന് മുത്തശ്ശി പറയുന്നതു കേട്ടു.

പാറകമരം നിൽക്കുന്നത് തൊഴുത്തിന്റെ അടുത്താണ്. അതിന്മേൽ കയറി കൊമ്പുകൾ ഇന്നുതന്നെ കുട്ടൻനായർ വെട്ടിക്കൂടായ്കയില്ല.

കുട്ടൻനായർ എവിടെയാണ്? നേരം വെളുത്തപ്പോഴേക്കും

പാടത്തേക്കു പോയെന്നുണ്ടോ?

കുട്ടൻനായർ പുറത്തുനിന്നു വന്നാൽ ഇന്നുതന്നെ പാറകത്തിന്റെ കൊമ്പുകൾ വെട്ടാൻ പറയണം. അങ്ങനെ സ്ലേറ്റിന്റെ ചട്ടക്കൂട് പാറകത്തിന്റെ ഇലകൊണ്ട് ഉരച്ചുകഴുകാം. വേണമെങ്കിൽ കാളിയമ്മയോടു പറയുകയുമാവാം.

ഉണ്ണിക്കുട്ടൻ മുറ്റത്തേക്കിറങ്ങി. ഉമ്മറമുറ്റത്തെ ഒതുക്കുകല്ലിൻ ചുവട്ടിൽ മൂന്നു ചുകന്ന തേരട്ടകൾ അരിച്ചരിച്ചു പോകുന്നു. കറുത്ത തേരട്ടകളെക്കാൾ കാണാൻ ഭംഗി ചുകന്ന തേരട്ടകളെയാണ്.

ഉണ്ണിക്കുട്ടൻ മുറ്റത്തുകിടക്കുന്ന ഒരീർക്കില എടുത്ത് തേരട്ടകളുടെമേൽ ചെറുതായൊന്നു തോണ്ടിയപ്പോഴേക്കും അവ ചുരുണ്ടുകൂടിക്കിടന്നു. ഒന്നു തൊടുമ്പോഴേക്കും തേരട്ടകൾ ചുരുണ്ടുകൂടുന്നതു കാണാൻ ബഹുരസം. കല്ലെടുത്തെറിയുമ്പോൾ വാടുന്ന തൊട്ടാവാടിച്ചെടികളെക്കാൾ ബഹുരസമാണിതു കാണാൻ! ഉണ്ണിക്കുട്ടന് ഒരാഗ്രഹം തോന്നി. മുറ്റം നിറയെ അരിച്ചരിച്ചുനീങ്ങുന്ന തേരട്ടകൾ. മുറ്റത്തിന്റെ അതിരിലെല്ലാം തൊട്ടാവാടിച്ചെടിപ്പടർപ്പുകൾ! ഇതുപോലുള്ള രംഗത്തേക്ക്, ഒരു നീളൻവടിയുമായി വരിക. എന്നിട്ട് ആദ്യം തൊട്ടാവാടി ച്ചെടിപ്പടർപ്പുകളെ വടികൊണ്ടുഴിഞ്ഞു വാട്ടുക. അതിനുശേഷം തേരട്ടകളെ ഓരോന്നു തോണ്ടുമ്പോഴേക്കും അവ ചുരുണ്ടു വട്ടത്തിലാവുന്നതു കാണുക!

പക്ഷേ, ഇവിടെ മുറ്റത്തിന്റെ അതിരിൽ തൊട്ടാവാടിച്ചെടിപ്പടർപ്പു കളില്ല. തൊട്ടാവാടിച്ചെടിപ്പടർപ്പുകൾ മണ്ഡപപ്പുരയ്ക്കടുത്തും മുളങ്കൂട്ടത്തിനടത്തുമൊക്കെയാണ്. പിന്നെ തേരട്ടകളുടെ കാര്യമാണ്. അത്രയ്ക്കധികം തേരട്ടകളെ ഒന്നിച്ചെവിടെനിന്നു കിട്ടാനാണ്? ഇതാ ഇപ്പോൾ മുറ്റത്തുതന്നെ വെറും മൂന്നു തേരട്ടകളാണ്.

ഉണ്ണിക്കുട്ടൻ ചുരുണ്ടുകിടക്കുന്ന മൂന്നു തേരട്ടകളെയും ഈർക്കിലയിൽ കുത്തിയെടുത്തു തൊടിയിലേക്കിട്ടു.

മുറ്റത്ത് അവിടവിടെയായി ഞാഞ്ഞൂളിൻപുറ്റുകളുണ്ട്. അവയിൽ ഞാഞ്ഞൂളുകളുമുണ്ട്. ഞാഞ്ഞുളിനെ കാണാൻ ഒരു ഭംഗിയുമില്ല. വേനല്ക്കാലത്ത് ഈ ഞാഞ്ഞൂളുകളൊക്കെ എവിടെയായിരിക്കുമോ എന്തോ? തേരട്ടകളും എവിടെയായിരിക്കുമോ എന്തോ? തവളകളെ അപ്പോഴും കാണാറുണ്ട്. പക്ഷേ, കരയുന്നതു കേൾക്കാറില്ല.

പെട്ടെന്നു ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടു. നോക്കിയപ്പോൾ കുട്ടൻനായരാണ്. പാടത്തുനിന്നു വരികയാവും. തോർത്തുമുണ്ടാണുടുത്തിരിക്കുന്നത്. തൊപ്പിക്കുട തലയിലല്ല, കയ്യിലാണ്. മഴക്കാലം തുടങ്ങിയതു മുതൽ തൊപ്പിക്കുട കുട്ടൻനായരുടെ തലയിലോ കയ്യിലോ ഉണ്ടായിരിക്കും.

കുട്ടൻനായരെ കണ്ട സന്തോഷംകൊണ്ട് ഉണ്ണിക്കുട്ടൻ ഓടിച്ചെല്ലാൻ ഭാവിച്ചപ്പോഴേക്കും കുട്ടൻനായർ പറഞ്ഞു: "ഓടണ്ട; മുറ്റം മുഴുവനും വഴുക്കലാ; വീഴും."

എന്നിട്ടും ഉണ്ണിക്കുട്ടൻ കുട്ടൻനായരുടെ അടുത്തേക്ക് ഓടിച്ചെന്നു.

കുട്ടൻനായർ ചോദിച്ചു: "എന്താണു രാവിലെതന്നെ മുറ്റത്ത്? സ്കൂളിലേ?"

"ഇല്ല; ശനിയാഴ്ചയല്ലേ?"

"അപ്പോ ന്ന് വികൃതികാട്ടി നടക്കലുതന്നെ, അല്ലേ?"

ഉണ്ണിക്കുട്ടൻ അതിനു സമാധാനമൊന്നും പറയാതെ വിഷയം മാറ്റിക്കൊണ്ടു ചോദിച്ചു: "പറോത്തിന്റില ഓടിക്കണ്ടേ?"

കുട്ടൻനായർക്കു മനസ്സിലായില്ല, അയാൾ ചോദിച്ചു: "എന്ത്?"

"പറോത്തിന്റിലേ; അടിച്ചുതളിക്കാൻ."

"ഓഹോ ! ഇപ്പോ മനസ്സിലായി."

കുട്ടൻനായർ, ഇത്രയും പറഞ്ഞ്, കിണറ്റിൻകരയിലൂടെ അടുക്കള മുറ്റത്തേക്കു പോയി.

'ചായ കുടിക്കാനാവും,' ഉണ്ണിക്കുട്ടൻ വിചാരിച്ചു. അവൻ മുറ്റത്തു തന്നെ നിന്നു. എന്തുമാതിരിയാണ്, മുറ്റത്തു പുല്ലു മുളച്ചു വളർന്നിരിക്കുന്നത്! കർക്കിടകമാസം ഒന്നാം തീയതിക്കു മുമ്പ് മുറ്റമെല്ലാം ചെത്തിക്കോരി വൃത്തിയാക്കണമെന്ന് മുത്തച്ഛൻ കുട്ടൻനായരോടു പറഞ്ഞിട്ടുണ്ട്.

കുറച്ചുനേരംമുമ്പു തൊടിയിലേക്കെടുത്തിട്ട ആ തേരട്ടകൾ ഇപ്പോഴും അവിടെത്തന്നെ ചുരുണ്ടുകിടക്കുകയാവുമോ? അതോ, അരിച്ചു നീങ്ങാൻ തുടങ്ങിയിരിക്കുമോ?

പൂമുഖത്തുനിന്ന് കുട്ട്യേട്ടന്റെ ശബ്ദം കേട്ടു. എന്താണെന്നറിയാൻ ഉണ്ണിക്കുട്ടൻ അടുത്തേക്കു ചെന്നു.

കുട്ട്യേട്ടൻ നിസ്സാരമട്ടിൽ നിക്കറിന്റെ പോക്കറ്റിൽനിന്നു പച്ചനിറത്തിലുള്ള ഒരു സിനിമനോട്ടീസെടുത്തു സ്റ്റൈലിൽ വായിക്കാൻ തുടങ്ങി:

"ഉദ്ഘാടനമഹാമഹം!

ഗീതാഞ്ജലിടാക്കീസിൽ 9-7-67 വെള്ളിയാഴ്ച മുതൽ ദിവസേന രണ്ടു പ്രദർശനങ്ങൾ (6.30 നും 9.30). കണ്ണഞ്ചിപ്പിക്കുന്ന സുന്ദരകലാസൃഷ്ടി! പൊതുജനങ്ങളും പത്രങ്ങളും ഒരുപോലെ പ്രശംസിക്കുന്ന പുത്തൻ പടം.

തമിഴ്നാട്ടിലും ആന്ധ്രാപ്രദേശത്തും മാസക്കണക്കിനു പ്രദർശിപ്പച്ചു വിജയവൈജയന്തി പറപ്പിച്ച ഒരു സാഹസിക സാമുദായികചിത്രം!

ഞെട്ടിത്തരിപ്പിക്കുന്ന വാൾപ്പയറ്റുകൾ!...."

'മതി മതി, ഇത്രയും മതി'യെന്നു പറയാൻ ഉണ്ണിക്കുട്ടന്നു തോന്നിയെങ്കിലും പറഞ്ഞില്ല. കുട്ട്യേട്ടൻ ദേഷ്യപ്പെട്ടു വല്ലതും ചെയ്താലോ? 'ഇങ്ങനെയില്ല ഒരു സിനിമാനോട്ടീസുവായനക്കാരൻ' എന്നു മനസ്സിൽ വിചാരിച്ചുകൊണ്ട്, ഉണ്ണിക്കുട്ടൻ അകത്തേക്ക് ഓടിപ്പോയി.

അടുക്കളയ്ക്കടുത്ത്, പച്ചക്കറികളും മറ്റും വയ്ക്കുന്ന മുറിയിൽ നിന്നു. ശബ്ദം കേട്ടപ്പോൾ, അങ്ങോട്ടു ചെന്നു; ഓ! അമ്മിണിയാണ്. പണി തരക്കേടില്ല. നിലത്തു പരത്തിയിട്ടിരിക്കുന്ന ചക്കക്കുരു ഓരോന്നായെടുത്ത് ഒരടുക്കുചെമ്പിലേക്കിടുകയാണ്. അതുകൊണ്ടാവണം, ഇത്രനേരമായും അവളെ ഉമ്മറത്തേക്കൊന്നും കാണാഞ്ഞത്. തന്നെ കണ്ട ഭാവംതന്നെയില്ലാ അവൾക്ക്. വേണ്ട, അവളെന്തെങ്കിലും ചെയ്തോട്ടെ.

ഉണ്ണിക്കുട്ടൻ നേരേ അടുക്കളയിലേക്കു ചെന്ന് അമ്മയോടു ചോദിച്ചു: "എടുത്തൂ അമ്മേ കുട്ടൻനായര്?"

അതിനു സമാധാനം പറഞ്ഞത്, അടുക്കുളമുറ്റത്തു നില്ക്കുന്ന കുട്ടൻനായരാണ്: "ബ്ടെണ്ട്; നമുക്കു പോകാം."

കുട്ടൻനായരുടെ ശബ്ദം കേൾക്കേണ്ട താമസം ഉണ്ണിക്കുട്ടൻ അടുക്കളമുറ്റത്തേക്കോടിപ്പോയി. അമ്മ അടുക്കളയിൽനിന്നു വിളിച്ചു ചോദിച്ചു: "എങ്ങട്ടാ"

"പറോത്തിന്റിലയ്ക്ക്." കുട്ടൻനായർ പറഞ്ഞു.

അടുക്കളമുറ്റത്തെ തെങ്ങിൻതടത്തിൽ, പാത്രം മോറിക്കൊണ്ടിരിക്കുന്ന കാളിയമ്മ ചോദിച്ചു: "പറോത്തിന്റിലയ്ക്ക് ചുന്തരക്കുട്ടീം പോണണ്ടോ?"

'ആവോ' എന്നു പറഞ്ഞാലോയെന്നു സംശയിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ നിന്നു. വേണ്ടാത്തിടത്തേക്കൊക്കെ കാളിയമ്മ വരും. ഇത്ര ഉറക്കെ ചോദിക്കേണ്ട വല്ല ആവശ്യവുമുണ്ടോ ആയമ്മയ്ക്ക്?

"എന്നാൽ പൊവ്വാ?" കുട്ടൻനായർ ചോദിച്ചു.

ഉണ്ണിക്കുട്ടൻ തലയാട്ടി. വല്ലതും ശബ്ദിച്ചാൽ കാളിയമ്മ ഇനിയും വല്ലതും ചോദിച്ചേക്കും. ഒരുപക്ഷേ, അമ്മയോ മുത്തശ്ശിയോ പോകേണ്ടയെന്നു പറഞ്ഞാലോ?

കുട്ടൻനായർ കുളിമുറിയിലെ വളയിൽനിന്നു മടവാളെടുത്ത് ഉണ്ണിക്കുട്ടന്റെ കൈയും പിടിച്ചു തൊടിയിലേക്കു നടന്നു.

കുറച്ചു ചെന്നു തിരിഞ്ഞുനോക്കിയപ്പോൾ പുറകേ കുട്ട്യേട്ടനുമുണ്ട്.

പാറകമരം നിൽക്കുന്നതു തൊഴുത്തിന്റെ അടുത്താണ്. തൊഴുത്തിലേക്കുള്ള വഴിയുടെ ഇരുഭാഗത്തും ഞെടിയിൽ പടർന്നു പുഷ്ഠിച്ചു നിൽക്കുന്ന പയറിൻവള്ളികളാണ്.

തൊഴുത്തിനടുത്തെല്ലാം ചേനയും ചേമ്പും സമൃദ്ധമായി വളർന്നു നില്ക്കുന്നു. തൊഴുത്തിനടുത്തുതന്നെ ഒരു ഭാഗത്തു കുറച്ചു കൂണുകൾ പൊട്ടിവിരിഞ്ഞു നില്ക്കുന്നുണ്ട്.

കൂണുകളുണ്ടാകുന്നത് ഇടിശബ്ദം കേട്ടിട്ടാണെന്ന് മുത്തശ്ശി പറഞ്ഞത് അവനോർത്തു. അതെങ്ങനെയാണ്? ഇടിശബ്ദം കേട്ടാൽ എങ്ങനെയാണു പൊട്ടിമുളയ്ക്കുക? വിത്തറുകളോ, കൊമ്പുകളോ കുഴിച്ചിടാതെ വല്ല ചെടികളുമുണ്ടാകുമോ?

കൂൺ ഒരു ചെടിയാണോ? ചെടിയാണെങ്കിൽ കൊമ്പോ, വള്ളിയോ, ഇലയോ—ഇങ്ങനെയെന്തെങ്കിലും വേണ്ടേ?

ഉണ്ണിക്കുട്ടൻ ഒരു കൂൺ പറിച്ചെടുത്തു മണിപ്പിച്ചു നോക്കി. മണമെന്നു പറയാൻമാത്രമൊന്നുമില്ല. ആകെക്കൂടി നല്ല മിനുസമുള്ള ഒരു സാധനം. കൂണുകൊണ്ടു മസാലക്കറി വയ്ക്കുമെന്നു പറഞ്ഞത് പാറുക്കുട്ടിയമ്മയാണ്. പക്ഷേ, വീട്ടിൽ കൂണുകൊണ്ടൊരു കൂട്ടാനും ഇതുവരെ വെച്ചിട്ടില്ല.

കുട്ടൻനായർ പാറകമരത്തിൽ കയറിയിരിക്കുന്നു. കൊമ്പുകൾ ഓരോന്നായി വെട്ടിവീഴ്ത്തുകയാണ്. എല്ലാ കൊമ്പുകളിലും ധാരാളം ഇലകളുണ്ട്.

കുട്ട്യേട്ടൻ കുറച്ചു ദൂരെ നിന്നുകൊണ്ട്, വളക്കുഴിയിലേക്കു കല്ലുകളെടുത്തെറിയുന്നുണ്ട്. ദൂരെ നിന്നുകൊണ്ട്, വളക്കുഴിയിലേക്കു കല്ലുകളെടുത്തെറിയുന്നതുകൊണ്ട് എന്താണു പ്രയോജനം? എറിയുന്ന കല്ലുകൾ വളക്കുഴിയിലേക്കു താഴ്ന്നിറങ്ങുന്നതാണു കാണേണ്ടത്!

കുട്ടൻനായർ മരത്തിന്റെ മുകളിൽനിന്നു വിളിച്ചു പറഞ്ഞു: “രണ്ടാളും വികൃതികാണിക്കാതെ നിന്നോളിൻ.”

ഉണ്ണിക്കുട്ടൻ ചേമ്പിൻതടത്തിലേക്കു നോക്കി. ചേമ്പിലകളിൽ വെള്ളത്തുള്ളികൾ തങ്ങിനില്ക്കുന്നതു കാണാൻ എന്തൊരു ഭംഗിയാണ്! ചെറിയചെറിയ പളുങ്കുമണികളെപ്പോലെയാണെന്നു തോന്നും. അച്ഛന്റെ പേപ്പർവെയ്റ്റിനകത്തു കാണുന്ന കുമിളകൾ, ചേമ്പിന്റെ ഇലകളിൽ തങ്ങിനിൽക്കുന്ന വെള്ളത്തള്ളികളെപ്പോലെയാണ്!

അവൻ ചേമ്പിൻതടത്തിന്റെ അടുത്തു ചെന്നു നിന്നു. എന്നിട്ടു ചേമ്പിലകളിൽ തങ്ങിനില്ക്കുന്ന വെള്ളത്തുള്ളികൾ തട്ടിത്തെറിപ്പിച്ചു.

വെള്ളത്തുള്ളികൾ ശരീരത്തിൽ തെറിച്ചപ്പോൾ അവനു കോരിത്തരിപ്പു തോന്നി! ഇപ്പോൾ ചേമ്പിലകളിൽ വെള്ളത്തുള്ളികളൊന്നുമില്ല. വെള്ളത്തുള്ളികൾ തങ്ങിനില്ക്കാത്ത ചേമ്പിലകൾ കാണാൻ ഭംഗിയില്ല.!

കുട്ടൻനായർ മരത്തിൽനിന്നു താഴത്തിറങ്ങി. വെട്ടിയിട്ട

കൊമ്പുകളെല്ലാം ഒരു ഭാഗത്തു ശേഖരിച്ചൊതുക്കിവെച്ചു.

ഇപ്പോൾ തൊടിയിലെ ചെറുമരങ്ങളിലൊന്നും കൊമ്പുകളില്ലെന്നുതന്നെ പറയാം. ഒക്കെ കഴിഞ്ഞ മാസത്തിൽ പച്ചിലവളത്തിനായി വെട്ടിയെടുത്തു. പാറകമരത്തിന്റെ കൊമ്പുകൾ മാത്രമേ വെട്ടാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അതും വെട്ടി.

"എന്നാൽ പൊവ്വാ?" കുട്ടൻനായർ പാറകത്തിന്റെ കൊമ്പുകൾ രണ്ടു കൈകളിലുമെടുത്തുകൊണ്ടു ചോദിച്ചു.

പോകാതെ, തൊടിയിലിനി എന്തു ചെയ്യാനാണ്? കുട്ടൻനായർ നടന്നു; അയാളുടെ പുറകേ ഉണ്ണിക്കുട്ടന്നും കുട്ട്യേട്ടനും.

നേരെ ചെന്നതു കിണറ്റിൻകരയിലേക്കുതന്നെയാണ്. കാളിയമ്മയുണ്ട്. അവിടെ.

"ഇതാ, പോരേ?" കുട്ടൻനായർ പാറകത്തിന്റെ ധാരാളം ഇലകളുള്ള കൊമ്പുകൾ കാളിയമ്മയുടെ മുമ്പിലേക്കിട്ടു. "ധാരാളം!" കാളിയമ്മ പറഞ്ഞു.

മുത്തശ്ശി അടുക്കളയിൽനിന്നു വിളിച്ചു പറഞ്ഞു: "കുട്ടൻനായരേ! അട്ടവും തട്ടിൻപുറവുമൊക്കെയൊന്നടിക്കണം. കർക്കിടകമാസം ഒന്നാന്ത്യല്ലേ വര്ണ്?"

അമ്മ പറഞ്ഞു: "അതു സ്കൂളുള്ള ദിവസം മതി. അല്ലെങ്കിൽ കുട്ട്യോള് ഒന്നിനും സമ്മതിക്കില്ല."

"അതു പറണേന്താണ്ടായില്ല. കുട്ടൻനായർക്കു നാളെ വേറേ പണികാണും." മുത്തശ്ശി.

കുട്ടൻനായരും പറഞ്ഞു: "ശരിയാ. അട്ടത്തീം തട്ടുമ്പുറത്തീം മാറാല തട്ടല് ഇപ്പോത്തന്നെ കഴിച്ചേക്കാം."

കുട്ടൻനായർ ഇതു പറഞ്ഞപ്പോൾ ഉണ്ണിക്കുട്ടന്റെ മുഖം സന്തോഷം കൊണ്ടു വികസിച്ചു. കുട്ട്യേട്ടന്റെ മുഖത്തും സന്തോഷഭാവംതന്നെയാണ്. പക്ഷേ, സന്തോഷം കാണിക്കാൻ പാടില്ലാത്ത ഒരു നിലയിലാണല്ലോ, ഇപ്പോൾ. മാറാലയടിക്കലോ, പുല്ലുപറിക്കലോ എന്തെങ്കിലുമായിക്കോട്ടെ, തനിക്കൊന്നിലും പ്രത്യേകമൊരു താത്പര്യവുമില്ലെന്ന് അഭിനയിച്ചു കാണിക്കേണ്ട ഒരു രംഗമാണിത്!

സുഖംതന്നെ! മുത്തച്ഛൻ പാടത്ത്. അച്ഛൻ ഓഫീസിൽ. മുത്തച്ഛൻ വീട്ടിലുണ്ടായാലും വിഷമമൊന്നുമില്ല. അച്ഛൻ ഉണ്ടെങ്കിൽ ദേഷ്യപ്പെട്ടുവെന്നുവന്നേക്കാം. നല്ലകാലത്തിന് ഇന്നു രണ്ടാളുമില്ല. നന്നായി!

എവിടെനിന്നാണാവോ തുടങ്ങുന്നത്? തട്ടുമ്പുറത്തുനിന്നോ, അട്ടത്തു നിന്നോ? തട്ടുമ്പുറത്തുനിന്നു തുടങ്ങുന്നതാണു നല്ലത്.

ആഗ്രഹിച്ചതുപോലെ അമ്മ പറയുകയും ചെയ്തു: "അപ്പോ,

തട്ടിൻ പുറത്തുനിന്നു തുടങ്ങിക്കോളിൻ കുട്ടൻനായരെ."

"ആയ്ക്കോട്ടെ."

ഉണ്ണിക്കുട്ടന്നു സന്തോഷമായി.

കുട്ടൻനായർ നീളമുള്ള ഒരു എരങ്കോലു കൊണ്ടുവന്ന്, അതിന്റെഅറ്റത്ത് ഒരു കുറ്റിച്ചൂലു വരിഞ്ഞുകെട്ടി, തോർത്തുമുണ്ടഴിച്ച്, ഒന്നു കുടഞ്ഞു മുറുക്കിയുടുത്തു തയ്യാറാവുകയാണ്.

കുട്ടൻനായർ തട്ടിൻപുറത്തേക്കു നടന്നു. പുറകേ ഉണ്ണിക്കുട്ടനും കുട്ട്യേട്ടനും. പോകുന്ന പോക്കിൽ പച്ചക്കറികൾ സൂക്ഷിച്ചുവെക്കുന്ന കുട്ടിയറയിലേക്കു നോക്കി. അമ്മിണി, അപ്പോഴും ചക്കക്കുരു ചെമ്പിലേക്കെടുത്തിട്ടുകൊണ്ടിരിക്കയാണ്.

ഇനിയും തീർന്നില്ലേ. ഈ 'തൊരല്യാത്ത പണി' ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു. വല്ലതും ചോദിക്കുന്നത് അബദ്ധമാണ്. താൻ കുട്ടൻ നായരോടൊപ്പം തട്ടിൻപുറത്തേക്കു പോകയാണെന്നറിഞ്ഞാൽ, അവളും പുറവെടും.

ഒന്നും ശ്രദ്ധിക്കാതെ മുന്നോട്ടു നടന്നപ്പോഴേക്കും അമ്മിണി പിന്നിലെത്തിക്കഴിഞ്ഞു.

"ഞാനൂണ്ട്."

ഞെട്ടിപ്പോയി! അമ്മിണി കൂടെ വന്നാൽ എല്ലാ കുണ്ടാമണ്ടികളുമുണ്ടാക്കും. പക്ഷേ, എന്തു ചെയ്യാനാ? അവൾ പുറപ്പെട്ടു പിന്നിലെത്തിക്കഴിഞ്ഞു. ഇനി, അവൾ മടങ്ങിപ്പോവില്ല. ആരെന്തു പറഞ്ഞാലും ശരി, വല്ലതും കയർത്തുപറഞ്ഞാൽ അവളുടെ കൈയിൽ ആയുധമുണ്ടല്ലോ; കരച്ചിൽ!

ഇപ്പോഴെന്തായാലും അവളെ കരയിപ്പിക്കേണ്ട. അവൾ കരഞ്ഞു വഴക്കുണ്ടാക്കിയാൽ, അമ്മ, ആരെയും തട്ടിൻപുറത്തു പോകാനനുവദിക്കില്ല.

'ഉപദ്രവം!' എന്നു മനസ്സിൽ വിചാരിച്ചുകൊണ്ട്, ഉണ്ണിക്കുട്ടൻ മറ്റുള്ളവരോടൊപ്പം തട്ടിൻപുറത്തേക്കു നടന്നു.

വെള്ളത്തുള്ളികൾ തങ്ങിനില്ക്കുന്ന ചേമ്പിലകൾ അവന്റെ ഹൃദയത്തിലപ്പോഴും തെളിഞ്ഞും മാഞ്ഞുംകൊണ്ടിരുന്നു.

## മൂന്ന്

ഉണ്ണിക്കുട്ടൻ തട്ടിൻപുറത്ത് എത്തുന്നതിനുമുമ്പുതന്നെ കുട്ടൻനായരും കുട്ട്യേട്ടനും അവിടെ എത്തിക്കഴിഞ്ഞിരുന്നു.

തട്ടിൻപുറത്തെത്തിയശേഷം, അമ്മിണി കോണിപ്പടികൾ ശരിക്കു കയറിവരുന്നുണ്ടോ എന്ന് ഉണ്ണിക്കുട്ടൻ നോക്കി. ധൃതിപ്പെട്ടു കയറുമ്പോൾ, തട്ടിത്തടഞ്ഞു താഴോട്ടു വീഴുകയോ മറ്റോ ചെയ്താലോ? വീണാൽ അവൾ നിർത്താതെ കരയുവാൻ തുടങ്ങും. അപ്പോൾ മുത്തശ്ശിയും അമ്മയും കുട്ടൻനായരുമൊക്കെ ഓടിയെത്തും.

പേടിക്കാനില്ല. വളരെ ശ്രദ്ധിച്ചുകൊണ്ടാണ്, അമ്മിണി കോണിപ്പടികൾ കയറി തട്ടിൻപുറത്ത് എത്തിയത്.

ഉണ്ണിക്കുട്ടന് സമാധാനമായി!

കുട്ടൻനായർ, കുട്ട്യേട്ടൻ, അമ്മിണി–മൂന്നുപേരേയും ഉണ്ണിക്കുട്ടൻ മാറിമാറി നോക്കി. എന്തൊക്കെയാണ് അവരുടെ ഭാവങ്ങൾ?

കുട്ടൻനായർ, തട്ടിൻപുറത്താകെ മൂന്നാലുപ്രാവശ്യം നടന്നു. അയാൾ നടക്കുമ്പോൾ, തട്ടിൻപുറത്ത് എവിടെയൊക്കെയോ കുലുങ്ങുന്നതായി ഉണ്ണിക്കുട്ടന്നു തോന്നി. കുട്ട്യേട്ടനും അമ്മിണിയും താനും നടക്കുമ്പോൾ കുലുങ്ങുന്നതൊന്നുമില്ല. കുട്ടൻനായർക്ക് അധികം കനമുണ്ടാകുന്നതുകൊണ്ടാവാം, നടക്കുമ്പോൾ, തട്ടിൻപുറമിങ്ങനെ കുലുങ്ങുന്നത്!

കിളിവാതിലിന്റെ അഴികൾ പിടിച്ചുകൊണ്ട്, ഉണ്ണിക്കുട്ടൻ പുറത്തേക്കു നോക്കി. ഇവിടെനിന്നു നോക്കുമ്പോൾ റോഡ് വളരെ അടുത്താണെന്നു തോന്നുന്നു. താഴത്തുനിന്നു നോക്കുമ്പോൾ, റോഡ് ഇത്ര അടുത്താണെന്നു തോന്നില്ല! എന്താവാമതിനു കാരണം?

“ബ്ഗ്ഗ് ബ്ടന്നു നോക്കുമ്പോ റോഡെത്രയടുത്താ!” ഉണ്ണിക്കുട്ടൻ, ആരോടെന്നില്ലാതെ, അത്ഭുതഭാവത്തോടെ പറഞ്ഞു.

അവൻ പറഞ്ഞത് ആരും ശ്രദ്ധിച്ചില്ല.

“കുട്ട്യോളെ, മാറിനിന്നോളിൻ, ഇല്ലെങ്കിൽ കണ്ണിലും മൂക്കിലുമൊക്കെ പൊടിയാവും.”

കുട്ടൻനായർ, തലപ്പത്തു ചൂലുകെട്ടിയ എരങ്കോലു മേൽപ്പോട്ട് ഉയർത്തിക്കൊണ്ടു പറഞ്ഞു.

മൂന്നാളും ചുമരു ചാരിക്കൊണ്ട് ഒരരുകിൽ അടങ്ങിനിന്നു.

ഉണ്ണിക്കുട്ടൻ തട്ടിൻപുറമാകെ വിസ്തരിച്ചൊന്നു നോക്കി: അയയിൽ ചുരുട്ടിവെച്ച പനമ്പുകൾ, കീറവിശറികൾ, പാളക്കഷണങ്ങൾ, പഴയ ചെരുപ്പുകൾ, കുറുന്തോട്ടിവേരിൻകെട്ടുകൾ, ഓലച്ചൂട്ടുകൾ, അരിപ്പച്ചൂട്ടുകൾ, ചിരട്ടകൾ, കാലിട്ടിന്നുകൾ, കാലിക്കുപ്പികൾ, കൊണ്ടാട്ടം നിറച്ചു വച്ച ഭരണികൾ, വാകയും പുളിയും നിറച്ചുവച്ച കലങ്ങൾ... എന്തെല്ലാമെന്തെല്ലാം സാധനങ്ങളാണ്! കലം കാണുമ്പോൾ അവനുലേശം പേടിയാണ്! അബദ്ധത്തിൽ കൈയോ കാലോ ഒന്നു

തട്ടുമ്പോഴേക്കും കലം ഉടയും. കുറച്ചു മാസങ്ങൾക്കു മുമ്പ് ഒരു വാകക്കലത്തിൽ കാലൊന്നു തട്ടിയപ്പോഴേക്കും അത് ഉടഞ്ഞ് കഷണംക്ഷണമായത് അവനു നല്ല ഓർമ്മയുണ്ട്.

ഉണ്ണിക്കുട്ടൻ പനമ്പിൻകെട്ടിന്റെ അടുത്തു ചെന്ന് അതിൽ വെറുതേയൊന്നു തട്ടിനോക്കി. രണ്ടുമൂന്നു ചിലന്തികളും ഒരുതരം വെളുത്ത പൊടിയും നിലത്തേക്കു വീണു. ചിലന്തികൾ നിലത്തു വീണപ്പോഴേക്കും ചുമരിലേക്ക് ഓടിപ്പാഞ്ഞുകയറി.

ചുമരിലേക്കു കയറിപ്പോകുന്ന ചിലന്തികളെ കുട്ട്യേട്ടൻ കുട്ടൻനായർക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു.

കുട്ടൻനായർ ചൂലിൻതലപ്പുകൊണ്ട് ചുമരിലൊരടിയടിച്ചു. ദാ, കെടക്കണു ചിലന്തികൾ താഴത്ത്. ഉണ്ണിക്കുട്ടൻ അടുത്തു ചെന്നു നോക്കി. അവയുടെ ദേഹത്തിൽനിന്ന് ഒരുതരം വെള്ളമൊലിക്കുന്നുണ്ട്. അനക്കമില്ല.

"ചത്തു!" കുട്ടൻനായർ പറഞ്ഞു.

അവയെ തല്ലിക്കൊല്ലേണ്ടിയിരുന്നില്ലെന്ന് ഉണ്ണിക്കുട്ടന്നു തോന്നി. ഓട്ടിൻപുറത്തേക്കിട്ടാൽ മതിയായിരുന്നു. പാവം! ചത്തുപോയി.

ഇതിനിടയിൽ, അമ്മിണി പൊടിയിൽ മുങ്ങിക്കിടക്കുന്ന തൊട്ടിലിനകത്തു കടന്ന് ഇരിപ്പുറപ്പിച്ചിരിക്കുന്നു!

തട്ടിൻപുറത്തുള്ള ഇത്രയെല്ലാം സാധനങ്ങൾ കണ്ടിട്ടും തൊട്ടിൽ കാണാതിരുന്നതിൽ ഉണ്ണിക്കുട്ടന് ഒരമളി പിണഞ്ഞപോല തോന്നി! ഇതാദ്യം കണ്ടിരുന്നുവെങ്കിൽ താൻ അതിനകത്തു കടന്നിരിക്കുമായിരുന്നു.

"അയ്യോയോ! എന്തിനാ അതിനകത്തിരിക്കണ്? അതിലത്രേം മണ്ണും പൊടീം ആണല്ലോ?"

അമ്മിണി തൊട്ടിലിൽനിന്നെഴുന്നേറ്റു. അവളുടെ ഗൗണിന്റെ പിന്നിലും കൈത്തണ്ടകളിലും അപ്പിടി മണ്ണാണ്.

ഉണ്ണിക്കുട്ടൻ പൊട്ടിച്ചിരിച്ചു.

ഉണ്ണിക്കുട്ടന്റെ ചിരി അമ്മിണിക്ക് അത്ര പിടിച്ചില്ല. അവൾ കരയാൻ തുടങ്ങി.

"എന്തിനാ കരയണ്?" കുട്ടൻനായർ ചോദിച്ചു.

ഉണ്ണിക്കുട്ടൻ പൊട്ടിച്ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു: "കണ്ടില്ലേ അവളുടെ കോലം!"

കുട്ട്യേട്ടനും അമ്മിണിയുടെ കോലം കണ്ടു പൊട്ടിച്ചിരിച്ചു.

രണ്ടുപേരും പൊട്ടിച്ചിരിക്കാൻ തുടങ്ങിയപ്പോൾ അമ്മിണി കരച്ചിലിനു ശക്തി കൂട്ടി.

കുട്ടൻനായർ എന്താണു വേണ്ടതെന്നു നിശ്ചയമില്ലാതെ ഒരു നിമിഷം സംശയിച്ചുനിന്നപ്പോഴേക്കും അമ്മ തട്ടിൻപുറത്തേക്ക്

ഓടിയെത്തി.

"എന്തേ നിങ്ങള് രണ്ടാളുംകൂടി അവളെ കാട്ടീത്?"

അമ്മ ഉണ്ണിക്കുട്ടന്റെയും കുട്ട്യേട്ടന്റെയും മുഖത്തു മാറിമാറി നോക്കിക്കൊണ്ടു ചോദിച്ചു.

"ഞങ്ങളൊന്നും കാട്ടീട്ടില്ല." ഉണ്ണിക്കുട്ടൻ പറഞ്ഞു.

"പിന്നെ അവള് വെറുതേ കരയാ?"

ഉണ്ണിക്കുട്ടൻ പൊട്ടിപ്പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "കണ്ടില്ലേ, അവളുടെ ഗൗണിന്റെ ഒരു ചന്തം!"

അമ്മ ശ്രദ്ധിച്ചുനോക്കി. അമ്മയും ചെറുതായൊന്നു പുഞ്ചിരിച്ചു. എന്നിട്ട് അമ്മിണിയെ എടുത്തു താഴത്തേക്കു പോയി.

അവളുടെ നിലവിളിയുടെ ശബ്ദം അകന്നകന്നുപോകുന്നത് ഉണ്ണിക്കുട്ടൻ ശ്രദ്ധിച്ചു.

അമ്മിണി പോയപ്പോൾ അവന് ആകപ്പാടെ ഒരാശ്വാസം തോന്നി. അമ്മിണിയുടെ ഈ കരച്ചിലാണ് അവനിഷ്ടപ്പെടാത്തത്.

കുട്ടൻനായർ, ചിതലും മാറാലയും അടിച്ചടിച്ചു മുന്നേറുക തന്നെയാണ്.

കുട്ട്യേട്ടൻ ചെറിയൊരു കാലിക്കുപ്പിയെടുത്തു താഴത്തേക്കു പോയി.

എന്തിനായിരിക്കാം കുട്ട്യേട്ടൻ ആ കുപ്പിയെടുത്തോടിപ്പോയത്? എന്തെങ്കിലുമൊന്നു വിചാരിച്ചുകാണും. അല്ലാതെ പെട്ടെന്നു താഴത്തേക്കു പോവില്ല.

ഉണ്ണിക്കുട്ടൻ തൊട്ടിലിന്റെ അടുത്തുചെന്നു നോക്കി. തൊട്ടിലിൽ അമ്മിണി ഇരുന്ന പാടു കാണാനുണ്ട്.

ഈ തൊട്ടിൽ എവിടെയെങ്കിലും കെട്ടിത്തൂക്കിയാലയെന്ധ? ആടാമല്ലോ. അന്നാളൊരുദിവസം അച്ഛനോടു പറയായ്കയുമില്ല. അപ്പോൾ അച്ഛൻ പറഞ്ഞു: 'ഇനി അതിൽനിന്നു വീണു കൈയും കാലും ഒടിക്കാഞ്ഞിട്ടാ.'

പിന്നെ ഒന്നും പറഞ്ഞില്ല. അച്ഛൻ ദേഷ്യപ്പെട്ടാലോ?

തൊട്ടിൽ കെട്ടിയാലും ബുദ്ധിമുട്ടുണ്ടാവും. അമ്മിണി തൊട്ടിലിൽ നിന്നിറങ്ങുകയുണ്ടാവില്ല. കുട്ട്യേട്ടന്നും തൊട്ടിലിന്റെ അടുത്തു ചുറ്റിപ്പറ്റിക്കൊണ്ടു നില്ക്കും. ഇവർ രണ്ടാളോടും മല്ലിട്ടാലേ തനിക്കു തൊട്ടിലിൽ കയറാൻ പറ്റുകയുള്ളൂ.

വേണ്ട; തൊട്ടിൽ കെട്ടേണ്ട.

ചത്തു കിടക്കുന്ന ചിലന്തികളിൽ ഒന്നിനെ മാത്രമേ കാണാനുള്ളൂ. മറ്റു രണ്ടെണ്ണം അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ, കുട്ടൻനായരുടെ കാലടികൾക്കിടയിൽ പറ്റിപ്പിടിച്ചിട്ടുണ്ടാകും.

കുട്ട്യേട്ടനും അമ്മിണിയും താഴത്ത് എന്തു കാണിക്കയായിരിക്കും?

കുട്ട്യേട്ടൻ കിണറ്റിൻകരയിൽ, ആ കാലിക്കുപ്പി കഴുകിക്കൊണ്ടിരിക്കയാവും. അമ്മിണി കുട്ടിയറയിൽ വീണ്ടും ചക്കക്കുരുവും അടുക്കു ചെമ്പുമായി കൂടിയിരിക്കയാവും. കരയുന്നില്ലെന്നതു തീർച്ചയാണ്. കരയുന്നുണ്ടെങ്കിൽ, കരച്ചിലിവിടെ കേൾക്കേണ്ടതാണ്!

ചിതലും മാറാലയുമായി നിലത്തെത്രയാണു വീണിരിക്കുന്നത്! ഇനി, ഇതൊക്കെ അടിച്ചുവാരി വൃത്തിയാക്കുന്നത് കാളിയമ്മയായിരിക്കും.

കുട്ടൻനായർ നേരേ പോയത് അടുക്കളയിലേക്കുതന്നെയാണ്.

കലത്തിൽനിന്നു ലേശം പുളിയെടുത്തു തിന്നാലോ എന്ന് അവൻ സംശയിച്ചു നിന്നു. വേണ്ട; കുട്ടൻനായർ കണ്ടാൽ വല്ലതും പറഞ്ഞേക്കും.

അവൻ അങ്ങനെ സംശയിച്ചു നില്ക്കുമ്പോൾ കുട്ടൻനായർ പറഞ്ഞു: "കഴിഞ്ഞു, നമുക്കിനി താഴത്തേക്കു പൊവ്വാ."

കുട്ടൻനായർ കോണിപ്പടികളിറങ്ങി, പുറകേ ഉണ്ണിക്കുട്ടനും. ഇനി കാര്യമായി ചിതലും മാറാലയുമടിക്കാനുള്ളത് അടുക്കളയിലാണ്. ഉമ്മറത്തും തളത്തിലും ബാക്കിയുള്ള മുറികളിലും മറ്റും കാളിയമ്മ അടിച്ചുവാരി ശരിപ്പെടുത്തും.

അമ്മിണി അകായിൽക്കിടന്ന് ഉറങ്ങുകയാണ്. വിചാരിച്ചപോലെ ചക്കക്കുരുവും അടുക്കുചെമ്പുംകൊണ്ടുള്ള കളിയൊന്നുമല്ല.

കുട്ട്യേട്ടൻ എവിടെയാണ്? കിണറ്റിൻകരയിൽത്തന്നെയാകും.

കുട്ടൻനായരെ കണ്ടപ്പോൾ മുത്തശ്ശി പറഞ്ഞു:

"അടുക്കളേന്നു പാത്രങ്ങളൊക്കെ എടുത്തുമാറ്റിയിരിക്കുന്നു. വനോളിൻ."

കുട്ടൻനായർ അടുക്കളയിലേക്കു കടന്നു.

അടുക്കളയിൽ, അട്ടത്തേക്കു കയറാനുള്ള കോണി ആരോ കൊണ്ടുവന്നു വച്ചിട്ടുണ്ട്. കാളിയമ്മയും മുത്തശ്ശിയുംകൂടി താങ്ങിപ്പിടിച്ചു കൊണ്ടുവച്ചതാവും. എട്ടു കൈയുള്ള കോണിയാണ്.

ആരും പിടിക്കാതെതന്നെ, കോണിക്കൈക്കുകൾ ചവുട്ടിക്കയറി കുട്ടൻ നായർ അട്ടത്ത് അപ്രത്യക്ഷനാകുന്നത് ഉണ്ണിക്കുട്ടൻ കൗതുകത്തോടെ നോക്കിക്കൊണ്ടു നിന്നു.

ഇപ്പോൾ അട്ടത്തുനിന്നു വെറും ശബ്ദങ്ങൾ മാത്രമേ കേൾക്കാനുള്ളൂ. വിറകും ചിരട്ടകളും മറ്റും അടുക്കിവയ്ക്കുന്ന ശബ്ദം.

വെറും ശബ്ദങ്ങൾ കേട്ടുകൊണ്ടിങ്ങനെ നില്ക്കാൻ ഒരു രസവുമില്ല. ഉണ്ണിക്കുട്ടൻ അടുക്കളയിലേക്കു വന്നു. കാളിയമ്മ അവിടെയുണ്ട്. പാറകക്കൊമ്പുകളിൽനിന്ന് ഇലകൾ പൊട്ടിച്ചെടുത്തു

ശരിപ്പെടുത്തുകയാണ്.

ഉണ്ണിക്കുട്ടൻ കാളിയമ്മയുടെ അടുത്തുചെന്നു നിന്നപ്പോൾ കാളിയമ്മ ചോദിച്ചു: "ചുന്തരക്കുട്ടി അട്ടോം തട്ടിൻപുറോം അടിക്കണെതു കാണായിരുന്നോ?"

'അതേ' എന്നർത്ഥത്തിൽ, ഉണ്ണിക്കുട്ടൻ തലയാട്ടി. കാളിയമ്മ തുടർന്നു പറഞ്ഞു: "ചുന്തരക്കുട്ടീടെ സ്സ്ലേറ്റ് കാള്യേമ്മ അസ്സലായി തേച്ചു കഴുകിത്തരാം, ട്ടോ?"

"എപ്പോ?" ഉണ്ണിക്കുട്ടൻ ഉത്കണ്ഠയോടെ ചോദിച്ചു.

"അടിച്ചുതളി കഴിഞ്ഞിട്ട്."

ഇലകൾ പിഴുതെടുത്ത പാറകമരക്കൊമ്പുകൾ മുറ്റത്തു ചിതറിക്കിടക്കുന്നു. ഒരൊറ്റ കൊമ്പിലും ഒരിലപോലുമില്ല.

ഉണ്ണിക്കുട്ടൻ മുറ്റത്തിറങ്ങി, പാറകമരക്കൊമ്പുകളെല്ലാം പെറുക്കിയെടുത്തു തൊടിയിലേക്ക് എറിഞ്ഞു. അപ്പോഴാണ് മുറ്റത്തിട്ടിട്ടുള്ള ഉരലിൽ വെള്ളം നിറഞ്ഞുനിൽക്കുന്നത് അവന്റെ ദൃഷ്ടിയിൽ പെട്ടത്.

'മഴവെള്ളമാവും.' ഉണ്ണിക്കുട്ടൻ വിചാരിച്ചു. അടുത്തുചെന്നു നോക്കിയപ്പോൾ, അവന്റെ കൊച്ചുമുഖം ഉരലിലെ വെള്ളത്തിൽ പ്രതി ഫലിച്ചു. അവൻ നാക്കുകൊണ്ടും ചുണ്ടുകൾകൊണ്ടും ചില വിദ്യകൾ കാണിച്ചപോൾ അതും ഉരലിലെ വെള്ളത്തിൽ പ്രതിഫലിച്ചു. കൊള്ളാമല്ലോ, ഈ വിദ്യ!

അവൻ ഉരലിലെ വെള്ളത്തിലങ്ങനെ നോക്കിക്കൊണ്ടു നില്ക്കുമ്പോൾ, കുട്ടൻനായർ കാർക്കിച്ചുതുപ്പാനായി അടുക്കളമുറ്റത്തേക്കിറങ്ങിവന്നു.

കാളിയമ്മ ചോദിച്ചു: "എന്താ കുട്ടൻനായരേ, വായിൽ വല്ലതും പോയോ?"

"ഉവ്വ്. കുമ്പളക്കൊറ്റനാ തോന്നണ്."

ഇത്രയും പറഞ്ഞ് കുട്ടൻനായർ അടുക്കളയിലേക്കു പോയി.

ഉണ്ണിക്കുട്ടൻ വിരലുകൾകൊണ്ട്, ഉരലിലെ വെള്ളമിളക്കിയപ്പോൾ അവന്റെ പ്രതിഫലനം വെള്ളത്തിൽനിന്നു മാഞ്ഞുപോയി.

അങ്ങി ദൂരെയുള്ള പാടത്തുനിന്നു പേടി തോന്നിക്കുന്ന ഈണത്തിലുള്ള ഒരു പാട്ടിന്റെ ഈരടികൾ കേട്ടു. ഏതോ കന്നുപൂട്ടുകാരൻ പാടുകയാവണം.

ശരി, അടുക്കളയിൽ ഒന്നുകൂടി പോയി നോക്കാം. അടുക്കള വാതിലിനടുത്തെത്തി. അപ്പോഴേക്കും കുട്ടൻനായർ പറഞ്ഞു: 'ഇങ്ങട്ട് വരണ്ടേ. അവിടെ നിന്നു നോക്കിക്കണ്ടാൽ മതി.'

ശരി, ഉണ്ണിക്കുട്ടൻ അടുക്കളവാതിലിന്റെ അടുത്തുതന്നെ നിന്നു. എന്തെല്ലാം ചപ്പുചവറു സാധനങ്ങളാണ് അട്ടത്തുനിന്നും

ചുവരിൽനിന്നും താഴത്തേക്കു വീണിരിക്കുന്നത്?

കുറച്ചുനേരം ആ ചപ്പുചവറുകളിലെല്ലാം നോക്കിനിന്നശേഷം അവൻ വീണ്ടും അടുക്കളമുറ്റത്തേക്കുതന്നെ വന്നു.

ഉരലിലെ വെള്ളം ഇപ്പോൾ ഇളകുന്നില്ല. വെള്ളത്തിലേക്കു നോക്കിയപ്പോൾ, മുഖം വീണ്ടും പ്രതിഫലിച്ചു കണ്ടു.

കാളിയമ്മ പെട്ടെന്നു വന്നു പറഞ്ഞു: "ചുന്തരക്കുട്ടിയൊന്നു മാറി നിൽക്കൂ. ഈ ഉരലൊന്നു മറിച്ചിടട്ടെ."

"ഉം? എന്തിനാ?"

"ചുന്തരക്കുട്ടിക്കു കാപ്പി കുടിക്കണ്ടേ? അതിനു കാപ്പിക്കുരു പൊടിക്കാൻ."

ഉണ്ണിക്കുട്ടൻ മാറിനിന്നു. കാളിയമ്മ ഉരൽ, മറിച്ചിട്ടു.

ഇനി എന്താണു ചെയ്യുക? അടുക്കളമുറ്റമാകെ ഒരവലോകനം നടത്തി. മുറ്റത്തിന്റെ അങ്ങേയറ്റത്ത് ഒരു മവിൻതൈ മുളച്ചു വന്നിരിക്കുന്നത് അവൻ കണ്ടു. അടുത്തുചെന്നു നോക്കിയപ്പോൾ, മണ്ണിനുമീതെതന്നെ കാണാവുന്ന ഒരണ്ടിയിൽനിന്നാണ് ഞെ മുളച്ചു വന്നിരിക്കുന്നത്.

അവൻ അതിന്റെ ഇലകളിൽ തൊട്ടുനോക്കി. എന്തൊരു മിനുസമാണ്! ഇലകളുടെ നിറം ശരിക്കു ചുകപ്പുമല്ല, കറുപ്പുമല്ല—അങ്ങനത്തെ ഒരു നിറം.

ഇങ്ങനെ മണ്ണിനടിയിലല്ലാതെ മണ്ണിനു മീതെയായാൽ ഞെ ശരിക്കു വളരുമോ? മാങ്ങായണ്ടിക്കു മീതെ, ലേശം മണ്ണെടുത്തിട്ടു. ഇപ്പോൾ മാങ്ങായണ്ടി പുറത്തേക്കു കാണാനില്ല.

"എന്താ കാട്ടണ്?" കുട്ട്യേട്ടന്റെ ചോദ്യമാണ്. കുട്ട്യേട്ടൻ ഇതുവരെ എവിടെയായിരുന്നു?

ഉണ്ണിക്കുട്ടൻ ചോദിച്ചു: "തട്ടിൻപുറത്തുനിന്നെടുത്ത കുപ്പി എവിടെ?"

കുട്ട്യേട്ടൻ അതിനു സമാധാനം ഒന്നും പറയാതെ, അകത്തേക്ക് ഓടിപ്പോയി.

കുപ്പി എവിടെ വെച്ചിരിക്കയാണാവോ?

തവിട്ടുനിറത്തിൽ പച്ചപ്പയ്യിനെപ്പോലെ ചാടുന്ന ഒരു ചെറുപ്രാണി മാവിൻതൈയിന്റെ തളിരിൽ ചാടിയെത്തി. ഉണ്ണിക്കുട്ടൻ അതിനെയൊരു തട്ടുതട്ടി. തട്ടിന്റെ ശക്തികൊണ്ടൊന്നുമല്ല, അതവിടെനിന്നു ചാടിപ്പോയി.

ഇങ്ങനെ അടുക്കളമുറ്റത്തുതന്നെ നിന്നതുകൊണ്ടായില്ലല്ലോ? അടുക്കളയിലെ സ്ഥിതി എന്താണെന്നുകൂടി അറിയണ്ടേ? ചെന്നു നോക്കിയപ്പോൾ, എന്താണു പറയേണ്ടത്? അടുക്കളയിൽ ആകെയൊരു വെളിച്ചം. ഇതെങ്ങനെ വന്നു?

“എങ്ങനാ ഈ വെളിച്ചം?” ഉണ്ണിക്കുട്ടൻ കുട്ടൻനായരോടു ചോദിച്ചു.

“മേല്പോട്ടു നോക്ക്.”

ഉണ്ണിക്കുട്ടൻ മേല്പോട്ടു നോക്കി. അവിടവിടെയായി തിളങ്ങന്ന ചില്ലോടുകൾ! ഇതുവരെയായും ചില്ലോടുകൾ മണ്ണിലും പൊടിയിലും മുങ്ങിക്കിടന്നിരുന്നതുകൊണ്ടാവാം, വെളിച്ചം വരാതിരുന്നത്!

ഉണ്ണിക്കുട്ടൻ, അത്ഭുതത്തോടെ വീണ്ടുംവീണ്ടും ചില്ലോടുകളിൽ നോക്കിക്കൊണ്ടു നിന്നു.

കുട്ടൻനായർ എരങ്കോലും ചൂലുമായി അടുക്കളയിൽനിന്നു പോയി. പണി കഴിഞ്ഞിരിക്കും. ഇനിയൊക്കെ കാളിയമ്മയ്ക്കുള്ളതാവും.

കുട്ട്യേട്ടൻ ആ കുപ്പി എന്തിനാണെടുത്തത്? എവിടെയാണു കുട്ട്യേട്ടൻ? ഉമ്മറത്തോ, ഉമ്മറിമുറ്റത്തോ ഉണ്ടാകുമോ എന്തോ? പോയി നോക്കുകതന്നെ.

പെട്ടെന്നു മഴ പെയ്തുതുടങ്ങി. ഇന്ന് ഇതുവരെയും മഴ പെയ്തിട്ടില്ല. ഇപ്പോഴാണ് പെയ്യാൻ തുടങ്ങുന്നത്.

മഴ പെയ്തുതുടങ്ങിയപ്പോൾ മുത്തശ്ശി പറഞ്ഞു: “എന്നാലാ ബെഞ്ചകളും പലകകളും മഴയത്തേക്കെടുത്തിടാ. ഒന്നു. മഴകൊണ്ടു കുതിരട്ടെ.”

“ശര്യാ.” കാളിയമ്മയും പറഞ്ഞു.

കേൾക്കേണ്ട താമസം, ഉണ്ണിക്കുട്ടൻ അടുക്കളയിൽനിന്നു പലകകളെല്ലാമെടുത്ത്, അടുക്കളമുറ്റത്തേക്കിട്ടു. കൂട്ടത്തിൽ അവന്റെ കുഞ്ഞിപ്പലകയുമുണ്ട്.

പലകകളിൽ ഇറാലുവെള്ളം വീണു ചിന്നിത്തെറിക്കുന്നത്, കുറച്ചുനേരം കൗതുകത്തോടെ നോക്കിക്കൊണ്ടു നിന്നു.

എന്തായാലും പലകകൾ മഴയത്തേക്കിടുന്ന സമയത്ത് കുട്ട്യേട്ടനും അമ്മിണിയും വരാഞ്ഞതു നന്നായി! വന്നിരുന്നുവെങ്കിൽ, എല്ലാ പലകകളും മഴയത്തേക്കെടുത്തിടുവാൻ തനിക്ക് ഒറ്റയ്ക്കു സാധിക്കുകയില്ലായിരുന്നു. അതു നന്നായെന്ന് അവൻ ഒരിക്കൽക്കൂടി ഓർത്തു.

“കാള്യേമ്മ ഒന്നിങ്ങട്ട്, ഉമ്മറത്തേക്കു വരിൻ.” ഉമ്മറത്തുനിന്ന് കുട്ടൻനായരുടെ ശബ്ദമാണ്. കാളിയമ്മ, നനഞ്ഞ കൈകൾ മുണ്ടിൻ തുമ്പിൽ തുടച്ചുകൊണ്ട് ഉമ്മറത്തേക്കു പോയി. പിന്നാലെ ഉണ്ണിക്കുട്ടനും. കാളിയമ്മയുടെ വലത്തേ കാലടിയുടെ പിൻഭാഗത്തു ഞാഞ്ഞുളിൻ പുറ്റിന്റെ നനഞ്ഞുകൊഴുത്ത മണ്ണു പറ്റിപ്പിടിച്ചിട്ടുണ്ട്. ആയമ്മ അതുകണ്ടിരിക്കയില്ല. വല്ലാത്തൊരു കാളിയമ്മ! അല്ലെങ്കിൽത്തന്നെ ആയമ്മയുടെ കാലടികൾ കാണാൻ ഒരു

ഭംഗിയുമില്ല. വർഷകാലം തുടങ്ങിയതുമുതൽ കാൽവിരലുകളിലെല്ലാം ചേറ്റുപുണ്ണു പിടിച്ചിട്ടുമുണ്ട്. മൈലാഞ്ചി അരച്ചിട്ടാൽ ചേറ്റുപുണ്ണ് മാറുമത്രേ! പാറുക്കുട്ടിയമ്മയാണു പറഞ്ഞത്. അങ്ങനെയാണെങ്കിൽ, ലേശം മൈലാഞ്ചി അരച്ചിട്ടാൽ, എന്താണാവോ, ആയമ്മയ്ക്ക്?

ഉമ്മറത്തു ചെന്നപ്പോൾ, കുട്ടൻനായർ ബെഞ്ചിന്റെ മുകളിൽ കയറി നിന്ന്, തട്ടുത്തരങ്ങളിൽ ചൂലുകൊണ്ട് അടിക്കുകയാണ്. പതിനാലാം നമ്പ്ര് വിളക്കും വിളക്കു തൂക്കാനുള്ള കമ്പിയും മുത്തച്ഛന്റെ പട്ടീസും ചുമരിലെ കലണ്ടറുകളുമെല്ലാം നിലത്തേക്കെടുത്തുവച്ചിരിക്കുന്നു. കതിർക്കുല മാത്രം വളയിൽ ഇപ്പോഴും തൂങ്ങുന്നുണ്ട്.

തട്ടിൻപുറത്തും അടുക്കളയിലുമുള്ളപോലെ അത്രയ്ക്കധികം മണ്ണും പൊടിയും മാറാലയുമൊന്നും ഉമ്മറത്തെ തട്ടുത്തരങ്ങളിന്മേലില്ല. വേട്ടാളൻകൂടുകളുണ്ട്. അവയൊന്നും അടർത്തിക്കളയാൻ പാടില്ലല്ലോ? വേട്ടാളൻകൂടുകൾക്കടുത്തു വളരെ കരുതലോടെയാണ്. കുട്ടൻനായർ ചൂലുകൊണ്ടടിക്കുന്നത്? അബദ്ധത്തിൽ അടർന്നുവീണാലോയെന്ന ഭയമുണ്ടാകും. മൂക്കിൽ കുരു ഉണ്ടാവുന്ന കാര്യമാണ്. ആർക്കാണു പേടി തോന്നാതിരിക്കുക?

കുട്ടൻനായർ, ബെഞ്ചിൽനിന്നിറങ്ങി, ചൂലു താഴെയിട്ടു. എന്നിട്ട് ഉമ്മറത്തെ വാതിലിന്റെ മേല്പടിയിന്മേലുള്ള സാധനങ്ങളോരോന്നായി താഴത്തേക്കെടുത്തിട്ടു. എന്തെന്തു നുള്ളറ്റുന്നുറുങ്ങുസാധനങ്ങളാണ്! വളപൊട്ടുകൾ, പാളാക്കിൻകഷണങ്ങൾ, സിനിമാനോട്ടീസുകൾ, രണ്ടുമൂന്ന് ഉമിക്കരിപ്പൊതികൾ, ഇസ്പേഡ് രാജാവിന്റെ ചിത്രമുള്ള ഒരു ചീട്ട്, രണ്ടു ടോർച്ചുസെല്ലുകൾ, ചിപ്പിച്ചപ്പിയ ഒരു പെൻസിലിൻ ഓയിന്റ്മെന്റിന്റെ ട്യൂബ്—എന്തെല്ലാമെന്തെല്ലാം സാധനങ്ങളാണ്!

ഉണ്ണിക്കുട്ടൻ പെൻസിലിൻ ഓയിന്റ്മെന്റിന്റെ ട്യൂബ് എടുത്തൊന്നു പിച്ചിനോക്കി, "ങംഊം, ഇതിനകത്തൊരസ്തൂംല്യ." അവൻ, ആരോടെന്നില്ലാതെ പറഞ്ഞു. അവൻ അത് മുറ്റത്തെ മഴവെള്ളത്തിലേക്കിട്ടു. ഞെക്കുമ്പോൾ പുഴുക്കളെപ്പോലെ പുറത്തേക്കുവരാൻ, അകത്തൊന്നുമില്ലാത്ത ട്യൂബുകൾ എന്തിനാണ്?

കുട്ടൻനായരും കാളിയമ്മയുംകൂടി ബെഞ്ചറുകൾ രണ്ടും മുറ്റത്തേക്കെടുത്തിട്ടു.

"ശരി, ഞാൻ പോണു." കാളിയമ്മ അകത്തേക്കു പോയി. ഉണ്ണിക്കുട്ടൻ ബെഞ്ചറുകളിൽ മഴത്തുള്ളികൾ വീണു ചിന്നിത്തെറിക്കുന്നതു നോക്കിക്കൊണ്ടു നിന്നു. അങ്ങനെ നനഞ്ഞുകുതിർന്ന് ബെഞ്ചിലെ ചെളിയെല്ലാം പോകട്ടെ. അവൻ

മനസ്സിൽ വിചാരിച്ചു.
കുട്ട്യേട്ടൻ ഉമ്മറക്കോലായിൽ വന്ന്, വലാത്തേ കാലടി ഇറയത്തേക്കു നീട്ടിക്കാണിച്ചുകൊണ്ടു നിന്നു.
'ഈ വിദ്യ നിനക്കറിയോ?' എന്നൊരു ഭാവമാണ് കുട്ട്യേട്ടന്റെ മുഖത്ത്!
ഉണ്ണിക്കുട്ടനും ഒന്നു. ശ്രമിച്ചുനോക്കി; പറ്റുന്നില്ല. ബാലൻസ് കിട്ടുന്നില്ല. വീണ്ടും വീണ്ടും ശ്രമിച്ചു. ശരിയാകാതെ വരുന്നതു കാണുമ്പോൾ കുട്ട്യേട്ടൻ പരിഹസിച്ചു ചിരിക്കും. അതിനേതായാലും അവസരം കൊടുക്കില്ല. വേണ്ട, ഈ വിദ്യ തനിക്കു പഠിക്കേണ്ട.
കുട്ട്യേട്ടൻ ഊറിച്ചിരിച്ചുകൊണ്ടു ചോദിച്ചു:
"നിനക്കിങ്ങനെ നിക്കാൻ വയ്യേ?"
ഉണ്ണിക്കുട്ടന് ആ ചോദ്യവും ഭാവവും ഒട്ടും പിടിച്ചില്ല.
കുട്ടൻനായർ പെട്ടെന്ന് രംഗത്തു വന്നുകൊണ്ടു പറഞ്ഞു:
"അങ്ങ്നെ നിക്കൊന്നും വേണ്ട. ചിറികുത്തി വീഴും.
കുട്ടൻനായർ ഇത്രയും പറഞ്ഞപ്പോഴേക്കും, കുട്ട്യേട്ടൻ പൊട്ടൻ കടിച്ചതുപോലെ അകത്തേക്കോടിപ്പോയി.
അതേതായാലും നന്നായി! കുട്ടൻനായർ ചോദിച്ചു: "ഉണ്ണിക്കുട്ടനിന്നു പഠിക്കാനൊന്നുംല്യേ?"
"ഇല്ല."
എന്താ ഇന്നു പഠിക്കാനുള്ളത്? ഇതുവരെ പഠിപ്പിച്ചതെല്ലാം മനഃപാഠമാണ്. ഇനി എല്ലാമൊന്നുകൂടി ഓർമ്മിക്കണമെങ്കിൽ, നാളത്തെ ഒരു ദിവസംകൂടി ഉണ്ടല്ലോ!
കുട്ടൻനായർ, തൊപ്പിക്കുട എടുത്തു തലയിൽവെച്ചു മുറ്റത്തേക്കു ചാടിയിറങ്ങി.
"എങ്ങട്ടാ?" ഉണ്ണിക്കുട്ടൻ ചോദിച്ചു.
"തൊഴുത്തിലിക്കാ."
ഈ പെരുമഴയത്തു തൊഴുത്തിലെന്താണ് കുട്ടൻനായർക്കു പണി! കുറച്ചുനേരം, ഈ മഴയത്തു മൂടിപുതച്ചിരുന്നുകൂടേ?
മഴവെള്ളം ബൈഞ്ചറുകളിൽ വീണുകൊണ്ടിരിക്കുകതന്നെയാണ്. കൊണ്ടുപിടിച്ച മഴതന്നെ! മുറ്റത്തിപ്പോൾ ഞെരിയാണി മൂടാനും മാത്രം വെള്ളമുണ്ടാകും.
ഉണ്ണിക്കുട്ടൻ ഉമ്മറത്തെ നിലത്തു കിടക്കുന്ന ഇസ്പേഡ്രാജാവിനെ എടുത്ത് ഇറവെള്ളത്തിലേക്കിട്ടു. ഇറവെള്ളത്തിൽ കിടന്ന് അതു ചാഞ്ചാടിക്കളിക്കുന്നത്. കൗതുകത്തോടെ നോക്കിനിന്നു.
അകത്ത് ഒരു ചെമ്പു വീഴുന്ന ശബ്ദം കേട്ടു. കുട്ട്യേട്ടന്റെ പണിയാകും. എന്താണതെന്നു പോയി നോക്കാം.
പോയി നോക്കിയപ്പോൾ, ചെമ്പ് അമ്മയുടെ കൈയിൽനിന്നാണു

വീണിട്ടുള്ളതെന്നു മനസ്സിലായി—സാരമില്ല.

അടുക്കളമുറ്റത്ത്, മഴയത്തേക്കെടുത്തിട്ടിട്ടുള്ള പലകകൾ അവിടെത്തന്നെയുണ്ടാവില്ലേ? അവിടെത്തന്നെയുണ്ടാകാതെ, പിന്നെ എങ്ങോട്ടു പോകാനാണ്? ശരി, ഏതായാലും ഒന്നുപോയി നോക്കുകതന്നെ.

ഉണ്ണിക്കുട്ടൻ അടുക്കളക്കോലായിലേക്കോടിപ്പോയി. ഉണ്ട്; പലകകളെല്ലാം മഴയത്തകിടന്നു കുതിരുകയാണ്. അവന്റെ കുഞ്ഞിപ്പലക വലിയ പലകകളുടെ ഇടയിലായതുകൊണ്ടു ശരിക്കു കാണാൻ വയ്യ. കുഞ്ഞിപ്പലക വലിയ പലകകളുടെ മീതെ വയ്ക്കേണ്ടതായിരുന്നു.

കാളിയമ്മ, വലിയ രണ്ടുകുന്തി ചാണകവുമായി മഴയത്തുനിന്ന് കോലായിൽ വന്നു കയറി. ചാണകം വളക്കുഴിയിൽനിന്നോ തൊഴുത്തിൽനിന്നോ കൊണ്ടുവരികയാവും.

“എവിടുന്നാ?” ഉണ്ണിക്കുട്ടൻ ചോദിച്ചു.

“തൊഴുത്തിൽനിന്ന്.”

കാളിയമ്മ ധൃതിയിൽ അകത്തേക്കു നടന്നു. കാളിയമ്മയ്ക്കു ചാണകം വാരാൻ ഒരറപ്പുമില്ല. ചാണകം ഒന്നു തൊട്ടുനോക്കാൻപോലും ഉണ്ണിക്കുട്ടന് അറപ്പാണ്. ഇത്രയും അറപ്പുതോന്നിക്കുന്ന സാധനത്തിൽ നിന്നല്ലേ ഭസ്മമുണ്ടാക്കുന്നത്. ഭസ്മമാണെങ്കിൽ, ഉണ്ണിക്കുട്ടനു വളരെ ഇഷ്ടപ്പെട്ടൊരു സാധനമാണ്. എന്തു പറഞ്ഞാലും ശരി, ഭസ്മമുണ്ടാ ക്കുവാനും കാളിയമ്മയ്ക്കറിയാം. ആദ്യം ചാണകം ചെറിയ ഉരുളകളായി ഉരുട്ടി വെയിലത്തുവെച്ച് ഉണക്കും. എന്നിട്ട് അവയെല്ലാം കുമ്പിച്ചു കൂട്ടി വെച്ച് തീപിടിപ്പിക്കും. ഒന്നുരണ്ടു ദിവസങ്ങൾക്കുശേഷം, നോക്കിയാൽ ഭസ്മം മാത്രമേ കാണുകയുള്ളൂ.

പക്ഷേ, ഭസ്മം പഴനിഭസ്മംതന്നെയാണു നല്ലത്. അതിന്റെ വാസനയും മിനുസവും ഒന്നു വേറേതന്നെയാണ്.

കാളിയമ്മ ചാണകവുമായി എങ്ങോട്ടു പോയെന്നാവോ? അകത്തു വന്നു നോക്കിയപ്പോൾ ഒരു പൊട്ടച്ചെമ്പിൽ ചാണകവും മറ്റൊരു ചെമ്പിൽ വെള്ളവുമായി തട്ടിൻപുറത്തേക്കു പോകാനുള്ള ശ്രമമാണ്.

അമ്മ രണ്ടു പാളാക്കിൻകഷണം കാളിയമ്മയ്ക്കു കൊടുത്തു കൊണ്ടു പറഞ്ഞു: “തട്ടിൻപുറത്തേക്കു നടന്നോളിൻ ഞാനും വരാം.”

“ഒന്നും വേണ്ട.” കാളിയമ്മ ചാണകവും വെള്ളവുമായി തട്ടിൻ പുറത്തേക്കു നടന്നു. പുറകേ അമ്മയും. ഉണ്ണിക്കുട്ടൻ ഒട്ടും സംശയി ക്കാതെ അവരുടെ പുറകേ കൂടി.

കാളിയമ്മ ആദ്യം തട്ടിൻപുറം അടിച്ചുവാരി. ചത്തുകിടന്ന രണ്ട്

എട്ടുകാലികൾ നിലത്തുതന്നെയില്ലേയെന്ന് ഉണ്ണിക്കുട്ടൻ സൂക്ഷിച്ചു നോക്കി. ഉണ്ട്. അവിടെത്തന്നെയുണ്ട്.

അടിച്ചുവാരൽ കഴിഞ്ഞ ശേഷം കാളിയമ്മ ചാണകം നിലത്തിട്ടു. എന്നിട്ട് അതിൽ കരിയുരുള കൂട്ടിച്ചേർത്തു. അമ്മ അതിലേക്കു വെള്ള മൊഴിച്ചുകൊടുത്തു. കാളിയമ്മ കുന്തിച്ചിരുന്നു പാളക്കഷണംകൊണ്ടു തേച്ചുവടിക്കാൻ തുടങ്ങി. ഇതു കാണാനൊരു സുഖവുമില്ല. അതു കൊണ്ടാവുമോ കുട്ട്യേട്ടനെ ഇങ്ങോട്ടൊന്നും കാണാത്തത്? അമ്മിണിയെയുംകൂടി ഇങ്ങോട്ടെങ്ങും കാണാനില്ലല്ലോ!

മതി; ഇതു കണ്ടതു മതി. ഉണ്ണിക്കുട്ടൻ താഴത്തേക്കിറങ്ങിവന്നു.

ഉമ്മറത്തെത്തിയപ്പോൾ മുറ്റത്തുനിന്നു ചെത്തിക്കോരുന്ന ശബ്ദം കേട്ടു. ചെന്നു നോക്കിയപ്പോൾ കുട്ടൻനായർ മുറ്റം ചെത്തിക്കോരുകയാണ്. ഇപ്പോൾ മഴ ചാറുന്നതേയുള്ളൂ. കുട്ടൻനായർ തൊപ്പിക്കുട ധരിച്ചിട്ടില്ല.

നിലം തേക്കുന്നതു കാണുന്നതിനെക്കാളും ചെത്തിക്കോരുന്നതു കാണുന്നതുതന്നെയാണു രസം. ബെഞ്ചറുകൾ രണ്ടും മുറ്റത്തുതന്നെ കിടക്കുന്നുണ്ട്. ഒരു തണുത്ത കാറ്റടിച്ചു. ഇലപ്പടർബറുകളിൽ തങ്ങി നിന്നിരുന്ന വെള്ളത്തുള്ളികൾ താഴത്തേക്കു വീഴുന്ന ശബ്ദം കേട്ടു. ഒരു നിമിഷനേരത്തേക്കു വെയിൽ പരന്നു മങ്ങിപ്പോയി. ഇനി ഏതായാലും കുറച്ചുനേരത്തേക്കു മഴ പെയ്യുകയുണ്ടാവില്ല.

കുട്ട്യേട്ടനെവിടെയായിരിക്കും? തട്ടിൻപുറത്തുനിന്നെടുത്തു കുപ്പി എവിടെയാവും ഒളിച്ചുവെച്ചിരിക്കുക? മുറ്റം ചെത്തിക്കോരുന്ന കാര്യം കുട്ട്യേട്ടൻ അറിഞ്ഞിട്ടില്ലേ?

കുട്ടൻനായർ ചോദിച്ചു: "എന്താ ഒതുങ്ങിയിരിക്കണ്? വികൃതി കാണിക്കാനൊന്നുല്ലേ?"

ഉണ്ണിക്കുട്ടൻ ചിരിച്ചു.

"അമ്മിണി എവിടെ?"

"അറിയില്യ."

ഒരു ചാവാളിപ്പട്ടി പൊട്ടിവീണതുപോലെ മുറ്റത്തു പ്രത്യക്ഷപ്പെട്ടു. കുട്ടൻനായർ തിണ്ടിന്മേൽനിന്ന് ഒരു വെള്ളാരങ്കല്ല് അടർത്തിയെടുത്ത് കൊടുത്തു ഒരേറ്! ചാവാളിപ്പട്ടി ഓടടാ ഓട്ടം! കല്ല് ദേഹത്തിൽ കൊണ്ടിട്ടില്ല. എറിയാൻ മിടുക്കൻ ആശാരിച്ചെക്കൻതന്നെയാണ്.

മുറ്റത്ത് അവിടവിടെയായി ചെളിമണ്ണിൽ പട്ടിയുടെ കാലടികൾ പതിഞ്ഞുകിടക്കുന്നത് ഉണ്ണിക്കുട്ടൻ നോക്കി; അതിന് ഏതോ ഒരു പൂവിന്റെ ആകൃതിയുണ്ടോ?

കല്ലും മണ്ണും പുല്ലും ചേർന്ന ചെറിയചെറിയ കൂമ്പാരങ്ങൾ,

മുറ്റത്തവിടവിടെയായി ഉയർന്നുകൊണ്ടിരിക്കുന്നു. എല്ലാം കഴിഞ്ഞശേഷമേ തൊടിയിലേക്കെടുത്തിടുകയുള്ളൂ. ഈ ചെറിയ കൂമ്പാരങ്ങൾക്കുള്ളിൽ തേരട്ടകളും പുഴുക്കളും ഞാഞ്ഞൂളുകളുമൊക്കെയുണ്ടാവുമോ എന്തോ?

ഉണ്ണിക്കുട്ടൻ എഴുന്നേറ്റ് വീട്ടിന്റെ അകത്തുപോയി ഒരോട്ട പ്രദക്ഷിണം നടത്തി വീണ്ടും ഉമ്മറത്തേക്കുതന്നെ വന്നു. ഇത്രയും മനസ്സിലായി. അമ്മിണി ഉറങ്ങകയാണ്. കുട്ട്യേട്ടനെ അകത്തെങ്ങും കാണാനില്ല.

മുറ്റത്ത് വീണ്ടും വെയിൽ പരന്നു. ഉടൻതന്നെ മങ്ങുമെന്നു വിചാരിച്ചുവെങ്കിലും മങ്ങിയില്ല.

റോഡിലെ തണൽമരങ്ങളിൽനിന്ന് പക്ഷികളുടെ ശബ്ദങ്ങൾ കേട്ടു. വെയിൽ കാണുന്നതുകൊണ്ടുള്ള സന്തോഷംകൊണ്ടാകുമോ?

ഉണ്ണിക്കുട്ടൻ റോഡിലെ തണൽവൃക്ഷങ്ങളുടെ തലപ്പിലേക്കും തൊഴുത്തിനടുത്തുള്ള ചേമ്പിൻതടത്തിലേക്കും മാറിമാറി നോക്കി. ചേമ്പിൻതടത്തിൽ ഒരു ചെമ്പോത്ത് എന്തോ കൊത്തിച്ചിനക്കി തിന്നുകൊണ്ടിരിക്കയാണ്. വല്ല പുഴുക്കളെയുമാവും. ചെമ്പോത്തിനു പുഴുക്കളെന്നുവെച്ചാൽ നെയ്യപ്പംപോലെയാണെന്നല്ലേ, കുട്ടൻനായർ പറയുന്നത്.

കാക്കകളെക്കാൾ നല്ലതു ചെമ്പോത്തുതന്നെയാണ്. കാക്കകളെപ്പോലെ കാണുന്നിടത്തൊക്കെ പറന്നുവന്നു ബുദ്ധിമുട്ടിക്കില്ല ചെമ്പോത്ത്. ചേമ്പിൻതടം, അല്ലെങ്കിൽ വളക്കുഴി—ഈ രണ്ടു സ്ഥലത്തുമാത്രമേ അതിനെ കാണാറുള്ളൂ.

ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ടു. മുത്തച്ഛനാണ്. മുത്തച്ഛൻ മുറ്റത്തെത്തിയപ്പോഴേക്കും ഉണ്ണിക്കുട്ടൻ ഓടിച്ചെന്നു കയ്യിൽതൂങ്ങിക്കൊണ്ടു പറഞ്ഞു: "ഇന്ന് അടിച്ചുതളിയാ."

" എന്ത്? മുത്തച്ഛനു മനസ്സിലായില്ല.

"അടിച്ചുതളിക്കല്."

"ഓഹോ, ഇപ്പോ മനസ്സിലായി." ഉമ്മറത്തു ബെഞ്ചില്ലാത്തതുകാണ്ടു മുത്തച്ഛൻ നേരേ അകായിലേക്കാണു പോയത്.

"ചെല്ലം വേണ്ടേ?" ഉണ്ണിക്കുട്ടൻ ചോദിച്ചു.

"വേണം, വേണം; കൊണ്ടുവാ." മുത്തച്ഛൻ നിലത്തിരുന്നുകാണ്ടു പറഞ്ഞു. ഉണ്ണിക്കുട്ടൻ ചെല്ലവുമായി ഓടിയെത്തി.

മുത്തച്ഛൻ ചെല്ലം തുറന്ന്, വെറ്റിലയെടുത്തു നൂറുതേച്ചുകൊണ്ട് ചോദിച്ചു: "എവിട്യാ അമ്മിണി?"

"ഉറങ്ങാണ്."

"എന്താ ഈ നേരല്ലാത്ത നേരത്ത് ഒരുറക്കം?"

അതിന് ഉണ്ണിക്കുട്ടൻ സമാധാനമൊന്നും പറഞ്ഞില്ല.
“കുട്ട്യേട്ടനോ?” മുത്തച്ഛൻ തുടർന്നു ചോദിച്ചു.
“നിശ്ശം ല്യ.”
മുത്തശ്ശി അടുക്കളയിൽനിന്നു വന്നു.
മുത്തശ്ശൻ പറഞ്ഞു: “ഞാനിതാ പോവ്വായി.”
“എവിടയ്ക്കാ? ഉണ്ണിക്കുട്ടൻ ചോദിച്ചു.
“പാടത്തേക്ക്. അല്ലാതെ മുത്തച്ഛൻ എങ്ങോട്ടു പോകാനാ?”
മുത്തച്ഛൻ എഴുന്നേറ്റു നടന്നു. പോകുന്ന പോക്കിൽ മുറ്റമാകെ ഒന്നു നോക്കിക്കൊണ്ട് സന്തോഷത്തോടെ കുട്ടൻനായരോടു പറഞ്ഞു:
“ഞാൻ പോവ്വാണ് കുട്ടൻനായരെ. ഇന്നു നിങ്ങളു വരേണ്ട.”
തട്ടൻപുറത്തുനിന്ന് കാളിയമ്മയും അമ്മയും വന്നിരിക്കുന്നുവെന്ന് അകത്തുനിന്നു കേൾക്കുന്ന സംസാരത്തിൽനിന്നു മനസ്സിലായി. ഇനി എന്താണാവോ ഭാവം?
എന്താണ് കുട്ട്യേട്ട്യനെ ഇനിയും കാണാത്തത്? ഉണ്ണിക്കുട്ടൻ മുത്തശ്ശിയോടു ചോദിച്ചു:
“കുട്ട്യേട്ടനെവിട്യാ, മുത്തശ്ശീ?”
“നോട്ടുപുസ്തകം വാങ്ങാൻ അടുത്ത വീട്ടിൽ പോയിരിക്കാ.”
മനസ്സിലായി. ഗോവിന്ദൻകുട്ടിയുടെ വീട്ടിലേക്കാവും. കുട്ട്യേട്ടന്റെ വലിയ സ്നേഹിതനാണ് ഗോവിന്ദൻകുട്ടി.
മുറ്റം ചെത്തിക്കോരൽ കഴിഞ്ഞ് കുട്ടൻനായർ ബെഞ്ചറുകൾ പാറകത്തിന്റെ ഇലകൊണ്ട് ഉരച്ചു കഴുകാൻ തുടങ്ങി. എത്ര ചെളിയാണ്! അധികവും അമ്മിണിയുടെ തലമുടിയിലെ മെഴുക്കായിരിക്കും. ബെഞ്ചിന്മേൽ കിടന്നാലല്ലേ അവൾക്ക് ഉറക്കം വരികയുള്ളൂ.
കുട്ടൻനായർ ഉരച്ചു കഴുകുമ്പോൾ കൈകളിലെ മസിലുകൾ ഉരുണ്ടുകളിക്കുന്നതു കാണാൻ ബഹുരസം! എങ്ങനെയാണ് അതിങ്ങനെ ഉരുണ്ടുകളിക്കുന്നത്?
കൈകളിൽ മസിലുകളും തൊണ്ടയിൽ മുഴയും ആണുങ്ങൾക്കു മാത്രമേ ഉണ്ടാകൂവെന്നല്ലേ, പാറക്കുട്ടിയമ്മ പറയുന്നത്! വലുതായാൽ തനിക്കും ഉണ്ടാവും.
പെട്ടെന്നു വെയിൽ മങ്ങാൻ തുടങ്ങി. മഴ പെയ്യുമോ? ഇനിയും മഴ തുടങ്ങുന്നതിനുമുമ്പു സ്ലേറ്റു കഴുകിക്കണം. പലകകൾ കഴുകുന്ന കൂട്ടത്തിൽ, സ്ലേറ്റും കഴുകിത്തരാൻ പറയാം.
കുട്ട്യേട്ടനതാ വരുന്നു. അടുത്തെത്തിയപ്പോൾ ചോദിച്ചു: “എങ്ങട്ടേ പോയീർന്ന്?”
“ഗോവിന്ദൻകുട്ടീടെ വീട്ടലേക്ക്.”

"എന്തിനേ?"

കൈയിലെ നോട്ടുപുസ്തകം പൊക്കിക്കാണിച്ചുകൊണ്ട്. കുട്ട്യേട്ടൻ അകത്തേക്ക് ഓടിപ്പോയി. പുറകേ, ഉണ്ണിക്കുട്ടനും ഓടിച്ചെന്നു. കുട്ട്യേട്ടൻ ഒരിടത്തിരുന്നു നോട്ടുകൾ പകർത്തിയെഴുതാനുള്ള ഭാവമാണ്.കുട്ട്യേട്ടനെ ബുദ്ധിമുട്ടിക്കേണ്ടെന്നു കരുതി ഉണ്ണിക്കുട്ടൻ അടുക്കളയിലേക്കു പോയി. അടുക്കളയിൽ ആരുമില്ല. അടുക്കളക്കോലായിൽ ചെന്നപ്പോൾ കാളിയമ്മ അവിടെയുണ്ട്.

കാളിയമ്മ പറഞ്ഞു: "ചുന്തരക്കുട്ടീടെ സ്ലേറ്റ് നല്ലോണം കഴുകി മഞ്ചപ്പുറത്തു വെച്ചിട്ടുണ്ട്."

"ഉവ്വോ?' എന്നു സന്തോഷത്തോടെ ചോദിച്ചു കൊണ്ട് ഉണ്ണിക്കുട്ടൻ പോയി നോക്കി; ശരിയാണ്. സ്ലേറ്റ് മഞ്ചപ്പുറത്തുവെച്ചിട്ടുണ്ട്. ചട്ടക്കൂട് ഉണങ്ങിയിട്ടില്ല. അതു നാളെയാകുമ്പോഴേക്കേ ശരിക്ക് ഉണങ്ങകയുള്ളൂ. മതി. ഇന്നു സ്ലേറ്റിന്റെ ആവശ്യമൊന്നുമില്ലല്ലോ.

മുത്തശ്ശിയുടെ മുറിയിൽനിന്ന് അമ്മിണി കരയുന്നതു കേട്ടു. ഉറക്കമുണർന്നിരിക്കും. ശരി, എന്തൊക്കെയാണ് അവിടത്തെ വിശേഷങ്ങളെന്നു നോക്കാം. കുറെ നേരമായല്ലോ അവളെ കണ്ടിട്ട്.

ഉണ്ണിക്കുട്ടൻ ഒരു പാട്ടു മൂളിക്കൊണ്ട് മുത്തശ്ശിയുടെ മുറിയിലേക്ക് ഓടിപ്പോയി.

## അഞ്ച്

വെകുന്നേരം സ്കൂൾ വിട്ടപ്പോഴേക്കും ഉണ്ണിക്കുട്ടനു വീട്ടിലെത്താൻ ധൃതിയായി! 'ഇടവും വലവും' നോക്കാതെ 'ശരേ'നൊരു വിടലുവിട്ടു ഉണ്ണിക്കുട്ടൻ. വീട്ടിലെത്തുമ്പോഴേക്കും കാളിയമ്മ വന്നിട്ടുണ്ടാവും.

ഉണ്ണിക്കുട്ടൻ ഇത്രയും ധൃത്തിപിടിച്ചു വീട്ടിലേക്കോടുന്നതു 'ചേട്ടാഭഗവതി'യെ കളയുന്നതിന്റെ ഒരുക്കങ്ങളും മറ്റും കാണാനാണ്.

കർക്കിടകമാസം ഒന്നാംതീയതി നാളെയാണ്. അപ്പോൾ ഇന്നു മിഥുനമാസം ഒടുക്കത്തെ ദിവസമാണ്. ഇന്നാണ് ചേട്ടാഭഗവതിയെ വീട്ടിൽനിന്ന് അടിച്ചു പുറത്താക്കുക. 'പൊട്ടി'യെ കളയുകയെന്നും പറയാമത്രേ!

'പൊട്ടി'യെ കളയുകയെന്നു പറഞ്ഞുകേട്ടപ്പോൾ ഉണ്ണിക്കുട്ടന്നു ചിരി വന്നുപോയി. എന്താണ് ഇങ്ങനെയൊരു പേര്? 'പൊട്ടി'യെന്നു കേൾക്കുമ്പോൾ ചെവി കേൾക്കാത്ത ഭ്രാന്തി മൊട്ടച്ചിയമ്മ്യാരുടെ രൂപമാണു മനസ്സിൽ തെളിഞ്ഞുവരുന്നത്. അമ്മ്യാരെ കാണുമ്പോൾ

അറപ്പും പേടിയും തോന്നും.

കാളിയമ്മയാണ് 'പൊട്ടി'യെ കളയുക. കഴിഞ്ഞ കൊല്ലവും കാളിയമ്മ തന്നെയാണ് 'പൊട്ടി'യെ കളഞ്ഞത്. കഴിഞ്ഞ കൊല്ലത്തിന്റെ അപ്പുറത്തെ കൊല്ലമോ? ഉണ്ണിക്കുട്ടൻ ഓർത്തുനോക്കി. ഓർമ്മ വരുന്നില്ല. കാളിയമ്മ തന്നെയായിരിക്കും.

ഉണ്ണിക്കുട്ടൻ നടത്തിനു വേഗം കൂട്ടി. കുട്ട്യേട്ടനും സ്കൂൾ വിട്ട വഴിക്കു വീട്ടിലേക്കോടീട്ടുണ്ടാകും. തനിക്കു മുമ്പു വീട്ടിലെത്തണമെന്നുണ്ടാകും. ഇപ്പോൾ വീട്ടിലെത്തി ചായയും പലഹാരവും കഴിക്കയായിരിക്കും.

മങ്ങിയ ദിവസമാണ്. മഴ പെയ്യാനുള്ള ഭാവമുണ്ട്. റോഡിനരികിലെ കുളത്തിലെ വെള്ളം ചാലിൽ വന്നു വീഴുന്ന സ്ഥലത്തു പതിവുപോലെ മീൻപിടിക്കുന്നുണ്ട്. ഇന്നു മീൻ പിടിക്കുന്നതു കാണാനൊന്നും സമയമില്ല. വേഗം വീട്ടിലെത്തണം.

വീടിന്റെ ഗേറ്റു തുറന്ന് അകത്തു കടന്നപ്പോഴേക്കും മഴ പെയ്തു വരുന്നതിന്റെ ശബ്ദം കേട്ടു. പടിഞ്ഞാറുഭാഗത്തുനിന്നാണ് മഴ പെയ്തുവരുന്നത്.

മുറ്റത്തെത്തിയപ്പോഴേക്കും മഴ പെയ്തു തുടങ്ങി. ഉണ്ണിക്കുട്ടൻ വളരെ ധൃതിയിൽ പൂമുഖത്തേക്കു കയറിയപ്പോഴേക്കും അമ്മ വന്നു കുടയും സഞ്ചിയും വാങ്ങി അകത്തു കൊണ്ടുപോയി വെച്ചു.

ഉണ്ണിക്കുട്ടൻ നേരേ അടുക്കളയിലേക്കു ചെന്നപ്പോൾ കുട്ട്യേട്ടൻ ചായയും പലഹാരവും കഴിക്കയാണ്. വിചാരിച്ചപോലെ ആദ്യംതന്നെ എത്തിയിരിക്കുന്നു.

ഉണ്ണിക്കുട്ടൻ അവന്റെ കുഞ്ഞിപലക എടുത്തിട്ടിരുന്നു.

അമ്മ ഓട്ടുഗ്ലാസ്സിൽ ചായയും ഒരിലച്ചീന്തിൽ നുറുങ്ങരികൊണ്ടുണ്ടാക്കിയ ഉപ്പുമാവും അവന്റെ മുമ്പിൽ വെച്ചുകൊടുത്തുകൊണ്ട് കുട്ട്യേട്ടനോടും ഉണ്ണിക്കുട്ടനോടുമായി ചോദിച്ചു:

"നിങ്ങൾക്കെന്താ കുട്ടോളേ രണ്ടാൾക്കുംകൂടി ഒന്നിച്ചു വന്നാൽ?

കുട്ട്യേട്ടൻ ചായകുടി കഴിഞ്ഞ് എഴുന്നേറ്റുനിന്നുകൊണ്ടു പറഞ്ഞു: "എനിക്കവന്റെ ചിങ്കിനു നില്ക്കാൻ വയ്യ."

കുട്ട്യേട്ടൻ പിന്നെ ഒന്നും പറയാതെ ഓടിപ്പോയി.

ആരാ തന്റെ ചിങ്കിനു നില്ക്കണമെന്നു പറയുന്നത്? കുട്ട്യേട്ടൻ ഇഷ്ടംപോലെ സ്കൂളിൽ പൊയ്ക്കോട്ടെ, വനോട്ടെ. തനിക്കു കുട്ട്യേട്ടന്റെ സഹായമൊന്നും വേണ്ട. സ്കൂളിലേക്കുള്ള വഴി തനിക്കു തെറ്റുകയൊന്നുമില്ല.

ഉണ്ണിക്കുട്ടൻ അമ്മയോടു ചോദിച്ചു:

"കാളിയമ്മ വന്നില്ലേ?

“ഉം? എന്തിനാ?

“പൊട്ട്യേ കളയണ്ടെ? “ഓഹോ, അതിനോ? ആയമ്മ ഇപ്പോൾ വരും.”അപ്പോൾ കാളിയമ്മ ഇതുവരെയായും വന്നിട്ടില്ല. ഉണ്ണിക്കുട്ടന്നു സമാധാനമായി.

ചായകുടി കഴിഞ്ഞശേഷവും കുറച്ചു സമയംകൂടി ഉണ്ണിക്കുട്ടൻ അടുക്കളയിൽത്തന്നെ ഇരുന്നു. പുറത്തു മഴപെയ്യുന്നതുകൊണ്ടാവാം ചില്ലോടുകളുടെ നിറം ശരിക്കു കാണാത്തത്.

അമ്മിണി ഒരു ചുട്ട പപ്പടവുമായി അടുക്കളയിൽ വന്നു ചോദിച്ചു: ‘വേണോ?

തിന്നാൻ വയ്യാഞ്ഞിട്ടു ചോദിക്കയാവും.

ഉണ്ണിക്കുട്ടൻ പറഞ്ഞു: “വേണ്ടാ.”

“ഇന്നാ.” അമ്മിണി പപ്പടം അവന്റെ മുമ്പിലിട്ടിട്ട് ഓടിപ്പോയി.

ചുട്ട പപ്പടമല്ലേ? ഏതായാലും വെറുതേ കളയണ്ട. ഉണ്ണിക്കുട്ടൻ അതെടുത്തു തിന്നു. ചുട്ട പപ്പടം ചായയിൽ പൊട്ടിച്ചിട്ടു തിന്നുന്നതാണ് ഉണ്ണിക്കുട്ടനിഷ്ടം.

പപ്പടം തിന്നുതീർന്നപ്പോൾ ലേശം കൂടി ചായ കിട്ടിയാൽ കുടിക്കാമെന്ന് അവനു തോന്നി. ഇനി ഇപ്പോൾ ചായ എവിടെനിന്നു കിട്ടാനാണ്? അച്ഛൻ ഓഫീസിൽനിന്നു വന്നാൽ ഉണ്ടാക്കും. അപ്പോൾ ലേശം തരാൻ പറയാം.

കാളിയമ്മയെ കാണാനില്ലല്ലോ! എന്താണീയമ്മയെ ഇനിയും കാണാത്തത്?

ശരി; ഉമ്മറത്തേക്കു പോകാം. ഉമ്മറത്തു പോയിരുന്നാൽ കാളിയമ്മ വരുന്നതു കാണാമല്ലോ.

ഉമ്മറത്ത് ചെന്നപ്പോൾ ഉമ്മറത്താരുമില്ല. ബെഞ്ചിൽ കയറിയിരുന്നു. ബെഞ്ചിൽ ഇപ്പോൾ ഒട്ടും ചെളിയില്ല. ചുണ്ണാമ്പു തേച്ച പാടുകളുമില്ല.

മഴയുടെ ശക്തി ക്രമേണക്രമേണ കുറഞ്ഞുവരുന്നു. അകായിൽ നിന്ന് കാളിയമ്മയുടെ ശബ്ദം കേട്ടു. ഇതെന്തു കഥ? ഈ അമ്മ എങ്ങനെയാണ് അകായിലെത്തിയത്? മുറ്റത്തുകൂടെ പോകുന്നതു കണ്ടതേയില്ലല്ലോ! വല്ലാത്തൊരു കാളിയമ്മ! ഉണ്ണിക്കുട്ടൻ ആഹ്ലാദത്തോടെ അകായിലേക്കോടിപ്പോയി. കാളിയമ്മയോടു ചോദിച്ചു:

“നിങ്ങളേതിലേ വന്നത്?

“ഉം? എന്തേ?”

“ഞാൻ ഉമ്മറത്ത് നോക്കിക്കൊണ്ടിരിക്കാർന്നു.”

“ഞാൻ വന്നത് തൊഴുത്തിന്റെ പിൻഭാഗത്തിൽക്കൂടെ.”

“അതോണ്ടാവും കാണാഞ്ഞത്.”

മുത്തശ്ശി ചോദിച്ചു: “ഇന്നെന്താ കാളിയമ്മയായിട്ടൊരു സേവ പറച്ചില്?

കുട്ട്യേട്ടനും അമ്മിണിയും ഓടിയെത്തി.

കാളിയമ്മ ഒരു പഴയ മുറം കൊണ്ടുവന്ന്. അടുക്കളത്തളത്തിൽവെച്ചു.

ഇനി എന്തൊക്കെയാണാവോ ഭാവം? ഉണ്ണിക്കുട്ടൻ കൗതുകത്തോടെ നോക്കിക്കൊണ്ടുനിന്നു. ‘പൊട്ടി’യെ കളയാൻ മുറത്തിൽ വയ്ക്കാനുള്ള സാധനങ്ങൾ മുത്തശ്ശി കൊണ്ടുവന്നു കൊടുത്തു. എന്തൊക്കെ സാധനങ്ങളാണ് കുട്ടികൾക്കു വികൃതികാണിക്കാനുള്ള സാധനങ്ങൾ പോലെയാണെല്ലാം! ഉണ്ണിക്കുട്ടൻ മുറത്തിൽ വയ്ക്കുന്ന ഓരോ സാധനങ്ങളും നോക്കി. കരിയുരുള, മഞ്ഞളുരുള, ചക്കക്കുരു, കുറ്റിച്ചൂല്, വാഴയ്ക്ക, ഉഷ്ണ്, അരി ഇങ്ങനത്തെ സാധനങ്ങളാണ്. ഇതിനിടയിലെല്ലാം, ഓടത്തിന്റെ രൂപത്തിൽ കുത്തിയുണ്ടാക്കിയ പ്ലാവിലകളിൽ, തിരികൾ കത്തിച്ചുവെച്ചു.

“ശരി, ഞാനിതാ വര്ണ്” എന്നു പറഞ്ഞ് അമ്മ മുകളിലേക്കു പോയപ്പോൾ എന്തിനാണെന്നറിയാനായി ഉണ്ണിക്കുട്ടനും അമ്മയുടെ പിന്നാലെ പോയി.

അമ്മ മുകളിലത്തെയും താഴത്തെയും എല്ലാ മുറികളിലും മട്ടിപ്പശ പുകച്ച്, ജനാലകളും വാതിലുകളും വലിച്ചടച്ചു.

“എന്തിനാണമേ ഇത്?”

“ചേട്ടാഭഗവതി’യെ തല്ലിപ്പുറത്താക്കുകയാണ്.”

ഉണ്ണിക്കുട്ടൻ അമ്മയോടൊപ്പം അടുക്കളത്തളത്തിലേക്കു വീണ്ടും

വന്നു. ഇപ്പോൾ കീറിമുറത്തിനടുത്ത് ഒരു നിലവിളക്കുകൂടി കത്തിച്ചുവെച്ചിരിക്കുന്നു. ഒരോട്ടുകിണ്ടിയിൽ വെള്ളം നിറച്ചു വെച്ചിട്ടുമുണ്ട്.

മുത്തശ്ശി, അമ്മയോടു ചോദിച്ചു: “വാതലും ജനലും അടച്ചില്ലേ?

“ഉവ്വ്.”

കാളിയമ്മ മുറം പൊക്കിയെടുത്തു. മുത്തശ്ശി, നിലവിളക്കും കിണ്ടിയുമെടുത്തു. അവർ രണ്ടാളുംകൂടി. ഈ സാധനങ്ങളെല്ലാമായി മച്ചിലും ഉമ്മറത്തും അടുക്കളയിലുമെല്ലാം പോയി. മന്ത്രവാദികളെപ്പോലെ, വട്ടത്തിലുഴിഞ്ഞു. എന്നിട്ടു വടക്കേ വാതിലിൽക്കൂടി, കാളിയമ്മ പുറത്തേക്കു കടന്നു. കാളിയമ്മ പുറത്തേക്കു കടന്നപ്പോൾ മുത്തശ്ശി ഒരു ചൂട്ടു കത്തിച്ചു കാളിയമ്മയ്ക്കു കൊടുത്തു. എന്നിട്ടു മുത്തശ്ശി വീടിന്റെ വടക്കേ വാതിലും അടച്ചു.

എല്ലാവരുംകൂടി ചേർന്ന് 'ചേട്ടാഭഗവതി'യെ ആട്ടിപറഞ്ഞയയ്ക്കുകയാണ്.

"ചേട്ടാഭഗവതി പുറത്ത്; ശ്രീഭഗവതി അകത്ത്. ഫു!! ഫു ഫു!"

"ചേട്ടാഭഗവതി പുറത്ത്. ശ്രീഭഗവതി അകത്ത്. ഫു! ഫു ഫു!

കുട്ട്യേട്ടന്റെ ശബ്ദമാണ് ഉച്ചത്തിൽ കേട്ടിരുന്നത്.

ഉണ്ണിക്കുട്ടന്നും അവന് ആവുന്നത്ര ഉച്ചത്തിൽ പറഞ്ഞു.

"ചേട്ടാഭഗവതി പുറത്ത്. ശ്രീഭഗവതി അകത്ത്. ഫു! ഫു!ഫു"

അമ്മിണിയും ഇടയിൽക്കടന്ന് എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു.

കുറെ കഴിഞ്ഞപ്പോൾ മുത്തശ്ശി വാതിൽ തുറന്നു.

ഉണ്ണിക്കുട്ടൻ മുറ്റത്തേക്കോടിവന്നു നോക്കി. കാളിയമ്മ പടികടന്നു പോയിരിക്കുന്നു. മുറവും മുറത്തിലെ സാധനങ്ങളും, പുഴയ്ക്കക്കരെ കുന്നിന്റെ അടിവാരത്തിലുള്ള കുറ്റിക്കാട്ടിൽ കൊണ്ടുപോയി കളയുമെന്നാണ് മുത്തശ്ശി പറഞ്ഞത്.

അപ്പോൾ ദൂരം കുറച്ചുണ്ടല്ലോ!

'പൊട്ടി'യെ കളയുന്നതു കാണാൻ മുത്തച്ഛനും അച്ഛനും കുട്ടൻനായർക്കും സാധിച്ചില്ല. അച്ഛന് ഓഫീസിൽ പോകാതെ നിവൃത്തിയില്ല. മുത്തച്ഛനും കുട്ടൻനായർക്കും ഈ സമയത്ത് ഇവിടെ ഉണ്ടാകാമായിരുന്നില്ലേ?

ഉണ്ണിക്കുട്ടൻ വീട്ടിന്റെ അകത്തേക്കുതന്നെ വന്നു. എന്തൊരു മണമാണ് വീട്ടിന്റെ അകത്തെല്ലാം.

അമ്മ മുകളിലത്തെ മുറികളിലെ ജനാലകളെല്ലാം തുറന്നിട്ടിരിക്കുന്നുവോയെന്നു നോക്കാൻ, അവൻ മുകളിലേക്കു പോയി. ഉവ്വ്, തുറന്നിട്ടിരിക്കുന്നു.

തുറന്നിട്ട ജനാലയിലൂടെ, അവൻ തൊടിയിലേക്കും തൊഴുത്തിനടുത്തുള്ള ചേമ്പിൻതടത്തിലേക്കും നോക്കി; ചേമ്പിൻതടത്തിൽ ചെമ്പോത്തിനെ കാണാനില്ല.

എന്തൊരു ഭംഗിയാണ് തൊടി കാണാൻ! എല്ലാം പച്ചനിറംതന്നെ. തൊടിയിൽ പടരുന്ന പയറിൻവള്ളികളിലെല്ലാം ധാരാളം പൂക്കളുണ്ട്. ആ പൂക്കളെല്ലാം ഇറുത്തെടുത്ത് ഒരു മാല കെട്ടിയാലെന്താ? പക്ഷേ, പയറിൻപൂക്കൾകൊണ്ട്. ആരും മാല കെട്ടിയതായി കണ്ടിട്ടില്ല.

നിലത്തു കിടക്കുന്ന ഒരു പാറ്റയുടെ ചിറകിനു ചുറ്റും കുറെ ഉറുമ്പുകൾ വട്ടമിട്ടു കൂടിയിരിക്കുന്നതു കണ്ടു. എന്താണാവോ ഭാവം?

ഈ പാറ്റയുടെ ചിറക് എങ്ങനെയാണ് ഇവിടെ വന്നത്? കഴിഞ്ഞ കുറെ ദിവസങ്ങളായി വീട്ടിൽ പാറ്റകൾ പൊടിഞ്ഞിട്ടില്ലല്ലോ! തൊടിയിൽ നിന്നോ, മറ്റോ പാറിവന്നതായിരിക്കുമോ? ആയിരിക്കില്ല. നനഞ്ഞു കുതിർന്നുകിടക്കുന്ന തൊടിയിൽനിന്ന് പാറ്റച്ചിറകുകൾ

പറന്നുവരുമെന്നു തോന്നുന്നില്ല. പിന്നെ എങ്ങനെയാണ് ഇത് ഇവിടെ വന്നത്? ഒന്നും മനസ്സിലാകുന്നില്ല.

ഉണ്ണിക്കുട്ടൻ നോക്കിക്കൊണ്ടങ്ങനെയിരിക്കുമ്പോൾ ഉറുമ്പുകളെല്ലാം ചേർന്ന് ആ ചിറകുമായി നീങ്ങാൻ തുടങ്ങി. ഉറുമ്പുകൾക്ക് ഈ ചിറക് എന്തിനാണ്! തിന്നാനാകുമോ? ചിറകിൽ തിന്നാനെന്തിരിക്കുന്നു?

ഉണ്ണിക്കുട്ടൻ അവന്റെ ചൂണ്ടാണിവിരൽ, ഉറുമ്പുകൾക്കൊരു തടസ്സമായി നിലത്തൂന്നി. പെട്ടെന്ന് ഉറുമ്പുകളുടെ ആ ഘോഷയാത്ര നിന്നു.

'പേടിയുണ്ട്.' ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു. ഉണ്ണിക്കുട്ടൻ വിരലെടുത്തപ്പോൾ ഘോഷയാത്ര വീണ്ടും നീങ്ങിത്തറുടങ്ങി.

ഘോഷയാത്രക്കാരുടെ മീതെ കാലുകൊണ്ടൊരു ചവിട്ടു ചവിട്ടി യാൽ, പിന്നെ ഒന്നുപോലും അനങ്ങില്ല. പാപം കിട്ടും. അതു വേണ്ട. അവ ആ ചിറകുമായി എങ്ങോട്ടെങ്കിലും പൊയ്ക്കോട്ടെ.

ഉണ്ണിക്കുട്ടൻ കോണിപ്പടികൾ 'പടപടാ'ന്നിറങ്ങി താഴത്തു വന്ന് നേരേ ഉമ്മറത്തേക്കോടിപ്പോയി. ഉമ്മറത്താരുമില്ല. ഉമ്മറിമുറ്റത്ത് അറ്റം കരിഞ്ഞ ഒരു ഓലക്കൊടി കിടക്കുന്നുണ്ട്. കാളിയമ്മയുടെ ചൂട്ടിൽനിന്നു വീണതായിരിക്കും. ഉണ്ണിക്കുട്ടൻ അതു ചെന്നെടുത്തു മണപ്പിച്ചു നോക്കി തൊടിയിലേക്കിട്ടു.

ഒരു കറുത്ത തേരട്ട യാതൊരു പ്രതിബന്ധവുമില്ലാതെ മുറ്റത്തെ തിണ്ടിന്മേൽക്കൂടി അരിച്ചരിച്ചു നീങ്ങുന്നു. എട ഗഡുവ! നീയിപ്പോൾ എവിടെനിന്നെത്തി! എന്നു മനസ്സിൽ വിചാരിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ തന്റെ വലതുകാൽ അതിന്റെ മുമ്പിൽ വെച്ചു. തേരട്ട വഴി മാറ്റി അരിച്ചു നീങ്ങാൻ തുടങ്ങി. ഉണ്ണിക്കുട്ടൻ അവിടെയും തന്റെ കാലടി വെച്ചു. അപ്പോഴും തേരട്ട വഴി മാറ്റി അരിച്ചു നീങ്ങാൻ തുടങ്ങി. ഉണ്ണിക്കുട്ടൻ തേരട്ടയെ കുറെനേരം അങ്ങനെ കളിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ, അതിനെ കാൽവിരലുകൊണ്ടൊന്നു തൊട്ടു. തേരട്ട ചുരുണ്ടുകൂടി കിടന്നു.

ചെറിയൊരു 'തെരിക!' ഉണ്ണിക്കുട്ടൻ അതിനെ ചെറിയൊരു ചുള്ളിക്കുമ്പിൽ കുത്തിയെടുത്ത് തൊടിയിലേക്കെറിഞ്ഞു.

"എന്താ, ചുന്തരക്കുട്ടികാട്ടണ്?

രണ്ടിഴ, തലമുടിയുള്ളതു 'വേറെടുത്തു'കൊണ്ട്. കാളിയമ്മ മുമ്പിൽ വന്നു നിലക്കുന്നു. 'പൊട്ടി'യെ കളഞ്ഞു പുഴയിൽപ്പോയി കുളികഴിഞ്ഞു വന്നിരിക്കയാണ്.

"അതൊക്കെ എവിടെക്കൊണ്ടുപോയിട്ടു?

"പുഴയ്ക്കക്കരെയുള്ള കുറ്റിക്കാട്ടില്." കാളിയമ്മ അകത്തേക്കു പോയി.

പുഴയ്ക്കക്കരെയുള്ള കുറ്റിക്കാട്ടിൽ, ആ കീറിയമുറവും കുറ്റിച്ചുലും 'ലൊട്ടുലൊടുക്ക്' സാധനങ്ങളുമെല്ലാം ചിന്നിച്ചിതറി കിടക്കുന്നുണ്ടാകും. കാക്കകൾ അവിടെയും പറന്നെത്താതിരിക്കില്ല. അവയ്ക്കു തിന്നാൻ അരിമണികൾ മാത്രമേ കാണൂ. വാഴയ്ക്കയും തിന്നുമോ? ആ കുറ്റിക്കാടൊന്നു പോയിക്കാണാൻ സാധിച്ചാൽ എത്ര നന്നായിരുന്നു! ഒരുപാടു കീറിമുറങ്ങളും കുറ്റിച്ചുലുകളും അവിടെ ചിന്നിച്ചിതറിക്കിടക്കുന്നു ണ്ടാവും. അവയ്ക്കിടയിൽ 'കലപിലാ' ശബ്ദമുണ്ടാക്കിക്കൊണ്ടു കാക്കളും. കുറ്റിക്കാട്ടിൽ കുറുക്കന്മാരും പാമ്പുകളുമൊക്കെയുണ്ടാവും. കാക്കകളുടെ 'കലപില' ശബ്ദം കേട്ട, പാമ്പുകൾ മാളത്തിൽനിന്നു പുറത്തുവന്നു ഫണം വിടർത്തി ചീറ്റുന്നുണ്ടാവുമോ?

ഒരുകെട്ടു മുരിങ്ങിലയും ഒരു തേക്കിന്റിലപ്പൊതിയുമായി മുണ്ടി വരുന്നതു കണ്ടു. അടുത്തെത്തിയപ്പോൾ ഉണ്ണിക്കുട്ടൻ ചോദിച്ചു: "തേക്കിന്റിലേല് എന്താ?

"ഇത് രണ്ട് മാന്തളാ."

മനസ്സിലായി. മാന്തള്. ഒരു മത്സ്യത്തിന്റെ പേരാണത്. മത്സ്യമില്ലാതെ മുണ്ടിക്കു വായ പൊളിയില്ലല്ലോ! എത്രയെത്രതരം മത്സ്യങ്ങളുണ്ട് മാന്തള, അയല്ല, ആവോലി, ചെമ്മീൻ, സാവ, മത്തി. ഇനിയുമെത്രയോതരം മത്സ്യങ്ങളുടെ പേര് മുണ്ടി പറയുന്നതു കേട്ടിട്ടുണ്ട്.

ഉണ്ണിക്കുട്ടൻ ചോദിച്ചു: "ഇതെന്തിനാ? വറക്കാനോ കൂട്ടാൻ വെക്കാനോ?

"വറക്കാൻ."

അപ്പോൾ ഇന്നു രാത്രി മുണ്ടിക്കു കഞ്ഞിക്കു ക്'ട്ടാൻ മാന്തള് വറുത്തതായിരിക്കും.

മുത്തശ്ശിയും കുട്ട്യേട്ടനും ഉമ്മറത്തേക്കു വന്നു.

മുണ്ടിയുടെ കൈയിലെ തേക്കിന്റിലപ്പൊതിയിൽ നോക്കിക്കൊണ്ട് മുത്തശ്ശി ചോദിച്ചു:

"എന്താ പൊതീല്?"

"ഇത് രണ്ട് മാന്തളാ."

മുത്തശ്ശി ദേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു: "നല്ലൊരു ദിവസമായിട്ട് ഈ നാറിമൊടയ്ക്കണ മീനായിട്ട് നിനക്കിങ്ങട്ട് വരാൻ തോന്നിലോ, ഇല്ലേ?

"അട്യേനന്ത് നിരീച്ചില."

"നിരീച്ചില. എന്തിനാ നിന്നെ പറയണ്? ശരി; അരിക്കുവേണ്ടി വന്നതല്ലേ? തരാം."

ഇത്രയും പറഞ്ഞ് മുത്തശ്ശി അകത്തേക്കു പോയി. മുണ്ടി

പരിഭ്രമിച്ചു കൊണ്ടു മുറ്റത്തു നിന്നു. പാവം മുത്തശ്ശി! ഒരു ചെമ്പിൽ ലേശം അരി കൊണ്ടുവന്ന് മുണ്ടിക്കു കൊടുത്തു.

"അട്ട്യേൻ വെടൊള്ളട്ടെ."

മുണി അരിക്കിഴിയും മുരിങ്ങലയും മാന്തളുമൊക്കെയായി പോയി. ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ ശരീരത്തോടു ചേർന്നു നിന്നപ്പോൾ മുത്തശ്ശി ദേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു: "മാറി നിന്നാ."

മുണി മാന്തളുമായി വന്നതുകൊണ്ടുള്ള ദേഷ്യമാണു മുത്തശ്ശിക്ക്. അതു തന്നോടെന്തിനാ കാണിക്കണ്!

മുത്തശ്ശി ദേഷ്യഭാവത്തോടുകൂടിത്തന്നെ അകത്തേക്കു പോയി. കുട്ട്യേട്ടന്നും പോയി.

ഉണ്ണിക്കുട്ടൻ ആലോചിച്ചു: മുണ്ടിയുടെ കുടിയിൽ ഇന്നു രാത്രി കഞ്ഞിയും മാന്തള് വറത്തതുമുണ്ടാകും. മുരിങ്ങയിലകൊണ്ട് എന്താണ് അവൾ ചെയ്യുക? മുരിങ്ങയിലക്കൂട്ടാൻ കഞ്ഞിക്കു പറ്റില്ല. മുരിങ്ങയില ഉബേരിയാണെങ്കിൽ പറ്റും. മുരിങ്ങയിലഉവേരി വെക്കാൻ മുണ്ടിക്ക് അറിയുമോ ആവോ?

## ആറ്

കർക്കിടകമാസം ഒന്നാംതീയതി.

ഉണ്ണിക്കുട്ടൻ രാവിലെ ഉറക്കമുണർന്നെഴുന്നേറ്റു താഴത്തേക്കു വന്ന പോഴേക്കും മുത്തച്ഛനും മുത്തശ്ശിയും അച്ഛനും അമ്മയും കുട്ട്യേട്ടനും കുളിയും തൊഴിലും കഴിഞ്ഞു വന്നിരിക്കുന്നു. എല്ലാവരും നെറ്റിയിൽ ചന്ദനക്കുറി തൊട്ടിട്ടുമുണ്ട്. മുത്തശ്ശിയും അമ്മയും ദശപുഷ്പമരച്ചു തൊട്ടിട്ടുമുണ്ട്.

ആകപ്പാടെ വല്ലാത്ത ദേഷ്യമാണ് ഉണ്ണിക്കുട്ടന്നു തോന്നിയത്. രാവിലെ കുളിക്കാൻ പോകുമ്പോൾ തന്നെയും കൊണ്ടുപോകണമെന്ന് അമ്മയോട് എത്ര പ്രാവശ്യം പറഞ്ഞേല്പിച്ചതാണ്? കൊണ്ടുപോകാമെന്ന് അമ്മ പറഞ്ഞതുമാണ്. എന്നിട്ട് ഒരക്ഷരംപോലും ശബ്ദിക്കാതെ കുളിച്ചു തൊഴുതു വന്നിരിക്കുന്നു!

നല്ലൊരു ദിവസമായിട്ട്, മുത്തശ്ശിക്കെങ്കിലും തന്നെ കുളിപ്പിക്കാൻ കൊണ്ടുപോകാൻ തോന്നിയില്ലല്ലോ!

ഇന്ന് വീട്ടിൽ രാവിലെ കുളിച്ചുതൊഴാത്തവരായി താനും അമ്മിണിയും മാത്രമേയുള്ളൂ.

ഉണ്ണിക്കുട്ടൻ അമ്മയോടു ചോദിച്ചു:

"എന്നെ എന്തേ കുളിക്കാൻ കൊണ്ടുപോവാഞ്ഞത്?"
"നിന്നെ ഇവിടെ വെള്ളം കാച്ചി കുളിപ്പിക്കാം."
"ഞാനതല്ല ചോയ്ച്ചത്. കൊണ്ടുപോവാന്ന് പറഞ്ഞിട്ട് പിന്നെന്തേ കൊണ്ടുപോവാഞ്ഞതെന്നാണ്?
"ഞാനതു മറന്നു."
"മറന്നോണ്ടൊന്നും അല്ല; വെണ്ടാന്ന്വെച്ചിട്ട്ന്നാ."
അമ്മ അതിനു മറുപടിയൊന്നും പറയാതെ അടുക്കളയിലേക്കു പോയി.
ദേഷ്യം തീർക്കാനെന്നപോലെ ഉണ്ണിക്കുട്ടൻ വെറുതേ നിലത്തു രണ്ടു ചവിട്ടു ചവിട്ടി. തനിക്കു ദേഷ്യവും അമർഷവുമൊക്കെയുണ്ടെന്ന് അമ്മ മനസ്സിലാക്കട്ടെ.
അപ്പോഴാണ് എന്തോ എടുക്കാനായി കുട്ട്യേട്ടന്റെ ഒരു വരവ്.
കുട്ട്യേട്ടൻ ചോദിച്ചു: "എന്തിനാ നിലം ചവുട്ടിപൊളിക്കണ്."
"തോന്നീട്ട്."
"ചവിട്ടിപൊളിച്ചോ, യേ എന്റെ കാലല്ലലോ വേദനിക്കാ."
കുട്ട്യേട്ടൻ അടുക്കളയിൽനിന്നു പാൽക്കിണ്ടി എടുത്തുകൊണ്ട് ഉമ്മറത്തേക്കു പോയി.
കുളിച്ചു കുറിയിട്ട് ചെവിക്കിടയിൽ ചെമ്പരത്തിപ്പൂവും തുളസിപ്പൂവും ചൂടി വലിയൊരാളുടെ ഭാവത്തിലാണ് ഇന്ന് കുട്ട്യേട്ടൻ. രാവിലെ മുതിർന്നവരുടെ കൂടെ കുളിച്ചുതൊഴാൻ സാധിച്ചതുകൊണ്ടുള്ള ഒരുടിപ്പ്!
കുട്ട്യേട്ടൻ പാൽക്കിണ്ടിയുമായി പോയശേഷവും ഉണ്ണിക്കുട്ടൻ കുറച്ചുനേരം നിന്നിടത്തുതന്നെ നിന്നു. ഇനി എന്താണു വേണ്ടത്?
ചൂടുവെള്ളത്തിൽ കുളിപ്പിക്കാൻ വിളിച്ചാൽ പോകണോ എന്നാലോചിച്ചു. വേണമെന്നോ വേണ്ടായെന്നോ, തീർച്ചപ്പെടുത്താൻ സാധിക്കുന്നില്ല. വരട്ടെ. ഇനിയും സമയമുണ്ടല്ലോ. സൗകര്യംപോലെ തീർച്ചപെടുത്താം.
പെട്ടെന്നു മച്ചിൽ പോയൊന്നു നോക്കണമെന്നു തോന്നി. അവിടെ 'ശീവോതി'ക്കു വെച്ചിട്ടുണ്ടാകും. 'ശീവോതി'ക്കു വയ്ക്കുന്നതു കാണാനും തന്നെ വിളിച്ചില്ല.
മച്ചിൽ ചെന്നു നോക്കിയപ്പോൾ കത്തിക്കൊണ്ടിരിക്കുന്ന നിലവിളക്കിന്റെ പിന്നിൽ 'ശീവോതി'ക്കു വെച്ചിരിക്കുന്നു. ചന്ദനത്തിരിയുടെയും മട്ടിപ്പശയുടെയും മണമാണെങ്ങും.
'ശീവോതി'ക്കുവെച്ച സാധനങ്ങളെന്തൊക്കെയാണെന്നു വളരെ അടുത്തുവന്നു നോക്കി. ഉണ്ണിക്കുട്ടൻ അത്ഭുതത്തോടെ പുഞ്ചിരിച്ചു. എന്തെല്ലാമെന്തെല്ലാം സാധനങ്ങളാണ്! കണ്ണാടി, വാൽക്കണ്ണാടി, പാവുമുണ്ട്, സിന്ദുരച്ചെപ്പ്, ചാന്ത്, കണഷിക്കുട, വെറ്റില,

കളിയടയ്ക്ക, ഓട്ടുകിണ്ടി, ദശപുഷ്പമരച്ചത്—പിന്നേയും എന്തൊക്കെയോ സാധനങ്ങളുണ്ടെന്നു തോന്നുന്നു.

രാവിലെ നേർത്തേ എഴുന്നേറ്റ് ഈവക സാധനങ്ങളെല്ലാം തിരഞ്ഞെപിടിച്ചു കൊണ്ടുവന്നത് മുത്തശ്ശിയാകും. ഇവയൊക്കെ നിരത്തിവെക്കുന്നതു കാണാനുംകൂടി മുത്തശ്ശി തന്നെ വിളിച്ചില്ലല്ലോ.

ഉണ്ണിക്കുട്ടന് മുത്തശ്ശിയോട് കലശലായ അമർഷം തോന്നി. മുത്തശ്ശിയുടെ കുത്തിവളർത്തിയ കാത് വല്ലയിടത്തും കുടുങ്ങി അറ്റു പോകണമെന്ന് അവൻ ആശിച്ചു. ഉടൻതന്നെ വേണ്ടെന്നു തോന്നുകയും ചെയ്തു. മുത്തശ്ശിക്കു വേദനിക്കില്ലേ? എന്തൊക്കെയായാലും തന്റെ മുത്തശ്ശിയല്ലേ?

മച്ചു കാണാൻ എന്തൊരു ഭംഗിയാണിന്ന്! വെളിച്ചം; വാസന, പഴയ പച്ചപ്പപ്പടത്തിന്റെയും കൂറക്കാട്ടത്തിന്റെ യും മണം ഇപ്പോൾ തീരെ ഇല്ല. ചന്ദനത്തിരിയുടെയും മട്ടിപ്പശയുടെയും മണമുള്ളതുകൊണ്ടാകും.

അമ്മ മച്ചിൽ വന്നു ചോദിച്ചു.

“അമ്മേടെ കുട്ടിപ്പോ?”

ഉണ്ണിക്കുട്ടൻ ശബ്ദിച്ചില്ല. ഗൗരവഭാവത്തിൽ മച്ചിന്റെ തട്ടുത്തരങ്ങളിലേക്കു നോക്കിക്കൊണ്ടു നിന്നു. താൻ എവിടെയുണ്ടായാലെന്താ അമ്മയ്ക്ക്?

“വാ, കുളിപ്പിക്കട്ടെ. ചൂടുവെള്ളം കാലായ്ക്കണു.” ഉണ്ണിക്കുട്ടൻ അനങ്ങാതെ നിന്നു.

അമ്മ വീണ്ടും പറഞ്ഞു: “വേഗം വാ:

കുളി കഴിഞ്ഞിന്റെ ശേഷം ഒരു സാധനം തരാ.”

ഉണ്ണിക്കുട്ടൻ പെട്ടെന്നു ചോദിച്ചു: “എന്താ സാധനം?

“അതൊക്കെ ഉണ്ട്; വേഗം വാ.”

“ശരി.”

അമ്മ ഉണ്ണിക്കുട്ടന്റെ കൈക്കു പിടിച്ചുകൊണ്ടു പോയി.

കുളിപ്പിക്കുമ്പോൾ യാതൊരു പ്രതിഷേധശബ്ദവും ഉണ്ണിക്കുട്ടൻ ഉണ്ടാക്കിയില്ല. കുളി കഴിഞ്ഞാൽ ഒരു സാധനം തരാമെന്നല്ലേ അമ്മ പറഞ്ഞിരിക്കുന്നത്? എന്തു സാധനമാകുമോ എന്തോ?

കുളിപ്പിക്കുമ്പോൾ അമ്മിണി അടുത്തേക്കു വന്നു. അവളുടെ കുളി കഴിഞ്ഞിരിക്കുന്നു. പുതിയ ഗൗണാണു ധരിച്ചിരിക്കുന്നത്. വാലിട്ടു കേഴുതിയിട്ടുണ്ട്. ചാന്തുപൊട്ടു തൊട്ടിട്ടുമുണ്ട്. ഇന്നു വളരെ ഒതുങ്ങിയൊരു മട്ടിലാണ്.

അമ്മിണി അടുത്തുവന്നു നിന്നിട്ടും ഉണ്ണിക്കുട്ടനൊന്നും ശബ്ദിച്ചില്ല. അമ്മ മനസ്സിലാക്കട്ടെ, തന്റെ മൗനത്തിന്റെ അർത്ഥം.

കുളികഴിഞ്ഞു പോരുമ്പോൾ കാളിയമ്മ ചോദിച്ചു: “എന്താ ചുന്തര

ക്കുട്ടിക്ക് ഒരു ശരില്ലായ്മ?"

ഉണ്ണിക്കുട്ടൻ കാളിയമ്മയുടെ മുഖത്തേക്കു തറച്ചുനോക്കി. ആയമ്മയും കുളിച്ചുതൊഴുത്തിരിക്കുന്നു. ആകെയുള്ള രണ്ടിഴത്തലമുടിയിൽ തുളസിപ്പൂ ചൂടിയിരിക്കുന്നതു കണ്ടപ്പോൾ ചിരി വന്നുപോയി.

"എന്തിനാ ചുന്തരക്കുട്ടി ചിരിക്കണ്?

ഒന്നും പറയാതെ ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്ക് ഓടിപ്പോയി.

ഉമ്മറത്ത് മുത്തച്ഛനും കുട്ടൻനായരുംകൂടി 'വെളി' നടാനുള്ള സാധനങ്ങൾ തയ്യാറാക്കുകയാണ്. കുട്ട്യേട്ടന്നും അവിടെത്തന്നെയുണ്ട്.

കുട്ട്യേട്ടൻ ചോദിച്ചു: "വെളി'നടാനുള്ള സാധനങ്ങൾ എന്തൊക്കുയാണെ്ാ?"

"ഇല്ല." ഉണ്ണിക്കുട്ടൻ പറഞ്ഞു.

"പിന്നെ എന്താ നിനക്കറിയാ?"

"ഉം? എന്താ? "

"തിന്നാനും വാശിപിടിച്ചു കരയാനും മാത്രം നിനക്കറിയാം. അല്ലേ?"

ഉണ്ണിക്കുട്ടൻ കോപത്തോടെ കുട്ട്യേട്ടന്റെ മുഖത്തേക്കു നോക്കി.

"എന്നെ അങ്ങനെ നോക്കൊന്നും വേണ്ട. അറിയില്ലെങ്കിൽ "വെളി' നടാനുള്ള സാധനങ്ങളുടെ പേരു കേട്ടൊ: നിലപ്പന, കൃഷ്ണക്കണൊന്തി, മുക്കുറ്റി, പുവ്വാങ്കുറുന്തല, ഉഴിഞ്ഞ്, മോഷ്മി, കുഞ്ഞുണ്ണി, ചിരുതാളി, കറുക, ചെറുള."

ഇത്രയും പറഞ്ഞ് ഒന്നു നിർത്തി, കുട്ട്യേട്ടൻ കുട്ടൻനായരോടു ചോദിച്ചു:

"ഇനിയും വല്ലതുമുണ്ടോ?

കുട്ടൻനായർ കുടുകുടാ ചിരിച്ചുകൊണ്ടു പറഞ്ഞു:

"ഇതൊക്കെ മനഃപാഠമാക്കി, ഇല്യേ? മിടുമിടുക്കൻ!"

ഉണ്ണിക്കുട്ടനും അത്ഭുതം തോന്നി. ഇതൊക്കെ കുട്ട്യേട്ടനെങ്ങനെ യാണു മനഃപാഠമാക്കിയത്? കുട്ട്യേട്ടൻ ആളു മോശമല്ലല്ലോ!

പുരപ്പുറത്തും തൊഴുത്തിന്റെ പുറത്തും ഉമ്മറിമുറ്റത്തുമാണ് "വെളി' നടേണ്ടത്. മൂന്നു സ്ഥലത്തേക്കുമുള്ള സാധനങ്ങൾ കുട്ടൻനായർ പ്രത്യേകം പ്രത്യേകമായി വേർതിരിച്ചുവച്ചു. ചെടികളുടെ വേരിന്റെ ഭാഗം വൃത്തിയായി മണ്ണുരുളകൊണ്ടു പൊതിഞ്ഞു.

ചെടികളെല്ലാം മണ്ണുരുളയ്ക്കകത്ത് ഒതുങ്ങിക്കുടി നിന്നു.

കുട്ടൻനായർ പുരപ്പുറത്തേക്കു കയറാൻ ഒരേണി കൊണ്ടുവന്നു ചാരിവെച്ചു.

"ഞാൻ കേറട്ടെ? കുട്ട്യേട്ടൻ ചോദിച്ചു.

"വേണ്ട; നല്ലൊരു ദിവസമായിട്ടു വീഴണം. അല്ലേ?"

മുത്തച്ഛനു. ദേഷ്യം കയറി.

'അങ്ങനെ വേണം കുട്ട്യേട്ടന്'. ഉണ്ണിക്കുട്ടൻ വിചാരിച്ചു.

കുട്ടൻനായർ ഏണിയിന്മേൽക്കൂടി കയറി 'വെളി' നട്ടു. മണ്ണുരുള ഓട്ടിൻപുറത്തു. ലേശം ചെരിച്ചുവെക്കുകയാണുണ്ടായത്.

'വെളി' നടുമ്പോൾ പൂവിളിച്ചത് കുട്ട്യേട്ടനാണ്. ഉണ്ണിക്കുട്ടൻ ഏറ്റു കൂവുമാത്രമേ ചെയ്തുള്ളൂ. രണ്ടാമത്തെ "വെളി" മുറ്റത്തിന്റെ ഒരുകിൽ ചെറിയൊരു കുഴി കുത്തി കുഴിച്ചിട്ടു.

അപ്പോഴും കുട്ട്യേട്ടൻ പൂവിളിച്ചു.

ഇനി തൊഴുത്തിൻപുറത്തു നടണമല്ലോ!

കുട്ടൻനായർ "വെളി'യുമായി തൊഴുത്തിലേക്കു നടന്നു. പുറകേ ഉണ്ണിക്കുട്ടനും കൂടി. അപ്പേഴേക്കും കുട്ട്യേട്ടൻ മുമ്പിലോടിയെത്തിക്കഴിഞ്ഞു.

കുട്ടൻനായർ തൊഴുത്തിൻപുറത്തു കയറാതെ താഴത്തുതന്നെ നിന്നുകൊണ്ട്. 'വെളി' തൊഴുത്തിൻപുറത്തേക്കെറിഞ്ഞു. തൊഴുത്തിൻ പുറത്തിന്റെ നടുക്കുതന്നെ അതു ചെന്നു വീഴുകയും ചെയ്തു. ഭേഷ്!

ഇപ്പോൾ പൂവിളിച്ചത് ഉണ്ണിക്കുട്ടനാണ്. പ്രതിഷേധംകൊണ്ടാകാം കുട്ട്യേട്ടൻ കുകാൻ കൂടിയില്ല.

"ശരി. പൊവ്വാ."

കുട്ടൻനായർ ഉമ്മറത്തേക്കു നടന്നു. പുറകേ ഉണ്ണിക്കുട്ടനും ക8ട്ട്യട്ടന്നും.

നടക്കുന്നതിനിടയിൽ തൊഴുത്തിൻപുറത്തേക്ക് ഉണ്ണിക്കുട്ടനൊന്നു തിരിഞ്ഞുനോക്കി. 'വെളി' നട്ടത് അവിടെത്തന്നെയുണ്ടല്ലോ? ഉണ്ട്.

മഴ ശക്തിയായി പെയ്താൽ അത് ഒഴുകിപോകുമോ എന്തോ?

മുറ്റത്തെത്തിയപ്പോൾ മുത്തച്ഛൻ ചോദിച്ചു: "എന്താ ഒക്കെ കണ്ടില്ലേ?

ഉണ്ണിക്കുട്ടൻ ചിരിച്ചു.

അമ്മിണി പാൽക്കിണ്ടിയുടെ അടവുമായി ഉമ്മറത്തുണ്ട്. കണ്ണിൽ മഷിയെഴുതിയതു കുറേശ്ശ് കവിളത്തേക്ക് ഒലിച്ചിറങ്ങിയിരിക്കുന്നു. അവളെ കണ്ടിട്ട് ഒരു കരച്ചിൽ നടത്തിയ മട്ടുണ്ട്. എന്തിനാണാവോ കരഞ്ഞത്?

പെട്ടെന്നു. മഴപെയ്യാൻ തുടങ്ങി.

"ഒരു കുരുത്തംകെട്ട മഴ!"

മുത്തച്ഛൻ ഈർഷ്യയോടെ പറഞ്ഞു.

മുണ്ടി മുറ്റത്തുകൂടെ അടുക്കളമുറ്റത്തേക്കു പോകുന്നതു കണ്ടു. അവളുടെ കൈയിൽ ഒരു ഇലപൊതിയുണ്ട്. എന്താണതെന്നറിയാൻ ഉണ്ണിക്കുട്ടൻ അങ്ങോട്ടു ചെന്നു.

മുണ്ടി പൊതി അമ്മയ്ക്കു കൊടുക്കുന്നതു കണ്ടപ്പോൾ ഉണ്ണിക്കുട്ടൻ ചോദിച്ചു:

“എന്താദ്?

“മൈലാഞ്ചി.”

“നോക്കട്ടെ.”

“മൈലാഞ്ചീടെ ഇല എന്താത്ര നോക്കാനുള്ളത്?

“എന്തിനാദ്?

“അരച്ചിടാൻ.”

“എല്ലാവരും അരച്ചിടോ?

“ഇല്ല; പെണ്ണുങ്ങൾ മാത്രം.” അമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു.

കർക്കിടകമാസം ഒന്നാം തീയതി എന്തിനാണാവോ മൈലാഞ്ചി അരച്ചിടുന്നത്? അതാകട്ടെ. പെണ്ണുങ്ങൾ മാത്രം. ആണുങ്ങൾക്കു മൈലാഞ്ചി അരച്ചിട്ടാലെന്താ?

പെണ്ണുങ്ങളെല്ലാം മൈലാഞ്ചി അരച്ചിടുമെന്നല്ലേ പറയുന്നത്! അപ്പോൾ അമ്മിണിയും അവളുടെ കുഞ്ഞിക്കൈക്കയിൽ മൈലാഞ്ചിയിടും. എന്നിട്ടു കുറേക്കഴിഞ്ഞ് അവളുടെ കൈയിൽനിന്നു മൈലാഞ്ചി തുടച്ചു നീക്കി കളയുമ്പോൾ കൈകൾ തുടുതുടുന്നനെയിരിക്കും. എന്തൊരു ഭംഗിയാവും കാണാൻ!

അവളുടെ തുടുതുടുന്നനെയുള്ള രണ്ടു കുഞ്ഞിക്കൈക്കുകളിലും ഉമ്മ വെക്കണം

## ഏഴ്

കർക്കിടകമാസം കഴിഞ്ഞു. ചിങ്ങമാസം പിറന്നു. ഇപ്പോൾ മഴ ഇടയ്ക്കിടയ്ക്കേ പെയ്യുന്നുള്ള, ഇളംവെയിലുള്ള ദിവസങ്ങളാണധികവും!

പുഴയിലെ വെള്ളത്തിന്റെ ഒഴുക്കിനു ശക്തിയും കുറഞ്ഞിട്ടുണ്ട്. കുളത്തിലെ വെള്ളം രണ്ടുമൂന്നു പടവുകളിറങ്ങി താഴ്ന്നുപോയിരിക്കുന്നു. ഇനി കുറച്ചു ദിവസങ്ങൾകൂടി കഴിയുമ്പോഴേക്കും കുളത്തിലെ വെള്ളത്തിന്റെ പുറത്തേക്കുള്ള ഒഴുക്കു നിലക്കും. അപ്പോൾ റോട്ടരികിലെ വെള്ളച്ചാലിൽ മീൻപിടിക്കാൻ ആരും വരില്ല. വെള്ളച്ചാൽ വരണ്ടുണങ്ങിക്കിടക്കുകയായിരിക്കുമല്ലോ! മീൻപിടിത്തക്കാരൻ മാപ്പിള പിന്നെ എവിടെനിന്നാവോ മീൻ പിടിക്കുക?

തൊടിയിലവിടവിടെയായി ഓണപ്പൂക്കൾ പുഞ്ചിരിച്ചു നിലക്കുന്നു.

രാവിലെയും വൈകുന്നേരവും തൊടിയിലേക്കങ്ങനെ നോക്കിക്കൊണ്ടു നില്ക്കാനാണ് ഉണ്ണിക്കുട്ടന് ഇഷ്ടം! ഉച്ചവെയിലിൽ തൊടിയിലേക്കു നോക്കാൻ സുഖമില്ല. ഇലകൾക്കും പൂക്കൾക്കുമെല്ലാം ഒരു വാട്ടംതട്ടിയിരിക്കുന്നതുപോലെയാണ് അപ്പോൾ തോന്നുക.

തൊടിയിൽ ഓണപ്പൂക്കൾ മാത്രമല്ല, മറ്റു പലവിധത്തിലുള്ള പൂക്കളുമുണ്ട്. പൂക്കളില്ലാത്ത ഒരൊറ്റച്ചെടിപോലും തൊടിയിലുണ്ടെന്നു തോന്നുന്നില്ല. എങ്ങോട്ടു നോക്കിയാലും പച്ചത്തഴപ്പിൽനിന്നു പുഞ്ചിരിച്ചു നില്ക്കുന്ന പൂക്കളാണ്. തൊഴുത്തിന്റെ മുകളിലെമ്പാടും മത്തൻപൂക്കൾ. കിണറ്റിൻകരയിലുള്ള പന്തലിലെല്ലാം കുമ്പളപ്പൂക്കൾ! പിന്നെ തൊടിയിലവിടവിടെയായി ഞെടിയിൽ പടരുന്ന കയ്പവള്ളികളിലും പയറിൻവള്ളികളിലുമെല്ലാം പൂക്കൾതന്നെ! പയറിൻപൂക്കൾക്ക് ഇത്ര ഭംഗിയുണ്ടാകുമെന്ന് ഉണ്ണിക്കുട്ടൻ വിചാരിച്ചതല്ല. നീലനിറത്തിലുള്ള പയറിൻപൂക്കൾ കാണാൻ എന്തൊരു ഭംഗിയാണ് പയറിൻപൂക്കൾ അമ്പലത്തിൽ പൂജയേക്കാത്തതെന്താണ്? മത്തൻപൂക്കളും കുമ്പളവൂക്കളും പൂജയേക്കുന്നില്ലെങ്കിലും സാരമില്ല. പയറിൻ പൂക്കൾ പൂജയേക്കുകതന്നെ വേണമെന്നാണ് ഉണ്ണിക്കുട്ടന്റെ പക്ഷം. നല്ലതുപോലെ തേച്ചു മിനുക്കിയ പൂജാപാത്രങ്ങളിൽ തുളസിപ്പൂക്കളുടെയും തെച്ചിപ്പൂക്കളുടെയും ചെമ്പരത്തിപ്പൂക്കളുടെയുമിടയ്ക്കു പയറിൻപൂക്കളുമുണ്ടാകേണ്ടതാണ്.

പയറിൻപൂക്കൾ പൂജയേക്കാത്തതെന്തുകൊണ്ടാണെന്ന് അപ്പുനമ്പീശനോട് ഒരിക്കൽ ചോദിച്ചപ്പോൾ അതു പാടില്ലെന്നു പറഞ്ഞു. അതിനുള്ള കാരണം പറഞ്ഞു മനസ്സിലാക്കിയതുമില്ല. പയറിൻപൂക്കളെപ്പോലെതന്നെ, പയറുവേരിയും ഉണ്ണിക്കുട്ടനു വളരെ ഇഷ്ടമാണ്. നല്ലപോലെ വെളിച്ചെണ്ണയിൽ പിരട്ടിവുരട്ടിയെടുത്ത പയറുവേരിയും പുളിച്ച മോരുമുണ്ടെങ്കിൽ, പിന്നെ ഉണ്ണാൻ മറ്റൊന്നും വേണ്ട. അത്രയ്ക്കു സ്വാദാണ് കുട്ട്യേട്ടനിഷ്ടം വെണ്ടയ്ക്കസാമ്പാറാണ്. വെണ്ടയും ധാരാളമുണ്ടാക്കിയിട്ടുണ്ട്. ഒക്കെ കുട്ടൻനായർ ഉണ്ടാക്കിയതാണ്. മുത്തശ്ശിയുടെ മുറിയിലെ ജനാലയിൽക്കൂടി നോക്കിയാൽ വെണ്ടച്ചെടികൾ കാണാം.

മഴക്കാലം തുടങ്ങുന്നതിനു മുമ്പുതന്നെ, കുട്ടൻനായർ വെണ്ട വിത്തറുകൾ കുത്തിയിട്ടിരുന്നു. ആദ്യം ചെറിയ കുഴികൾ കുത്തി. അതിലെല്ലാം ചമ്മലയിട്ടു കത്തിച്ചു ചാമ്പലാക്കി. എന്നിട്ട് അതിൽ ചാണകപൊടി ചേർത്തിളക്കി പതവും നിരപ്പും വരുത്തിയശേഷമാണ് വെണ്ട വിത്തറുകൾ കുത്തിയിട്ടത്. മഴ തുടങ്ങുന്നതുവരെ, എല്ലാ

ദിവസവും വെള്ളം കോരി നനച്ചത് കാളിയമ്മയാണ്. മഴക്കാലം തുടങ്ങിയപ്പോഴേക്കും വെണ്ടത്തൈകൾ പുളച്ചുവളരാൻ തുടങ്ങി.

ഇപ്പോൾ വെണ്ടത്തൈകളിലെല്ലാം ധാരാളം വെണ്ടയ്ക്കയും പൂക്കളുമുണ്ട്. മുത്തച്ഛൻ ഒന്നിടവിട്ട ദിവസങ്ങളിൽ വെണ്ടയ്ക്കകളറുത്തെടുക്കും. മുത്തച്ഛനിപ്പോൾ എല്ലാ ദിവസവും പാടത്തേക്കു പോകാറില്ല. കൃഷിപ്പണിയെല്ലാം കഴിഞ്ഞു. അങ്ങനെയിരിക്കുമ്പോൾ പാടത്തു ചെന്നൊന്നു നോക്കും. അത്രതന്നെ. കുട്ടൻനായരുണ്ടല്ലോ, ദിവസവും പോയിനോക്കാൻ.

ഒരു ശനിയാഴ്ചദിവസം, അച്ഛനൊഴികെ വീട്ടിലുള്ളവരെല്ലാം ഉച്ചയ്ക്ക് ഊണുകഴിഞ്ഞ് ഉമ്മറത്തിരിക്കയായിരുന്നു.

മുത്തശ്ശി പറഞ്ഞു: "മറ്റന്നാൾ അത്തമായി. അത്തം പത്തു തിരുവോണം എന്നാണ്." "അതിനെന്താ ഓണം വന്നോട്ടെ. കൂട്ടാൻവയ്ക്കാനുള്ളതൊക്കെ തൊടീലുണ്ട്. തൈരും നേന്ത്രപ്പഴോം പബടോം വാങ്ങണം അത്രതന്നെ." മുത്തച്ഛൻ തൊടിയിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു.

ഉണ്ണിക്കുട്ടൻ ഉത്സാഹത്തോടെ ചോദിച്ചു: "ഓണബട വാങ്ങണ്ടേ?

കുട്ട്യേട്ടൻ ഉണ്ണിക്കുട്ടനെ പുച്ഛിച്ചുകൊണ്ടു പറഞ്ഞു: "ഓണപ്പുടവയത്! ഓണപ്പുടവ എന്നു പറഞ്ഞാലെന്താ?

"അവന് അത്രയ്ക്കല്ല്യേ ആയിട്ടുള്ള? അങ്ങനൊക്കെ പറഞ്ഞാൽ മതി." മുത്തശ്ശി ഉണ്ണിക്കുട്ടനെ പിന്താങ്ങി.

ചെരിഞ്ഞുകിടക്കുന്ന അമ്മയെ പറ്റിപ്പിടിച്ചു കിടന്നിരുന്ന അമ്മിണി എഴുന്നേറ്റിരുന്നു: "ഓണപ്പടയ്ക്കും വേണം."

"തരാം. മുത്തച്ഛന്റെ കുട്ടിക്ക് മുത്തച്ഛനൊരു കുഞ്ഞിപ്പാവു മുണ്ടു തരാം, പോരെ? മുത്തച്ഛൻ വാത്സല്യത്തോടെ പറഞ്ഞു.

അമ്മിണി സന്തോഷത്തോടെ എഴുന്നേറ്റുനിന്നു തുള്ളിച്ചാടി ചിരിച്ചു.

"യ്ക്ക് ഷർട്ടും നിക്കറും മതി." കുട്ട്യേട്ടന്റെ അഭിപ്രായമാണ്.

"ഓണപ്പുടവ ഷർട്ടും നിക്കറുമൊന്നുമല്ല. പാവുമുണ്ടാണ്." മുത്തശ്ശി. മുത്തശ്ശിയുടെ ആ അഭിപ്രായം ഉണ്ണിക്കുട്ടനിഷ്ടപ്പെട്ടില്ല. ഓണപ്പുടവയായി ഷർട്ടും നിക്കറും കിട്ടുകതന്നെയാണു നല്ലത്. പാവുമുണ്ടു കിട്ടിയിട്ട് എന്തു ചെയ്യാനാണ്? പാവുമുണ്ടുടുത്തു സ്കൂളിൽ പോകാൻ പറ്റുമോ? അതൊക്കെ പോകട്ടെ. ഉണ്ണിക്കുട്ടന്നു മുണ്ടുടുത്താൽ അരയിലുറയ്ക്കില്ല. അതിനെന്താണു ചെയ്യുക?

ഉണ്ണിക്കുട്ടൻ മുത്തച്ഛനോടു പറഞ്ഞു: "യ്ക്കും ഷർട്ടും നിക്കറും മതി."

"അതൊക്കെ പിന്നീടാലോചിക്കാം. അകത്തു പോയി ആ ചെല്ലൊന്ന് കൊണ്ടോന്ന്."

ഉണ്ണിക്കുട്ടൻ അകത്തുപോയി ചെല്ലം കൊണ്ടുവന്നു കൊടുത്തു. മുത്തച്ഛൻ ചെല്ലം തുറന്നു മുറുക്കി.

ഇതിനിടയിൽ ഓണക്കാര്യം സംസാരിച്ചു തീർന്നിരുന്നു. ഓണക്കാര്യം ഇത്രവേഗം സംസാരിച്ചു തീർത്തതിൽ ഉണ്ണിക്കുട്ടന്നു വിഷമം തോന്നി. ഏതായാലും ഇപ്പോ ഇതിനെക്കുറിച്ചൊന്നും സംസാരിക്കേണ്ട. ഇനിയും ദിവസങ്ങളുണ്ടല്ലോ! സൗകര്യംപോലെ പിന്നീടൊരിക്കലാവാം.

ഉണ്ണിക്കുട്ടൻ പടിക്കലേക്കു നോക്കിക്കൊണ്ട്. ബെഞ്ചിൽ ചെരിഞ്ഞു കിടന്നു. റോഡിൽക്കൂടെ ഇടയ്ക്കിടയ്ക്കു വാഹനങ്ങൾ ഓടിപ്പോകുന്നുണ്ട്. പിന്നിൽ വലിയൊരു പെട്രോൾ ടാങ്ക് ഘടിപ്പിച്ച ലോറി ഓടിപ്പോകുന്നതു കണ്ടപ്പോൾ, ഉണ്ണിക്കുട്ടൻ അത്ഭുതഭാവത്തോടെ ബെഞ്ചിൽ എഴുന്നേറ്റിരുന്നു. അപ്പോഴേക്കും ലോറി ദൃഷ്ടിയിൽനിന്നു മറഞ്ഞുകഴിഞ്ഞിരുന്നു.

കുട്ട്യേട്ടൻ പറഞ്ഞു: “പെട്രോൾടാങ്കാണ്.”

കുട്ട്യേട്ടൻ പറയാതെതന്നെ, ഉണ്ണിക്കുട്ടനതറിയാം. പെട്രോൾടാങ്ക് കാണാൻ ബഹുഭംഗിയുണ്ട്. ഓടിക്കൊണ്ടിരിക്കുന്ന ലോറിയിൽ ഘടിപ്പിച്ച പെട്രോൾടാങ്കിന്റെ മുകളിൽ കയറിയിരുന്നു യാത്ര ചെയ്യുവാൻ പറ്റുമോ? ആരുമങ്ങനെ യാത്രചെയ്യുന്നതായി കണ്ടിട്ടില്ല.

ഇപ്പോൾ പെട്രോൾടാങ്ക് ഘടിപ്പിച്ച ലോറി എവിടെ എത്തിയിട്ടുണ്ടാകും? തട്ടാർകുന്നം കയറുകയാവുമോ? അതോ കയറ്റം കയറിക്കാണുമോ?

ഉണ്ണിക്കുട്ടൻ ദൃഷ്ടികൾ തൊടിയിലെ പച്ചപ്പിലേക്കു പായിച്ചുകൊണ്ട്. വീണ്ടും ബെഞ്ചിൽത്തന്നെ ചെരിഞ്ഞു കിടന്നു. തൊടി വെയിലിൽ കുളിച്ചുകിടക്കുകയാണ്. പച്ചിലകൾക്കും പൂക്കൾക്കുമെല്ലാം ഒരു വാട്ടം പറ്റിയതുപോലെയുണ്ട്. വെയിലേലക്കുന്നതുകൊണ്ടാവും. തൊടി കാണാൻ ഭംഗി രാവിലെയും വൈകുന്നേരവുമാണെന്ന് ഒരിക്കൽക്കൂടി ഉണ്ണിക്കുട്ടനോർത്തു.

റോഡിൽ ഒരു കാറു പെട്ടെന്നു ബ്രേക്കിട്ടു നിർത്തുന്ന ശബ്ദം കേട്ടു. എന്താണാവോ കാരണം? വല്ല സൈക്കിളുമായോ മറ്റോ കൂട്ടി മുട്ടാൻ ഭാവിച്ചുവോ, എന്തോ?

അന്നാളൊരു ദിവസം, പാൽവില്പനക്കാരന്റെ സൈക്കിൾ, എതിർഭാഗത്തുനിന്ന് ഓടിവരുന്ന ഒരു കാറിനെ തൊട്ടുരുമ്മിപ്പോയതു കണ്ടതാണ്. പേടിച്ചു വിറച്ചുപോയി. പാൽവില്പനക്കാരനും സൈക്കിളും പാൽപ്പാത്രങ്ങളുമെല്ലാം കാറിനടിയിൽ പെട്ടുപോയെന്നാണ് ഉണ്ണിക്കുട്ടൻ ആദ്യം കരുതിയത്. വല്ലാത്തൊരു രംഗംതന്നെയായിരുന്നു അത്!

പാൽവില്പനക്കാരന്, നല്ല സൈക്കിൾബാലൻസുണ്ടായിരുന്നുവെന്നതു തീർച്ചയാണ്. സൈക്കിളോടിക്കുന്നവനു നല്ല ബാലൻസ് വേണം. ചെറുവത്തിൽത്തന്നെ സൈക്കിൾ ചവിട്ടാൻ പഠിച്ചാലേ, നല്ല ബാലൻസുണ്ടാവുകയുള്ളവെന്ന് ആരാണു പറഞ്ഞത്? ഓർമ്മ തോന്നുന്നില്ല. അപ്പുണ്ണിക്കു സൈക്കിൾ ചവിട്ടാനറിയാം. ഉയരമുള്ള സൈക്കിളാണെങ്കിൽ, കാലുകൾ അപ്പുറത്തേക്കുമിപ്പുറത്തേക്കുമിട്ടുകൊണ്ടാണ് അവൻ ചവിട്ടുക. സീറ്റിൽ കയറിയിരുന്നാൽ കാലുകൾ എത്തില്ല.

തനിക്കും സൈക്കിൾ ചവിട്ടാൻ പഠിക്കണം. കുട്ട്യേട്ടനിപ്പോൾത്തന്നെ, സൈക്കിൾ ചവിട്ടാൻ പഠിക്കണമെന്നു പറഞ്ഞ് അമ്മയെ ബുദ്ധിമുട്ടിക്കാൻ തുടങ്ങിയിരിക്കുന്നു. അമ്മ അനുവദിക്കുമോ, ആവോ? കണ്ടുതന്നെ അറിയണം.

ഉമ്മറത്ത് ആരുമൊന്നും മിണ്ടാതെ കിടക്കയാണ്. എന്താണിത്ര ക്ഷീണം? അമ്മിണിയുംകൂടി, അമ്മയെ പറ്റിപ്പിടിച്ചു കണ്ണുകൾ മിഴിച്ചു കിടക്കുന്നു. വല്ലതും ആലോചിക്കുന്നുണ്ടോ ആവോ?

ഉണ്ണിക്കുട്ടൻ ബെഞ്ചിൽ എഴുന്നേറ്റിരുന്നു. ശരി; ഒന്നു. മൂത്രമൊഴിച്ചേക്കാം. മുറ്റത്തേക്കോടിപ്പോയി, തിണ്ടിന്മേൽ കയറിനിന്നു വിസ്തരിച്ചുതന്നെ മൂത്രമൊഴിച്ചു. മൂത്രമൊഴിച്ച സ്ഥലത്തു നേരിയയൊരു തരം പതയുണ്ടായി മാഞ്ഞുപോയത് ഉണ്ണിക്കുട്ടൻ ശ്രദ്ധിച്ചു നോക്കി. സോപ്പിൻകുമിളകളെപ്പോലെ, ഈ പ്രതയും എത്രവേഗം മാഞ്ഞു പോയി. തിണ്ടിന്മേൽനിന്നു മുറ്റത്തേക്കിറങ്ങി. ഇപ്പോൾ മുറ്റം കാണാൻ നല്ല ഭംഗിയുണ്ട്. വർഷകാലത്തെപ്പോലെ ‘ചല്ലിപിളി’യൊന്നുമില്ല. ഞാഞ്ഞുലിൻ പുറ്റുകൾ അവിടവിടെയായിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും നനവില്ല.

കർക്കടകമാസം ഒന്നാംതീയതി ‘വെളി’ നട്ടത്. മുറ്റത്തിന്റെ ഒരരികിൽ തഴച്ചുവളർന്നിരിക്കുന്നു. ഉണ്ണിക്കുട്ടൻ പുരപ്പുറത്തേക്കു നോക്കി; പുരപ്പുറത്ത് ‘വെളി’ നട്ടത് അവിടെത്തന്നെയില്ലേ? ഉണ്ട്. യാതൊരു കേടും വന്നിട്ടില്ല. ചെടികളുടെ മുട്ടിൽ നല്ലപോലെ മണ്ണുരുട്ടി വച്ചതു കൊണ്ടാകും യാതൊരു കേടും വരാതിരിക്കുന്നത്.

പെട്ടെന്ന് ഓട്ടിൻപുറത്തുനിന്നു കുറെ പ്രാവുകൾ മുറ്റത്തേക്കു പറന്നുവന്നു. ഉണ്ണിക്കുട്ടൻ ശബ്ദമുണ്ടാക്കാതെ, മുറ്റത്തിന്റെ ഒരുകിലേക്കു മാറിനിന്നു. പ്രാവുകൾ മുറ്റത്ത് ഉലാത്തുവാൻ തുടങ്ങി. ആകെക്കൂടി എത്ര പ്രാവുകളുണ്ടാകും? ഉണ്ണിക്കുട്ടൻ എണ്ണിനോക്കി. പതിനെട്ടുവരെ എണ്ണിയപ്പോഴേക്കും മുത്തച്ഛൻ തുവാനായി മുറ്റത്തേക്കിറങ്ങി വന്നു. ക്ഷണനേരംകൊണ്ടു പ്രാവുകളെല്ലാം പറന്നുപോയി.

അപ്പോഴേക്കും മുത്തച്ഛനു തുപ്പാൻ വൈകി! ഉണ്ണിക്കുട്ടൻ ലേശം ദേഷ്യത്തോടെ മനസ്സിൽ വിചാരിച്ചു. മുത്തച്ഛൻ തുപ്പാൻ വന്നില്ലായിരുന്നെങ്കിൽ പ്രാവുകൾ കുറെനേരംകൂടി മുറ്റത്ത് ഉലാത്തിനടക്കുമായിരുന്നു.

“എന്തിനാ മുറ്റത്തു നിൽക്കണ്?” മുത്തച്ഛൻ ചോദിച്ചു.

“വെറുതേ.”

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കുതന്നെ കയറിവന്നു.

കുട്ട്യേട്ടൻ ചെറിയൊരു പൂക്കൊട്ടയുമായി ഉമ്മറത്തേക്കു വന്നു. ഇതെവിടെനിന്നാണ് കുട്ട്യേട്ടന്നു കിട്ടിയത്? പുതിയതൊന്നുമല്ല. കഴിഞ്ഞ കൊല്ലം വാങ്ങിയ പൂക്കൊട്ടയാണ്. ഇക്കൊല്ലവും താമസിയാതെ പൂക്കൊട്ടയുടെ ആവശ്യം വരുമല്ലോ? മറ്റുന്നാൾ മുതൽ മുറ്റത്തു പൂവിട്ടു തുടങ്ങണമല്ലോ? ഓണം അത്തം മറ്റുന്നാളാണെന്നല്ലേ, മുത്തശ്ശി പറയുന്നത്?

ഉണ്ണിക്കുട്ടൻ പറഞ്ഞു: “പൂക്കളറുക്കാൻ പോകുമ്പോൾ, പൂക്കൊട്ട ഞാനാ പിടിക്കാ.”

“ഞാൻ തരില്ല.” കുട്ട്യേട്ടൻ പറഞ്ഞു

ഉണ്ണിക്കുട്ടൻ കരയാനുള്ള ഭാവമായി. മുത്തച്ഛൻ അതു മനസ്സിലാക്കി. മുത്തച്ഛൻ കുട്ട്യേട്ടനോടു പറഞ്ഞു: “വേണ്ടാത്തതോരോന്നു പറഞ്ഞ് അവനെ കരയിപ്പക്കേണ്ട.”

“പൂക്കൊട്ട ഞാൻ കൊടുക്കില്ല.” കുട്ട്യേട്ടൻ തീർത്തു പറഞ്ഞു. എന്നിട്ട് അകത്തേക്ക് ഓടിപ്പോകുകയും ചെയ്തു.

ഉണ്ണീണിക്കുട്ടൻ മുത്തച്ഛന്റെ അടുത്തു വന്നുനിന്ന് ചോദിച്ചു:

“യ്ക്കത് വാങ്ങിത്തരോ, കുട്ട്യേട്ടന്റെ കൈയിൽനിന്ന്?

“മറ്റുന്നാളയ്ക്കല്ലേ? സമാധാനമായിരിക്ക്.”

ശരി. സമാധാനമായിരിക്കുകതന്നെ. ഇനിയും രണ്ടു ദിവസവും കൂടിയുണ്ടല്ലോ!

അങ്ങനെ അത്തം ദിവസം പുലർന്നു. നേരം പുലരുന്നതിനുമുമ്പു തന്നെ ഉണ്ണിക്കുട്ടൻ ഉറക്കമുണർന്നെഴുന്നേറ്റു. എഴുന്നേറ്റ ഉടൻതന്നെ ഉമ്മറത്തേക്ക് ഓടിയെത്തി. ഉമ്മറത്ത് കുട്ട്യേട്ടൻ പൂക്കൊട്ടയുമായി തയ്യാറായി നിലക്കുന്നു. മുത്തച്ഛൻ വെറുതേ ബെഞ്ചിൽ പുതച്ചിരിക്കയാണ്.

ഉണ്ണിക്കുട്ടനെ കണ്ടപ്പോൾ മുത്തച്ഛൻ കുട്ട്യേട്ടനോടു പറഞ്ഞു: “പൂക്കൊട്ട ഉണ്ണിക്കുട്ടനു കൊടുത്തേക്ക്.”

“ഇന്നാ.” കുട്ട്യേട്ടൻ പൂക്കൊട്ട് ഉണ്ണിക്കുട്ടന്റെ നേരേ നീട്ടി. ഉണ്ണിക്കുട്ടൻ സന്തോഷത്തോടെ അതു വാങ്ങി. ഇത്ര പെട്ടെന്നു തരുമെന്നു വിചാരിച്ചതല്ല.

“ശരി. രണ്ടുപേരും കൂടി പൂക്കളറുക്കാൻ പൊയ്ക്കോളിൻ.”

ഉണ്ണിക്കുട്ടൻ ആഹ്ലാദത്തിമർപ്പോടെ കുട്ട്യേട്ടന്റെ കൈയ്ക്കു പിടിച്ചുകൊണ്ട് തൊടിയിലേക്കു നടന്നു. ആദ്യം പോയത് തൊഴുത്തിന്റെ അടുത്തേക്കാണ്. അധികം പൂക്കളുള്ളത് ആ ഭാഗത്താണ്. തൊഴുത്തിന്റെ ചുറ്റുഭാഗവുമുള്ള കുറെ പൂക്കളറുത്തപ്പോഴേക്കും പൂക്കൊട്ടയും കുട്ട്യേട്ടന്റെ കൈകളും നിറഞ്ഞു.

എന്തെല്ലാമെന്തെല്ലാം വിധത്തിലുള്ള പൂക്കളാണറുത്തതെന്നോ! പേരറിയുന്നവയും പേരറിയാത്തവയുമായ പലവിധത്തിലുള്ള പൂക്കളുണ്ട്.

പൂക്കളറുത്തു മുറ്റത്തെത്തിയപ്പോഴേക്കും, കാളിയമ്മ ഒരു കുന്തി ചാണകം മുറ്റത്തു കൊണ്ടുവന്നിട്ടു. പൂവിടാനുള്ള സ്ഥലം മെഴുകാനാണ്

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടന്റെ സഹായത്തോടെ പൂക്കളെല്ലാം വേർതിരിച്ചുവച്ചു. ഓണപ്പൂക്കൾ, കുമ്പളപ്പൂക്കൾ, മത്തൻപൂക്കൾ, തുമ്പപ്പൂക്കൾ, ഒടിച്ചുകുത്തിപ്പൂക്കൾ, ചെമ്പരത്തിപ്പൂക്കൾ, അലരിപ്പൂക്കൾ..വേറേയും പലപല വിധത്തിലുള്ള പൂക്കളുണ്ട്.

പൂക്കൾ വേർതിരിക്കുമ്പോൾ, അമ്മിണി ഇങ്ങോട്ടൊന്നും വരരുതേ എന്ന് ഉണ്ണിക്കുട്ടൻ പ്രാർത്ഥിച്ചു. അവൾ വന്നാൽ ഒരിടത്തടങ്ങിയിരിക്കില്ല. പറഞ്ഞാൽ കേൾക്കുകയുമില്ല. ഒക്കെ ഇഷ്ടംപോലെ പ്രവർത്തിക്കും. മുത്തച്ഛൻ എവിടെയാണാവോ? പൂക്കളറുക്കാൻ പോയപ്പോൾ ഉമ്മറത്തുണ്ടായിരുന്നുവല്ലോ?

കാളിയമ്മ ചാണകത്തിൽ വെള്ളമൊഴിച്ച്, കൈകൾകൊണ്ടു കലക്കി ശരിപ്പെടുത്തി പാളാക്കുകൊണ്ടു വടിച്ചു വൃത്തിയാക്കി. എന്നിട്ടു. ചാണകച്ചണ്ടിയും പാളാക്കുമൊക്കെയായി കിണറ്റിൻകരയിലേക്കു പോകയും ചെയ്തു.

ഇനി, പൂവിടാൻ തുടങ്ങാം. എനിക്ക് ശരിക്കു പൂവിടാൻ അറിയുകയൊന്നുമില്ല. കുട്ട്യേട്ടനിട്ടോട്ടെ. സഹായിക്കാമെന്നു മാത്രം. വിചാരിച്ചതുപോലെതന്നെ, പൂവിടാൻ ആദ്യം തുടങ്ങിയത് കുട്ട്യേട്ടൻ തന്നെയാണ്. കുറച്ചു കഴിഞ്ഞപ്പോഴേക്ക്, അമ്മിണിയെ ഒക്കത്തു വച്ചുകൊണ്ട് അമ്മയുമെത്തി. അമ്മിണി നല്ല ഉത്സാഹഭാവത്തിലാണ്.

അമ്മ, അമ്മിണിയെ മുറ്റത്തുവച്ച് കുട്ട്യേട്ടനെ പൂവിടാൻ സഹായിച്ചു. അമ്മ പൂവിടാൻ തുടങ്ങിയപ്പോഴേക്കും പൂക്കളത്തിന്റെ വലിപ്പം വർദ്ധിച്ചുവന്നു.

എല്ലാം കഴിഞ്ഞപ്പോൾ, കുട്ട്യേട്ടൻ കുറച്ചു മാറിനിന്ന് എണ്ണി നോക്കിക്കൊണ്ടു പറഞ്ഞു: “പതിനാലു വരിയുണ്ട്.”

അമ്മ, സംതൃപ്തതമായ മുഖഭാവത്തോടെ അകത്തേക്കു പോയി. മുത്തച്ഛൻ പെട്ടെന്ന് ഉമ്മറത്തേക്കു വന്ന്. പൂക്കളമാകെ

നോക്കിക്കണ്ടശേഷം പറഞ്ഞു: "ഭേഷായിരിക്കുണ്."

ഉണ്ണിക്കുട്ടൻ കോലായിൽ കയറിനിന്നു പൂക്കളത്തിലേക്കു നോക്കി. എന്തൊരു ഭംഗിയാണ് അച്ഛനും മുത്തശ്ശിയും പൂക്കളം കാണാൻ വരാത്തതെന്താണ്? കുട്ടൻനായരെയും കാണാനില്ലല്ലോ?

നാളത്തെ പൂക്കളം ഇതിലുമധികം വലുതാവണം. മറ്റന്നാളത്തേത് അതിലുമധികം! അങ്ങനെയങ്ങനെ ഓരോ ദിവസവും പൂക്കളം വലുതായിവരണം.

തന്റെ കൊച്ചു. ഹൃദയത്തിൽ ഒരു പൂക്കളത്തിന്റെ ശബളിമയും സൗരഭ്യവുമുൾക്കൊണ്ടുകൊണ്ട്, ഉണ്ണിക്കുട്ടൻ കോലായിലങ്ങനെ നിന്നു...!

## എട്ട്

ഓണച്ചന്തദിവസമാണ്.

മുത്തച്ഛനും കുട്ടൻനായരും കുട്ട്യേട്ടന്നുംകൂടിയാണ് ചന്തയ്ക്കു പോയിരിക്കുന്നത്. ഉണ്ണിക്കുട്ടന്നും പോകണമെന്നുണ്ടായിരുന്നു. മുത്തച്ഛൻ വേണ്ടെന്നു പറഞ്ഞു. മുത്തച്ഛൻ പോരേണ്ടെന്നു പറഞ്ഞാൽ പിന്നെന്താണു ചെയ്യുക? ആരോടാണു പിന്നെ പരാതി പറയുക? ആരോടു പറഞ്ഞിട്ടും കാര്യമില്ല.

വീട്ടിൽനിന്നു രണ്ടുനാഴിക ദൂരത്താണ് ചന്ത. ഇത്രയും ദൂരം തന്നെ കൊണ്ടുനടക്കാൻ സാധിക്കില്ലെന്നു കരുതിയാവുമോ മുത്തച്ഛൻ തന്നോടു പോരേണ്ടെന്നു പറഞ്ഞത്? അങ്ങനെയാണെങ്കിൽ താൻ സിനിമയ്ക്കു നടന്നല്ലേ സാധാരണയായി പോകാറുള്ളത്? സിനിമാതീയേറ്ററിലേക്ക്, ചന്തയിൽനിന്ന് ഒരു ഫർലോങ് പിന്നെയും പോകണ്ടേ? അപ്പോൾ അതാവില്ല കാരണം. വെയിൽ കൊള്ളേണ്ടി വരുമെന്നു വിചാരിച്ചിട്ടോ, അതുമിതും ചോദിച്ചു ബുദ്ധിമുട്ടിക്കുമെന്നു വിചാരിച്ചിട്ടോ മറ്റോ ആയിരിക്കും.

കുട്ട്യേട്ടൻ അലക്കിയ നിക്കറും ഷർട്ടും ധരിച്ച് കൈയിലൊരു പ്ലാസ്റ്റിക് സഞ്ചിയുമായി മുത്തച്ഛൻ ഒപ്പം പോകുന്നതു കണ്ടപ്പോൾ കരച്ചിലൊതുക്കാൻ ഉണ്ണിക്കുട്ടനു നന്നേ പ്രയാസപ്പെടേണ്ടിവന്നു.

ഒരുമണിക്കുമുമ്പു തിരിച്ചെത്തുമെന്നാണ് മുത്തച്ഛൻ പറഞ്ഞിരുന്നതെങ്കിലും ഇതുവരെയായും തിരിച്ചെത്തിയിട്ടില്ല. സമയം രണ്ടുമണി കഴിഞ്ഞുവെന്നാണ് അമ്മ പറയുന്നത്. എന്താണിവരെ ഇനിയും കാണാത്തത്? ഉണ്ണിക്കുട്ടൻ, പടിക്കലേക്കും മുറ്റത്തേക്കും മാറിമാറി നോക്കിക്കൊണ്ട്. ഉമ്മറത്തെ കോലായിൽ വന്നിരുന്നു.

മുറ്റത്തെ പൂക്കളത്തിന്റെ വട്ടം വളരെ കുറഞ്ഞിട്ടുണ്ട്. പൂക്കൾ ഇഷ്ടംപോലെ കിട്ടിയാലല്ലേ. പൂക്കളത്തിന്റെ വട്ടം വർദ്ധിപ്പിക്കാനാവൂ. തൊടിയിലെ പൂക്കളെല്ലാം ഒരുമാതിരി അവസാനിച്ച മട്ടാണ്. കാര്യമായി ഒടിച്ചുകുത്തിപ്പൂക്കൾ മാത്രമേയുള്ള.

ചില ദിവസങ്ങളിൽ കാളിയമ്മയും അപ്പുണ്ണിയും പൂക്കൾ കൊണ്ടുവരാറുണ്ട്. അപ്പുണ്ണി ഹൈകുന്നേരമാണ് പൂക്കൾ കൊണ്ടുവരിക. അപ്പോഴതു വാടാതിരിക്കാനായി ചേമ്പിന്റെ ഇലയിൽ പൊതിഞ്ഞ് പൊന്തക്കാടുകളിലെവിടെയെങ്കിലും വെക്കും. അങ്ങനെ ചെയ്തില്ലെങ്കിൽ പിറ്റേദിവസത്തേക്ക് വാടിയാലോ?

ഇനിയേതായാലും അധികദിവസം പൂക്കളമുണ്ടാക്കേണ്ടലൊ? ഇന്നു തൃക്കേട്ടയായി. മൂലം, പൂരാടം — രണ്ടു ദിവസവുംകൂടി പൂക്കളം വേണം. ഉത്രാടംദിവസം തൃക്കാക്കരപ്പനെ വയ്ക്കും. തിരുവോണദിവസം ‘മാതേവരെ’യും!

ഉണ്ണിക്കുട്ടൻ പൂക്കളത്തിലേക്കു ശ്രദ്ധിച്ചുനോക്കി. പൂക്കളെല്ലാം വല്ലാതെ വാടിച്ചുള്ളുങ്ങിയിരിക്കുന്നു. വെയിൽ കൊണ്ടിട്ടാവും.

ഇപ്പോൾ രാവിലെ പൂക്കളറുക്കാൻപോകാനൊന്നും രസമില്ല. ചില പോൾ കുട്ട്യേട്ടൻ വരുകയേയില്ല. ഒക്കെ ഉണ്ണിക്കുട്ടന്റെ ഇഷ്ടംപോലെയാണ്.

പൂക്കളത്തിനടുത്ത്, ഒരു മഞ്ഞക്കിളി പറന്നുവന്നിരിക്കുകയും ഉടൻ തന്നെ പറന്നുപോകയും ചെയ്തു. എന്തിനാണതിത്ര വേഗം പറന്നു പോയത്? പേടിച്ചിട്ടാകുമോ?

മഞ്ഞക്കിളിയെ കാണാനാണ്. കാക്കയെക്കാളും ചെമ്പോത്തിനെക്കാളും ഭംഗി!

എന്താണു മുത്തച്ഛനെയും കൂട്ടരെയും ഇനിയും കാണാത്തത്? വിശക്കുന്നുണ്ടാവില്ലേ, അവർക്ക്? പഴനിവിലാസം ഹോട്ടലിൽ കയറി ഉഴുന്നുവടയും കാപ്പിയും കഴിച്ചിരിക്കുമോ? അതോ, മൊയ്തുണ്ണിയുടെ പെട്ടിപ്പീടികയിൽനിന്നു നന്നാരിസർവത്തു കുടിച്ചിരിക്കുമോ? ഉണ്ടാ വില്ല. നന്നാരിസർവത്തു കുടിച്ചിട്ടുണ്ടാവില്ല. മുത്തച്ഛനതൊന്നും ഇഷ്ടമല്ല. ഒരുപക്ഷേ, കുട്ട്യേട്ടനു വാങ്ങിക്കൊടുത്തിട്ടുണ്ടാകും. മുത്തച്ഛനും കുട്ടൻനായരും ഒന്നും കഴിച്ചിട്ടുണ്ടാവില്ല.

കുട്ട്യേട്ടൻ എന്തിനാണാവോ പ്ലാസ്റ്റിക്സഞ്ചി കൊണ്ടുപോയിരിക്കുന്നത്? കനമുള്ള സാധനങ്ങളൊന്നും അതിനകത്തിടാൻ പറ്റില്ല. പച്ചമുളക്, വെറ്റില, കരുവേപ്പിന്റെ ഇല ഇങ്ങനെയുള്ളതേതെങ്കിലും കൊണ്ടുവരാൻ പറ്റും; അത്രതന്നെ.

കുട്ടൻനായർ കൊണ്ടുപോയ വലിയ കൊട്ട പച്ചക്കറിസ്സാധനങ്ങൾ

വാങ്ങിക്കൊണ്ടു വരാനായിരിക്കും.

നേന്ത്രക്കായ കൊണ്ടുവരുന്നതെങ്ങനെയാണാവോ? അറുന്നൂറു നേന്ത്രക്കായ വേണമെന്നല്ലേ പറഞ്ഞിരിക്കുന്നത്? അഞ്ഞൂറെണ്ണം പഴുപ്പിക്കാനും, നൂറെണ്ണം വറുക്കാനും കറികൾ വെക്കാനും! അപ്പോൾ എത്ര കുല കായയുണ്ടാകും? മുത്തശ്ശിയോടു ചോദിച്ചുനോക്കിയാലോ? ശരി. ചോദിച്ചുനോക്കാം. ഉണ്ണിക്കുട്ടൻ എഴുന്നേറ്റ് അകത്തേക്കു പോകാ നൊരുങ്ങിയപ്പോഴേക്കും ഗേറ്റ് ആരോ തുറക്കുന്ന ശബ്ദം കേട്ടു. നോക്കിയപ്പോൾ മൂന്നു ചുമട്ടുകാർ വലിയ കൊട്ടകളിൽ നേന്ത്ര ക്കായയുമായി ഗേറ്റ് കടന്നു വരികയാണ്. അവരുടെ പിന്നാലെ മുത്ത ച്ഛനും കുട്ടൻനായരും കുട്ടേട്ടനുമുണ്ട്. കുട്ടൻനായരുടെ തലയിലെ കൊട്ടയിൽ നേന്ത്രക്കായയല്ല, പച്ചക്കറികളാണ്.

ചുമട്ടുകാർ ഉമ്മറത്തെത്തുന്നതിനു മുമ്പുതന്നെ മുത്തച്ഛൻ ധ്യതിയിൽ നടന്നുവന്ന് ഉമ്മറക്കോലായിൽ കയറി നിൽപ്പുറപ്പിച്ചു. ചുമടിറക്കി വെക്കാൻ സഹായത്തിനൊരാളു വേണമല്ലോ.

മുത്തച്ഛന്റെ സഹായത്തോടെ ചുമട്ടുകാർ തലയിൽനിന്നു കൊട്ടകളിറക്കി വെച്ചപ്പോഴേക്കും കുട്ടേട്ടൻ പ്ലാസ്റ്റിക്സഞ്ചിയുമായി അകത്തേക്ക് ഓടിപ്പോയി.

കുട്ടേട്ടന്റെ പിന്നാലെ പോകണോ, ഉമ്മറത്തുതന്നെ നിലക്കണോയെന്നു സംശയിച്ചുകൊണ്ടു നിന്നു. ഉടൻതന്നെ തീരുമാനമെടുക്കു കയും ചെയ്തു. തലക്കാലം കുട്ടേട്ടന്റെ പിന്നാലെ പോകേണ്ടാ.

മുത്തശ്ശിയും അമ്മിണിയെ ഒക്കത്തുവെച്ചുകൊണ്ട് അമ്മയും

ഉമ്മറത്തേക്കു വന്നു.

“ചോറു വിളമ്പട്ടേ? മുത്തശ്ശി ചോദിച്ചു.

“ഉം.” മുത്തച്ഛൻ സമ്മതഭാവത്തിൽ മൂളി. എന്നിട്ടു ചുമട്ടുകാർക്കു കൂലികൊടുത്തു പറഞ്ഞയച്ചു.

അമ്മിണി, അമ്മയുടെ ഒക്കത്തുനിന്ന് ഊർന്നിറങ്ങി.

“ശരി, വികൃതികാട്ടാതെ പോയി തിന്നോ.”

അമ്മ അകത്തേക്കു പോയി. പുറകേ മുത്തശ്ശിയും മുത്തച്ഛനും.

“കുട്ടൻനായരും വന്നോളു..” അകത്തേക്കു പോകുന്നതിനിടയിൽ മുത്തശ്ശി പറഞ്ഞു.

“വരട്ടെ, ഈ നേന്ത്രക്കുലയൊക്കെ അകത്തു കൊണ്ടുപോയി വെക്കട്ടെ.”

കുട്ടൻനായർ കൊട്ടകളിൽനിന്നു. നേന്ത്രക്കുലകൾ ഓരോന്നായി പതുക്കെ പുറത്തേക്കെടുത്തുവെച്ചു. ഉണ്ണിക്കുട്ടൻ എണ്ണിനോക്കി; എല്ലാം കൂടി പത്തുകുല കായയുണ്ട്. ഓരോ കുലയിലും എത്ര

കായകളു ണ്ടാകുമോ ആവോ? കുട്ടൻനായർ എല്ലാ കുലകളും അകത്തൊരിടത്തു കൊണ്ടുപോയി നിരത്തിവെച്ചു. പച്ചക്കറികളടങ്ങിയ കൊട്ട മാത്രം കുട്ടിയറയിൽ കൊണ്ടു പോയി വെക്കുകയാണുണ്ടായത്. എന്നിട്ട് കുട്ടൻനായർ കിണറ്റിൻ കരയിലേക്കു പോയി. ഊണു കഴിക്കുന്നതിനുമുമ്പ് കൈകാലുകൾ കഴുകാനാവും.

ഉമ്മറത്തു താനും അമ്മിണിയും മാത്രമായി ശേഷിച്ചപ്പോൾ ഉണ്ണിക്കുട്ടൻ അമ്മിണിയുടെ കൈയ്ക്കു പിടിച്ചുകൊണ്ട് അകത്തേക്കു നടന്നു. കുട്ട്യേട്ടൻ ഓടിവന്ന് ഉണ്ണിക്കുട്ടന്നും അമ്മിണിക്കും ഓരോ മിഠായി കൊടുത്തു.

മിഠായി വാങ്ങി വായിലിട്ടുകൊണ്ട് ഉണ്ണിക്കുട്ടൻ ചോദിച്ചു.

"സഞ്ചീലെന്തായിരുന്നു?"

"കറിവേപ്പിന്റിലയും വെറ്റിലയും."

"പഴനിവിലാസത്തിൽനിന്നു ചായയും പലഹാരോം കഴിച്ചോ?

"ഇല്ല."

"സർവത്തു കുടിച്ചോ?

"ഇല്ല."

"പിന്നെന്തേ കഴിച്ചത്? "

"ഐസ്ക്രീം.'

ഇതു കേട്ടപ്പോൾ ഉണ്ണിക്കുട്ടന് കുട്ട്യേട്ടനോടു ലേശം അസുഖം തോന്നാതിരുന്നില്ല. അസുഖമെന്നല്ല. അസൂയയെന്നാണു പറയേണ്ടത്. തനിക്ക് ഐസ്ക്രീം കഴിക്കാൻ സാധിച്ചില്ലല്ലോ.

"ഐസ്ക്രീം ഏതിലേ കിട്ടിത്? പളുങ്കുകോപ്പേലോ അതോ കടലാസ് കോവേലോ?

ഐസ്ക്രീം പളുങ്കുകോപ്പയിലും കടലാസുകോപ്പയിലും കിട്ടും. ഉണ്ണിക്കുട്ടൻ ഇതുവരെയായും പളുങ്കുകോപ്പയിൽ കിട്ടുന്ന ഐസ്ക്രീം കഴിച്ചിട്ടില്ല.

കുട്ട്യേട്ടൻ പറഞ്ഞു: "കടലാസുകോപ്പയിൽ."

ഉണ്ണിക്കുട്ടന്നു. ലേശം സമാധാനമായി. പളുങ്കുകോപ്പയിൽ കിട്ടില്ലല്ലോ!

കുട്ട്യേട്ടൻ ഉമ്മറത്തേക്ക് ഓടിപ്പോയി. പുറകേ അമ്മിണിയും ഓടിപ്പോയി. ഇനിയും മിഠായി കിട്ടുമെന്നു വിചാരിച്ചാവും, കുട്ട്യേട്ടന്റെ പുറകേ കൂടുന്നത്.

അടുക്കളത്തളത്തിലേക്കു ചെന്നപ്പോൾ മുത്തച്ഛന്റെ ഊണു കഴിയാറായിരിക്കുന്നു. മുത്തച്ഛൻ ചോദിച്ചു: "മിഠായി കിട്ടീലേ?

'ഉവ്വ്" എന്ന അർത്ഥത്തിൽ, ഉണ്ണിക്കുട്ടൻ തലയാട്ടി.

"എന്റെതണ്ണം? "

"ഒന്ന് യേ ഐസ്ക്രീം കൊണ്ടുവരാഞ്ഞ്?

"ഐസ്ക്രീം പൊതിഞ്ഞുകൊണ്ടരാനും മറ്റും ബുദ്ധിമുട്ടല്ലേ?

ഉണ്ണിക്കുട്ടൻ, അതിനു സമാധാനമൊന്നും പറയാതെ മുത്തച്ഛന്റെ അടുത്തു വെച്ചിട്ടുള്ള കോപ്പയിൽ അവശേഷിച്ചിരിക്കുന്ന മോരെടുത്തു കുടിച്ചു.

മുത്തച്ഛൻ ചിരിച്ചുകൊണ്ടു ചോദിച്ചു:

"ഇപ്പോ ഐസ്ക്രീം കഴിച്ച ഫലമായില്ലേ?

മുത്തശ്ശിയും അമ്മയും ചിരിച്ചു. എന്തിനാണ് എല്ലാവരുംകൂടി ചിരിക്കുന്നത്? തന്നെ കളിയാക്കുകയാണോ?

മുത്തച്ഛൻ ഊണ്കഴിഞ്ഞെഴുന്നേറ്റ്, കൈ കഴുകാനായി അടുക്കളക്കോലായിലേക്കു പോയി. ഇനിയെന്താണാവോ ഭാവം? നേന്ത്രക്കുലകൾ കെട്ടിത്തക്കുന്നത് എപ്പോഴായിരിക്കും? ഏതായാലും, വിസ്തരിച്ചൊന്നു മുറുക്കിയതിനുശേഷമേ ഉണ്ടാവൂ.

കൈ കഴുകി, മുത്തച്ഛൻ ഉമ്മറത്തേക്കു നടന്നപ്പോൾ മുത്തശ്ശി ചെല്ലവുമായി ഉമ്മറത്തേക്കു വന്നു. അപ്പോഴേക്ക് ഉണ്ണിക്കുട്ടനും ഉമ്മറ ത്തെത്തിക്കഴിഞ്ഞു.

മുത്തച്ഛൻ ചെല്ലം തുറന്നു മുറുക്കി. മുത്തശ്ശി ഓണത്തിനാവശ്യ മുള്ള ഞെര്, പപ്പടം, പലവ്യഞ്ജനം, തുണിത്തരങ്ങൾ എന്നിവയെക്കുറി ച്ചെല്ലാം നിർത്താതെ സംസാരിക്കാൻതുടങ്ങി.

'ഇത് ഇതിനുമുമ്പ് എത്രയെത്ര പ്രാവശ്യം പറഞ്ഞതാ! പിനേയും പിനേയുമെന്തിനാണു പറയുന്നത്? ഉണ്ണിക്കുട്ടൻ വിചാരിച്ചു.

മുത്തച്ഛൻ ബെഞ്ചിൽ ചെരിഞ്ഞു കിടന്നു. ക്ഷീണംകൊണ്ടാകും. രാവിലെ പോയിട്ട് ഇവഴല്ലേ തിരിച്ചുവരുന്നത്?

പെട്ടെന്നെഴുന്നേറ്റ് ബെഞ്ചിലിരുന്നുകൊണ്ട് മുത്തച്ഛൻ പറഞ്ഞു: "കിടന്നാൽ പറ്റില്ലല്ലോ! കായവറുക്കൽ ഇന്നു കഴിച്ചേക്കാം. '

"ശരി." മുത്തശ്ശി എഴുന്നേറ്റ് അകത്തേക്കു നടന്നു.

"ശരി. ഞാനും വരാം." മുത്തച്ഛനും അകത്തേക്കു നടന്നു. ഉണ്ണിക്കുട്ടനും, സംശയിക്കാതെ മുത്തച്ഛന്റെ പിന്നാലെ കൂടി.

മുത്തശ്ശി വലിയ നാലു നാക്കില് കൊണ്ടുവന്നു നിലത്തു പരത്തിയിട്ടു.

കുട്ടൻനായർ രണ്ടു കുല കായ താങ്ങിപ്പിടിച്ചു കൊണ്ടുവന്നു മുത്ത ച്ഛൻഢേ മുമ്പിൽ വെച്ചു.

മുത്തച്ഛൻ ചില കായയിൽ ഞൊടിച്ചു മൂപ്പ് തിട്ടപ്പെടുത്തി ഇരി ഞ്ഞെടുത്തു.

വാഴക്കറികൾ നിലത്തേക്ക് ഇറ്റിറ്റുവീഴുന്നത് ഉണ്ണിക്കുട്ടൻ കൗതുക ത്തോടെ നോക്കി.

മുകളിലത്തെ അലമാരിയിൽനിന്നും കായ നുറുക്കാൻ

മേശക്കത്തി കൊണ്ടുവന്നു കൊടുത്തത് കുട്ട്യേട്ടനാണ്.

മുത്തച്ഛൻ കുട്ടൻനായരോടു പറഞ്ഞു: "നിങ്ങള് തോല് പൊളി ച്ചോളിൻ. ഞാൻ നുറുക്കാം."

"ശരി.'

കുട്ടൻനായർ ഓരോ നേന്ത്രക്കായയുടെയും നാക്കും മുക്കും കളഞ്ഞു തൊലി പൊളിച്ചു വലിയ ഒരടുക്കുചെമ്പിലേക്കിടാൻ തുടങ്ങി.

എത്ര വേഗത്തിലാണ് കുട്ടൻനായർ, നേന്ത്രക്കായയുടെ തൊലി പൊളിക്കുന്നതെന്നോ! ഓരോ നേന്ത്രക്കായയിൽനിന്നും മുമൂന്നു ക്ഷണം തൊലിവീതമാണ് അടർത്തിയെടുക്കുന്നത്.

മുത്തച്ഛനും ഒട്ടും മോശമല്ല, തൊലികളടർത്തിക്കളഞ്ഞ് നേന്ത്ര ക്കായകൾ ഒരേ വലിപ്പത്തിൽ നാക്കിലയിൽ നുറുക്കിക്കൂട്ടുന്നു. മുത്തച്ഛന് ഇത്രയും നന്നായി നുറുക്കാൻ സാധിക്കുമെന്ന് , ഉണ്ണിക്കുട്ടൻ വിചാരിച്ചിരുന്നില്ല.

ശർക്കരയുപ്പേരിക്കും, വറുത്തുപേരിക്കും വെവ്വേറെ വെവ്വേറെയായിട്ടാണു നുറുക്കിയത്.

ശർക്കരയുപ്പേരിക്കുള്ള ക്ഷണത്തിന്നു. വറുത്തുപ്പേരിക്കുള്ള കഷണത്തേക്കാൾ വലിപ്പമുണ്ട്.

നേന്ത്രക്കായയുടെ തൊലികൾ ഒരുഭാഗത്തു ചുരുണ്ടുകൂടി കൂമ്പാരമായിക്കിടക്കുന്നു. ഇനി ഇതെല്ലാം നന്നുന്നുന്നനെ അരിഞ്ഞെടുത്തു മെഴുക്കുപുരട്ടിയുണ്ടാക്കും. പക്ഷേ, നേന്ത്രക്കായത്തൊലികൊണ്ടുള്ള മെഴുക്കുപുരട്ടി ഉണ്ണിക്കുട്ടനിഷ്ടമല്ല. എത്ര വെളിച്ചെണ്ണയൊഴിച്ചു പുരട്ടിയാലും അതിനൊരു സ്വാദുമുണ്ടാവില്ലെന്നാണ്, ഉണ്ണിക്കുട്ടന്റെ പക്ഷം. അമ്മ പെട്ടെന്നു വന്ന് അടുക്കളയിലേക്കു പോകുന്നതു കണ്ടു. അമ്മിണിയെ ഉറക്കിക്കിടത്തിവരികയാവും.

"ഉരുളി അടുപ്പത്തു വെക്കട്ടേ? അമ്മ അടുക്കളയിൽനിന്നു വിളിച്ചു ചോദിച്ചു.

"ഉരുളി പത്തായത്തിലല്ലേ? അതെടുക്കാൻ കുട്ടൻനായരുതന്നെ വേണ്ടിവരും—' മുത്തശ്ശി.

ഇതു കേൾക്കേണ്ട താമസം, കുട്ടൻനായർ, "ശരി,' എന്നു പറഞ്ഞെഴുനേറ്റ്, പത്തായത്തിന്റെ അടുത്തേക്കു നടന്നു. പിന്നാലെ കുട്ട്യേട്ടനും പോകാൻ തുനിഞ്ഞപ്പോൾ മുത്തച്ഛൻ ചോദിച്ചു: "നീയെങ്ങട്ടാ?കുട്ടൻനായർക്കു സഹായത്തിനാരും വേണ്ടാ."

ഉണ്ണിക്കുട്ടന്റെ ലോകം

കുട്ട്യേട്ടൻ 'അയ്യത്തടാ'ന്നായി, ഇരുന്നിടത്തുതന്നെ ഇരുന്നു.

'കുട്ട്യേട്ടന് അങ്ങനെ വേണം!' ഉണ്ണിക്കുട്ടൻ വിചാരിച്ചു.

കുട്ടൻനായർ ക്ഷണനേരംകൊണ്ട്, ഉരുളിയും താങ്ങി പിടിച്ചു കൊണ്ടെത്തി. നല്ല കനമുള്ള ഉരുളിയാണ്. അത് കുട്ടൻനായരുടെ മുഖഭാവത്തിൽനിന്നു മനസ്സിലാക്കാം.

ഉരുളി താഴെ വെച്ചപ്പോൾ, കുട്ടൻനായരുടെ കൈകളിലെ മസ്സിലുകൾ ഒന്നുരുണ്ടിളകിമറിഞ്ഞത് ഉണ്ണിക്കുട്ടൻ ശ്രദ്ധിച്ചു.

ഉരുളി അടുപ്പത്തു കയറ്റിവെച്ചതും കുട്ടൻനായരാണ്. ഒറ്റയ്ക്ക് ഉരുളിയെടുത്ത് അടുപ്പത്തു കയറ്റിവെക്കാനൊന്നും അമ്മയെക്കൊണ്ടാവില്ല.

കുട്ടൻനായർ, വീണ്ടും പഴയ സ്ഥാനത്തുതന്നെ വന്നിരുന്ന്, നേന്ത്രക്കായയുടെ തൊലി കളയാൻ തുടങ്ങി.

മുത്തശ്ശി, ഉണ്ണിക്കുട്ടനോടു ചോദിച്ചു: "ഈ തൊലികളെല്ലാം പെറുക്കിയെടുത്ത് , ആ കൂണ്ടൻ ചെമ്പിലിടാൻ വയ്ക്കോ?

പിന്നെന്താ? കേൾക്കേണ്ട താമസമേയുണ്ടായുള്ളൂ. ഉണ്ണിക്കുട്ടനെഴുന്നേറ്റ് പ്രവൃത്തികളാരംഭിച്ചു. സഹായത്തിന് കുട്ട്യേട്ടനുമുണ്ട്.

"കുപ്പായത്തിലും നിക്കറിലും കറയാക്കരുതേ." അമ്മ ഓർമ്മിപ്പിച്ചു. കുട്ടൻനായർ തന്റെ പണി തീർത്ത് എഴുന്നേറ്റപ്പോൾ മുത്തച്ഛൻ പറഞ്ഞു: "എന്നാൽ കുട്ടൻനായർ പലവ്യഞ്ജനം വാങ്ങിക്കൊണ്ടു വരിൻ. എല്ലാം പുസ്തകത്തിലെഴുതീട്ടുണ്ട്."

"ശരി." കുട്ടൻനായർ കൈ കഴുകാനായി കിണറ്റിൻകരയിലേക്കുപോയി.

കുട്ടൻനായർ കൈ കഴുകി വന്നപ്പോഴേക്കും മുത്തശ്ശി ഒരു കുട്ടയും പലവ്യഞ്ജനങ്ങളുടെ പേരെഴുതിയ പുസ്തകവും കൊണ്ടുവന്നു കൊടുത്തു. കുട്ടൻനായർ അങ്ങാടിയിലേക്കു പോയി.

അടുക്കളയിൽനിന്ന്, ഉരുളിയിൽ എണ്ണ ഒഴിക്കുമ്പോഴത്തെ ശബ്ദം കേട്ടു.

ഉരുളിയിൽ വെള്ളത്തുള്ളികളുണ്ടാവുന്നതുകൊണ്ടാവും ഈ ശബ്ദം കേൾക്കുന്നത്. വെള്ളത്തുള്ളികൾ ശരിക്കു വറ്റിക്കഴിഞ്ഞശേഷം എണ്ണയൊഴിച്ചാൽ മതിയായിരുന്നില്ലേ?

മുത്തച്ഛൻ ശർക്കരയുപ്പേരിക്കു നുറുക്കിയ കഷണവുമായി അടുക്കളയിലേക്കു പോയി. പോകുമ്പോൾ ഇത്രയും പറഞ്ഞു: "രണ്ടാളും വികൃതികാട്ടാതെ ഉമ്മറത്തു പോയിരുന്നോളിൻ."

കുട്ട്യേട്ടൻ എന്താണു വേണ്ടതെന്ന് ഒരുനിമിഷം ആലോചിച്ചു നിന്നശേഷം ഉമ്മറത്തേക്ക് ഓടിപ്പോയി.

ഉണ്ണിക്കുട്ടൻ മഞ്ചപ്പത്തായത്തിന്മേൽ വന്നിരുന്നു. ഇപ്പോൾ മുത്തച്ഛനും മുത്തശ്ശിയും അമ്മയും അടുക്കളയിലാണ്. മൂന്നാളുംകൂടി എന്തിനാണവിടെ? അടുക്കളയിൽ ചെന്ന് അവിടെ നടക്കുന്നതെല്ലാം

വിസ്തരിച്ചൊന്നു നോക്കിക്കാണണമെന്നുണ്ട് ഉണ്ണിക്കുട്ടന്! മുത്തച്ഛൻ ദേഷ്യപ്പെട്ടാലോ? അങ്ങോട്ടൊന്നും ചെല്ലരുതെന്ന് മുത്തച്ഛൻതന്നെ

പറഞ്ഞിട്ടുമുണ്ട്. തിളയ്ക്കുന്ന എണ്ണയിലേക്കു കഷണങ്ങൾ ഇടുന്ന ശബ്ദം കേട്ടു. ഇനി കുറച്ചുനേരംകൂടി കഴിഞ്ഞാൽ ഉപ്പുവെള്ളം തളിക്കുമ്പോഴത്തെ ശബ്ദവുംകൂടി കേൾക്കാം.

ഉണ്ണിക്കുട്ടൻ മഞ്ചപ്പത്തായത്തിന്മേൽ മലർന്നുകിടന്നു. മുകളിലേക്കു നോക്കിയപ്പോൾ വിട്ടത്തിന്മേലെല്ലാം മാറാലയുണ്ട്. എത്ര വേഗത്തിലാണു മാറാലയുണ്ടാകുന്നത്! കർക്കിടകമാസം ഒന്നാം തീയതിയുടെ മൂന്നാലു ദിവസങ്ങൾക്കു മുമ്പല്ലേ ചിതലും മാറാലയുമെല്ലാം തട്ടിക്കളഞ്ഞത്! ഒരു മാസത്തിനുള്ളിൽ ഇത്രയധികം മാറാലയുണ്ടാകുമോ?

കുട്ടൻനായർ ഇപ്പോൾ പലവ്യഞ്ജനക്കടയിൽ എത്തിയിട്ടുണ്ടാകും. സാധനങ്ങളെല്ലാംകൂടി ഒരു ട്രിപ്പിൽത്തന്നെ കൊണ്ടുവരാൻ സാധിക്കുമോ? സാധിക്കുമെന്നു തോന്നുന്നില്ല.

അവന്റെ ചിന്തകൾ വീണ്ടും അടുക്കളയിലേക്കുതന്നെ തിരിച്ചെത്തി. വറുത്തുപ്പേരിക്കു നുറുക്കിയിരിക്കുന്നതെല്ലാം ചെറിയ നന്നാലു കഷണങ്ങളായിട്ടാണല്ലോ? കോഴിക്കോട്ടുനിന്നു കൊണ്ടുവന്ന വാഴയ്ക്ക് നുറുക്കിനെപ്പോലെ, വട്ടത്തിൽ നുറുക്കിയാലെന്താ? ഓണത്തിന് അങ്ങനെ നുറുക്കാൻ പാടില്ലായിരിക്കുമോ? ശർക്കരയുപ്പേരിക്കു നുറുക്കിയിട്ടുള്ളതും വട്ടത്തിലുള്ള ഒരേ ക്ഷണമായല്ല. രണ്ടു കഷണമായാണ്.

വിചാരിച്ചപോലെതന്നെ ഉപ്പുവെള്ളം തളിക്കുന്ന ശബ്ദം കേട്ടു. ഇതൊക്കെ കേൾക്കുന്നതോടൊപ്പംതന്നെ കാണുകയും ചെയ്യേണ്ട കാര്യങ്ങളാണ്.

ഏതായാലും വൈകുന്നേരത്തെ ചായയ്ക്കു വറുത്തുപ്പേരിയും ശർക്കരയുപ്പേരിയും സ്വാദുനോക്കാൻ കിട്ടാതിരിക്കില്ല. ഇന്നു നല്ല ചായയുണ്ടാക്കിത്തരാൻ, അമ്മയോടു പറയണം.

ഉമ്മറത്തുനിന്ന്, അപ്പുണ്ണിയുടെ ശബ്ദം കേട്ടു. കുട്ട്യേട്ടന്റെയും ശബ്ദം കേൾക്കാനുണ്ട്. അപ്പുണ്ണി ഏതെങ്കിലും പൂക്കളുമായി വന്നതായിരിക്കും.

ഓടിച്ചെന്നു നോക്കിയപ്പോൾ ശരിയാണ്. കുറെ ചെമ്പരത്തിപ്പൂക്കൾ ഒരു ചേമ്പിലയിൽ പൊതിഞ്ഞു കൊണ്ടുവന്നിരിക്കുന്നു.

അപ്പുണ്ണി കുറച്ചു ധൃതിയിലാണ്. അതുകൊണ്ടു ലോഹ്യം പറയാനൊന്നും നില്ക്കാതെ ഓടിപ്പോയി.

കുട്ട്യേട്ടൻ ചെമ്പരത്തിപ്പൂക്കൾ പൊതിഞ്ഞ പൊതി,

പൊന്തയ്ക്കുള്ളിലെവിടെയെങ്കിലും വെക്കാനായി തൊടിയിലേക്കു പോയി. പൂക്കൾ നാളേക്കു വാടരുതല്ലോ?

കുട്ടൻനായർ തലയിലൊരു കൊട്ടയുമായി, ഉമ്മറമുറ്റത്തെത്തിയപ്പോഴാണ് ഉണ്ണിക്കുട്ടൻ കണ്ടത്! ഇത്രവേഗം കുട്ടൻനായർ തിരിച്ചെത്തി യെന്നോ?

കുട്ടൻനായർ, കൊട്ട ഉമ്മറവാതിലിൽ മുട്ടാതിരിക്കാൻ ലേശം കുനിഞ്ഞു നടന്നുകൊണ്ട്. നേരേ അകത്തേക്കുപോയി. മുത്തച്ഛന്റെ സഹായത്തോടെ കൊട്ട താഴ്ത്തിറക്കിയപ്പോഴേക്കും ഉണ്ണിക്കുട്ടനും ഓടിയെത്തി. എല്ലാ സാധനങ്ങളുംകൂടി ഒരു ട്രിപ്പിൽത്തന്നെ കൊണ്ടുവന്നിരിക്കുന്നുവെന്നു തോന്നുന്നു. കുട്ടൻനായർ 'തെരിക'യായി ഉപയോഗിച്ചിരുന്ന തോർത്തുമുണ്ടു തട്ടിക്കുടഞ്ഞുകൊണ്ട്, അകായിൽ നിന്നുപോയി.

മുത്തശ്ശി കൊട്ടയിൽനിന്ന് ഓരോ പൊതികളായി പുറത്തേക്കെടുത്തുവെച്ചു. കടലാസ്സിൻപൊതികളും ഇലപ്പൊതികളുമുണ്ട്.

കായപ്പെട്ടി ഉണ്ണിക്കുട്ടൻ കൈയിലെടുത്ത മണത്തിനോക്കി. കായത്തിന്റെ മണം ഉണ്ണിക്കുട്ടനു വളരെ ഇഷ്ടമാണ്. നല്ല ഉശിരുള്ള മണം!

കുട്ട്യേട്ടനു കായത്തിന്റെ മണം ഇഷ്ടമല്ല. ഇടയ്ക്കിടയ്ക്ക് വയറ്റിൽ വേദനയുണ്ടാകുമ്പോൾ മോരിൽ കായം കലക്കി കുട്ട്യേട്ടൻ കുടിക്കുന്നതു കാണാം. എന്തുമാത്രം പാടുപെട്ടാണ് കുടിക്കുകയെന്നോ?

"തത്കാലം ഇവിടെനിന്നൊന്നു പൊയ്ക്കോ, ഞാനിതൊക്കെയൊന്നു പാത്രങ്ങളിലാക്കി വെക്കട്ടെ." മുത്തശ്ശി ഉണ്ണിക്കുട്ടനോടു പറഞ്ഞു. ശരി, പൊയ്ക്കളയാം. ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു പോയി. അവിടെ, കുട്ട്യേട്ടൻ ഒരു കാർഡ്ബോർഡിന്റെ കഷണം വെട്ടി ശരിപ്പെടുത്തുകയാണ്. എന്തിനാണാവോ?

"എന്തിനാത്?"

"ഒക്കെ ആവശ്യമുണ്ട്."

"എന്താ പറഞ്ഞാൽ?"

"നീയ്യ് പോയി നിന്റെ പണി നോക്കിക്കോ." 'ഇങ്ങനെയില്ല, ഒരു യോഗ്യൻ' എന്നു വിചാരിച്ചുകൊണ്ട്, ഉണ്ണിക്കുട്ടൻ ബെഞ്ചിൽ വന്നിരുന്നു. കുട്ട്യേട്ടൻ എന്തെങ്കിലും ചെയ്തോട്ടെ.

മഞ്ഞവെയിലിൽ കുളിച്ചുനില്ക്കുന്ന തൊടിയിലേക്കു നോക്കിക്കൊണ്ടങ്ങനെയിരിക്കുമ്പോഴും മനസ്സു മുഴുവനും അടുക്കളയിലായിരുന്നു. വറവെല്ലാം കഴിഞ്ഞു വറുത്തുപ്പേരിയും ശർക്കരയുപ്പേരിയും എപ്പോഴാണ് സ്വാദുനോക്കാൻ കിട്ടുക?

## ഒൻപത്

പൂരാടംദിവസം വൈകുന്നേരം ഓണത്തിന്റെ ഒരുക്കങ്ങളെല്ലാം കഴിഞ്ഞുവെന്നുതന്നെ പറയാം. വറുത്തുപ്പേരിയും ശർക്കരയുപ്പേരിയും ഭരണിയിലാക്കി വെച്ചിരിക്കുന്നു. കുറുക്കിയ കാളന്നും ഭരണിയിൽ ത്തന്നെയാണ്. വീട്ടിനകത്തെല്ലാം നേന്ത്രപ്പഴത്തിന്റെ നേരിയ മണമുണ്ട്.

ഓണപ്പുടവയ്ക്കുള്ള തുണിത്തരമെല്ലാം, അച്ഛനും മുത്തച്ഛനുംകൂടി, തുണിക്കടയിൽ പോയി വാങ്ങിക്കൊണ്ടുവന്നിരിക്കുന്നു. അതെല്ലാം സൂക്ഷിച്ചുവെച്ചിരിക്കുന്നത്, മുത്തശ്ശിയുടെ മുറിയിലാണ്. ഉണ്ണിക്കുട്ടൻ ഇടയ്ക്കിടയ്ക്കു മുത്തശ്ശിയുടെ മുറിയിൽ ചെന്ന്, ആരും കാണാതെ ഓണപ്പുടവയെടുത്തു നോക്കും. നല്ല മണം! ലഹരി പിടിപ്പിക്കുന്ന മണം! പുതിയ പുസ്തകത്തിന്റെ മണവും ഇതുപോലെ തന്നെയാണ്.

ഇന്ന് മുറ്റത്ത് 'പൂവിടു'ന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അവസാനത്തെ ദിവസമല്ലേ! നാളെ തൃക്കാക്കരപ്പനെ വെക്കണമല്ലോ!

തൃക്കാക്കരപ്പനെയുണ്ടാക്കാൻ മണ്ണു കൊണ്ടുവരുന്നതും തൃക്കാക്കരപ്പനെ ഉണ്ടാക്കുന്നതും മുറ്റം അരിമാവുകൊണ്ട് അണിഞ്ഞു ഭംഗി കൂട്ടുന്നതുമെല്ലാം നാളെ വിസ്തരിച്ചു കാണണം. ഇതെല്ലാം കഴിയുന്നതുവരെ കുട്ടൻനായരുടെയും കാളിയമ്മയുടെയും പിന്നാലെയങ്ങനെ കൂടണം. എന്നാലേ എല്ലാം ശരിക്കു കാണാൻ സാധിക്കുകയുള്ളൂ.

സമയം നീങ്ങുന്നില്ലെന്നു തോന്നി, ഉണ്ണിക്കുട്ടന്! താലപ്പൊലിയുടെ തലേദിവസം ഇങ്ങനെതന്നെയാണ്. സമയം നീങ്ങുന്നില്ലെന്നു തോന്നും.

പക്ഷേ, സമയം നീങ്ങിയിരുന്നു. മഞ്ഞവെയിൽ മാഞ്ഞ്, സന്ധ്യാപ്രകാശം പരക്കുകയും, കാണക്കാണെ സന്ധ്യാപ്രകാശവും മാഞ്ഞു ചുറ്റുപാടുകളിൽ പൂനിലാവു പരന്നൊഴുകുന്നതും കണ്ടപ്പോൾ ഉണ്ണിക്കുട്ടനു സന്തോഷമായി. സമയം രാത്രിയായല്ലോ! ഇനി ഊണു കഴിച്ചു കിടന്നൊരുറക്കം! പിറ്റേന്നു പുലർച്ചയ്ക്കേ ഉണരാവൂ.

അങ്ങനെ ഉത്രാടംദിവസം പുലർന്നു.

അത്യാവശ്യം വേണ്ട ദിനകൃത്യങ്ങളെല്ലാം ചെയ്തുതീർത്ത് ഉമ്മറത്തേക്കു വന്നപ്പോൾ, അച്ഛൻ പതിവുപോലെ ചാരുകസാലയിൽ കിടന്നു പേപ്പർ വായിക്കുന്നു. ഓണമായാലും ശരി,

വിഷുവായാലും ശരി രാവിലത്തെ പേപ്പർ വായന അച്ഛൻ മുടക്കില്ല. ഏതായാലും ഇന്നും നാളെയും ഓഫീസിൽ പോകുകയുണ്ടാവില്ല.

മുത്തച്ഛനും കുട്ടൻനായരും ഉമ്മറമുറ്റത്തുണ്ടോ എന്നു നോക്കാനായി ഉണ്ണിക്കുട്ടൻ മുറ്റത്തേക്കിറങ്ങിയതും, കുട്ടൻനായർ ഒരുകൊട്ട നല്ല പശിമയുള്ള ചുവന്ന മണ്ണുകൊണ്ടുവന്നു മുറ്റത്തിട്ടതും ഒന്നിച്ചായിരുന്നു. തൃക്കാക്കരപ്പനെയും മാതേവരെയുമുരുട്ടാനായി, മണ്ണ് പുറത്തെവിടെനിന്നെങ്കിലും കൊണ്ടുവരികയാവും.

"എവിട്ന്നാ മണ്ണ്?" ഉണ്ണിക്കുട്ടൻ ചോദിച്ചു.

"അതൊക്കെ തേടിപ്പിടിച്ചു കൊണ്ടോന്നു." കുട്ടൻനായർ കുന്തിച്ചിരുന്നു കൈകൾകൊണ്ടു വരതിപ്പരതി മണ്ണിലെ കല്ലുകളെല്ലാമെടുത്തു തൊടിയിലേക്കെറിഞ്ഞു.

കാളിയമ്മ ഒരു ചെപ്പകുടം വെള്ളവും ഒരടുക്കുചെമ്പും കുട്ടൻ നായരുടെ മുമ്പിൽ കൊണ്ടുവന്നുവെച്ചു പോയി.

കുട്ടൻനായർ ആവശ്യത്തിനു വേണ്ട വെള്ളം മണ്ണിലൊഴിച്ച് മണ്ണു കൈകൾകൊണ്ടു കുഴച്ചു. പതംവരുത്തി വലിയൊരുരുളയാക്കിവെച്ചു. എന്നിട്ട് ഒരു നിമിഷം എന്തോ എണ്ണിത്തിട്ടപ്പെടുത്തുന്നതു പോലെ ആലോചിച്ചിരുന്നു.

'എത്ര തൃക്കാക്കരപ്പനെ ഉരുട്ടണമെന്ന് ആലോചിക്കയാവും.' ഉണ്ണിക്കുട്ടൻ വിചാരിച്ചു.

കുട്ടൻനായർ ആ വലിയ മണ്ണുരുളയെ ഏഴ് ഉരുളകളായി ഭാഗിച്ചു. എന്നിട്ട് ഉണ്ണിക്കുട്ടന്റെ നേരേ നോക്കിക്കൊണ്ടു പറഞ്ഞു:

"ഏഴ് ഉരുളകൾ എന്തിനാന്നറിയണം, അല്ലേ? ആറ് തൃക്കാക്കരപ്പൻ, ഒരു മാതേവർ."

ഉണ്ണിക്കുട്ടന്നു മനസ്സിലായി. ആറ് തൃക്കാക്കരപ്പനെയും ഒരു മാതേവരെയുമുണ്ടാക്കണം. തൃക്കാക്കരപ്പനെ ഉമ്മറമുറ്റത്തും അടുക്കള മുറ്റത്തും വെക്കണമെന്ന് മുത്തശ്ശി പറഞ്ഞിട്ടുണ്ട്. നടുമുറ്റമുള്ള വീട്ടിലാണെങ്കിൽ, നടുമുറ്റത്തും വെക്കണമത്രേ!

എന്തോ മറന്നുവെച്ചതെടുക്കാനെന്നപോലെ കുട്ട്യേട്ടൻ മുറ്റത്തേക്കോടിയെത്തി. പുറകേ അമ്മിണിയും. "വീഴും; വീഴും പെണ്ണേ!" എന്നു പറഞ്ഞുകൊണ്ട് മുത്തച്ഛനും മുറ്റത്തെത്തി.

മുത്തച്ഛൻ അമ്മിണിയെ എടുത്തുകൊണ്ടു തിണ്ടിന്മേലിരുന്നു.

കുട്ടൻനായർ തൃക്കാക്കരപ്പനെ ഉണ്ടാക്കാൻ തുടങ്ങി. മണ്ണുരുളകൾ കുട്ടൻനായരുടെ കൈവേഗത്തിനനുസരിച്ച്, തൃക്കാക്കരപ്പന്റെ രൂപമായി മാറുന്ന കാഴ്ച ഉണ്ണിക്കുട്ടൻ അത്ഭുതത്തോടെ നോക്കിക്കൊണ്ടിരുന്നു. എന്തൊരു കൈവേഗമാണ് കുട്ടൻനായർക്ക് മണ്ണുരുള എടുക്കുന്നു. അടിച്ചു പരത്തുന്നു. അടിച്ചു പരത്തമ്പോൾ വലിയ ശർക്കരയിച്ചിന്റെ

ആകൃതിപോലെയാകുന്നു. വലിയ ശർക്കരയിച്ച്, പിന്നെ തൃക്കാക്കരയപ്പന്റെ രൂപമാകാൻ അധികം താമസമില്ല. വല്ലാത്ത മിടുക്കൻതന്നെ കുട്ടൻനായർ!

അങ്ങനെ കുട്ടൻനായർ ആറ് തൃക്കാക്കരപ്പനെ ഉണ്ടാക്കിയശേഷം ഒരു നിമിഷം എഴുന്നേറ്റു നിന്നു. എന്നിട്ടൊന്നു മൂരിനിവർന്നു വീണ്ടും കുന്തിച്ചിരുന്ന് 'മാതേവരെ' ഉണ്ടാക്കാൻ തുടങ്ങി. അതിനു കുറച്ചു പണി അധികമുണ്ട്. ആദ്യം മണ്ണുകൊണ്ടു പരന്ന ഒരു തട്ട്, തട്ടിന്മേൽ, ശിവലിംഗംപോലെയുള്ളൊരു ഒഴുക്കൻ മണ്ണുരുള. ആ മണ്ണുരുളയ്ക്കു ചുറ്റും തട്ടിന്മേൽ, നെല്ലിക്കയോളംപോന്ന ചെറിയ ചെറിയ മണ്ണുരുളകൾ. മാതേവരുടെ രൂപം ഏകദേശം ഇങ്ങനെയൊക്കെയാണ്.

മാതേവരെ ഉണ്ടാക്കാൻ കുറച്ചധികനേരം വേണ്ടിവന്നു.

'മാതേവരെ' രാത്രി ഒന്നുകൂടി മിനുക്കണമെന്നു പറഞ്ഞുകൊണ്ട് കുട്ടൻനായർ എഴുന്നേറ്റു.

കാളിയമ്മ മുറ്റത്തവിടവിടെയായി ഓരോ കുന്തി ചാണകം കൊണ്ടുവന്നിട്ട് ചെപ്പുകുടവും അടുക്കുചെമ്പുമായി കിണറ്റിൻകരയിലേക്കു പോയി.

കുട്ടൻനായരും കിണറ്റിൻകരയിലേക്കു പോയി. കൈകാലുകൾ കഴുകാനാവും.

വിശക്കുന്നുണ്ട്, ഉണ്ണിക്കുട്ടന്. ഇതിങ്ങനെ നോക്കിനിന്നതുകൊണ്ടു വിശപ്പു മാറില്ലല്ലോ! കുട്ട്യേട്ടന്നും അമ്മിണിയും ചായയും പലഹാരവും കഴിച്ചിട്ടുണ്ടാകും.

ഉണ്ണിക്കുട്ടൻ അടുക്കളയിലേക്കു ചെന്നു. "വന്നോ!" അമ്മ ചെറിയൊരു നാക്കിലയിൽ നേന്ത്രപ്പഴം പുഴങ്ങിയതും വറുത്തുപ്പേരിയും ശർക്കരയുപ്പേരിയും പപ്പടവുമൊക്കെ വച്ചുകൊടുത്തു.

പുഴുങ്ങിയ പഴത്തെക്കാളും പുഴുങ്ങാത്ത പഴമാണ് ഉണ്ണിക്കുട്ടനിഷ്ടം! ഓണമല്ലേ, ഇന്നേതായാലും പുഴുങ്ങിയ പഴം തിന്നാമെന്നു കരുതി. ഉണ്ണിക്കുട്ടൻ പഴംനുറുക്കിന്റെ തൊലി കളഞ്ഞു പപ്പടവും കൂട്ടി തിന്നു.

പുഴുങ്ങാത്ത പഴം തിന്നുന്നതുതന്നെയാണു സ്വാദെന്ന് ഉണ്ണിക്കുട്ടനു വീണ്ടും ബോദ്ധ്യമായി, ഇതുപോലെയുള്ള പഴംനുറുക്കു നൂറെണ്ണം ഒറ്റയിരിപ്പിനു തിന്നുന്നവരുണ്ടത്രേ! എങ്ങനെയാണത്? വയറു നിറഞ്ഞിട്ടു നടക്കാൻ സാധിക്കുമോ?

ഒരു പഴംനുറുക്കും ഒരു പപ്പടവും മൂന്നാലു കഷണം വറുത്തുപ്പേരിയും തിന്നുമ്പോഴേക്കും ഉണ്ണിക്കുട്ടനും മടുത്തു. ലേശം കാപ്പിയും കൂടി കുടിച്ച് അവൻ എഴുന്നേറ്റു.

“വിശക്ക്ണല്ലേ?” അമ്മ ചോദിച്ചു.

“വിശപ്പില്ലാഞ്ഞിട്ടൊന്നും ആവില്ല; തൃക്കാക്കരപ്പനെ വെക്കണത് കാണാനുള്ള ധൃതിയാണ്.” മുത്തശ്ശി പറഞ്ഞു.

അവർ പറയുന്നതൊന്നും ശ്രദ്ധിക്കാതെ വലത്തേ കൈപ്പടംകൊണ്ടു ചിറി തുടച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്ക് ഓടിപ്പോയി.

കാളിയമ്മ മുറ്റംതേപ്പു കഴിഞ്ഞു പോയിരിക്കുന്നു. മുത്തച്ഛനും കുട്ട്യേട്ടനും അമ്മിണിയും മുറ്റത്തുതന്നെയുണ്ട്. അച്ഛന്റെ പേപ്പർ വായന ഇനിയും കഴിഞ്ഞിട്ടില്ല.

മുത്തച്ഛൻ ചോദിച്ചു: “കാപ്പി കുടിച്ചോ? ”

“ഉം.” ഉണ്ണിക്കുട്ടൻ മൂളി.

“പഴംനുറുക്ക് എത്രെണ്ണം തിന്നു?”

“ഒന്ന്.”

“മോശം, മോശം!”

ആ ചൊക്ലിപ്പിട്ടി എവിടെനിന്നോ വന്ന് തൃക്കാക്കരബനെയുണ്ടാക്കിയ സ്ഥലം ആകപ്പാടെയൊന്നു മണത്തിനോക്കി ഓടിപ്പോയി. കുട്ട്യേട്ടൻ അതിനെ എറിയാൻ ഒരു കല്ലെടുത്തപ്പോൾ മുത്തച്ഛൻ ചോദിച്ചു:

“ചാവാൻ ജീവനില്ലാത്ത അതിനെ എന്തിനാ എറിയണ്? അതതിന്റെ പാട്ടിനു പൊയ്ക്കോട്ടെ.”

കുട്ട്യേട്ടൻ എറിയാനെടുത്ത കല്ല് അലക്ഷ്യമായി തൊടിയിലേക്കെറിഞ്ഞു.

മുണ്ടി ഒരുകെട്ടു കണ്ണാൻകളിപ്പൂക്കളും അലരിപ്പൂക്കളുമായി വന്നു. പൂക്കൾ പതുക്കെ തിണ്ടിന്മേലൊരിടത്തു വെച്ച്, അടുക്കളമുറ്റത്തേക്കു പോകുമ്പോൾ അവളുടെ ദേഹത്തിലേക്കാകെയൊന്ന് ഉണ്ണിക്കുട്ടൻ നോക്കി. അവളുടെ ദേഹത്തിലെ പിത്തച്ചൊറിക്കു പ്രത്യേകിച്ചൊരു ഭേദവുമില്ല. ഇനിയും ധാരാളം തവളകളെ തിന്നേണ്ടി വരുമെന്നാണു തോന്നുന്നത്.

കുട്ടൻനായരെ എന്താണു കാണാത്തത്? മുറ്റം അണിയാറായില്ലേ? കുട്ടൻനായരെക്കുറിച്ച് ആലോചിച്ചപ്പോഴേക്കും ഒരു അടുക്കു ചെമ്പിൽ കൈയിട്ടിളക്കിക്കൊണ്ട് കുട്ടൻനായർ രംഗത്തേക്കു വന്നു.

ഉണ്ണിക്കുട്ടൻ കുട്ടൻനായരുടെ അടുത്തുചെന്നു ചോദിച്ചു: “എന്താദ്, ചെമ്പില്? ”

“മനസ്സിലായില്ലേ? അരിമാവ്; മുറ്റം അണിയാനുള്ളത്.” മനസ്സിലായി.

ആദ്യംതന്നെ സംശയം തോന്നായ്കയല്ല.

“വെണ്ടയില വേണ്ടേ?”

വേണമെന്നോ, വേണ്ടെന്നോ കുട്ടൻനായർ പറയുന്നതിനു മുമ്പുതന്നെ ഉണ്ണിക്കുട്ടൻ വെണ്ടയില നുള്ളിക്കൊണ്ടുവരാനായി ഓടിപ്പോയി. കുട്ട്യേട്ടനും വേറൊരു ഭാഗത്തേക്കോടിപ്പോയി. ആദ്യം വെണ്ടയിലയുമായി ഓടിയെത്തിയത് കുട്ട്യേട്ടനാണ്.

ഉണ്ണിക്കുട്ടൻ വെണ്ടയിലയുമായി വന്നപ്പോഴേക്കും കുട്ട്യേട്ടൻ കൊണ്ടു വന്നുകൊടുത്ത വെണ്ടയില കുട്ടൻനായർ അരിമാവിൽ ഞൊരടി ചേർത്തുകഴിഞ്ഞിരുന്നു.

ഉണ്ണിക്കുട്ടൻ ഒന്നു കരഞ്ഞാലോയെന്നു സംശയിച്ചുനിന്നു. മുത്തച്ഛൻ അതു മനസ്സിലാക്കി:

" ഉണ്ണിക്കുട്ടൻ കൊണ്ടുവന്നതും അരിമാവിൽ ചേർത്തേക്കൂ."

"ശരി." ഉണ്ണിക്കുട്ടൻ കൊണ്ടുവന്നതും കുട്ടൻനായർ അരിമാവിൽ ഞൊരടിച്ചേർത്തു.

ഉണ്ണിക്കുട്ടന്നു സന്തോഷമായി. അവൻ ചിരിച്ചു.

കുട്ട്യേട്ടനത് ഇഷ്ടപ്പെട്ടില്ല.

"എന്തിനെടാ ഇളിക്കണ്?"

"തോന്നീട്ട!"

അരിമാവിനു വേണ്ടത്ര കൊഴുപ്പും കിട്ടിയെന്നു തോന്നിയപ്പോൾ കുട്ടൻനായർ അണിയാൻ തുടങ്ങി.

മുത്തശ്ശിയും അമ്മയും കുട്ടൻനായർ അണിയുന്നതു കാണാൻ കോലായിൽ വന്നുനിന്നു. പേപ്പർ ചുരുട്ടിപ്പിടിച്ചുകൊണ്ട് അച്ഛനും മുറ്റത്തിറങ്ങിനിന്നു. മുറ്റത്ത് ഒരരികുപറ്റിക്കൊണ്ട് മുണ്ടിയും നിൽപ്പുണ്ട്. കാളിയമ്മയെ കാണാനില്ല. ആയമ്മയ്ക്ക് ഇതൊന്നും കാണുന്നതിഷ്ടമാവില്ലേ? തെങ്ങിൻതടത്തിലിരുന്ന് ഇപ്പോഴും പാത്രങ്ങൾ കഴുകുകയാവും, ആയമ്മ.

അണിയൽ കഴിഞ്ഞപ്പോഴേക്കും അണിഞ്ഞ സ്ഥലത്തിന്റെ നടുക്കു വലിയൊരു നാക്കില മുത്തശ്ശി കൊണ്ടുവന്നു വെച്ചു. ആ നാക്കിലയിൽ കുട്ടൻനായർ മൂന്നു തൃക്കാക്കരപ്പനെ എടുത്തുവെച്ചശേഷം അടുക്കള മുറ്റം അണിയാനായി ധൃതിഷെട്ടുപോയി.

കുട്ട്യേട്ടൻ തൃക്കാക്കരപ്പനിൽ കണ്ണാന്തളിപ്പൂക്കളും അലരിപ്പൂക്കളും കുത്തിനിർത്തി. പൂക്കൾ കുത്തിനിർത്തിയെന്നല്ല, പൂക്കൊമ്പുകൾ കുത്തിനിർത്തിയെന്നാണു പറയേണ്ടത്; പൂക്കളുള്ള ചുള്ളിക്കൊമ്പുകൾ.

ധൃക്കാക്കരപ്പനിൽ പൂക്കൊമ്പുകൾ കുത്തിയപ്പോഴേക്കും മുറ്റത്തിനാകെത്തന്നെ ഒരു ഭംഗി കൈവന്നപോലെ തോന്നി.

ഇതുകൊണ്ടായില്ലല്ലോ! ഇനി അടുക്കളമുറ്റത്തേക്കും പോകണമല്ലോ? ഉമ്മറമുറ്റത്തു ചെയ്ത പണികളെല്ലാം, അവിടെയും

ചെയ്യണമല്ലോ?

ഉണ്ണിക്കുട്ടൻ അടുക്കുളമുറ്റത്തേക്കു പോയി. അവിടത്തെ അണിയലും നാക്കിലവെക്കലും കഴിഞ്ഞിരിക്കുന്നു.

കുട്ടൻനായർ ഉമ്മറത്തു ശേഷിച്ചിരിക്കുന്ന മൂന്നു തൃക്കാക്കരപ്പനെയും ഓരോന്നായെടുത്തുകൊണ്ടുവന്നു വെച്ചു. ഇവിടെ തൃക്കാക്കരബനിൽ, പൂക്കൊമ്പുകൾ കുത്തിയത് ഉണ്ണിക്കുട്ടനാണ്. കുട്ട്യേട്ടൻ തടസ്സമൊന്നും പറഞ്ഞില്ല.

കുട്ടൻനായർ അമ്മിണിയോടു ചോദിച്ചു: "അമ്മിണിയെന്താ ഒരക്ഷരോ മിണ്ടാതെ ഒതുങ്ങിനില്ക്കുന്നത്?"

ശരിയാണ്. എത്രനേരമായി അമ്മിണി ഒരു ശാഠ്യവും പിടിക്കാതെ ഒതുങ്ങി നിലക്കുന്നു. എല്ലാം നോക്കിക്കാണുക മാത്രം ചെയ്യുന്നു.

അടുത്ത വീടുകളിൽനിന്ന്, പൂവിളികൾ കേട്ടപ്പോൾ മുത്തശ്ശി പറഞ്ഞു: "നിങ്ങളും പൂവിളിക്കിൻ കുട്ട്യോളെ!"

ഉണ്ണിക്കുട്ടൻ കുട്ട്യേട്ടന്റെ മുഖത്തേക്കു നോക്കി.

ഉണ്ണിക്കുട്ടന്നു പൂവിളിക്കാൻ ലജ്ജയാണ്. കുട്ട്യേട്ടനും ലജ്ജയില്ലാതെയില്ല. എന്നിട്ടും കുട്ട്യേട്ടൻ പൂവിളിച്ചു:

"പൂവേ പോ പൊലി പൂവേ! കൂ... യ് കൂ...യ!"

"എന്താ ഉറക്കെ കൂവാത്തത്?

"ഇത്രൊക്കെ മതി." കുട്ടൻനായർ ശുപാർശ പറഞ്ഞു.

അങ്ങനെ തൃക്കാക്കരപ്പനെ വെച്ചു. ഇനി നാളെ മാതേവരെ വെക്കും. എന്നിട്ടു നാലഞ്ചു ദിവസങ്ങൾകൂടി കഴിഞ്ഞാൽ, എടുത്തു മാറ്റുകയും ചെയ്യും. അതോർത്തപ്പോൾ ഉണ്ണിക്കുട്ടന്നു. ലേശം വിഷമം തോന്നി.

ഇന്നു മുറ്റം കാണാൻ എന്തൊരു ഭംഗിയാണ്! നാളെ മാതേവരെ വച്ചാൽ ഇതിലുമധികം ഭംഗിയുണ്ടായേക്കും.

ഉണ്ണിക്കുട്ടൻ ഉമ്മറക്കോലായിൽ വന്നിരുന്നു. ഇപ്പോൾ ഉമ്മറത്താരുമില്ല. അച്ഛൻ പേപ്പർവായന കഴിഞ്ഞു കുളിക്കാൻ പോയിരിക്കുന്നു. ഇന്ന് അമ്പലക്കുളത്തിൽ കുളിക്കാനാണു പോയിരിക്കുന്നത്.

ആ ചൊക്ലിപ്പട്ടി, വീണ്ടും മുറ്റത്തുവന്ന് ആകെക്കൂടിയെല്ലാമൊന്നു നോക്കി ഓടിപ്പോയി. എന്താണീ പട്ടിക്ക് ഇന്ന്! നേരം പുലർന്ന ശേഷം, ഇതു രണ്ടാമത്തെ പ്രാവശ്യമല്ലേ വരുന്നത് മുറ്റത്തു പുതിയൊരു സാധനമിരിക്കുന്നതു കാണാനുള്ള കൗതുകംകൊണ്ടാകുമോ?

'മാതേവര്' മുറ്റത്തിന്റെ ഒരുകിൽത്തന്നെയുണ്ട്. മാതേവരെ കയറ്റി വയ്ക്കാനുള്ള പീഠം കഴുകി വൃത്തിയാക്കിയിരിക്കുന്നുവോ ആവോ? കഴുകി വൃത്തിയാക്കണമെന്ന് കാളിയമ്മ പറഞ്ഞിരുന്നു. ഇനിയും സമയമുണ്ടല്ലോ!

മുണ്ടി ചെറിയൊരു കൊട്ടയിൽ എന്തൊക്കെയോ സാധനങ്ങളുമായി പോകുന്നതു കണ്ടു. നേന്ത്രപ്പഴത്തിന്റെ ഞെട്ടികൾ കൊട്ടയിൽനിന്നു തെറിച്ചുനില്ക്കുന്നുണ്ട്. അരിതൊട്ട് മറ്റെല്ലാ സാധനങ്ങളുമുണ്ടാകും. കൂട്ടാൻ വയ്ക്കാനുള്ള കഷണങ്ങൾകൂടി, മുത്തശ്ശി കൊടുത്തിട്ടുണ്ടാകും. അപ്പോൾ ഇന്ന് മുണ്ടി മീൻ വെക്കുകയുണ്ടാവില്ല.

അടുക്കളയിൽനിന്നു നാളികേരം ചിരകുന്നതിന്റെ ശബ്ദം കേൾക്കുന്നുണ്ട്. നാളികേരമുടയ്ക്കുന്ന ശബ്ദം കേട്ടില്ലല്ലോ? നാളികേരത്തിന്റെ വെള്ളം, ആരാണ് കുടിച്ചതെന്നാവോ?

അമ്മ ധൃതിയിൽ ഉമ്മറത്തേക്കു വന്നുകൊണ്ടു പറഞ്ഞു:"കുട്ട്യേട്ടന്റ്റീം അമ്മിണീടേം കുളി കഴിഞ്ഞു. നിന്നേയും കുളിപ്പിക്കട്ടേ? എന്നിട്ടു വേണ്ടേ, ഓണപ്പുടവ വാങ്ങാൻ? മുത്തച്ഛനതാ കാത്തിരിക്കുന്നു."

ശരി, ഉണ്ണിക്കുട്ടൻ അമ്മയുടെ കൈയ്ക്കു പിടിച്ചുകൊണ്ട് കുളിക്കാൻപോയി.

## പത്ത്

ഓണത്തിരുവോണം ദിവസം.വീട്ടിലുള്ളവരുടെയെല്ലാം ഊണു കഴിഞ്ഞിരിക്കുന്നുവെങ്കിലും, അടുക്കളയിലെയും അകായിലെയും തിരക്കൊഴിഞ്ഞിട്ടില്ല.

ഊണു കഴിക്കാൻ ക്ഷണിച്ചവർ വരുന്നു. ഊണുകഴിച്ചു പോകുന്നു. വരുന്നവർക്കെല്ലാം വിളമ്പിക്കൊടുക്കുന്നത് മുത്തച്ഛനും മുത്തശ്ശിയും അമ്മയും ചേർന്നാണ്.

മത്തായിച്ചേട്ടനും മൊയ്തുണ്ണിയും ഇപ്പോൾ ഊണുകഴിഞ്ഞു പോയതേയുള്ളൂ. മത്തായിച്ചേട്ടൻ 'കാഴ്ച'യായി കൊണ്ടുവന്ന നേന്ത്രക്കായയ്ക്കു നല്ല മുഴുപ്പുണ്ട്. മഞ്ഞനിറം വീണിരിക്കുന്നു. നാളത്തേക്കു ശരിക്കു പഴുത്തു പാകംവരും. കുട്ടൻനായർ അത് എവിടെയാണാവോ കെട്ടിത്തൂക്കുക? മുത്തശ്ശിയുടെ മുറിയിൽ കെട്ടിത്തൂക്കിയാൽ മതിയെന്നു പറയണം. പെട്ടിപ്പുറത്തു കയറിനിന്ന് ഇഷ്ടംപോലെ ഉരിഞ്ഞുതിന്നാലോ!

മൊയ്തുണ്ണി കാഴ്ചയായി കൊണ്ടുവന്നിരിക്കുന്നതു പച്ചക്കറികളാണ്. കാര്യമായി പയറും കയ്പയ്ക്കയുമാണ്.

ശാഠ്യംപിടിച്ചു കരഞ്ഞിരുന്ന അമ്മിണിയെയുംകൊണ്ട് അച്ഛൻ മുകളിലേക്കു പോയിട്ടു കുറച്ചുനേരമായി. അച്ഛൻ

താഴത്തുണ്ടായാലും വിശേഷമൊന്നുമില്ല. വിളമ്പിക്കൊടുക്കാനൊന്നും അച്ഛനറിഞ്ഞുകൂടാ. അമ്മിണി മുകളിൽ എന്താണു കാണിക്കുന്നതെന്നു നോക്കാനായി മുകളിലേക്കു പോയി. അച്ഛന്റെ അരികത്ത് കിടന്നുറങ്ങുകയാണ്. അച്ഛൻ ഇടത്തേ കൈത്തണ്ട നെറ്റിക്കു താഴെ വച്ച് മലർന്നുകിടക്കുന്നു. ഉറങ്ങിയിരിക്കുമോ ആവോ?

ഉണ്ണിക്കുട്ടൻ ശബ്ദമുണ്ടാക്കാതെ താഴത്തേക്കുതന്നെ ഇറങ്ങി വന്നു.

ക്ഷീണം തോന്നുന്നുണ്ട്. പുലർച്ചെ മൂന്നുമണിക്ക് എഴുന്നേറ്റതല്ലേ? പാണനും പാട്ടിയുംകൂടി പാട്ടുപാടാൻ വന്നപ്പോൾ, അവരുടെ പാട്ടിന്റെയും വില്ലിന്റെയും ശബ്ദം കേട്ടുകൊണ്ടാണ് ഉണർന്നത്. നല്ല പാട്ട്. പാണൻ ഒരു വരി പാടി നിർത്തുമ്പോഴേക്കും പാട്ടി തുടങ്ങുകയായി:

“ഹര ഹരോ ശിവ ശിവോ
ശിവൻതന്നെ മാതേവര...”

തൊടിയിലെ മാവിന്റെ ചുവട്ടിൽ നിന്നുകൊണ്ടാണ് അവർ പാടിയത്. ഇരുട്ടായതുകൊണ്ട് അവരുടെ മുഖം കാണാൻ സാധിച്ചില്ല. പാണനും പാട്ടിയും പാട്ടുപാടിപ്പോയപ്പോഴേക്കും മാതേവരെ വെക്കലും അതിനുള്ള പൂജയുമൊക്കെ തുടങ്ങി.

അപ്പോഴേക്കും എല്ലാ വീടുകളിൽനിന്നു. ശബ്ദങ്ങളുയർന്നു. വെളിച്ചങ്ങൾ പ്രകാശിച്ചു. പിന്നെ ഉണ്ണിക്കുട്ടൻ ഉറങ്ങിയില്ല.

അടുക്കളയിൽ ഓട്ടുരുളിയിൽക്കിടന്നു വേവുന്ന പഴംനുറുക്കിന്റെ മണവും തിളയ്ക്കുന്ന ശബ്ദവും കേട്ടുകൊണ്ട് ഒരിടത്തടങ്ങിയിരുന്നു.

അങ്ങനെ നേരം പുലർന്നു. പിന്നെ വീട്ടിലെന്തെല്ലാം നടന്നു! വലിയ ചെമ്പിൽ മൂന്നാലുപ്രാവശ്യമായി ചോറുവെച്ചു. പലതരം കറികളുണ്ടാക്കി. ക്ഷണിച്ചു വന്നവർക്കെന്നുമാത്രമല്ല, ക്ഷണിക്കാതെ വന്നവർക്കും ഇഷ്ടം പോലെ ഭക്ഷണം കൊടുത്തു.

ഇതൊക്കെ മുത്തച്ഛന്റെ മേൽനോട്ടത്തിലാണ്. മുത്തച്ഛൻ മിടുക്കൻതന്നെ!

ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കു വന്നു. ഉമ്മറത്തെ നിലത്ത് കുട്ടൻനായർ ചെരിഞ്ഞുകിടന്നുറങ്ങുന്നുണ്ട്. പാവം വല്ലാതെ ക്ഷീണിച്ചിട്ടുണ്ടാകും. ഇല്ലെങ്കിൽ കുട്ടൻനായർ ഉച്ചയ്ക്കു കിടന്നുറങ്ങുകയൊന്നുമില്ല.

അലക്കിയ മുണ്ടാണ് കുട്ടൻനായർ ഉടുത്തിരുന്നത്. ഓണത്തിരുവോണംദിവസം കോടിയലക്കിയ മുണ്ടാണത്രേ. ഉടുക്കേണ്ടത്.

ഇന്നലെ കോടിമുണ്ടാണ് കുട്ടൻനായർ ഉടുത്തിരുന്നത്. മുത്തച്ഛൻ കൊടുത്ത ഓണപ്പുടവ!

ഉണ്ണിക്കുട്ടനും കുട്ട്യേട്ടനും അമ്മിണിക്കുമൊക്കെ പാവുമുണ്ടാണ് ഓണപ്പുടവയായി മുത്തച്ഛൻ കൊടുത്തത്.

"ഓണപ്പുടവ ഷർട്ടും നിക്കറുമല്ല, മുണ്ടാണ്." മുത്തച്ഛൻ പറഞ്ഞു.

പക്ഷേ, അച്ഛൻ ഷർട്ടും നിക്കറും തയ്പിച്ചുകൊടുത്തു. അമ്മിണിക്കു ഗൗണും.

ഉണ്ണിക്കുട്ടൻ മുറ്റത്തേക്കു നോക്കി. മുറ്റത്തു മാതേവരാണല്ലോ! ഇന്നും നാളെയുംകൂടി കഴിഞ്ഞാൽ മാതേവരേയുമെടുക്കും. എന്തിനാണ് ഓണം ഇത്രവേഗം കഴിയുന്നത്? പൂക്കളം, തൃക്കാക്കരപ്പൻ, മാതേവര് ഇതൊക്കെ എന്നും മുറ്റത്തുണ്ടാകുന്നതെത്ര നന്ന്!

മുറ്റം അണിഞ്ഞത് അവിടവിടെയായി അടർന്നുപോയിരിക്കുന്നു. ചില ഭാഗത്തേതു കാക്കകൾ കൊത്തിതത്തിന്നുകയും ചെയ്തിട്ടുണ്ട്. കാക്കകൾ കാണാതെ ഒരു കാര്യവും ചെയ്യാൻ നിവൃത്തിയില്ല. വല്ലാത്ത കാക്കകൾ!

ചെരിഞ്ഞു കിടന്നുറങ്ങുന്ന കുട്ടൻനായരെ നോക്കിക്കൊണ്ട് ഉണ്ണിക്കുട്ടനും ബെഞ്ചിൽ ചെരിഞ്ഞു കിടന്നു. കുട്ടൻനായർ ചുമരിന്റെ ഭാഗത്തേക്കു തിരിഞ്ഞുകിടക്കുന്നതുകൊണ്ട് അയാളുടെ പുറകുവശം മാത്രമേ കാണാൻ വെക്കൂ. കുട്ടൻനായരുടെ മുതുകത്തും അവിടെയായി രോമക്കാടുകളുണ്ട്. അതെന്താ, മുതുകത്താകെ അങ്ങനെയുണ്ടാകാതെ, അവിടവിടെയായിട്ടുണ്ടാകുന്നത്? നെഞ്ചത്തും വയറ്റത്തുമെല്ലാം കുട്ടൻനായർക്കു നിറയെ രോമങ്ങളാണ്.

ഉണ്ണിക്കുട്ടൻ എന്തോ ഓർത്തിട്ടെന്നപോലെ എതിർവശം തിരിഞ്ഞ് പടിക്കലേക്കു നോക്കിക്കൊണ്ടു കിടന്നു.

റോട്ടിൽക്കൂടെ കുറെ കുട്ടികൾ സംഘം ചേർന്ന് എന്തൊക്കെയോ വിളിച്ചാർത്തുകൊണ്ടുപോയി. കുട്ടികളുടെ ശബ്ദം കേട്ടു ഭയപ്പെട്ടിട്ടാകണം ആ ചൊക്ലിപ്പട്ടി എവിടെനിന്നോ ഓടിവരുന്നതു കണ്ടു. തരക്കേടില്ലല്ലൊ? രണ്ടുമൂന്നു ദിവസമായി ഈ പട്ടി വീട്ടിനു ചുറ്റും പാറാവു തന്നെയാണല്ലൊ

പട്ടി മുറ്റത്തേക്കു വന്നില്ല. മുറ്റത്തിന്റെ അതിർത്തിവരെ വന്നു തിരിഞ്ഞുനോക്കി ഒരുനിമിഷം നിന്ന് പടിക്കലേക്കുതന്നെ ഓടിപ്പോയി.

പാവം! ഇന്നു തിന്നാൻ വല്ലതും കിട്ടിയിരിക്കുമോ ആവോ? പട്ടി പഴംനുറുക്കു തിന്നുമോ? പഴംനുറുക്കു തിന്നുകയാണെങ്കിൽ തൊലിയോടുകൂടി തിന്നുമോ? അതോ തൊലികളഞ്ഞു തിന്നുമോ?

കുട്ട്യേട്ടനെ എന്താണ് ഇനിയും കാണാത്തത്? ഊണു കഴിഞ്ഞയുടൻ പമ്പരം കളിക്കാനായി ഗോവിന്ദൻകുട്ടിയുടെ വീട്ടിലേക്കു പോയ താണ്. പമ്പരം ഇന്നലെ വൈകുന്നേരമാണ് അപ്പുണ്ണി കൊണ്ടുവന്നു കൊടുത്തത്. പോത്തിൻകൊമ്പിന്റെ പമ്പരമാണ്. തനിക്കും ഒരു പമ്പരം വേണമെന്ന് അപ്പുണ്ണിയോടു പറഞ്ഞിട്ടുണ്ട്. 'നോക്കട്ടെ' എന്നാണ് അപ്പുണ്ണി പറഞ്ഞിരിക്കുന്നത്. അപ്പോൾ തീർച്ചയില്ല.

ആശാരി വേലുവിനോടു മരംകൊണ്ട് ഒരു പമ്പരം ഉണ്ടാക്കിത്തരാൻ പറയാമായിരുന്നു. അവൻ വീട്ടിൽ വന്നപ്പോൾ പറയാൻ മറന്നുപോയി.

നല്ല വെയിലുള്ള ദിവസം. തൊടിയാകെ വെയിലിൽ കുളിച്ചു നില്ക്കുന്നു. വെറുതെ തൊടിയിലെല്ലാം ഒന്നു ചുറ്റിക്കറങ്ങിയാലോ എന്ന് ഉണ്ണിക്കുട്ടൻ ആലോചിച്ചു. വേണ്ട. മുത്തച്ഛൻ കണ്ടാൽ ചീത്ത പറയും.

പെട്ടെന്ന് അടുത്തുതന്നെയുള്ള സിനിമാതീയേറ്ററിൽനിന്നു പാട്ടുകൾ കേട്ടുതുടങ്ങി. ഓണത്തിരുവോണമായതുകൊണ്ടു 'മാറ്റ്നി' ഉണ്ടാകും.

ഇന്നു സിനിമയ്ക്കു കൊണ്ടുപോകുമോയെന്ന് അച്ഛനോടു ചോദിച്ചുനോക്കണം. എത്ര ദിവസമായി ഒരു സിനിമ കണ്ടിട്ട്!

കുട്ടൻനായർ കൂർക്കംവലിക്കുന്ന ശബ്ദം കേട്ടു. ഇപ്പോഴാണു കൂർക്കംവലി തുടങ്ങിയത്. ഇതിനു മുമ്പ് ' ബ്ശ് ബ്ശ്' എന്നൊരു ശബ്ദമേ കേൾക്കാനുണ്ടായിരുന്നു ള്ളൂ.

ഉണ്ണിക്കുട്ടൻ ബെഞ്ചിൽത്തന്നെ തിരിഞ്ഞു കിടന്ന് കുട്ടൻനായരെ നോക്കി. കുട്ടൻനായർ ഇപ്പോഴും ചെരിഞ്ഞുകിടന്നുതന്നെയാണുറങ്ങുന്നത്. അതുകൊണ്ട് കൂർക്കംവലിക്കുമ്പോഴത്തെ മുഖഭാവം കാണാൻ വയ്യ. കുട്ടൻനായരുടെ മുതുകത്തേക്കുതന്നെ അങ്ങനെ നോക്കിക്കൊണ്ടിരിക്കുമ്പോൾ കണ്ണുകൾ ഇടയ്ക്കിടയ്ക്ക് അടഞ്ഞു പോകുന്നു.

കുട്ടൻനായരുടെ കൂർക്കംവലി, അടുക്കളയിൽനിന്ന് ഇടയ്ക്കിടയ്ക്കു കേൾക്കുന്ന ശബ്ദങ്ങൾ—ഇവ രണ്ടും കേട്ടുകൊണ്ട് ഉണ്ണിക്കുട്ടനും ഉറക്കത്തിന്റെ കയത്തിലേക്കാണ്ടുപോയി!.

## പതിനൊന്ന്

ഓണം കഴിഞ്ഞ് സ്കൂൾ തുറക്കുന്ന ദിവസമാണ്. ഉണ്ണിക്കുട്ടൻ

നേരത്തേ എഴുന്നേറ്റു താഴത്തേക്കു വന്നു.

തലേന്നു രാത്രിയിൽ ഭയങ്കരമായൊരു മഴ പെയ്തിരുന്നു. ഒരുറക്കം കഴിഞ്ഞ് മൂത്രമൊഴിക്കാൻ എഴുന്നേറ്റപ്പോഴാണ് മഴ പെയ്യുന്നുണ്ടെന്ന് അവനു മനസ്സിലായത്.

വീടിന്റെ പിൻഭാഗത്തു തൊടിയിലൊരിടത്തു കിടക്കുന്ന തൃക്കാക്കരപ്പനും മാതേവരും മഴവെള്ളമേറ്റു കുതിർന്നു നാശമാകുമെന്ന് അവൻ അപ്പോഴോർത്തു.

തൃക്കാക്കര പ്പനെയും മാതേവരെയുമെടുത്തതു മിനിഞ്ഞാനാണ്. അപ്പോഴും പൂജയുണ്ടായിരുന്നു. പക്ഷേ, അതു കാണാനൊന്നും ഉണ്ണിക്കുട്ടൻ മിനക്കെട്ടില്ല.

പൂജയ്ക്കുശേഷം തൃക്കാക്കരപ്പനെയും മാതേവരെയും വീട്ടിന്റെ പിൻഭാഗത്തു തൊടിയിലൊരിടത്തു കൊണ്ടുവന്നിടുകയാണുണ്ടായത്. ആവശ്യമില്ലാത്ത സാധനം തൊടിയിൽ കൊണ്ടുവന്നിടുകയല്ലാതെ പിന്നെന്താണു ചെയ്യുക എന്നൊരു ഭാവമായിരുന്നു എല്ലാവർക്കും! ഉണ്ണിക്കുട്ടനാകട്ടെ വല്ലാത്ത വിഷമം തോന്നി. തൊടിയിൽ ആരും ശ്രദ്ധിക്കാതെ അനാഥമായിക്കിടക്കുന്ന തൃക്കാക്കരപ്പനെയും മാതേവരെയും കണ്ടപ്പോൾ അവനു കരച്ചിൽ വന്നുപോയി!

ഇന്നലെയും മിനിഞ്ഞാനും പല പ്രാവശ്യവും ആ ദാരുണരംഗം കണ്ട് അവന്റെ മനസ്സു വേദനിച്ചു. ഇന്നു സ്കൂളിൽ പോകുന്നതുകൊണ്ട് ആ രംഗം അധികസമയം കാണാതെ കഴിക്കാം.

അതെന്തായാലും, താഴത്തെത്തിയ ഉടൻ ഉണ്ണിക്കുട്ടൻ തൃക്കാക്കരപ്പന്റെയും മാതേവരടെയും സ്ഥിതിയറിയാൻ വീട്ടിന്റെ പിൻഭാഗത്തേക്ക് ഓടിപ്പോയി. അവിടെ ചെന്നപ്പോൾ എന്തു പറയാനാണ്? ഉണ്ണിക്കുട്ടൻ ഒന്നു ഞെട്ടിക്കൊണ്ട് ഒരടി പിന്നോട്ടുവെച്ചു. തൃക്കാക്കരപ്പനും മാതേവരും കുതിർന്നലിഞ്ഞു കിടക്കുന്നു. ഒന്നിനും രൂപമില്ല. ഇപ്പോൾ തൃക്കാക്കരപ്പൻ, മാതേവര് എന്നൊന്നും അതിനെ പറഞ്ഞുകൂടാ. മഴവെള്ളത്തിൽ കുതിർന്നുകിടക്കുന്ന മണ്ണ് എന്നു പറയാം.

ഇത്രവേഗം ഇങ്ങനെയൊക്കെ ആയല്ലോയെന്നു സങ്കടത്തോടെ ഉണ്ണിക്കുട്ടൻ കുറച്ചുനേരം അവിടെത്തന്നെ നോക്കിക്കൊണ്ടു നിന്നു. കരയണമെന്നുണ്ടെങ്കിലും കരച്ചിൽ വരുന്നില്ല. ഹൃദയത്തിൽ മാത്രമല്ല, ശരീരമാസകലം വേദനിക്കുന്നതുപോലെ അവനു തോന്നി. അധികനേരം ഈ കാഴ്ച കണ്ടുകൊണ്ടു നില്ക്കുക വയ്യ. അവൻ ഉമിനീരി റക്കിക്കൊണ്ട് അവിടെനിന്ന് ഉമ്മറത്തേക്കു വന്നു.

മുറ്റത്ത് അവിടവിടെയായി വെള്ളം തളംകെട്ടി നില്ക്കുന്നുണ്ട്. തിണ്ടിന്മേൽ ചെറിയ ചെറിയ ചരൽക്കല്ലുകൾ തുറിച്ചെഴുന്നു

നില്ക്കുന്നു. ഒക്കെ ഇന്നലെ രാത്രിയിൽ പെയ്ത മഴയുടെ വേലകളാണ്!

മുത്തച്ഛനെയോ കുട്ടൻനായരെയോ കണ്ടാൽ തന്റെ മനസ്സിലെ വിഷാദത്തിനു ശമനമുണ്ടാകുമെന്ന് ഉണ്ണിക്കുട്ടന്നു തോന്നി. പക്ഷേ, രണ്ടാതെളയും കാണാനില്ലല്ലൊ?

തൊടിയിൽ കൊത്തിച്ചിനക്കിക്കൊണ്ടു മൂന്നാലു കോഴികളെ കണ്ടു. ഏതു വീട്ടുകാരുടെ കോഴികളാണാവോ? മുത്തച്ഛൻ കണ്ടാൽ ഓടിക്കും. അശ്രീകരങ്ങൾ എന്നാണ് മുത്തച്ഛൻ പറയുക.

ഇന്ന് മുറ്റം കാണാൻ ഒരു ഭംഗിയുമില്ല.

കഴിഞ്ഞ പത്തുപതിന്നാലു ദിവസങ്ങളായി മുറ്റം കാണാൻ എന്തൊരു ഭംഗിയായിരുന്നു! ചാണകമിട്ടു മെഴുകിയ മുറ്റത്ത് ആദ്യം പൂക്കളം! പിന്നെ, തൃക്കാക്കരപ്പൻ, മാതേവര്!

ഇപ്പോഴോ ഒന്നുമില്ല.

ഇങ്ങനോരോന്നു വിചാരിച്ചിരുന്നതുകൊണ്ടായില്ലല്ലൊ? സ്കൂളിൽ പോകണ്ടേ? കഴിഞ്ഞ ഒരാഴ്ചയായി സ്ലേറ്റും പുസ്തകവും കൈകൊണ്ടു തൊട്ടിട്ടേയില്ല.

ദിനകൃത്യങ്ങൾക്കുശേഷം കാപ്പി കഴിക്കാനായി അടുക്കളയിലേക്കു ചെന്നപ്പോൾ മുത്തശ്ശി ചോദിച്ചു:

"ഇന്നെന്താ ഒരമാന്തം? സ്കൂളിൽ പോകണ്ടേ?"

ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ ചോദ്യത്തിനു സമാധാനമൊന്നും പറയാതെ അവന്റെ കുഞ്ഞിപ്പലക എടുത്തിട്ടിരുന്നു.

കാപ്പിക്കു പലഹാരം ഇന്നും വറുത്തുപ്പേരിയും ശർക്കരയുപ്പേരി യുമാണ്.

'ഇതു തിന്നുതിന്നു മടുത്തു' എന്നു വിചാരിച്ചുകൊണ്ട്, ഉണ്ണിക്കുട്ടൻ വെറുപ്പോടെ ഒരു കഷണം വറുത്തുപ്പേരിയെടുത്തു വായിലേക്കിട്ടു. ലേശം പഴഞ്ചൊവയുണ്ട്. കറും മുറുന്നു കടിച്ചു തിന്നാനും കൊള്ളില്ല. ലേശമൊരു നനവും തട്ടിയപോലെ തോന്നുന്നു.

ഉണ്ണിക്കുട്ടൻ ഒരൊറ്റക്കഷണം വറുത്തുപ്പേരിയേ തിന്നുള്ളൂ. അല്ലെങ്കിൽത്തന്നെ വിശപ്പില്ല. പോരാത്തതിനു പഴകിയ, കടിച്ചാൽ പല്ലിന്മേ ലൊട്ടിപ്പിടിക്കുന്ന വറുത്തുപ്പേരിയുമാണ്. ആരു തിന്നാനാണ്?

അവൻ കാപ്പി മാത്രം കുടിച്ച് എഴുന്നേറ്റപ്പോൾ, അമ്മ പറഞ്ഞു: "ലേശം നെയ്യ്കൂട്ടി ഊണുകഴിച്ചിട്ട്" സ്കൂളിലേക്കു പോയാൽ മതി."

"ശരി."

ഉണ്ണിക്കുട്ടൻ അടുക്കളയിൽനിന്നു പോന്നു. വീട്ടിന്റെ അകത്തെല്ലാം ഇപ്പോഴും നേന്ത്രപ്പഴത്തിന്റെ മണമുണ്ട്. നേന്ത്രപ്പഴമെല്ലാം തീർന്നിരിക്കുന്നുവെങ്കിലും, കറുത്ത കരിവാളിച്ചു. ചുക്കിച്ചുളിഞ്ഞ കുലകൾ ഇപ്പോഴും വളകളിലവിടവിടെയായി

തുങ്ങിനില്ക്കുന്നു. അതിലേക്കു നോക്കുമ്പോൾ പേടി തോന്നും.

കുട്ടൻനായർ അതെല്ലാമഴിച്ചെടുത്ത്, തൊടിയിലേക്കെറിയാത്തതെന്താണാവോ? കാണുമ്പോൾ പേടിതോന്നിക്കുന്നു. ഇതിങ്ങനെ വളകളിൽ തുങ്ങി നിന്നുകൂടാ. കുട്ടൻനായരെ കണ്ടാൽ ഇപ്പോൾത്തന്നെ പറയണം.

കുട്ട്യേട്ടൻ സഞ്ചിയുമായി, ഉമ്മറത്തേക്ക് ഓടിപ്പോകുന്നതു കണ്ടു.

രാത്രിയിൽ മഴ പെയ്തതും, തൃക്കാക്കരയപ്പനും മാതേവരും മഴവെള്ളത്തിൽ കുതിർന്നു കിടക്കുന്നതും കുട്ട്യേട്ടൻ അറിഞ്ഞുകാണും. കുട്ട്യേട്ടനെന്താ? ഒക്കെ ഒരു നിസ്സാരമട്ടാണ്. ആയ്ക്കോട്ടെ.

സമയമാകുന്നു. സ്ലേറ്റിൽ നൂറുവരെ എഴുതിക്കൊണ്ടു പോകണം. പുസ്തകമെടുത്ത് ഇതുവരെ പഠിച്ചിട്ടില്ല. പാഠമെല്ലാം ഒരാവൃത്തി വായിക്കുകയും വേണം. ഓണം ഓണം എന്നു പറഞ്ഞ്, ഇതുവരെയും തുള്ളിച്ചാടിക്കളിക്കയായിരുന്നുവല്ലൊ!

ഇപ്പോൾ ഓണം കഴിഞ്ഞു. തൊടിയിലെ പൂക്കളധികവും തീർന്നു. ഇന്നലെ വിചാരിക്കാതെ മഴ പെയ്തു. തൃക്കാക്കരപ്പനും മാതേവരും മഴവെള്ളത്തിൽ കുതിർന്നുപോവുകയും ചെയ്തു. എല്ലാം കഴിഞ്ഞു. ഇനി, ഇന്നു മുതൽ പഴയപോലെ സ്കൂളിൽ പോയിത്തുടങ്ങണം. ഒരു രസവും തോന്നുന്നില്ല.

## പന്ത്രണ്ട്

മുത്തശ്ശി എപ്പോഴും പറയാറുണ്ട്, സ്കൂളിൽ ചെന്നാൽ മറ്റു കുട്ടികളുമായി വഴക്കിനൊന്നും പോകരുതെന്ന്. അത് മുത്തശ്ശി പറയാതെതന്നെ, ഉണ്ണിക്കുട്ടനറിയാം. ഉണ്ണിക്കുട്ടൻ ആരുമായും വഴക്കിനൊന്നും പോകാറില്ല. ബെല്ലടിക്കുന്നതിനു പത്തുപതിനഞ്ചു മിനിറ്റുള്ളപ്പോൾ സ്കൂളിലെത്തും. സ്കൂൾ വിട്ടാലുടൻ തിരിച്ചുവരികയും ചെയ്യും. ചിലപ്പോൾ കുറച്ചുനേരം റോഡിനരികെയുള്ള വെള്ളച്ചാലിൽനിന്ന്, മീൻപിടിക്കുന്നതും നോക്കി നില്ക്കും. അത്രതന്നെ!

ബെല്ലടിക്കുന്നതിനു കുറേ മുമ്പുതന്നെ, സ്കൂളിലെത്തുന്ന കുട്ടികളുണ്ട്. വികൃതി കാണിക്കാനാണ് അവർ വരുന്നത്. ഓടിച്ചാടി വികൃതികാണിച്ചു നടന്നാൽ തരക്കേടില്ല. സ്കൂൾ വളപ്പിലുള്ള മരങ്ങളിലേക്കെല്ലാം കല്ലുകളെടുത്തെറിയുന്നതെന്തിനാണ്? വല്ലവരുടെയും ദേഹത്തിൽ തട്ടിയാലോ?

എങ്ങോട്ടായാലും കല്ലുകളെടുത്തെറിയുന്നത്. ഉണ്ണിക്കുട്ടന് ഇഷ്ടമല്ല. ലാൽബഹാദൂർ ശാസ്ത്രതിജിയുടെ കഥ രാധിടീച്ചർ പറഞ്ഞു തന്നത്, എപ്പോഴും മനസ്സിലുണ്ട്.

ആരുമായും വഴക്കിനു പോകരുതെന്ന്, മുത്തശ്ശി പറയുന്നതു ശരി തന്നെ! പക്ഷേ, ഇങ്ങോട്ടു വഴക്കിനു വന്നാലോ? എന്താചെയ്യുക? മിണ്ടാതെ നില്ക്കുകയോ? ഉണ്ണിക്കുട്ടനതു വയ്യ. അതുകൊണ്ട് അച്യുതൻകുട്ടിയുമായി 'അടിപിടി' കൂടേണ്ടിവന്നു.

അച്യുതൻകുട്ടി ഒരടക്കവുമൊതുക്കവുമില്ലാത്ത ഒരു കുട്ടിയാണ്. എല്ലാ ദിവസവും സ്കൂളിൽ വരില്ല. ചിലപ്പോൾ രാവിലെ കണ്ടാൽ ഉച്ചയ്ക്കു കാണില്ല. ഉച്ചയ്ക്കു കണ്ടാൽ രാവിലെ കാണില്ല. പഠിപ്പിന്റെ കാര്യമാണെങ്കിൽ, അതും വളരെ മോശമാണ്. മുട്ടിയ കൈയിനു രാധിടീച്ചർ അടിക്കുന്ന കുട്ടികളിലൊരുവനാണ് അച്യുതൻകുട്ടി. അടികൊള്ളുമ്പോൾ ഒരക്ഷരംപോലും ശബ്ദിക്കില്ല. ഒന്നനങ്ങകപോലും ചെയ്യില്ല. അപ്പോൾ അടിയുടെ വേദന തനിക്കനുഭവപ്പെടുന്നുണ്ടോയെന്ന് ഉണ്ണിക്കുട്ടന്നു തോന്നാറുണ്ട്.

ഇങ്ങനെയെല്ലാമുള്ള അച്യുതൻകുട്ടിയുമായാണ്, ഉണ്ണിക്കുട്ടന് എതിരിടേണ്ടി വന്നത്.

രാധിടീച്ചർ ബോർഡിൽ ഒരു പറങ്കിമാങ്ങയുടെ ചിത്രം വരയ്ക്കുകയാണ്. ഉണ്ണിക്കുട്ടൻ കൗതുകത്തോടെ നോക്കിക്കൊണ്ടിരിക്കുന്നു.

അപ്പോൾ പിന്നിൽനിന്നു തലയ്ക്കൊരു തോണ്ടൽ. അനങ്ങിയില്ല. പിന്നെയും തോണ്ടൽ. അപ്പോഴും അനങ്ങിയില്ല. മൂന്നാമതും തോണ്ടിയ പ്പോൾ, തിരിഞ്ഞുനോക്കി. അച്യുതൻകുട്ടിയുടെ പണിയാണ്. അവൻ ഒരു പുച്ഛച്ചിരിയും ചിരിച്ചുകൊണ്ടിരിക്കുന്നു.

ഉണ്ണിക്കുട്ടൻ ചോദിച്ചു: "എന്തിനാ കുട്ടി തോണ്ടണ്?"

"തോന്നീട്ട!"

"ഞ്ഞി തോണ്ട്യാൽ കാണിച്ചുതരാം." ഉണ്ണിക്കുട്ടൻ കുറച്ച് ഉറച്ച സ്വരത്തിൽ പറഞ്ഞു.

"എന്താ കാണിച്ചുതരാ?"

"തോണ്ടിനോക്ക്."

അച്യുതൻകുട്ടി, വീണ്ടും തോണ്ടി.

ഉണ്ണിക്കുട്ടൻ ശ്രംവിട്ടതുപോലെ ടീച്ചറുടെ അടുത്തേക്കോടിച്ചെന്നു പറഞ്ഞു: "അച്യുതൻകൂട്ടി. പിന്നിൽനിന്ന് എന്നെ തോണ്ടണു."

" എന്ത്?" ടീച്ചർ ചിത്രം വരയ്ക്കുന്നതു നിർത്തി മുഖം തിരിച്ചു കൊണ്ടു ചോദിച്ചു.

"അച്യുതൻകുട്ടി എന്നെ തോണ്ട്ണു."

"ഉവ്വോ, അച്യുതൻകുട്ടീ?" എന്നു ചോദിച്ചുകൊണ്ട് ടീച്ചർ

അച്യുതൻകുട്ടിയുടെ അടുത്തേക്കു ചെന്നു.

അച്യുതൻകുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു: “ഇല്ല.”

ഇല്ലത്രെ ശുദ്ധ നുണ!

ഉണ്ണിക്കുട്ടൻ പറഞ്ഞു: “നൊണ പറയ്യാണ് എന്നെ തോണ്ടിക്കണു.”

“ഇല്ല, ഞാൻ തോണ്ടീട്ടില്ല.” അച്യുതൻകുട്ടി ഉറച്ച സ്വരത്തിൽ പറഞ്ഞു.

“ഉണ്ണിക്കുട്ടന്റെ അടുത്തിരിക്കുന്ന കൃഷ്ണൻകുട്ടി എഴുന്നേറ്റു നിന്നു.

ടീച്ചർ ചോദിച്ചു: “എന്താ കൃഷ്ണൻകുട്ടീ?”

“അച്യുതൻകുട്ടി തോണ്ടണത്, ഞാൻ കണ്ടു.” വാദി, പ്രതി, സാക്ഷി—മൂന്നുപേരെയും മാറിമാറി നോക്കിക്കൊണ്ട്, രാധടീച്ചർ ഒരു നിമിഷനേരം നിന്നു. എന്നിട്ട് അവർ പറഞ്ഞു:

“അച്യുതൻകുട്ടി തോണ്ടണത് കൃഷ്ണൻകുട്ടി കണ്ടിരിക്കുന്നു. അപ്പോൾ അച്യുതൻകുട്ടി നുണ പറയുകയാണ്. അല്ലേ?”

ഇതു കേട്ടപ്പോൾ അച്യുതൻകുട്ടി പരിഭ്രമിച്ചു. എന്താണു മറുപടി പറയുക? ഒന്നും പറയാൻ തോന്നുന്നില്ല.

അച്യുതൻകുട്ടിയുടെ വിഷമം മനസ്സിലാക്കിക്കൊണ്ട് ടീച്ചർ പറഞ്ഞു:

“അച്യുതൻകുട്ടീ, ഇനി നീ തോണ്ടിരുത്; മനസ്സിലായോ?

‘മനസ്സിലായി’ എന്ന അർത്ഥത്തിൽ, അച്യുതൻകുട്ടി തലയാട്ടി.

“ശരി, മൂന്നാളും അവരവരുടെ സ്ഥലത്തിരിക്കിൻ.” മൂന്നുപേരും ഇരുന്നു.

ഉണ്ണിക്കുട്ടന് രാധടീച്ചറുടെ തീരുമാനം അത്ര തൃപ്തിയായില്ല. ടീച്ചർ അച്യുതൻകുട്ടിയോട് ചെന്ന് ദേഷ്യപ്പെട്ടു സംസാരിക്കുകപോലും ചെയ്തില്ല. രാധടീച്ചർ പറഞ്ഞു: “നിങ്ങൾ മിടുക്കന്മാരും, മിടുക്കികളുമായ കുട്ടികളായിരിക്കണമെന്ന്, ഒരു ദിവസം എത്രയെത്ര പ്രവശ്യം പറയുന്നു! ക്ലാസ്സിൽ വരുന്നതു പഠിക്കാനാണ്. അല്ലാതെ തോണ്ടിക്കളിക്കാനല്ല. ഇപ്പോൾ ഇവിടെയുണ്ടായതെന്താണ്? അച്യുതൻകുട്ടി, ഉണ്ണിക്കുട്ടനെ തോണ്ടി. തോണ്ടിയോ എന്നു ചോദിച്ചപ്പോൾ, ഇല്ലെന്നു പറഞ്ഞു. അതൊരു നുണ. നുണ പറയുന്നതു നന്നല്ല. ഒരു കാര്യം ചെയ്തിട്ട് ചെയ്തില്ലെന്നു പറയുന്നതു ശരിയാണോ? എന്താ, ആരുമൊന്നും മിണ്ടാത്തത്?”

“അല്ല, അല്ല.” കുട്ടികളെല്ലാവരുംകൂടി ഒന്നിച്ചുചേർന്നു പറഞ്ഞു.

രാധടീച്ചർ സംതൃപ്തിയോടെ പറങ്കിമാങ്ങയുടെ ചിത്രത്തിന്റെ ബാക്കിഭാഗം വരയ്ക്കാൻ തുടങ്ങി.

ടീച്ചർ എന്തു പറഞ്ഞാലും ശരി, അച്യുതൻകുട്ടിയോട് ഒന്നു.

ദേഷ്യപ്പെടുകയെങ്കിലും ചെയ്യേണ്ടതായിരുന്നു. ഉണ്ണിക്കുട്ടൻ വീണ്ടും വിചാരിച്ചു ഒന്നുംരണ്ടും പ്രാവശ്യമല്ല. മൂന്നു പ്രാവശ്യമാണു തോണ്ടിയത്.

ഉണ്ണിക്കുട്ടൻ തിരിഞ്ഞുനോക്കി. അച്യുതൻകുട്ടി പുച്ഛഭാവത്തിൽ ഒന്നും നടക്കാത്തതുപോലെ തല ഉയർത്തിപ്പിടിച്ചുകൊണ്ടിരുന്നു. ഉണ്ണിക്കുട്ടന്നു. ദേഷ്യവും സങ്കടവും തോന്നി.

ഉച്ചയ്ക്ക് ഊണു കഴിക്കാൻ പോകാൻ ബെല്ലടിച്ചപ്പോൾ അച്യുതൻ കുട്ടി ഉണ്ണിക്കുട്ടനെ തൊട്ടുതൊട്ടില്ല എന്ന വിധത്തിലൊരോട്ടമോടിയാണ് പുറത്തേക്കു പോയത്. ഓട്ടത്തിന്റെ സ്പീഡിൽതന്നെ തള്ളിയിടണമെന്ന ഉദ്ദേശ്യത്തോടെയാണ് അവനതു ചെയ്തതെന്ന് ഉണ്ണിക്കുട്ടനു മനസ്സിലായി. വീഴാഞ്ഞത് നന്നായി. ഇനി വീണുവെന്നുതന്നെയിരിക്കട്ടെ. എന്തിനാണു തള്ളിവീഴ്ത്തിയതെന്ന് ടീച്ചർ ചോദിച്ചാൽ ഓടുമ്പോൾ അബദ്ധത്തിൽ പറ്റിയതാണെന്നു പറഞ്ഞു രക്ഷപ്പെടാമല്ലൊ, അച്യുതൻ കുട്ടി വല്ലാത്ത വിരുതനാണ്.

ഊണു കഴിക്കാൻ വീട്ടിലേക്കു പോകുമ്പോൾ, ഉണ്ണിക്കുട്ടൻ കുട്ട്യേട്ടനോടു പറഞ്ഞു: “ആ അച്യുതൻകുട്ടി എന്നെ എപ്പളും തോണ്ടാണ്.”

“നീയ്യ് അങ്ങട്ടും തോണ്ടിക്കോ. കഴിഞ്ഞില്ലേ?”

നല്ല ഉപദേശം! അങ്ങനെയാണെങ്കിൽ ഈ തോണ്ടൽ അവസാനിക്കലുണ്ടോ? മുമ്പിലത്തെ ബെഞ്ചകളിലിരിക്കുന്ന കുട്ടികളെ പിന്നിലുള്ളവർ തോണ്ടാൻ തുടങ്ങിയാൽ അതു നിർത്താൻ പറ്റില്ലേ?

ഉണ്ണിക്കുട്ടൻ പിന്നെ കുട്ട്യേട്ടനോട് ഒന്നും ചോദിച്ചില്ല. കുട്ട്യേട്ടനോട് എന്തു പറഞ്ഞാലും ഒരു നിസ്സാരഭാവമാണ്.

അച്യുതൻകുട്ടി. അടങ്ങിയിരിക്കുമെന്നു തോന്നുന്നില്ല. ടീച്ചറുടെ മുമ്പിൽ പാവത്തം കാണിച്ചു നിന്നതൊക്കെ വെറുതെയാണ്. അഭിനയമാണ്. അത് ഉച്ചയ്ക്കുശേഷംതന്നെ മനസ്സിലാവുകയും ചെയ്തു.

ഉച്ചയ്ക്കു രണ്ടുമണിക്കു ബെല്ലടിച്ചു. കുട്ടികൾ അവരവരുടെ സ്ഥലത്തു വന്നിരിക്കുന്ന ധൃതിയിലായിരുന്നു. ടീച്ചർ ക്ലാസിൽ വന്നിട്ടില്ല.

ഉണ്ണിക്കുട്ടൻ അവന്റെ സീറ്റിൽ വന്നിരുന്നു. തലയിലല്ല, പിടലിയിൽ ശ ക്തിയായൊരു തോണ്ടൽ. ആരാണെന്നു സംശയിക്കേണ്ടതില്ല. അച്യുതൻകുട്ടിതന്നെ.

ഉണ്ണിക്കുട്ടൻ ചാടിയെഴുനേറ്റു തിരിഞ്ഞുനിന്നുകൊണ്ടു ചോദിച്ചു:

“തോണ്ടലു നിർത്തില്ല, അല്ലേ?”

“ഇല്ല.”

രണ്ടിലൊന്നു തീർച്ചപ്പെടുത്തണമെന്ന ഭാവത്തിൽ ഉണ്ണിക്കുട്ടൻ അച്യുതൻകുട്ടിയുടെ അടുത്തുചെന്ന് അവന്റെ മുഖത്ത് ഒന്നല്ല, മൂന്നുപ്രാവശ്യം തോണ്ടി.

ഉണ്ണിക്കുട്ടൻ ഇത്രയും കടന്നു പ്രവർത്തിക്കുമെന്ന് അച്യുതൻകുട്ടി കരുതിയിരുന്നില്ല. ദേഷ്യം അവനും വന്നു. അവനും ഉണ്ണിക്കുട്ടന്റെ മുഖത്തു തോണ്ടി.

ഉണ്ണിക്കുട്ടനും വിട്ടില്ല; വീണ്ടും വീണ്ടും തോണ്ടി.

അച്യുതൻകുട്ടി ഉണ്ണിക്കുട്ടന്റെ മുഖത്ത് ഒരടിവെച്ചുകൊടുത്തു.

ഉണ്ണിക്കുട്ടൻ സർവശക്തിയുമുപയോഗിച്ച് അച്യുതൻകുട്ടിയെ ഒരു തള്ളുതള്ളി. അച്യുതൻകുട്ടി ചുമരിൽ ചെന്നടിച്ചു വീണു.

“നിന്നെ ഞാൻ,” എന്നു പറഞ്ഞ് എഴുന്നേല്ക്കാൻ ഭാവിച്ചപ്പോഴേക്കും ടീച്ചർ ക്ളാസ്റൂമിലേക്കു വന്നു.

രംഗം നിശ്ശബ്ദമായി!

അച്യുതൻകുട്ടി ചുണ്ടുകൾ തുടച്ചു നിലത്തു തുപ്പി– ചോര!

“എന്താത്? ടീച്ചർ അച്യുതൻകുട്ടിയുടെ അടുത്തുവന്നു ചോദിച്ചു.

“ഉണ്ണിക്കുട്ടൻ എന്നെ ഉന്തിത്തള്ളീട്ടു.” അച്യുതൻകുട്ടി കരയാൻ ഭാവിച്ചുകൊണ്ടു പറഞ്ഞു.

“എന്റെ ചെകിടത്തെന്തിനേ അടിച്ചത്?”

ഉണ്ണിക്കുട്ടൻ ചോദിച്ചു.

ടീച്ചർ അച്യുതൻകുട്ടിയുടെ ചുണ്ടുകളിൽ തൊട്ടുനോക്കി. മുറിവൊന്നുമില്ല. വായ പൊളിക്കാൻ പറഞ്ഞു.

അച്യുതൻകുട്ടി വായ പൊളിച്ചു.

സാരമില്ല. ചോരയൊലിക്കുന്നതു പല്ലിന്റെ ഇടയിൽനിന്നാണ്.

അച്യുതൻകുട്ടിയെ പുറത്തേക്കു കൊണ്ടുവന്ന് വായിൽ വെള്ളം പകർന്നുകൊടുത്ത് കുലുക്കുഴിഞ്ഞു തുപ്പിച്ചു. ചോരയൊലിപ്പു നിന്നു.

ടീച്ചറും അച്യുതൻകുട്ടിയും ക്ലാസ്റൂമിലേക്കു വന്നു. അച്യുതൻ കുട്ടി, അവന്റെ സീറ്റിൽ ചെന്നിരുന്നു. ഉണ്ണിക്കുട്ടൻ പരിഭ്രമത്തോടെ രാധിടീച്ചറെയും അച്യുതൻകുട്ടിയെയും നോക്കി. ഇനി എന്താണുണ്ടാവുകയാവോ? ഒന്നും കല്പിച്ചുകൂട്ടി ചെയ്തതല്ല.

ടീച്ചർ ചോദിച്ചു: “എന്തേബ്ടെ നടന്നത്?”

കൃഷ്ണൻകുട്ടി എഴുന്നേറ്റുനിന്നു നടന്ന സംഗതികളെല്ലാം വിസ്തരിച്ചു പറഞ്ഞു.

എല്ലാം കേട്ടശേഷം ടീച്ചർ എല്ലാവരോടുമായി ചോദിച്ചു: “കൃഷ്ണൻ കുട്ടി പറഞ്ഞതെല്ലാം ശരിയാണോ?”

“അതേ, അതേ.” കുട്ടികളെല്ലാവരുംകൂടി ചേർന്നു പറഞ്ഞു.

അച്യുതൻകുട്ടിയെയും ഉണ്ണിക്കുട്ടനെയും ടീച്ചർ മേശയ്ക്കു മുമ്പിൽ വിളിച്ചു നിർത്തി.

“തെറ്റ് നിങ്ങൾ രണ്ടാളുടെ കൈയിലുമുണ്ട്. ചെറിയൊരു ശിക്ഷ തന്നേ ഒക്കൂ.”

എന്താണു ശിക്ഷ? ഉണ്ണിക്കുട്ടൻ പരിഭ്രമത്തോടെ ടീച്ചറുടെ മുഖത്തേക്കു

നോക്കി.

ശിക്ഷ!

അച്യുതൻകുട്ടിയും ഉണ്ണിക്കുട്ടനും അഭിമുഖമായി നിന്നു. അച്യുതൻ കുട്ടി ഉണ്ണിക്കുട്ടന്റെയും ഉണ്ണിക്കുട്ടൻ അച്യുതൻകുട്ടിയുടെയും ചെവികൾ പിടിച്ചു. ടീച്ചർ ഒന്ന് എന്നു പറഞ്ഞപ്പോ ഇരുവരും ചെവികൾ വിടാതെ ഇരുന്നെഴുന്നേല്ക്കുക. രണ്ട് എന്നു പറയുമ്പോൾ വീണ്ടും ചെവികൾ വിടാതെ ഇരുന്നെഴുന്നേല്ക്കുക–ഇങ്ങനെ പത്തു പ്രാവശ്യം ആവർത്തിച്ചു.

“ശരി. രണ്ടു പേരും അവരവരുടെ സ്ഥലത്തു പോയിരിക്കിൻ.” ടീച്ചർ പറഞ്ഞു.

രണ്ടുപേരും അവരവരുടെ സീറ്റിൽ ചെന്നിരുന്നു.

ഉണ്ണിക്കുട്ടന് ആകപ്പാടെ ഒരമ്പരപ്പു തോന്നി. എന്തൊക്കെയാണിപ്പോൾ ഉണ്ടായത്? ഒന്നും ഓർമ്മയിൽ വരുന്നില്ല. ടീച്ചർ പറയുന്നതൊന്നും മനസ്സിലാകുന്നില്ല. വേഗം സ്കൂൾ വിട്ടാൽ മതിയായിരുന്നു. അവൻ അച്യുതൻകുട്ടിയുടെ മുഖത്തേക്കു നോക്കി. അവനു യാതൊരു ഭാവഭേദവുമില്ല.

ടീച്ചറിൽനിന്ന് ആദ്യമായാണ് ഇങ്ങനെയൊരു ശിക്ഷ കിട്ടുന്നത്. ഇത് കുട്ട്യേട്ടനറിയുമോ? അറിഞ്ഞാൽ വീട്ടിലെല്ലാവരോടും പറയും.

അച്യുതൻകുട്ടി തോണ്ടിയപ്പോൾ രാവിലത്തെപ്പോലെ ടീച്ചറോടു പറഞ്ഞാൽ മതിയായിരുന്നു. രണ്ടാമതും തോണ്ടിയിരിക്കുന്നുവെന്നറിഞ്ഞാൽ ടീച്ചർ ചെവിക്കു പിടിച്ചു തിരുമ്പുകയെങ്കിലും ചെയ്യുമായിരുന്നില്ലേ?

ലാൽബഹാദൂർശാസ്ത്രിജിയുടെ ചിത്രം അവന്റെ മനസ്സിൽ തെളിഞ്ഞുവന്നു. ശാസ്ത്രതിജി കുട്ടിക്കാലത്തു മറ്റു കുട്ടികളുമായി അടികലശൽ കൂടിയിരിക്കുമോ? അച്യുതൻകുട്ടിയെപ്പോലെ മേയ്ക്കട്ടു കയറുന്ന വല്ല കുട്ടികളും ശാസ്ത്രതിജിയുടെ ക്ലാസ്സിലുണ്ടായിരുന്നുവെങ്കിൽ അദ്ദേഹവും അടികലശൽ കൂടിയിരിക്കും.

ടീച്ചർ എന്തൊക്കെയോ പറയുന്നു. ഒന്നും മനസ്സിലാകുന്നില്ല. വേഗം ബെല്ലടിച്ചു കേൾക്കാനാശിച്ചുകൊണ്ട്, ഉണ്ണിക്കുട്ടൻ വിരസതയോടെ നിമിഷങ്ങളെണ്ണിക്കൊണ്ടിരുന്നു.

# പതിമൂന്ന്

തന്റെ സഹപാഠികളിൽ ഉണ്ണിക്കുട്ടന്റെ ഏറ്റവും വലിയ സുഹൃത്ത് കൃഷ്ണൻകുട്ടിയാണ്. സ്കൂളിലെത്തിയാൽ എപ്പോഴും കൃഷ്ണൻ കുട്ടിയോടു കൂടെയാണ്. അച്യുതൻകുട്ടിയുമായുണ്ടായ വഴക്കിൽ തനിക്കു സാക്ഷി പറഞ്ഞു എന്ന കാരണംകൊണ്ടു മാത്രമല്ല, ഈ സൗഹൃദബന്ധം നാനെടുത്തിട്ടുള്ളത്. കൃഷ്ണൻകുട്ടിയെ ആദ്യമായി കണ്ട ദിവസംമുതൽ അവനെ ഇഷ്ടപ്പെട്ടു. അവന്റെ സാമീപ്യത്തിൽ എന്തെന്നില്ലാത്ത സന്തോഷവും സുരക്ഷിതബോധവും തോന്നി.

കൃഷ്ണൻകുട്ടി തോർത്തമുണ്ടും ഷർട്ടും ധരിച്ചാണ് സ്കൂളിൽ വരിക. അവയാകട്ടെ, അവിടവിടെയായി പിഞ്ഞിക്കീറിയതുമായിരിക്കും. കൃഷ്ണൻകുട്ടിയുടെ പിഞ്ഞിക്കീറിയ ഷർട്ടിന്റെ തുണിയെപ്പോലെയുള്ളതാണ് അച്ഛന്റെ തലയിണശ്ശീലയും. കുറ്റിത്തലമുടിയും തെളുതെളുന്നനെയുള്ള പല്ലുകളുമുള്ള കൃഷ്ണൻകുട്ടി രാവിലെ സ്കൂളിലേക്കു വരുമ്പോൾ ഭസ്മക്കുറി തൊട്ടിട്ടുണ്ടാകും. കുറച്ചു കഴിയുമ്പോഴേക്കു ഭസ്മക്കുറി മാഞ്ഞുപോകയും ചെയ്യും. നെറ്റി വിയർക്കുന്നതു കൊണ്ടാകാം.

കൃഷ്ണൻകുട്ടിയുടെ പൊക്കിളിന്റെ സ്ഥാനത്തുതന്നെ ചെറിയൊരു നെല്ലിക്കിയോളം പോന്ന ഒരു മുഴയുള്ളത് ഒരു ദിവസം ഓടിച്ചാടി കളിക്കുമ്പോഴാണു കണ്ടത്. എന്താണവിടെ അങ്ങനെ ഒരു മുഴ വരാൻ കാരണം? മുത്തശ്ശിയോടു ചോദിച്ചു. മുത്തശ്ശി പറഞ്ഞത്. പ്രസവിച്ചു വീണ് ഉടൻ പൊക്കിൾക്കൊടി മുറിച്ചതു ശരിയാകാത്തതുകൊണ്ടാണെന്നാണ്. വീട്ടിലാർക്കും പൊക്കിളിന്റെ സ്ഥാനത്തു മുഴയില്ല. പക്ഷേ, രണ്ടുവിധത്തിലുള്ള പൊക്കിളുള്ളവരുണ്ട്. രണ്ടു വിധത്തിലുള്ള പൊക്കി ളാണേത! കഞ്ഞിപൊക്കിളും ചോറ്റുപൊക്കിളും. ആരാണാവോ പൊക്കിളിന് ഈമാതിരി പേരുകൾ കൊടുത്തത്? ഏതായാലും തന്റെ പൊക്കിൾ ശരിയായിത്തന്നെയാണ് വേലത്തി ചിരുത മുറിച്ചിരിക്കുന്നത്.

കൃഷ്ണൻകുട്ടിയുടെ പൊക്കിളിന്റെ സ്ഥാനത്തള്ള മുഴ കാണാൻ യാതൊരു ഭംഗിയുമില്ല. ഉണ്ണിക്കുട്ടന് അത് കാണുമ്പോഴൊരു അറപ്പാണ്. തൊട്ടുനോക്കാൻ തോന്നുമെങ്കിലും തൊട്ടുനോക്കുന്നതു ശരിയല്ലല്ലൊ! അതൊന്നും അത്ര കാര്യമല്ല. കൃഷ്ണൻകുട്ടി ദിവസവും സ്കൂളിൽ വരണം. എന്നാലേ സമാധാനം തോന്നുകയുള്ളൂ. ഉണ്ണിക്കുട്ടനു സമാധാനം തോന്നാനെന്നോണം കൃഷ്ണൻകുട്ടി അധികദിവസവും സ്കൂളിൽ വരികയും ചെയ്യും. പിറന്നാൾദിവസവുംകൂടി അവൻ വരാതിരുന്നിട്ടില്ല. ഈയിടെ ഒരു

ദിവസം വല്ലാതെ മഴപെയ്തപ്പോൾ മാത്രം സ്കൂളിൽ വന്നില്ല. അന്ന് ഉണ്ണിക്കുട്ടന്റെ വലതുഭാഗത്തു ചെകിടൊലിപ്പുദീനമുള്ള ഒരു കുട്ടിയാണിരുന്നത്. എന്തൊരു നാറ്റമായിരുന്നുവെന്നോ? കെട്ട നീറ്റടയ്ക്കയേക്കാളും ചീത്ത നാറ്റം. ഓക്കാനിക്കാൻ തോന്നി. ഉച്ചയ്ക്കു വീട്ടിൽ ചെന്ന് ഊണു കഴിച്ചുകൊണ്ടിരിക്കുമ്പോഴും ആ നാറ്റം ചുറ്റും തങ്ങിനില്ക്കുന്നപോലെ തോന്നി. എന്താണിങ്ങനെയൊരു സുഖക്കേട്?

എങ്ങനെയാണിതുണ്ടാകുന്നത്? ചെകിടൊലിപ്പുദീനമുള്ള ചെവിയിൽ മുല്ലപ്പൂവോ ചെമ്പകവൂവോ തിരുകിവെച്ചാൽ നാറ്റമില്ലാതാകുമോ? കൃഷ്ണൻകുട്ടി ദിവസവും ഈ നാറ്റം സഹിക്കുന്നുണ്ടല്ലോ. സമ്മതിക്കണം!

കളിയിൽ കൃഷ്ണൻകുട്ടി ബഹുമിടുക്കനാണ്. ഓടാനും ചാടാനും കൊന്തിക്കളിക്കാനും തവളചാട്ടത്തിനുമെല്ലാം വമ്പനാണ്. പമ്പരം കളിക്കാനും വട്ടുരുട്ടിക്കളിക്കാനും കവണയെറിയാനും അവനറിയാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും കണ്ടിട്ടില്ല. അപ്പോൾ കൃഷ്ണൻകുട്ടി ചെറിയൊരു അപ്പുണ്ണിയാണെന്നു പറയാം.

കൃഷ്ണൻകുട്ടി പലപ്രാവശ്യവും ഉണ്ണിക്കുട്ടനെ അവന്റെ വീട്ടിലേക്കു ക്ഷണിച്ചിട്ടുണ്ടെങ്കിലും ഉണ്ണിക്കുട്ടന്നു പോകാൻ സാധിച്ചിട്ടില്ല. കൃഷ്ണൻ കുട്ടിയുടെ വീട് സ്കൂളിൽനിന്നു കുറച്ചധികം ദൂരത്താണ്. അങ്ങാടിയും മത്സ്യമാർക്കറ്റുമെല്ലാം കഴിഞ്ഞു പിന്നെയും പോകണം. ഇത്രയധികം ദൂരത്തേക്കു പോയെന്നറിഞ്ഞാൽ വീട്ടിലെല്ലാവരും ദേഷ്യപ്പെട്ടു ചാടും. അച്ഛനറിഞ്ഞാൽ നല്ല 'പെട്' പെടയ്ക്കുകയും ചെയ്യും.

കൃഷ്ണൻകുട്ടി ഉണ്ണിക്കുട്ടന്റെ പിറന്നാളിന് ഊണുകഴിക്കാൻ വന്നിട്ടുണ്ട്. സ്ലേറ്റ് മായ്ക്കാൻ വെള്ളത്തണ്ടു പറിക്കാൻ ഇടയ്ക്കിടയ്ക്കു വരാറുമുണ്ട്.

ഇത്രയൊക്കെയായിട്ടും കൃഷ്ണൻകുട്ടിയുടെ വീട്ടിൽ പോയിട്ടില്ല. ഇപ്പോൾ കഴിഞ്ഞ കുറച്ചുദിവസമായി കൃഷ്ണൻകുട്ടി ഉണ്ണിക്കുട്ടന്റെ പിന്നാലെ വിടാതെ കൂടിയിരിക്കയാണ്. "ഒരു ദിവസം എന്റെ വീട്ടിലേക്കൊന്നു വരൂ. ഒരു ദിവസം എന്റെ വീട്ടിലേക്കൊന്നു വരൂ' പാടിയ പല്ലവിതന്നെ വീണ്ടും വീണ്ടും പാടുകയാണ്.

എങ്ങനെ പോകാനാണ്? വീട്ടിൽ ചോദിച്ചാൽ സമ്മതിക്കില്ല, തീർച്ചയാണ്. പോരാത്തതിന് ഇപ്പോൾ മഴക്കാലവുമാണ്. എന്താണൊരു വഴി?

എന്തുവന്നാലും ശരി. ഇന്ന് കൃഷ്ണൻകുട്ടിയുടെ വീട്ടിൽ പോകണം. ഒടുവിൽ ഒരു ദിവസം തീർച്ചയാക്കി.

അവൻ കൃഷ്ണൻകുട്ടിയോടു പറഞ്ഞു: "ഇന്നു വൈകുന്നേരം

മഴയില്ലെങ്കിൽ കുട്ടീടെ വീട്ടിലേക്കു വരാം."

'നേരോ?"

'അതേ' എന്നർത്ഥത്തിൽ ഉണ്ണിക്കുട്ടൻ തലയാട്ടി.

ജന്മാന്തരംതന്നെ! വൈകുന്നേരം സ്കൂൾ വിട്ടപ്പോൾ മഴക്കോളൊന്നുമുണ്ടായിരുന്നില്ല. റോഡും അമ്പലക്കുളവും വീടുകളും തൊടികളുമെല്ലാം ചൂടില്ലാത്ത മഞ്ഞുവെയിലിൽ മുങ്ങിനില്ക്കുകയാണ്. ഇന്നിനി സംശയിക്കേണ്ടതില്ല. വരുന്നതു വരട്ടെയെന്നു കരുതി, കൃഷ്ണൻ കുട്ടിയോടൊപ്പം അവന്റെ വീട്ടിലേക്കു നടന്നു. പോകേണ്ടതു തന്റെ വീടിന്റെ മുമ്പിൽക്കൂടെയായതുകൊണ്ടു വീട്ടിൽനിന്നു വല്ലവരും കണ്ടാലോയെന്നു സംശയമുണ്ട്. ആരും കാണരുതേയെന്നു പ്രാർത്ഥിച്ചു കൊണ്ട്, ഇടവും വലവും നോക്കാതെ ധൃതിയിൽ നടന്നു. വീട്ടിന്റെ മുമ്പിലുള്ള ഗേറ്റിനടുത്തെത്തിയപ്പോൾ നടത്തതിനു വേഗത കൂട്ടി. വീടിന്റെ അതിർത്തി കഴിഞ്ഞിട്ടും പരിഭ്രമം തീരുന്നില്ല. വീട്ടിൽനിന്നു വല്ലവരും പിന്നാലെ വന്ന് പിടിച്ചുകൊണ്ടു പോയാലോ?

ജനനിബിഡമായ അങ്ങാടികൾ കഴിഞ്ഞ്, ദുർഗന്ധം തങ്ങി നില്ക്കുന്ന മത്സ്യമാർക്കറ്റും കഴിഞ്ഞ് ലേശംകൂടി നടന്നപ്പോൾ വലത്തോട്ടു തിരിയുന്ന ഒരു ഇടവഴി കണ്ടു. ഇരുഭാഗവും മുള്ളുവേലി കെട്ടിയ ഇടുങ്ങിയ ഇടവഴിയിലേക്കു കടന്നപ്പോൾ ഒരുതരം നനഞ്ഞ ഇരുട്ടു ചുറ്റും തങ്ങിനില്ക്കുന്നതുപോലെ തോന്നി. ഇടവഴിയിൽ അവിടവിടെയായി വെള്ളം തളംകെട്ടി നില്ക്കുന്നുണ്ട്.

ഇടവഴിയുടെ വലത്തുഭാഗത്തെ മൂന്നാമത്തെ വീടാണ് കൃഷ്ണൻകുട്ടിയുടേത്. നനഞ്ഞു കുതിർന്ന് പൂപ്പൽപിടിച്ച് ഇളകിക്കളിക്കുന്ന ഒരു പടിയാണ് വീടിന്റേത്. പടി കയറി ഇറങ്ങിയപ്പോൾ വീണുപോകുമോയെന്നു ഭയപ്പെട്ടു.

വൈക്കോൽ മേഞ്ഞ നന്നേ ചെറിയൊരു വീട്. വീടിന്റെ നാലു ഭാഗത്തും പേരിനുമാത്രം ലേശം മുറ്റമുണ്ട്. തൊടിയെന്നത് ഇല്ലേയില്ല. പിൻഭാഗത്തെ മുറ്റത്ത് ഒരു മുരിങ്ങമരം ഉണ്ട്. ഉമ്മറത്തെ തിണ്ണയുടെ ഒരറ്റത്തു നിന്നരയ്ക്കാൻ പാകത്തിൽ ഒരമ്മി വെച്ചിട്ടുണ്ട്.

വീട്ടിൽ ചെന്നപ്പോൾ കൃഷ്ണൻകുട്ടിയുടെ അമ്മ അവിടെയില്ല. ലേശം കഴിഞ്ഞപ്പോഴേക്കും. ഒരു ചെപ്പുകുടം വെള്ളവുമായി അവർ ഉമ്മറത്തു വന്നുകയറി. '

വീട്ടിൽ കിണറുണ്ടാവില്ല.' ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു.

വീട്ടിൽ ഇടയ്ക്കിടയ്ക്കു പാട്ടു പാടാൻ വരുന്ന പുള്ളുവത്തിയുടെ ഛായയുണ്ടോ, കൃഷ്ണൻകുട്ടിയുടെ അമ്മയ്ക്ക്? പുള്ളവത്തിയെപ്പോലെ, കൃഷ്ണൻകുട്ടിയുടെ അമ്മയെ കാണാനും നല്ല ഭംഗിയുണ്ട്.

അമ്മ കോലായിലിട്ടിട്ടുള്ള ചാക്കിൻകഷ്ണത്തിൽ കാലടികൾ ചവുട്ടിത്തേച്ച് അകത്തേക്കു കടന്നപ്പോഴാണ്. അവരുടെ വയർ വീർത്തിരിക്കുന്നതായി, ഉണ്ണിക്കുട്ടൻ കണ്ടത്.

'കൃഷ്ണൻകുട്ടിയുടെ അമ്മയുടെ വയറ്റിലൊരു കുട്ടിയുണ്ട്.'അവൻ വിചാരിച്ചു.

ചെപ്പുകുടം അകത്തു കൊണ്ടുപോയി വെച്ച് ഉമ്മറത്തേക്കു വന്നപ്പോൾ, കൃഷ്ണൻകുട്ടി അമ്മയോടു പറഞ്ഞു: "അമ്മേ! ഉണ്ണിക്കുട്ടൻ എന്റെ ക്ലാസ്സിലാണ് പഠിക്കുണ്."

"കുട്ടി എവിടുത്ത്യാ?" അമ്മ വാത്സല്യത്തോടെ ചോദിച്ചു.

ഉണ്ണിക്കുട്ടൻ തന്റെ വീട്ടുപേരു പറഞ്ഞുകൊടുത്തു.

മുത്തച്ഛന്റെ പേരു പറഞ്ഞ്, അവിടത്തെയല്ലേയെന്നവർ ചോദിച്ചു.

"അതേ." ഉണ്ണിക്കുട്ടൻ പറഞ്ഞു.

പെട്ടെന്ന് മുത്തച്ഛന്റെ ചിത്രം ഉണ്ണിക്കുട്ടന്റെ മനസ്സിൽ തെളിഞ്ഞവന്നു. ഈ മുത്തച്ഛൻ വല്ലാത്തൊരാളുതന്നെയാണ്. നാട്ടിലെല്ലാവർക്കും മുത്തച്ഛനെ അറിയാം. എപ്പോഴുമിങ്ങനെ പുറത്തിറങ്ങി നടക്കുന്നതുകൊണ്ടാവും.

കൃഷ്ണൻകുട്ടിയുടെ അമ്മയെ ഉണ്ണിക്കുട്ടനിഷ്ടപ്പെട്ടു, പുള്ളുവത്തിയെപ്പോലെതന്നെ! പുള്ളൂവത്തി ബ്ലൗസിടില്ല. കൃഷ്ണൻകുട്ടിയുടെ അമ്മ ബ്ലൗസിടും എന്നൊരു വ്യത്യാസമേയുള്ളൂ.

"ദാ വര്ണു" എന്നു പറഞ്ഞ്, അമ്മ വീണ്ടും അകത്തേക്കു പോയി.

ഉണ്ണിക്കുട്ടൻ വീടാകെ വിസ്തരിച്ചൊന്നു നോക്കി. ചുകന്ന ചുമരുകൾ, കറുത്തുമിനുത്ത നിലം. നെല്ലു കുത്താനുള്ള ഉലക്കയും കുന്താണിയും ഉമ്മറത്തുതന്നെയാണു വെച്ചിരിക്കുന്നത്. ഉമ്മറത്തെ ഇറയത്തു കെട്ടിയിട്ടുള്ള അയയിൽ ഒരു പനമ്പു ചുരുട്ടിമടക്കി വെച്ചിരിക്കുന്നു. 'ചപ്പിപിളി'യായിക്കിടക്കുന്ന മുറ്റത്തു നടന്നുവരാനായി മൂന്നാലു വെട്ടുകല്ലുകൾ കൊണ്ടുവന്നിട്ടാൽ നന്നായിരിക്കുമെന്ന് ഉണ്ണിക്കുട്ടന്നു തോന്നി.

ഉമ്മറത്തുനിന്ന് അകത്തേക്കു നോക്കുമ്പോൾ ആകെ ഇരുട്ടാണ്; സന്ധ്യാസമയത്തു വീട്ടിലെ മച്ചിന്റെ അകത്തേക്കു നോക്കുന്നതു പോലെയാണ്. "വരൂ, അകത്തേക്കു വരൂ."

ഉണ്ണിക്കുട്ടൻ കൃഷ്ണൻകുട്ടിയോടൊപ്പം അകത്തേക്കു കടന്നു. അകമൊന്നു പറയാൻ, ഇടുങ്ങിയൊരു വരാന്തയും അതിനേക്കാളുമിടുങ്ങിയ ഒരടുക്കളയും ചെറിയൊരു മുറിയും മാത്രമേയുള്ള. അടുക്കളയിൽ അടുപ്പത്തുവെച്ച ചട്ടിയിൽ എന്തോ കിടന്നു തിളയ്ക്കുന്ന ശബ്ദം കേൾക്കാനുണ്ട്. ശ്രദ്ധിച്ചു മുക്കുവിടർത്തി ശ്വസിച്ചപ്പോൾ കപ്പക്കിഴങ്ങു കിടന്നു വേവുകയാണെന്നു മനസ്സിലായി.

ഉമ്മറത്തേക്കുതന്നെ വന്നു. സ്കൂൾവിട്ടു വന്നപ്പോഴത്തെപ്പോലെയല്ല ഇപ്പോഴത്തെ ചുറ്റുപാടുകൾ. വെയിൽ മങ്ങിയിരിക്കുന്നു. ചില ഭാഗങ്ങളിൽ അധികം ഇരുട്ടുള്ളതുപോലെ തോന്നുന്നു.

കൃഷ്ണൻകുട്ടിയുടെ അമ്മ ഒരിലച്ചീന്തിൽ ആവി പൊങ്ങുന്ന ചെറിയ രണ്ടു കഷണം കപ്പക്കിഴങ്ങ് ഉമ്മറത്തെ തിണ്ണയിൽ കൊണ്ടുവന്നു വെച്ചുകൊണ്ടു പറഞ്ഞു: "തിന്നുനോക്ക്."

ഉണ്ണിക്കുട്ടൻ ഒന്നു സംശയിച്ചു നില്ക്കുന്നതു കണ്ടപ്പോൾ കൃഷ്ണൻകുട്ടി ഒരു കഷണം കപ്പക്കിഴങ്ങു തിന്നുകൊണ്ട്. അകത്തു നിന്നോടി വന്നു പറഞ്ഞു: "നല്ല സാദ്ണ്ട്, തിനന്നോളൂ."

ശരി, കപ്പക്കിഴങ്ങിൽ ഒന്നു വിരലമർത്തിയപ്പോഴേക്കും അതു രണ്ടായി പിളർന്നു. നല്ലപോലെ വെന്തിരിക്കുന്നു. ഒരു കഷ്ണമെടുത്തു തിന്നു. നല്ല സ്വാദ്. വീട്ടിൽ ഇടയ്ക്കിടയ്ക്കു കപ്പക്കിഴങ്ങു പുഴുങ്ങുകയും, പുഴുക്കുവയ്ക്കുകയും ചെയ്യാറുണ്ട്. കപ്പക്കിഴങ്ങു പുഴുങ്ങുന്നത് വൈകുന്നേരത്തെ ചായയ്ക്കാണ്. പുഴുക്കു വെക്കുന്നതു വാവു ദിവസവും ഷഷ്ഠിദിവസവും രാത്രി കഞ്ഞിവയ്ക്കുമ്പോൾ കൂട്ടാനായിട്ടാണ്. കപ്പ ക്കിഴങ്ങും മുതിരയുംകൊണ്ടുള്ള പുഴുക്ക് ഉണ്ണിക്കുട്ടന്നു വളരെ ഇഷ്ടമാണ്. പിന്നെ ചിലപ്പോൾ ഏകാദശിദിവസം മുത്തശ്ശിക്കു ചാമക്കഞ്ഞി കുടിക്കാനും പുഴുക്കു വെക്കാറുണ്ട്. പക്ഷേ, വീട്ടിൽ പുഴുങ്ങുന്ന കപ്പക്കിഴങ്ങിന് ഇത്ര സ്വാദു തോന്നാറില്ല. വിരലുന്നുമ്പോഴേക്കും കഷണം കഷണമായി പൊടിയുന്ന കപ്പയൊന്നുമല്ല വീട്ടിൽ വാങ്ങാറുള്ളത്.

കൃഷ്ണൻകുട്ടിയുടെ അമ്മ രണ്ടു കഷണം കവിക്കിഴങ്ങുകൂടി കൊണ്ടുവന്ന് ഇലച്ചീന്തിൽ വെച്ചു. അവനതിൽനിന്ന് ഒരു കഷണംകൂടി തിന്നു. മറ്റേക്ഷണം കൃഷ്ണൻകുട്ടിയും.

"ഇനിയും വേണോ"യെന്ന് അമ്മ ചോദിച്ചുവെങ്കിലും ഉണ്ണിക്കുട്ടൻ വേണ്ടെന്നു പറഞ്ഞു. വീട്ടിലാണെങ്കിൽ, ഇനിയും ഒരു കഷണംകൂടി തിന്നാമായിരുന്നു. വേറൊരു വീട്ടിൽ വന്നു തരുന്നതൊക്കെ തിന്നുന്നതു മോശമല്ലേ?

പെട്ടെന്ന്, വിചാരിക്കാതെ മഴ പെയ്തുതുടങ്ങി. മുറ്റത്തു വെള്ളം നിറഞ്ഞു പൊന്തി ഒഴുകുവാനും തുടങ്ങി.

നേരം സന്ധ്യയായപോലെ തോന്നി, ഉണ്ണിക്കുട്ടന്!

സന്ധ്യ. മഴ. വീട്ടിൽനിന്നുള്ള ദൂരം. ഒരു നിസ്സഹായനെപ്പോലെ, ഉണ്ണിക്കുട്ടൻ ചുറ്റും പകച്ചുനോക്കി. ഇനിയെന്താണു ചെയ്യുക? മഴ ഇപ്പോഴൊന്നും തോർന്നില്ലെന്നു വരുമോ? കുടയാണെങ്കിൽ ഇന്നെടുത്തിട്ടില്ലതാനും. ശരീരത്തിനുള്ളിൽ എവിടെയൊക്കെയോ

പൊള്ളുന്നതുപോലെ തോന്നി, ഉണ്ണിക്കുട്ടന്.

ഉണ്ണിക്കുട്ടൻ ഭീതിയോടെ ചോദിച്ചു: "ഞാൻ പോട്ടെ?

"ഈ മഴയത്തോ? മഴ തോരട്ടെ." അമ്മ ഉണ്ണിക്കുട്ടനെ സമാധാനിപ്പിച്ചു.

മഴ ഇപ്പോഴൊന്നും തോരാൻ ഭാവമില്ലെങ്കിൽ എന്താണു ചെയ്യുക? വീട്ടിലെത്താതിരിക്കാൻ പറ്റുമോ? ഇപ്പോൾത്തന്നെ വീട്ടിലുള്ളവരെല്ലാം തന്നെ കാണാഞ്ഞ് എരിപൊരിസഞ്ചാരം കൊള്ളുന്നുണ്ടാവും. അച്ഛനിപ്പോൾ ഓഫീസ് വിട്ടു വന്നിട്ടുണ്ടാകും. തന്നെ കാണാത്തതുകൊണ്ടു ദേഷ്യപ്പെട്ടു തുള്ളിച്ചാടുന്നുണ്ടാകും. മുത്തച്ഛൻ ഈ മഴയത്തു തന്നെ അന്വേഷിച്ചു റോട്ടിലിറങ്ങി നടക്കുന്നുണ്ടാകുമോ, ആവോ? തന്നെ, കൂടെ കൊണ്ടുവരാത്തതിന്, അമ്മ കുട്ട്യേട്ടനെ ചീത്ത പറയുന്നുണ്ടാകും, തീർച്ചയാണ്. ഇന്നിങ്ങോട്ടു വരേണ്ടായിരുന്നു. മഴക്കാലം മാറിയശേഷം, സൗകര്യംപോലെ ഒരു ദിവസം വന്നാൽ മതിയായിരുന്നു. ഇനിയിപ്പോൾ എന്തുചെയ്യാനാണ്? വന്നുപോയില്ലേ?

പെട്ടെന്നു മഴയുടെ ശക്തിയൊന്നു കുറഞ്ഞു. ഇനിയും ഹവൈകിക്കുന്നതു ശരിയല്ല. "നേരം ഗ്ഗ്യായി. ഞാൻ പോവ്വാണ്." ഉണ്ണിക്കുട്ടൻ പറഞ്ഞു.

"മഴ പെയ്യണോണ്ട് തോന്നാണ്. നേരം അഞ്ചരയായിട്ടേയുള്ളൂ. കൃഷ്ണൻകുട്ടിയുടെ അമ്മ ഉണ്ണിക്കുട്ടനെ വീണ്ടും സമാധാനിപ്പിച്ചു.

"മഴ തോരണ്ടാവില്ല. ഞാൻ പോവ്വാണ്." അവൻ തിണ്ണയിൽ നിന്നെഴുന്നേറ്റു.

"ശരി, എന്നാൽ ഞാൻ അങ്ങാടി കടത്തിവിടാം." കൃഷ്ണൻ കുട്ടിയുടെ അമ്മ പറഞ്ഞു.

കുടയില്ലല്ലൊ, കൃഷ്ണൻകുട്ടിയുടെ ചെറിയ ഓലക്കുട ഉണ്ണിക്കുട്ടന്നു കൊടുത്ത്, തൊപ്പിക്കുട തലയിൽവെച്ചുകൊണ്ട് കൃഷ്ണൻ കുട്ടിയുടെ അമ്മ പുറപ്പെട്ടു. കൂടെ ഉണ്ണിക്കുട്ടനും. പരിഭ്രമംകൊണ്ട് കൃഷ്ണൻ കുട്ടിയോടുയാത്ര പറയാൻപോലും ഉണ്ണിക്കുട്ടന്നു തോന്നിയില്ല.

റോട്ടിലെത്തിയപ്പോഴേക്കും മഴയുടെ ശക്തി വളരെ കുറഞ്ഞു. ഉണ്ണിക്കുട്ടന്നു കുറച്ചാശ്വാസം തോന്നി. റോട്ടിന്റെ ഇരുഭാഗത്തുമുള്ള ചാലുകളിൽക്കൂടിയൊഴുകുന്ന വെള്ളത്തിന് എന്തൊരൊഴുക്കാണ്! അങ്ങാടികളുടെ അതിർത്തി കഴിഞ്ഞപ്പോൾ കൃഷ്ണൻകുട്ടിയുടെ അമ്മ ചോദിച്ചു: "ഇനി കുട്ടി പൊയ്ക്കോളില്ലേ?

"ഇനി ഞാൻ പൊയ്ക്കോളാം." ഉണ്ണിക്കുട്ടൻ പറഞ്ഞു.

കൃഷ്ണൻകുട്ടിയുടെ അമ്മ തിരിച്ചുപോയി. ചാറ്റൽമഴയാണിപ്പോൾ. സാരമില്ല. ഉണ്ണിക്കുട്ടൻ ആശ്വാസത്തോടെ

നടന്നു. കുറച്ചുദൂരംകൂടി നടന്നപ്പോഴേക്കും പെട്ടെന്നെന്തോ ഓർത്തിട്ടെന്നപോലെ അവൻ നിന്നു. സഞ്ചി എടുക്കാൻ മറന്നിരിക്കുന്നു. കൃഷ്ണൻകുട്ടിയുടെ വീട്ടിൽ നിന്നിറങ്ങിയപ്പോൾത്തന്നെ എന്തോ ഒന്നെടുക്കാൻ മറന്നപോലെ തോന്നിയിരുന്നു. പരിഭ്രമത്തിനിടയിൽ, ശരിക്കൊന്നും ആലോചിക്കാൻ വയ്യായിരുന്നു. എന്നിട്ട് ഇപ്പോഴാണ്. സഞ്ചിയെടുക്കാൻ മറന്ന കാര്യം ഓർമ്മയിൽ വരുന്നത്. ഇനിയിപ്പോൾ എന്തു ചെയ്യാനാണ്? തിരിച്ചുചെന്ന് എടുത്തുകൊണ്ടുവരാനൊന്നും, തലക്കാലമിപ്പോൾ, പറ്റില്ല. ആലോചിച്ചു നില്ക്കുന്നതുകൊണ്ടൊന്നും ഫലമില്ല. വീട്ടിലേക്കു പോവുകതന്നെ. സഞ്ചി, കൃഷ്ണൻകുട്ടി നാളെ സ്കൂളിലേക്കു കൊണ്ടുവന്നോളും.

അവൻ വീട്ടിലേക്കു നടന്നു.

ഗേറ്റിനടുത്തെത്തിയപ്പോൾത്തന്നെ, അവനു പരിഭ്രമമായി. ഇനി യെന്താ ചെയ്യുക? ഗേറ്റിനടുത്തതാ നില്ക്കുന്നു. മുത്തച്ഛനും അച്ഛനും അമ്മയും! ഗേറ്റ് തുറന്നുതന്നത് മുത്തച്ഛനാണ്. അകത്തേക്കു കടന്നപ്പോഴേക്കും അച്ഛൻ ദേഷ്യത്തോടെ ചോദിച്ചു:

"എവിടാരുന്നു. നീയ്യ്?

ഉണ്ണിക്കുട്ടൻ ഒന്നും ശബ്ദിക്കാതെ നിന്നു.

"നിനോടാ ചോയ്ക്കണ്? "

"കൃഷ്ണൻകുട്ടീടെ വീട്ടില്." വളരെ പതിഞ്ഞ സ്വരത്തിൽ ഉണ്ണിക്കുട്ടൻ പറഞ്ഞു.

"ഏതാ, ഈ കൃഷ്ണൻകുട്ടി? അച്ഛൻ ഉച്ചത്തിൽ ചോദിച്ചു.

മുത്തച്ഛൻ രംഗം ശാന്തമാക്കാൻ ശ്രമിച്ചു. ഉണ്ണിക്കുട്ടൻഡേ കൈപിടിച്ച് ഉമ്മറത്തേക്കു നടക്കുന്നതിനിടയിൽ മുത്തച്ഛൻ എല്ലാവരോടുമായി പറഞ്ഞു: "ങ്ങനെ ദേഷ്യപ്പെട്ടു ചാടി അവനെ പേടിപ്പിക്കേണ്ട. വീട്ടിനുള്ളിൽ ചെന്നശേഷം എല്ലാം ചോദിക്കാം."

പൂമുഖത്തു കയറിയപ്പോഴേക്കും അച്ഛൻ വീണ്ടും ചോദിച്ചു: "ഏതാ ഈ കൃഷ്ണൻകുട്ടി?

ഏതാ ഈ കൃഷ്ണൻകുട്ടിയെന്നു ചോദിച്ചാൽ എന്തു പറയാനാണ്? തന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി എന്നു മാത്രമേ ഉണ്ണിക്കുട്ടനറിയൂ.

"എവ്ട്ത്ത്യാ കൃഷ്ണൻകുട്ടി?"

കൃഷ്ണൻകുട്ടീടെ വീട്ടുപേരൊന്നും ഉണ്ണിക്കുട്ടനറിഞ്ഞുകൂടാ. അവൻ ഉമിനീരിറക്കി ശബ്ദിക്കാതെ നിന്നു. മുത്തശ്ശി ചോദിച്ചു;ബ്ടേ ഇടയ്ക്കിടയ്ക്കു വെള്ളത്തണ്ട് പറിക്കാൻ വരുന്ന ആ കുട്ട്യാ? "

"അതെ.

മുത്തശ്ശി മൂക്കത്ത് കഷ്ടം,വെച്ചുകൊണ്ടു പറഞ്ഞു: “നാരായണാ, ആ ഇട്ടിത്തേയിയുടെ വീട്ടിലേക്കാണ് ഇവൻ പോയിരുന്നത്.”

അമ്മ ശബ്ദമൊന്നടക്കിപ്പിടിച്ചുകൊണ്ടു മുത്തശ്ശിയുടെ നേരേ നോക്കിക്കൊണ്ടു ചോദിച്ചു: “ആ ഒരുമ്പട്ടോള്ട വീട്ടിലേക്കോ?”

“എന്നിട്ടു സ്ലേറ്റും പുസ്തകോം എവിടെ വെച്ചു? അച്ഛൻ ഇടയിൽ ക്കടന്നു വീണ്ടും ചോദിച്ചു.

ഉണ്ണിക്കുട്ടൻ ശബ്ദിക്കാതെ നിന്നു.

അച്ഛൻ കൈ ഓങ്ങിക്കൊണ്ടു പറഞ്ഞു: “കിട്ടും, നോക്കിക്കോ!” മുത്തച്ഛൻ അവനെ കടന്നെടുത്ത് എല്ലാവരുടെയും നേരേ നോക്കി ക്കൊണ്ടു പറഞ്ഞു: “നിങ്ങളെല്ലാവരുംകൂടി അവനെ തേജോവധം ചെയ്യരുത്.”

“നാലും ഇവന് അവിടെ പോകാനാണ്ലോ തോന്നീത്” മുത്തശ്ശി.

മുത്തച്ഛൻ തന്നെ വന്നെടുത്തപ്പോഴാണ് ഉണ്ണിക്കുട്ടനു സങ്കടഭാരം നിയന്ത്രിക്കാൻ കഴിയാഞ്ഞത്. അവൻ പൊട്ടിപൊട്ടി കരഞ്ഞുപോയി.

”മുത്തച്ഛന്റെ കുട്ടി കരയേണ്ട, നിന്നെ വല്ലതും കാട്ടോ?

മുത്തച്ഛൻ ഉണ്ണിക്കുട്ടന്റെ കണ്ണുനീർ തുടച്ചുകൊണ്ട് സാന്ത്വനപെടുത്തി.

ഉണ്ണിക്കുട്ടന്റെ കണ്ണുനീർ കണ്ടപ്പോൾ അമ്മയുടെയും മനസ്സലിഞ്ഞു. അമ്മ അവനെ മുത്തച്ഛന്റെ കൈയിൽനിന്നു വാങ്ങി അടുക്കളയിലേക്കു കൊണ്ടുപോയി. അവന്റെ കുഞ്ഞിപ്പലകയിട്ട് അവനെ അതിലിരുത്തി. കാപ്പിയും കൊഴക്കട്ടയും അവന്റെ മുമ്പിൽ വച്ചു കൊടുത്തു കൊണ്ടു പറഞ്ഞു: ”അമ്മേടെ കുട്ടി ഇനി അങ്ങോട്ടൊന്നും പോകരുത്ട്ട്യോ? ഉണ്ണിക്കുട്ടൻ കരച്ചിൽ മാറി കണ്ണുനീർത്തുള്ളികൾ തുടച്ചു മാറ്റിക്കൊണ്ടു ചോദിച്ചു:

“കൃഷ്ണൻകുട്ടീടെ അമ്മയേ ചീത്തത്തം? അവിടെപ്പോയാൽ കൃഷ്ണൻകുട്ടീടെ അമ്മ വല്ലതും കാട്ടോ?

അമ്മ പറഞ്ഞു: “അവൾ ചീത്ത്യാ. അങ്ങട്ടൊന്നും പോകരുത്.”

“എങ്ങനെ ചീത്ത്യാന്നാ അമ്മ പറയണ്?”

“അതൊന്നും മോന്നു പറഞ്ഞാൽ മനസ്സിലാവില്ല.” മോൻ കാപ്പിം പലഹാരവും കഴിച്ച് എഴുന്നേറ്റു. അകത്തെവിടെയെങ്കിലും കുട്ട്യേട്ടന്നുണ്ടോയെന്നു നടന്നുനോക്കി. കാണാനില്ല. എവിടെപ്പോയോ എന്തോ? അമ്മിണി മുത്തശ്ശിയുടെ അറയിൽ കിടന്ന് ഉറങ്ങുന്നുണ്ട്.

ഉമ്മറത്തേക്കു പോയാൽ അച്ഛനവിടെയുണ്ടാകും. ഇന്നത്തെ വിരുന്നുപോകലിനെക്കുറിച്ച് ഇനിയും വല്ലതും ചോദിച്ചെന്നു വരാം. വേണ്ട, ഉമ്മറത്തേക്കു തല്ക്കാലം പോകേണ്ട.

അവൻ വീണ്ടും അടുക്കളയിലേക്കുതന്നെ പോയി.

പെട്ടെന്നു വീണ്ടും മഴ തുടങ്ങി. ഓട്ടിൻപുറത്ത മഴത്തുള്ളികൾ

ശക്തിയായി വീഴുന്ന ശബ്ദം.

ഉണ്ണിക്കുട്ടൻ അടുക്കളക്കോലായിൽ വന്ന് അടുക്കുളമുറ്റത്തേക്കു നോക്കിക്കൊണ്ടു നിന്നു. നല്ല മഴതന്നെ. കൃഷ്ണൻകുട്ടിയുടെ വീടിന്റെ മുറ്റത്ത് ഇപ്പോൾ പ്രളയമായിരിക്കും.

കൃഷ്ണൻകുട്ടിയുടെ അമ്മയോട് ഇവിടെയുള്ളവർക്കെല്ലാം എന്താ ണിത്രയേ വിരോധം? 'ഒരുമ്പെട്ടോള്' എന്നാണമ്മ പറഞ്ഞത് എന്താണതിന്റെ അർത്ഥം. ആര് എന്തു പറഞ്ഞാലും കൃഷ്ണൻകുട്ടിയുടെ അമ്മ തന്നെ സംബന്ധിച്ചിടത്തോളം വളരെ നല്ലൊരു അമ്മയാണ്. അവർ തന്ന കപ്പക്കിഴങ്ങിന്റെ സ്വാദ് ഇപ്പോഴും നാക്കിലുണ്ട്. മഴയത്ത്, തന്നെ അങ്ങാടിയിൽനിന്ന് ഇപ്പുറംവരെ കൊണ്ടുവന്നാക്കിയത് എങ്ങനെ മറക്കാനാണ്?

"എവിടക്ക്യ സർക്കീട്ടുപോയിരുന്നതു മൂപ്പരെ?

കുട്ട്യേട്ടൻ പെട്ടെന്ന് ഓടിവന്നു ചോദിച്ചു.

"ആവോ!" ഉണ്ണിക്കുട്ടൻ ദേഷ്യത്തോടെ പറഞ്ഞു.

കുട്ട്യേട്ടൻ വായകൊണ്ട് ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് അകത്തേക്ക് ഓടിപ്പോയി.

ഉണ്ണിക്കുട്ടൻ മഴ പെയ്യുന്നതു നോക്കിക്കൊണ്ടുതന്നെ അങ്ങനെ നിന്നു.

പുള്ളവത്തിയുടെ ഛായയുള്ള കൃഷ്ണൻകുട്ടിയുടെ അമ്മ മഴയത്തു നിന്നുകൊണ്ട് തന്റെ നേരേ നോക്കി സ്നേഹമസൃണമായി ചിരിക്കുന്നതുപോലെ ഉണ്ണിക്കുട്ടന്നു തോന്നി.

## പതിനാല്

ഇളം ചൂടുള്ള പകലുകളും, ഇളം തണുപ്പുള്ള രാത്രികളുമായി കന്നിമാസം പിറന്നു. കുറച്ചു ദിവസമായി മഴ തീരെ ഇല്ല. എപ്പോഴും തെളിഞ്ഞ ആകാശം!

കൊയ്ത്തുകാലം തുടങ്ങി.

കൊയ്ത്തു തുടങ്ങിയതുമുതൽ മുത്തച്ഛനും കുട്ടൻനായർക്കും വലിയ തിരക്കാണ്. പകൽസമയമധികവും, പാടത്തുതന്നെയാണ്. രണ്ടുപേരും.

മുറ്റത്തെല്ലാം നെല്ലിൻകറ്റുകളുടെ വലുതും ചെറുതുമായ കൂമ്പാരങ്ങളാണ്. നന്നേ രാവിലെ നെല്ലിൻകറ്റുകളിലേക്കു നോക്കുമ്പോൾ ഒരുതരം ആവി പൊങ്ങി ഉയരുന്നതായി കാണാം. ആവിയിലേക്കങ്ങനെ നോക്കിക്കൊണ്ടു നിലക്കുന്നത്

ഉണ്ണിക്കുട്ടനൊരു സുഖമാണ്.

അങ്ങനെ ആവിയിലേക്കങ്ങനെ നോക്കിക്കൊണ്ടു നിലക്കുമ്പോഴാണ് കുട്ട്യേട്ടൻ വന്നു ചോദിച്ചത്.

“ഇന്നു. പല്ലുതേപ്പും കാപ്പികുടീം ഒന്നുല്ലേ?

ഉണ്ണിക്കുട്ടൻ സമാധാനം പറയുന്നതിനു മുമ്പുതന്നെ കുട്ട്യേട്ടൻ തൊടിയിലേക്കെങ്ങോട്ടോ ഓടിപ്പോയി.

സ്കൂളില്ലാത്ത ദിവസമാണ്. ഇന്നത്ര നേർത്തേ പല്ലുതേപ്പും കാപ്പികുടിയുമൊന്നും വേണ്ട. ഒക്കെ സാവധാനത്തിൽ മതി.

വളരെ മെല്ലെ വേണം പല്ലുതേക്കാൻ. മേൽവരിയിലെ ഒരു പല്ല് ഇളകിയാടാൻ തുടങ്ങിയിരിക്കുന്നു. എപ്പോഴാണു പറിഞ്ഞു വരികയെന്നറിഞ്ഞകൂടാ. ഒട്ടും വേദനിക്കാതെ പല്ലുപറിച്ചു തരാമെന്ന് കുട്ടൻനായർ മൂന്നാലു ദിവസമായി പറഞ്ഞുതുടങ്ങിയിട്ട്. പക്ഷേ, നേരം പുലരുമ്പോഴേക്കും, കുട്ടൻനായർ പാടത്തേക്കു പോകും. പിന്നെ എങ്ങനെയാണ്?

ആടുന്ന പല്ല് ഇടയ്ക്കിടയ്ക്കു പിടിച്ചു നോക്കുക. ഒരു സ്വഭാവമായിത്തീർന്നിരിക്കുന്നു. അതുപോലെതന്നെ നാക്കുകൊണ്ട് ഉഴിയുകയും. ഇങ്ങനെ കാണിക്കുന്നതു കണ്ടാൽ അമ്മ ചീത്ത പറയും.

ഇളകിയ പല്ലിൽ പിടിച്ചുകൊണ്ടും, നാക്കുകൊണ്ടുഴിഞ്ഞുകൊണ്ടും വീട്ടിനകത്തും തൊടിയിലുമായി ഓരോ വികൃതികൾ കാണിച്ചുകൊണ്ട് ഉച്ചയാവോളം നടന്നു.

ഇടയ്ക്കിടയ്ക്കു വല്ലതുമെടുത്തു തിന്നാനായി അടുക്കളയിലേക്കു ചെല്ലുമ്പോൾ അമ്മ ചോദിക്കും:

”വായിക്കാനൊന്നുംല്ലേ? വികൃതി കാട്ടിക്കൊണ്ടിങ്ങനെ നടന്നാൽ മതിയോ?

ഉച്ചയ്ക്ക് ഊണ് കഴിഞ്ഞപ്പോൾ, ലേശം ക്ഷീണം തോന്നി, ഉണ്ണിക്കുട്ടന് ഉണ് കുറച്ചധികമാവുകയും ചെയ്തിരുന്നു. മത്തനും ചേമ്പിന്റെ തണ്ടുംകൊണ്ടുള്ള പുളിങ്കറി, ചേനയും പയറുംകൊണ്ടുള്ള ഉപ്പേരിയും, കട്ടത്തൈരും! എങ്ങനെയാണ് അധികമുണ്ണാതിരിക്കുക? ലേശമൊന്ന് ഒതുങ്ങിക്കിടക്കണം, ഉണ്ണിക്കുട്ടൻ ഉമ്മറത്തെ ബെഞ്ചിൽ വന്നു ചെരിഞ്ഞു കിടന്നു. തൊടി വെയിലിൽ കുളിച്ചു നിലക്കുന്നു.

മുറ്റത്തു നാലു ചെറുമികൾ ചേർന്നു കറ്റുകൾ മെതിക്കുന്നുണ്ട്. കൂമ്പാരത്തിൽനിന്ന് ഒന്നുരണ്ടു കറ്റുകൾ താഴത്തേക്കെടുത്തിടുന്നു. എന്നിട്ടവയുടെ മുകളിൽ കയറിനിന്നു നൃത്തം ചവിട്ടുന്നു. നൃത്തം നിറുത്തി കറ്റുകൾ തിരിച്ചും മറിച്ചുമിട്ടു. വീണ്ടും നൃത്തം തുടങ്ങുന്നു. കുറച്ചു നേരമങ്ങനെ കഴിയുമ്പോൾ, കറ്റുകളിൽനിന്നു നെന്മണികളെല്ലാം വേർതിരിഞ്ഞു കുമിഞ്ഞുകൂടുന്നു. നെന്മണികൾ

വേറിട്ട കറ്റുകൾ തൊടിയിലൊരുഭാഗത്ത് അടുക്കിവെക്കുന്നു. എത്ര വേഗത്തിലാണതൊക്കെ നടക്കുന്നത്. കാണാൻ നല്ല സുഖം!

നാലു ചെറുമികളുടെയും പേര് ഉണ്ണിക്കുട്ടനറിയാം. നാലു ചെറുമികൾക്കുംകൂടി പേരുകൾ രണ്ടേയുള്ള

ചക്കി, നീലി. അപ്പോൾ രണ്ടു ചെറുമികളുടെ പേര് നീലിയെന്നാണ്. ചക്കി, നീലി! എന്താണ് ഈ പേരുകളുടെ അർത്ഥം? ഉണ്ണിക്കുട്ടൻ ആലോചിച്ചു നോക്കി.

ചക്കിക്കു പകരം ചക്കയെന്നായാൽ ആ പേരിനൊരർത്ഥമുണ്ട്. ചക്കയെന്നുവച്ചാൽ കൂട്ടാനും ഉപ്പേരിയും വെക്കാൻ പറ്റിയ ഒരു സാധനമാണ്. വറുക്കാനും പറ്റും. പഴുത്താൽ പലഹാരങ്ങളുണ്ടാക്കാനും പ്രഥമൻ വെക്കാനും കൊള്ളാം. ചക്കയുടെ മടൽ കന്നുകാലികൾക്കു വളരെ ഇഷ്ടമാണ്.

പിന്നെ നീലി! നീലിക്കു പകരം നീലയെന്നായാൽ അതിനൊരർ ത്ഥമുണ്ട്. നീലയെന്നുവച്ചാൽ അതൊരു നിറമാണ്. നല്ല ഭംഗിയുള്ളൊരു നിറം!

ചക്കിയെ ചക്കയെന്നും, നീലിയെ നീലയെന്നും വിളിച്ചാലെന്താ?

ചക്ക, നീല. ചക്ക, നീല. ഉണ്ണിക്കുട്ടൻ ഒരു രസത്തിനുവേണ്ടി മനസ്സിൽ ഉരുവിട്ടുനോക്കി. കൊള്ളാം. ചിരി വരുന്നു.

ചെറുമികളുടെ രൂപവും ഭാവവും വേഷവും ഉണ്ണിക്കുട്ടൻ ശ്രദ്ധിച്ചു നോക്കി. കറുകറുത്ത നിറം. ചകിരിക്കെട്ടുകൾപോലെയുള്ള തലമുടി. മുറുക്കിച്ചുവപ്പിച്ച ചുണ്ടുകൾ. മൊരുമൊരുത്ത കൈകാലുകൾ. ഉടുത്തിരിക്കുന്നതോ? മുട്ടു മറയാൻപോലും വീതിയില്ലാത്ത കറുത്ത കരയോടു കൂടിയ ഒരുതരം കച്ചത്തോർത്തും! അതിന്റെ നിറം പറയാതിരിക്കയാണു ഭേദം. കെട്ട നീറ്റടയ്ക്കയുടെയും മത്സ്യത്തിന്റെയുമെല്ലാം മണമുണ്ടാകും ആ കച്ചത്തോർത്തിന് പിന്നെ പണ്ടങ്ങളോ? എന്തൊക്കെ പണ്ടങ്ങളാണു കഴുത്തിലണിഞ്ഞിരിക്കുന്നത്! കറുപ്പും ചുകവും നിറമാണ് എല്ലാറ്റിനും. അതു മാലകളാണെന്നൊന്നും പറയാൻ വയ്യ. അങ്ങനത്തെ ചില സാധനങ്ങൾ എന്നേ പറയാനാവൂ. ചെറുമികൾ പൂരവും താലപ്പൊലിയും കാണാൻ വരുന്നത് ഇങ്ങനത്തെ സാധനങ്ങളൊക്കെ വാങ്ങാനാവും.

ചെറുമികൾ ജാക്കറ്റിടാത്തതെന്താണ്? പണമില്ലാഞ്ഞിട്ടാവും. പണം എങ്ങനെയുണ്ടാകാനാണ്? ദിവസവും കള്ളുകുടിച്ചാൽ, മറ്റെന്തിനെങ്കിലും പണം കാണുമോ? ചെറുമികളും ചെറുമക്കളും ഒന്നിച്ചിരുന്നാണത്രെ കുടിക്കുക. വല്ലാത്തൊരു സ്വഭാവം!

ചെറുമക്കളും ചെറുമികളും പെരുച്ചാഴിയെ തിന്നുമെന്നു പറഞ്ഞത് മുണ്ടിയാണ്. സമ്മതിക്കണം, അവരെ! ആലോചിക്കുമ്പോൾതന്നെ,

ഓക്കാനിക്കാൻ തോന്നുന്നു. പെരുച്ചാഴിയെ തിന്നുക! പിന്നെ എന്തൊക്കെ തിന്നുമെന്നാരു കണ്ടു. ചത്ത പശുവിനെ തിന്നുമോ ആവോ? ആ പതിവു പറയന്മാർക്കാണെന്നാണ് മുണ്ടി പറഞ്ഞത്.

ചെറുമക്കൾക്ക് എന്തൊക്കെ ദൂഷ്യങ്ങളുണ്ടെങ്കിലും, അവരുടെ കളി കാണാൻ ബഹുരസമാണ്. ഈയിടെ ചേന്ദൻ പെണ്ണുകെട്ടി കൊണ്ടു വന്നതിന്റെ പിറ്റേദിവസം മുറ്റത്തുവച്ചു നടന്ന കളി ജോറായിരുന്നു. കൈകൾ കോർത്തുപിടിച്ചുകൊണ്ടു വട്ടത്തിൽ നിന്ന്, ഇടത്തോട്ടും വലത്തോട്ടും കാലടികൾവെച്ച്, ഇടയ്ക്കിടയ്ക്ക് നിലത്താഞ്ഞു ചവി ട്ടിക്കൊണ്ടുള്ള ചെറുമക്കളി കണ്ടാലും കണ്ടാലും മതിയാവില്ല. പക്ഷേ, അപ്പോൾ അവർ പാടുന്ന പാട്ടിന്റെ ഒരക്ഷരംപോലും മനസ്സിലാവില്ല. അക്ഷരങ്ങളില്ലാത്ത പാട്ടുണ്ടാകുമോ?

എത്ര നേരമായി ചെറുമികൾ 'മെതി' തുടങ്ങിയിട്ട് വിയർപ്പിൽ കുളിച്ചിരിക്കുന്നു. കഴുത്തിലെ കല്ലുമാലകൾക്കിടയിലൂടെയും വിയർപൊഴുകുന്നുണ്ടാവും.

മുത്തശ്ശി ചെറുമികളെ കഞ്ഞികുടിക്കാൻ വിളിക്കാത്തതെന്താണ്? സമയമായില്ലേ? അവർക്കു കഞ്ഞിക്കുള്ള കൂട്ടാൻ അടുപ്പത്തുനിന്ന് ഇനിയും വാങ്ങിയിട്ടുണ്ടാവില്ലേ? ഉണ്ണിക്കുട്ടൻ ഊണു കഴിക്കുമ്പോൾ അത് അടുപ്പത്തു കിടന്നു തിളയ്ക്കുകയായിരുന്നു.

കുട്ട്യേട്ടനിന്നു സന്ധ്യയാകുന്നതുവരെ ഗോവിന്ദൻകുട്ടിയുടെ വീട്ടിൽത്തന്നെയായിരിക്കും. നോട്ടുകൾ പകർത്തിയെഴുതാനെന്നു പറഞ്ഞാണ് അങ്ങോട്ടു പോകുക. പോകുന്നത് എന്തിനാണെന്ന് തനിക്കറിയാം. വട്ടുരുട്ടികളിക്കാനും ഗോട്ടി കളിക്കാനുമാണ്.

ഉണ്ണിക്കുട്ടൻ ബെഞ്ചിൽനിന്നെഴുന്നേറ്റു മുറ്റത്തു വന്നു നിന്നു. "

ൌേര്യേമ്പ്രാനിന്നു ഷ്കോളില്ല, അല്ലേ? ചക്കി ചോദിച്ചു. "ഇല്ല."

ഉണ്ണിക്കുട്ടൻ കുറച്ചു നെന്മണികളെടുത്തു കൊറിച്ചു തിന്നു. മുറ്റത്തവിടവിടെയായി തുള്ളിക്കളിച്ചുകൊണ്ടിരുന്ന മൂന്നാല് അണ്ണാറക്കൊട്ടന്മാർ ഉണ്ണിക്കുട്ടനെ കണ്ടപ്പോൾ തൊടിയിലേക്ക് ഓടിപ്പോയി.

"ഞാൻ നിങ്ങളെ ആട്ടാൻവേണ്ടി വന്നതൊന്നുമല്ല. പേടിച്ചോടൊന്നും പേണ്ട്."

ഉണ്ണിക്കട്ടൻ തന്നത്താൻ പറഞ്ഞു.

അടുക്കളയിൽനിന്ന് മുത്തശ്ശിയുടെ ശബ്ദം കേട്ടു:

"ചക്ക്യേ, നീല്യേ, വന്നോളിൻ."

ചെറുമികളെ കഞ്ഞികുടിക്കാൻ വിളിക്കുകയാണ്. ചെറുമികൾ മെതിനിർത്തി കഞ്ഞികുടിക്കാനായി അടുക്കുളമുറ്റത്തേക്കു പോയി.

പോയാലോ എന്ന് ഉണ്ണിക്കുട്ടനും, സംശയിച്ചുനിന്നു. വേണ്ട. മുത്തച്ഛൻ ഊണ്കഴിക്കാൻ വരാറായിരിക്കുന്നു. എത്ര ധൃത്തിയിലായാലും വന്ന ഉടൻ ഒന്നു മുറുക്കി ദേഹത്തിലെ വിയർപ്പു വറ്റിയശേഷമേ ഊണു കഴിക്കൂ. 'ചെല്ലം കൊണ്ടുവാ' എന്നു പറഞ്ഞുകൊണ്ടാണ് ഉമ്മറത്തേക്കു കയറുകതന്നെ. അപ്പോൾ ചെല്ലം കൊണ്ടുവന്നു കൊടുക്കാൻ ഉമ്മറ ത്തൊരാളു വേണ്ടേ?

മുറ്റത്തെല്ലാം നെന്മണികളും വൈക്കോലും ചിന്നിച്ചിതറിക്കിടക്കുന്നു. ചുറ്റുപാടുകൾക്കു പച്ചനെല്ലിന്റെ മണമുണ്ട്.

ഉണ്ണിക്കുട്ടൻ വീണ്ടും ബഞ്ചിൽ വന്നു കിടന്നു. പടിക്കൽനിന്നു നായ്ക്കളുടെ വല്ലാത്ത ശല്യമാണ്.

"പട്ടിനീം നായ്ക്ക്ളീം സമൂക്ഷിച്ചു പോണേ." മുത്തശ്ശി എപ്പോഴും പറയും.

വളരെ സൂക്ഷിച്ചുകൊണ്ടുതന്നെയാണ് ഉണ്ണിക്കുട്ടൻ സ്കൂളിലേക്കു പോകുക. കരിവേട്ടിൻകുണ്ടുകാരുടെ നായ്ക്ക് അങ്ങനെയിരിക്കുമ്പോൾ വല്ലവരെയും കടിക്കണമെന്നു തോന്നും; കടിക്കും. അങ്ങനെയാണു നാലാം ക്ലാസ്സിൽ പഠിക്കുന്ന ചാമിയെ കടിച്ചത്. എന്നിട്ടോ? പതിന്നാല് ഇഞ്ചക്ഷൻ വയറ്റത്ത് എടുക്കേണ്ടിവന്നു. ചാമിക്ക്. പാവം! ചികിത്സ കഴിഞ്ഞപ്പോഴേക്കും ഒന്നു. കുന്നതുപോലെയായി, ചാമി.

റോട്ടിനപ്പുറമുള്ള വീട്ടിലെ തൊടിയിലേക്കു നോക്കുമ്പോൾ എന്താണൊരു മിന്നിച്ച തോന്നുന്നത്? അധികനേരം തോന്നുന്നതുമില്ല. ദൂരെ വെയിലത്തേക്കു നോക്കുന്നതുകൊണ്ടാവുമോ ഇങ്ങനെ തോന്നുനത്?

എന്തോരു വെയിലാണ്. കുറച്ചുദിവസമായി! ഓണം കഴിഞ്ഞശേഷം ഒരിക്കൽമാത്രമേ മഴപെയ്തിട്ടുള്ള. ആ തൃക്കാക്കരയപ്പനെയും മാതേവരെയും വെള്ളത്തിൽ ലയിച്ചുകളയാൻവേണ്ടിമാത്രം ഒരു മഴ പെയ്തു. അതിനുവേണ്ടിമാത്രമാണ്. ആ മഴ പെയ്തതെന്നാണു തോന്നുന്നത്.

വെയിലുള്ളതുകൊണ്ട് എവിടെ നോക്കിയാലും ഒരു നനവില്ല. റോഡിൻഡേ ഇരുഭാഗത്തുമുള്ള ചാലുകളിൽ പേരിനു മാത്രമായിട്ടെ ങ്കിലും ഒരു നനവിലുള്ള. ചൂടിൽ വരണ്ടുകിടക്കുന്ന മണ്ണും ചരലും മാത്രമാണുള്ളത്. മഴക്കാലത്തു മഴവെള്ളത്തിൽ ഒലിച്ചുവന്ന ചില കുപ്പിച്ചില്ലുകൾ ചാലിൽ എഴുന്നുനിൽക്കുന്നുണ്ട്. അതപ്രകടമാണ്. ഇരുട്ടത്തു വല്ലവരും ചാലിൽക്കൂടി നടന്നാൽ, കുപ്പിച്ചില്ലുകൾ കാലടിയിൽ കൊണ്ടുകയറും.

റോഡിന്റെ ഇരുവശത്തുനിന്നുമായി വലിയ ലോറികൾ വരുമ്പോൾ ചിലർ ചാലിലേക്കിറങ്ങിനില്ക്കുന്നതു കണ്ടിട്ടുണ്ട്. രാത്രിയിലാണ്

ഇങ്ങനെ ഇറങ്ങിനില്ക്കുന്നതെങ്കിൽ കുപ്പിച്ചില്ലുകൾ തറച്ചുകയറും, തീർച്ചയാണ്.

കന്നുകാലികൾക്കു പേടിക്കാനില്ല, കാലിൽ കുളമ്പുള്ളത്, വലിയൊരു കാര്യംതന്നെയാണ് കുളമ്പു തട്ടിയാൽ കുപ്പിച്ചില്ലുകൾ പൊടിഞ്ഞു പൊടിഞ്ഞുപോകും,

വണ്ടിപ്പോത്തകൾക്കും കാളകൾക്കും ഒട്ടും പേടിക്കാനില്ല. അവരുടെ കുളമ്പിന്മേൽ ലാടവും അടിച്ചു കയറ്റിയിട്ടുണ്ടാകുമല്ലൊ?

ആരോ ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടു. നോക്കിയപ്പോൾ കുട്ട്യേട്ടൻ വരുന്നു. ഇന്ന് എന്താണിത്ര വേഗം വരുന്നതെന്താവോ? സന്ധ്യയ്ക്കുമുമ്പേ വരുമെന്നു വിചാരിച്ചതല്ല.

കുട്ട്യേട്ടൻ ചവുട്ടിയിൽ മൂന്നാലുപ്രാവശ്യം കാലടികൾ വെച്ചു തേച്ചശേഷം ഉമ്മറത്തേക്കു കയറി. കൂടെ കൊണ്ടുവന്നിരുന്ന പുസ്തകം തുറന്ന് മറ്റേ ബഞ്ചിൽ കമിഴ്ന്നു കിടന്നു വായിക്കാൻ തുടങ്ങി. താൻ ഉമ്മറത്ത് മറ്റേ ബെഞ്ചിൽ പടിക്കലേക്കു നോക്കിക്കൊണ്ടു കിടക്കുന്നുണ്ടെന്ന ഭാവംതന്നെയില്ല.

ഉണ്ണിക്കുട്ടനും ഒന്നും ശബ്ദിച്ചില്ല.

കുറച്ചു കഴിഞ്ഞപ്പോൾ കുട്ട്യേട്ടൻ ചോദിച്ചു:

“മുത്തച്ഛൻ വന്നില്ലേ?

“ഇല്ല.”

“കുട്ടൻനായരോ?

“ഇല്ല.”

“ചെറുമികൾ കഞ്ഞികുടിക്കാണോ?

“അതെ.”

“ഇങ്ങനെയില്ലാ ഒരു കാര്യസ്ഥൻ’ ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു. ഇനിയും എന്തൊക്കെയാണ് അറിയേണ്ടത്?

ഉണ്ണിക്കുട്ടൻ പടിക്കലേക്കു നോക്കിക്കൊണ്ടുതന്നെ കിടന്നു. പെട്ടെന്നു പടിക്കൽഭാഗത്തുള്ള പുല്ലാനിപൊന്തയിലേക്ക് ഒരു കീരി ഓടിപ്പോകുന്നതു കണ്ട് ഉണ്ണിക്കുട്ടൻ ഉത്കണ്ഠയോടെ ബെഞ്ചിലെഴുനേറ്റിരുന്ന് പുല്ലാനിക്കാട്ടിലേക്കു നോക്കി. വല്ല പാമ്പിനെയും കണ്ടിട്ടായിരിക്കുമോ, കീരി അങ്ങോട്ടോടിയിരിക്കുന്നത്? ഇല്ല. അനക്കമൊന്നും കാണാനില്ല. അപ്പോൾ കീരിയും പാമ്പുമായി കടിപിടിയൊന്നും നടക്കുന്നുണ്ടാവില്ല.

കിരിയും പാമ്പുമായിട്ടുള്ള യുദ്ധം എങ്ങനെയാണ് ഒന്നു കാണാൻ സാധിക്കുക? കുട്ടൻനായർ കണ്ടിട്ടുണ്ടേത!

കിരിയും പാമ്പും തമ്മിലുള്ള യുദ്ധത്തെക്കുറിച്ച് ഓർത്തുകൊണ്ടങ്ങനെ കിടന്നു. ഇടയ്ക്കിടയ്ക്ക് ഇളകുന്ന നാക്കുകൊണ്ടു പല്ലിൽ ഉഴിയുന്നുമുണ്ട്. പെട്ടെന്നു പല്ലു പറിഞ്ഞു

വായിലേക്കു വീണു. ഉണ്ണിക്കുട്ടൻ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ് ഒരൊറ്റ് തുപ്പ്. അതാ കിടക്കുന്നു പല്ലു നിലത്ത് അതിനെത്തുടർന്നു നീട്ടിയൊരു വിളിയും.

"അ... മ്മേ!"

കുട്ട്യേട്ടൻ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. അമ്മ വിളികേട്ടു വന്നു.

നിലത്തു കിടക്കുന്ന പല്ലിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ പറഞ്ഞു: "പല്ല്!
"

"ഞാനങ്ങട്ട് പേടിച്ചു" കുട്ട്യേട്ടൻ പറഞ്ഞു.

അമ്മ ഒട്ടും താമസിയാതെ അടുക്കളക്കോലായിൽ പോയി നെല്ലിക്കിയോളം വലിപ്പത്തിൽ ഒരു ചാണകയുരുളയുമായി തിരിച്ചെത്തി. എന്നിട്ടു പല്ലു ചാണകയുരുളയ്ക്കകത്തുവെച്ച്, മുറ്റത്തേക്കിറങ്ങി ഓട്ടിൻ പുറത്തേക്കെറിഞ്ഞു.

ആദ്യത്തെ പല്ലു പറിഞ്ഞാൽ ഇങ്ങനെയൊക്കെ ചെയ്യണമേത്. "കാട്ടിക്കാവായ്." അമ്മ ഉണ്ണിക്കുട്ടൻന്റെ തലയിൽ കൈവെച്ചു കൊണ്ടു പറഞ്ഞു.

ഉണ്ണിക്കുട്ടൻ വാ പൊളിച്ചു. അമ്മ പല്ലുപോയ ഭാഗത്ത് കൈവിര ലോടിച്ചു: "ശരിക്കു പറിഞ്ഞുപൊയ്ക്കണ്ണു."

ഉണ്ണിക്കുട്ടൻ അകത്തുപോയി കണ്ണാടിയെടുത്തു നോക്കി. കണ്ണാടിയിൽ നോക്കി ചിരിച്ചപ്പോൾ ഭംഗി പോരെന്നു തോന്നി.

അവൻ വീണ്ടും ഉമ്മറത്തു വന്നു ബെഞ്ചിൽക്കിടന്നു. ആ ചാണകയുരുളയെക്കുറിച്ച് ഓർത്തു. അത് ഓട്ടിൻപുറത്തെവിടെയെങ്കിലും പറ്റിപ്പിടിച്ചു കിടക്കുന്നുണ്ടാവും. കാക്കകൾ വന്നു കൊത്തിക്കൊണ്ടു പോകുമോ ആവോ? പല്ലിൽ കാക്കകൾക്കു തിന്നാനെന്തിരിക്കുന്നു? അതു ചെറിയൊരു കല്ലുപോലെയല്ലേ?

മുത്തച്ഛൻ ഗേറ്റു തുറന്നു വരുന്നതു കണ്ട് ഉണ്ണിക്കുട്ടൻക്ഷണ നേരംകൊണ്ട് അകത്തേക്കോടിപ്പോയി. ചെല്ലം എടുത്തുകൊണ്ടു വന്നു ബെഞ്ചിൽ വെച്ചു.

മുത്തച്ഛൻ മുറ്റത്തെത്തിയപ്പോഴേക്കും കുട്ട്യേട്ടൻ ഓടിച്ചെന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: " ഉണ്ണിക്കുട്ടൻന്റെ ഉമ്മറത്താരുംല്ല."

"എന്ത്? "

" ഉണ്ണിക്കുട്ടൻഡേ ഉമ്മറത്താരുല്ലാന്ന്."

"എന്ത് പറയണ്. നിക്ക് മനസ്സിലാവണില്ല."

അമ്മ പെട്ടെന്ന് കോലായിലേക്കു വന്നു പറഞ്ഞു: "ഉണ്ണിക്കുട്ടൻഡേ പല്ല് പറിഞ്ഞുന്ന് പറയണവൻ."

"അതു ശരി."

മുത്തച്ഛൻ ബെഞ്ചിൽ വന്നിരുന്നുകൊണ്ട്. ഉണ്ണിക്കുട്ടനെ അടുത്തേക്കു വിളിച്ചു. ഉണ്ണിക്കുട്ടൻ ലേശം നാണത്തോടെ മുത്തച്ഛന്റെ അടുത്തേക്കു ചെന്നു.

" 'ഈ'ന്ന് കാണിച്ചാ. മുത്തച്ഛൻ നോക്കട്ടെ."

ഉണ്ണിക്കുട്ടന്റെ ചുണ്ടുകൾ പിളർത്തി പല്ലുകൾ കൂട്ടിച്ചേർത്ത് 'ഈ'ന്നു മുത്തച്ഛനു കാണിച്ചുകൊടുത്തു.

"ശര്യന്ന്യാ, ഉമ്മറത്താരൂല്യാ."

മുത്തച്ഛൻ ഉണ്ണിക്കുട്ടൻഡേ കവിളിൽ ഉമ്മവെച്ചുകൊണ്ടു പറഞ്ഞു.

ഉണ്ണിക്കുട്ടൻ നാണത്തോടെ, മുത്തച്ഛന്റെ മടിയിൽ തലചായ്ച്ചു കൊണ്ടു ചിരിച്ചു.

## പതിനഞ്ച്

വൈകുന്നേരം സ്കൂൾ വിടുന്നതിനു മുമ്പുതന്നെ മഴ തുള്ളിയിടാൻ തുടങ്ങിയിരുന്നു. സ്കൂൾ വിട്ടപ്പോഴേക്കും കനത്ത മഴ പെയ്യാൻ തുടങ്ങി.

ഉച്ചയ്ക്ക് ഊണുകഴിഞ്ഞു വരുമ്പോൾ കുട കൊണ്ടുവന്നതു നന്നായെന്ന് ഉണ്ണിക്കുട്ടന്നു തോന്നി.

മുത്തശ്ശിയാണ് ഓർമ്മിപ്പിച്ചത്. "തുലാവർഷം തുടങ്ങിയിരിക്കുന്നു. വൈകുനേരം മഴ പെയ്യും."

മുത്തശ്ശി പറഞ്ഞിരുന്നതുപോലെതന്നെ വൈകുന്നേരമിതാ മഴ പെയ്യുന്നു!

ഉണ്ണിക്കുട്ടൻ സഞ്ചി തോളിലിട്ട്, കുട നിവർത്തി മഴയത്തേക്കിറങ്ങി. നേരേ വീട്ടിലേക്കു നടന്നു. കുട്ട്യേട്ടനെ കാത്തുനില്ക്കാനൊന്നും വയ്യ.

കനത്ത മഴതന്നെ! ഇതുപോലുള്ള മഴ ഓണത്തിനു മുമ്പു പെയ്തതാണ്.

റോഡിന്റെ ഇരുഭാഗത്തുമുള്ള ചാലുകളിലേക്കു നോക്കിയ പ്പോഴാണു മഴയുടെ ശക്തി കൂടുതൽ മനസ്സിലായത്. വെള്ളം എന്തൊരു സ്പീഡിലാണ് ഒഴുകിപോകുന്നത്? ചാലിലെ കുപ്പിച്ചില്ലുകളും, മറ്റെല്ലാ വൃത്തികേടുകളും ഒലിച്ചുപോയിട്ടുണ്ടാകും. ഒന്നുരണ്ടു ദിവസംകൂടി ഇങ്ങനെ മഴ പെയ്യുകയാണെങ്കിൽ കുളം നിറഞ്ഞൊഴുകുമെന്ന് ഉണ്ണിക്കുട്ടൻ വിചാരിച്ചു. കുളം നിറഞ്ഞൊഴുകാൻ തുടങ്ങിയാൽ മാപ്പിള മീൻ പിടിക്കാൻ

വീണ്ടുമെത്തും. അപ്പോൾ സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും മീൻ പിടിക്കുന്നതു കുറച്ചുനേരം കണ്ടുകൊണ്ടു നിലക്കാം.

കുളത്തിൻന്റെ അടുത്തെത്തിയപ്പോൾ ഉണ്ണിക്കുട്ടൻ ഇടതുഭാഗത്തേക്കു നോക്കി. ഇല്ല. കുളത്തിൽ വെള്ളം കയറിയ ലക്ഷണമൊന്നുമില്ല.

സമയം വൈകുന്നേരം നാലുമണി കഴിഞ്ഞിട്ടേയുള്ളവെങ്കിലും, നേരം സന്ധ്യയായതുപോലെ തോന്നുന്നു. വേഗം വീട്ടിലെത്തണം. ഉണ്ണിക്കുട്ടൻ ധൃതിയിൽ നടന്നു.

ഗേറ്റു തുറന്ന് അകത്തു കടന്നപ്പോഴേക്കും ഉമ്മറത്തുനിന്ന് മുത്തശ്ശി വിളിച്ചു ചോദിച്ചു: "കുട എടുക്കാതെ പോയിരുന്നെങ്കിലോ, ഇപ്പൊക്കെന്നയില്ലായിരുന്നോ? "

ശരിയാണ്. കുട എടുത്തതു് നന്നായി.

കോലായിലേക്കു കയറിയപ്പോഴേക്കും മുത്തശ്ശി കുട വാങ്ങി പൂട്ടി, വളയിൽ തുക്കി.

"കുട്ട്യേട്ടനെടുത്തു? "

"കണ്ടില്ല."

"എങ്ങനാ കാണാ? നോക്ക്യാലല്ലേ കാണ്"? "

മുത്തശ്ശിയോടു സമാധാനമൊന്നും പറയാതെ, ഉണ്ണിക്കുട്ടൻ അകത്തേക്ക് ഓടിപ്പോയി. സഞ്ചി തളത്തിലെ മഞ്ചവത്തായത്തിന്മേൽ വെച്ച്, നേരെ അടുക്കളയിലേക്കു ചെന്നു.

അപ്പോഴേക്കും പൊട്ടിവീണതുപോലെ കുട്ട്യേട്ടനുമെത്തി.

ചായയ്ക്കു പലഹാരം ചുട്ട പപ്പടമാണ്. ചുട്ട പപ്പടം ചായയിൽ പൊടിച്ചിട്ടു കുറേശ്ശെക്കുറേശ്ശയായി സ്വാദറിഞ്ഞുകൊണ്ടു കുടിച്ചു. ചായ വേഗം തീർന്നപ്പോൾ, കുറച്ചുകൂടി കിട്ടിയാൽ കുടിക്കാമെന്നു തോന്നി.

"ഇനി ണ്ടോ ചായ" അമ്മയോടു ചോദിച്ചു.

"ഇല്ല; ചായ വെറുതെങ്ങനെ കുടിച്ചു നിറച്ചിട്ടെന്താ കാര്യം?"

ഷർട്ടിൻന്റെ തലപ്പുകൊണ്ടു ചിറി വെറുതെ തുടച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ എഴുന്നേറ്റു.

മഴ പെയ്യുന്നതുകൊണ്ടു വീടിന്റെ അകത്തു വേണ്ടത്ര വെളിച്ചമില്ല.

ഉമ്മറത്തേക്കു വന്നപ്പോൾ ആവശ്യത്തിനു വേണ്ട വെളിച്ചമുണ്ട്.

ഉമ്മറാത്താരുമില്ല.

ഉമ്മറക്കോലായിലേക്കു വന്നപ്പോൾ, വല്ലാതെ ' ഊത്താല"ടിച്ചു.

മഴ പെയ്യാൻ തുടങ്ങിയിട്ടു കുറച്ചുനേരമേ ആയിട്ടുള്ളൂവെങ്കിലും ഉമ്മറക്കോലായ ചളിപിളിയായിക്കഴിഞ്ഞിരിക്കുന്നു.

ഉണ്ണിക്കുട്ടൻ ബെഞ്ചിൽ വന്നിരുന്നു. മഴയത്ത് തൊടിയൊന്നും വ്യക്തമായി കണ്ടുകൂടാ. ചുറ്റും ഒരുതരം പാടവന്നു

മൂടിയിരിക്കുന്നതുപോലെ. മഴയത്തങ്ങനെ നോക്കിക്കൊണ്ടിരുന്നപ്പോൾ, ചാണകയുരുളയിലാക്കി ഓട്ടിൻപുറത്തേക്കെറിഞ്ഞ്, തൻഡേ ആദ്യം പറിഞ്ഞ പല്ലിനെക്കുറിച്ച് അവനോർത്തു. അത് ഈ മഴയത്ത്, ഓട്ടിൻപുറത്തുനിന്നു താഴത്തേക്കു വീണിട്ടുണ്ടാകും. എവിടെയാണാവോ വീണുകിടക്കുന്നത്? മഴ തോർന്നാൽ, വീടിൻ്റെ നാലുഭാഗവും വിസ്തരിച്ചൊന്നു നോക്കണം.

ആദ്യത്തെ പല്ലു പറിഞ്ഞതിനെത്തുടർന്ന്, അടുത്തടുത്ത ദിവസങ്ങളിലായി, അഞ്ചാറു പല്ലുകൾ പിന്നെയും പറിഞ്ഞുപോയിട്ടുണ്ട്. ഇപ്പോൾ തമാശയ്ക്കു പറയാം, ഉണ്ണിക്കുട്ടൻ്റെ ഉമ്മറത്താരുമില്ലെന്ന് ഉമ്മറത്താരുമില്ലെങ്കിൽ കാണാൻ സുഖമില്ല. കണ്ണാടിയിൽ നോക്കുമ്പോൾ മുഖ പ്രകൃതിക്കുതന്നെ മാറ്റം വന്നപോലെ തോന്നും.

പല്ലില്ലാത്ത വായ എന്തിനു കൊള്ളാം? ഒന്നിനും കൊള്ളില്ല.

പക്ഷേ, അധികം താമസിയാതെ പല്ലുകൾ മുളച്ചുവരുമെന്ന സമാധാനമുണ്ട്. നല്ലനല്ല കീരിപ്പല്ലുകൾ മുളച്ചുവരുമെന്നാണ് മുത്തശ്ശി പറയുന്നത്.

പല്ലുകൾ രണ്ടുവിധമാണത്രേ. കീരിപ്പലുകൾ, പലകപ്പല്ലുകൾ.

ആരാണാവോ, പല്ലുകൾക്ക് ഇങ്ങനെയുള്ള പേരുകൾ കൊടുക്കുന്നത്?

കീരിപ്പല്ലുകളാണത്രെ നല്ലത്? അതെങ്ങനെയിരിക്കുമോ ആവോ?

പാമ്പിനെ കടിച്ചുമുറിച്ചിടുന്ന കീരികൾക്ക് ഇത്ര വിശേഷപ്പെട്ട പല്ലുകളുണ്ടെന്നോ? അങ്ങനെയാണെങ്കിൽ അതൊന്നു കാണേണ്ടതു തന്നെയാണ്. ഇപ്പോൾ സാധിച്ചില്ലെങ്കിലും, വലുതായാൽ സാധിക്കാതിരിക്കുമോ?

കീരിപ്പല്ലുകൾക്കുള്ള പ്രത്യേകത എന്താണെന്ന് കുട്ടൻനായരോടു ചോദിച്ചു മനസ്സിലാക്കണം.

ഉണ്ണിക്കുട്ടൻ തന്റെ തൊണ്ണിൽ ചൂണ്ടാണിവിരലമർത്തിക്കൊണ്ട് ബെഞ്ചിൽ ചെരിഞ്ഞു കിടന്നു. പല്ലുകൾ മുളച്ചു വരുന്നുണ്ട്. ശരിക്കു മുളച്ചു വളർന്നു വിടവുനികത്താൻ ഇനിയും കുറച്ചു ദിവസങ്ങൾകൂടി വേണ്ടിവരും.

വയസ്സുചെന്നവരുടെ കാര്യമാണു കഷ്ടം. പല്ലു പറിഞ്ഞുപോയാൽ പിന്നെ മുളച്ചുവരില്ല. മുത്തച്ഛൻ്റെയും മുത്തശ്ശിയുടെയും പല്ലുകൾ പറിഞ്ഞുപോയത്, പോയതുതന്നെ! എന്താണതങ്ങനെ? ആലോചിച്ചു നോക്കുമ്പോൾ ഒന്നും മനസ്സിലാകുന്നില്ല. വല്ലവരോടും ചോദിച്ചു മനസ്സിലാക്കുകതന്നെ വേണം.

വേറെയും എന്തൊക്കെ കാര്യങ്ങളുണ്ട് ചോദിച്ചു മനസ്സിലാക്കാൻ!

മഴയുടെ കാര്യംതന്നെ എടുക്കുക. മഴ പെയ്യുന്നതെങ്ങനെയാണെന്നു രാധടീച്ചറാണു പറഞ്ഞു മനസ്സിലാക്കിയത്.

രാധടീച്ചർ പറഞ്ഞുതന്നത് ഉണ്ണിക്കുട്ടൻ ഓർത്തു. സൂര്യന്റെ ചൂടുകൊണ്ടു ഭൂമിയിലെ ജലാശയങ്ങളിലെ വെള്ളം നീരാവിയായി മേല്പോട്ടുയർന്ന് മേഘങ്ങളായിത്തീർന്നു. ആ മേഘങ്ങൾ കാറ്റിന്റെ ശക്തികൊണ്ടു വല്ല പർവതത്തിന്മേലും ചെന്നു മുട്ടുമ്പോഴാണത്രേത മഴ ഉണ്ടാവുന്നത്.

കാളിയമ്മ പറയുന്നത് ഇന്ദ്രദേവന്റെ ശക്തികൊണ്ടാണു മഴ പെയ്യുന്നതെന്നാണ്!

ഇന്ദ്രൻ സ്വർഗരാജ്യത്തിലെ രാജാവാണ്. സ്വർഗരാജ്യം അങ്ങ ദൂരെദൂരെ ആകാശത്തിലെവിടെയോ ആണ്. കാമധേനു എന്ന പശുവും കല്പ്കവൃക്ഷവും അവിടെയാണത്രേ! അത്യത്തഭൂതം തോന്നിയത് ഇന്ദ്രൻന്റെ ആനയെക്കുറിച്ചറിഞ്ഞപ്പോഴാണ്. ഐരാവതം എന്നാണ് ആനയുടെ പേര്. ഐരാവതത്തിനു വെളുത്ത നിറവും നാലു കൊമ്പു മുണ്ടെന്നു പറഞ്ഞാൽ എങ്ങനെയാണ് അത്ഭുതം തോന്നാതിരിക്കുക?

എത്രതന്നെ ആലോചിച്ചിട്ടും ഐരാവതത്തിൻന്റെ വ്യക്തമായ ഒരു രൂപം മനസ്സിൽ തെളിഞ്ഞുവരുന്നില്ല.

ഇതൊക്കെ കാളിയമ്മ വെറുതെ പറയുകയാണെന്നു കരുതി. മുത്തശ്ശിയോടു ചോദിച്ചപ്പോൾ മുത്തശ്ശിയും ഇങ്ങനെയൊക്കെത്തന്നെയാണു പറയുന്നത്.

മഴ പെയ്യുന്നത് ഇന്ദ്രന്റെ ശക്തികൊണ്ടൊന്നുമല്ലെന്ന് രാധടീച്ചർ വ്യക്തമാക്കിത്തന്നപ്പോൾ ബോദ്ധ്യമായി. ഇനി സൗകര്യംപോലെ ഒരു ദിവസം സ്വർഗരാജ്യത്തെക്കുറിച്ചുള്ള കാര്യങ്ങളും ശരിയാണോയെന്നു രാധടീച്ചറോടു ചോദിക്കണം.

വേറെയും പല കാര്യങ്ങളും രാധടീച്ചറോടു ചോദിച്ചു മനസ്സിലാക്കണം. മഴയെക്കുറിച്ചറിഞ്ഞു. ഇനി കാറ്റ്, മൂടൽമഞ്ഞ്, ഇരുട്ട് നിലാ വെളിച്ചം, വെയിൽ ഇങ്ങനെ പലതിനെക്കുറിച്ചും അറിയണം.

പട്ടിയും പൂച്ചയും പ്രസവിച്ച ഉടൻ ആദ്യത്തെ കുട്ടിയെ തിന്നുമെന്നു പറയുന്നതു ശരിയാണോയെന്നു. രാധടീച്ചറോടു ചോദിക്കണം.

എന്തൊരു മഴയാണ്! ഇപ്പോഴൊന്നും തോരുന്ന മട്ടില്ല. ഇങ്ങനെ നിന്നു പെയ്യട്ടെ. ഇന്നു രാത്രിയിൽ കിടന്നുറങ്ങാൻ നല്ല സുഖമാകും. പെട്ടിയിൽ അലക്കിത്തേച്ചുവെച്ച വരയൻ പുതപ്പെടുത്തു പുതയ്ക്കണം.

ഇനി കുറച്ചു ദിവസത്തേക്കു മഴയുണ്ടാകുമെന്നല്ലേ, മുത്തശ്ശി പറയുന്നത്! അപ്പോൾ രാത്രി പുതയ്ക്കേണ്ടിവരും.

തുലാമാസം കഴിഞ്ഞാൽ പിന്നെ മഴയുണ്ടാവില്ലത്രെ്. വൃശ്ചിക മാസത്തിൽ മൂടൽമഞ്ഞും തണുപ്പുമൊക്കെയാവും. ധനുമാസവും മകരമാസവും ഏകദേശമങ്ങനെയൊക്കെത്തന്നെയായിരിക്കും. പിന്നെ അവിടുന്നപ്പോട്ടു ചൂടുകാലം തുടങ്ങുകയായി.

ചൂടുകാലത്തെക്കുറിച്ചോർക്കാൻ ഒരു രസവുമില്ല.

അപ്പോൾ—

കുളത്തിലെ വെള്ളം താഴോട്ടിറങ്ങിയിറങ്ങി പച്ചക്കുഴമ്പായി മാറുന്നു. പച്ചക്കുഴമ്പിൽ തലങ്ങും വിലങ്ങും നീർക്കോലികൾ.

പാളിനോക്കുമ്പോൾ തലചുറ്റലുണ്ടാക്കുന്ന കിണറുകൾ! കല്ലെടുത്തിട്ടാലേ, അടിയിൽ വെള്ളമുണ്ടെന്ന് അറിയുകയുള്ളൂ.

എപ്പോഴും വിയർത്തൊഴുകിക്കൊണ്ടിരിക്കും. നടക്കുമ്പോഴും കിടക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം!

ചൂടുകാലത്ത് ഒരു സുഖവുമില്ല.

മഴക്കാലത്തും തണുപ്പകാലത്തമാണ് സുഖം. പക്ഷേ, തണ്കാലവും മഴക്കാലവും ചൂടുകാലവും ഒന്നിനു പുറകെ മറ്റൊന്നായി വന്നും പോയുംകൊണ്ടിരിക്കുന്നു.

കാലം നീങ്ങുന്നതു മനസ്സിലാക്കാനാണ്. ഈ മാറ്റമെന്ന് കുട്ടൻനായർ ഒരിക്കൽ പറഞ്ഞത് അവനോർത്തു.

അപ്പോൾ കാലം നീങ്ങുകയാണ്. കാലത്തോടൊപ്പം ഉണ്ണിക്കുട്ടനും വളരുന്നു!

# ഉണ്ണിക്കുട്ടന്റെ ലോകം
## നന്തനാർ



ചെടികളും തൊടികളും വേട്ടാളൻകൂടുകളും മരങ്ങളും മൃഗങ്ങളും പക്ഷികളും ഉണ്ണിക്കുട്ടനോട് വർത്തമാനങ്ങൾ പറഞ്ഞു. അവയുടെ പുഞ്ചിരിയിലൂടെ, കിന്നാരത്തിലൂടെ ഉണ്ണിക്കുട്ടന്റെ ലോകം വളരുകയായി... അച്ഛനും അമ്മയും കുട്ട്യേട്ടനും അമ്മിണിയും മുത്തച്ഛനും മുത്തശ്ശിയും കുട്ടൻനായരും സഹപാഠികളും അവന്റെ കിളുന്നു മനസ്സിൽ വിസ്മയങ്ങളുടെ പുതിയ ചിത്രങ്ങൾ വരച്ചു. വേനലും മഞ്ഞും മഴയും ഉണ്ണിക്കുട്ടന്റെ ലോകത്ത് ആയിരമായിരം വർണ്ണങ്ങൾ നെയ്തു. വിഷുവും ഓണവും തിരുവാതിരയും അവന്റെ ഹൃദയത്തെ ഉമ്മവച്ചുണർത്തി... ഒരു കുരുന്നു ഹൃദയത്തിന്റെ ആഹ്ലാദത്തിന്റെ, കുസൃതിത്തരിപ്പുകളുടെ, വിസ്മയങ്ങളുടെ, കൊച്ചുകൊച്ചു ദുഃഖങ്ങളുടെ കഥയാണ് അവാച്യസുന്ദരമായ ഈ നോവൽ.